തൎക്കശാസ്ത്രം

"കാരികാവലി" എന്നസവ്യാഖ്യാനത്തൊടു

കൂടിയതു

പ്രിണ്ടർ ക്ഷത്രൂവെറിയത ഉടപ്പ്

൧൮൫൩

OFFICE OF THE MALAYALAM IMPROVEMENT COMMITTEE,
ERNAKULAM.

തൎക്കശാസ്ത്രം

"കാരികാവലി" എന്ന സവ്യാഖ്യാനത്തോടു

കൂടിയതു.

വിദ്യാരത്നപ്രഭാ അച്ചുകൂടം മാനേജിംഗപ്രൊപ്രൈ
റ്റർ [illegible]പോറിഞ്ചൻ ഉട്ടൂപ്പ
അവർകളുടെ ചിലവിന്മേൽ

പാലപ്പുറത്ത പുതിയേടത്ത ഗോവിന്ദൻനമ്പ്യാര
അവർകളുടെ ശിഷ്യനായി യോഗവിദ്യോപദേ
ഷ്ടാവായ യോഗാനന്ദസ്വാമി അവർകളിൽനി
ന്നു സിദ്ധിച്ചതായ നാമത്രയത്തോടു കൂടിയ
കൈക്കുളങ്ങര വാരിയത്ത രാമവാരിയരവ
ർകളാൽ ഉണ്ടാക്കപ്പെട്ടതു.

പ്രിണ്ടർ കുത്തൂർവാരിയത്ത ഉട്ടൂപ്പ

കുന്നംകുളങ്ങരെ
വിദ്യാരത്നപ്രഭാഅച്ചുകൂടത്തിൽ
അച്ചടിച്ചതു.
൧൦൭൭

ഈ പകൎപ്പവകാശം സിദ്ധിച്ചിരിക്കുന്നു.

തർക്കശാസ്ത്രം

കാരികാവലീ സവ്യാഖ്യാനം

വാചസ്പത്യനുമധീത്യപ്രസമീക്ഷ്യശിശൂൻപ്രതിതന്യതെദയയാ ।
അഥവൈശേഷികശാസ്ത്രതത്വമിയംകാരികാവലിവ്യാഖ്യാ ॥

മൂലം

മംഗലശ്ലോകം

൧. നൂതനജലധരരുചയെഗോപവധൂടീദുകൂലചോരായ । തസ്മൈകൃഷ്ണായനമസ്സംസാരമഹീരുഹസ്യബീജായ ।

അന്വയം — നൂതനജലധരരുചയെ- ഗോപവധൂടീദുകൂലചോരായ- സംസാരമഹീരുഹസ്യ ബീജായ- തസ്മൈ -കൃഷ്ണായ- നമഃ-

അന്വയാൎത്ഥം — നൂതനജലധരരുചിയായി ഗോപവധൂടീദുകൂലചോരനായി സംസാരമഹീരുഹത്തിന്റെ ബീജമായിരിക്കുന്ന ആ കൃഷ്ണനായിക്കൊണ്ടു നമസ്കാരം.

പരിഭാഷാ — നൂതനജലധരരുചി= നൂതനജലധരത്തിന്റെ രുചിപോലെയിരിക്കുന്ന രുചിയോടുകൂടിയവൻ- നൂതനജലധരം=നൂതനമായിരിക്കുന്ന ജലധരം- നൂതനം=നവം- (പുതിയത) ജലധരം=മെഘം- രുചി കാന്തി- ഗോപവധൂടീദുകൂലചോരൻ= ഗോപവധൂടീദുകൂലങ്ങളെ ചോരണംചെയ്യുവൻ- ഗോപവധൂടീദുകൂലങ്ങൾ=ഗോപവധൂടികളുടെദുകൂലങ്ങൾ- ഗോപവധൂടികൾ= ഗോപസ്ത്രീകൾ- ദുകൂലങ്ങൾ=വസ്ത്രങ്ങൾ- ചോരണംചെയ്ക= അപഹരിക്ക- സംസാരമഹീരുഹം=സംസാരമാകുന്ന മഹീരുഹം= സംസാരം=പ്രപഞ്ചം-മഹീരുഹം=വൃക്ഷം- ബീജം=വിത്ത- (ഉൽപത്തിയുള്ള വസ്തുക്കൾക്കൊക്കെയും നിമിത്തമായിട്ടുള്ളവനെന്ന സാരം) കൃഷ്ണൻ=ശ്രീകൃഷ്ണൻ- (തസ്മൈ എന്നതുകൊണ്ടു ഭാഗവതം മുതലായ പുരാണങ്ങളെ സാക്ഷികരിച്ചു ഇന്ന ലൊക

ത്തിലുള്ള അഭിജ്ഞന്മാരാൽ വ്യവഹരിക്കപ്പെട്ടുവരുന്ന ഐശ്വൎയ്യത്താൽ ഉണ്ടാക്കപ്പെട്ടതായ പൂൎണ്ണപ്രസിദ്ധിയെ വിശേഷണത്തൊന്ന വിവക്ഷിച്ചിരിക്കുന്നു എന്ന അറിഞ്ഞുകൊൾക.

അനുബന്ധചതുഷ്ടയവിവരം.

വിഷയം, പ്രയോജനം, സംബന്ധം, അധികാരി ഇവ നാലും ശാസ്ത്രത്തിന്ന കാണിക്കേണ്ടതാണ. "കാരികാവലി" എന്ന ഈ ശാസ്ത്രനിബന്ധത്തിൽ അതു കാണിക്കായ്കകൊണ്ട ഞാൻ അതുകളെ താഴെ കാണിക്കുന്നു.

വിഷയം

ഈ ശാസ്ത്രത്തിന്ന വിഷയങ്ങൾ പദാൎത്ഥങ്ങളാകുന്നു. പദാൎത്ഥമെന്നത വസ്തുമാത്രമെന്നറിഞ്ഞുകൊൾക. പദാൎത്ഥങ്ങൾ ഇത്ര എന്നും ഇന്നതുകൾ എന്നും അതാതുപദാൎത്ഥങ്ങളുടെ ലക്ഷണങ്ങളും ഇതിലടങ്ങി ഇരിക്കുന്നു.

പ്രയോജനം

ഈ ശാസ്ത്രത്തിന്റെ പ്രയോജനം പദാൎത്ഥജ്ഞാനമാകുന്നു.

സംബന്ധം

ഈ ശാസ്ത്രത്തിന്നും പദാൎത്ഥങ്ങൾക്കും തമ്മിലുള്ള സംബന്ധം പ്രതിപാദ്യപ്രതിപാദകഭാവമാകുന്നു. പദാൎത്ഥങ്ങൾ ഇതിനാൽ പ്രതിപാദിക്ക (അറിയിക്ക) പ്പെടുന്നതുകളാകയാൽ പ്രതിപാദ്യഭാവം (പ്രതിപാദിക്കപ്പെടുന്നതുകളാവു എന്നുള്ളത) അതുകളിൽ ഇരിക്കുന്നു. പദാൎത്ഥങ്ങളെ പ്രതിപാദിക്കുന്നത (അറിയിക്കുന്നത) ഈ ശാസ്ത്രമാകയാൽ ഇതിങ്കൽ പ്രതിപാദകഭാവം (അറിയിക്കുന്നതാവു എന്നുള്ളത) ഇരിക്കുന്നു. പ്രതിപാദകം കൂടാതെ പ്രതിപാദ്യവും പ്രതിപാദ്യം കൂടാതെ പ്രതിപാദകവും ഉണ്ടാകുന്നതല്ല. അപ്രകാരമാകയാൽ പ്രതിപാദ്യപ്രതിപാദകങ്ങൾ പരസ്പരസംബന്ധികളാകുന്നു എന്നും അതുകളുടെ സംബന്ധത്തിന്ന ശാസ്ത്രങ്ങളിലെ വ്യവഹാരം പ്രതിപാദ്യപ്രതിപാദകഭാവമെന്നാകുന്നു എന്നും ഗ്രഹിച്ചുകൊൾക.

അധികാരി

പദാൎത്ഥഗ്രഹണേച്ഛയുള്ളവർ ഈ ശാസ്ത്രത്തിങ്കൽ അധികാരമുള്ളവരാകുന്നു. വിഷയം, പ്രയോജനം, സംബന്ധം, അധികാരി ഈ നാലിന്നും അനുബന്ധമെന്ന പേരുണ്ടാകയാൽ അതുകളെ ഒന്നായി പറയുന്നവർ അനുബന്ധചതുഷ്ടയമെന്ന സമുദായപ്രാധാന്യേന വ്യവഹരിച്ചു വരുന്നു എന്നും അറിഞ്ഞുകൊൾക.

മംഗലപാഠം

(ശങ്കാ) പദാൎത്ഥങ്ങളെ വിഷയീകരിച്ചു ഒരു നവീനഗ്രന്ഥമുണ്ടാകട്ടെ എന്നു വിചാരിച്ചു അതിനെ നിൎമ്മിപ്പാൻ പുറപ്പെട്ടുവന്ന കൃഷ്ണനമസ്കാരം പ്രയോജനമില്ലാത്തതാകയാൽ അതും അതിനെ ഗ്രഹിപ്പിക്കുന്നതായ ഈ (നിധായേത്യാദി) ശബ്ദബന്ധവും നിഷ്ഫലമാണെന്നു തോന്നുന്നു.

സമാധാനം – ഇപ്രകാരം ശങ്കിക്കരുതു. കൃഷ്ണനമസ്കാരത്തെ ചെയ്യുത മംഗലാചരണമെന്ന കൎമ്മത്തെ ഇതിങ്കൽ സിദ്ധമാക്കുവാനായിക്കൊണ്ടാകുന്നു എന്നും അതിനെ ബോധിപ്പിക്കുന്നതായ ശബ്ദബന്ധത്തെ ചെയ്യുത ശിഷ്യബോധത്തിനായിക്കൊണ്ടാകുന്നു എന്നും ശിഷ്യബോധംകൊണ്ടുള്ള ഫലം അവരിലുചിതിനെയുള്ള പ്രവൃത്തിയുടെ അനുവൃത്തിയാകുന്നു എന്നും ഗ്രഹിച്ചുകൊൾക.

(ശങ്കാ) മംഗലാചരണമായിരുന്നാലും പ്രയോജന മില്ലെന്നുള്ള ദോഷം വിട്ടു പോകുന്നതല്ല. നിഷ്പ്രയോജനമായ കൎമ്മങ്ങൾ ഒക്കെയും നിഷിദ്ധങ്ങൾ തന്നെ (നകുൎയ്യാന്നിഷ്ഫലം കൎമ്മ) എന്നുള്ള സ്മൃതിയാൽ നിഷ്ഫലമായ കൎമ്മം സാമാന്യേന നിഷേധിക്കപ്പെട്ടിരിക്കുമ്പോൾ ഉക്ത മംഗലാചരണത്തിൽ അനുഷ്ഠിച്ചാലും ഗ്രാഹ്യമാകുന്നതു ഏതു പ്രകാരത്തിലാകുന്നു. മംഗലാചരണത്തിന്നു ഫലമുണ്ടോ ഉണ്ടെങ്കിൽ എന്താകുന്നു. സമാപ്തിയല്ലാതെ വേറെ ഒരു ഫലത്തെ കല്പിപ്പാൻ സംഗതി കാണുന്നില്ല. മംഗലാചരണമെന്നതു വിദ്വാന്മാരാൽ ഗ്രന്ഥനിൎമ്മാണത്തിന്റെ ആദിയിൽ ചെയ്യപ്പെട്ടു വരുന്നോരു കൎമ്മമാകയാൽ അതിന്നു വേറെ ഒരു ഫലത്തെ കല്പിച്ചുകൂടാ എല്ലോ എന്നാൽ സമാപ്തിതന്നെ ഫലമായിരിക്കട്ടെ എന്നും പറഞ്ഞുകൂട. സമാപ്തിയെക്കുറിച്ചു കാരണമായല്ലാതെ ഇതിന്റെ ഫലം സമാപ്തിയാണ എന്നതു ചേരാത്തതാകുന്നു. സമാപ്തിയെക്കുറിച്ചു കാരണമായി വരേണമെങ്കിൽ അതുള്ളേടത്തു ഇതുണ്ടു എന്നുള്ള അന്വയവും അതില്ലെങ്കിൽ ഇതില്ല എന്നുള്ള വ്യതിരേകവും നിയമേന വേണം. ഈ അന്വയവ്യതിരേകങ്ങൾ രണ്ടും വ്യഭിചരിച്ചു കാണുന്നു. കിരണാവലി എന്ന ഗ്രന്ഥം മംഗലാചരണമുണ്ടായിട്ടും സമാപ്തമായിട്ടില്ല. കാദംബരി എന്ന ഗ്രന്ഥം മംഗലാചരണത്തോടു കൂടാത്തതായിരുന്നാലും സമാപ്തമായി കാണുന്നു. ഇതുകളിൽ വെച്ചു ആദിയിൽ പറഞ്ഞ ദോഷം സമാപ്തിയെ വിരോധിക്കുന്നതായ ദുരിതത്തിന്നു മംഗലത്തെക്കാൾ അവിടെ ബലാധിക്യമുണ്ടാകയാലാണ സമാപ്തി ഭവിക്കാഞ്ഞതു

എന്നും ഒടുവിൽ പറഞ്ഞ ദോഷം ഗ്രന്ഥത്തിൽ മംഗളാചരണത്തെ ശബ്ദംകൊണ്ടു ബോധിപ്പിച്ചിട്ടില്ലെങ്കിലും അതിങ്കൽ കാണുന്ന സമാപ്തിയാകുന്ന കാൎയ്യത്തിന്നു വേറെ ഒരു പ്രകാരം ചെയ്യയില്ലാത്തതാകകൊണ്ടു സമാപ്തിയെ കുറിച്ചു കാരണമായ മംഗളാചരണത്തെ ഗ്രന്ഥകൎത്താവു ചെയ്തിരിക്കുന്നു. കല്പിച്ചു പണ്ണിപ്പെട്ട പരിഹരിക്കത്തക്കതാകുന്നു. എങ്കിലും അങ്ങിനെ പരിഹരിക്കുന്നവൎക്കു ഇഷ്ടമായ കാൎയ്യ കാരണ ഭാവവും നാസ്തിക ഗ്രന്ഥങ്ങളിൽ വെച്ചു ചിലതുകളിൽ ഘടിക്കുന്നില്ല. അതുകൾ മംഗളാചരണത്തോടു കൂടാതെ സമാപ്തങ്ങളായി കാണുന്നു. പ്രത്യക്ഷമാത്രം പ്രമാണമെന്നും മൃത്യുതന്നെ അപവൎഗ്ഗമെന്നും ഭൂതങ്ങൾ തന്നെ ചേഷ്ടയെ നടത്തുന്നതെന്നും ദേഹം തന്നെ ആത്മാവെന്നും പരലോകമില്ലെന്നും മററുമായ അപസിദ്ധാന്തത്തെ സിദ്ധാന്തമാക്കി ഗ്രഹിച്ചവരായ നാസ്തികന്മാരുടെ സമാപ്തികൾ കാരണരീതിയെ അനുസരിച്ചും സംഗതി പറഞ്ഞു കൂടാത്തതാണെല്ലൊ. അതുകൊണ്ടു [illegible] മംഗളം സമാപ്തിയെ കുറിച്ചു കാരണമാകുന്നു എന്നതും ദുൎഘടം തന്നെ എന്നതു സിദ്ധമായി. ഇപ്രകാരമായിരിക്കെ മംഗലാചരണത്തിന്റെ ഫലം സമാപ്തിതന്നെ എന്നു കല്പിച്ചു കൂട. വേറെ ഫലമില്ലെന്നതു മുമ്പെ തന്നെ കാണിച്ചിരിക്കുന്നു. ഇതുകൊണ്ടുവന്നുകൂടുന്നതു ആദിയിൽ പറയപ്പെട്ട ദോഷത്തിന്റെ താദവസ്ഥ്യം തന്നെ.

സമാധാനം. ഇങ്ങിനെ മുൻപറഞ്ഞതിന്നു ഉപരിയായിട്ടും ശങ്കിക്കരുതു. മംഗലാചരണത്തിങ്കൽ ശിഷ്ടന്മാർ പ്രവൃത്തിച്ചു കാണുന്നുണ്ടെല്ലൊ. അതിങ്കൽ കൂടെ ഓൎമ്മവെക്കുന്നതു യോഗ്യമാണ. അവരുടെ ആചാരത്തിന്നു വിഷയങ്ങളായ പലകൎമ്മങ്ങളും സഫലങ്ങളായി നാം അറിയുന്നു. അതുകളിൽ വെച്ചു ഒന്നെങ്കിലും നിഷ്ഫലമാണ എന്നു നിശ്ചയിച്ചവർ അസ്മദാദികളിൽ ഇല്ല. ഒരം അവസ്ഥക മംഗലാചരണത്തിന്നും സാഫല്യമുണ്ടെന്നു കല്പിക്കുന്നത ആവശ്യകമായിട്ടുള്ളതാണ. ഇങ്ങിനെ സാഫല്യം മംഗലാചരണത്തിന്നു സിദ്ധിച്ചും സമാപ്തിയല്ലാതെ വേറെ ഫലമില്ലെന്നു കണ്ടുമിരിക്കയാൽ അതിന്റെ ഫലം സമാപ്തി തന്നെ എന്നു നിശ്ചയിക്കുന്നതത്രെ നമുക്കു ഭൂഷണമാകുന്നതു. നാസ്തിക ഗ്രന്ഥങ്ങളിൽ കാണുന്ന സമാപ്തികൾ ജന്മാന്തരത്തിങ്കൽ ചെയ്തു വെച്ച മംഗളം കാരണമാകുന്നു എന്നു പറയാം. നാസ്തികന്മാൎക്കു ജന്മാന്തരം സമ്മതമ

ല്ല എങ്കിലും അതിനെ സമ്മതിക്കുന്നവരായ നമുക്കു അതിനെ പറയുന്നതു വിരോധമുള്ളതല്ലല്ലൊ- അതു മാത്രമല്ല അതിനെ പറയാതെ നിൎവ്വാഹവുമില്ല- മംഗളത്തിന്റെ സാഫല്യം ശിഷ്ടാചാരത്തിന്നു മംഗളം വിഷയമായതിനാൽ അനുമാനസിദ്ധമാണു അതിനെ അനുസരിച്ചും മേൽ പ്രകാരം കല്പിച്ചെ കഴിയു- ഇതിനെക്കുറിച്ചു നാസ്തികസമ്മതി ഉണ്ടാവാത്തതിനാൽ നമുക്കു വിശേഷിച്ചു യാതൊരു ഭാരവും സംഭവിച്ചിട്ടില്ല- ജന്മാന്തരമില്ലെന്നുള്ള ദൃഷ്ടവാദികൾക്കും നാം പറയുന്നതു ശരിയല്ല എന്നു ആന്തരമായിട്ടെങ്കിലും ഒരു ബോധത്തെ പ്രതിഷ്ഠിച്ചുവെക്കുന്നതു മുമ്പെതന്നെ അവശ്യകൃത്യമായിരിക്കുന്നു- അതിനെക്കുറിച്ചും യഥാവസരമായ പുറപ്പാടുകളിൽ ഉണ്ടാകുവാൻ പോകുന്നു- ആ സമയത്തിങ്കൽ അതിനോടുകൂടെ ഇതിനെക്കുറിച്ചും സമ്മതി അവൎക്കു ഉണ്ടാകുവാനാണു സംഗതി കാണുന്നതു- അതുകൊണ്ടു ഇവിടെ ആചാൎയ്യൻ ശ്രീകൃഷ്ണനായിക്കൊണ്ടു നമസ്കരിച്ചതും ഇപ്രകാരംതന്നെ ജലധരരുചയെ ഇത്യാദിയായ ശബ്ദസന്ദൎഭംകൊണ്ടു അതിനെ അറിയിച്ചതും യുക്തംതന്നെ എന്നു ഈ ഗ്രന്ഥത്തെ നോക്കുന്നവർ എല്ലാവരും വിചാരിച്ചുകൊണ്ടാലത്രെ വൈദുഷ്യത്തിന്നു ശോഭ ലഭിക്കുന്നതെന്നു ഞാൻ ആലോചിച്ചു നോക്കുന്നേടത്തോളം ബോദ്ധ്യമായിക്കാണുന്നു-

മംഗളശ്ലോകവിശേഷണ
പ്രയോജനവിചാരഃ

(ശങ്കാ) മേൽപറഞ്ഞതുകൾ ഒക്കെയും സമ്മതിയോഗ്യങ്ങൾ തന്നെ എന്നു വന്നാലും ഇവിടെ അനുപപത്തി തീൎന്നിട്ടില്ല- കൃഷ്ണായ നമഃ എന്നതു തന്നെ മതിയായിരുന്നു- അങ്ങിനെയാകയാൽ (നൂതനജലധരരുചയെ) (ഗോപവധൂടീദുകൂലചോരായ) (സംസാരമഹീരുഹസ്യ ബീജായ) (തസ്മൈ) ഇങ്ങിനെയുള്ള വിശേഷണങ്ങളോടുകൂടെ മേൽ പറഞ്ഞ വാക്യത്തെ പ്രയോഗിച്ചതിന്നു സംഗതി എന്താകുന്നു- വിശേഷണോപാദാനം കൊണ്ടു യാതൊരു വിശേഷവും പ്രകൃതാനുകൂലമായി തോന്നുന്നില്ല. ആയതിരിക്കട്ടെ (ഗോപവധൂടീദുകൂലചോരായ) എന്ന വിശേഷണം പ്രതികൂലമായിട്ടാണു തോന്നുന്നതു. ഒരുത്തൻ കള്ളനാണെന്നതു പരമാൎത്ഥമായിരുന്നാലും അവനെക്കുറിച്ചു കേൾക്കെ ചൊല്ലിപ്പറയുന്നതു അവന്നു എത്രയൊ അപ്രിയമായി വരുന്നതാണെന്നു ലോകാനുഭവസിദ്ധമാകയാ

എല്ലാവൎക്കും നിശ്ചയിക്കാം. ൨൦ ആം സൂത്രത്തിൽ പറഞ്ഞവിശേഷണത്തെ പ്രയോഗിച്ചതു കൃഷ്ണന അപ്രിയമായിവരുമെല്ലൊ. അപ്രിയ വചനംകൊണ്ടു ഒരുവനും സന്തോഷിക്കമാറില്ല. കോപിച്ചു എന്നതു വരികയുമാം. അവിശേഷേണ അന്യന്മാരാൽ അപേക്ഷിക്കപ്പെട്ടതിനെ സാധിപ്പിക്കുവാൻ ഒരുങ്ങിയിരിക്കുന്നവരായാലും അവരുടെ പ്രതീത അപ്രിയമായ വചനംകൊണ്ടു സന്ദേഹ ഗോചരമാക്കപ്പെടുന്നതായ ഉപചാരം സ്വാൎത്ഥാനുകൂലമായിട്ടും ചിലൎക്കു സംഭവിച്ചേക്കാമെന്നത ഒന്നുകൊണ്ടും വിഷമമില്ല. ഇങ്ങിനെ ഉള്ള സംഗതികൾ മേൽ പറഞ്ഞതിനെക്കുറിച്ചു സഹായമായിത്തീരുന്നു.

സാരം —— എന്നുള്ളതിന്റെ ശേഷിക്കുന്നു. വിശേഷണപ്രയോജനത്തെ സ്പഷ്ടമായി അറിയിക്കാം. നൂതനജലധരരുചിയെ എന്നുള്ള വിശേഷണം നീലവൎണ്ണനായിരിക്കുന്ന കൃഷ്ണനായിക്കൊണ്ടുള്ളതാകുന്ന തന്റെ മനസ്സിനെ അറിയിപ്പാനായിക്കൊണ്ടാകുന്നു. കൃഷ്ണന്റെ സ്വരൂപം നീലമായിട്ടു നിരൂപിക്കാതെയുമുണ്ട. ഇങ്ങിനെ രണ്ടുപ്രകാരമുള്ള മൂൎത്തികളിൽവെച്ചു നീലമൂൎത്തിയായിരിക്കുന്ന കൃഷ്ണൻ ഗ്രന്ഥകൎത്താവിന്റെ ഇഷ്ടദേവതയാകുന്നു എന്നു നമുക്കു കല്പിക്കാം. എന്നാൽ അങ്ങിനെയുള്ള ഇഷ്ടദേവതയായിക്കൊണ്ടു നമസ്കരിപ്പാനും അതിനെ നിബന്ധിക്കുമ്പൊൾ പദികൃതികളെ അലങ്കാരശാസ്ത്രത്തിങ്കൽ അന്വിചിവിശേഷണമായ പദികൃൽപദമെന്നപോലെ (നൂതനജലധരരുചിയെ) എന്നതും സഫലമായി ഭവിക്കുന്നതാകുന്നു. ൨൦ വഴി എല്ലാവൎക്കും സമ്മതമായി വരുന്നത കൃഷ്ണന്റെ അനേകവൎണ്ണത്വത്തെ ഗ്രഹിച്ചതിന്റെ ശേഷമല്ലാതെ സംഭവമുള്ളതല്ലൊ അതു കൃഷ്ണന്റെ നിറം കറുപ്പുതന്നെ എന്നില്ല എന്നുള്ളതിന്ന പ്രമാണത്തെ ഇതിന്നുതാഴെ കാണിക്കുന്നു.

ശ്ലോകം ൫. കൊണ്ടന്ധകൈക്കജ്ജമലാന്ധമിഷ്ഠുത്വപൌഷ്ടം
ചക്രാബ്ജപാശസൃണികാഞ്ചനവംശനാളം। ബിഭ്രാണമഷ്ടവിധ
ബാഹുഭിരൎക്കവൎണ്ണം ധ്യായേദഭീഷ്ടവരദം ശിവകാമമൂൎത്തിം॥

൬. ശ്രീമൽകല്പദ്രുമൂലോദ്ഗതകമലലസൽകൎണ്ണികാമധ്യസംസ്ഥ
സ്ത്രൈലോക്യാലംബിപത്മാദരചിതരമരസംഖ്യാതരത്നാളികോശഃ ।
ഹൈമാഭസ്ത്രീപ്രഭാലിസ്ഫുരിതവനമാലിലംബോദയൎച്ചാ സ്യാദ്ദേവാപാ
യാദപായാദ്ദശശിരസവനവനിതാത്മജാശീൎവശീസഃ॥

ഇങ്ങിനെ രണ്ടുശ്ലോകങ്ങൾ പുരാണങ്ങളായിട്ടുണ്ടു. ഇതുകളിൽവെച്ചു ഒന്നാമത്തെ ശ്ലോകത്തിങ്കൽ ആദിത്യന്റെ നിറംപോ

ലെഉള്ള നിറവും രണ്ടാമത്തെ ശ്ലോകത്തിങ്കൽ സ്വൎണ്ണത്തിന്റെ നിറംപോലെ ഉള്ള നിറവും കൃഷ്ണന്ന പറഞ്ഞിരിക്കുന്നു. ഇതുകൊണ്ടു നീലവൎണ്ണനല്ലാതെയും കൃഷ്ണനുണ്ടു എന്നതു സിദ്ധമായിരിക്കുന്നു. നീലവൎണ്ണനാകട്ടെ നീലവൎണ്ണനല്ലാത്തവനാകട്ടെ രണ്ടും കൃഷ്ണൻ തന്നെ അല്ലയൊ എന്നുള്ളതു പ്രതികൂല്യത്തെ നിരസിക്കുന്നതുമാണ. അതുകൊണ്ടു ആദ്യവിശേഷണത്തിന്നാനൎത്ഥക്യമില്ല. എന്നാലും നീലവൎണ്ണനായ എന്നപോലെ എന്നു സംശയിക്കാം. ആ സംശയത്തെക്കുറിച്ചും ഖണ്ഡനമൊന്നുമില്ല. ഉപമാദ്യലങ്കാരങ്ങളിൽ ഏതെങ്കിലും ഒന്ന ഇതിങ്കൽ സ്പഷ്ടതരമായിട്ടും പ്രാരംഭത്തിങ്കൽ തന്നെയായിട്ടും ഉണ്ടായിരുന്നാൽ അതിങ്കൽനിന്നുണ്ടാകുന്ന ചമൽകാരം കൂടെ ഈ നിബന്ധത്തെ നൊക്കുന്നവൎക്ക ഉത്സാഹജനകമാകുമെന്ന ആലോചിച്ചിട്ടാകുന്നു. ഇങ്ങിനെ നിബന്ധിച്ചത എന്നത സഹൃദയന്മാൎക്ക ഗ്രഹിപ്പാൻ തക്കതാകുന്നു.

രണ്ടാമത്തെ വിശേഷണം പ്രതികൂലമായല്ലൊ എന്നതിനെ മുമ്പെ നിരസിക്കുന്നു.

ഗോപവധൂടീദുകൂലചോരണത്തെ പാപനിമിത്തമായിട്ടാണല്ലൊ അതിങ്കൽ പ്രാതികൂല്യമുണ്ടായത അതുതന്നെ നിസ്സാരമായിട്ടുള്ളതാണ. ലോകത്തിങ്കൽ നടന്നുവരുന്ന സന്മാൎഗ്ഗത്തെ അനുസരിച്ചതാകട്ടെ അനുസരിക്കാത്തതാകട്ടെ രാഗാതിശയത്താൽ വരുത്തപ്പെട്ട സകല കൎമ്മങ്ങളും അന്യന്റെ വാക്കിങ്കൽനിന്ന പ്രകാശിപ്പാൻ അനുകൂലം കൎത്താവിനെ സന്തോഷിപ്പിക്കുമെന്നു പറവാൻ ദൃഢമായ സംഗതിയുണ്ടു. അതിനെ ഇതിന്നുതാഴെ കാണിക്കാം. സംശയമുള്ളവർ നോക്കി അറിഞ്ഞുകൊള്ളട്ടെ. ദേവേന്ദ്രൻ പണ്ടു രാഗാതിശയംഹേതുവായിട്ടു അന്യവധൂസംഭോഗം ധൎമ്മ്യമല്ലെന്നുള്ള അറിവിനെ നിരസിച്ചുംപോയി. അഹല്യയെ അംഗീകരിച്ചു. അഹല്യാജാരനെന്നുള്ള പേരിന്നു പാത്രമായിട്ടും തീൎന്നു. അഹല്യയുടെ ജാരനായാലും അഹല്യാജാരനെന്നു പറയുന്നത മേൽപറഞ്ഞപ്രകാരം നോക്കുമ്പൊൾ ഇന്ദ്രന്ന എത്രയും അപ്രിയമായിരിക്കേണ്ടതാകുന്നു. പരമാൎത്ഥത്തിങ്കൽ ആ വാക്കു അപ്രിയമല്ല എന്നും പ്രിയമായിട്ടുള്ളതുതന്നെ എന്നുള്ളതിങ്കൽ വൈദികന്മാൎക്ക യാതൊരാക്ഷേപവും കാണുന്നില്ല. അഹല്യാജാരശബ്ദംകൊണ്ടു വിളിച്ചില്ല എങ്കിൽ ഇന്ദ്രനിന്നും യാഗത്തിങ്കൽ ഹവിൎഭാഗംവാങ്ങുവാൻ വരികയില്ല എന്നാകുന്നു അവരുടെ സിദ്ധാന്തം. അതിനെക്കുറിച്ചു പുരാ

ണവും സഹായിക്കുന്നു. അതുകൊണ്ടു ഗോപവധൂടീദുകൂലചോരണവും ഭഗവാനാൽ രാഗാതിശയമൂലമായി പ്രവൃത്തിക്കപ്പെട്ടതാകയാൽ അതിനെ പറയുന്നതായ വാക്ക എത്രയും സന്തോഷത്തെ ജനിപ്പിക്കുന്നതാകയാൽ അനുകൂലംതന്നെ എന്നാണ ഞാൻ വിചാരിക്കുന്നത. ഇതുകൊണ്ടു നൈരൎത്ഥക്യശങ്കയ്ക്കുള്ള അവകാശവും തീൎന്നുപോയി എന്നു അറിഞ്ഞുകൊൾകയും വേണം.

(സംസാരമഹീരുഹസ്യ ബീജായ) എന്നതുകൊണ്ടു വിശേഷകത്ത്വത്തെ പറഞ്ഞിരിക്കുന്നു. അതുകൊണ്ടു അന്യന്മാരിൽ ഉള്ള ഐശ്വൎയ്യത്തെക്കാൾ ആധിക്യമുള്ള സമസ്തൈശ്വൎയ്യത്തിന്റെ സ്വാമി ക്കുന്നു എന്നതിനിക്കുള്ള നിശ്ചയത്തെ അറിയിപ്പാൻ ഗ്രന്ഥകൎത്താവ ആവശ്യപ്പെട്ടവനാത്രെ ആകുന്നത- അമൈമൊക്കി അരിമൊഒക്കി ഇല്ലണൊക്കി- നിഷേപണം ഇതുകൾ കൈയും സാമീപ്യത്തിൽ അന്തൎഭവിച്ചതുകളാകയാലും ഇല്ലണൊക്കി എന്നപദത്തിന്നു യാതൊരുത്തനൊടാണ ഒരു കാൎയ്യത്തെ അപേക്ഷിക്കപ്പെടുന്നത അവന്റെ ഗുണങ്ങളെ അപേക്ഷാ കൎത്താവു പറക എന്നൎത്ഥമാകയാൽ ഇവിടെ ജഗൽകൎത്തൃത്വമാകുന്ന പരമഗുണത്തെ സ്വാഭിമതിയോടു കൂടെ അറിയിക്കുന്നത എത്രയും യോഗ്യമായിട്ടും ആവശ്യകമായിട്ടു മുള്ളതാകുന്നു- അതു സാധിക്കേണമെങ്കിൽ ഒരു വിധമായ വചനം പ്രയോഗിക്കയും വേണം. ഇങ്ങിനെ സാമൎത്ഥ്യം മൂന്നാമത്തെ വിശേഷണത്തിന്നു ഉണ്ടു- സംസാരത്തെ മഹീരുഹമാക്കിയതും സംസാരം പ്രതിനിമിത്തമായ ഭെംശചരനെ അങ്ങിനെ ഉള്ള മഹീരുഹത്തിന്റെ ഉൽപത്തി കാരണമായ വിത്താക്കിയതും നാസ്തിക പ്രതാരണാവൈഭവങ്ങാൽ ചിലൎക്ക ഭെംശചരനില്ലെന്നുള്ള ബുദ്ധി ലബ്ധവലയായിട്ടുണ്ടെങ്കിൽ അതു മിതിനാൽ നിരസിക്കപ്പെടട്ടെ എന്നുള്ള ശിഷ്യാനുഗ്രഹ ബുദ്ധിവശാൽ ഉണ്ടായതത്രെ ആകുന്നത-

യാതൊരുകാൎയ്യത്തിന്നും കൎത്താവിനൊടു കൂടാതെ നിഷ്പത്തി ലോകത്തിങ്കൽ കാണുന്നില്ല- ഇങ്ങിനെയുള്ള കാൎയ്യങ്ങളിലൊന്നു ബീജാംകുരവുമാകുന്നു- ബീജാംകുരകൎത്തൃത്വം അസ്മദാദികളിലിരിക്കട്ടെ എന്നു പറഞ്ഞാൽ ആയത യുക്തി രഹിതമായിട്ടും തീരും- അതുകൊണ്ടു ബീജാംകുര കൎത്താവ ഭെംശചരൻതന്നെ എന്നു ഗ്രഹിച്ചുകൊൾവിൻ എന്നാണ ഗ്രന്ഥകൎത്താവിന്റെ അഭിപ്രായം (തസ്മൈ) എന്നതുകൊണ്ടു ഐശ്വൎയ്യത്തെയും തന്മൂലങ്ങളായ അസാധാരണ കൎമ്മങ്ങളെയും പററി ഉണ്ടായ പരമപ്രസിദ്ധിയെ കാണിച്ചിരിക്കുന്നു എന്നു മുമ്പെ പറഞ്ഞു അതിന്റെ

പ്രയോജനം കൃഷ്ണനീശ്വരനൊ അല്ലയൊ എന്നുള്ള സംശയത്തിന്റെ പരിഹാരമാകുന്നു ഇങ്ങിനെ സകല വിശേഷണങ്ങൾ സാൎത്ഥക്യം ഇതിങ്കൽ സിദ്ധമായിരിക്കയാൽ ഈ മംഗള നിബന്ധനം സൎവ്വതൊഭദ്രം തന്നെ എന്ന എല്ലാവരും ഗ്രഹിച്ചു കൊൾകയും വെണം-

ഈശ്വരാനുമാനം

അത്യന്തസംക്ഷെപെണ മെൽ പറഞ്ഞതുകൊണ്ടു തന്നെ സിദ്ധമായ ഈശ്വരാനുമാന സ്വരൂപത്തെ കുറിച്ചു വിശദമായി പറയാം. ക്ഷിത്യാംകുരം കൎത്തൃജന്യം കാൎയ്യത്വാൽഘടവൽ യദകൎത്തൃജന്യം നതൽ കാൎയ്യം ഭവിതുമൎഹതിയഥാ ആകാശാദിഃ) ഇങ്ങിനെ ഈശ്വരാനുമാന സ്വരൂപമെന്ന അറിഞ്ഞു കൊൾക-

മെൽ പറഞ്ഞതുകളിൽ ക്ഷിത്യാംകുരമെന്നത വിത്തിന്റെ മുളയാകുന്നു- കൎത്തൃജന്യം=കൎത്താവിനാൽ ജനിപ്പിക്കപ്പെടുന്നത- (കാൎയ്യത്വാൽ എന്നത പഞ്ചമ്യന്തമാകയാൽ അതിന്റെ അന്വയാൎത്ഥം കാൎയ്യത്വം ഹെതുവായിട്ട എന്ന ഗ്രഹിച്ചു കൊൾക) കാൎയ്യത്വം=കാൎയ്യമാവു എന്നുള്ളത- കാൎയ്യം=പ്രാഗഭാവപ്രതിയൊഗി- എല്ലാവസ്തുക്കളും ഉണ്ടാകുന്നതിന്റെ മുമ്പെയുള്ള അതുകളുടെ അഭാവത്തിന്ന (ഇല്ലായ്മക്ക) പ്രാഗഭാവമെന്ന പെരാകുന്നു എന്നാൽ വസ്തു ഉണ്ടായാൽ അതിന്റെ പ്രാഗഭാവം നശിക്കുന്നതാകയാൽ ഉണ്ടാവുന്ന വസ്തുക്കളൊക്കെയും പ്രാഗഭാവത്തിന്റെ പ്രതിയൊഗികളാകുന്നു എന്നും ധരിച്ചു കൊൾക) ഘടവൽ=എന്നതിന്ന ഘടമെന്ന പൊലെ എന്ന അന്വയാൎത്ഥം ഘടം=കുടം- (യദകൎത്തൃജന്യം- ന- തൽ=കാൎയ്യം- ഭവിതും- മൎഹതി)എന്നതിന്ന യാതൊന്ന അകൎത്തൃജന്യമായി ഭവിക്കുന്നുവൊ അത കാൎയ്യമായി ഭവിപ്പാൻ അൎഹിക്കുന്നില്ല എന്ന അന്വയാൎത്ഥമാകുന്നു- അകൎത്തൃജന്യം=കൎത്തൃജന്യമല്ലാത്തത. അൎഹിക്ക=യൊഗ്യമായി ഭവിക്ക- (യഥാ- ആകാശാദിഃ) എന്നതിന്നആകാശം മുതലായത എന്ന പൊലെ അൎത്ഥമാകുന്നു- ഇങ്ങിനെയാകയാൽ മെൽ വിവരിക്കപ്പെട്ട അനുമാനവാക്യത്തിന്റെ സാരം. വിത്തിന്റെ മുള ഒരു കൎത്താവിനാൽ ഉണ്ടാക്കപ്പെടുന്നതൊ അല്ലയൊ എന്ന സംശയമില്ല- അതും ഒരു കൎത്താവിനാൽ ഉണ്ടാക്കപ്പെടുന്നതു തന്നെ ഇങ്ങിനെ നിശ്ചയിച്ചത വിത്തിന്റെ മുളയും പ്രാഗഭാവ പ്രതിയൊഗിയാകുന്നു എന്നുള്ള ഹെതുവായിട്ടാകുന്നു- യാതൊന്നിങ്കൽ പ്രാഗഭാവപ്രതിയൊഗിത്വമിരിക്കുന്നുവൊ അതിങ്കൽ കൎത്തൃജന്യത്വമുണ്ടായിരിക്കും- രണ്ടിന്നും സാധ

ച്ചുണ്ടു എന്നത ഘടത്തിങ്കൽ പരീക്ഷിച്ചാൽ അറിയാം. ഘടം ഉണ്ടാവുന്നതിന്റെ മുമ്പെ ആ സ്ഥലത്തിങ്കൽ ഘടത്തിന്റെ പ്രാഗഭാവമുണ്ടായിരുന്നു. ഘടമുണ്ടായപ്പോൾ അതു നശിച്ചു. അതുകൊണ്ടു ഘടം പ്രാഗഭാവപ്രതിയോഗിയാകുന്നു എന്നു നിശ്ചയിക്കാം അതിങ്കൽ കൎത്തൃജന്യതാവുമുണ്ടു. ഘടകാരന്റെ (കുശവന്റെ) യത്നം കൂടാതെ ഒരെടത്തും ഘടമുണ്ടാകുന്നില്ല. യാതൊരു പദാൎത്ഥം കൎത്തൃജന്യതാമില്ലാത്തതായി ഭവിക്കുന്നുവൊ അങ്ങിനെ ഉള്ള ആകാശാദികളിൽ പ്രാഗഭാവ പ്രതിയോഗിത്വം കാണുന്നതുമില്ല. ഇങ്ങിനെയാകയാൽ ക്ഷിതിന്റെ മൂലകം ഒരു കൎത്താവുണ്ടെന്നു നിശ്ചയിക്കാമെന്നാകുന്നു. ദൃശ്യന്മാരായിരിക്കുന്ന അസ്മദാദികളിൽ ഏവന്നും ക്ഷിതിന്റെ മൂലയുടെ കൎത്തൃത്വം ചെരുന്നതല്ലായ്കയാൽ അതിന്റെ കൎത്താവായിട്ടു അദൃശ്യനായിട്ടു ഒരുത്തനെ കല്പിക്കാതെ കഴികയില്ല അവന്നു പെർ ഈശ്വരനെന്നാകുന്നു എന്നു ഗ്രഹിച്ചുകൊൾക.

(ആ) ആയതിരിക്കട്ടെ ഇവിടെ ഒന്നു ചൊദിപ്പാനുണ്ടു. ക്ഷിതിന്റെമൂലശരീരം കൊണ്ടുണ്ടാക്കപ്പെടുന്നതൊ അല്ലയൊ ശരീരം കൊണ്ടുണ്ടാക്കപ്പെടുന്നതാകുന്നു എന്നു പറഞ്ഞാൽ അതിന്റെ കൎത്താവായ ഈശ്വരം ശരീരിയായിരിക്കെണം. അതിന്നു സംഭവമില്ലല്ലൊ. ഈശ്വരന്നു ശരീരമില്ല എന്നല്ലൊ സിദ്ധാന്തമാകുന്നത. അതുകൊണ്ടു ശരീരം കൊണ്ടുണ്ടാക്കപ്പെടുന്നതല്ലാ എന്നു തന്നെ പറയെണം. എന്നാൽ അതിന്റെ കൎത്താവായിട്ടു ഒരുത്തനെയും കല്പിച്ചുകൂടാ എന്നും വരുന്നതാണു. യാതൊരു പദാൎത്ഥം ശരീരാജന്യമായിട്ടുണ്ടൊ അതു ഒരു കൎത്താവിനാലും ഉണ്ടാക്കപ്പെടുന്നതല്ല എന്നു നിയമമുണ്ടു. ഈ നിയമമിരിക്കുമ്പൊൾ മെൽ പറഞ്ഞതു ദുൎഘടം തന്നെ.

(സ) ഇങ്ങിനെ ശങ്കിക്കരുതു. ശരീരാജന്യമായതിനൊക്കയും കൎത്താവിനാൽ ജനിപ്പിക്കപ്പെട്ടുകൂടാ എന്നതിനെ അംഗീകരിച്ചു കഴികയില്ല എന്നു പറയെണമെങ്കിൽ അതിന്നു അനുകൂലമായൊരു സംഗതിയുണ്ടായിരിക്കെണം. അതില്ലായ്കയാൽ ആ നിയമം സ്വീകാര യൊഗ്യമായിട്ടുള്ളതല്ല. എന്നാൽ യാതൊന്നിങ്കൽ പ്രാഗഭാവപ്രതിയോഗിത്വമുണ്ടൊ അതൊക്കെയും കൎത്താവിനാൽ ഉണ്ടാക്കപ്പെടുന്നതാകുന്നു എന്നുള്ള നിയമവും വെണ്ട എന്നു പറഞ്ഞുകൂടയൊ. അപ്രകാരം പറഞ്ഞുകൂടാ. ഏതു കാൎയ്യത്തിന്നും കൎത്താവു കാരണമാകുന്നു. എന്നുള്ള അനുകൂല സംഗതി ഈ നിയമത്തിന്നു സഹായമായിട്ടുണ്ടു. ഇങ്ങിനെ മെൽ പറഞ്ഞനിയ

മത്തെ അപെക്ഷിച്ചാൽ ഇതിങ്കൽ കാണുന്നതാകയാൽ ഇതും തുല്യം തന്നെ എന്നത ദൂഷണമാവാത്തതാകുന്നു- ഇതു മെറ്റുവായിട്ടാകുന്നു അപ്രകാരം പറഞ്ഞു കൂടായ്കുന്ന മുമ്പെ ഞാൻ പറഞ്ഞതെന്ന ഗ്രഹിച്ചു കൊൾകയും വെണം- ശെഷാഭാസമാനം ഇങ്ങിനെ ഒരു വിധത്തിൽ കാണിക്കപ്പെട്ടു- ഇനിയുള്ള വിസ്തരത്തെ ഗ്രന്ഥാന്തരങ്ങളിൽനിന്ന അറിഞ്ഞുകൊൾക-

പദാൎത്ഥസാമാന്യലക്ഷണം

ഇനി ഈ ഗ്രന്ഥത്താൽ പ്രതിപാദ്യങ്ങളായ പദാൎത്ഥങ്ങളുടെ സാമാന്യ ലക്ഷണത്തെ പറയുന്നു- (മൂ) ലക്ഷണമെന്നാ എന്ത- (ഉ) യാതൊരു പദാൎത്ഥത്തെ അന്യനെ ബൊധിപ്പിക്കെണമെന്ന വക്താവു താല്പൎയ്യപ്പെട്ടിരിക്കുന്നുവൊ ആ പദാൎത്ഥത്തിങ്കലെല്ലാടത്തുമിരിക്കുന്നതായിട്ടും വെറെ ഒന്നിന്റെ പ്രസിദ്ധിയുണ്ടെങ്കിൽ അതിങ്കൽ ഇരിക്കാത്തതായിട്ടുമുള്ള ധൎമ്മമത്രെ ലക്ഷണമാകുന്നത- പശുവിന്ന സാസ്നാവത്വം ലക്ഷണമെന്ന വ്യവഹാരമുണ്ട- അവിടെ സാസ്നാവത്വമെന്നതിന്ന സാസ്നയുള്ളതാവു എന്നുള്ളത എന്നൎത്ഥമാണ- സാസ്നാ=താട- ഇതുകൊണ്ട പശുവിന്റെ ലക്ഷണം താടയാകുന്നു എന്നു തന്നെ വന്നുകൂടുന്നത- മെൽപ്രകാരംവ്യവഹരിക്കുന്നവരുടെതാല്പൎയ്യം എല്ലാ പശുവിനെയും കണ്ടാൽ എന്റെ ശിഷ്യന്ന ഇത പശുവാണെന്നുള്ള ബൊധത്തെ കൊടുക്കുന്നതായ ഒരു ധൎമ്മത്തെ ഗ്രഹിപ്പിക്കെണമെന്നാകുന്നു- അപ്രകാരമുള്ള താല്പൎയ്യം നിമിത്തമായി വ്യവഹരിക്കപ്പെട്ടത പശുവിന്റെ ലക്ഷണം താടയാകുന്നു എന്നിപ്രകാരമാണ- ഇതിനാൽ ഗ്രഹിപ്പിക്കപ്പെട്ടതായ താട എല്ലാ പശുവിങ്കലും ചെൎന്നിരിക്കുന്നതാകയാലും പശുവല്ലാത്തവകളിൽ ഇരിക്കാത്തതാകയാലും അതു പശുവിന്റെ ലക്ഷണമാവാൻ മതിയായതാകുന്നു ഇപ്രകാരം എല്ലാപദാൎത്ഥത്തിന്നുമുടെ ഒന്നായിട്ട ലക്ഷണം ഇന്നതെന്ന പറവാനാണ ഇവിടുള്ള ആരംഭം-

പദാൎത്ഥ സാമാന്യ ലക്ഷണം അഭിധെയത്വമത്രെ ആകുന്നത അഭിധെയത്വം=അഭിധെയമാവു എന്നുള്ളത-അഭിധെയം=അഭിധാനം ചെയ്യപ്പെടുവാൻ യൊഗ്യം- അഭിധാനം=ചൊല്ക=ശബ്ദപ്രയൊഗം കൊണ്ട അറിയിക്ക-ഏതൊരുവസ്തുവായാലും അതിനെ ബൊധിപ്പിക്കുന്നതായ ഒരു ശബ്ദമുണ്ടായിരിക്കും അതുകൂടാതെ ഒന്നുമില്ല- അപ്രകാരമാകയാൽ അഭിധെയത്വമെന്നത സകല പദാൎത്ഥങ്ങളിലും ഇരിക്കുന്ന ധൎമ്മമാകുന്നു എ

ന്നും അതുകൊണ്ടു അത പദാൎത്ഥങ്ങളുടെ സാമാന്യ ലക്ഷണമാവാൻ യോഗ്യതയുള്ളതാകുന്നു എന്നും അറിഞ്ഞു കൊൾക- ഇതുപോലെ പ്രമേയത്വാദികളും പദാൎത്ഥസാമാന്യ ലക്ഷണങ്ങളാകുന്നു അവ്വകളിൽ ഏതെങ്കിലുമൊന്നു പറഞ്ഞാൽ അതുകൊണ്ടു പദാൎത്ഥ സാമാന്യ ജ്ഞാനമുണ്ടാകും-സാമാന്യ ജ്ഞാനമുണ്ടായാൽ അങ്ങിനെയുള്ള പദാൎത്ഥങ്ങൾ ഏതെത എന്നുള്ള വിശേഷജ്ഞാനത്തിന്നായിക്കൊണ്ടു ഇച്ഛ ജനിക്കും- അതിനെ ജനിപ്പിച്ചല്ലാതെ ഇന്നതുമിന്നതും പദാൎത്ഥമെന്നു പറവാൻ സംഗതിയില്ല എങ്കിലും പദത്തിന്റെ അൎത്ഥം പദാൎത്ഥമെന്നു ലൌകികമായൊരു ബോധംകൊണ്ടുതന്നെ അഭിധേയത്വം പദാൎത്ഥ സാമാന്യ ലക്ഷണമാകുന്നു എന്നു നിശ്ചയിക്കാം- അതുകൊണ്ടു ഇന്നതുമിന്നതുമായി ആകെ പദാൎത്ഥങ്ങൾ ഇത്രയുണ്ടു എന്നു മാത്രം പറഞ്ഞാൽ മതി എന്നു വിചാരിച്ചിട്ടത്രെ ഗ്രന്ഥകൎത്താവു മുമ്പെതന്നെ പദാൎത്ഥവിഭാഗത്തെ കാണിക്കുന്നു-

അഥപദാൎത്ഥവിഭാഗഃ

൨. ദ്രവ്യംഗുണസ്തഥാകൎമ്മസാമാന്യംസവിശേഷകം। സമവാ
യസ്തഥാഭാവഃപദാൎത്ഥാസ്സപ്തകീൎത്തിതാഃ ॥

അന്വയം—— പദാൎത്ഥാഃ ദ്രവ്യം- ഗുണഃ- തഥാ- കൎമ്മ- സവിശേഷകം- സാമാന്യം- തഥാ- അഭാവഃ- സപ്ത- കീൎത്തിതാഃ-

അന്വയാൎത്ഥം— പദാൎത്ഥങ്ങൾ ദ്രവ്യവും ഗുണവും അപ്രകാരം കൎമ്മവും സവിശേഷകമായിരിക്കുന്ന സാമാന്യവും അപ്രകാരം അഭാവവുമാകുന്ന ഏഴ് എന്നു കീൎത്തിതങ്ങളായി ഭവിക്കുന്നു-

പരിഭാഷാ——ദ്രവ്യം=ഗുണകൎമ്മങ്ങൾക്കു ആശ്രയമായിട്ടുള്ളതു- ഗുണം=രൂപം രസമിത്യാദി കൎമ്മം=ഉയൎത്തുകമുതലായതു- സാമാന്യം=ദ്രവ്യത്വാദിജാതി (സാമാന്യമെന്നതിന്നു സവിശേഷകമെന്നൊരു വിശേഷണം കൊണ്ടു വിശേഷത്തോടുള്ള സാഹിത്യത്തെ പറകയാൽ ഇവിടെ സാമാന്യമെന്നതിന്റെ ശേഷം വിശേഷമെന്നൊരു പദാൎത്ഥത്തെ ഗ്രഹിച്ചു കൊൾക- വിശേഷത്തിന്റെ സ്വരൂപം ഇനിയൊരെടത്ത ഉപപാദിക്കപ്പെടും) സമവായം=നിത്യസംബന്ധം- അഭാവം=ഇല്ലായ്മയും അല്ലായ്മയും- കീൎത്തിതങ്ങൾ=കീൎത്തിക്കപ്പെട്ടവ. കീൎത്തിതം പറക- (ഇവിടെ ഏഴു എന്നു കീൎത്തിതങ്ങളായതു ആരാൽ എന്നൊരു ആകാംക്ഷയുണ്ടു അതുഹേതുവായിട്ടു അന്വയത്തിൽന്യായസൂത്രഭാഷ്യകാരാദിഭിഃ എന്നതു കൂടെ ചെൎത്ത ന്യായസൂത്രത്തിന്റെ ഭാഷ്യത്തെ ഉണ്ടാക്കിയ കണാദമഹൎഷി മുതലായവരാൽ

കീർത്തിതങ്ങളായി ഭവിക്കുന്നു എന്നു പറഞ്ഞു കൊൾകയും വേണം.

(ആ) ന്യായസൂത്രകാരൻ പദാർത്ഥങ്ങൾ ഏഴ് എന്നു പറഞ്ഞിട്ടുണ്ടോ ഇല്ലയോ ഉണ്ട് എങ്കിൽ ഭാഷ്യകാരാദികളാൽ കീർത്തിക്കപ്പെട്ടവകളാകുന്നു എന്നു പറയുന്നത എന്തിനെ. വൈയാകരണന്മാർ സൂത്രകാരനായ പാണിനി മഹർഷിയെക്കാൾ ഭാഷ്യകൃത്തായ പതഞ്ജലി മഹർഷിക്കു മാഹാത്മ്യത്തെ പറയുന്നവരാകുന്നു എങ്കിലും അവർ സൂത്രാനുവാദമാത്രപരമായ ഭാഷ്യത്താലും ബോദ്ധ്യമായ അർത്ഥത്തെ പ്രമാണസഹിതമായി കാണിക്കുന്നതു പാണിനിയെ പ്രമാണിക്കുന്നവരാകുന്നു. നൈയായികന്മാർ യുക്തിമാത്രത്തെ നോക്കുന്നവരാകയാൽ ഋഷി മാഹാത്മ്യത്തെയോ അതിന്റെ താരതമ്യത്തെയോ ശരണമാക്കിപ്പിടിക്കുന്നവരൊട്ടല്ലതാനും. എന്നു പിന്നെ ഒരു വിധമായ കീർത്തനത്തിന്നു കണാദമുനി കർത്താവാകട്ടെ എന്നു വിചാരിപ്പാൻ സംഗതി എന്നു അറിയുന്നില്ല. അതിനെ അറിയിക്കേണം. സൂത്രകാരൻ പദാർത്ഥങ്ങൾ ഇത്ര എന്നതിനെ കുറിച്ചു അത്യന്ത മൌനത്തെ ആശ്രയിച്ചു എന്നതു കല്പനായോഗ്യവുമല്ല. സൂത്രകാരൻ പറഞ്ഞ ഏഴ് എന്നല്ല എങ്കിൽ സൂത്രകാരനെത്തന്നെ വിട്ടു ഭാഷ്യകാരനെത്തന്നെ സ്വീകരിപ്പാൻ സംഗതി എന്ത. ഇതൊന്നും പറയാതെ ഇവിടെ കീർത്തിതാഃ എന്നതിന്നു കർത്താവായിട്ടു ഭാഷ്യകാരാദികളെ വെച്ചു പറഞ്ഞു കൊള്ളേണമെന്നു ശംസിച്ചാൽ ഇതു വലുതായൊരു സങ്കടമല്ലെ.

(സ) എന്നു ശങ്കിക്കുന്നു എങ്കിൽ ആയതു ഉചിതംതന്നെ എങ്കിലും വാസ്തവമായ അഭിപ്രായത്തെ പറയാം. അതിനെ ഗ്രഹിക്കുമ്പോൾ ഒരു ശങ്ക നിവൃത്തിക്കും. അതുകൊണ്ടു ഇപ്പറഞ്ഞതൊരു കേടിന്നു കാരണമായി വരുന്നതല്ലെന്നു എന്റെ മനസ്സു മുമ്പെതന്നെ സമാധാനത്തിലായിരിക്കുന്നു. എങ്ങിനെ എന്നതും വിവരിക്കാം. ലോകാന്തരാവധിയായ ആചാര്യൻ യുക്തികവചമായൊരു സിദ്ധാന്തത്തെ രക്ഷിപ്പാനായിട്ടു അന്യന്മാരിലിന്നുവരെന്നില്ലാതെ രത്നത്തെ കാണിപ്പതിന്നു അതുകൊണ്ടു നാം ഗ്രഹിക്കുന്നത ആരെങ്കിലുമാണെന്നില്ല ഭാഷ്യകാരാദികളെ ഗ്രഹിക്കേണ്ടതാണു. സൂത്രകാരൻ പതിനാറു പദാർത്ഥങ്ങളെ അംഗീകരിച്ചിരിക്കുന്നു. അതിനെ അനുസരിച്ചവരായിട്ടും പിന്നെയും ചിലരുണ്ടു. എങ്കിലും സൂത്രകാരോക്ത പദാർത്ഥങ്ങളെയും വ്യാപികളായ ഏഴ് പദാർത്ഥങ്ങളിലന്തർഭവിക്കുമെന്നുക

ണ്ടു പദാൎത്ഥങ്ങൾ ദ്രവ്യാദികളായ ഏഴ എന്ന പറഞ്ഞത ഭാഷ്യകാരനായ കണാദമഹൎഷിയാകുന്നു പിന്നെ അതിനെ അനുവദിച്ചവരായിട്ട വെറെ പലരുമുണ്ട. അവരിൽ ആരെങ്കിലും കൎത്താവായി തൊന്നട്ടെ എന്നല്ലാതെ ഇവിടെ യാതൊരാശയവും ഗ്രന്ഥകൎത്താവിന്നില്ല. ൧൦ അഭാവസ്ഥകം ഇവിടെ കീൎത്തിതാഃ എന്ന ഒരു അധികപദത്തെ ഉപാദാനംചെയ്തു യുക്തിസിദ്ധമായ അൎത്ഥത്തിങ്കലും ഞാൻ പൂൎവ്വന്മാരെ നൊക്കുന്നവനാണെ എന്നുള്ള വിനയാധിക്യത്തെ പ്രകാശിപ്പിക്കുന്നതാകുന്നു എന്നറിഞ്ഞ വളരെ അഭിനന്ദിക്കുന്നതത്രെ യൊഗ്യമായിട്ടുള്ളതെന്നാണ ഇനിക്ക തൊന്നിയത. ഇങ്ങിനെയല്ലായെങ്കിൽ സൂത്രകാരൻ പതിനാറു പദാൎത്ഥങ്ങളെ അംഗീകരിച്ചിരിക്കുമ്പൊൾ അതുകളൊക്കെയും വെണ്ടതുകൾതന്നെ എങ്കിലും ദ്രവ്യാദികളായ ഏഴ പദാൎത്ഥങ്ങളിൽ അതുകളുടെ അന്തൎഭാവമാത്രമാകുന്ന ലാഘവമൂലമായത ബഹുമാനിച്ചുംകൊണ്ടു പദാൎത്ഥങ്ങൾ ദ്രവ്യം, ഗുണം, കൎമ്മം, സാമാന്യം, വിശെഷം, സമവായം, അഭാവം ഇങ്ങിനെ ഏഴ എന്ന ഭാഷ്യകൎത്താവു പറഞ്ഞതുപൊലെ ഭാഷ്യകാരൊക്തപദാൎത്ഥങ്ങളായ ഏഴും ഭാവാഭാവങ്ങൾ എന്ന രണ്ടുപദാൎത്ഥങ്ങളിൽ അന്തൎഭവിക്കുമെന്നകരുതി ഇവിടെ രണ്ടായിട്ടതന്നെ വിഭാഗം ചെയ്യാൻ സംഗതിയുള്ളപ്പൊൾ ഏഴ എന്ന പറഞ്ഞത നന്നായില്ലെന്ന വന്നുപൊകും. അതുകൊണ്ടു മെൽപ്രകാരം തന്നെ ഈ ഗ്രന്ഥകാരന്റെ ആശയത്തെ കല്പിക്കുന്നത യുക്തം തന്നെയെന്നതു സിദ്ധമായി. ഭാവമെന്നും അഭാവമെന്നും രണ്ടു പദാൎത്ഥങ്ങളെ സ്വീകരിച്ചിട്ട മറ്റുള്ളതുകൾക്ക ഇതുകളിൽ അന്തൎഭാവത്തെ പറയാമെന്നതിനെ ഇവിടെ സൂചിതമാക്കിചെയ്തിട്ടുണ്ട. സമവായസ്തഥാഭാവാഃ എന്നുള്ള പാഠത്തിങ്കലെ തഥാശബ്ദംകൊണ്ടു ഭാവമാത്രത്തിന്ന പൃഥക്കരണത്തെ ചെയ്തിരിക്കുന്നു അതുകൊണ്ടു ദ്രവ്യം മുതൽ സമവായംവരെ ഉള്ള പദാൎത്ഥങ്ങൾ ഏകകൊടിപ്രവിഷ്ടങ്ങളാകുന്നു. അഭാവമാത്രം വെറെ ഒരു പദാൎത്ഥമാകുന്നു. പൃഥക്കരണത്തിന്ന കാരണമായ പദാൎത്ഥത്തിന്നുപെർ അഭാവമെന്നാകയാൽ മറ്റുള്ളതൊക്കെകൂടി ഭാവപദാൎത്ഥമായിരിക്കട്ടെ ഇങ്ങിനെ രണ്ടു മതിയായിരുന്നു എന്നുള്ള അഭിപ്രായത്തെ ഗ്രഹിപ്പിച്ചിരിക്കുന്നു എന്ന പറവാൻ വിരൊധമില്ലാത്തത മെൽപറഞ്ഞതിന്റെ സാധകത്വത്തെ ആശ്രയിക്കുമെന്ന അറിഞ്ഞുകൊൾക. ദ്രവ്യംഗുണസ്തഥാകൎമ്മ എന്നപാഠത്തിങ്കലെ തഥാശബ്ദം കൎമ്മാദികൾക്ക ദ്രവ്യവൃത്തിത്വം മുതലായതുകൊണ്ടു

ഗുണസാദൃശ്യമുണ്ടു് എന്നതിനെ ഗ്രഹിപ്പിക്കുന്നതത്രെ ആകുന്നതു്. സൂത്രകാരന്മാരാലുക്തങ്ങളായ പതിനാറു പദാർത്ഥങ്ങൾ ദ്രവ്യാദികളായ ഏഴിൽ അന്തർഭവിച്ചതെങ്ങിനെ എന്നു ചോദിക്കുന്നവരെക്കുറിച്ചു പറയേണ്ടതൊക്കെയും മേലിൽ കാണിച്ചുകൊള്ളാം. ഇപ്പോൾ പദാർത്ഥങ്ങൾ ദ്രവ്യാദികളായ ഏഴു എന്നുള്ളമാത്രം ആപ്തവചനത്തെ വിശ്വസിച്ചു ധരിച്ചുകൊൾവിൻ. ഇനി ദ്രവ്യങ്ങളേതൊക്കെ എന്നും ഗുണങ്ങളേതൊക്കെ എന്നും പറവാൻ പോകുന്നു.

(ശങ്ക) ദ്രവ്യസാമാന്യലക്ഷണത്തെ പറയാതെ ദ്രവ്യങ്ങളേതൊക്കെ എന്നുള്ള ആകാംക്ഷയെ അപേക്ഷിച്ചു പറയേണ്ടതായ ദ്രവ്യവിഭാഗത്തിന്നുള്ള പുറപ്പാടു യുക്തമാകുന്നതോ ദ്രവ്യമെന്നു പറയത്തക്കതായിട്ടു ചിലതുണ്ടു എന്നുള്ള സാമാന്യബോധം ഉണ്ടായതിന്റെ ശേഷമല്ലാതെ ദ്രവ്യങ്ങളേതൊക്കെ എന്നുള്ള ആകാംക്ഷ സംഭവിക്കയില്ലല്ലോ.

(സാരം) എന്നുള്ള ശങ്ക ശരിതന്നെ എങ്കിലും ദ്രവ്യത്വമുള്ളതിനെ അല്ലാതെ ദ്രവ്യശബ്ദംകൊണ്ടു പറഞ്ഞുകൂടാ എന്നതു ബോധപ്രാപ്യമാകുന്നു ഇല്ലേ. അതുകൊണ്ടു ദ്രവ്യത്വമെന്ന ജാതിതന്നെ ദ്രവ്യലക്ഷണമെന്നതിന്റെ ബോധം ദ്രവ്യമെന്നുള്ള വ്യവഹാരത്തിങ്കൽനിന്നുതന്നെ ബോദ്ധ്യം സംഭവിക്കും എന്നായിരിക്കും ഗ്രന്ഥകർത്താവിന്റെ ആശയമെന്നു അറിഞ്ഞുകൊൾക. ജാതി എന്നതു സാമാന്യത്തിൽ അന്തർഭവിച്ചതാകുന്നു. സാമാന്യലക്ഷണം ഇനി മേലെടുത്തു പറകയും ചെയ്യും. ഇതുകൊണ്ടു ഗുണസാമാന്യലക്ഷണം ഗുണത്വജാതിതന്നെ എന്നും ഗ്രഹിച്ചുകൊൾക.

അഥ ദ്രവ്യഗുണവിഭാഗഃ

൯. ക്ഷിത്യപ്തേജോമരുദ്വ്യോമകാലദിഗ്ദേഹിനോ മനഃ। ദ്രവ്യാണ്യഥ ഗുണാ രൂപം രസോ ഗന്ധസ്തതഃ പരം॥

൰. സ്പർശഃ സംഖ്യാ പരിമിതിഃ പൃഥക്ത്വം ച തതഃ പരം। സംയോഗശ്ച വിഭാഗശ്ച പരത്വം ചാപരത്വകം॥

൰൧. ബുദ്ധിഃ സുഖം ദുഃഖമിച്ഛാ ദ്വേഷോ യത്നോ ഗുരുത്വകം। ദ്രവത്വം സ്നേഹസംസ്കാരാവദൃഷ്ടം ശബ്ദ ഏവ ച॥

അന്വയം —— ദ്രവ്യാണി - ക്ഷിത്യപ്തേജോമരുദ്വ്യോമകാലദിഗ്ദേഹിനഃ - മനഃ - ച - അഥ - ഗുണാഃ രൂപം - രസഃ ഗന്ധഃ - തതഃ - പരം - സ്പർശഃ - സംഖ്യാ പരിമിതിഃ - പൃഥക്ത്വം - ച - തതഃ - പരം - സംയോഗഃ - ച - വിഭാഗഃ - ച - പരത്വം - അപരത്വകം - ച - ബുദ്ധിഃ സുഖം - ദുഃഖം - ഇച്ഛാ - ദ്വേഷഃ - യത്നഃ - ഗുരുത്വകം - ദ്രവത്വം - സ്നേ

ഹസംസ്കാരൌ അദൃഷ്ടം-ശബ്ദഃ-ച-ഏവ-

അന്വയാൎത്ഥം——ദ്രവ്യങ്ങൾ ക്ഷിത്യപ്തേജോമരുദ്വ്യോമകാലദിഗ്ദേഹികളും മനസ്സും ആകുന്നു. (അഥ) ശബ്ദം ദ്രവ്യവിഭാഗസമാപ്തിയെ തോന്നിപ്പിക്കുന്നതാകയാൽ ദ്രവ്യങ്ങൾ സമാപ്തങ്ങളായി എന്നു അതിന്റെ അൎത്ഥത്തെ ഗ്രഹിച്ചുകൊൾക) ഗുണങ്ങൾ രൂപവും രസവും ഗന്ധവും അതിങ്കൽനിന്നു അനന്തരം പഠിതമായസ്പൎശവും സംഖ്യയും പരിമിതിയും പൃഥക്ത്വവും അതിങ്കൽനിന്നു അനന്തരം പഠിതമായസംയോഗവും വിഭാഗവും പരത്വവും അപരത്വകവും ബുദ്ധിയും സുഖവും ദുഃഖവും ഇച്ഛയും ദ്വേഷവും യത്നവും ഗുരുത്വകവും ദ്രവത്വവും സ്നേഹസംസ്കാരങ്ങളും അദൃഷ്ടവും ശബ്ദവും തന്നെ ആകുന്നു.

പരിഭാഷാ——ദ്രവ്യങ്ങൾ=ദ്രവ്യമെന്ന പേരോടുകൂടിയവകൾ - ക്ഷിത്യപ്തേജോമരുദ്വ്യോമകാലദിഗ്ദേഹികൾ=ക്ഷിതിയും അപ്പുകളും തേജസ്സും മരുത്തും വ്യോമവും കാലവും ദിക്കും ദേഹിയും- ക്ഷിതി=ഭൂമി അപ്പുകൾ=ജലം- (അപ്ശബ്ദം ബഹുവചനാന്തമായിട്ടല്ലാതെ പ്രയോഗിച്ചു വരുമാറില്ല- അതുകൊണ്ടു അപ്പുകൾ എന്ന ബഹുവചനത്വം സ്പഷ്ടമാകിട്ടുതന്നെ വ്യവഹരിക്കുന്നാലും ജലമെന്ന അതിന്റെ പരിഭാഷയെ ഗ്രഹിച്ചാൽ മതി. ജലങ്ങൾ എന്നുതന്നെ വേണമെന്നില്ല- അപ്പ്=ജലം ഇങ്ങിനെ തന്നെയുമാമെന്നും ഗ്രഹിച്ചുകൊൾക) തേജസ്സ=ഉഷ്ണസ്പൎശത്തിന്നു ആശ്രയമായ അഗ്നി, ആദിത്യൻ മുതലായത- മരുത്ത=വായു- കാലം=വിനാഴികമുതലായത- ദിക്ക=കിഴക്കുമുതലായത- ദേഹി=ആത്മാവ- മനസ്സ=മനസ്സുതന്നെ- ഗുണങ്ങൾ ഗുണങ്ങളെന്ന പേരോടുകൂടിയവ- രൂപം=വെളുപ്പുമുതലായത- രസം=മധുരം- പുളി ഇത്യാദി- ഗന്ധം=നാററം- സ്പൎശം=തണുപ്പ ചൂടു ഇത്യാദി- സംഖ്യാ=ഏകത്വംമുതലായത- പരിമിതി=പരിമാണം- (ആകൃതിയുടെ വലിപ്പംമുതലായത) പൃഥക്ത്വം=പൃഥക്കാവു എന്നുള്ളത- പൃഥക്ക=വെവ്വെറെയുള്ളത. സംയോഗം=ഒന്നിങ്കൽ മററൊന്നിന്റെ ചേൎച്ച- വിഭാഗം ചേൎന്നിരിക്കുന്ന വസ്തുക്കളിൽ ഒന്നിങ്കൽനിന്നു മറെറതിന്റെ അകൽച- പരത്വം=പരമാവു എന്നത- പരം=കാലംകൊണ്ടോ ദേശംകൊണ്ടോ അകൽച ഏറിയത- അപരത്വം=അപരമാവു എന്നുള്ളത- അപരം=കാലംകൊണ്ടോ ദേശംകൊണ്ടോ അടുപ്പം ഏറിയത- (അപരത്വവും അപരത്വകവും ഒന്നുതന്നെ ക പ്രത്യയം സ്വാൎത്ഥത്തിനായ അൎത്ഥത്തെ പറയുന്നില്ല- ക പ്രത്യയത്തെ ചേൎത്തത പാദംതികയു

കേരള സാഹിത്യ അക്കാദമി

ഛാനായിട്ടതന്നെ ചെയ്യപ്പെട്ടതാകുന്നു) ബുദ്ധി=ജ്ഞാനം. സുഖം സുഖംതന്നെ. ദുഃഖം=ദുഃഖംതന്നെ. ഇച്ശ=ഇഛതന്നെ. ദ്വെഷം=വൈരം. യത്നം=പ്രയത്നം. ഗുരുത്വം. കനം. (ഗുരുത്വാകൎഷവും അതുതന്നെ) ദ്രവത്വം=ദ്രവമാവു എന്നുള്ളത. ദ്രവം=ദ്രവിക്കുന്നത. ദ്രവിക്ക=ഒഴുകുക. സ്നെഹസംസ്കാരങ്ങൾ=സ്നെഹവും സംസ്കാരവും. സ്നെഹം=മെഴുക്ക. സംസ്കാരം=വെഗംമുതലായത. അദൃഷ്ടം=ആരാലും കാണപ്പെടാത്തത. (ധൎമ്മവും അധൎമ്മവും) ശബ്ദം=ശബ്ദംതന്നെ.

ദ്രവ്യവിഭാഗം

ഭൂമി, ജലം, തെജസ്സ, വായു, ആകാശം, കാലം, ദിക്ക, ആത്മാവ, മനസ്സ ഇതുകൾ ഒമ്പതു തന്നെ ദ്രവ്യമെന്ന പെരൊടുകൂടിയതുകളാകുന്നത. ഇതുകളിൽ ദ്രവ്യത്വമെന്നൊരു ജാതി ഇരിക്കയാൽ ഇതുകളെ ദ്രവ്യം ദ്രവ്യമെന്ന വ്യവഹരിക്കുന്നു. ദ്രവ്യത്വമെന്നത ദ്രവ്യമെന്നുള്ള വ്യവഹാരത്തിന്ന വിഷയമല്ലാതെ ഇരിക്കുന്ന ഗുണാദികളിൽ ഇരിക്കുന്നതല്ല ദ്രവ്യങ്ങളിലൊരെടത്തെങ്കിലും ഇരിക്കാത്തതുമല്ല. അതുകൊണ്ടു ദ്രവ്യത്വം തന്നെ ദ്രവ്യലക്ഷണമെന്ന നിശ്ചയിച്ചു കൊൾക. ദ്രവ്യത്വമെന്നതൊരു ജാതിയാകയാൽ സാമാന്യമെന്ന പദാൎത്ഥത്തിൽ ചെൎന്നതാകുന്നു. വെറെ ഒന്നല്ല ഇതിന്ന അവലംബമായിട്ടുള്ളതും ദ്രവ്യമെന്നിങ്ങിനെ എല്ലാററിലും അനുഗതമായ ദ്രവ്യവ്യവഹാരമെത്രെ ആകുന്നത.

(ശങ്ക) ഇതും ദ്രവ്യം ഇതും ദ്രവ്യമെന്നുള്ള ദ്രവ്യവ്യവഹാരം മെൽ പറഞ്ഞ ജാതിക്ക അവലംബമെന്നതു ചെരുന്നില്ല. മെൽ പറഞ്ഞ ദ്രവ്യവ്യവഹാരത്തിന്ന വിഷയങ്ങളായ വസ്തുക്കളിൽ എല്ലാററിലും ഇരിക്കുന്നതായ മെൽ പറഞ്ഞ ജാതിയെ എങ്ങിനെ ഗ്രഹിക്കും. പ്രത്യക്ഷം കൊണ്ടു അതിനെ ഗ്രഹിക്കാമെന്ന പറഞ്ഞുകൂട. യാതൊരു വസ്തുവിന്റെ ആകൃതിക്ക പരിണാമം ഭെദിച്ചാലും ആ വസ്തുവിനെക്കുറിച്ചു മുമ്പെയുള്ള വ്യവഹാരം ആ അവസ്ഥയിലുമാമെന്നാണെല്ലൊ അങ്ങിനെ ഉള്ള വസ്തുവിൽ ഇരിക്കുന്ന ജാതിയുടെ ഗ്രഹണം പ്രത്യക്ഷംകൊണ്ടു സാധ്യമല്ല. അതുകൊണ്ടു ഘൃതം ജതുമുതലായതുകളിലെ ദ്രവ്യത്വത്തെ എങ്ങിനെ അതുകളെ ഗ്രഹിപ്പിക്കുന്നതായ ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കും. അതിന്ന നിൎവ്വാഹം കാണുന്നില്ല. ഇതുതന്നെ അല്ല. കെവലലൌകികന്മാർ ദ്രവ്യമെന്ന വ്യവഹരിക്കുന്നത. പൈ, കാശു, പൈസ, പണം. ഇത്യാദികളെ കുറിച്ചാകുന്നു. അതു

കളിലെദ്രവ്യത്വത്തെപ്രത്യക്ഷംകൊണ്ടുതന്നെ ചിലർഅറിഞ്ഞാലും പൃഥിവ്യാദികളിലെ ദ്രവ്യത്വത്തെ അവർ അറിയുന്നില്ല.

(സ) ഇങ്ങിനെ ശങ്കിക്കുന്നവർ കാൎയ്യസമവായികാരണതയുടെ നിയാമകമായിട്ട ഒരു ധൎമ്മം വെണമെല്ലൊ അതാകുന്ന ദ്രവ്യത്വമെന്ന ഗ്രഹിച്ചുകൊൾക. കാൎയ്യസമവായി കാരണതയുടെ നിയാമകമായിട്ട ഒരുധൎമ്മം വെണമെന്നുള്ളത അതിങ്കലുള്ളകാരണതാത്വംകൊണ്ട സിദ്ധിക്കുന്നതാകുന്നു.

മെൽ പറഞ്ഞതിനെ സ്പഷ്ടമായി ഉപപാദിക്കാം. കാൎയ്യങ്ങളിൽ എല്ലാമിരിക്കുന്നതായ ഒരു ധൎമ്മവിശെഷമത്രെ കാൎയ്യതയാകുന്നത അതുതന്റെ ആശ്രയമായ കാൎയ്യം യാതൊരു സംബന്ധന ഉണ്ടാകുന്നുവൊ അതിനാൽ അവഛിന്നമായിരിക്കും അവഛിന്നാ എന്നതിന്ന സാഹചൎയ്യനിയമത്തൊടുകൂടിയതാക്കപ്പെട്ടത എന്ന സാരത്തെ ഗ്രഹിച്ചുകൊൾക. സമവായി കാരണത്തിന്റെ സ്വരൂപം ഇനി ഒരെടത്ത സ്പഷ്ടമാക്കപ്പെടും അതിങ്കൽകാൎയ്യത്തിന്റെ ഉൽപത്തി സമവായ സംബന്ധത്തൊടുകൂടെയാകുന്നു. അതുകൊണ്ടായിട്ട അതിനെ ഉണ്ടാകുന്ന കാൎയ്യങ്ങളിലുള്ള കാൎയ്യതാ എന്ന ധൎമ്മം സമവായ സംബന്ധത്താൽ അവഛിന്നമായിരിക്കുമെന്നറിക. ആപ്രകാരമുള്ള കാൎയ്യതയെ വിദ്വാന്മാർ സമവായ സംബന്ധാവഛിന്ന കാൎയ്യതാ എന്ന പറയുന്നു. അങ്ങിനെയുള്ള കാൎയ്യത്തെക്കുറിച്ച യാതൊന്ന സമവായി കാരണമാകുന്നുവൊ അതിങ്കലുള്ള കാരണതയും മുൻപറഞ്ഞ കാൎയ്യതയെപ്പൊലെ ഒരു സംബന്ധ വിശെഷത്താൽ അവഛിന്നമായിരിക്കും. സമവായി കാരണങ്ങളുടെ സംബന്ധം താദാത്മ്യമാകയാൽ അതിനെ താദാത്മ്യ സംബന്ധാവഛിന്ന കാരണതാ എന്ന ഗ്രഹിച്ചുകൊൾക. കാരണതക്ക നിരൂപ്യതയും കാൎയ്യതക്ക നിരൂപകതയും പരസ്പര സംബന്ധത്തിന്റെ ഗുണങ്ങളാകയാൽ മെൽ പറഞ്ഞ കാരണതയെ മെൽ പറഞ്ഞ കാൎയ്യതയെക്കൊണ്ടുവിശെഷിപ്പിച്ചുപറയുന്നവരുടെവ്യവഹാരം സമവായ സംബന്ധാവഛിന്നകാൎയ്യതാ നിരൂപിതതാദാത്മ്യസംബന്ധാവഛിന്നകാരണതാ എന്നാകുന്നു. ഈ വ്യവഹാരത്തിന്ന വിഷയമായതും ഒരുകാരണതാ എല്ലൊആകുന്നത അതുകൊണ്ടും കാരണതാ എന്നതൊരു അവഛെദകധൎമ്മത്തൊട കൂടിയിരിക്കണമെന്ന നിയമമുണ്ടാകകൊണ്ടും മെൽ പറഞ്ഞകാരണതക്കൊരു അവഛെദകധൎമ്മമുണ്ട എന്നനുമിക്കണം. ഇങ്ങിനെ അനുമിക്കപ്പെട്ടതായധൎമ്മത്തെ ദ്രവ്യത്വമെന്നപറയുന്നു. യാതൊരെടത്ത

സമവായസംബന്ധേനകാൎയ്യമുണ്ടാകുന്നുവെന്നാവിടെമെൽ പറഞ്ഞപൃഥിവ്യാദികൾതാദാത്മ്യസംബന്ധേനയുമിരിക്കം അപ്രകാരമിരിക്കാത്തെടത്തുസമവായസംബന്ധേന കാൎയ്യസംഭവമില്ലെന്നൊരു നിയമമുണ്ടാകയാൽ മെൽപ്രകാരം സിദ്ധിച്ചതായദ്രവ്യത്വത്തിന്റെ ആശ്രയം പൃഥിവ്യാദികൾ തന്നെ അതുകളിൽ ഒന്നെങ്കിലും മറിച്ചിട്ടില്ലതാനും- അതുകൊണ്ടു മെൽ പറഞ്ഞ ഭൂമി മുതലായതുകൾ ഒമ്പതും ദ്രവ്യങ്ങളാകുന്നു എന്നും അതുകളിലെ ദ്രവ്യത്വമെന്നത അനുമാനരൂപ പ്രമാണസിദ്ധമാകുന്നു എന്നും ദ്രവ്യസാമാന്യ ലക്ഷണം ദ്രവ്യത്വം തന്നെ എന്നും നിശ്ചയിച്ചു കൊൾക- ദ്രവ്യത്വമെന്നത ഒരു ജാതിയാകുന്നു എന്ന പൂൎവ്വന്മാർ നിശ്ചയിച്ചിരിക്കുന്നു. ജാതിയെനിൎവ്വചിക്കമാറില്ല- ഉപാധിയാകുന്നു എന്നു പറഞ്ഞാൽ നിൎവ്വചിക്കെണ്ടിവരും എന്നാൽ ലാഘവം ഹെതുവായിട്ട ജാതിയാണ എന്നു തന്നെ അംഗീകരിക്കുന്നതു നല്ലതാണ എന്ന പൂൎവ്വന്മാരുടെ ആശയമാകുന്നു- ജാതിത്വത്തെ ബാധിക്കുന്നതുകളായ വ്യക്ത്യഭെദാദികൾ ഒന്നും ഇതിന്ന ഇല്ലെന്നുമറിക- ഇങ്ങിനെ ഉള്ള ദ്രവ്യത്വം സംയൊഗത്തിന്റെയൊ വിഭാഗത്തിന്റെയൊ സമവായി കാരണതയെ ഗ്രഹിച്ചാലും സിദ്ധമായ്വരുന്നതാകുന്നു- ദ്രവ്യത്വമല്ലാതെ വെറെ ഒന്നും ദ്രവ്യലക്ഷണമായിട്ടില്ലെന്നില്ല- ഗുണവത്വമൊ കൎമ്മവത്വമൊ എന്തെങ്കിലുമാം- ഗുണവത്വം=ഗുണവത്താവു എന്നുള്ളത- ഗുണവത്=ഗുണമുള്ളത=(ഗുണാധികരണമെന്നു സാരം) ഗുണം സമവായ സംബന്ധേന വെണമെന്നുമുണ്ടു- കൎമ്മവത്വമെന്നതിന്റെ അൎത്ഥത്തെയും ഇപ്രകാരം ഗ്രഹിച്ചുകൊൾക കൎമ്മവത്വം=കൎമ്മവത്താവു എന്നുള്ളത= (സമവായസംബന്ധേന കൎമ്മത്തിന്നു അധികരണമായിട്ടുള്ളത എന്ന സാരം) ഗുണസമാനാധികരണ സത്താഭിന്നജാതിമത്വവും കൎമ്മസമാനാധി കരണ സത്താഭിന്ന ജാതിമത്വവും ദ്രവ്യലക്ഷണങ്ങളാകുന്നു ആദ്യത്തിന്ന സമവായ സംബന്ധേന ഗുണത്തിന്ന അധികരണം യാതൊന്നൊ (ദ്രവ്യം) അതിങ്കൽ ഇരിക്കുന്നതായിട്ടും സത്താ എന്ന ജാതിയല്ലാത്തതായിട്ടുമിരിക്കുന്ന ജാതിയൊടു കൂടിയതാവു എന്നുള്ളത എന്നൎത്ഥമാകുന്നു- രണ്ടാമത്തതിന്ന സമവായ സംബന്ധേന കൎമ്മത്തിന്ന അധികരണം യാതൊന്നൊ അതിങ്കൽ ഇരിക്കുന്നതായിട്ടും സത്തയല്ലാത്തതായിട്ടുമിരിക്കുന്ന ജാതിയൊടു കൂടിയതാവു എന്നുള്ളത എന്നൎത്ഥമാകുന്നു- ൟ അവസ്ഥ ദ്രവ്യങ്ങൾക്കുണ്ടു- എങ്ങിനെ എ

ന്നാൽ സമവായ സംബന്ധേന ഗുണത്തിന്നൊ കൎമ്മത്തിന്നൊ അധികരണമായുള്ളതു ദ്രവ്യം തന്നെ അതിങ്കൽ സത്താ എന്ന ജാതിയല്ലാതെ ഇരിക്കുന്ന ജാതി ദ്രവ്യത്വം തന്നെയാകുന്നു- അതിനൊടു കൂടിയതാവൂ എന്നുള്ള അവസ്ഥാ ദ്രവ്യങ്ങൾക്കുണ്ടല്ലൊ- ദ്രവ്യത്വമില്ലാതെ മെൽ പറഞ്ഞ അവസ്ഥയിലിരിക്കയുമില്ല- അതുകൊണ്ടു രണ്ടും ദ്രവ്യലക്ഷണങ്ങൾ തന്നെ എന്നറിഞ്ഞുകൊൾക- ദ്രവ്യത്വം തന്നെ ദ്രവ്യങ്ങളുടെ ലക്ഷണമെന്നു പറഞ്ഞത ദ്രവ്യങ്ങളല്ലാത്തതുകളിൽ നിന്നു ദ്രവ്യങ്ങളെ വെറെ ഗ്രഹിപ്പിക്കുന്നതായ അനുമാനത്തെകുറിച്ച ആനുകൂല്യം പൊരാത്തതാകുന്നു- ഗുണവത്വവും കൎമ്മവത്വവും ആദ്യക്ഷണാവച്ഛിന്നമായിരിക്കുന്ന ഘടമാകുന്ന ദ്രവ്യത്തിങ്കലും ഉൽപന്നവിനഷ്ടമായിരിക്കുന്ന ഘടം യാതൊന്നൊ അതിങ്കലുമില്ലാത്തതാകയാൽ അവ്യാപ്തി എന്ന ദൊഷത്തൊടു കൂടിയതാകുന്നു- ഉൽപത്തിയുള്ള ദ്രവ്യങ്ങളൊക്കെയും സ്വൊൽപത്തിയുടെ ശെഷം എകക്ഷണം മുഴുവൻ ഗുണകൎമ്മങ്ങളൊടു കൂടാതെ നില്ക്കുമെന്നു പ്രസിദ്ധമായിരിക്കയാൽ ആദ്യക്ഷണസംബന്ധത്തൊടു കൂടെതന്നെ ഇരിക്കുന്ന ഘടം ഗുണകൎമ്മങ്ങൾക്ക അധികരണമായി ഭവിക്കുന്നതല്ല എന്ന അറിഞ്ഞുകൊൾക- ദ്വിതീയ ക്ഷണത്തിങ്കൽ ആ ഘടത്തിങ്കൽ തന്നെ ഗുണകൎമ്മങ്ങളുടെ ഉൽപത്തിസംഭവിക്കുന്നതാകുന്നു- എങ്കിലും ആദ്യക്ഷണസംബന്ധത്തൊടു കൂടിയ ഘടം അതിങ്കൽ നിന്നു വെറെയാകയാൽ അതിങ്കൽ ലക്ഷണം ചൊല്ലെണമെങ്കിൽ മെൽ പറഞ്ഞ പ്രകാരം പറഞ്ഞാൽ പൊരാ എന്ന ധരിച്ചുകൊൾക- ഗുണസമാനാധികരണ ജാതിമത്വമൊ കൎമ്മസമാനാധികരണ ജാതിമത്വമൊ ലക്ഷണമെന്നായാൽ ഗുണകൎമ്മങ്ങളുടെ അധികരണം ദ്രവ്യമാകയാലും ദ്രവ്യത്തിങ്കൽ ഇരിക്കുന്ന ജാതി എന്നത ദ്രവ്യത്വമാകയാലും ദ്രവ്യത്വമെന്ന ജാതി ആദ്യക്ഷണാവഛിന്ന ഘടത്തിങ്കലും ഉൽപന്നമായതിന്റെ ശെഷം ഉടനെ നശിച്ചുപൊയ ഘടത്തിങ്കലും മറ്റുള്ള ഘടങ്ങളിലെന്ന പൊലെ സ്ഥിതിയുള്ളതാകയാലും മെൽ പറഞ്ഞ അവ്യാപ്തി എന്ന ദൊഷത്തിന്ന അവകാശമില്ല- ഗുണകൎമ്മങ്ങളിൽ അതിവ്യാപ്തി ഭവിച്ചെക്കാം സത്താ എന്നൊരു ജാതി ദ്രവ്യത്തിങ്കലും ഗുണകൎമ്മങ്ങളിലും ഇരിക്കുന്നു- ഗുണസമാനാധികരണ ജാതി എന്നതുകൊണ്ടും കൎമ്മസമാനാധികരണ ജാതി എന്നതുകൊണ്ടും ദ്രവ്യത്വം ഗ്രഹിക്കുന്നതു പൊലെ സത്തയെയും ഗ്രഹിക്കാമെല്ലൊ അതുകൊണ്ടു ല

ക്ഷണാശരീരത്തിങ്കൽ സത്താഭിന്ന എന്ന ശബ്ദം കൂടെ ചെൎക്കേണ്ടിവന്നു- ഗുണകൎമ്മങ്ങളുടെ അധികരണമാകുന്നത സമവായ സംബന്ധേന വേണമെന്നുള്ളത കാലിക സംബന്ധത്തെ പിടിച്ച ആപാദിക്കപ്പെടുന്ന ദോഷത്തിന്റെ നിവാരണത്തിന്നായിക്കൊണ്ടാകുന്നു- എങ്ങിനെ എന്നാൽ ഗുണാധികരണവൃത്തി എന്നാണെല്ലൊ ഗുണസമാനാധി കരണപദത്തിന്റെ അൎത്ഥം അവിടെ സമവായ സംബന്ധേന ഗുണത്തിന്റെ അധികരണമെന്നു തന്നെ പറയാതിരുന്നാൽ ഗുണാധികരണമെന്നതുകൊണ്ടു മറ്റുള്ളതിനെയും ഗ്രഹിക്കാം- കാലിക സംബന്ധം കൊണ്ടു സൎവ്വവും സൎവ്വത്ര ഇരിക്കുന്നതാകുന്നു എന്നുള്ള സിദ്ധാന്തത്തെ കൂടെ ഇവിടെ ഗ്രഹിച്ചുകൊൾക- കാലികസംബന്ധമെന്നത കാലത്താൽഉണ്ടാക്കപ്പെടുന്നതായ പരം പരാ സംബന്ധ വിശെഷമാകുന്നു- ഇങ്ങിനെ ആലോചിച്ചു മെൽ പ്രകാരം പറകപ്പെട്ട ലക്ഷണങ്ങൾകൊണ്ടു പരീക്ഷിച്ചു മെൽ പറഞ്ഞ പൃഥിവ്യാദികൾ ഒക്കെയും ദ്രവ്യങ്ങളാകുന്നു എന്നും വെറെ ഇല്ല എന്നും ഗ്രഹിച്ചുകൊൾക-

തമൊവാദഃ

(ശംക) തമസ്സ എന്നൊരു വസ്തു എല്ലാവരാലും കണ്ടുകൊണ്ടു ഗ്രഹിക്കപ്പെടുന്നു- അതു കറുത്ത നിറത്തൊടു കൂടിയതാകുന്നു എന്നും പ്രത്യക്ഷം കൊണ്ടു തന്നെ അറിയുന്നു- ഇതാ തമസ്സ ഇളകുന്നു എന്നും അനുഭവമുണ്ടു- അതുകൊണ്ടു അതിങ്കൽ ഗുണകൎമ്മങ്ങൾ ഇരിക്കുന്നു എന്നതും സിദ്ധമാണ ഗുണകൎമ്മങ്ങളുണ്ടായിരുന്നാൽ ദ്രവ്യങ്ങളിൽ ചെരേണമെല്ലൊ- തമസ്സ എന്ന ദ്രവ്യം ഏതിൽ ചെൎന്നതാകുന്നു- ഗന്ധത്തൊടുകൂടാത്തതാകയാൽ അതു ഭൂമിയിലന്തൎഭവിക്കുന്നതല്ല- കറുപ്പുണ്ടാകകൊണ്ടു ജലത്തിങ്കലും തെജസ്സിങ്കലും വായ്വാകാശകാലദിഗാത്മ മനസ്സുകളിലും അതിന്ന അന്തൎഭാവമില്ല- അതുഹെതുവായിട്ട പത്താമത്തെതായ ഒരു ദ്രവ്യമാണ എന്നു തൊന്നുന്നു അങ്ങിനെ ഉള്ള തമസ്സിനെ ഇവിടെ പറയാഞ്ഞത നന്നായില്ല-

(സ) എന്ന ശംകിക്കരുത- തമസ്സ എന്നുള്ള വ്യവഹാരത്തിന്റെ വിഷയം തെജസ്സിന്റെ അഭാവമാകുന്നു- ഇതുപൊലെ തമസ്സിന്റെ അഭാവമാണ തെജസ്സ എന്നംഗീകരിച്ചുകൂട- ഉഷ്ണസ്പൎശത്തിന്ന ആശ്രയമായിട്ട ഒരു ദ്രവ്യം വെണം- അഭാവമെന്നത ദ്രവ്യമല്ല- അതിങ്കൽ ഉഷ്ണസ്പൎശമാകുന്ന ഗുണം ഇരിക്കില്ല- ഗുണങ്ങളൊക്കെയും ദ്രവ്യത്തിങ്കൽ തന്നെ ഇരിക്കുന്നതുകളാകു

ന്നു- അതു തെജസ്സു എന്നൊരു ദ്രവ്യത്തെ സ്വീകരിക്കുന്നത ആവശ്യകമാണ. തമസ്സു എന്നതു തെജസ്സിന്റെ അഭാവം തന്നെ എന്നു നിശ്ചയിക്കുന്നതിന്നു ബാധകവുമില്ല- ഇങ്ങിനെ ഇരിക്കുമ്പൊൾ തമസ്സു എന്നു വെറെ ഒന്നുണ്ട എന്നു കല്പിക്കുന്നത യുക്തമല്ല- തമസ്സു തെജൊഭാവം തന്നെ എന്നുവന്നാൽ അതിങ്കൽ തൊന്നുന്ന കറുപ്പിന്നു ചെർച്ചയില്ലല്ലൊ അതുകൊണ്ട അതും ദ്രവ്യം തന്നെ എന്നു പറയുന്നു എങ്കിൽ ദ്രവ്യമായിട്ടു തന്നെ ഇരിക്കട്ടെ എന്നതു വരുന്നതായിരുന്നു- അതിന്നും വാസ്തവമായ കറുപ്പുണ്ടെങ്കിലല്ലാതെ സംഗതിയില്ല- തമസ്സിങ്കൽ കറുപ്പുതൊന്നുന്നത ഭ്രമമാകുന്നു- വാസ്തവമായ കറുപ്പ നിറമുള്ള സ്ഥലങ്ങളിലൊക്കയും കണ്ണുകൊണ്ട ഗ്രഹിക്കപ്പെടെണമെങ്കിൽ വെളിച്ചം അതിനെക്കുറിച്ചു സഹായിക്കെണമെന്നത നിയമെന കണ്ടുവരുന്നു-വെളിച്ചത്തിന്റെ സാഹായ്യം വെണമെന്നത എല്ലാദ്രവ്യങ്ങളുടെ ചാക്ഷുഷഗ്രഹണത്തിങ്കലും സാധാരണമായിട്ടു മിരിക്കുന്നു- അതുകൊണ്ട ഇരുട്ടിനെ ഞാൻ കണ്ണുകൊണ്ടു കാണുന്നു എന്നു തൊന്നുന്നതും അതു കറുത്തിട്ടാണ എന്നു തൊന്നുന്നതും ഭ്രമം തന്നെ എന്നു അറിഞ്ഞു കൊൾക- തമസ്സ ഇളകുന്നു എന്നു തൊന്നുന്നതെജസ്സിന്റെവരവൊപൊക്കൊ രണ്ടിൽവെച്ചൊന്നിനാൽ ഉണ്ടാക്കപ്പെട്ടതായൊരു ഭ്രമമാകുന്നു എന്നു യുക്തിവശാൽ നിശ്ചയിച്ചുകൊൾകയും വെണം- തമസ്സ അതിരിക്തമായിട്ടൊന്നാണു എന്നു പറഞ്ഞാൽ അതിന്നു എത്രയൊ അവയവങ്ങൾ ഉണ്ട എന്നും അതുകൾ കൂടീട്ടു ഉണ്ടാകുന്നു എന്നുംകൂടെട്ടുടെനശിക്കുന്നുഎന്നും അനെകങ്ങളായ അയുക്തകല്പനകൾക്കു ഇടയുണ്ടാകയുംചെയ്യും-

ഗുണവിഭാഗം

ഗുണങ്ങൾ രൂപം, രസം, ഗന്ധം. സ്പൎശം, സംഖ്യ, പരിമാണം, പൃഥക്ത്വം, സംയൊഗം, വിഭാഗം, പരത്വം, അപരത്വം. ബുദ്ധി, സുഖം, ദുഃഖം, ഇഛ, ദ്വെഷം, പ്രയത്നം, ഗുരുത്വം, ദ്രവത്വം, സ്നെഹം, സംസ്കാരം, ധൎമ്മം, അധൎമ്മം, ശബ്ദം, ഇവ ഇരുപത്തുനാലുമാകുന്നു- ഗുണസാമാന്യലക്ഷണം ഗുണത്വ ജാതിമത്വമെന്നുഗ്രഹിച്ചു കൊൾക. ഗുണത്വജാതി ഇന്ന പ്രകാരമാണ സിദ്ധിച്ചത എന്നു ഇനി മെലെത്തു പറയും- ഗുണത്വ ജാതിമത്വമെന്നതിന്നു ഗുണത്വമാകുന്ന ജാതിയുള്ളതാവു എന്നുള്ളത എന്നു അൎത്ഥമാകുന്നു-

അഥകൎമ്മവിഭാഗഃ

൬. ഉൽക്ഷേപണംതതോവക്ഷേപണമാകുഞ്ചനംതഥാ ! പ്രസാരണഞ്ചഗമനംകൎമ്മാണ്യേതാനിപഞ്ചച ॥

൭. ഭ്രമണംരേചനംസ്യന്ദനോൎദ്ധ്വജ്വലനമേവചതിൎയ്യഗ്ഗമനമപ്യത്രഗമനാദേവലഭ്യതേ ॥

അന്വയം——ഉൽക്ഷേപണം- തതഃ- അവക്ഷേപണം- തഥാ ആകുഞ്ചനം- പ്രസാരണം- ഗമനം- ച- ഏതാനി- പഞ്ച- ച- കൎമ്മാണി- ഭ്രമണം- രേചനം- സ്യന്ദം- ഊൎദ്ധ്വജ്വലനം- ഏവ- ച-തിൎയ്യഗ്ഗമനം- അപി- അത്ര- ഗമനാൽ-ഏവ-ലഭ്യതേ-

അന്വയാൎത്ഥം—— ഉൽക്ഷേപണവും അനന്തരം പഠിതമായ അവക്ഷേപണവും അപ്രകാരം ആകുഞ്ചനവും പ്രസാരണവും ഗമനവുമാകുന്ന ഒരു അഞ്ചു തന്നെ കൎമ്മങ്ങളായി ഭവിക്കുന്നു- ഭ്രമണവും രേചനവും സ്യന്ദവും ഊൎദ്ധ്വജ്വലനവും തിൎയ്യഗ്ഗമനവും ഇവിടെ ഗമനത്തിങ്കൽ നിന്നുതന്നെ ലഭിക്കപ്പെടുന്നു-

പരിഭാഷ —— ഉൽക്ഷേപണം=ഉയൎത്തുക- പഠിതം=പഠിക്കപ്പെട്ടതു- പഠിക്ക=പറക (കൎമ്മങ്ങളുടെ പരിഗണനത്തിങ്കൽ പൂൎവ്വാചാൎയ്യന്മാരാൽ പറകപ്പെട്ടതു എന്നു സാരം) അവക്ഷേപണം=താഴ്ത്തുക- ആകുഞ്ചനം=മടക്കുക- പ്രസാരണം=നീൎത്തുക- ഗമനം=നടപ്പു-കൎമ്മങ്ങൾ കൎമ്മമെന്നു പേരൊടുകൂടിയവ- ഭ്രമണം=വട്ടത്തിലുള്ളഗതി- രേചനം=ചൊന്നുപോക- സ്യന്ദം=ഒലിക്കുക- ഊൎദ്ധ്വജ്വലനം=മേൽപ്പട്ടുള്ളഗതി- തിൎയ്യഗ്ഗമനം=വിലങ്ങത്തിലുള്ളഗതി-

മേൽ വിവരിക്കപ്പെട്ടതുകളായ രണ്ടു ശ്ലോകങ്ങൾകൊണ്ടു കൎമ്മവിഭാഗത്തെച്ചെയ്തിരിക്കുന്നു- എങ്ങിനെ എന്നാൽ- ഉയൎത്തുക, താഴ്ത്തുക, മടക്കുക, നീൎത്തുക, നടക്കുക ഇവ അഞ്ചു തന്നെ കൎമ്മങ്ങൾ എന്നു പ്രഥമശ്ലോകംകൊണ്ടും വട്ടത്തിലുള്ള ഗതി,ചൊന്നു പോക, ഒലിക്കുക, മേല്പട്ടുജ്വലിക്കുക, വിലങ്ങത്തിൽ നടക്കുക ഇവ ഒക്കെയും ഗമനത്തിൽ അടങ്ങിയതാകുന്നു എന്നു രണ്ടാമത്തെ ശ്ലോകം കൊണ്ടും പറഞ്ഞിരിക്കുന്നു എന്നു അറിഞ്ഞുകൊൾക-

കൎമ്മസാമാന്യ ലക്ഷണം കൎമ്മത്വ ജാതിമത്ത്വമത്രെ ആകുന്നതു- കൎമ്മത്വ ജാതിമത്ത്വമെന്നതിന്റെ അൎത്ഥം- കൎമ്മത്വമാകുന്ന ജാതി ഉള്ളതാവു എന്നുള്ളതു എന്നാകുന്നു- കൎമ്മത്വമെന്ന ജാതി പ്രത്യക്ഷംകൊണ്ടു തന്നെ സിദ്ധമായിട്ടുള്ളതാകുന്നു- ഉൽ

ക്ഷേപണാദികളിൽ പ്രത്യേകം ഇരിക്കുന്ന ഉൽക്ഷേപണത്വം മുതലായ ജാതികളും മേൽ പ്രകാരം തന്നെ-

അഥ സാമാന്യവിഭാഗഃ

൮. സാമാന്യം ദ്വിവിധം പ്രോക്തം പരഞ്ചാപരമേവ ച। ദ്രവ്യാദിത്രികവൃത്തിസ്തു സത്താ പരതയോച്യതെ ॥

൯. പരഭിന്നാ തു യാ ജാതിസ്സൈവാപരതയോച്യതെ । ദ്രവ്യത്വാദികജാതിസ്തു പരാപരതയോച്യതെ।

൧൦. വ്യാപകത്വാൽപരാപി സ്യാദ്വ്യാപ്യത്വാദപരാപി ച। അന്ത്യോ നിത്യദ്രവ്യവൃത്തിർവ്വിശേഷഃ പരികീർത്തിതഃ ॥

അന്വയം—— പരം അപരം- ച- ഇതി- ഏവ- ച സാമാന്യം- ദ്വിവിധം പ്രോക്തം- ദ്രവ്യാദിത്രികവൃത്തിഃ- സത്താ- തു- പരതയാ ഉച്യതെ- പരഭിന്നാ യാ ജാതി- ഭവതി - സാ- ഏവ- അപരതയാ- ഉച്യതെ ദ്രവ്യത്വാദികജാതിഃ- തു- പരാപരതയാ- ഉച്യതെ- വ്യാപകത്വാൽ- പരാ- അപി- വ്യാപ്യത്വാൽ- അപരാ- അപി ച- സ്യാൽ- വിശേഷഃ- അന്ത്യഃ- നിത്യദ്രവ്യവൃത്തിഃ പരികീർത്തിതഃ- ഭവതി-

അന്വയാർത്ഥം— പരവും അപരവും ഇങ്ങിനെ തന്നെയും സാമാന്യം ദ്വിവിധമായിട്ടു പ്രോക്തമായി ഭവിക്കുന്നു- ദ്രവ്യാദിത്രികവൃത്തിയായിരിക്കുന്ന സത്തയാകട്ടെ പരതയാ വചിക്കപ്പെടുന്നു- പരഭിന്നയായിട്ടു യാതൊരു ജാതി ഭവിക്കുന്നുവൊ അതു തന്നെ അപരതയാ വചിക്കപ്പെടുന്നു- ദ്രവ്യത്വാദികജാതിയാകട്ടെ പരാപരതയാവചിക്കപ്പെടുന്നു- വ്യാപകത്വം ഹേതുവായിട്ടു പരയായിട്ടും വ്യാപ്യത്വം ഹേതുവായിട്ടു അപരയായിട്ടും ഭവിക്കും- വിശേഷം അന്ത്യമെന്നും നിത്യദ്രവ്യവൃത്തി എന്നും പരകീർത്തിതമായി ഭവിക്കുന്നു-

പരിഭാഷ——പരം=അധികദെശത്തിങ്കൽ ഇരിക്കുന്നതു- അപരം=അല്പദെശത്തിങ്കലിരിക്കുന്നതു- സാമാന്യം=സാമാന്യമെന്നപദാർത്ഥം- ദ്വിവിധം=രണ്ടുപ്രകാരമുള്ളതു- പ്രോക്തം=പറയപ്പെട്ടതു- ദ്രവ്യാദിത്രികവൃത്തി=ദ്രവ്യാദിത്രികത്തിങ്കൽ വൃത്തിയോടുകൂടിയതു- ദ്രവ്യാദിത്രികം=ദ്രവ്യാദികളായ മൂന്നുപദാർത്ഥങ്ങൾ (ദ്രവ്യഗുണകർമ്മങ്ങൾ) വൃത്തി=സ്ഥിതി- സത്താ=സത്താഎന്നജാതി- (പരതയാവചിക്കപ്പെടുന്നു എന്നതിന്നു പരാ എന്നു പറയുന്നു എന്നു അർത്ഥമാകുന്നു) പരഭിന്നാ=പരയല്ലാത്തതു- (അപരതയാവചിക്കപ്പെടുന്നു എന്നതിന്നു അപരാ എന്നുപറയുന്നുഎന്നുഅർത്ഥമാകുന്നു- ദ്രവ്യത്വാദികജാതി=ദ്രവ്യത്വാദികയായി

രിക്കുന്ന ജാതി-ദ്രവ്യത്വാദികൾ=ദ്രവ്യത്വം തുടങ്ങിയുള്ളത- പരാപരതയായ വചിക്കപ്പെടുന്നു എന്നതിന്ന പരംഎന്നും അപരംഎന്നും പറയുന്നു എന്ന അൎത്ഥമാകുന്നു വ്യാപകത്വം=വ്യാപികയായവൃ എന്നുള്ളത- വ്യാപികാ=വ്യാപിക്കുന്നത- വ്യാപിക്ക=അധിക ദെശത്തിങ്കൽഇരിക്കുക - വ്യാപ്യത്വം=വ്യാപ്യയായവൃ എന്നുള്ളത- വ്യാപ്യാ=അല്പദെശത്തിങ്കൽഇരിക്കുന്നത- വിശെഷം=വിശെഷമെന്നപദാൎത്ഥം- അന്ത്യം=ഒടുക്കത്തെത- നിത്യദ്രവ്യവൃത്തി=നിത്യദ്രവ്യങ്ങളിൽ വൃത്തിയൊടുകൂടിയത- നിത്യദ്രവ്യങ്ങൾ നിത്യങ്ങളായിരിക്കുന്ന ദ്രവ്യങ്ങൾ നിത്യങ്ങൾ=നാശത്തൊടുകൂടാത്തവ-പരികീൎത്തിതം=പരികീൎത്തിക്കപ്പെട്ടത- പരികീൎത്തിക്ക=പറക-

സാമാന്യത്തിന്റെലക്ഷണം

നിത്യമായിട്ടും അനെകങ്ങളിൽ സമവെതമായിട്ടുമിരിക്കുന്ന പദാൎത്ഥം യാതൊന്നൊ അതാകുന്നു സാമാന്യമെന്നു ഗ്രഹിച്ചുകൊൾകയും വെണം-

നിത്യം=നാശമില്ലാത്തത- അനെകങ്ങൾ=എകമല്ലാത്തവ (രണ്ടൊ മൂന്നൊ മൂന്നിങ്കൽ നിന്നും അധികയായ സംഖ്യയൊടു കൂടിയതുകളായിട്ടൊ ഉള്ള വ്യക്തികൾ എന്നു സാരം) സമവെതം=സമവായസംബന്ധത്തൊടുകൂടെ ഇരിക്കുന്നത- ഇങ്ങിനെ മെൽ പറഞ്ഞ വാക്യത്തിൽ അന്തൎഭവിച്ചതുകളായ പദങ്ങളുടെ അൎത്ഥങ്ങൾ ഇതിന്നുലക്ഷ്യം പദാൎത്ഥത്വംമുതലായതാകുന്നു പദാൎത്ഥത്വത്തിന്ന നാശമില്ല-പദാൎത്ഥങ്ങളിൽചിലതനാശമുള്ളതായിട്ടും ചിലത നാശമില്ലാത്തതായിട്ടുമുണ്ട- ഇങ്ങിനെ സിദ്ധാന്തമാകയാൽ പദാൎത്ഥത്വം നിത്യംതന്നെ- അതു നാനാപദാൎത്ഥങ്ങളിൽ സമവായമാകുന്ന സംബന്ധത്തൊടു കൂടെ ഇരിക്കുന്നു- അപ്രകാരമാകയാൽ പദാൎത്ഥത്വമായത അനെക സമവെതമായിട്ടുള്ളതുമാകുന്നു- സമവായമെന്നത നിത്യമായ സംബന്ധമെത്രെ ആകുന്നത- പദാൎത്ഥങ്ങളും അതുകളിൽ ഇരിക്കുന്ന പദാൎത്ഥത്വമാകുന്ന രണ്ടുവസ്തുക്കളുടെ സംബന്ധം നിത്യമായിട്ടുള്ളതാകയാൽ അതിന്നു പെർ സമവായമെന്നാകുന്നു എന്നും ഗ്രഹിച്ചുകൊള്ളെണം-

മെൽ പറഞ്ഞ പ്രകാരം ദ്രവ്യത്വം ഗുണത്വം ഇത്യാദിയും സാമാന്യം തന്നെ-

അനെകങ്ങളിൽ സമവായ സംബന്ധത്തൊടുകൂടെ ഇരിക്കുന്നതാകുന്നു. സാമാന്യമെന്നു പറഞ്ഞാലും സാമാന്യമെന്ന പദം കൊണ്ടു പദാൎത്ഥത്വംമുതലായതിനെ ഗ്രഹിക്കാം. എങ്കിലും

കേരള സാഹിത്യ അക്കാദമി

സംയൊഗമെന്ന ഗുണത്തിന്നും അനെകങ്ങളിൽ സമവായസംബന്ധത്തൊടുകൂടെയുള്ള സ്ഥിതിയുണ്ടാകയാൽ അതിനെയും ഗ്രഹിക്കാമെന്നുവരും- അങ്ങിനെ വന്നുകൂടാ- സംയൊഗം സാമാന്യത്തിൽ അന്തൎഭവിച്ചതല്ല- അതു ഗുണങ്ങളിൽ ചെൎന്നതാകുന്നു- അതുഹെതുവായിട്ട മെൽ പറകപ്പെട്ട ലക്ഷണ വാക്യത്തിൽ നിത്യമായിട്ടുമെന്നത പറയാതെ കഴിയുന്നതല്ല എന്ന അറിഞ്ഞു കൊൾകയും വെണം-

നിത്യത്വവും സമവായ സംബന്ധത്തൊടു കൂടെ ഉള്ള സ്ഥിതിയും ഗഗനപരിമാണത്തിന്ന ഉണ്ട- ഗഗനം=ആകാശം- അതിങ്കൽ ഇരിക്കുന്ന പരിമാണം=പരമമഹത്വം (തികഞ്ഞതായ വലിപ്പമെന്ന സാരം) ഇത ഒരു ഗുണമാകയാലും ഗുണത്തിന്റെയും ഗുണമുള്ളതിന്റെയും സംബന്ധം സമവായം തന്നെയാകയാലും സമവായ സംബന്ധത്തൊടു കൂടിയ സ്ഥിതി അതിന്നുമുണ്ട- എന്നാൽ ഗഗനപരിമാണവും സാമാന്യം തന്നെ എന്നുവരും അതു വന്നുകൂടാ- അതു ഹെതുവായിട്ട അനെകങ്ങളിൽ എന്നതും വെണം-

നിത്യമായിട്ടും അനെകങ്ങളിൽ ഇരിക്കുന്നതായിട്ടുമുള്ളതു സാമാന്യമെന്നു പറഞ്ഞാൽ അഭാവ പദാൎത്ഥത്തിൽ അന്തൎഭവിച്ചതായ അത്യന്താഭാവവും സാമാന്യമാണെന്നുവരും. അതുഹെതുവായിട്ട അനെകങ്ങളിൽ ഇരിക്ക എന്നത സമവായ സംബന്ധത്താൽ ഉണ്ടാകപ്പെട്ടതായിരിക്കെണമെന്നതു കൂടെ പറയെണം-

ഇങ്ങിനെ ആവശ്യമായി പറയെണ്ടതായ വിശെഷണ വിശെഷ്യങ്ങളൊടുകൂടിയതായി മെൽ പറകപ്പെട്ട ലക്ഷണ വാക്യത്താൽ ഗ്രഹിപ്പിക്കപ്പെടുന്നതായ പദാൎത്ഥത്വം മുതലായതുകളെ ജാതി എന്നും പറയും ജാതിക്ക ആശ്രയമായിട്ടുള്ളതിന്ന പെർ വ്യക്തി എന്നൊത്രെ ആകുന്നത.

ഒന്നായിട്ട തന്നെ ഉള്ള വ്യക്തിയിൽ ഇരിക്കുന്നതു ജാതിയാകയില്ല-

(൨൭) വ്യക്തെരഭെദസ്തുല്യത്വംസങ്കരൊഥാനവസ്ഥിതിഃ ।
രൂപഹാനിരസംബന്ധൊജാതിബാധകസംഗ്രഹഃ ।

എന്നൊരു വചനമുണ്ട- അതിന്റെ അൎത്ഥം- വ്യക്തിയുടെ അഭെദവും തുല്യത്വവും സംകരവും അനവസ്ഥിതിയും രൂപഹാനിയും അസംബന്ധവും ഇങ്ങിനെ ജാതിബാധക സംഗ്രഹമാകുന്നത എന്നാകുന്നു-

മെൽ പറഞ്ഞ ശ്ലോകത്തിൽ അന്തൎഗ്ഗതങ്ങളായ പദാൎത്ഥങ്ങളെ സ്പഷ്ടങ്ങളാക്കി ഇതിന്റെ താഴെ പറയുന്നു വ്യക്തി=മെൽ പറകപ്പെട്ടതുതന്നെ- അഭെദം=ഐക്യം- തുല്യത്വം=സമാനത്വം- സംകരം=ഇതില്ലാത്തെടത്തു അതിന്റെ സ്ഥിതിയും അതില്ലാത്തെടത്ത ഇതിന്റെ സ്ഥിതിയും ഇങ്ങിനെയുള്ള അവസ്ഥയല്ലൊരു സ്ഥലത്തെ കാണിച്ചിട്ടു യാതൊരു ധൎമ്മങ്ങൾക്കു സാധിക്കപ്പെടുവാൻ കഴിയുമൊ അങ്ങിനെയുള്ള രണ്ടു ധൎമ്മങ്ങളും കൂടി ഒരെടത്തിരിക്കുക- അനവസ്ഥിതി=അവസ്ഥിതിയില്ലായ്ക- അവസ്ഥിതി=അവസാനം- രൂപഹാനി രൂപത്തിന്റെഹാനി- രൂപം=സ്വരൂപം- ഹാനി=നാശം- അസംബന്ധം=സംബന്ധമില്ലായ്ക- ജാതിബാധകസംഗ്രഹം=ജാതിബാധകങ്ങളുടെ സംഗ്രഹം- ജാതിബാധകങ്ങൾ=ജാതിയെ ബാധിക്കുന്നവ- (ജാതിത്വത്തെ ഇല്ലാതെയാക്കുന്നതുകൾ എന്നസാരം) സംഗ്രഹം=സംക്ഷെപം-

ഒന്നു തന്നെയായിട്ടുള്ള വ്യക്തിയിൽ ഇരിക്കുന്നത ആകാശത്വം മുതലായിട്ടുള്ളതാകുന്നു- ആകാശം ഒന്നു ഉള്ളു- അനെകമാണ എന്നതിന്നു പ്രമാണമില്ല ഇങ്ങിനെ മറ്റുള്ളതുകളുടെ വ്യക്ത്യൈക്യത്തെയും കണ്ടുകൊൾക- ഇങ്ങിനെയുള്ള ആകാശത്വം മുതലായതു ജാതിയല്ല- വ്യക്തികൾ സമാനത്വമുണ്ടാകയാൽ ഘടത്വവും കലശത്വവും കൂടെ ജാതിയാകയില്ല- ഭൂതത്വം മൂൎത്തത്വം ഈ രണ്ടു ധൎമ്മങ്ങൾക്ക സംകരമുണ്ടാകയാൽ അതുകൾ ജാതികളാകയില്ല- ഭൂതത്വം=ഭൂതങ്ങളുടെ ഭാവം എന്നുള്ളത- ഭൂതങ്ങൾ ഭൂതങ്ങളെന്നുള്ള ശബ്ദത്താൽപറകപ്പെടുന്നവ- (പൃഥിവി, ജലം, തെജസ്സ, വായു ആകാശം ഇതുകൾ) മൂൎത്തത്വം=മൂൎത്തഭാവം എന്നുള്ളത- മൂൎത്തം അപകൃഷ്ടപരിമാണം- അപകൃഷ്ടപരിമാണമെന്നതിന്നു ഇതിനെക്കാൾചെറുതായത ഒന്നുമില്ലെന്നു പറവാൻ തക്കവണ്ണമുള്ള ചെറുപ്പമെന്നൎത്ഥമാകുന്നു- മെൽ പ്രകാരമുള്ള ഭൂതത്വം മൂൎത്തത്വമില്ലാത്തതായ ആകാശത്തിങ്കൽ ഇരിക്കുന്നു- മൂൎത്തത്വവും ഭൂതത്വമില്ലാത്തതായ മനസ്സിങ്കൽ ഇരിക്കുന്നു- ഇപ്രകാരമുള്ള ഭൂതത്വവും മൂൎത്തത്വവും കൂടി പൃഥിവിജലതെജൊവായുക്കളുടെ പരമാണുക്കളിൽ ഇരിക്കുന്നു- ഇങ്ങിനെ അതുകളുടെ സംകരത്തെ ഗ്രഹിച്ചുകൊൾക- പരമാണുക്കൾ എന്നത ഇതിനെക്കാൾ അധികം ചെറുതായിട്ടില്ലെന്നു പറവാൻ തക്കതുകളായ ഒടുക്കത്തെ അവയവങ്ങളാകുന്നു- പരമാണു എന്നു ഒന്നിനെ സ്വീകരിപ്പാനുള്ള സംഗതി ഇനി ഒരെടത്തു പറകപ്പെടും-

സാമാന്യത്വമെന്നതു ജാതിയല്ല- അതും ജാതിയായാൽ അന

മാന്യത്വത്വവും ജാതിയാകട്ടെ എന്നുവരും. എന്നാൽ അവസാനവും ഇല്ല. വിശേഷത്വവും ജാതിയല്ല. സ്വതൊവ്യാവൎത്തകത്വം വിശേഷത്തിന്റെ സ്വരൂപമാകുന്നു. അതിന്നു ഹാനിവരുന്നതാകയാൽ വിശേഷത്വം ജാതിയാകട്ടെ എന്നു പറഞ്ഞുകൂട. സ്വതൊവ്യാവൎത്തകത്വം തന്നെകൊണ്ടു തന്നെ തന്റെവ്യാവൃത്തിയെ ഉണ്ടാക്കുന്നതാകുന്നുഎന്നുള്ളത. വ്യാവൃത്തി=മറ്റുള്ളവകളിൽ നിന്നു തിരിക്കുള്ളഭേദം. വിശേഷത്വമെന്നൊരു ജാതിയെ സ്വീകരിച്ചാൽ വിശേഷത്തിന്നു ഇതരങ്ങളിൽ നിന്നുള്ള ഭേദം വിശേഷത്വത്താൽ ഉണ്ടാക്കപ്പെട്ടതാകുന്നു എന്നു വരും. എന്നാൽ വിശേഷത്തിന്റെ സ്വരൂപത്തിന്നു ഹാനി വരുമല്ലൊ. വിശേഷമെന്ന പദാൎത്ഥത്തെകുറിച്ചു പറയെണ്ടതൊക്കയും ഇതിന്നുതാഴെ അടുത്തൊരു ദിക്കിൽ കാണപ്പെടുകയും ചെയ്യും. സമവായത്വവും ജാതിയല്ല. സമവായത്തിങ്കൽ സമവായത്വം സമവായ സംബന്ധത്തൊടു കൂടെ ഇരിക്കുന്നില്ല. അതുകൊണ്ടു അസംബന്ധമെന്നൊരു ജാതി ബാധകമുണ്ടു എന്നു ഗ്രഹിച്ചുകൊൾക.

കേരള സാഹിത്യ അക്കാദമി

മെൽ പറയപ്പെട്ട ധൎമ്മങ്ങളിൽ ആകാശത്വം ജാതിയാകട്ടെ എന്നത ഇവിടെ മെൽ പറഞ്ഞ സാമാന്യ ലക്ഷണവശാൽ പ്രസംഗിച്ചിട്ടില്ല. അനെകങ്ങളിൽ സമവായ സംബന്ധത്തൊടു കൂടെ ഇരിക്കെണമെന്നു പറഞ്ഞിട്ടുണ്ടല്ലൊ. എങ്കിലും ചെറെചിലതുകൾക്കു ജാതിത്വം പ്രസംഗിച്ചെക്കാം അതിനെ തടുപ്പാനായിട്ട പൂൎവ്വാചാൎയ്യ സിദ്ധാന്തമായ മെൽ പറഞ്ഞ വചനത്തെ കാണിപ്പാനായിക്കൊണ്ടുള്ള പുറപ്പാടിങ്കൽ ഒന്നായി തന്നെ ഇരിക്കുന്നവ്യക്തിയിൽ ഇരിക്കുന്നത ജാതിയല്ലഎന്നതു കൂടെ പറയപ്പെട്ടു എന്നു ധരിച്ചുകൊൾകയുംവെണം. മെൽ പറയപ്പെട്ട ആകാശത്വം മുതലായതുകൾ ഉപാധികളാകുന്നു എന്നും ഉപാധി എന്നത സാമാന്യത്തിൽ തന്നെ അന്തൎഭവിച്ചതാകുന്നു എന്നും ജാതിയെ നിൎവ്വചിക്കമാറില്ല. ഉപാധിയെമിക്കളും നിൎവ്വചിക്കെണം. ഇങ്ങിനെ ജാത്യുപാധികളുടെ ഭെദമെന്നും ഗ്രഹിച്ചുകൊൾക.

സാമാന്യം രണ്ടു പ്രകാരമുണ്ടു. പരം അപരം ഇങ്ങിനെയാകുന്നു. രണ്ടു പ്രകാരമായത. പരമെന്നതിന്നു അധിക ദെശത്തിങ്കൽ ഇരിക്കുന്നത എന്നും അപരമെന്നതിന്നു അല്പദെശത്തിങ്കൽ ഇരിക്കുന്നത എന്നുമുള്ള അൎത്ഥത്തെ മുമ്പെതന്നെകാണിച്ചിട്ടുണ്ടു. അതുകളിൽ പരസാമാന്യമെന്നത അധിക ദെശ

ത്തിങ്കൽ ഇരിക്കുന്ന ജാതിയാകുന്നു എന്ന ഗ്രഹിച്ചുകൊൾക-
അധിക ദെശങ്ങളിലുള്ള ഇരിപ്പ അല്പദെശത്തിങ്കൽ ഇരിക്കുന്ന
ഏതു ജാതിയെ അപെക്ഷിച്ചിട്ടായാലും വിരൊധമില്ല. സകല
ജാതികളെ അപെക്ഷിച്ചിട്ടും പരയായിട്ട ഒരു ജാതിയുണ്ടു. സ
ത്തതൊ ൧൦- സത്താ എന്ന ജാതി ദ്രവ്യത്വാദികളായ ജാതികളെ
ക്കാൾ അധികദെശത്തിങ്കൽ ഇരിക്കുന്നു- ദ്രവ്യത്തിങ്കല്ലാതെ ദ്ര
വ്യത്വമിരിക്കുന്നില്ല- ഇതിനെഗ്ഗുണത്വമുതലായതുമെന്ന അറി
ഞ്ഞുകൊൾക- സത്താ എന്നത ദ്രവ്യഗുണകൎമ്മങ്ങളായമൂന്നു പദാ
ൎത്ഥങ്ങളിലിരിക്കുന്നു- അതു ഹെതുവായിട്ട സത്തയ്ക്കു അധികദെ
ശത്തിങ്കലിരിപ്പുണ്ടു എന്നും അപ്രകാരമാകയാൽ സത്താ എന്ന
ജാതിപരയാകുന്നു എന്നും ഗ്രഹിച്ചുകൊൾക-

പരയായിരിക്കുന്ന ജാതിയിൽനിന്ന അന്യയായ ജാതിയെ
അവരാ എന്നപറയുന്നു- ദ്രവ്യത്വം മുതലായ ജാതിയെ പര എ
ന്നും അവര എന്നും പറയാം. മെൽപറഞ്ഞ സത്തയെ അപെ
ക്ഷിച്ചാൽ അവരതന്നെ എന്നിരിക്കിലും പൃഥിവീത്വം മുതലായ
ജാതിയെ അപെക്ഷിച്ചാൽ അങ്ങിനെ പരയായിട്ടുമിരിക്കുമെ
ല്ലൊ. അതുകൊണ്ടാകുന്നു ദ്രവ്യത്വാദിജാതികൾ മെല്പ്രകാരമാ
യതെന്നു ഗ്രഹിച്ചുകൊൾക- മൂലഗ്രന്ഥത്തിൽ വ്യാപകത്വാൽ
പരാപിസ്യാദ്ദ്രവ്യത്വാദ്യവരാപിച എന്ന സ്ഥലത്തിലുള്ള വ്യാ
പകത്വവ്യാപ്യത്വങ്ങളിൽ വ്യാപകത്വത്തിന്റെ സ്വരൂപം-
(സ്വസമാനാധികരണാത്യന്താഭാവാപ്രതിയോഗിത്വം) ഇതാകു
ന്നു.

അൎത്ഥം- സ്വസമാനാധികരണാത്യന്താഭാവാ പ്രതിയോഗി
ത്വം=സ്വസമാനാധികരണാത്യന്താഭാവാപ്രതിയോഗിയാവു എ
ന്നുള്ളത-സ്വസമാനാധികരണാത്യന്താഭാവാപ്രതിയോഗി= സ്വ
സമാനാധികരണമായിരിക്കുന്ന അത്യന്താഭാവത്തിന്റെ അപ്ര
തിയോഗി- സ്വസമാനാധികരണ= സ്വാധികരണവൃത്തി- (താ
നിരിക്കുന്നെടത്തിരിക്കുന്നത) അത്യന്താഭാവം=സൎവ്വകാലങ്ങളി
ലുമുള്ളതായ ഇല്ലായ്മ) പ്രതിയോഗി=പ്രതിയോഗിതയെന്ന സം
ബന്ധമുള്ളത- (യാതൊന്നിന്റെ അഭാവമാകുന്നുവൊ ഒരെട
ത്തുള്ളത ആ വസ്തു ആ അഭാവത്തിന്റെ പ്രതിയോഗിയാകുന്നു
എന്ന അറിഞ്ഞുകൊൾക.

മെൽപറഞ്ഞപ്രകാരമുള്ള വ്യാപകത്വം യാതൊന്നിനെ അ
പെക്ഷിച്ചിട്ടൊന്നിന്ന ഭവിക്കുന്നുവൊ അതിനെ അപെക്ഷി
ച്ചിട്ട അതു പരയാകുന്നു. സകലജാതിയെ അപെക്ഷിച്ചാലും പ

ഭയാകുന്നു എന്നു പറയപ്പെട്ടതായ സത്തക്കു ഇങ്ങിനെയുള്ള വ്യാപകതാമുണ്ടു. എങ്ങിനെ എന്നാൽ. താനിരിക്കുന്നെടമെന്നതൊന്നൊന്നുകൊണ്ടു ദ്രവ്യത്വത്തെ ഗ്രഹിക്കുമ്പൊൾ ദ്രവ്യവും ഗുണത്വത്തെ ഗ്രഹിക്കുമ്പൊൾ ഗുണവും കൎമ്മത്വത്തെ ഗ്രഹിക്കുമ്പൊൾ കൎമ്മവും ഇങ്ങിനെ അനെകമാകുന്നു. എങ്കിലും അതുകളിൽ ഉള്ള അത്യന്താഭാവം സത്തയുടെ അഭാവമാകുന്നുകൂടാ. ദ്രവ്യഗുണകൎമ്മങ്ങളിൽ സൎവ്വത്രസത്തയിരിക്കുമ്പൊൾ അതിന്റെ അഭാവം അതുകളിൽ ഉണ്ടാകയില്ലല്ലൊ. അതുകൊണ്ടു അങ്ങിനെ ഉള്ള അത്യന്താഭാവം ഗഗനാത്യന്താഭാവം മുതലായതു തന്നെ. അതിന്റെ പ്രതിയൊഗി ഗഗനം മുതലായതുതന്നെ. ഗഗനം മുതലായ മെൽപറഞ്ഞ അഭാവപ്രതിയൊഗികളിൽ സത്തയുടെ അന്തൎഭാവമില്ലതാനും. ഇങ്ങിനെ സത്തക്കു ദ്രവ്യത്വാദികളായ എല്ലാ ജാതികളെ അപെക്ഷിച്ചും വ്യാപകതാമുണ്ടു എന്നു അറിഞ്ഞുകൊൾക. വ്യാപ്യതാത്തിന്റെ സ്വരൂപത്തെ ഇതിന്നു താഴെ പറയുന്നു.

കേരളസാഹിത്യ അക്കാദമി

(സ്വാധികരണവൃത്ത്യത്യന്താഭാവപ്രതിയൊഗിത്വം) ഇതത്രെ വ്യാപ്യതാമാകുന്നത. താനിരിക്കുന്നെടത്തുള്ള അത്യന്താഭാവത്തിന്റെ പ്രതിയൊഗിയാവു എന്നുള്ളത എന്നു മെൽപറഞ്ഞതിന്റെ അൎത്ഥമാകുന്നു. ഇപ്രകാരമുള്ള വ്യാപ്യത്വം സത്താജാതിയെ അപെക്ഷിച്ചിട്ടു ദ്രവ്യത്വാദി ജാതികൾക്കുണ്ടു. എങ്ങിനെ എന്നാൽ സ്വാധികരണപദാൎത്ഥം താനിരിക്കുന്നെടമെന്നല്ലൊ ആകുന്നത അവിടെ താനെന്നതു സത്തയാകുമ്പൊൾ സത്താജാതിയിരിക്കുന്ന സ്ഥലമെന്നൎത്ഥം. അങ്ങിനെ ഉള്ള സ്ഥലം ദ്രവ്യം. ഗുണം, കൎമ്മം ഇവ മൂന്നുമാകുന്നു. അതുകളിൽ ദ്രവ്യത്തിങ്കൽ ഗുണത്വവും കൎമ്മത്വവുമില്ല. ഗുണത്തിങ്കൽ ദ്രവ്യത്വവും കൎമ്മത്വവുമില്ല. കൎമ്മത്തിങ്കൽ ദ്രവ്യത്വവുമില്ല. ഇങ്ങിനെ അതാതിന്റെ അഭാവം സത്തയുടെ അധികരണത്തിങ്കൽ തന്നെ ഇരിക്കുന്നു. അങ്ങിനെ ഉള്ള അഭാവവും താനിരിക്കുന്നെടത്തുള്ള അത്യന്താഭാവം തന്നെ അതിന്റെ പ്രതിയൊഗി ദ്രവ്യത്വാദി ജാതിയാകയാൽ അതൊക്കെയും വ്യാപ്യജാതിതന്നെ. അങ്ങിനെയാകയാൽ സത്തയെ അപെക്ഷിക്കുമ്പൊൾ അതൊക്കെയും അപരജാതിയാകുന്നു എങ്കിലും പൃഥിവീത്വാദി ജാതിയെ അപെക്ഷിക്കുമ്പൊൾ അതൊക്കെയും പരജാതിയാകുന്നു എന്നും പറയാം. ഇങ്ങിനെ ദ്രവ്യത്വാദിജാതികളുടെ ഉഭയപ്രകാരത്തെ സ്പഷ്ടമായി അറിഞ്ഞുകൊൾക. ഇനി ക്രമപ്രാപ്തമായ വിശെഷപദത്തെ കുറിച്ചു ക്ലു

ശ്ലോകത്താൽ പറകപ്പെട്ടതിനെ വ്യക്തമാക്കി താഴെ എഴുതുന്നു

വിശേഷനിരൂപണം.

അന്ത്യോനിത്യദ്രവ്യവൃത്തിഃ എന്നുള്ള മൂല ശ്ലോകത്തിങ്കൽ അന്ത്യം എന്നതിന്നു ഒടുക്കത്തെത എന്നു പരിഭാഷ കാണിക്കപ്പെട്ടു- യാതൊന്നിനെ അപേക്ഷിച്ചിട്ടു വിശേഷം ഭവിക്കുന്നില്ലയൊ അങ്ങിനെ ഉള്ളത എന്നത്രെ അതിന്റെ സാരമാകുന്നത- ഘടം മുതലായതുകൾക്കും ദ്വ്യണുകപൎയ്യന്തങ്ങളായ ഘടാദികളുടെ അവയവങ്ങൾക്കും അതാത അവയവഭേദം ഹേതുവായിട്ടു ഭേദത്തെ പറയാം. പരമാണുകൾക്കു അവയവമില്ല- അതുകൾ നിത്യങ്ങളുമത്രെ ആകുന്നത അങ്ങിനെയുള്ള പരമാണുകൾക്കു പരസ്പരഭേദം വിശേഷത്തിന്നു അധീനമാകുന്നു- വിശേഷഭേദത്തിന്നു വിശേഷാന്തരാപെക്ഷയില്ല- അതു തന്നാൽതന്നെ ഉണ്ടാക്കപ്പെടുന്നതാകുന്നു. ഇങ്ങിനെ സിദ്ധാന്തമാകയാൽ വിശേഷമെന്നത ഒടുക്കത്തെതു തന്നെ- നിത്യദ്രവ്യങ്ങൾ ഒന്നു പൃഥിവീപരമാണുകൾ രണ്ടു ജലപരമാണുകൾ മൂന്നു തെജഃപരമാണുകൾ നാലു വായുപരമാണുകൾ- ഇങ്ങിനെ അണുക്കളായും പരമാവയവങ്ങളായിട്ടും ഇരിക്കുന്നവ നാലുവകയായിട്ടുണ്ടു- ഇനി വിഭുക്കളായിട്ടുമുണ്ടു- ൧ ആകാശം ൨. കാലം ൩. ദിക്കു ൪ ആത്മാവ- ഇവ ഒക്കെയും വിഭുക്കളായ നിത്യദ്രവ്യങ്ങളാകുന്നു- (വിഭുക്കൾ എന്നതിന്നു പരമമഹത്വമുള്ളവ എന്നു അൎത്ഥത്തെ ഗ്രഹിച്ചു കൊൾക) ഇങ്ങിനെ ഉള്ള നിത്യദ്രവ്യങ്ങളിലൊക്കെയും വിശേഷമെന്നൊരു പദാൎത്ഥം ഇരിക്കുന്നു- ഇങ്ങിനെ സംക്ഷെപെണ വിശേഷമെന്ന പദാൎത്ഥത്തെ നിരൂപിച്ചു- ഇതിനെ കുറിച്ചു പലതും പറവാനുണ്ടു വിസ്തരഭയം ഹേതുവായിട്ടു ഇവിടെ സമൎപ്പിക്കുന്നു-

സമവായനിരൂപണം

൧൧. ഘടാദീനാംകപാലാദൌദ്രവ്യെഷുഗുണകൎമ്മണോഃ । തെഷുജാതെശ്ചസംബന്ധസ്സമവായഃപ്രകീൎത്തിതഃ ॥

അന്വയം—ഘടാദീനാം കപാലാദൌ ഗുണകൎമ്മണോഃ- ദ്രവ്യെ- ച- തെഷു- ജാതെഃ- ച- സംബന്ധഃ- സമവായഃ- പ്രകീൎത്തിതഃ- ഭവതി-

അന്വയാൎത്ഥം—ഘടാദികൾക്കു കപാലാദിയിങ്കലും ഗുണകൎമ്മങ്ങൾക്കു ദ്രവ്യത്തിങ്കലും അതുകളിൽ ജാതിക്കുമുള്ള സംബന്ധം സമവായമെന്നു പ്രകീൎത്തിതമായി ഭവിക്കുന്നു-

പരിഭാഷ—ഘടാദികൾ=ഘടംതുടങ്ങിയുള്ളവസ്തുകൾ- ഘ

ടം=കുടം- കപാലാദി=കപാലംതുടങ്ങിയുള്ളത- കപാലം=കുടത്തിന്റെ പകുതി ഭാഗത്തെപ്പോലെ മണ്ണുകൊണ്ടുണ്ടാക്കപ്പെട്ടിരുന്നതായ ഒരുവസ്തു- ഗുണകൎമ്മങ്ങൾ=ഗുണവും കൎമ്മവും- അതുകൾ=ദ്രവ്യഗുണകൎമ്മങ്ങൾ- സമവായം=സമവായമെന്ന പദത്താൽ പറകപ്പെടുന്നത- പ്രകീൎത്തിതം=പറകപ്പെട്ടത-

സമവായലക്ഷണം

നിത്യമായിരിക്കുന്ന സംബന്ധമെത്രെ സമവായമാകുന്നത- കുടംമുതലായ വസ്തുക്കൾക്കു കപാലം മുതലായ വസ്തുക്കളിൽ ഉള്ള സംബന്ധവും ഗുണകൎമ്മങ്ങൾക്കു ദ്രവ്യത്തിങ്കൽ ഉള്ള സംബന്ധവും ജാതികൾക്കു ഗുണകൎമ്മങ്ങളിലുള്ള സംബന്ധവും നിത്യമാകയാൽ സമവായമാകുന്നു എന്നു ധരിച്ചുകൊൾക- ഇത്രതന്നെയല്ല- വിശേഷനിത്യദ്രവ്യങ്ങളുടെയും സമവായം തന്നെ- സമവായമെന്നൊരു സംബന്ധമുണ്ടു എന്നതിനെ പററി ഒരുപ്രമാണത്തെ ഇതിന്നു താഴെ എഴുതുന്നു.

ഗുണക്രിയാദിവിശിഷ്ടബുദ്ധിൎവ്വിശേഷ്യവിശേഷണസംബന്ധവിഷയാ വിശിഷ്ടബുദ്ധിത്വാൽദണ്ഡീപുരുഷഇതിവിശിഷ്ടബുദ്ധിവൽ-

എന്നുള്ള അനുമാനം സമവായത്തെക്കുറിച്ചു പ്രമാണമാകുന്നു- മെൽ പറഞ്ഞ അനുമാന വാക്യത്തിൽ പക്ഷം, പ്രതിജ്ഞാ, ഹെതു, ദൃഷ്ടാന്തം- ഇങ്ങിനെ നാല അവയവങ്ങൾ ചെൎന്നിരിക്കുന്നു- ഗുണക്രിയാദി വിശിഷ്ടബുദ്ധിഃ എന്നതു പക്ഷമാകുന്നു (യാതൊരു വസ്തുവിങ്കൽ മറെറാരു വസ്തുവിന്റെ സ്ഥിതി ഉണ്ടു എന്നു യുക്തികൊണ്ടു സാധിപ്പാനാഗ്രഹിക്കുന്നുവൊ അതു പക്ഷമെന്ന പെരൊടു കൂടിയതാകുന്നു) ഗുണക്രിയാദിവിശിഷ്ടബുദ്ധിഃ ഇത്യാദികളായ പദങ്ങളുടെ അൎത്ഥത്തെ ഇതിന്നടുത്തതായ ഒരു സ്ഥലത്തിങ്കൽ വിവരിക്കും- വിശേഷണ വിശേഷ്യസംബന്ധ വിഷയാ എന്നത പ്രതിജ്ഞയാകുന്നു- (പക്ഷത്തിങ്കൽ സാദ്ധ്യമുണ്ടു എന്നുള്ള വചനമെത്രെ പ്രതിജ്ഞ എന്നാകിന്നു വിഷയമെന്നറിഞ്ഞുകൊൾക) വിശിഷ്ടബുദ്ധിത്വാൽ എന്നത ഹെതുവാകുന്നു- ദണ്ഡീപുരുഷ ഇതിവിശിഷ്ട ബുദ്ധിവൽ എന്നതു ദൃഷ്ടാന്തമാകുന്നു ഇനിമെൽ പറകപ്പെട്ട പദങ്ങളുടെ അൎത്ഥങ്ങളെ പറയാം-

ഗുണക്രിയാദിവിശിഷ്ടബുദ്ധി=ഗുണക്രിയാദി വിശിഷ്ടയായിരിക്കുന്നബുദ്ധി- ഗുണക്രിയാദിവിശിഷ്ടാ=ഗുണക്രിയാദികളാൽവിശിഷ്ടാ- ഗുണക്രിയാദികൾ=ഗുണക്രിയകൾതുടങ്ങിയു

ളുവ- ഗുണക്രിയകൾ=ഗുണവും ക്രിയയും- ഗുണം=രൂപം മുതലായി മുമ്പെ പറകപ്പെട്ടതുതന്നെ- ക്രിയ=കൎമ്മം- ആദിപദാൎത്ഥം=ജാതിമുതലായതാകുന്നു- വിശിഷ്ടാ=വിശേഷിക്കപ്പെട്ടത- വിശേഷിക്ക=ഭെദത്തെ പ്രാപിപ്പിക്ക- ബുദ്ധി=ജ്ഞാനം- വിശേഷണവിശേഷ്യസംബന്ധവിഷയാ=വിശേഷ്യ വിശേഷണ സംബന്ധമാകുന്ന വിഷയത്തൊടുകൂടിയത- വിശേഷണവിശേഷ്യസംബന്ധം=വിശേഷണവിശേഷ്യങ്ങളുടെ സംബന്ധം- വിശേഷണവിശേഷ്യങ്ങൾ=വിശേഷണവും വിശേഷ്യവും-വിശിഷ്ടബുദ്ധിത്വം=വിശിഷ്ടബുദ്ധിയാവു എന്നുള്ളത- ദണ്ഡിപുരുഷഇതി വിശിഷ്ടബുദ്ധിവൽ എന്നതിന്ന ദണ്ഡിയാകുന്ന പുരുഷൻ എന്നുള്ള വിശിഷ്ടബുദ്ധി എന്നപൊലെ എന്ന അൎത്ഥമാകുന്നു-

ദണ്ഡീ=ദണ്ഡമുള്ളവൻ- ഇങ്ങിനെ മെൽ പറഞ്ഞ അനുമാന വാക്യത്തിൽ അന്തൎഭവിച്ചുള്ളകളായ പദാൎത്ഥങ്ങളെ ധരിച്ചുകൊൾക- ഇനി ഇതിന്റെ സാരത്തെ പറയാം-

ഒരു പുരുഷനെക്കണ്ടാൽ ഇവൻ പുരുഷനാകുന്നു എന്നിപ്രകാരം തന്നെ ഉണ്ടാകുന്ന ജ്ഞാനത്തിങ്കൽനിന്ന ദണ്ഡമുള്ള പുരുഷനാകുന്നു എന്നുള്ള ജ്ഞാനത്തിന്ന വിശേഷമുണ്ടാകയാൽ ആയത വിശിഷ്ടബുദ്ധിയാകുന്നു- ഇങ്ങിനെയുള്ള വിശിഷ്ടബുദ്ധി വല്ലൊരു പുരുഷനെക്കണ്ടാൽ ഉണ്ടാകുന്നില്ല- പുരുഷൻ ദണ്ഡിയായിരിക്കുന്നതു കൂടെ അതിനെക്കുറിച്ചു കാരണമാകുന്നു- ദണ്ഡമുണ്ടായിരുന്നാലും വിശേഷ്യമായ പുരുഷനും വിശേഷണമായ ദണ്ഡത്തിന്നും പരസ്പരമുള്ള സംബന്ധത്തെ ദൎശനസമയത്തിങ്കൽ ദ്രഷ്ടാവു ഗ്രഹിച്ചില്ലാ എങ്കിൽ മെൽപറഞ്ഞപ്രകാരമുള്ള ജ്ഞാനം സംഭവിക്കുന്നില്ല- അതു ഹെതുവായിട്ട ദണ്ഡിപുരുഷഃ എന്നുള്ള ജ്ഞാനം ദണ്ഡത്തിന്നും പുരുഷനും പരസ്പരമുള്ള സംബന്ധത്തെ കൂടെ വിഷയമാക്കി ചെയ്യുന്നതായിട്ടതന്നെ ഉണ്ടായതാകുന്നു എന്നു നിശ്ചയിക്കാം- ദണ്ഡിയായിരിക്കുന്ന പുരുഷനെക്കണ്ട സമയം ദണ്ഡസംബന്ധത്തെ ഗ്രഹിച്ചില്ല എങ്കിലും ഇവൻ പുരുഷനാകുന്നു എന്നുള്ള ജ്ഞാനം സംഭവിക്കുന്നതാകുന്നു- അതിന്നു കാരണം ജ്ഞാനങ്ങളുടെ പരസ്പര ഭെദം തന്നെ- ദണ്ഡീപുരുഷഃ എന്നുള്ളജ്ഞാനം വിശിഷ്ടബുദ്ധിയാകുന്നു- മറ്റെതഅവിശിഷ്ടബുദ്ധിയാകുന്നു- ജ്ഞാനങ്ങളുടെ പരസ്പരഭെദമെന്നത ഇതുതന്നെ- ഒരു അവസ്ഥക്കു വിശിഷ്ടബുദ്ധിത്വം യാതൊരെടത്തുണ്ടൊ അവിടെ വിശേഷ

ണ വിശേഷ്യങ്ങളുടെ സംബന്ധം കൂടെ വിഷയമാകുന്നുവെന്നൊരു നിയമമുണ്ടു എന്നുള്ളതിനെ ദണ്ഡീ പുരുഷഃ എന്നുള്ള വിശിഷ്ടബുദ്ധിയാകുന്ന ദൃഷ്ടാന്തത്തെ അനുസരിച്ചു കല്പിച്ചു കൂടില്ല- എന്നാൽ ഇതുപോലെ സ്ഥലാന്തരങ്ങളിലും വിശേഷ്യ വിശേഷണ സംബന്ധം കൂടെ വിഷയമായിരിക്കുന്നുവെന്നുള്ള അഭിപ്രായത്തൊടുകൂടി അന്യബോധത്തിന്നായി പ്രയോഗിക്കപ്പെട്ടതായ മെൽ പറഞ്ഞ അനുമാന വാക്യത്തിങ്കൽനിന്നു ഇത്രമാത്രം ഗ്രഹിച്ചുകൊൾക- ഗുണമുള്ളതാകുന്നു എന്നും കൎമ്മമുള്ളതാകുന്നു എന്നുമുള്ള ബുദ്ധി ഗുണകൎമ്മങ്ങളാകുന്ന വിശേഷണങ്ങൾക്കും വിശേഷ്യമായ ദ്രവ്യത്തിന്നും പരസ്പരമുള്ള സംബന്ധത്തെ കൂടെ വിഷയമാക്കി ഉണ്ടാകുന്നതാകുന്നു- എന്തുഹേതുവായിട്ടാകുന്നു ഈ നിശ്ചയമെന്നുണ്ടെങ്കിൽ പറയാം- (വിശിഷ്ടബുദ്ധിത്വാൽ) വിശിഷ്ടബുദ്ധിത്വം ഹെതുവായിട്ടാകുന്നു- വിശിഷ്ട ബുദ്ധിത്വമുള്ളെടത്തു വിശേഷണ വിശേഷ്യ സംബന്ധം കൂടെ വിഷയമായിരിക്കുമെന്നതിന്നു ദൃഷ്ടാന്തമുണ്ടൊ എന്നറിവാൻ ചൊദിക്കുന്നു എങ്കിൽ ഏതുപൊലെ (ദണ്ഡീ പുരുഷ ഇതിവിശിഷ്ടബുദ്ധിവൽ) ദണ്ഡിയാകുന്ന പുരുഷൻ എന്നുള്ള വിശിഷ്ടബുദ്ധി എന്നപോലെ ഇതുകൊണ്ടു ഗുണവദ്രവ്യം ഇത്യാദിവിശിഷ്ടബുദ്ധിയെ അനുസരിച്ചിട്ടു ഗുണാദികൾക്കും ദ്രവ്യത്തിന്നും തമ്മിൽ ഒരു സംബന്ധമുണ്ടായിരിക്കുന്നുവെന്നതു സിദ്ധമായി- ഇപ്രകാരം സിദ്ധമായ സംബന്ധം സംയോഗാദികളിൽനിന്നു ഭെദത്തൊടുകൂടിയതായിരിക്കയാൽ അതിനെ സമവായ ശബ്ദംകൊണ്ടു വ്യവഹരിച്ചുവരുന്നു എന്നു അറിഞ്ഞുകൊൾകയും വെണം-

(ശങ്കാ) മെൽ വിവരിക്കപ്പെട്ട അനുമാനം സിദ്ധസാധനമാമാകുന്നു- എങ്ങിനെ എന്നാൽ ഗുണവദ്രവ്യമിത്യാദി സ്ഥലങ്ങളിൽ വിശേഷണ വിശേഷ്യ സംബന്ധം സ്വരൂപ സംബന്ധത്തിങ്കൽനിന്നു വെറെ ഒന്നല്ല സ്വരൂപസംബന്ധമെന്നതു സിദ്ധം തന്നെ- അതുഹെതുവായിട്ടു സമവായമെന്നൊരു സംബന്ധത്തെ വിശേഷിച്ചു കല്പിപ്പാൻ പ്രമാണമില്ല-

(സ) എന്നു ശങ്കിക്കരുത- സ്വരൂപങ്ങൾ ഇത്ര എന്നില്ലായ്കയാൽ അനന്തങ്ങളാകുന്നു- അനന്തങ്ങളായിരിക്കുന്ന സ്വരൂപങ്ങൾക്കു സംബന്ധത്വത്തെ കല്പിക്കുന്നതിനെക്കാൾ ഏകമായിരിക്കുന്ന സമവായത്തെ സ്വീകരിക്കുന്നതു ലഘുതാകുന്നു-

(ശങ്കാ) സമവായമെന്നതു ഒന്നു ഉള്ളു എന്നു പറഞ്ഞാൽ

വായുവിന്നു രൂപമുണ്ടു എന്നുള്ള ബുദ്ധി ഭവിക്കാമെന്നു വരും. രൂപസമവായം വായുവിങ്കൽ ഉണ്ടല്ലൊ. എങ്ങിനെ എന്നാൽ വായുവിങ്കൽ സ്പൎശമെന്ന ഗുണസമവായ സംബന്ധേന ഇരിക്കുന്നു എന്നല്ലൊ സിദ്ധാന്തമാകുന്നത. എന്നാൽ സ്പൎശസമവായം ഇല്ലെന്ന പറഞ്ഞു കൂടാ. സ്പൎശസമവായവും രൂപസമവായവും ഒന്നു തന്നെ എന്നും വരുന്നു. രൂപസമവായം രൂപമുണ്ടു എന്നുള്ള ബുദ്ധിയെ കുറിച്ചു കാരണവുമാകുന്നു.

(സ) ഇങ്ങിനെ ശങ്കിക്കരുത. വായുവിങ്കൽ രൂപസമവായമുണ്ടെങ്കിലും രൂപമില്ലല്ലൊ. രൂപമുണ്ടു എന്നുള്ള ബുദ്ധിയെക്കുറിച്ചു രൂപമില്ല എന്നുള്ള നിശ്ചയം പ്രതിബന്ധകമാകുന്നു. പ്രതിബന്ധകമുള്ളപ്പോൾ യാതൊരു കാൎയ്യവും സംഭവിക്കുന്നതല്ല. അതുകൊണ്ടു രൂപാഭാവ നിശ്ചയ രൂപ പ്രതിബന്ധകമുള്ളപ്പോൾ വായുവിന്നു രൂപമുണ്ടു എന്നുള്ള ബുദ്ധി ഒരുത്തനും ഭവിക്കില്ല എന്നും രൂപാഭാവ നിശ്ചയം ഒരുത്തനു ഭവിച്ചില്ല എങ്കിൽ അവന്നു വായു രൂപവാനാകുന്നു എന്നുള്ള ബുദ്ധി ഇഷ്ടം തന്നെ എന്നും അറിഞ്ഞുകൊൾക.

(ശങ്കാ) ഇങ്ങിനെയായാൽ അഭാവത്തിന്റെ വൈശിഷ്ട്യമെന്ന വേറെ തന്നെ ഒരു സംബന്ധം സിദ്ധമായി എന്നു വരും. ഭൂതലം ഘടാഭാവമുള്ളതാകുന്നു എന്നതും ഒരു വൈശിഷ്ട്യബുദ്ധിയാകയാൽ അവിടെയും വിശേഷ്യമായ ഭൂതലത്തിന്നും വിശേഷണമായ ഘടാഭാവത്തിന്നും തമ്മിലൊരു സംബന്ധം വേണമല്ലൊ. സ്വരൂപ സംബന്ധം തന്നെ എന്നതൊ പറഞ്ഞു കൂടല്ലൊ. അതുകൊണ്ടു ആയതു വൈശിഷ്ട്യമെന്നു വേറൊട്ട കൂടിയതായിട്ടും വേറെ ഒന്നായിട്ടുമിരിക്കട്ടെ.

(സ) എന്നു പറയുന്നുവൊ എന്നാൽ ഇവിടെ അല്പമായൊരു വിശേഷമുള്ളതിനെ പറയാം. അതു നിത്യമാകുന്നു എന്നു പറഞ്ഞാൽ ഒരേടത്തു ഘടത്തെ കൊണ്ടുവന്നുവെച്ചാലും ഘടാഭാവ ബുദ്ധി ഭവിച്ചേക്കാം. അതുകൊണ്ടു മിറ്റത്തു കുടമുള്ള സമയത്തിങ്കലും കുടത്തിന്റെ അഭാവത്തോടു കൂടിയതാകുന്നു മിറ്റമെന്നുള്ള ബുദ്ധി ഭവിക്കട്ടെ എന്നു വരും. ഘടാഭാവമില്ല എന്നു പറഞ്ഞുകൂടാ ഘടാഭാവം നിത്യമാകുന്നു നിത്യമല്ല എങ്കിൽ സ്ഥലാന്തരത്തിങ്കലും ഘടാഭാവ ബുദ്ധി അരുത എന്നതു വരികയും ചെയ്യും. ഘടാഭാവം നിത്യമായിരുന്നാലും വൈശിഷ്ട്യമില്ലെന്നും പറഞ്ഞുകൂടാ. വൈശിഷ്ട്യവും നിത്യമായിട്ടുള്ളതുതന്നെ വൈശിഷ്ട്യത്തിന്നു അനിത്യത്വത്തെ സ്വീകരിച്ചാൽ അനന്ത

വൈശിഷ്ട്യങ്ങൾക്കു സംബന്ധതാം കല്പിക്കേണ്ടതായി വരുന്നതാകയാൽ എത്രയോ ഗൗരവമുണ്ട്. അതുഹേതുവായിട്ട അതാതു കാലങ്ങളിലുള്ള അതാതു ദേശങ്ങൾ അതാത അഭാവങ്ങളുടെ സംബന്ധമാകുന്നു എന്നു കല്പിക്കുന്നു- എന്നാൽ വൈശിഷ്ട്യം സംബന്ധ ഘടകമായി ഉണ്ടാകുന്നു- ചില സമയം നശിക്കുന്നു പിന്നെയുമുണ്ടാകുന്നു- ഇങ്ങിനെയുള്ള കല്പനാധാരയെ ആശ്രയിക്കതന്നെ വേണ്ട എന്നു അറിഞ്ഞുകൊൾക-

അഭാവവിഭാഗഃ

൧൨. അഭാവസ്തു ദ്വിധാന്യോന്യസംസർഗ്ഗാഭാവഭേദതഃ । പ്രാഗഭാവസ്തഥാപ്രധ്വംസോത്യന്താഭാവ ഏവ ച ॥

൧൩. ഏവം ത്രൈവിധ്യമാപന്നസംസർഗ്ഗാഭാവ ഇഷ്യതേ । സപ്താനാമപിസാധർമ്മ്യം ജ്ഞേയതാദികമിഷ്യതേ ॥

അന്വയം—— അഭാവഃ- തു- അന്യോന്യസംസർഗ്ഗാഭാവഭേദതഃ- ദ്വിധാ- ഭവതി- പ്രാഗഭാവഃ- തഥാ- പ്രധ്വംസഃ- അത്യന്താഭാവഃ- ച- ഏവം- സംസർഗ്ഗാഭാവഃ- ത്രൈവിധ്യം- ആപന്നഃ- ഏവ- ഇഷ്യതേ- സപ്താനാം അപി സാധർമ്മ്യം- ജ്ഞേയതാദികം- ഇഷ്യതേ-

അന്വയാർത്ഥം —— അഭാവമാകട്ടെ അന്യോന്യസംസർഗ്ഗാഭാവഭേദം ഹേതുവായിട്ട രണ്ടുപ്രകാരത്തെ ഭവിക്കുന്നു- പ്രാഗഭാവവും പ്രധ്വംസവും അത്യന്താഭാവവും ഇങ്ങിനെ സംസർഗ്ഗാഭാവം ത്രൈവിധ്യത്തെ ആപന്നമായിട്ടുതന്നെ ഇച്ഛിക്കപ്പെടുന്നു- ഏഴുകൾക്കും സാധർമ്മ്യം ജ്ഞേയതാദികമായിട്ട ഇച്ഛിക്കപ്പെടുന്നു-

പരിഭാഷ —— അഭാവം=അഭാവമെന്ന പദാർത്ഥം- അന്യോന്യസംസർഗ്ഗാഭാവഭേദം=അന്യോന്യസംസർഗ്ഗാഭാവങ്ങളുടെഭേദം= അന്യോന്യസംസർഗ്ഗാഭാവങ്ങൾ അന്യോന്യാഭാവവും സംസർഗ്ഗാഭാവവും ത്രൈവിധ്യം=ത്രിവിധമാവു എന്നുള്ളത- ത്രിവിധം=മൂന്നുപ്രകാരത്തിലുള്ളത- സാധർമ്മ്യം=സധർമ്മാക്കളാവു എന്നുള്ളത- സധർമ്മാക്കൾ=സമാനമായിരിക്കുന്നധർമ്മത്തോടുകൂടിയവ- സമാനം=തുല്യം (ഇങ്ങിനെയാകയാൽ സാധർമ്മ്യമെന്നതിന്നു തുല്യമായ ധർമ്മമെന്നു സാരത്തെ ഗ്രഹിച്ചുകൊൾക) ജ്ഞേയതാദികം=ജ്ഞേയതാം തുടങ്ങിയുള്ളത- ജ്ഞേയതാം=ജ്ഞാനവിഷയതാം-

സാരം—— അഭാവമെന്ന പദാർത്ഥം രണ്ടു പ്രകാരമാകുന്നു- രണ്ടു പ്രകാരമായത അന്യോന്യാഭാവവും സംസർഗ്ഗാഭാവവും ഇ

ങ്ങിനെയാകുന്നു. അന്യോന്യാഭാവത്തിന്ന ഐക്യമുണ്ടാകയാൽ വിഭാഗമില്ല. സംസൎഗ്ഗാഭാവം മൂന്നുപ്രകാരമായതു. പ്രാഗഭാവവും പ്രധ്വംസാഭാവവും അത്യന്താഭാവവും ഇങ്ങിനെയാകുന്നു. ദ്രവ്യംമുതലായ എഴിന്നും സാധൎമ്മ്യം ജ്ഞാനവിഷയതവും അഭിധെയതവും മുതലായതാകുന്നു. മെൽ പറഞ്ഞ പദാൎത്ഥത്തെ പററിഇനിപറയെണ്ടതൊക്കെയുംസംക്ഷെപണെതാഴെപറയുന്നു.

അഭാവമെന്നതിന്ന അഭാവത്വമുള്ളതു എന്ന അൎത്ഥത്തെ ഗ്രഹിച്ചുകൊൾക. മെൽപറഞ്ഞ ധൎമ്മം ദ്രവ്യങ്ങളിലും ഗുണങ്ങളിലും കൎമ്മങ്ങളിലും സാമാന്യത്തിങ്കലും വിശെഷത്തിങ്കലും സമവായത്തിങ്കലുമില്ല. അതിന്ന അധികരണം വെറെതന്നെ വെണം. ആയത അഭാവമെന്നൊരു പദാൎത്ഥമാകുന്നു. മെൽപറഞ്ഞ ഭാവത്വം നാനാപദാൎത്ഥങ്ങളിൽചെരാതെ ഇരിക്കുന്നതാകയാൽ അഖണ്ഡൊപാധിയാകുന്നു എന്ന ചിലരുടെപക്ഷം. അഖണ്ഡൊപാധിയെ നിൎവചിക്കാറില്ല. ഉപാധികം നിൎവചനം വെണമെന്നത സഖണ്ഡൊപാധികളിൽ തന്നെ സംബന്ധിക്കുന്നതാകുന്നുഎന്ന അറിഞ്ഞുകൊൾക. അഖണ്ഡൊപാധിയല്ല എന്നുള്ള മതത്തെ ആശ്രയിച്ചു നിൎവചിക്കുമ്പൊൾ അഭാവത്വമെന്നത ദ്രവ്യാദിഷൾകാന്യൊന്യാഭാവവത്വമാകുന്നു. ദ്രവ്യാദിഷൾകാന്യൊന്യാഭാവവത്വം=ദ്രവ്യാദിഷൾകാന്യൊന്യാഭാവവത്താവു എന്നുള്ളത ദ്രവ്യാദിഷൾകാന്യൊന്യാഭാവവത്ത=ദ്രവ്യാദിഷൾകാന്യൊന്യാഭാവമുള്ളത ദ്രവ്യാദിഷൾകാന്യൊന്യാഭാവം ദ്രവ്യാദിഷൾകത്തിന്റെ അന്യൊന്യാഭാവം ദ്രവ്യാദിഷൾകം=ദ്രവ്യാദികളുടെ ഷൾകം. ദ്രവ്യാദികഷൾകം=ദ്രവ്യംമുതലായവ-ഷൾകം=ആറിന്റെയും കൂടിയുള്ള സമുദായം. (ദ്രവ്യം, ഗുണം, കൎമ്മം, സാമാന്യം, വിശെഷം, സമവായം ഇതുകളെന്നുസാരം) അന്യൊന്യാഭാവം=അതല്ലായ്മ. (ദ്രവ്യമല്ലായ്മയും ഗുണമല്ലായ്മയും കൎമ്മമല്ലായ്മയും സാമാന്യമല്ലായ്മയും വിശെഷമല്ലായ്മയുമെന്നുസാരം)

ദ്രവ്യമല്ലായ്മമുതലായത ദ്രവ്യംമുതലായതിൽ ഇരിക്കില്ല. അതുകളുടെ ഇരിപ്പിടമായിട്ട വെറൊരു വസ്തുവെണം. അതുകൊണ്ടു അതിന്റെ അധികരണമായ അഭാവം വെറെതന്നെ. അതു രണ്ടുവിധമാകുന്നുഎന്ന പറഞ്ഞു. അവിടെ അന്യൊന്യാഭാവമെന്നത താദാത്മ്യസംബന്ധാവച്ഛിന്ന പ്രതിയൊഗിതാകമായിരിക്കുന്ന അഭാവമാകുന്നു. താദാത്മ്യസംബന്ധാവച്ഛിന്ന പ്രതിയൊഗിതാകം=താദാത്മ്യ സംബന്ധാവച്ഛിന്നയായിരിക്കുന്ന പ്രതിയൊഗിതയൊടുകൂടിയത താദാത്മ്യസംബന്ധാവച്ഛിന്നാ

താദാത്മ്യസംബന്ധത്താൽ അവച്ഛിന്നം- താദാത്മ്യസംബന്ധം= താദാത്മ്യമാകുന്നസംബന്ധം- അവച്ഛിന്നം=അവച്ഛേദിക്കപ്പെട്ടത- അവച്ഛേദികം=സഹചാരിയാകുന്ന നിയമികം- പ്രതിയൊഗിതാ=പ്രതിയൊഗിത്വം-

ഘടഃപടൊന- എന്നുള്ള വാക്യത്തിങ്കൽ ഘടഃ-പടഃ-ന- ഇങ്ങിനെ മൂന്നപദങ്ങൾ ഉണ്ട- അതുകളിൽവെച്ച ആദ്യപദത്തിന്ന ശംഖുപൊലെ ഉള്ള കഴുത്തു മുതലായതുകളൊട കൂടി മണ്ണകൊണ്ടുണ്ടാക്കപ്പെട്ടതായ ഒരു വ്യക്തി അൎത്ഥമാകുന്നു- അതിനെ കുടമെന്നു പറയുന്നു- രണ്ടാമത്തെ പദത്തിന്ന മെലെയും കൊടെയുമായി അന്യൊന്യം അടുത്ത നിറത്തപ്പെട്ട നൂലുകളാൽ ഉണ്ടാക്കപ്പെട്ടൊരു വ്യക്തിയാകുന്നു- അതിനെ വസ്ത്രമെന്ന പറയുന്നു- ന എന്നതിന്ന അഭാവം അൎത്ഥമാകുന്നു- ഇങ്ങിനെ ഉള്ള മെൽപറഞ്ഞ പദങ്ങളിൽ ഘടഃ പടഃ എന്നുള്ള രണ്ടുപദങ്ങൾ പ്രയൊഗിച്ചാൽ വരുന്നത ഘടം പടമാകുന്നു എന്നിപ്രകാരമുള്ള അഭെദവിശിഷ്ടമായിരിക്കുന്ന ബൊധമാകുന്നു- ഇങ്ങിനെയുള്ള അഭെദത്തെ താദാത്മ്യമെന്ന ഗ്രഹിച്ചുകൊൾക- മെൽപറഞ്ഞ പദങ്ങളുടെ മദ്ധ്യെ ന എന്നപദം ഉണ്ടായിരുന്നാൽ ഘടം പടമല്ല എന്നുള്ള അൎത്ഥം അതിങ്കൽനിന്ന തൊന്നുന്നു- അവിടെ അല്ല എന്നുള്ള അല്ലായ്മ യാതൊന്നിന്റെയൊ അത അതിന്റെ പ്രതിയൊഗിയാകുന്നു- അങ്ങിനെയാകയാൽ ഇവിടെ പ്രതിയൊഗി പടംതന്നെ എന്നറിഞ്ഞുകൊൾക- പടം പ്രതിയൊഗിയാകുമ്പൊൾ പടത്തിങ്കൽ പ്രതിയൊഗിതാ എന്നൊരുധൎമ്മമിരുന്നു- അത താദാത്മ്യമെന്ന സംബന്ധത്താൽ അവച്ഛിന്നയുമാകുന്നു- താദാത്മ്യമെന്നൊരു സംബന്ധെന ഘടം പടമായി ഭവിക്കുന്നില്ല എന്നല്ലൊ ഘടഃ പടൊ ന എന്നതിന്റെ സാരമാകുന്നത- അതുകൊണ്ട ഘടത്തിങ്കൽ തൊന്നപ്പെടുന്ന പടഭെദത്തിന്ന പടത്തിങ്കൽ യാതൊരു പ്രതിയൊഗിതയുണ്ടൊ അതു താദാത്മ്യസംബന്ധത്താൽ തന്നെ വെടിഞ്ഞിരിക്കാത്തതായി നിയമിക്കപ്പെട്ടതാകുന്നു എന്നും ഇങ്ങിനെയാകയാൽ മെൽപറയപ്പെട്ട വാക്യത്തിങ്കൽ നിന്ന തൊന്നുന്ന അഭാവത്തെ അന്യൊന്യാഭാവമെന്നും ഗ്രഹിച്ചുകൊൾക- സംസൎഗ്ഗാഭാവമെന്നത അന്യൊന്യാഭാവമല്ലാതെ ഉള്ള അഭാവമാകുന്നു- അന്യൊന്യാഭാവമല്ലായ്കയും അഭാവമാവുക എന്നുള്ളതും പ്രാഗഭാവമെന്നതിലും പ്രധ്വംസാഭാവമെന്നതിലും അത്യന്താഭാവമെന്നതിലു മുണ്ട- അതുകളിൽ വെച്ച പ്രാഗഭാവമെന്നത ഒരു

വസ്തു ഉണ്ടാകുവാൻ പൊകുന്നൊടത്ത അതിന്റെ ഉൽപത്തിക്കു മു
മ്പെ ഉള്ളതായിട്ടും ഉൽപത്തിയുടെ ശെഷം നശിക്കുന്നതായിട്ടു
മിരിക്കുന്ന ഒരു അഭാവമാകുന്നു പ്രധ്വംസാഭാവമെന്നത ഒരുവസ്തു
നശിച്ചാലുണ്ടാകുന്നതിന്റെ അഭാവമാകുന്നു ഇതിന്ന ധ്വംസാഭാ
വമെന്നും ധ്വംസമെന്നും വ്യവഹാരമുണ്ട ധ്വംസത്തിന്ന നാശമില്ല.
അത്യന്താഭാവമെന്നത ത്രൈകാലികസംബന്ധാവഛിന്നപ്രതി
യൊഗിതാകമായിരിക്കുന്ന അഭാവമാകുന്നു- ൟ ജലവഹ്നിന്നം എ
ന്നു വ്യവഹാരമുണ്ട- ൟ ജലത്തിൽ (കയത്തിങ്കൽ) വഹ്നി (തീയ) ഇല്ല
എന്നാതിന്റെ അൎത്ഥമാകുന്നു- ൟ വഹ്ന്യഭാവം ഇപ്പൊൾ എ
ന്നും ഇതിന്ന മുമ്പെ എന്നും ഇനിമെലിൽ എന്നുമുള്ള കാലവി
ശെഷത്തെ അപെക്ഷിക്കുന്നില്ല എന്നുമെന്നുള്ള വിശെഷ
ത്തെ ആശ്രയിച്ചിട്ടാണതൊന്നുന്നത- അതുകൊണ്ട എല്ലാസ
മയത്തിങ്കലുമുള്ളതായ സംബന്ധ വിശെഷത്തൊടു കൂടത്തന്നെ
ഇരിക്കുന്ന പ്രതിയൊഗിതയൊടു കൂടിയതാകുന്നു എന്നും അപ്ര
കാരമാകയാൽ ഇത അത്യന്താഭാവമാകുന്നു എന്നും ഗ്രഹിച്ചു
കൊൾക- അത്യന്താഭാവമെന്നത നിത്യമാകുന്നു എങ്കിലും യാ
തൊരു സ്ഥലത്തിങ്കൽ ഘടം മുതലായ വസ്തു ഒരു കാലത്തിങ്കൽ
ഇല്ലാതെയും പിന്നെ ഉള്ളതായിട്ടും വരുന്നാലൊ അവിടെ ഘടാ
ദികളുടെ കാലം ഘടാത്യന്താഭാവാദികളും ആസ്ഥലവും തമ്മി
ലുള്ള സംബന്ധത്തെ വിടരുന്നതാകയാൽ ഘടാദികളുടെ അ
ത്യന്താഭാവം ഇവിടെ ഉണ്ട എന്നുള്ള ബുദ്ധി ഉണ്ടാകുന്നില്ല-
മെൽ പറഞ്ഞ സ്ഥലത്തിങ്കൽ ഉൽപത്തിവിനാശങ്ങളൊടു കൂടി
യതായിട്ടു നാലാമത്തതായിട്ടു വെറെ തന്നെ ഒരു അഭാവമാണ
എന്ന ചിലർ പറയുന്നു- ഘടാദികാലത്തിന്ന ഘടാദികളുടെ
അഭാവം നിത്യമായിരുന്നാലും അതിനൊടുള്ള സംബന്ധത്തെ
വിടരുന്നതാവു എന്നുള്ള അവസ്ഥയെ അംഗീകരിച്ചാലും ഇ
ഷ്ടസിദ്ധി ഭവിക്കുന്നതാകയാൽ നാലാമത്തതായി ഒരു അഭാവ
ത്തെ സ്വീകരിക്കെണമെന്നില്ല- ഇങ്ങിനെയുള്ള അഭാവങ്ങളി
ൽ വെച്ചു ധ്വംസത്തിന്റെയും പ്രാഗഭാവത്തിന്റെയും ഇരിപ്പി
ടമായ സ്ഥലത്തിങ്കൽ അത്യന്താഭാവം ഇരിക്കാത്തതാകുന്നു എ
ന്നു പണ്ടുള്ളവർ പറയുന്നു- അവരുടെ മതത്തിങ്കൽ ചുകന്നകു
ടത്തിങ്കൽ കറുപ്പില്ല എന്നുള്ള ബുദ്ധി കറുപ്പിന്റെ പ്രാഗഭാവ
ത്തെയൊ കറുപ്പിന്റെ ധ്വംസത്തെയൊ വിഷയമാക്കി ഉണ്ടായ
താകുന്നു എന്നു പറകയും വെണം- ചുകന്നകുടം തന്നെ പാ
കംകൊണ്ടു കറുത്തുതീരും. അതുകൊണ്ടു കറുപ്പിന്റെ പ്രാഗഭാ

വം അതിലുണ്ടു- പാകത്തിന്നു മുമ്പെ കറുത്തതായിരുന്നാലും കറുപ്പിന്നു നാശം പാകം ഹെതുവായിട്ടു ഭവിക്കാം അതുകൊണ്ടു കറുപ്പിന്റെ ധ്വംസവും അതിലുണ്ടായിരിക്കാം- ഇപ്രകാരം പ്രാഗഭാവവും ധ്വംസവും അതിലുള്ളതായി വരുന്നതാകയാൽ എതിനെ എങ്കിലും വിഷയമാക്കി മെൽ പറഞ്ഞ ബുദ്ധി ജനങ്ങളിൽ ഉദിക്കുന്നു- കറുപ്പിന്റെ അത്യന്താഭാവം അതിലിരിക്കാത്തതാകയാൽ അതിനെ വിഷയമാക്കി മെൽ പറഞ്ഞ ബുദ്ധിയുടെ ഉൽപത്തിക്കു വെച്ച് നവരുടെ മതത്തിങ്കൽ ഇല്ലെന്നു ധരിച്ചുകൊൾക- മറ്റുള്ളവർ കറുപ്പിന്റെ അത്യന്താഭാവം തന്നെ മെൽ പറഞ്ഞ ബുദ്ധിക്കു വിഷയമെന്നു ധ്വംസപ്രാഗഭാവങ്ങളുടെ ഇരിപ്പിടത്തിങ്കൽ അത്യന്താഭാവം ഇരിക്കില്ല- എന്നതിന്നു പ്രമാണമില്ല എന്നും പറയുന്നു- പാകത്തിന്നു മുമ്പെ കറുത്തതായിട്ടും പാകംകൊണ്ടു പിന്നെയും കറുത്തതായി ഭവിപ്പാൻ പൊകുന്നതായിട്ടുമിരിക്കുന്ന രക്തഘടത്തിങ്കൽ കറുപ്പില്ല എന്നിപ്രകാരം കറുപ്പിന്റെ അത്യന്താഭാവത്തെ വിഷയമാക്കി ഉണ്ടാകുന്ന അനുഭവം നവീനമതത്തിന്നു സഹായമായി തീരുന്നു- അതിന്നു വിഷയം പ്രാഗഭാവമൊ ധ്വംസമൊ ആയിരിക്കുമെന്നു യുക്തമല്ല- ശ്യാമ. രക്ത, ശ്യാമ, രക്ത, ശ്യാമ- ഇങ്ങിനെയും ഘടമുണ്ടു- ഒരു ഘടം ആദിയിൽ കറുത്തതായിരുന്നു- അതു പാകത്തിങ്കൽ മുമ്പെ ചുകന്നതായിട്ടും പിന്നെ കറുത്തതായിട്ടും പിന്നെ ചുകന്നതായിട്ടും പിന്നെ കറുത്തതായിട്ടും ഭവിച്ചു എന്നുവരാമെല്ലൊ അങ്ങിനെയുള്ള ഘടം മുമ്പെ ഉണ്ടായിരുന്ന കറുപ്പു നശിക്കയാൽ അതിന്റെ ധ്വംസത്തൊടും അപ്പൊൾ ഉള്ള കറുപ്പു നശിച്ചതിന്റെ ശെഷം പിന്നെയും കറുത്തതായി ഭവിപ്പാൻ പൊകുന്നതാകകൊണ്ടു കറുപ്പിന്റെ പ്രാഗഭാവത്തൊടും കൂടിയതായി മദ്ധ്യത്തിങ്കൽ കറുത്തനിറത്തൊടു കൂടി ഇരിക്കുമ്പൊൾ അത്രശ്യാമരൂപം നാസ്തി എന്നു ആക്ഷം തൊന്നുന്നില്ല- ധ്വംസപ്രാഗഭാവങ്ങളെ വിഷയമാക്കിച്ചെയ്തിട്ടു ഉണ്ടാകുന്നതാകുന്നു മെൽ പറഞ്ഞ ബുദ്ധി എങ്കിൽ ഇവിടെയും ഭവിക്കാം- അതില്ലായ്കകൊണ്ടു തന്നെ പൂർവ്വന്മാർ പറയുന്നത യുക്തിവിരുദ്ധമാകുന്നു എന്നു അറിഞ്ഞു കൊൾക- മെൽ പറകപ്പെട്ട അഭാവങ്ങൾ അധികരണ സ്വരൂപങ്ങളാകുന്നു എന്നു ചിലർ പറയുന്നു- അധികരണങ്ങളുടെ അനന്ത്യം ഹെതുവായിട്ടു അപ്രകാരം പറയുന്നതിനെക്കാൾ അഭാവമെന്നതു വെറെ തന്നെ ഒരു പദാർത്ഥമാകുന്നു എന്നു പറയുന്നതു തന്നെ നല്ലതെ

ന്നു ഞാൻ വിചാരിക്കുന്ന ആത്മാക്കളിലുള്ള ശബ്ദഗന്ധരസാദികളുടെ അഭാവങ്ങൾ പ്രത്യക്ഷങ്ങളായി വരുന്നതിന്നും ചെർപ്പു ഈ പ്രകാരമായാൽ തന്നെ സംഭവിക്കുന്നതാകുന്നു. അധികരണസ്വരൂപങ്ങളാകുന്ന അഭാവങ്ങൾ എങ്കിൽ അതാതധികരണങ്ങൾക്കു അതാതിന്ദ്രിയങ്ങൾകൊണ്ടുള്ള ഗ്രഹണം സംഭവിക്കാത്തതാകയാൽ അതിന്നു ചെർപ്പില്ലെന്നുള്ള അനിഷ്ടപ്രാപ്തി വരിച്ചുകൂടാ എന്നും ഗ്രഹിച്ചു കൊൾക. ഇതുകൊണ്ടു അഭാവങ്ങൾ ജ്ഞാനവിശേഷങ്ങളാകുന്നു എന്നും കാലവിശേഷങ്ങളാകുന്നു എന്നുമുള്ള മതങ്ങളും ഖണ്ഡിക്കപ്പെട്ടു. അപ്രകാരമായാലും മേൽ പറഞ്ഞ പ്രകാരം പ്രത്യക്ഷത്വത്തിന്നു ഉപപത്തിയില്ലെന്നുള്ള ദോഷം വിട്ടുപോകുന്നതല്ലല്ലോ. ഇങ്ങിനെ അഭാവപര്യന്തങ്ങളായിരിക്കുന്ന ഏഴു പദാർത്ഥങ്ങളും അതാതു ജ്ഞാനങ്ങൾക്കു വിഷയമായിട്ടുള്ളതാകയാൽ അതുകളിൽ ജ്ഞേയത്വമെന്ന ധർമ്മം സാധാരണമായിരിക്കുന്നു. അഭിധേയത്വമാകുന്ന ധർമ്മവും അപ്രകാരം തന്നെ. ഇപ്രകാരം പരിശിഷ്ടങ്ങളായ സാധർമ്മ്യവൈധർമ്മ്യങ്ങളെ ഇനി പറവാൻ പോകുന്നു.

സാധർമ്മ്യവൈധർമ്മ്യപ്രക്രിയാ

൧൪. ദ്രവ്യാദയഃ പഞ്ചഭാവാ അനേകേ സമവായിനഃ । സത്താവന്തസ്ത്രയസ്ത്വാദ്യാ ഗുണാദിർന്നിർഗ്ഗുണക്രിയഃ ॥

അന്വയം — ദ്രവ്യാദയഃ പഞ്ച- ഭാവാഃ- അനേകേ- സമവായിനഃ- ആദ്യാഃ- ത്രയഃ- തു- സത്താവന്തഃ. ഗുണാദിഃ- നിർഗ്ഗുണക്രിയഃ.

അന്വയാർത്ഥം — ദ്രവ്യാദികളാകുന്ന അഞ്ചു ഭാവങ്ങളായിട്ടും അനേകങ്ങളായിട്ടും സമവായികളായിട്ടും ഭവിക്കുന്നു. ആദ്യങ്ങളായ മൂന്നാകട്ടെ സത്താവത്തുകളായി ഭവിക്കുന്നു. ഗുണാദി നിർഗ്ഗുണക്രിയമായി ഭവിക്കുന്നു.

പരിഭാഷാ — ദ്രവ്യാദികൾ=ദ്രവ്യം തുടങ്ങിയുള്ളവ. ഭാവങ്ങൾ=ഭാവപദാർത്ഥങ്ങൾ. അനേകങ്ങൾ=ഏകങ്ങളല്ലാത്തവ. ഏകങ്ങൾ=ഏകത്വമുള്ളവ. ഏകത്വം=ഏകത്വമെന്ന സംഖ്യാ. സമവായികൾ=സമവായ സംബന്ധം ഹേതുവായിട്ടു സംബന്ധികളായിരിക്കുന്നവ. ആദ്യങ്ങൾ=ആദിയിലുള്ളവ. സത്താവത്തുകൾ=സത്തയുള്ളവ. സത്താ=സത്താ എന്ന ജാതി. ഗുണാദി=ഗുണം തുടങ്ങിയുള്ളത്. നിർഗ്ഗുണക്രിയം=ഗുണക്രിയകളോടു കൂടാത്തത്. ഗുണക്രിയകൾ=ഗുണവും ക്രിയയും. ഗുണം=രൂപം മുതലായത്. ക്രിയാ=കർമ്മം.

സാരം—ദ്രവ്യാദികളാകുന്ന അഞ്ചു എന്നത ദ്രവ്യം, ഗുണം, കൎമ്മം, സാമാന്യം വിശേഷം— ഇതുകളാകുന്നു. ഇതുകൾ അഞ്ചും ഭാവങ്ങളാകുന്നു. എന്നുള്ളതിന്ന അഭാവങ്ങളിൽ അന്തൎഭവിക്കാത്തതുകളാകയാൽ ഭാവശബ്ദംകൊണ്ടു പറകപ്പെടുവാൻ അതുകൾ യോഗ്യങ്ങളാകുന്നു എന്നും അപ്രകാരമാകയാൽ ഭാവത്വമെന്നൊരു ധൎമ്മം അതുകളിൽ സാധാരണമായി ഇരിക്കുന്നു എന്നും അഭിപ്രായമാകുന്നു— ഭാവത്വമെന്നത ദ്രവ്യാദികളായ ആറിലും ഇരിക്കുന്നൊരു ധൎമ്മമാകുന്നു. ഏഴാമത്തതായ പദാൎത്ഥത്തെ അഭാവശബ്ദംകൊണ്ടു പറകയാൽ തന്നെ മറ്റുള്ള ഇതുകൾക്കു ഭാവത്വം പ്രാപ്തമായിരിക്കയാൽ ഇവിടെ അതു പറയാതെ തന്നെ ഗ്രഹിക്കത്തക്കതാകുന്നു— എങ്കിലും ദ്രവ്യഗുണകൎമ്മസാമാന്യവിശേഷങ്ങളിൽ തന്നെയായിട്ടു ഒരു ധൎമ്മം ഇരിക്കാത്തതാകയാൽ അതുകളുടെ സാധൎമ്മ്യം ഭാവത്വമാകുന്നു എന്നു ചൊല്ലുകയില്ല. അതുകൊണ്ടു ഭാവത്വവും അനേകത്വവും കൂടിയാകുന്നു സാധൎമ്മ്യമാകുന്നത എന്നും ഭാവത്വാനേകത്വങ്ങൾ രണ്ടുംകൂടെ സമവായത്തിങ്കൽ ഇല്ലായ്കയാൽ ഇപ്രകാരമായാൽ അതിവ്യാപ്തി ഇല്ലെന്നും ഇവിടെ ഗ്രഹിക്കപ്പെടുവാൻ യോഗ്യമാകുന്നു.

(ശങ്ക) ദ്രവ്യാദികളായ ആറിൽ തന്നെ ഇരിക്കുന്നതായ ഭാവത്വം അതുകൾക്കു സാധാരണമായി ഇവിടെ പറകപ്പെട്ടിരുന്നാൽ ആയതു യുക്തമായിരിക്കും. അൎത്ഥസിദ്ധമായാലും ശിഷ്യബോധത്തിന്നു എളുപ്പമുണ്ടെന്നു ആലോചിച്ചിട്ടു പറയാമെല്ലൊ. ആയതു ചെയ്യാത്തതിനെക്കുറിച്ചു ആക്ഷേപിക്കുന്നില്ലാ— ഏഴാമത്തതിനെ അഭാവശബ്ദംകൊണ്ടു പറഞ്ഞപ്പോൾ തന്നെ മറ്റുള്ള ആറു പദാൎത്ഥങ്ങളും ഭാവങ്ങളാകുന്നു എന്നു ഗ്രഹിപ്പിച്ചിരിക്കുന്നു. ദ്രവ്യാദികളായ അഞ്ചിന്നു പറഞ്ഞ സാധൎമ്മ്യത്തെക്കുറിച്ചു ചോദ്യം ഉണ്ടു. മറ്റൊന്നിൽ കൂടെ ഇരിക്കുന്നതായ ഭാവത്വം ദ്രവ്യാദികളായ അഞ്ചിന്നു സാധൎമ്മ്യമാകിത്തീരുന്നതെങ്കിൽ അനേകത്വത്തിന്റെ സാഹായ്യം കൂടെ വേണമെങ്കിൽ അതുതന്നെ പറഞ്ഞാലും ദോഷമില്ലെന്നു വരുന്നപക്ഷത്തിങ്കൽ ഭാവത്വത്തെ ഇവിടെ പറവാൻ യുക്തിയില്ല— എന്നു ചിലർ ശങ്കിക്കുമായിരിക്കും

(സ) എങ്കിലും ദീൎഘദൎശികൾക്കു ഈ ശങ്കക്കു അവസരമില്ല. അനേകത്വം സമവായത്തിങ്കൽ ഇല്ല എങ്കിലും അഭാവത്തിങ്കൽ ഉണ്ടല്ലൊ അതുകൊണ്ടു ഭാവത്വസഹിതമായ അനേകത്വം തന്നെ സാധൎമ്മ്യമായി പറയുവാൻ യോഗ്യമാകുന്നു എന്നു

ഞാൻ സമ്മതിക്കുന്നു. അനേകത്വസഹിതമായ ഭാവത്വം ദ്രവ്യാദികളായ അഞ്ചിന്റെ സാധൎമ്മ്യമെന്നൎത്ഥം. അനേകത്വസഹിതമായ ഭാവത്വമെന്നതിന്ന അനേകഭാവവൃത്തിപദാൎത്ഥവിഭാജകോപാധിമത്വമെന്നത്രെ താൽപൎയ്യമാകുന്നത. ഇതിന്റെ അൎത്ഥത്തെ താഴെ സ്പഷ്ടമാക്കുന്നു.

പരിഭാഷാ — അനേകഭാവവൃത്തിപദാൎത്ഥവിഭാജകോപാധിമത്വം=അനേകഭാവവൃത്തി പദാൎത്ഥവിഭാജകോപാധിമത്താവൃത്തിയുള്ളത. അനേകഭാവവൃത്തിപദാൎത്ഥവിഭാജകോപാധി=അനേകഭാവവൃത്തിയായിരിക്കുന്ന പദാൎത്ഥവിഭാജകോപാധി. അനേകഭാവവൃത്തി=അനേകഭാവങ്ങളിൽവൃത്തിയോടുകൂടിയത. അനേകഭാവങ്ങൾ=അനേകങ്ങളായിരിക്കുന്നഭാവങ്ങൾ. വൃത്തി=സ്ഥിതി. പദാൎത്ഥവിഭാജകോപാധി=പദാൎത്ഥവിഭാജകമായിരിക്കുന്നഉപാധി. പദാൎത്ഥവിഭാജകം=പദാൎത്ഥങ്ങളെ വിഭജിക്കുന്നവ. വിഭജിക്ക=വേറെയാക്കുക. ഉപാധി=വിശേഷണം. (ഒന്നല്ലാതെ ഇരിക്കുന്നതുകളായ ഭാവപദാൎത്ഥങ്ങളിൽ ഇരിക്കുന്ന പദാൎത്ഥ വിഭാജകധൎമ്മം ഏതൊന്നൊ അതാകുന്നു ദ്രവ്യാദിപഞ്ചകത്തിന്റെ സാധൎമ്മ്യമെന്ന സാരം.) ഇങ്ങിനെയാകയാൽ ഏകഘടവ്യക്തിയെ പിടിച്ചാലും അവ്യാപ്തി എന്ന ദോഷത്തെപറവാൻ വഴിയില്ലെന്ന അറിഞ്ഞുകൊൾക.

അനേകത്വസഹിതമായ ഭാവത്വമെന്നതിന്ന യഥാശ്രുതമായ അൎത്ഥത്തെ ഗ്രഹിച്ചാൽ ഏക ഘടവ്യക്തിയിൽ ഭാവത്വമുണ്ട എന്നിരിക്കിലും അനേകത്വമില്ലായ്കയാൽ അനേകത്വസഹിതമായ ഭാവത്വം ഇല്ലെന്നാവതും എന്നാൽ സാധൎമ്മ്യവാദത്തിന്ന അവ്യാപ്തി എന്ന ദോഷമുണ്ടെന്നുള്ള ആക്ഷേപത്തിന്ന അവസരവും ഭവിക്കും. ഇപ്പോൾ അവ്യാപ്തിയില്ലാതെ ആയതെങ്ങിനെ എന്നുണ്ടെങ്കിൽ പറയാം. ദ്രവ്യങ്ങൾ ഒമ്പതാകയാൽ അനേകങ്ങളാകുന്നു. അതുകൾ ഭാവങ്ങളുമാകുന്നു. അഭാവമല്ലാത്തതുകൾ ഒക്കെയും ഭാവങ്ങളാകുന്നു എല്ലൊ. അപ്രകാരമുള്ള ഭാവങ്ങളായ ദ്രവ്യങ്ങളിൽ ഇരിക്കുന്ന പദാൎത്ഥവിഭാജകധൎമ്മം ദ്രവ്യത്വമാം. അതു ഘടത്തിങ്കലുമിരിക്കുന്നു. അതുകൊണ്ട അവ്യാപ്തിയില്ലെന്ന അറിഞ്ഞുകൊൾക. സമവായിത്വം എന്നതിന്ന സമവായം ആയ ചില വസ്തുക്കളിൽ ഭവിക്കുന്നവൊ അങ്ങിനെയുള്ള വസ്തുകൾ എന്നുള്ള അൎത്ഥത്തെ ഗ്രഹിച്ചാൽ ദ്രവ്യഗുണകൎമ്മങ്ങളിൽ ദ്രവ്യത്വ ഗുണത്വ കൎമ്മത്വങ്ങളുടെ സമവായമുണ്ടാകയാൽ ദോഷമില്ലെങ്കിലും സമാന്യവിശേഷങ്ങളിൽ ഒന്നി

ന്റെയും സമവായമില്ലായ്കയാൽ അതുകളിൽ അവ്യാപ്തി വരിക മെന്ന വിചാരിച്ചിട്ടതിന്ന സമവായ സംബന്ധം ഹേതുവായിട്ടുള്ള സംബന്ധിതയുള്ളവ- എന്നുള്ള പരിഭാഷയെ കാണിച്ചു സാമാന്യം സമവായ സംബന്ധേന ദ്രവ്യഗുണ കൎമ്മങ്ങളിലിരിക്കുന്നതാകയാൽ അതിന്നും സമവായ സംബന്ധഹേതുവായിട്ടുള്ള സംബന്ധിതയുണ്ടാകയാൽ ഈ അൎത്ഥത്തെ സ്വീകരിച്ചാൽ മെൽ പറഞ്ഞ ദൊഷമില്ല- അവയവികളവയവങ്ങളിലും ഗുണകൎമ്മങ്ങൾ ദ്രവ്യങ്ങളിലും സമവായ സംബന്ധേന വൎത്തിക്കുന്നതുകളാകയാൽ അതുകളിലും അവ്യാപ്തി ഇല്ല എങ്കിലും നിത്യദ്രവ്യങ്ങളിൽ അവ്യാപ്തി ഉണ്ടാകയാൽ സമവേതവൃത്തി പദാൎത്ഥവിഭാജകോപാധിമത്വമെന്ന അതിന്റെ അൎത്ഥത്തെ ഗ്രഹിച്ചു കൊൾകയും വെണം-

സമവേതവൃത്തി പദാൎത്ഥവിഭാജകോപാധിമത്വമെന്നുള്ള പദത്തിലെ സമവേതശബ്ദത്തിന്ന സമവായ സംബന്ധേന വല്ലതിലും വൎത്തിക്കുന്നത എന്നൎത്ഥമാകുന്നു- ശെഷം മെൽ പറഞ്ഞ പ്രകാരം ഗ്രഹിച്ചു കൊൾക ഗുണം മുതലായ പദാൎത്ഥങ്ങൾക്കു ഗുണക്രിയാ ശൂന്യത്വം സാധൎമ്മ്യമാകുന്നു-

ഗുണക്രിയാശൂന്യത്വം=ഗുണക്രിയാശൂന്യങ്ങളാവു എന്നുള്ളത- ഗുണക്രിയാശൂന്യങ്ങൾ=ഗുണക്രിയകളൊടുകൂടാത്തവ- ഗുണക്രിയകൾ ഗുണവും ക്രിയയും- ഇങ്ങിനെയാകയാൽ ഗുണക്രിയാശൂന്യത്വമെന്നത ആദ്യക്ഷണത്തിങ്കലുള്ള ഘടത്തിങ്കലും ഉണ്ട ഉൽപത്തിയുള്ളതുകളായ എല്ലാ ദ്രവ്യങ്ങളും ആദ്യക്ഷണത്തിങ്കൽ ഗുണത്തൊടും ക്രിയയൊടും കൂടാതെ നില്ക്കുന്നതുകളാകയാൽ ആദ്യക്ഷണത്തിങ്കലുള്ള ഘടം ഗുണക്രിയാ ശൂന്യംതന്നെ എന്ന അറിഞ്ഞു കൊൾക- ക്രിയാശൂന്യത്വം ഗഗനാദികളിലുമുള്ളതാകുന്നു- ആദ്യക്ഷണത്തിങ്കലുള്ള ഘടവും ഗഗനാദികളും ഗുണാദികളിൽ അന്തൎഭവിക്കുന്നതുകളുമല്ല അതുകൊണ്ട ഗുണക്രിയാ ശൂന്യത്വം ഗുണം മുതലായ പദാൎത്ഥങ്ങൾക്കു സാധൎമ്മ്യമെന്ന പറഞ്ഞാൽ അതിവ്യാപ്തി ഉണ്ട അതിനെ പരിഹരിപ്പാനായിക്കൊണ്ട നിൎഗ്ഗുണക്രിയഃ എന്ന പദത്തിന്ന ഗുണപദവൃത്തി ധൎമ്മവത്വം എന്നും കൎമ്മവദവൃത്തി പദാൎത്ഥവിഭാജകോപാധിമത്വ എന്നുമുള്ള അൎത്ഥത്തെ ഗ്രഹിച്ചു കൊൾകയും വെണം-

ഗുണവദവൃത്തിധൎമ്മവത്വ=ഗുണവത്തിങ്കൽ അവൃത്തിയായിരിക്കുന്ന ധൎമ്മത്തൊടുകൂടിയത- ഗുണവത്ത=ഗുണമുള്ളത- (ദ്രവ്യമെന്നുസാരം) അവൃത്തി=വൃത്തിയൊടുകൂടാത്തത- വൃത്തി=സ്ഥി

തി- കൎമ്മവദ്വൃത്തിപദാൎത്ഥവിഭാജകോപാധിമത്ത്വം=കൎമ്മവത്തിങ്കൽ അവൃത്തിയായിരിക്കുന്ന പദാൎത്ഥവിഭാജകോപാധിയോടുകൂടിയത- കൎമ്മവത്ത്വം=കൎമ്മമുള്ളത- (ദ്രവ്യമെന്നുസാരം) ശേഷം മുൻ പറഞ്ഞ പ്രകാരം ഗ്രഹിച്ചുകൊൾക-

ഇങ്ങിനെ അൎത്ഥത്തെ സ്വീകരിച്ചാൽ ഗുണം മുതലായവയുകൾക്കു ഗുണവദ്വൃത്തി ധൎമ്മവത്ത്വവും കൎമ്മവദ്വൃത്തി പദാൎത്ഥവിഭാജകോപാധി മത്ത്വവും സാധൎമ്മ്യമാകുന്നു എന്നുള്ളതു ഫലിതമാകയും ചെയ്യും- ഗുണവദവൃത്തിധൎമ്മവത്ത്വവും കൎമ്മവദ്വൃത്തിപദാൎത്ഥവിഭാജകോപാധിമത്ത്വവും ഗുണകൎമ്മസാമാന്യവിശേഷ സമവായാഭാവങ്ങളിൽ ഇരിക്കുന്നു- എങ്ങിനെ എന്നുണ്ടെങ്കിൽ പറയാം- ഗുണവദവൃത്തിയായിരിക്കുന്ന ധൎമ്മം ഗുണത്വംമുതലായതുതന്നെ- ഗുണത്വം മുതലായത ഗുണാധികരണമായ ദ്രവ്യത്തിങ്കൽ ഇരിക്കാത്തതാകയാൽ ഗുണവദവൃത്തിയാകുന്നു- അങ്ങിനെ ഉള്ള ധൎമ്മം ഗുണാദികളിൽ ഇരിക്കുകയാൽ ഗുണവദവൃത്തി ധൎമ്മവത്ത്വമെന്നത ഗുണാദികളിൽ സൎവ്വത്രതുല്യമാകുന്നു എന്നു അറിഞ്ഞുകൊൾക- കൎമ്മവത്ത എന്നുള്ളതുകൊണ്ടു ദ്രവ്യത്തെ ഗ്രഹിക്കുന്നു അതു കൊണ്ടു കൎമ്മവത്താം ദ്രവ്യം തന്നെ അതിങ്കലിരിക്കാത്തതായ പദാൎത്ഥവിഭാജകോപാധികൾ ഗുണത്വകൎമ്മത്വാദികൾ തന്നെ അവകൾ ഗുണാദികളിലിരിക്കുന്നിമിത്തമായിട്ടു കൎമ്മവദ്വൃത്തി പദാൎത്ഥവിഭാജകോപാധിമത്ത്വവും ഗുണാദികളിൽ സൎവ്വത്ര തുല്യം തന്നെ എന്നും അറിഞ്ഞുകൊൾക- ഗുണവദവൃത്തി ധൎമ്മവത്ത്വമെന്നതുപോലെ കൎമ്മവദവൃത്തി ധൎമ്മവത്ത്വമെന്നു പറയാതെ കൎമ്മവദവൃത്തിപദാൎത്ഥവിഭാജകോപാധിമത്ത്വമെന്നു പറഞ്ഞതിന്റെ ഫലത്തെ പറയാം- കൎമ്മവദവൃത്തി ധൎമ്മം ആകാശത്വമുതലായതുമാം അത ആകാശാദികളിൽ ഇരിക്കയാൽ അതിവ്യാപ്തി എന്ന ദോഷം വരിക്കും- പദാൎത്ഥവിഭാജകോപാധി എന്നുപറഞ്ഞാൽ ആകാശത്വാദികൾ പദാൎത്ഥവിഭാജകോപാധികളുല്ലായ്കയാൽ അതിനെ പിടിച്ചു ആകാശാദികളിൽ അതിവ്യാപ്തി പറവാൻ വഴിയില്ല- ഇപ്രകാരത്തെ ശോധിച്ചിട്ടാകുന്നു കൎമ്മവദവൃത്തി പദാൎത്ഥവിഭാജകോപാധിമത്ത്വമെന്നു പറഞ്ഞത-

൧൫. സാമാന്യപരിഹീനാസ്തു സൎവ്വേ ജാത്യാദയോ മതാഃ । പാരിമാണ്ഡല്യഭിന്നാനാം കാരണത്വമുദാഹൃതം ॥

അന്വയം — സൎവ്വേ- ജാത്യാദയഃ- തു സാമാന്യപരിഹീനാഃ- മതാഃ- പാരിമാണ്ഡല്യഭിന്നാനാം- കാരണത്വം- സാധൎമ്മ്യം-

ഉദാഹൃതം ഭവതി—

അന്വയാൎത്ഥം— സൎവ്വങ്ങളായിരിക്കുന്ന ജാത്യാദികൾ സാമാന്യ പരിഹീനങ്ങളായിട്ടു മതങ്ങളാകുന്നു. പാരിമാണ്ഡല്യഭിന്നങ്ങൾക്കു കാരണത്വം സാധൎമ്മ്യമായിട്ടു ഉദാഹൃതമായി ഭവിക്കുന്നു.

പരിഭാഷാ——സൎവ്വങ്ങൾ=ഒട്ടൊഴിയാതെയുള്ളവ. ജാത്യാദികൾ=ജാതിതുടങ്ങിയുള്ളവ. സാമാന്യപരിഹീനങ്ങൾ=സാമാന്യത്തൊടുകൂടാത്തവ. സാമാന്യം=ജാതി. പാരിമാണ്ഡല്യഭിന്നങ്ങൾ=പാരിമാണ്ഡല്യത്തിങ്കൽനിന്നു ഭിന്നങ്ങൾ. പാരിമാണ്ഡല്യം അണുപരിമാണം. ഭിന്നങ്ങൾ=അന്യങ്ങൾ. കാരണത്വം=കാരണമാവുക എന്നുള്ളതു. സാധൎമ്മ്യം സമാനമായിരിക്കുന്ന ധൎമ്മം. ഉദാഹൃതം=ഉദാഹരിക്കപ്പെട്ടതു. ഉദാഹരിക്ക=പറക.

സാരം——സാമാന്യ വിശേഷ സമവായ ഭാവങ്ങളിൽ ജാതി ഇരിക്കായ്കയാൽ അതുകൾക്കു ജാതിഹീനത്വം സാധൎമ്മ്യമാകുന്നു. ദ്രവ്യഗുണകൎമ്മങ്ങളിൽ ദ്രവ്യത്വം ഗുണത്വം കൎമ്മത്വം ഇങ്ങിനെ ഉള്ള ജാതികൾ ഉണ്ടു. സാമാന്യവിശേഷ സമവായാഭാവങ്ങളിൽസാമാന്യത്വംമുതലായതിരുന്നാലും അതു ജാതിയല്ലായ്കയാൽ അതുകൾ ജാതിഹീനങ്ങൾ തന്നെ എന്നു അറിഞ്ഞുകൊൾക.

അണുപരിമാണം ഒഴികെ അന്യങ്ങളായ വസ്തുക്കൾക്കു കാരണത്വം സാധൎമ്മ്യമാകുന്നു. അണുപരിമാണം ഒന്നിനെക്കുറിച്ചും കാരണമല്ല അണുപരിമാണത്തിന്നു കാരണത്വം ഭവിക്കട്ടെ എന്നു പറയേണ്ടതു. അണുപരിമാണത്തിന്നു ആശ്രയമായിരിക്കുന്നദ്രവ്യത്താൽഉണ്ടാകുന്നദ്രവ്യത്തിന്റെ പരിമാണത്തെക്കുറിച്ചാകുന്നു. അതുസംഭവിക്കയുമില്ല. പരിമാണംതനിക്കുസജാതീയമായിരിക്കുന്നഉൽകൃഷ്ടപരിമാണത്തെജനിപ്പിക്കുമെന്നുള്ള നിയമമുണ്ടു. മഹത്തുക്കളായ രണ്ടുകപാലങ്ങളിൽഇരിക്കുന്നതായ മഹത്വമെന്നപരിമാണംതനിക്കാശ്രയങ്ങളായിട്ടുംദ്രവ്യങ്ങളായിട്ടുമിരിക്കുന്നകപാലങ്ങളാൽ ഉണ്ടാക്കപ്പെട്ടഘടത്തിന്റെപരിമാണത്തെക്കുറിച്ചു കാരണമായിട്ടുള്ളതാകുന്നു. അപ്രകാരം കാരണമായ പരിമാണം തന്നെക്കാൾ മഹത്തായ പരിമാണത്തെ ഘടത്തിങ്കൽ ജനിപ്പിക്കുന്നു. ഒരു അവസ്ഥയെ വിചാരിക്കുമ്പോൾ അണുപരിമാണം ഒരുപരിമാണത്തെ ഉണ്ടാക്കിയാൽ അതു തന്നെക്കാൾ അണുവായി ഭവിപ്പാനാകുന്നു സംഗതികാണുന്നതു. ആയതൊ അനുഭവ വിരുദ്ധമാണെല്ലൊ. അതുകൊ

ണ്ടു അണുപരിമാണം ഒന്നിനെകുറിച്ചും കാരണമല്ലെന്നു അറിഞ്ഞുകൊൾക- ഗഗനാദികളിൽ ഇരിക്കുന്ന പരമമഹത്വമെന്ന പരിമാണവും അതീന്ദ്രിയവസ്തുക്കളിൽ ഇരിക്കുന്ന സാമാന്യവിശെഷവും മെൽപ്രകാരമാകയാൽ അണുപരിമാണം മുതലായവറ്റുകളിൽ നിന്നു അന്യങ്ങൾക്കു കാരണത്വം സാധൎമ്മ്യമെന്നത്രെ സിദ്ധാന്തമാകുന്നത. ഇപ്പറഞ്ഞത യൊഗിപ്രത്യക്ഷത്തെകുറിച്ചു വിഷയം കാരണമല്ലെന്നും- ജ്ഞായമാനസാമാന്യം പ്രത്യാസത്തിയല്ലെന്നും ജ്ഞായമാനലിംഗം അനുമിതികരണമല്ലെന്നും വിചാരിച്ചിട്ടാകുന്നു അപ്രകാരമല്ലാ എങ്കിൽ ഇപ്പറഞ്ഞതു ചെരാത്തതാകുന്നു. നമ്മുടെ ഇന്ദ്രിയജന്യമായ ജ്ഞാനത്തിന്നു അണുപരിമാണമൊ അണുപരിമാണത്തിന്നു ആശ്രയമായിരിക്കുന്ന ദ്വ്യണുകങ്ങളുള്ള സാമാന്യമൊ വിശെഷമൊ പരമമഹത്വമൊ വിഷയമാകുന്നില്ല എങ്കിലും യൊഗിപ്രത്യക്ഷങ്ങളിൽ ഇതൊക്കെയും വിഷയങ്ങളാകുന്നു- ഇങ്ങിനെ ജ്ഞാനത്തിന്നു വിഷയങ്ങളായിരിക്കുമ്പൊൾ മെൽ പറഞ്ഞപദാൎത്ഥങ്ങൾ അതിനെകുറിച്ചു കാരണമല്ലെന്നു പറഞ്ഞുകൂടാ ജ്ഞാനം പ്രതി വിഷയങ്ങൾ കാരണങ്ങളാകുന്നു- ഇങ്ങിനെ അയുക്തി ഗ്രസ്തമായിട്ടില്ലായ്കി ഇപ്പറഞ്ഞതെന്നു ബൊധമല്ലൊ-

യൊഗി പ്രത്യക്ഷത്തെകുറിച്ചു വിഷയങ്ങൾ കാരണമല്ലെന്നുള്ള മതത്തിങ്കൽ മെൽ പറഞ്ഞതു ശുദ്ധം തന്നെ എന്നു അറിഞ്ഞുകൊൾക- ജ്ഞായമാനസാമാന്യം പ്രത്യാസത്തിയല്ലെന്നും ജ്ഞായമാനലിംഗം അനുമിതി കരണമല്ലെന്നും പറഞ്ഞ രണ്ടു വാക്യങ്ങളുടെ ആശയം ഇനി മെലെത്തു സ്പഷ്ടമായി ഭവിക്കും ഇപ്പൊൾ അതിനെകുറിച്ചു പറയുന്നില്ല- പരമമഹത്വം കാരണമല്ല എന്നുള്ള സിദ്ധാന്തത്തിങ്കലെ പരമമഹത്വമെന്നതിന്നു ആത്മാവിങ്കൽ ഇരിക്കുന്നതല്ലാതെ ഉള്ള പരമമഹത്വമെന്നുള്ള നിഷ്കൎഷത്തെ ധരിച്ചുകൊൾക- പരമമഹത്വമൊക്കയുമെന്നു ഗ്രഹിച്ചാൽ ആത്മമഹത്വത്തിന്നു ആത്മമാനസ പ്രത്യക്ഷത്തെകുറിച്ചു കാരണത്വത്തെ അംഗീകരിച്ചിരിക്കയാൽ അതു വിരുദ്ധമായി വരികയും ചെയ്യും അതു ഹെതുവായിട്ടു ആകാശാദികളിൽ തന്നെ ഇരിക്കുന്ന പരമമഹത്വം തന്നെ അതിന്റെ അൎത്ഥമെന്നു ധരിക്കെണ്ടതാകുന്നു.

൫൩. അന്യഥാസിദ്ധിശൂന്യസ്യനിയതാപൂൎവ്വവൎത്തിതാ। കാരണത്വംഭവെത്തസ്യത്രൈവിധ്യംപരികീൎത്തിതം ॥

അന്വയം—— അന്യഥാസിദ്ധിശൂന്യസ്യ- നിയതാപൂൎവ്വവ

ർത്തിതാ- കാരണത്വം- ഭവേൽ- തസ്യ ത്രൈവിധ്യം- പരികീ
ർത്തിതം- ഭവതി-

അന്വയാർത്ഥം—— അന്യഥാസിദ്ധി ശൂന്യമായിരിക്കുന്ന വസ്തുവിന്റെ നിയതയായിരിക്കുന്ന പൂർവ്വവർത്തിതാ കാരണത്വമായി ഭവിക്കും- അതിന്ന ത്രൈവിധ്യം പരികീർത്തിതമായി ഭവിക്കുന്നു-

പരിഭാഷാ — അന്യഥാസിദ്ധിശൂന്യം=അന്യഥാസിദ്ധിയൊടുകൂടാത്തത (അന്യഥാസിദ്ധി ഇന്നത എന്ന ഗ്രന്ഥകർത്താവു തന്നെ അനന്തരം പറയും) നിയതാ=നിയമിക്കപ്പെട്ടത- പൂർവ്വവർത്തിതാ=പൂർവ്വവർത്തിയാവു എന്നുള്ളത- പൂർവ്വവർത്തി=മുമ്പെ വർത്തിക്കുന്നത- വർത്തിക്ക=ഉണ്ടായിരിക്ക- അത=കാരണത്വം- ത്രൈവിധ്യം=ത്രിവിധമാവു എന്നുള്ളത- ത്രിവിധം മൂന്നുപ്രകാരത്തിലുള്ളത പരികീർത്തിതം=പരികീർത്തിക്കപ്പെട്ടത- പരികീർത്തിക്ക=പറക-

സാരം—— യാതൊരുകാൎയ്യത്തിന്റെ ഉല്പത്തിക്കു മുമ്പെ യാതൊരുവസ്തുവിന്ന നിയമെന പൂർവ്വവർത്തിത്വം ഉണ്ടായിവരുന്നുവൊ ആ കാൎയ്യത്തെക്കുറിച്ചു ആ വസ്തു കാരണമാകയാൽ നിയത പൂർവ്വവർത്തിത്വം തന്നെ കാരണത്വമെന്നത- യാതൊന്നിന്റെ നിയത പൂർവ്വവർത്തിത്വത്തെ കാണില്ല കാരണത്വത്തെ നിശ്ചയിപ്പാൻ പോകുന്നുവൊ ആ വസ്തു ആ കാൎയ്യത്തെ കുറിച്ചു അത ആ കാൎയ്യത്തെക്കുറിച്ചു അന്യഥാസിദ്ധിയുള്ളതായിരുന്നാൽ അതിന്ന കാരണത്വം ആ കാൎയ്യത്തെക്കുറിച്ചു പറഞ്ഞുകൂടാ എന്ന അറിഞ്ഞുകൊൾക- ഇപ്പറഞ്ഞത ഏററവും സ്പഷ്ടമാവാൻ പോകുന്നു- അന്യഥാ സിദ്ധിയില്ലാത്തതായിരുന്നാൽ നിയത പൂർവ്വവർത്തിത്വം ഉള്ളതൊക്കയും കാരണങ്ങൾതന്നെ- ഇപ്രകാരമുള്ള കാരണത്വം മൂന്നു പ്രകാരമാണെന്ന പൂർവ്വന്മാർ തന്നെ പറഞ്ഞിട്ടുണ്ട-

അതു മൂന്നു പ്രകാരമായതെങ്ങിനെ എന്ന പറയുന്നു

൧൬. സമവായികാരണത്വം ജ്ഞേയമഥാപ്യസമവായിഹേതുതാ। ഏവം ന്യായനയജ്ഞൈസ്തൃതീയമുക്തം നിമിത്തഹേതുതാ

അന്വയം——സമവായി കാരണത്വം- ആദൌ- ജ്ഞേയം- അഥ- അസമവായിഹേതുതാ- അപി- ഏവം- ന്യായനയജ്ഞൈഃ- തൃതീയം- നിമിത്തഹേതുതാ ഉക്തം ഭവതി-

അന്വയാർത്ഥം—— സമവായി കാരണത്വം ആദിയിൽ ജ്ഞേയമാകുന്നു-അനന്തരം അസമവായിഹേതുവും ജ്ഞേയമാകുന്നു-

ഇപ്രകാരം ന്യായനയജ്ഞന്മാരാൽ തൃതീയം നിമിത്ത ഹേതുത്വമായിട്ട ഉക്തമായി ഭവിക്കുന്നു-

പരിഭാഷാ — ജ്ഞേയം=അറികപ്പെടുവാൻയോഗ്യം- അസമായിഹേതുത്വം=അസമവായികാരണത്വം. ന്യായനയജ്ഞന്മാർ= ന്യായനയത്തെഅറിയുന്നവർ-ന്യായനയം=ന്യായശാസ്ത്രം-തൃതീയം=മൂന്നാമത്തെ- നിമിത്തഹേതുത്വം=നിമിത്തകാരണത്വം- ഉക്തം=വചിക്കപ്പെട്ടത- വചികം=പറക-

സാരം——സമവായികാരണത്വം, അസമവായികാരണത്വം, നിമിത്തകാരണത്വം ഇങ്ങിനെ കാരണത്വം മൂന്നുപ്രകാരമാകുന്നു- സമവായികാരണത്വം ഏതൊന്നു സ്വരൂപത്തൊടുകൂടിയതാകുന്നു എന്നുള്ള ജിജ്ഞാസയുള്ളവരെക്കുറിച്ചു പറയുന്നു-

൫ യത്സമവേതംകാൎയ്യംഭവതിജ്ഞേയംതുതത്സമവായി। തത്രാസന്നംജനകംദ്വിതീയമാഭ്യാംപരംതൃതീയംസ്യാൽ॥

അന്വയം—— യൽസമവേതം- കാൎയ്യം- ഭവതി- തൽ-അത്ര സമവായി- ജ്ഞേയം- തത്ര- ആസന്നം- ജനകം- ദ്വിതീയം- ഭവതി- ആഭ്യാം- പരം- തൃതീയം- സ്യാൽ-

അന്വയാൎത്ഥം——യത്സമവേതമായിട്ട കാൎയ്യം ഭവിക്കുന്നുവൊ അത ഇവിടെ സമവായി എന്നു ജ്ഞേയമായി ഭവിക്കുന്നു- അതിങ്കൽ ആസന്നമായിട്ട ജനകമായിരിക്കുന്നത ദ്വിതീയമായിഭവിക്കും ഇതുകളിൽനിന്ന പരമായിട്ടുള്ളതു നിമിത്തമായി ഭവിക്കും-

പരിഭാഷാ—— യത്സമവേതം=യാതൊന്നിങ്കൽ സമവേതം- സമവേതം=സമവായസംബന്ധത്തിങ്കലുള്ളത- വൎത്തിക്കം=ഇരിക്ക- സമവായി=സമവായികാരണം- അത=സമവായികാരണം= ആസന്നം=ആസത്തിയോടുകൂടിയത- ആസത്തി പ്രത്യാസത്തി- (സംബന്ധമെന്നസാരം) ജനകം=ജനിപ്പിക്കുന്നത- ദ്വിതീയം= രണ്ടാമത്തത- (അസമവായികാരണമെന്നസാരം) ഇതുകൾ= സമവായികാരണാസമവായികാരണങ്ങൾ- പരം=അന്യം- തൃതീയം-മൂന്നാമത്തെത- (നിമിത്തകാരണമെന്നസാരം) മേൽപറഞ്ഞതിനെത്തന്നെ സ്പഷ്ടമാക്കി താഴെ പറയുന്നു- യാതൊരു വസ്തുവിങ്കൽ നിത്യമായ സംബന്ധത്തെ ലഭിച്ചിട്ട യാതൊരുകാൎയ്യം ജനിക്കുന്നുവൊ ആ കാൎയ്യത്തെ കുറിച്ചു അത സമവായി കാരണമാകുന്നു-

ഘടമെന്നൊരു കാൎയ്യം രണ്ടുകപാലങ്ങളിൽ നിത്യമായ സംബന്ധത്തെ ലഭിച്ചു ജനിക്കുന്നു- ഘടത്തെക്കുറിച്ചു കപാലങ്ങൾ

സമവായി കാരണങ്ങളുമാകുന്നു- ഇപ്രകാരം പടാദികൾക്കു തന്തു മുതലായതുകൾ സമവായി കാരണങ്ങളാകുന്നു- സമവായി കാരണത്തിങ്കൽ പ്രത്യാസത്തിയോടുകൂടിയതായിട്ടു യാതൊന്നു ജനിപ്പിക്കുന്നുവൊ അതു അസമവായി കാരണമാകുന്നു-

സമവായി കാരണ പ്രത്യാസത്തി രണ്ടുപ്രകാരത്തിലുണ്ടു കാൎയ്യൈകാൎത്ഥപ്രത്യാസത്തികൊണ്ടും കാരണൈകാൎത്ഥ പ്രത്യാസത്തികൊണ്ടുമാണ രണ്ടുപ്രകാരമായതു-

കാൎയ്യൈകാൎത്ഥപ്രത്യാസത്തി=കാൎയ്യത്തൊടുകൂടെ ഏകമായിരിക്കുന്ന അൎത്ഥത്തിങ്കലുള്ളപ്രത്യാസത്തി- കാൎയ്യം=പ്രാഗഭാവത്തിന്നു പ്രതിയൊഗിയായിട്ടുള്ളതു- (ഉൽപത്തിയുള്ള പദാൎത്ഥമെന്നു സാരം) ഏകം=ഒന്നു- അൎത്ഥം=വസ്തു പ്രത്യാസത്തി=സംബന്ധം-(കാരണൈകാൎത്ഥപ്രത്യാസത്തി എന്നതിന്റെ അൎത്ഥത്തെയും ഇപ്രകാരം ഗ്രഹിച്ചുകൊൾക- അവിടെയുള്ള കാരണശബ്ദത്തിന്നു സ്വകാൎയ്യസമവായി കാരണമെന്നു അൎത്ഥമാകുന്നു) കാൎയ്യൈകാൎത്ഥപ്രത്യാസത്തികൊണ്ടു കാൎയ്യത്തെ ജനിപ്പിക്കുന്നതായ അസമവായി കാരണം ഘടാദികാൎയ്യത്തെക്കുറിച്ചു കപാലസംയൊഗം മുതലായതാകുന്നു-

കപാല സംയൊഗം കാൎയ്യമായ ഘടത്തൊടുകൂടെ കപാലരൂപമായ ഒരു വസ്തുവിലിരിക്കുന്നു- കാൎയ്യമായ ഘടത്തെ ജനിപ്പിക്കുന്നതുമാകുന്നു- ഇങ്ങിനെ സമവായി കാരണത്തിങ്കൽ പ്രത്യാസത്തിയൊടും കാൎയ്യത്തെ ജനിപ്പിച്ചതായിട്ടുമിരിക്കയാൽ ഘടാദി കാൎയ്യത്തെ കുറിച്ചു കപാല സംയൊഗം മുതലായതു അസമവായി കാരണം തന്നെ എന്നു ഗ്രഹിച്ചുകൊൾക- കാരണൈകാൎത്ഥ പ്രത്യാസത്തികൊണ്ടു കാൎയ്യത്തെ ജനിപ്പിക്കുന്നതായ അസമവായി കാരണം ഘടരൂപത്തെ കുറിച്ചു കപാലരൂപമാകുന്നു-

അവിടെ സ്വകാൎയ്യമാകുന്നതു ഘടരൂപം തന്നെ- അതിന്റെ സമവായികാരണം ഘടമെത്രെ ആകുന്നതു- അങ്ങിനെയുള്ള ഘടത്തൊടു കൂടി മെൽപറഞ്ഞ കപാല രൂപം കപാലമാകുന്ന ഒരു വസ്തുവിങ്കൽ ഇരിക്കുന്നു- ഘടരൂപമായ കാൎയ്യത്തെ ജനിപ്പിച്ചതായിട്ടും ഭവിക്കുന്നു- ഇങ്ങിനെയാകയാൽ ഘടരൂപത്തെക്കുറിച്ചു കപാലരൂപം അസമവായി കാരണമാകുന്നു- ഇങ്ങിനെ മറ്റുള്ളതുകളെയും ഗ്രഹിച്ചുകൊൾക) ഇപ്രകാരമായുള്ളൊരു ചിലെടത്തു സമവായ സംബന്ധംകൊണ്ടും ചിലെടത്തു സ്വ

സമവായി സമവായിത്വസംബന്ധംകൊണ്ടുമെന്നത ഫലിതാൎത്ഥമായി എന്നു ഗ്രഹിച്ചുകൊൾകയുമാം- സമവായികാരണവും അസമവായികാരണവുമല്ലാത്തതു യാതൊരുകാരണമൊ അതു നിമിത്തകാരണമാകുന്നു- ഘടം മുതലായതിനെക്കുറിച്ചുകപാലൻ മുതലായവർ കാരണത്വമുള്ളവരാകുന്നു അവരിൽ സമവായി കാരണലക്ഷണവും അസമവായി കാരണ ലക്ഷണവും ചെരുകയുമില്ല- അതുകൊണ്ടു കുലാലാദികൾ ഘടാദികളെ കുറിച്ചു നിമിത്ത കാരണങ്ങൾതന്നെ എന്നറിക-

ഇവിടെ അല്പമായൊരു വിശെഷമുള്ളതിനെ പറയാം- മെൽ പറഞ്ഞ പ്രകാരം തുരീതന്തുക്കളുടെ സംയോഗം പടത്തിന്റെ അസമവായി കാരണമായിത്തീൎന്നുപൊയി- ഇങ്ങിനെ വെഗാദികൾ അഭിഘാതം മുതലായതുകളെക്കുറിച്ചു അസമവായി കാരണങ്ങളാകുന്നു എന്നും ജ്ഞാനാദികൾ ഇച്ശാദികളെക്കുറിച്ചു അസമവായി കാരണങ്ങളാകുന്നു എന്നും വന്നിരിക്കുന്നു- അതുകൊണ്ടു പടാസമവായി കാരണ ലക്ഷണത്തിങ്കൽ തുരീതന്തുസംയോഗാദിഭിന്നത്വത്തെ ചെൎക്കുകയും വെണം- പടാസമവായി കാരണലക്ഷണം=പടാസമവായികാരണത്തിന്റെ ലക്ഷണം= പടാസമവായികാരണം=പടത്തിന്റെ അസമവായികാരണം- പടം=വസ്ത്രം- തുരീതന്തുസംയോഗാദിഭിന്നത്വം=തുരീതന്തുസംയോഗാദിഭിന്നമാവൃ എന്നുള്ളത- തുരീതന്തുസംയോഗാദിഭിന്നം=തുരീതന്തു സംയോഗാദികളിൽനിന്നു ഭിന്നം- തുരീതന്തു സംയോഗാദികൾ=തുരീതന്തു സംയോഗം മുതലായവ- തുരീതന്തുസംയോഗം=തുരീതന്തുക്കളുടെസംയോഗം. തുരീതന്തുക്കൾ=തുരിയും തന്തുവും- തുരീ=നെയ്ത്തുതറി- തന്തു=നൂൽ-സംയോഗം=രണ്ടും കൂടെയുള്ളചെൎച്ച- ഭിന്നം=അന്യം-

ഇങ്ങിനെ അൎത്ഥമായ മെൽ പറഞ്ഞ വിശെഷണത്തെ ചെൎത്താൽ പടത്തെക്കുറിച്ചു തുരീതന്തു സംയോഗം മുതലായതൊന്നും അസമവായി കാരണങ്ങളായിത്തീരുകയില്ല- തുരീതന്തു സംയോഗം തുരീപടസംയോഗത്തെ കുറിച്ചു അസമവായി കാരണമാകുന്നത ഇഷ്ടം തന്നെ വെഗാദികൾ സ്പന്ദനം മുതലായതുകളെക്കുറിച്ചും മെൽപ്രകാരം തന്നെ അറിന്നു ഉള്പ്പൊൾ വിരൊധം വന്നിട്ടുമില്ല- ഇങ്ങിനെ അതാതു കാൎയ്യങ്ങളുടെ അസമവായി കാരണ ലക്ഷണങ്ങളിൽ അതാതുകളിൽ നിന്നു അന്യത്വത്തെ ചെൎത്തുകൊൾക- ആത്മവിശെഷഗുണങ്ങൾ ഒന്നിനെക്കുറിച്ചും അസമവായി കാരണങ്ങളല്ലന്നു സിദ്ധാന്തമാകുന്നു- അതു

ഹേതുവായിട്ട അതുകളല്ലാത്തതാവു എന്നുള്ളത എന്നൊരു വിശേഷണത്തെ അസമവായി കാരണസാമാന്യ ലക്ഷണത്തിങ്കലും ചേൎക്കണം. ഇപ്രകാരമാകയാൽ അസമവായി കാരണസാമാന്യ ലക്ഷണ ശരീരം കാൎയ്യൈകാൎത്ഥകാരണൈകാൎത്ഥാന്യതരപ്രത്യാസത്ത്യാ കാരണം ജ്ഞാനാദിഭിന്ന മസമവായി കാരണം ഇപ്രകാരമായി കാൎയ്യൈകാൎത്ഥകാരണൈകാൎത്ഥാന്യതരപ്രത്യാസത്തി എന്നതിന്ന കാൎയ്യൈകാൎത്ഥ പ്രത്യാസത്തിയൊ കാരണൈകാൎത്ഥ പ്രത്യാസത്തിയൊ രണ്ടിലൊന്ന എന്നത്രെ അൎത്ഥമാകുന്നത. ജ്ഞാനാദിഭിന്നം = ജ്ഞാനാദികളിൽനിന്ന അന്യം. ആത്മവിശേഷ ഗുണങ്ങൾതന്നെ ജ്ഞാനാദികളെന്നും ഗ്രഹിച്ചു കൊൾക.

മെൽ വിവരിക്കപ്പെട്ട സമവായി കാരണങ്ങളിൽനിന്നും അസമവായി കാരണങ്ങളിൽനിന്നും അന്യമായ കാരണം നിമിത്ത കാരണമാകുന്നു എന്നുള്ളതും സമവായ സംബന്ധേന കാൎയ്യം യാതൊന്നിങ്കൽ ഉണ്ടാകുന്നുവൊ അതു സമവായി കാരണമെന്നുള്ളതും സ്ഥിരമാകയാൽ അതിനെക്കുറിച്ച ഒന്നും പറവാനില്ലെന്നും ധരിച്ചു കൊൾക. ഇനി അന്യഥാ സിദ്ധപദാൎത്ഥത്തെ താഴെ വിവരിപ്പാൻ പൊകുന്നു.

൧൯. യെനസഹപൂൎവ്വഭാവഃ കാരണമാദായവായസ്യ। അന്യംപ്രതിപൂൎവ്വഭാവെജ്ഞാതെയൽപൂൎവ്വഭാവവിജ്ഞാനം ॥

൨൦. ജനകംപ്രതിപൂൎവ്വവൎത്തിതാമപരിജ്ഞായനയസ്യഗൃഹ്യതെ। അതിരിക്തമഥാപിയൽഭവെന്നിയതാവശ്യകപൂൎവ്വഭാവിനഃ॥

൨൧. ഏതെപഞ്ചാന്യഥാസിദ്ധാദണ്ഡത്വാദികമാദിമം। ഘടാദൌദണ്ഡരൂപാദിദ്വിതീയമപിദൎശിതം ॥

൨൨. തൃതീയന്തുഭവെദ്വ്യൊമകുലാലജനകൊപരഃ । പഞ്ചമൊരാസഭാദിസ്സ്യാദെതെഷ്വാവശ്യകസ്ത്വസൌ ॥

അന്വയം—— യെന- സഹ- പൂൎവ്വഭാവഃ- ഗൃഹ്യതെ തൽ- യസ്യ പൂൎവ്വഭാവഃ- കാരണം- ആദായ- ഗൃഹ്യതെ- തൽ-വാ- അന്യം-പ്രതി പൂൎവ്വഭാവെ ജ്ഞാതെ- യൽപൂൎവ്വഭാവവിജ്ഞാനം- ഭവതി-തൽ. യസ്യ- പൂൎവ്വഭാവഃ- ജനകം പ്രതി- പൂൎവ്വവൎത്തിതാം- അപരിജ്ഞായ- ന- ഗൃഹ്യതെ-തൽ. അഥ- നിയതാവശ്യകപൂൎവ്വഭാവിനഃ- യൽ- അതിരിക്തം- ഭവെൽ- തൽ- അപി- വാ- ഏതെ-പഞ്ച-അന്യഥാ-സിദ്ധാഃ- ആദിമം- ഘടാദൌ ദണ്ഡത്വാദികം- ദ്വിതീയം-ദണ്ഡരൂപാദി- അപി ദൎശിതം- ഭവതി. തൃതീയം- തു- വ്യൊമം- ഭവെൽ- അപരഃ കുലാലജന

കഃ. പഞ്ചമഃ. രാസഭാദിഃ. സ്യാൽ. അസ്യ. തു. ഏതെഷു ആവശ്യകഃ= ഭവതി.

അന്വയാൎത്ഥം — യാതൊന്നിനൊടു കൂടെ പൂൎവ്വഭാവം ഗ്രഹിക്കപ്പെടുന്നുവൊ അതും യാതൊന്നിന്റെ പൂൎവ്വഭാവം കാരണത്തെ ആദാനംചെയ്തിട്ടു ഗ്രഹിക്കപ്പെടുന്നുവൊ അതും അന്യത്തെ കുറിച്ചു പൂൎവ്വഭാവം ജ്ഞാതമായിരിക്കും വിഷയത്തിങ്കൽ യൽ പൂൎവ്വഭാവ വിജ്ഞാനം ഭവിക്കുന്നുവൊ അതും യാതൊന്നിന്റെ പൂൎവ്വഭാവം ജനകത്തെക്കുറിച്ചുള്ള പൂൎവ്വവൎത്തിതയെ അറിയാതെ ഗ്രഹിക്കപ്പെടുന്നില്ലയൊ അതും നിയതാവശ്യക പൂൎവ്വഭാവിയിങ്കൽനിന്നു യാതൊന്നു അതിരിക്തമായി ഭവിക്കുമൊ അതുമാകുന്നു ഈ അഞ്ചു പദാൎത്ഥങ്ങൾ അന്യഥാസിദ്ധങ്ങളായി ഭവിക്കുന്നു. ആദിമമായിട്ടുള്ളതു ഘടാദി കാൎയ്യമായിരിക്കും വിഷയത്തിങ്കൽ ദണ്ഡത്വാദികമായി ഭവിക്കുന്നു. ദ്വിതീയം ദണ്ഡരൂപാദിയായിട്ടും ദൎശിതമായി ഭവിക്കുന്നു. തൃതീയമാകട്ടെ വ്യോമമായി ഭവിക്കുന്നു. അപരമായിട്ടുള്ളതു കുലാലജനകനാകുന്നു. പഞ്ചമം രാസഭാദിയായി ഭവിക്കും ഇതുതന്നെ ഇതുകളിൽ വെച്ചു ആവശ്യകമായി ഭവിക്കുന്നു.

പരിഭാഷാ — പൂൎവ്വഭാവം=പൂൎവ്വവൎത്തിത്വം (മുമ്പെ ഉള്ളതാവുന്നുള്ള അവസ്ഥാ) ഗ്രഹികം=അറിക. ആദാനംചെയ്തു=സ്വീകരിക്ക ഗ്രഹിക്ക=അറിക അന്യം=വെറെ ഒരു വസ്തു. പൂൎവ്വഭാവം=മുമ്പിലുള്ള ഭാവം. ഭാവം=ഭവിക്ക എന്ന ക്രിയാ. (പൂൎവ്വവൎത്തിതാജ്ഞാനം) ജ്ഞാതം=അറികപ്പെട്ടതു. യൽപൂൎവ്വഭാവവിജ്ഞാനം=യൽപൂൎവ്വഭാവത്തിന്റെ വിജ്ഞാനം. യൽപൂൎവ്വഭാവം=യാതൊന്നിന്റെ പൂൎവ്വഭാവം. പൂൎവ്വഭാവം=പൂൎവ്വവൎത്തിത്വം. വിജ്ഞാനം=അറിവു. ജനകം=കാരണം. പൂൎവ്വവൎത്തിതാ=പൂൎവ്വവൎത്തിത്വം. ഗ്രഹികം=അറിക. നിയതാവശ്യകപൂൎവ്വഭാവി=നിയതമായിട്ടും ആവശ്യകമായിട്ടും ഇരിക്കുന്ന പൂൎവ്വഭാവി. നിയതം=നിയമത്തൊടുകൂടിയതു. നിയമം=നീക്കമില്ലായ്മ. ആവശ്യകം=കൂടാതെകഴിയാത്തതു. പൂൎവ്വഭാവി=പൂൎവ്വവൎത്തി. അതിരിക്തം=അന്യം. അന്യഥാസിദ്ധങ്ങൾ=അന്യഥാസിദ്ധിയുള്ളവ. ഘടാദി=ഘടംമുതലായതു. ആദിമം=ഒന്നാമത്തെതു. ദണ്ഡത്വാദികം=ദണ്ഡത്വം തുടങ്ങിയുള്ളതു. ദണ്ഡത്വം=ദണ്ഡത്വമെന്നജാതി. ദ്വിതീയം=രണ്ടാമത്തെതു. ദണ്ഡരൂപാദി=ദണ്ഡരൂപം തുടങ്ങിയുള്ളതു. ദണ്ഡരൂപം=ദണ്ഡത്തിന്റെ രൂപം. ദണ്ഡം വടി. രൂപം=നിറം. ദൎശിതം=ദൎശിപ്പിക്കപ്പെട്ടതു (മു

ൎവ്വന്മാരാൽ കാണിക്കപ്പെട്ടത എന്നസാരം) തൃതീയം=മൂന്നാമ
ത്തെ- വ്യോമം-ആകാശം- അപരം=നാലാമത്തെ കുലാലജന
കൻ=കുലാലന്റെജനകൻ- കുലാലൻ=കുംഭകാരൻ ജനകൻ=
പിതാവ-പഞ്ചമം=അഞ്ചാമത്തെ രാസഭാദി=രാസഭംതുടങ്ങിയു
ള്ളത രാസഭം=കഴുത- ആവശ്യകം കൂടാതെ കഴിയാത്തത-

സാരം------ ഒരു വസ്തുവിനെ കുറിച്ചു ഒന്നിന്റെ കാരണത്വം
ഏതൊരു രൂപത്തോടുകൂടെ ഗ്രഹിക്കുന്നുവൊ അത ആദ്യമായ
അന്യഥാ സിദ്ധപദാൎത്ഥമാകുന്നു- ഘടമാകുന്ന ഒരുകാൎയ്യത്തിന്ന
ദണ്ഡം കാരണമാകുന്നു എന്നു ഗ്രഹിക്കുന്നത ദണ്ഡത്വമെന്ന
രൂപത്തോടു (ധൎമ്മത്തോടു) കൂടെയാകുന്നു ദണ്ഡത്തെ ഗ്രഹി
ക്കുമ്പൊൾ ദണ്ഡത്വത്തെ ഗ്രഹിച്ചില്ലെന്നു വരുന്നതല്ല ദ
ണ്ഡത്വത്തെ ഗ്രഹിക്കാതെ ദണ്ഡമെന്നുള്ള ഗ്രഹണം ഭവിക്കു
ന്നതല്ലല്ലൊ- അങ്ങിനെ ഉള്ള ദണ്ഡത്വം അന്യഥാസിദ്ധിയു
ള്ളതാകയാൽ ഘടമാകുന്ന കാൎയ്യം ഉണ്ടാവുന്നതിന്ന മുമ്പെ ഉള്ള
തായിരുന്നാലും ഘടത്തെകുറിച്ചു കാരണമല്ല- ദണ്ഡം തന്നെ
കാരണമാകുന്നത എന്നൎത്ഥം സ്വാതന്ത്ര്യേണ ഒരുകാൎയ്യത്തെകു
റിച്ചു താനുണ്ടെങ്കിൽ ഒരു കാൎയ്യം ഭവിക്കുമെന്നുള്ള അന്വ
യത്തോടും താനില്ലെങ്കിൽ ഒരു കാൎയ്യം ഭവിക്കില്ലെന്നുള്ള വ്യ
തിരെകത്തോടും കൂടാത്തതായിട്ടും കാരണമായ പദാൎത്ഥത്തോ
ടു കൂടി നില്ക്കുന്നതാകയാൽ അതുപൂൎവ്വ വൎത്തിയാകയാൽ ഒന്നാ
മത്തായ അന്വയത്തോടും അപ്രകാരമുള്ള വ്യതിരെകത്തോടും കൂ
ട്ടുന്നതായിട്ടു ഇരിക്കുന്ന വസ്തു ഒന്നാമത്തെ അന്യഥാസിദ്ധ പ
ദാൎത്ഥമാകുന്നു- ഘടത്തെകുറിച്ചു ദണ്ഡരൂപത്തിന്ന സ്വാതന്ത്ര്യ
മായ അന്വയവും വ്യതിരെകവുമില്ല ഘടത്തെകുറിച്ചു കാരണ
മായ ദണ്ഡത്തോടു കൂടിയിരിക്കയാൽ ദണ്ഡം പൂൎവ്വമായതുകൊ
ണ്ട ദണ്ഡരൂപവും പൂൎവ്വവൎത്തിയായി വരുന്നതാണ ഇങ്ങിനെ
ഉള്ള ദണ്ഡരൂപം ഘടത്തെകുറിച്ചു അന്യഥാസിദ്ധമാകുന്നു എ
ന്നു അറിഞ്ഞുകൊൾക- വെറെ ഒരുകാൎയ്യത്തെകുറിച്ചുള്ള പൂൎവ്വ
വൎത്തിത്വത്തെ ഗ്രഹിച്ചതിന്റെ ശെഷം പ്രകൃതകാൎയ്യത്തെ കു
റിച്ചുള്ള പൂൎവ്വവൎത്തിത്വം യാതൊന്നിങ്കൽ ഗ്രഹിക്കപ്പെടുന്നു
വൊ അതു മൂന്നാമത്തെ അന്യഥാ സിദ്ധപദാൎത്ഥമാകുന്നു- ഘടാ
ദികാൎയ്യത്തെകുറിച്ചു ആകാശത്തിങ്കൽ പൂൎവ്വവൎത്തിത്വത്തെ ഗ്രഹി
ക്കുന്നത ആകാശ സ്വരൂപഗ്രഹണത്തിങ്കൽ തന്നെ ശബ്ദത്തെ
കുറിച്ചുള്ള കാരണതാഗ്രഹണം ഭവിക്കുന്നതാകയാൽ വെറെ ഒ
ന്നിനെകുറിച്ചുള്ള പൂൎവ്വവൎത്തിത്വത്തെ ഗ്രഹിച്ചതിന്റെ ശെ

ദ്ധമാകുന്നു എന്നിരിക്കയാൽ ആകാശം ഘടാദികാൎയ്യത്തെക്കുറിച്ചു അന്യഥാസിദ്ധമാകുന്നു എന്നു അറിഞ്ഞുകൊൾക. ൫ാം അന്യഥാസിദ്ധി ആകാശത്തെ കാരണത്തെ ഗ്രഹിക്കുമ്പൊൾ ഉള്ളതാകുന്നു. ആകാശം കാരണമാകുന്നു എന്നു ഗ്രഹിക്കെണമെങ്കിൽ ആകാശത്വത്തിന്റെ ഗ്രഹണമുണ്ടായിരിക്കണം ആകാശത്വമെന്നതു ജാതിയല്ലെന്നു മുമ്പു പറഞ്ഞിട്ടുണ്ടു. ജാതിയല്ലെന്നു സിദ്ധാന്തമിരിക്കുമ്പൊൾ ആകാശത്വമെന്നതു ശബ്ദജനകത്വമാകുന്നു എന്നു പറകയും വെണം. ശബ്ദജനകത്വമെന്നതിന്നു ശബ്ദജനകതാവച്ഛെദകമുള്ളതു എന്നു അൎത്ഥമാകുന്നു. അതിനെ ഗ്രഹിക്കാതെ ആകാശത്തെ കാരണതാഗ്രഹണം ഉണ്ടാകുന്നു. അതിനെ ഗ്രഹിച്ചാൽ ശബ്ദത്തെക്കുറിച്ചുള്ള കാരണതാഗ്രഹണം അപ്പൊൾ തന്നെ സിദ്ധമാകുന്നതാകയാൽ ഉത്തരകാലത്തിങ്കൽ ഉണ്ടാകുന്നതായ ഘടാദി കാൎയ്യത്തെക്കുറിച്ചുള്ള പൂൎവ്വവൎത്തിത്വം ആകാശത്തിങ്കൽ ഗ്രഹിക്കപ്പെടുന്നതു അന്യത്തെക്കുറിച്ചുള്ള പൂൎവ്വവൎത്തിത്വത്തെ ഗ്രഹിച്ചതിന്റെ ശെഷമാകുന്നു എന്നു വരുന്നു. അതുകൊണ്ടു മെൽപ്രകാരം കാരണമായി പറയുമ്പൊൾ ആകാശത്തിന്നു അന്യഥാസിദ്ധി ഉള്ളതു തന്നെ. ശബ്ദാശ്രയമായ വസ്തു ഘടാദിയെക്കുറിച്ചു കാരണമാകുന്നു എന്നു പറയുമ്പൊൾ ആകാശത്തിന്റെ അന്യഥാസിദ്ധി മൂന്നാമതു പറകപ്പെട്ടതിൽനിന്നു മെലിൽ കാണും അഞ്ചാമത്തെ അന്യഥാസിദ്ധിയിൽ അന്തൎഭവിക്കയും ചെയ്യും. അതുഹെതുവായിട്ടു ആകാശം ഘടാദികാൎയ്യത്തെക്കുറിച്ചു അന്യഥാസിദ്ധം തന്നെ എന്നതിനെ സ്ഥിരപ്പെടുത്തിക്കൊൾക. 'ഒരു കാൎയ്യത്തെക്കുറിച്ചു യാതൊന്നു കാരണമായിരിക്കുന്നുവൊ അതിനെക്കുറിച്ചുള്ള പൂൎവ്വവൎത്തിത്വത്തെ ഗ്രഹിക്കാതെ ആ കാൎയ്യത്തെക്കുറിച്ചുള്ള പൂൎവ്വവൎത്തിത്വം യാതൊന്നിന്നു ഗ്രഹിക്കപ്പെടുന്നില്ലയൊ ആ വസ്തു നാലാമത്തെ അന്യഥാസിദ്ധപദാൎത്ഥമാകുന്നു. ഘടാദി കാൎയ്യത്തെക്കുറിച്ചു കുലാലൻ മുതലായവരും അവരുടെ പിതാക്കന്മാരും പൂൎവ്വവൎത്തികൾ തന്നെ എങ്കിലും കുലാലാദികൾ പൂൎവ്വവൎത്തികളല്ലാ എങ്കിൽ അവരുടെ പിതാക്കന്മാരും പൂൎവ്വവൎത്തികളായി ഭവിക്കാത്തവരാകയാൽ കുലാല പിതാവു മുതലായവരിൽ പൂൎവ്വവൎത്തിത്വത്തെ ഗ്രഹിച്ചതു കുലാലാദികളുടെ പൂൎവ്വവൎത്തിത്വത്തെ ഗ്രഹിച്ചിട്ടുതന്നെ ഉണ്ടായതാകുന്നു എന്നു വരുന്നു. അതുകൊണ്ടു ഘടാദി കാൎയ്യത്തെക്കുറിച്ചു കുലാലാദികൾ കാരണമായാലും അവരുടെ പിതാക്കന്മാർ അന്യഥാസിദ്ധന്മാർ തന്നെ എന്നു ഗ്രഹിച്ചുകൊൾ

കുലാലപിതാവിനാൽ നിൎമ്മിക്കപ്പെട്ടഘടത്തെക്കുറിച്ചും അവന്നാകാരണത്വംകുലാലനാവൂ എന്നുള്ള അവസ്ഥയെത്തന്നെ ആശ്രയിച്ചിട്ടപറയേണ്ടതാകുന്നുള്ളപ്രകാരമാകയാൽ ഘടത്തെക്കുറിച്ചകാരണം കുലാലൻതന്നെ എന്നെത്രെസിദ്ധാന്തമാകുന്നത്. ഇങ്ങിനെ മറ്റു സ്ഥലങ്ങളിലും വിചാരിച്ചു കൊൾക. കൂടിയെകഴിവുള്ളു എന്നുള്ള അവിടവിടെ കാണ്ണാകയാൽ ആവശ്യമായികല്പിക്കപ്പെട്ടതുകളായിട്ടും നിയമേന പൂൎവ്വവൎത്തികളായിട്ടും വിലപമായിരിക്കുമ്പോൾ ഉള്ളപ്പോൾ അതുകളോടുകൂടെ ഒന്നിന്നുപൂൎവ്വവൎത്തികളായി ഭവിക്കുന്ന വസ്തു അഞ്ചാമത്തെ അന്യഥാസിദ്ധ പദാൎത്ഥമാകുന്നു മണ്ണു ചുമക്കുന്ന കഴുതയും കുലാലന്നെന്നപോലെ ഒരു ഘടത്തെക്കുറിച്ചു പൂൎവ്വവൎത്തിത്വമുണ്ടായി എന്നുവരാം എങ്കിലും കഴുത ആവശ്യമായി കല്പിക്കപ്പെട്ടതല്ലായ്കയാൽ അന്യഥാസിദ്ധമാകുന്നു എന്നു ഗ്രഹിച്ചുകൊൾക. മേൽവിവരിക്കപ്പെട്ട അന്യഥാസിദ്ധപദാൎത്ഥങ്ങളിൽ ആവശ്യകമായിട്ടുള്ളത് ഒടുക്കത്തേതാകുന്നു- ശേഷങ്ങൾ ഇതിലടങ്ങിയതുകളാകയാൽ അതുകളെ വെവ്വെറെ പറയേണമെന്നില്ല എന്നു ധരിച്ചുകൊൾകയും വേണം- ഇപ്രകാരമായിരിക്കുമ്പോൾ പ്രത്യക്ഷത്തെക്കുറിച്ചു മഹത്വം കാരണമെന്നും അനേക ദ്രവ്യങ്ങളിൽ സമവായസംബന്ധേന ഉള്ളു ഇരിപ്പു അന്യഥാസിദ്ധമാകുന്നു എന്നും സിദ്ധമായി ഇവിടെ അനേക ദ്രവ്യങ്ങളിൽ സമവായ സംബന്ധേനയുള്ള ഇരിപ്പു കാരണമെന്നും മഹത്വം അന്യഥാ സിദ്ധമാകുന്നു എന്നും പറയരുതെ എന്നുണ്ടെങ്കിൽ മഹത്വത്വമെന്നതൊരു ജാതിയാകയാൽ അതിന്നു തന്നെ കാരണതാനിയാമകത്വത്തെ സ്വീകരിക്കുന്നതു ലാഘവമുണ്ടാകയാൽ നല്ലതാകുന്നു- എന്നും കൂടെ ഗ്രഹിച്ചുകൊൾക- ഇങ്ങിനെ മറ്റുള്ളേടത്തും ഇങ്ങിനെകാരണത്വ നിരുക്തിയുടെ സംക്ഷേപം-

൨൨. സമവായികാരണത്വംദ്രവ്യസ്യൈവേതിവിജ്ഞേയംഗുണകൎമ്മമാത്രവൃത്തിജ്ഞേയമഥാപ്യസമവായിഹേതുത്വം ॥

അന്വയം—— സമവായികാരണത്വം- ദ്രവ്യസ്യ- ഏവ- ഇതി- വിജ്ഞേയം- അഥ- അസമവായിഹേതുത്വം- അപി- ഗുണകൎമ്മമാത്രവൃത്തി- ജ്ഞേയം-

അന്വയാൎത്ഥം——സമവായി കാരണത്വം ദ്രവ്യത്തിന്നുതന്നെ എന്നു വിജ്ഞേയമായി ഭവിക്കുന്നു- അനന്തരം അസമവായി ഹേതുത്വവും ഗുണകൎമ്മമാത്രവൃത്തിയായിട്ടു ജ്ഞേയമായി ഭവിക്കുന്നു-

പരിഭാഷാ—— സമവായികാരണത്വം=സമവായികാരണമാവുകിന്നുള്ളത. ദ്രവ്യം=പൃഥിവ്യാദി. വിഷയം=അറിയപ്പെടുവാൻയോഗ്യം. അസമവായിഹേതുത്വം=അസമവായിഹേതുവാവുകിന്നുള്ളത- അസമവായിഹേതു=അസമവായികാരണം- ഗുണകൎമ്മമാത്രവൃത്തി=ഗുണകൎമ്മമാത്രത്തിങ്കൽ വൃത്തിയോടുകൂടിയത. ഗുണകൎമ്മമാത്രം=കെവലങ്ങളായിരിക്കുന്നഗുണകൎമ്മങ്ങൾ- കെവലങ്ങൾ=മറ്റൊന്നിനൊടു കൂടാത്തവ- ഗുണകൎമ്മങ്ങൾ= ഗുണവുംകൎമ്മവും- ഗുണം=രൂപംമുതലായത- കൎമ്മം=ഉൽക്ഷെപണംമുതലായത- വൃത്തി=സ്ഥിതി- (ഇരിപ്പ)-

സാരം—— സമവായികാരണത്വമെന്നത ദ്രവ്യങ്ങളിലല്ലാതെ വെറെഒന്നിൽഇരിക്കില്ല അസമവായികാരണത്വമെന്നത ഗുണകൎമ്മങ്ങളിൽതന്നെ ഇരിക്കുന്നതാകുന്നു. എന്നാൽഗുണകൎമ്മങ്ങൾക്കഅസമവായികാരണത്വം സാധൎമ്മ്യമെന്നായിരിക്കും ഇപ്പറഞ്ഞതിന്നതാൽപൎയ്യമെന്നഭ്രമിക്കരുത-അസമവായികാരണത്വംഗുണകൎമ്മങ്ങളിൽനിന്ന അന്യങ്ങളായിരിക്കുന്നപദാൎത്ഥങ്ങളുടെവൈധൎമ്മ്യമാകുന്നു എന്നാകുന്നു ഇതിന്റെആശയമെന്നറിഞ്ഞുകൊൾക അഥവാഅസമവായികാരണത്വമെന്നതിന്ന അസമവായി കാരണങ്ങളായവസ്തുക്കളിൽഇരിക്കുന്നതായിട്ടുംസത്തയിൽനിന്ന അന്യയായിട്ടും ഇരിക്കുന്നജാതിയോടുകൂടിയതാവുകിന്നുള്ളത എന്നുള്ള അൎത്ഥത്തെഗ്രഹിച്ചുകൊൾക- എന്നാൽജ്ഞാനംമുതലായ ഗുണങ്ങൾ അസമവായികാരണങ്ങളായിരുന്നാലും അസമവായികാരണത്വം ഗുണകൎമ്മങ്ങളുടെ സാധൎമ്മ്യമെന്നതന്നെമെൽപറഞ്ഞതിന്റെ ആശയമെന്നുകല്പിക്കയുമാം- ഗുണങ്ങളിൽ അന്തൎഭൂതങ്ങളായിരിക്കുന്ന ജ്ഞാനംമുതലായതുകളിൽ അസമവായികാരണത്വമില്ലെങ്കിലും അസമവായികാരണങ്ങളായഗുണങ്ങളിലും കൎമ്മങ്ങളിലും ഇരിക്കുന്നതായിട്ടുംസത്തയല്ലാത്തതായിട്ടും ഇരിക്കുന്നജാതിഎന്നതു ഗുണത്വമെന്നും പറവാൻ വിരോധമില്ലാത്തതാകയാലും ഗുണത്വമെന്നജാതിഭരമുള്ളഗുണങ്ങളിലെന്നപൊലെ ജ്ഞാനംമുതലായഗുണങ്ങളിലും ഇരിക്കുന്നതാകയാലും അവ്യാപ്തിയെപറവാൻ മെൽപ്രകാരമായാലും പിന്നെവഴിയില്ല സത്താഭിന്ന എന്നതുകൂടെഉണ്ടാകയാൽ അസമവായികാരണങ്ങളിലെന്നപൊലെസമവായികാരണങ്ങളിലും ദ്രവ്യത്വജാതിഇരിക്കുന്നതിനെകൊണ്ട അതിവ്യാപ്തിയെപറവാനുംവഴിയില്ല- ഇതിന്നായിക്കൊണ്ടാകുന്നു അസമവായികാരണവൃത്തിസത്താഭിന്നജാതിമത്വമെന്നുപറയേണ്ടി

വന്നു എന്നു ധരിച്ചുകൊൾകയും വേണം.

മൂ. — അന്യത്ര നിത്യദ്രവ്യേഭ്യ ആശ്രിതത്വമിഹോച്യതേ। ക്ഷിത്യാദീനാം നവാനാന്തു ദ്രവ്യത്വഗുണയോഗിതാ॥

അന്വയം — ഇഹ — നിത്യദ്രവ്യേഭ്യഃ അന്യത്ര — ആശ്രിതത്വം — സാധർമ്മ്യം — ഉച്യതേ — ക്ഷിത്യാദീനാം — നവാനാം — തു — ദ്രവ്യത്വഗുണയോഗിതാ — സാധർമ്മ്യം — ഉച്യതേ —

അന്വയാർത്ഥം —— ഇതുകളിൽവെച്ചു നിത്യദ്രവ്യങ്ങളിൽനിന്നന്യങ്ങളിൽ ആശ്രിതത്വം സാധർമ്മ്യമെന്നു വചിക്കപ്പെടുന്നു ക്ഷിത്യാദികളാകുന്ന ഒമ്പതുകൾക്കു ദ്രവ്യത്വഗുണയോഗിതകൾ സാധർമ്മ്യമായിവചിക്കപ്പെടുന്നു

പരിഭാഷ ____ ഇതുകൾ പദാർത്ഥങ്ങൾ — നിത്യദ്രവ്യങ്ങൾ = നിത്യങ്ങളായിരിക്കുന്നദ്രവ്യങ്ങൾ — നിത്യങ്ങൾ = നാശമില്ലാത്തവ — ദ്രവ്യങ്ങൾ = ഗുണാധികരണങ്ങളായ വസ്തുക്കൾ ആശ്രിതത്വം = ആശ്രിതങ്ങളാവുഎന്നുള്ളതു ആശ്രിതങ്ങൾ = ആശ്രയിച്ചവ ആശ്രയിക്ക = ഒന്നിങ്കൽഇരിക്ക — സാധർമ്മ്യം = സമാനമായധർമ്മം — വചിക്ക = പറക — ക്ഷിത്യാദികൾ = ക്ഷിതിതുടങ്ങിയുള്ളവ — ക്ഷിതി = ഭൂമി ദ്രവ്യത്വഗുണയോഗിതകൾ = ദ്രവ്യത്വവുംഗുണയോഗിതയും ദ്രവ്യത്വം = ദ്രവ്യത്വമെന്നജാതി — ഗുണയോഗിത = ഗുണയോഗികളാവൂ എന്നുള്ളതു — ഗുണയോഗികൾ ഗുണയോഗികളാവൂ എന്നുള്ളതു — ഗുണയോഗികൾ = ഗുണയോഗമുള്ളവ — ഗുണയോഗം = ഗുണങ്ങളോടുള്ളയോഗം — ഗുണങ്ങൾ = രൂപരസാദികൾ — യോഗം = ചേർച്ച — സാധർമ്മ്യം സമാനമായധർമ്മം — വചിക്ക = പറക —

സാരം —— ഭൂമിയുടെ പരമാണുക്കൾ ജലപരമാണുക്കൾ തേജസ്സിന്റെ പരമാണുക്കൾ വായുപരമാണുക്കൾ ആകാശം കാലം ദിക്ക ആത്മാവ മനസ്സ ഇങ്ങിനെയുള്ള നിത്യദ്രവ്യങ്ങളെ ഒഴിച്ചുശിഷ്ടങ്ങളായിരിക്കുന്നപദാർത്ഥങ്ങൾക്കു വൃത്തിമത്വം സാധർമ്മ്യമാകുന്നു — വൃത്തി ഒന്നിങ്കലുള്ളിരിപ്പ — അതുള്ളതുകളത്രെ വൃത്തിമത്തുകളാകുന്നത വൃത്തിമത്തുകളാവൂഎന്നുള്ളതാവസ്ഥയെ വൃത്തിമത്വമെന്നുപറയുന്നു നിത്യദ്രവ്യങ്ങൾക്കു ഒന്നിനെ ആശ്രയിച്ചിട്ടുള്ളസ്ഥിതിയില്ലമറ്റുള്ളതുകൾക്കു അങ്ങിനെയുള്ള സ്ഥിതിയുണ്ടു അതുഹേതുവായിട്ട നിത്യദ്രവ്യങ്ങളെ ഒഴിച്ചുഎന്നു കൂടെപറയേണ്ടിവന്നു. സർവ്വങ്ങളിലും ആശ്രിതത്വംസാധർമ്മ്യം എന്നുപറഞ്ഞാൽ അനാശ്രിതപദാർത്ഥങ്ങളായ നിത്യദ്രവ്യങ്ങളുംസർവ്വങ്ങളിൽ ചേർന്നിരിക്കകൊണ്ടും അതുകളിൽആശ്രിത

ത്വംസംഭവിക്കായ്കകൊണ്ടും അവ്യാപ്തിവരാപോകുമെന്നറി
ക. വൃത്തിമത്വമെന്നതിനെ സമവായാദിസംബന്ധവിശേ
ഷംകൊണ്ടു വിശേഷിപ്പിക്കേണം എന്തിനായിട്ടെന്നാൽവി
ശേഷണതാഎന്നൊരുസംബന്ധത്തെ സ്വീകരിച്ചിട്ടു നിത്യദ്ര
വ്യങ്ങളും മററുള്ളതുകൾപോലെ കാലത്തിങ്കൽ ഇരിക്കുന്നവകൂടി
യതുകളാകയാൽനിത്യദ്രവ്യങ്ങളെ ഒഴിച്ചുമററുള്ളതുകൾക്ക ആ
ശ്രിതത്വം സാധർമ്മ്യമെന്നപറഞ്ഞതിന്ന അതിവ്യാപ്തിഎന്നൊ
രുദോഷമുണ്ടു അതുതീർത്തുകൊള്ളണം അതിനായിക്കൊണ്ടുമൂ
ന്നാസംബന്ധത്തെസ്വീകരിച്ചിട്ടുള്ള സ്ഥിതിഎന്ന വിവരിച്ചത
ന്നൊപറയേണമെന്നഗ്രഹിച്ചുകൊൾക. ഭൂമിമുതലായഒമ്പതുക
ൾക്കദ്രവ്യത്വം സാധർമ്മ്യമാകുന്നു. ദ്രവ്യത്വമെന്നജാതിഎപ്പോഴും ദ്ര
വ്യങ്ങളിലുമിരിക്കുന്നതും ദ്രവ്യങ്ങളല്ലാത്തതിൽ ഇരിക്കാത്തതുമാ
കുന്നു എല്ലൊ ഇപ്രകാരംഗുണയോഗിത്വവും സാധർമ്മ്യംതന്നെ
യെന്നഗ്രഹിച്ചുകൊൾക ഗുണയോഗിത്വം=ഗുണസംബന്ധമെന്ന
സാക്ഷാൽഗുണഗുണികളുടെസംബന്ധം സമവായമാകയാൽ
അതിനെത്തന്നെവിശേഷിച്ചുഗ്രഹിച്ചുകൊൾകയുംവെണം.

മൂ. ക്ഷിതിർജ്ജലംതഥാതെജഃപവനൊമനഎവച। പരാ
പരത്വമൂർത്തത്വക്രിയാവെഗാശ്രയാഅമീ ॥

അന്വയം= ക്ഷിതിഃ- ജലം- തഥാ- തെജഃ- പവനഃ മനഃ-
ച- അമീ- എവ- പരാപരത്വമൂർത്തത്വക്രിയാവെഗാശ്രയാഃ
ഭവന്തി.

അന്വയാർത്ഥം—— ക്ഷിതിയും ജലവും അപ്രകാരംതെജസ്സും
പവനനുംമനസ്സുമാകുന്ന ഈയഞ്ചുപദാർത്ഥങ്ങൾതന്നെപരാപ
രത്വമൂർത്തത്വക്രിയാവെഗാശ്രയങ്ങളായി ഭവിക്കുന്നു.

പരിഭാഷാ — ക്ഷിതി=ഭൂമി. ജലം=വെള്ളം. തെജസ്സ=അ
ഗ്നി-ആദിത്യൻ ഇങ്ങിനെതുടങ്ങിയുള്ളത. പവനൻ വായു-പ
രാപരത്വമൂർത്തത്വക്രിയാവെഗാശ്രയങ്ങൾ= പരാപരത്വമൂർത്ത
ത്വക്രിയാവെഗങ്ങൾക്ക ആശ്രയങ്ങൾ= പരാപരത്വമൂർത്തത്വ
ക്രിയാവെഗങ്ങൾ പരത്വവും അപരത്വവും മൂർത്തത്വവുംക്രിയ
യുംവെഗവും. പരത്വം=പരത്വമെന്നഗുണം. അപരത്വം=അ
പരത്വമെന്നഗുണം. മൂർത്തത്വം=ഉപാധിവിശെഷം (അതി
ന്റെനിർവ്വചനം. അപകൃഷ്ടപരിമാണവത്വമെന്നാകുന്നു.)അ
പകൃഷ്ടപരിമാണവത്വം=അപകൃഷ്ടപരിമാണവത്താവു എന്നു
ള്ളത. അപകൃഷ്ടപരിമാണവത്ത= അപകൃഷ്ടപരിമാണമുള്ളതു.
അപകൃഷ്ടപരിമാണം= അപകൃഷ്ടമായിരിക്കുന്ന പരിമാണം.

അപകൃഷ്ടം=താഴ്മയോടുകൂടിയത. പരിമാണം= പരിച്ഛേദം. (ഇത്ര എന്നുള്ള കണക്കിനുള്ളതൊരു ഗുണമാകുന്നു.) ക്രിയാ=കർമ്മം. വേഗം=വേഗമാകുന്നഗുണം. (ഇതുസംസ്കാരമെന്നഗുണത്തിൽ അന്തർഭവിച്ചതാകുന്നു.) ആശ്രയങ്ങൾ=ഇരിപ്പിടങ്ങൾ.

സാരം—— ഭൂമി. ജലം. തേജസ്സ. വായു. മനസ്സ ഇതുകൾക്ക പരത്വവും. അപരത്വവും മൂർത്തത്വവും ക്രിയയും വേഗവും സാധർമ്മ്യമാകുന്നു. പരത്വം മുതലായതുകൾ ഒന്നുകൂടെ ഒന്നിടത്തുമിരിക്കുന്നതായിട്ടും ദ്രവ്യത്വമില്ലാത്തെടത്തിരിക്കാത്തതായിട്ടും ഉള്ള ജാതിയാതൊന്നൊ അതുകൾ പറഞ്ഞതുകൾക്ക സാധർമ്മ്യമെന്നത്രെ ഇതിന്റെ ആശയമാകുന്നത. അതുഹേതുവായിട്ട യാതൊരു ഘടാദിവസ്തുക്കളിൽ പരത്വാദികൾ ഉണ്ടായില്ലയൊ അതുകളിൽ അവ്യാപ്തിയുണ്ട എന്നാശങ്കിക്കരുത. അതുകളിലും മേൽപറഞ്ഞപ്രകാരമുള്ള ജാതി ഉണ്ടാകുമല്ലൊ അതിനെ സ്വീകരിച്ചിട്ട സർവ്വത്ര മേൽപ്രകാരമുള്ള അവ്യാപ്തിയെ നിരസിക്കാമെന്നറിഞ്ഞുകൊൾക.

൨൭ കാലഖാത്മദിശാം സർവ്വഗതത്വം പരമം മഹത്। ക്ഷിത്യാദിപഞ്ചഭൂതാനി ചത്വാരി സ്പർശവന്തി ഹി॥

അന്വയം — കാലഖാത്മദിശാം സർവ്വഗതത്വം. പരമം. മഹത്. ച. സാധർമ്മ്യം. ക്ഷിത്യാദി. പഞ്ച. ഭൂതാനി. ഭവന്തി. ചത്വാരി. സ്പർശവന്തി. ഭവന്തി.

അന്വയാർത്ഥം—കാലഖാത്മദിക്കുകൾക്ക സർവ്വഗതത്വവും പരമമായിരിക്കുന്ന മഹത്വവും സാധർമ്മ്യമായിഭവിക്കുന്നു. ക്ഷിതിയാകുന്നആദിയോടുകൂടിയതായിട്ട അഞ്ചുഭൂതങ്ങളായി ഭവിക്കുന്നു. നാലുതന്നെസ്പർശവത്തുകളായിഭവിക്കുന്നു.

പരിഭാഷാ—— കാലഖാത്മദിക്കുകൾ=കാലവും ഖവും ആത്മാവും ദിക്കും. ഖം=ആകാശം. സർവ്വഗതത്വം=സർവ്വഗതമാവൂ എന്നുള്ളത. സർവ്വഗതം=സർവ്വങ്ങളിൽഗതം. സർവ്വങ്ങൾ=ഒട്ടൊഴിയാതെയുള്ളവ. ഗതം=ഗമിച്ചത. ഗമിക്ക=സംയോഗിക്ക. പരമം=ഉൽകൃഷ്ടം. (ഒന്നിനെഅപെക്ഷിച്ചിട്ടും താഴ്ചയില്ലാത്തത) മഹത്വം=മഹത്വം (വലുപ്പമെന്നസാരം) ക്ഷിതി=ഭൂമി ഭൂതങ്ങൾ=ഭൂതമെന്നധർമ്മത്തൊടു കൂടിയവ. സ്പർശവത്തുകൾ=സ്പർശമുള്ളവ സ്പർശം=സ്പർശമെന്നഗുണം.

സാരം—— കാലത്തിന്നും ആത്മാവിന്നും ദിക്കിന്നും സർവ്വഗതത്വം സാധർമ്മ്യമാകുന്നു സർവ്വഗതത്വമെന്നതൊരുപാധിയാകയാൽ അതിനെനിർവ്വചിക്കേണം അതുഹേതുവായിട്ട സർവ്വ

ൎത്തസംയോഗിത്വമെന്നതിനെനിൎവ്വചിക്കുന്നു. 'സൎവ്വമൂ
ൎത്തസംയോഗിത്വം= സൎവ്വമൂൎത്തസംയോഗികളാവുക എന്നുള്ളതു.
സൎവ്വമൂൎത്തസംയോഗികൾ =സൎവ്വമൂൎത്തസംയോഗമുള്ളവ. സ
ൎവ്വമൂൎത്തസംയോഗം= സൎവ്വമൂൎത്തങ്ങളിൽ ഉള്ള സംയോഗം. സ
ൎവ്വമൂൎത്തങ്ങൾ= സൎവ്വങ്ങളായിരിക്കുന്നമൂൎത്തങ്ങൾ. സൎവ്വങ്ങൾ=ഒ
ട്ടൊഴിയാതെയുള്ളവ. മൂൎത്തങ്ങൾ=അപകൃഷ്ടപരിമാണങ്ങളായ
വസ്തുക്കൾ സംയോഗം" യോജിപ്പു.) ഇങ്ങിനെ സൎവ്വമൂൎത്തസം
യോഗിത്വമെന്നതിന്റെ അൎത്ഥത്തെ ഗ്രഹിച്ചുകൊൾക. ഇവിടെ
മൂൎത്തപദത്തെവിട്ടു സൎവ്വസംയോഗിത്വമെന്നു പറഞ്ഞാൽ അസം
ഭവമുണ്ടു. സംയോഗമെന്നതു ഒരു ഗുണമാകുന്നു അതു എല്ലാ
പദാൎത്ഥങ്ങളിലുമുണ്ടാകുന്നതല്ല അതു ഹേതുവായിട്ടു സൎവ്വസം
യോഗമെന്നതു അപ്രസിദ്ധം തന്നെ എന്നാലതുമല്ലാ സൎവ്വ
പദത്തിന്നു സൎവ്വമായ ദ്രവ്യമെന്നുള്ള അൎത്ഥം കല്പനചെയ്താ
ലും പരമമഹത്തുക്കളായ ആകാശാദികൾക്കു അന്യോന്യം സം
യോഗത്തെ അംഗീകരിച്ചിട്ടില്ലായ്കയാൽ പിന്നെയും അസംഭ
വം തട്ടുകകൂടാ എന്നുവരും. സൎവ്വമൂൎത്ത സംയോഗിത്വമെ
ന്നായാൽ ഒരു ദോഷവുമില്ല അതുകൊണ്ടു അപ്രകാരം നിൎവ്വചി
ക്കണമെന്നു അറിഞ്ഞുകൊൾക. കാലത്തിന്നും ആകാശത്തി
ന്നും ആത്മാവിന്നും ഉള്ള പരമമഹത്വസാധൎമ്മ്യംതന്നെ
പരമമഹത്വമെന്നതു ജാതിവിശേഷമാകുന്നു എന്നു ചിലർ
അംഗീകരിച്ചിരിക്കുന്നു. അന്യന്മാർ ഒന്നിനെ അപേക്ഷിച്ചിട്ടും
താഴ്മയോടുകൂടാത്തതായ വലുപ്പമെന്നപരിമാണത്തോടുകൂടിയതു
കളാവുക എന്നുള്ള അവസ്ഥതന്നെ പരമമഹത്വമാകുന്നതെന്നു
പറയുന്നു. കാലാദികൾ ചെറുതായിട്ടുള്ളവയോ വലുതായിട്ടുള്ളവ
യോ ഇടയിൽ പെട്ടതുകളോ എന്നുള്ള വിചാരത്തിങ്കൽ വലുതായി
ട്ടുള്ളവയാകുന്നു എന്നതു സ്ഥിരപ്പെട്ടതാകുന്നു. ചെറുതായിട്ടുള്ളവ
യാകുന്നു എന്നുള്ള വ്യവഹാരത്തിന്നു ചെറുപ്പമല്ലൊ കാരണമാ
കുന്നതു ഇപ്രകാരം വലുതായിട്ടുള്ളവയാകുന്നു എന്നുള്ള വ്യവഹാ
രത്തിന്നു വലുപ്പവും കാരണമാകുന്നു ചെറുപ്പവും വലുപ്പവും പ
രിമാണമെന്ന ഗുണത്തിൽ അന്തൎഭവിച്ചതുകളാകുന്നു. അങ്ങി
നെയുള്ള മഹത്വവും ഒന്നിനെ അപേക്ഷിച്ചിട്ടല്ലാതെ ഒ
ന്നാകയില്ല മഹത്തു എന്നു പറയുമ്പോൾ എന്തിനെക്കാൾ എ
ന്നു ആകാംക്ഷ ജനിക്കുന്നതാകയാൽ ഒരു വസ്തുവിനെ കാണി
ച്ചുകൊടുക്കേണം. ഇങ്ങിനെ ഒന്നിനെ അപേക്ഷിച്ചിട്ടു മഹ
ത്തായിരുന്നാലും മറ്റൊന്നിനെ അപേക്ഷിക്കുമ്പോൾ അതി

ണെത്രെ ചെറിയതെന്നും പറയേണമെന്നു വരികിൽ അതിന്റെ മഹത്വം മറ്റൊന്നിനെ അപെക്ഷിച്ചപ്പോൾ താഴ്ചയുള്ളതായിരിക്കും താഴ്ചയ്ക്കു സംസ്കൃതമാകം അപകൎഷമെന്നാകുന്നു അപകൎഷത്തിന്നു ആശ്രയമായിരിക്കുന്ന പരിമാണത്തെ അപകൃഷ്ടപരിമാണമെന്നു പറയുന്നു. അപകൎഷത്തിന്നു ആശ്രയമല്ലാത്തതിനെ പരമമഹത്തെന്നു പറയുന്നു. അതിനുപരികുന്ന പരമമഹത്താവു എന്നുള്ള അവസ്ഥയ്ക്കു ഒന്നിനെ അപെക്ഷിച്ചാലും താഴ്ചയില്ലായ്കയാലെത്രെ പരമപദംകൊണ്ടുവിശെഷിപ്പിക്കപ്പെട്ടതെന്നും അങ്ങിനെയുള്ള പരിമാണം ആ കാലത്തിന്നും ആകാശത്തിന്നും ആത്മാവിന്നും ദിക്കിന്നുമുള്ളതാകയാലും വെറെ ഒന്നിന്നു ഇല്ലാത്തതാകയാലും അതുകൾക്കു പരമമഹത്ത്വം സാധൎമ്മ്യമാകുന്നു എന്നു ഗ്രഹിച്ചുകൊൾക.

ക്ഷിതിയാദിയായ അഞ്ചുപദാൎത്ഥങ്ങൾ ഭൂമിയും ജലവും തെജസ്സും വായുവും ആകാശവുമാകുന്നു. ക്ഷിത്യപ്തെജോമരുദ്വ്യൊമ എന്നു ദ്രവ്യങ്ങളെ പരിഗണിച്ചിട്ടുണ്ടല്ലൊ. അതുകൾക്കു ഭൂതത്വമെന്നത സാധൎമ്മ്യമാകുന്നു. ഭൂതത്വമെന്നതെന്താകുന്നു എന്നാണെങ്കിൽ അതിനെക്കുറിച്ചു ഞാൻ പറയുന്നു. ഇവിടെ ഭൂതത്വമെന്നത ബഹിരിന്ദ്രിയഗ്രാഹ്യവിശെഷഗുണവത്വമാകുന്നു. ബഹിരിന്ദ്രിയഗ്രാഹ്യവിശെഷഗുണവത്വം=ബഹിരിന്ദ്രിയഗ്രാഹ്യവിശെഷഗുണവത്തുകളാവു എന്നുള്ളത. ബഹിരിന്ദ്രിയഗ്രാഹ്യവിശെഷഗുണവത്തുകൾ=ബഹിരിന്ദ്രിയഗ്രാഹ്യ വിശെഷഗുണമുള്ളവ. ബഹിരിന്ദ്രിയഗ്രാഹ്യവിശെഷഗുണം=ബഹിരിന്ദ്രിയഗ്രാഹ്യമായിരിക്കുന്ന വിശെഷഗുണം. ബഹിരിന്ദ്രിയഗ്രാഹ്യം=ബഹിരിന്ദ്രിയംകൊണ്ടു ഗ്രാഹ്യം ബഹിരിന്ദ്രിയം=ബഹിൎഭാഗത്തിങ്കലുള്ള ഇന്ദ്രിയം. ബഹിൎഭാഗം=പുറം. ഇന്ദ്രിയം=കണ്ണുമുതലായത. ഗ്രാഹ്യം=ഗ്രഹിക്കപ്പെടുവാൻയോഗ്യം. ഗ്രഹിക്ക=അറിക. വിശെഷഗുണങ്ങൾ=(ബുദ്ധി, സുഖം, ദുഃഖം, ഇച്ശ, ദ്വെഷം, പ്രയത്നം, രൂപം, രസം, ഗന്ധം, സ്പൎശം, സ്നെഹം, സാംസിദ്ധികദ്രവത്വം, അദൃഷ്ടം ഭാവനാ, ശബ്ദം. ഇതുകളാകുന്നു) ഇങ്ങിനെ ഗ്രഹിച്ചുകൊൾക. ഭൂമിക്കുള്ള ഗന്ധം മൂക്കുകൊണ്ടു ഗ്രഹിക്കപ്പെടുന്നു. ജലത്തിങ്കലെ ശീതസ്പൎശം ത്വക്കുകൊണ്ടു ഗ്രഹിക്കപ്പെടുന്നു. തെജസ്സിന്റെ ശീതെസ്പൎശവും ത്വക്കുകൊണ്ടു ഗ്രഹിക്കപ്പെടുന്നു വായുവിന്റെ സ്പൎശവും ത്വക്കുകൊണ്ടു ഗ്രഹിക്കപ്പെടുന്നു. ആകാശഗുണമായ ശബ്ദം ചെവികൊണ്ടു ഗ്രഹിക്കപ്പെടുന്നു. ഇങ്ങിനെ അഞ്ചും ബഹിരിന്ദ്രിയംകൊ

ന്ദ്ര ഗ്രഹിക്കപ്പെടുന്നവകളായ വിശേഷഗുണങ്ങൾ ഭൂമിതുടങ്ങിയല്ല അന്യദ്രവ്യങ്ങളിൽ ഇരിയ്ക്കും ഉണ്ട. ഭൂമിയിൻ രൂപം, രസം, ഗന്ധം, സ്പൎശം ഇങ്ങിനെ ബഹിരിന്ദ്രിയ ഗ്രാഹ്യങ്ങളായ വിശേഷഗുണങ്ങൾ ൪. ജലത്തിൽ രൂപം, രസം, സ്പൎശം, സ്നെഹം, സാംസിദ്ധികദ്രവത്വം ഇങ്ങിനെ മേൽ പ്രകാരമുള്ള വിശേഷഗുണങ്ങൾ അഞ്ച. തെജസ്സിങ്കൽ രൂപം, സ്പൎശം ഇങ്ങിനെ മേൽ പ്രകാരമുള്ള വിശേഷഗുണങ്ങൾ ൨. വായുവിങ്കൽ സ്പൎശം ഒന്ന തന്നെ ആകാശത്തിങ്കൽ ശബ്ദം ഒന്ന തന്നെ അതുകൾ രണ്ടും ബഹിരിന്ദ്രിയഗ്രാഹ്യങ്ങളെല്ലൊ ആകുന്നത. ബഹിരിന്ദ്രിയഗ്രാഹ്യമായ ഒരുവിശേഷഗുണമുണ്ടായാലും ബഹിരിന്ദ്രിയഗ്രാഹ്യ വിശേഷഗുണവത്വമെന്നതുപറകയുമാം ഇപ്രകാരമാകയാൽ ഭൂമിതുടങ്ങിയനാലുപദാൎത്ഥങ്ങൾക്കുംതന്നെയെന്നു സാധൎമ്മംതന്നെ എന്ന ഗ്രഹിച്ചുകൊൾക. ഭൂമിതുടങ്ങിനാലു പദാൎത്ഥങ്ങൾക്കു സ്പൎശവത്വം സാധൎമ്മ്യമാകുന്നു. സ്പൎശമെന്നത ഭൂമിയിലും ജലത്തിങ്കലും തെജസ്സിങ്കലും വായുവിങ്കലുമിരിക്കുന്നു. വേറെ യാതൊരു പദാൎത്ഥത്തിങ്കലും ഇരിക്കുന്നതുമില്ല. ആകാശാദിശിഷ്ടദ്രവ്യങ്ങളിൽ സ്പൎശമില്ല ഗുണകൎമ്മ സാമാന്യവിശെഷസമവായാഭാവങ്ങളിലുമില്ല. ഇങ്ങിനെയാകയാലെത്രെ അതു സാധൎമ്മ്യമായതെന്ന അറിയപ്പെടുകയും വെണം

൩൩. ദ്രവ്യാരംഭശ്ചതുൎഷുസ്യാദഥാകാശശരീരിണാം । അവ്യാപ്യവൃത്തിഃക്ഷണികോവിശേഷഗുണഇഷ്യതെ ॥

അന്വയം — ചതുൎഷു. ദ്രവ്യാരംഭഃ. സ്യാത്. അഥ. ആകാശശരീരിണാം. അവ്യാപ്യവൃത്തിഃ. ക്ഷണികഃ. വിശേഷഗുണഃ. ഇഷ്യതെ.

അന്വയാൎത്ഥം —— നാലു പദാൎത്ഥങ്ങളിൽ ദ്രവ്യാരംഭം ഉണ്ടാകും. ആകാശശരീരികൾക്ക അവ്യാപ്യ വൃത്തിയായിട്ടും ക്ഷണികമായിട്ടും ഇരിക്കുന്ന വിശേഷഗുണം സാധൎമ്മ്യമായിട്ടു ഗ്രഹിക്കപ്പെടുന്നു.

പരിഭാഷ — ദ്രവ്യാരംഭം=ദ്രവ്യത്തിന്റെആരംഭം. ദ്രവ്യം=ഘടംമുതലായത. ആരംഭം=ഉൽപാദനം. ആകാശശരീരികൾ=ആകാശവും ശരീരികളും. ശരീരികൾ ആത്മാക്കൾ. അവ്യാപ്യവൃത്തി=വ്യാപിക്കാതെവൎത്തിക്കുന്നത. വ്യാപിക്ക സൎവ്വത്രസംബന്ധിക്ക. വൎത്തിക്ക=ഇരിക്ക. ക്ഷണികം=ക്ഷണമാത്രംസ്ഥിതിചെയ്യുന്നത

സാരം — പൃഥിവീ, ജലം, തെജസ്സ, വായു. ഈ നാലു പ

ദാൎത്ഥങ്ങൾക്കു ദ്രവ്യാരംഭകത്വം സാധൎമ്മ്യമാകുന്നു. കാരണദ്രവ്യങ്ങളിൽനിന്നു കാൎയ്യദ്രവ്യങ്ങളുടെ ജനനമാകയാൽ മെൽപറഞ്ഞവകൾ നാലും ദ്രവ്യാരംഭകങ്ങളാകുന്നു. കാൎയ്യദ്രവ്യങ്ങളായിരിക്കുന്ന ഘടാദികൾ ഒരു ദ്രവ്യത്തെയും ഉണ്ടാക്കുന്നില്ല. അതു ഹെതുവായിട്ടു പൃഥിവ്യാദികളായ നാലുപദാൎത്ഥങ്ങൾക്കു ദ്രവ്യാരംഭകത്വം സാധൎമ്മ്യമെന്നു പറഞ്ഞാൽ ഘടാദികളിൽ അവ്യാപ്തി വരികയും. എങ്കിലും ദ്രവ്യസമവായി കാരണവൃത്തി ദ്രവ്യത്വവ്യാപ്യ ജാതിമത്വമെന്നു അതിന്റെ ആശയമാകയാൽ ദൊഷമില്ലെന്നു ഗ്രഹിച്ചുകൊൾക. ദ്രവ്യസമവായി കാരണവൃത്തി ദ്രവ്യത്വവ്യാപ്യജാതിമത്വം=ദ്രവ്യസമവായി കാരണവൃത്തി ദ്രവ്യത്വവ്യാപ്യജാതി മത്വമെന്നുള്ളത- ദ്രവ്യസമവായികാരണവൃത്തിദ്രവ്യത്വവ്യാപ്യജാതിമത്വ=ദ്രവ്യസമവായി കാരണവൃത്തിയായി ദ്രവ്യത്വവ്യാപ്യയായിരിക്കുന്ന ജാതിയുള്ളത- ദ്രവ്യസമവായി കാരണവൃത്തി=ദ്രവ്യസമവായി കാരണങ്ങളിൽ വൃത്തിയൊടുകൂടിയത- ദ്രവ്യസമവായികാരണങ്ങൾ ദ്രവ്യങ്ങളുടെ സമവായികാരണങ്ങൾ- വൃത്തി=സ്ഥിതി- ദ്രവ്യത്വവ്യാപ്യ=ദ്രവ്യത്വത്തിന്റെ വ്യാപ്യം- ദ്രവ്യത്വമില്ലാത്തെടത്തു ഇരിക്കാത്തത എന്നു സാരം) ഇങ്ങിനെ മെൽപറഞ്ഞതിന്റെ അൎത്ഥത്തെ ഗ്രഹിച്ചുകൊൾക- ഘടാദികളിൽ ദ്രവ്യാരംഭകത്വമില്ല എങ്കിലും ദ്രവ്യസമവായി കാരണങ്ങളിൽ ഇരിക്കുന്നതായിട്ടും ദ്രവ്യത്വമിരിക്കാത്തെടത്തു ഇരിക്കാത്തതായിട്ടുമുള്ള ജാതി എന്നത പൃഥിവീത്വാദിയാകയാലും ആ ജാതി ഘടാദികളിലുമിരിക്കയാലും മെൽപ്രകാരം പറഞ്ഞാൽ അവ്യാപ്തിയില്ല- എങ്കിലും ദ്രവ്യസമവായി കാരണവൃത്തിയായും ദ്രവ്യത്വവ്യാപ്യയായിട്ടുമിരിക്കുന്ന ജാതി എന്നതുകൊണ്ടു ദ്രവ്യത്വത്തെയും ഗ്രഹിക്കാം- ദ്രവ്യസമവായി കാരണങ്ങൾ ദ്രവ്യങ്ങൾ തന്നെ- അതുകളിൽ ദ്രവ്യത്വമെന്നു ജാതി ഇരിക്കയാൽ അതു ദ്രവ്യസമവായി കാരണവൃത്തിയാകുന്നു ദ്രവ്യത്വജാതി ദ്രവ്യത്വമില്ലാത്ത സ്ഥലമായ ഗുണാദികളിൽ ഇരിക്കുന്നില്ല ഇങ്ങിനെയാകയാൽ അതിന്നു ദ്രവ്യത്വവ്യാപ്യതയുമുണ്ടു- ദ്രവ്യത്വവ്യാപ്യ ജാതി എന്നതുകൊണ്ടു ദ്രവ്യത്വത്തെത്തന്നെ ഗ്രഹിക്കുമ്പൊൾ അതു സകല ദ്രവ്യ സാധാരണമായിരിക്കുന്നതാകയാൽ അതിവ്യാപ്തിയെ പറയാം- അതു ഹെതുവായിട്ടു മെൽപറഞ്ഞ വാക്യത്തിൽ ദ്രവ്യത്വവ്യാപ്യ എന്നതിന്റെ ശെഷം ദ്രവ്യത്വഭിന്ന എന്നതിനെക്കൂടെ യൊജിപ്പിക്കെണം. അതിനെ യൊജിപ്പിക്കുമ്പൊൾ അങ്ങിനെ ഉള്ള ജാതി ദ്രവ്യത്വമല്ലാത്ത

ത്തായിട്ടുമിരിക്കുന്നതെന്നത്രെ പറയുന്നതാകയാൽ മെൽ പ്രകാരമുള്ള അതിവ്യാപ്തി വരികയില്ലെന്ന ഗ്രഹിച്ചുകൊൾകയും വെണം. ആകാശത്തിന്നും ആത്മാവിന്നും അവ്യാപ്യവൃത്തി വിശെഷഗുണവത്വവും ക്ഷണികവിശെഷ ഗുണവത്വവും സാധൎമ്മ്യമാകുന്നു. ആകാശത്തിങ്കൽ അവ്യാപ്യവൃത്തിയായ വിശെഷഗുണം ശബ്ദം തന്നെ. ഒരെടത്തു ശബ്ദമുള്ളപ്പൊൾ മറ്റൊരെടത്ത അതിന്റെ അഭാവം കൂടെ ഇരിക്കുന്നതാകകൊണ്ടു ശബ്ദം അവ്യാപ്യവൃത്തിയാകുന്നു. അതുതന്നെ അല്ല വിശെഷഗുണമെന്നു ആകുന്നത. ഇതു മുമ്പെ പറഞ്ഞിട്ടുണ്ടു. ആത്മാവിങ്കൽ അവ്യാപ്യവൃത്തിയായ വിശെഷഗുണം ജ്ഞാനമാകുന്നു. ആത്മാവ സൎവ്വവ്യാപിയാകുന്നു എന്നല്ലൊ സിദ്ധാന്തമാകുന്നത. അങ്ങിനെയുള്ള ആത്മാവിന്നും യാതൊരു ഭാഗം ശരീരത്തൊടു ചെൎന്നിരിക്കുന്നുവൊ അവിടെയല്ലാതെ ജ്ഞാനമുണ്ടാകുന്നില്ല. അതു ഹെതുവായിട്ടു ജ്ഞാനം അവ്യാപ്യവൃത്തിയായിട്ടുള്ളതുതന്നെ. ഉഭയത്ര വിശെഷ ഗുണമായി പറയപ്പെട്ട ശബ്ദവും ജ്ഞാനവും ക്ഷണദ്വയമാത്രസ്ഥായി കളാകയാൽക്ഷണികങ്ങളാകുന്നു. അതുഹെതുവായിട്ട ക്ഷണിക വിശെഷ ഗുണവത്വം സാധൎമ്മ്യമെന്നും പറയാം.

൩൦. രൂപദ്രവത്വപ്രത്യക്ഷയോഗിസ്യാൽപ്രഥമംത്രികം। ഗുരുണീദ്വെരസവതീദ്വയൊൎന്നൈമിത്തികൊദ്രവഃ ॥

അന്വയം — പ്രഥമം. ത്രികം. രൂപദ്രവത്വപ്രത്യക്ഷയോഗി. സ്യാൽ. ദ്വെ. ഗുരുണീ. രസവതീ, ച. ദ്വയൊഃ. നൈമിത്തികഃ ദ്രവഃ. ഭവെത്.

അന്വയാൎത്ഥം — പ്രഥമമായിരിക്കുന്ന ത്രികം രൂപദ്രവത്വപ്രത്യക്ഷയൊഗിയായി ഭവിക്കും. രണ്ടുകൾ ഗുരുക്കളായിട്ടും രസവത്തുക്കളായിട്ടും ഭവിക്കുന്നു. രണ്ടുകളിൽ നൈമിത്തികമായിരിക്കുന്ന ദ്രവം ഭവിക്കുന്നു.

പരിഭാഷ — പ്രഥമം=ആദ്യം. ത്രികം=മൂന്നു. രൂപദ്രവത്വപ്രത്യക്ഷയോഗി=രൂപദ്രവത്വപ്രത്യക്ഷയോഗമുള്ളത. രൂപദ്രവത്വപ്രത്യക്ഷയോഗം=രൂപദ്രവത്വപ്രത്യക്ഷങ്ങളുടെയോഗം. രൂപദ്രവത്വപ്രത്യക്ഷങ്ങൾ=രൂപവും ദ്രവത്വവും പ്രത്യക്ഷവും. രൂപം=വെളുപ്പു മുതലായ നിറം. ദ്രവത്വം=ദ്രവത്വമെന്നഗുണം. പ്രത്യക്ഷം=ഇന്ദ്രിയസംയൊഗം ഹെതുവായിട്ടുണ്ടാകുന്ന ജ്ഞാനം. യൊഗം=സംബന്ധം. രണ്ടുകൾ=രണ്ടുദ്രവ്യങ്ങൾ. ഗുരുക്കൾ=ഗുരുത്വമുള്ളവ. ഗുരുത്വം=ഗുരുത്വമെന്നഗുണം. രസവത്തുക്കൾ=ര

സമുള്ളവ- രസം=രസമെന്നുള്ളതും- (മധുരംമുതലായത) നൈമിത്തികം=നിമിത്തത്താൽ ഉണ്ടാക്കപ്പെടുന്നത- നിമിത്തം=കാരണം- ദ്രവം=ദ്രവത്വമെന്നുള്ളതും-

സാരം—— ആദ്യമായ മൂന്ന എന്നാൽ ഭൂമി ജലം, തെജസ്സ- ഇതുകളാകുന്നു-ഭൂമിക്കും ജലത്തിന്നും തെജസ്സിന്നും രൂപവത്വവും ദ്രവത്വവത്വവും പ്രത്യക്ഷവിഷയത്വവും സാധൎമ്മ്യമാകുന്നു- രൂപവത്വം=രൂപവത്തായ്യെന്നുള്ളത- രൂപവത=രൂപമുള്ളത- ഇതു ഭൂമിക്കും ജലത്തിന്നും തെജസ്സിന്നുമുണ്ടു- മലരിന്റെ വിത്തു വറക്കുവാനായി തീയ്യിൽ വെച്ചു പഴുപ്പിച്ച കലത്തിന്മെൽ ചെൎന്നിരിക്കുന്ന തീയ്യിന്റെ ഉഷ്ണവും തെജോരൂപ പദാൎത്ഥത്തിൽചെൎന്നതുകളാകുന്നുവെല്ലൊ അതിന്നാൽ രൂപവത്വമുണ്ടൊ ഇല്ലയൊ ഇല്ല എന്ന അംഗീകരിച്ചാൽ ഭൂമിജലതെജസ്സുകൾക്കു രൂപവത്വം സാധൎമ്മ്യമെന്നു പറഞ്ഞത യുക്തമല്ലെന്നു വരും അതുകൊണ്ടു മെൽ പറഞ്ഞ തീയ്യിന്നും ഉഷ്ണത്തിന്നും രൂപവത്വമുണ്ട എന്നു തന്നെ അംഗീകരിക്കെണം അപ്രകാരം അംഗീകരിച്ചാലും അതുകളിലെ രൂപവത്വം പ്രമാണസാദ്ധ്യമാകയാൽ അതിന്നു പ്രമാണം ഇന്നതെന്നു പറയെണം എന്നാണു എങ്കിൽ പറയാം സ്പഷ്ടമായ രൂപത്തെ കണ്ണുകൊണ്ടു ഗ്രഹിക്കാം സ്പഷ്ടമല്ലാത്തതു ഹെതുവായിട്ട അതുകളുടെ രൂപം കണ്ണുകൊണ്ടു ഗ്രഹിക്കപ്പെടുന്നില്ല അസ്പഷ്ടമായ രൂപത്തെ അതുകളിൽ അംഗീകരിക്കാതെ കഴിവില്ലതെജസ്സാകുന്ന ധൎമ്മം രൂപത്തൊടു കൂടാതെ ചെൎന്നിരിക്കാത്തതാകുന്നു എവിടെ തെജസ്സുചെൎന്നിരിക്കുന്നുവൊ അവിടെ രൂപവത്വമുണ്ട എന്നൊരു നിയമം സിദ്ധമായിരിക്കുന്നു ഇങ്ങിനെയാകയാൽ അനുമാനം തന്നെ അതിന്നു പ്രമാണമെന്നു അറിഞ്ഞുകൊൾക. ഇതുകൊണ്ടു തെജോമയമായ ചക്ഷുസ്സ എന്ന ഇന്ദ്രിയത്തിന്നും രൂപവത്വം സിദ്ധമായി കാറ്റ വഴിക്കും സമീപത്തെപ്രാപിച്ചതായ ഭൂമിയുടെയും ജലത്തിന്റെയും സൂക്ഷ്മങ്ങളായ അവയവങ്ങൾക്കു രൂപവത്വത്തിന്റെ സിദ്ധി ഇപ്രകാരം തന്നെ അതുകൊണ്ടു രൂപവത്വത്തിന്ന ലക്ഷ്യമായ തെജസ്സിൽ ഒട്ടെത്തും ഇല്ലായ്മ ഇല്ല- മറ്റുള്ള ദൊഷങ്ങളെ ഉപപാദിപ്പാനും വഴിയില്ല- ഇപ്രകാരം ആകയാൽ അതു മെൽ പറഞ്ഞതുകൾക്കു സാധൎമ്മ്യം തന്നെ ഇപ്രകാരം ദ്രവത്വവത്വവും സാധൎമ്മ്യംതന്നെ- ദ്രവത്വവത്വം=ദ്രവത്വവത്തായ്യെന്നുള്ളത- ദ്രവത്വവത=ദ്രവത്വമുള്ളത- ഇതു ഭൂമിക്കും ജലത്തിന്നും തെജസ്സിന്നുമുണ്ടു- മെ

ന്റെ ഒന്നിന്നും ഇല്ല- ഗന്ധം, രസം ഇത്യാദികളായ ഗുണങ്ങൾ ഭൂമിയിൽ മാത്രമുള്ളവയാകുന്നു- അണുക്കൾ അഗ്നി സംയോഗം കൊണ്ടുമാത്രം ചുടുകി ഭേദപ്പെടുത്തോടു കൂടിയതുകളായി ഭവിക്കുന്നതുകളാകയാൽ ഭൂമിയിൽ രൂപാദികൾ അഗ്നിസംയോഗരൂപനിമിത്താൽ ഉണ്ടാക്കപ്പെടുന്നതായി ഇരിക്കുന്നു എന്നും ജലത്തിങ്കൽ സ്വാഭാവികമായിട്ടു തന്നെ ഉണ്ടെന്നും പൊന്നു എന്ന പദാൎത്ഥം തെജസ്സിങ്കൽ ചെൎന്നതാകുന്നു എന്നത ൟ ശാസ്ത്രത്തെ അറിയുന്നവൎക്ക സിദ്ധമായിട്ടുള്ളതാകയാലും അതിന്നും നൈമിത്തികമായ ദ്രവത്വം ഉള്ളതാകയാലും ഭൂമി ജലതെജസ്സുകൾ ദ്രവത്വമെന്ന ഗുണമുള്ളതുകൾ തന്നെ എങ്കിലും ഭൂമിയിൽ അന്തൎഭവിച്ചതുകൾ ഒക്കെയും മെൽപ്രകാരം തന്നെ എന്നത സിദ്ധമല്ല- ഘടംമുതലായതും ഭൂമിതന്നെ അതിങ്കൽ ദ്രവത്വമില്ല- ഇപ്രകാരം പൊന്നല്ലാതെ ഉള്ള തെജസ്സിന്നും ദ്രവത്വമില്ല- ഇങ്ങിനെ ഉള്ള അവസ്ഥകൾ ദ്രവത്വവത്തായ ഭൂമി ജല തെജസ്സുകൾക്കു സാധൎമ്മ്യമെന്നതു ചെരാത്തതാകുന്നു- അതുകൊണ്ടു ഇവിടെ ദ്രവത്വവത്ത്വമെന്നതിന്നു ദ്രവത്വവത്ത്വവൃത്തിദ്രവ്യത്വവ്യാപ്യജാതിമത്വമെന്ന അൎത്ഥമാകുന്നു എന്നു ഗ്രഹിച്ചുകൊൾക- ദ്രവത്വവത്ത്വവൃത്തി ദ്രവ്യത്വവ്യാപ്യജാതിമത്വം= ദ്രവത്വവത്ത്വവൃത്തിയായി ദ്രവ്യത്വവ്യാപ്യയായിരിക്കുന്ന ജാതി ഉള്ളതാകുന്നു എന്നുള്ളത- ദ്രവത്വവത്ത്വവൃത്തി= ദ്രവത്വമുള്ളെടത്തു ഇരിക്കുന്നത- ദ്രവ്യത്വവ്യാപ്യ= ദ്രവ്യത്വമില്ലാത്തെടത്തു ഇരിക്കാത്തത- ഇങ്ങിനെ മെൽപറഞ്ഞതിന്റെ സാരം ഭൂമിയിൽ ദ്രവത്വമുള്ളെടത്തു ഇരിക്കുന്നതായിട്ടും ദ്രവ്യത്വമില്ലാത്തെടത്തു ഇരിക്കാത്തതായിട്ടും ഉള്ള ജാതി ഭൂമിത്വമത്രെ ആകുന്നത- ഇതിന്നു പൃഥിവീത്വം ക്ഷിതിത്വം ഇത്യാദിവാക്കുകൾകൊണ്ടും വ്യവഹാരമുണ്ടു- ജലത്തിങ്കൽ മെൽപ്രകാരമുള്ള ജാതി ജലത്വമത്രെ ആകുന്നത- തെജസ്സിങ്കൽ മെൽപ്രകാരമുള്ള ജാതി തെജസ്ത്വമത്രെ ആകുന്നത- ഇങ്ങിനെ ഉള്ള മൂന്നു ജാതികളെയും ദ്രവത്വവത്ത്വവൃത്തി ദ്രവ്യത്വവ്യാപ്യജാതി എന്ന പദം കൊണ്ടു ഗ്രഹിക്കപ്പെടുവാൻ കഴിയുന്നതാകയാൽ ഭൂമിമുതലായ മൂന്നിന്നും ദ്രവത്വവത്ത്വവൃത്തി ദ്രവ്യത്വവ്യാപ്യ ജാതിമത്വം സാധൎമ്മ്യം തന്നെ- ഇതിന്നു മെൽ പറയപ്പെട്ട അവ്യാപ്തി ദൊഷം വരികയുമില്ല എന്നതു പരീക്ഷയിൽ അറികയുമാം- അതിവ്യാപ്തി മുതലായതു മെൽ പ്രകാരം തന്നെ ഇരുന്നാലും പ്രസംഗിച്ചിട്ടുമില്ലല്ലൊ- ഇവിടെ ദ്രവ്യത്വവ്യാപ്യ എന്ന വിശെഷണം പറയാതെ ഇരുന്നാൽ സത്താ എന്ന മഹാജാതി

യെ പിടിച്ചു ശിഷ്ടദ്രവ്യങ്ങളിലും ഗുണകൎമ്മങ്ങളിലും അതിവ്യാപ്തിയെ പറയും അതുകൊണ്ടു അങ്ങിനെ ഒരു വിശെഷണം ചെൎത്തിരിക്കുന്നു. മെൽ പറഞ്ഞതുകൾ എന്നപൊലെ പ്രത്യക്ഷ വിഷയതാവും മെൽ പറഞ്ഞതുകൾക്കു സാധൎമ്മ്യമാകുന്നു. ഭൂമിയും ജലവും തെജസ്സും പ്രത്യക്ഷത്തിന്നു വിഷയമായിട്ടും വിഷയമല്ലാതെയും ഉണ്ടു. മഹത്വമുള്ളതുകൾ പ്രത്യക്ഷത്തിന്നു വിഷയങ്ങളായിട്ടും അണുകൾ വിഷയങ്ങളല്ലാതെയും ഇരിക്കുന്നു. ഭൂമിയിലും ജലത്തിലും തെജസ്സിലും അന്തൎഭവിക്കാത്തതുകളായ രൂപാദി ഗുണങ്ങളും പ്രത്യക്ഷ വിഷയങ്ങളായിട്ടുണ്ടു. അതുകൊണ്ടു മെൽ പറഞ്ഞതിന്നു ചാക്ഷുഷലൌകിക പ്രത്യക്ഷ വിഷയമായ ഒരു വസ്തുവിങ്കൽ ഇരിക്കുന്നതായിട്ടും ദ്രവ്യത്വമില്ലാതെടത്തു ഇരിക്കാത്തതായിട്ടുമുള്ള ജാതിയൊടു കൂടിയതാവു എന്നുള്ളതു എന്നുള്ള അൎത്ഥത്തെ ഗ്രഹിച്ചു കൊൾകയും വെണം. ചാക്ഷുഷലൌകിക പ്രത്യക്ഷമെന്ന പദംകൊണ്ടു ഗ്രഹിക്കെണ്ടതു ഇന്നതെന്നുള്ളതു മെലിൽ പ്രത്യക്ഷ നിരൂപണ പ്രകരണത്താൽ സ്പഷ്ടമാകപ്പെടുകയും ചെയ്യും. ചക്ഷുസ്സിന്നും ഗ്രാഹ്യവസ്തുവിന്നും കൂടി ലൌകികമായ സംയൊഗാദി സന്നികൎഷത്താൽ ഉണ്ടാകപ്പെടുന്നതായ പ്രത്യക്ഷ ജ്ഞാനമെന്ന ഇവിടെ ഗ്രഹിച്ചു കൊൾക. ആത്മാവിങ്കൽ മനൊരൂപെന്ദ്രിയത്തിന്റെ സംയൊഗത്താൽ ഉണ്ടാകുന്നതായ ആത്മപ്രത്യക്ഷത്തിന്നു ആത്മാവു വിഷയമാകയാൽ അതിവ്യാപ്തി വരികയരുത എന്നു വിചാരിച്ചിട്ടത്രെ ലൌകിക പ്രത്യക്ഷത്തെ ഇവിടെ ചാക്ഷുഷപദംകൊണ്ടു വിശെഷിപ്പിച്ചതെന്ന അറിഞ്ഞു കൊൾക. ഗുരുത്വവത്വവും രസവത്വവും ഭൂമിക്കും ജലത്തിന്നും സാധൎമ്മ്യമാകുന്നു. ഗുരുത്വവത്വം=ഗുരുത്വമുള്ളതാവു എന്നുള്ളതു. രസവത്വമെന്നതിന്നും ഇപ്രകാരം അൎത്ഥത്തെ ഗ്രഹിച്ചു കൊൾക. ഘ്രാണമെന്ന ഇന്ദ്രിയം ഭൂമിയിൽ അന്തൎഭൂതമാകുന്നു. രസനെന്ദ്രിയം ജലത്തിൽ അന്തൎഭവിച്ചതാകുന്നു ഇപ്രകാരം കൂററിനാൽ അനെക വഴികൾ കൊണ്ടു നടത്തപ്പെടുന്ന ഭൂമിയുടെ സൂക്ഷ്മാവയവത്തിന്നും ജലത്തിന്റെ സൂക്ഷ്മാവയവത്തിന്നും ഗുരുത്വവത്വവും രസവത്വവുമുണ്ടു എന്നതു പൃഥിവീത്വം കൊണ്ടും ജലത്വംകൊണ്ടും അനുമിച്ചു കൊൾക. പൃഥ്വീജലങ്ങൾക്കു നൈമിത്തിക ദ്രവത്വവത്വവും സാധൎമ്മ്യമാകുന്നു. നൈമിത്തികം=ഹെതുവശാൽ ഉണ്ടാകുന്നതു. അങ്ങിനെ ഉള്ള ദ്രവത്വം പൃഥിവിയിൽ അന്തൎഭവിച്ചതുകളായ അരക്കു.

ന്റെയും. ഇത്യാദിപദാൎത്ഥങ്ങളിലും തെജസ്സിൽ അന്തൎഭവിച്ചതായ സുവൎണ്ണത്തിലുമുണ്ടു. എങ്കിലും ഘടം മുതലായതുകളിലും തിയ്യു മുതലായതുകളിലും ഇല്ലായ്കയാൽ വരുന്ന അവ്യാപ്തിയുടെ പരിഹാരത്തിനായിക്കൊണ്ടു മെൽ പറകപ്പെട്ട നൈമിത്തിക ദ്രവത്വവത്വമെന്നതിന്ന നൈമിത്തിക ദ്രവത്വ സമാനാധികരണ ദ്രവ്യത്വവ്യാപ്യജാതിമത്വമെന്നുള്ള അൎത്ഥാന്തരത്തെ ഗ്രഹിച്ചു കൊൾകയും വെണം.

നൈമിത്തികദ്രവത്വസമാനാധികരണദ്രവ്യത്വവ്യാപ്യജാതിമത്വം=നൈമിത്തികദ്രവത്വത്തൊടുസമാനാധികരണയായും ദ്രവ്യത്വവ്യാപ്യയായും ഇരിക്കുന്നജാതിയൊടുകൂടിയതാവുക എന്നുള്ളത. നൈമിത്തികദ്രവത്വസമാനാധികരണം= നൈമിത്തികദ്രവത്വത്തൊടുസമാനമായിരിക്കുന്ന അധികരണത്തൊടുകൂടിയത. നൈമിത്തികദ്രവത്വം= നൈമിത്തികമായിരിക്കുന്ന ദ്രവത്വം. നൈമിത്തികം= നിമിത്തവശാൽഉണ്ടാകുന്നത. ദ്രവത്വം=ദ്രവത്വമെന്നഗുണം. സമാനം=തുല്യം. അധികരണം ഇരിപ്പിടം. ദ്രവ്യത്വവ്യാപ്യ ദ്രവ്യത്വമില്ലാത്തെടത്തഇരിക്കാത്തത. ഇങ്ങിനെ മെൽപറഞ്ഞതിന്റെ അൎത്ഥത്തെയും മെൽപ്രകാരമുള്ളജാതി ഒന്ന പൃഥിവീത്വവും രണ്ടാമത്തെത തെജസ്ത്വവുമാകുന്നുഎന്നും മൂന്നാമത്തെതായിട്ട ഒന്നുമില്ലെന്നും പൃഥിവീത്വവും തെജസ്ത്വവും എല്ലാപൃഥിവികളിലുംഎല്ലാതെജസ്സുകളിലും ഇരിക്കുന്നുഎന്നും ഗ്രഹിച്ചുകൊൾക.

൨൭. ആത്മാനൊഭൂതവൎഗ്ഗശ്ചവിശെഷഗുണയൊഗിനഃ। യദുക്തമസ്യസാധൎമ്മ്യംവൈധൎമ്മ്യമിതരസ്യതൽ॥

അന്വയം___ ആത്മാനഃ- ഭൂതവൎഗ്ഗഃ- ച- വിശെഷഗുണയൊഗിനഃ- ഭവന്തി- അസ്യ- യൽ- സാധൎമ്മ്യം- ഉക്തം- തൽ- ഇതരസ്യ- വൈധൎമ്മ്യം- ഭവതി-

അന്വയാൎത്ഥം ___ ആത്മാക്കളും ഭൂതവൎഗ്ഗവും വിശെഷഗുണയൊഗികളായിഭവിക്കുന്നു. ഇതിന്നയാതൊന്നു സാധൎമ്മ്യമായിട്ടു ഉക്തമായിഭവിക്കുന്നുവൊ അതഇതരത്തിന്നവൈധൎമ്മ്യമായി ഭവിക്കുന്നു.

പരിഭാഷാ___ ആത്മാക്കൾ=ജീവാത്മാക്കളും പരമാത്മാവും. ഭൂതവൎഗ്ഗം=ഭൂതങ്ങളുടെവൎഗ്ഗം. ഭൂതങ്ങൾ=പൃഥിവ്യപ്തെജൊവായ്വാകാശങ്ങൾ. വൎഗ്ഗം=സമൂഹം. വിശെഷഗുണയൊഗികൾ=വിശെഷഗുണയൊഗമുള്ളവ. വിശെഷഗുണയൊഗം=വിശെഷഗുണത്തിന്റെയൊഗം. വിശെഷഗുണം ഇന്നതെന്നുമുമ്പുപറ

കളെപ്പട്ടു) യോഗം=സംബന്ധം- സാധൎമ്മ്യം=സമാനധൎമ്മം- ഉക്തം=വചിക്കപ്പെട്ട -ഗദിതം=പറക- ഇതരത്=അന്യം- വൈധൎമ്മ്യം=വിരുദ്ധധൎമ്മം-

സാരം—— പൃഥിവി ജലം- തേജസ്സ- വായു- ആകാശം- ആത്മാവ- ഈ ആറുപദാൎത്ഥങ്ങൾക്ക വിശേഷഗുണവത്വം സാധൎമ്മ്യമാകുന്നു- വിശേഷഗുണവത്വം=വിശേഷഗുണത്തോടുകൂടിയതാവു എന്നുള്ളത ഇങ്ങിനെതന്നെ മൂൎത്തത്വമുതലായധൎമ്മങ്ങൾ ചിലതുകൾക്ക സാധൎമ്മ്യമായിപറകപ്പെട്ടതുമാത്രംകൊണ്ടുതന്നെ പദാൎത്ഥങ്ങളുടെവൈധൎമ്മ്യത്തെയും ഗ്രഹിക്കാം എങ്ങിനെ എന്നാൽ മെല്പറഞ്ഞധൎമ്മങ്ങളിൽ ഒന്നാമത്തെസൎവ്വസാധാരണമായിരുന്നാലും മറ്റുള്ളതുകൾ പ്രത്യേകവസ്തുക്കൾക്ക സാധാരണങ്ങളായിപറകപ്പെട്ടവൊ അതുകളിൽനിന്ന അന്യങ്ങളായവസ്തുക്കൾക്കതുകൾ തന്നെവിരുദ്ധധൎമ്മങ്ങളായിവരികയെന്നപ്രകാരം ഗ്രഹിച്ചുകൊൾക-

ഇതിസാധൎമ്മ്യവൈധൎമ്മ്യ
പ്രക്രിയാ സമാപ്താ·

൨൯· വായോൎന്നവൈകാദശതേജസോഗുണാജലക്ഷിതിപ്രാണഭൃതാംചതുൎദ്ദശ। ദിക്കാലയോഃപഞ്ചഷഡേവചാംബരെമഹേശ്വരെഷ്ടൗമനസസ്തഥൈവച॥

അന്വയം—— വായോഃ) ഗുണാഃ നവ. ഏവ- തേജസഃ-ഗുണാഃ- ഏകാദശ- ഏവ- ജലക്ഷിതിപ്രാണഭൃതാം- ഗുണാഃ- ചതുൎദ്ദശ- ഏവ- ദിക്കാലയോഃ- ഗുണാഃ- പഞ്ച-ഏ- അംബരെ, ഗുണാഃ- ഷൾ ഏവഃ-ച മഹേശ്വരെ- ഗുണാഃ- അഷ്ടൗ ഏ- തഥാ- മനസഃ- ഗുണാഃ-ച- അഷ്ടൗ ഏവ

അന്വയാൎത്ഥം —— വായുവിന്റെ ഗുണങ്ങൾ ഒമ്പതുതന്നെ തെജസ്സിന്റെഗുണങ്ങൾ പതിനൊന്നുതന്നെ ജലക്ഷിതിപ്രാണഭൃത്തുകളുടെ ഗുണങ്ങൾപതിനാലുതന്നെ ദിക്കാലങ്ങളുടെഗുണങ്ങൾ അഞ്ചുതന്നെ അംബരത്തിങ്കൽഗുണങ്ങൾആറുതന്നെ മഹെശ്വരങ്കൽ ഗുണങ്ങൾഎട്ടുതന്നെ മനസ്സിന്റെയുംഗുണങ്ങൾഎട്ടുതന്നെ

പരിഭാഷാ—— തെജസ്സ=അഗ്നിമുതലായത- ജലക്ഷിതിപ്രാണഭൃത്തുകൾ=ജലവും ക്ഷിതിയും പ്രാണഭൃത്തുകളും- ക്ഷിതി=ഭൂമി- പ്രാണഭൃത്തുകൾ=ജീവാത്മാക്കൾ ദിക്കാലങ്ങൾ=ദിക്കും കാലവും- അംബരം=ആകാശം- മഹെശ്വരൻ=പരമാത്മാവ-

അതാതുദ്രവ്യങ്ങളുടെഗുണസംഖ്യ.

സാരം — വായുവിന്ന ആകെ ഗുണങ്ങൾ ഒമ്പത — തെജസ്സിന്ന ആകെ ഗുണങ്ങൾ പതിനൊന്ന ജലത്തിന്നും ഭൂമിക്കും ആകെ ഗുണങ്ങൾ പ്രത്യെകം പതിന്നാല ജീവാത്മാക്കൾക്ക മെൽപ്രകാരംതന്നെ ദിക്കിന്നും കാലത്തിന്നും ആകെ ഗുണങ്ങൾ പ്രത്യെകം അഞ്ച ആകാശത്തിന്ന ഗുണങ്ങൾ ആകെ ആറ പരമാത്മാവിന്ന ഗുണങ്ങൾ ആകെ എട്ട മനസ്സിന്നും മെൽപ്രകാരംതന്നെ വായ്വാദികൾക്ക മെൽപറഞ്ഞ പ്രകാരമുള്ള ഗുണങ്ങൾ ഏതെല്ലാമെന്ന ഇനി പറയുന്നതുകൊണ്ട സ്പഷ്ടമാകയും ചെയ്യും.

൨൭. സ്പൎശാദയൊഽഷ്ടൌ വെഗാഖ്യസംസ്കാരൊ മരുതൊ ഗുണാഃ। സ്പൎശാദ്യഷ്ടൌ രൂപവെഗൌ ദ്രവത്വം തെജസൊ ഗുണാഃ॥

അന്വയം — മരുതഃ ഗുണാഃ സ്പൎശാദയഃ അഷ്ടൌ വെഗാഖ്യസംസ്കാരഃ ച. തെജസഃ ഗുണാഃ സ്പൎശാദ്യഷ്ടൌ രൂപവെഗൌ ദ്രവത്വം ച.

അന്വയാൎത്ഥം — മരുത്തിന്റെ ഗുണങ്ങൾ സ്പൎശാദികളായ എട്ട വെഗാഖ്യസംസ്കാരവുമാകുന്നു. തെജസ്സിന്റെ ഗുണങ്ങൾ സ്പൎശാദികളായ എട്ടും രൂപവെഗങ്ങളും ദ്രവത്വവുമാകുന്നു.

പരിഭാഷാ — മരുത = വായു. സ്പൎശാദികൾ = സ്പൎശം തുടങ്ങി ഉള്ളവ. വെഗാഖ്യസംസ്കാരം = വെഗാഖ്യമായിരിക്കുന്ന സംസ്കാരം. വെഗാഖ്യം = വെഗമെന്ന പെരൊടുകൂടിയത. ആഖ്യാ = പെര. സംസ്കാരം സംസ്കാരമെന്ന ഗുണം. സ്പൎശാദികൾ = സ്പൎശം തുടങ്ങിയുള്ളവ. രൂപവെഗങ്ങൾ = രൂപവും വെഗവും. രൂപം = വെളുപ്പ കറുപ്പ ഇത്യാദി. വെഗം = വെഗമെന്ന സംസ്കാരം. ദ്രവത്വം = ദ്രവത്വമെന്ന ഗുണം.

വായുഗുണങ്ങൾ

സാരം — സ്പൎശം, സംഖ്യാ, പരിമാണം, പൃഥക്ത്വം, സംയൊഗം, വിഭാഗം, പരത്വം, അപരത്വം, വെഗമെന്ന സംസ്കാരം ഇങ്ങിനെ വായുവിന്റെ ഗുണങ്ങൾ ഒമ്പതാകുന്നു.

തെജൊഗുണങ്ങൾ.

സ്പൎശം മുതലായി മെൽപറഞ്ഞിട്ടുള്ളവ എട്ടും രൂപവും വെഗവും ദ്രവത്വവും ഇങ്ങിനെ തെജസ്സിന്റെ ഗുണങ്ങൾ പതിനൊന്നാകുന്നു.

൨൮. സ്പൎശാദയൊഽഷ്ടൌ വെഗശ്ച ഗുരുത്വം ച ദ്രവത്വകം। രൂപം രസസ്തഥാ സ്നെഹൊ വാരിണ്യെതെ ചതുൎദ്ദശ॥

അന്വയം — സ്പൎശാദയഃ അഷ്ടൌ. വെഗഃ. ച. ഗുരുത്വം. ച. ദ്രവത്വകം. ച. രൂപം. രസഃ. തഥാ. സ്നെഹഃ. ച. ഏതെ.

ചതുൎദ്ദശ- ഗുണാഃ- വാരിണി ഭവന്തി-

അന്വയാൎത്ഥം—— സ്പൎശാദികൾ ഏഴും വേഗവും ഗുരുത്വവും ദ്രവത്വവും രൂപവും രസവും അപ്രകാരം സ്നേഹവുമാകുന്നൊരം പതിന്നാലുഗുണങ്ങൾ വാരിയിങ്കൽഭവിക്കുന്നു.

പരിഭാഷാ— സ്പൎശാദികൾ=സ്പൎശം തുടങ്ങിയുള്ളവ- സ്പൎശം= സ്പൎശമെന്നഗുണം- വേഗം=വേഗമെന്നസംസ്കാരം- ഗുരുത്വം=ഗുരുത്വമെന്നഗുണം-, ദ്രവത്വം=ദ്രവത്വമെന്നഗുണം- രൂപം=രൂപമെന്നഗുണം- രസം=രസമെന്നഗുണം- സ്നേഹം=സ്നേഹമെന്നഗുണം- വാരി=ജലം-

ജലഗുണങ്ങൾ

സാരം— മേൽപറകപ്പെട്ടതുകളായസ്പൎശം മുതൽഏഴും വേഗമെന്നസംസ്കാരവും ഗുരുത്വവും ദ്രവത്വവും രൂപവുംരസവും സ്നേഹവും ഇങ്ങിനെജലഗുണങ്ങൾപതിന്നാലാകുന്നു.

൩൨- സ്നേഹഹീനാഗന്ധയുതാഃക്ഷിതാവേതേചതുൎദ്ദശ। ബുദ്ധ്യാദിഷൾകംസംഖ്യാദിപഞ്ചകംഭാവനാതഥാ॥

൩൩- ധൎമ്മാധൎമ്മൌഗുണാഏതെആത്മനസ്സ്യുശ്ചതുൎദ്ദശ। സംഖ്യാദിപഞ്ചകം കാലദിശോശ്ശബ്ദശ്ചതെചഖെ॥

അന്വയം— സ്നേഹഹീനാഃ- ഗന്ധയുതാഃ- ഏതെ- ചതുൎദ്ദശ- ഗുണാഃ- ക്ഷിതൌ- ഭവന്തി- ആത്മനഃ- ബുദ്ധ്യാദിഷൾകം- സംഖ്യാദിപഞ്ചകം- ഭാവനാ- തഥാ- ധൎമ്മാധൎമ്മൌ ച ഏതെ- ചതുൎദ്ദശ- ഗുണാഃ സ്യുഃ- കാലദിശൊഃ- സംഖ്യാദിപഞ്ചകം- ഭവതി- ഖെ- തെച-ശബ്ദ-ശ്ച.

അന്വയാൎത്ഥം—— സ്നേഹഹീനങ്ങളായിഗന്ധയുക്തങ്ങളായിരിക്കുന്ന ഈ പതിന്നാലു ഗുണങ്ങൾക്ഷിതിയിങ്കൽ ഭവിക്കുന്നു. ആത്മാവിന്നുബുദ്ധ്യാദിഷൾകവും സംഖ്യാദിപഞ്ചകവും ഭാവനയും അപ്രകാരം ധൎമ്മാധൎമ്മങ്ങളുമാകുന്ന ഈ പതിനാലുഗുണങ്ങൾ ഭവിക്കും. കാലദിക്കുകൾക്കു സംഖ്യാദിപഞ്ചകം ഭവിക്കുന്നു- ഖത്തിങ്കൽ അതുകളും ശബ്ദവും ഭവിക്കുന്നു-

പരിഭാഷാ—— സ്നേഹഹീനങ്ങൾ=സ്നേഹത്തോടുകൂടാത്തവ- സ്നേഹം=സ്നേഹമെന്നഗുണം- ഗന്ധയുക്തങ്ങൾ=ഗന്ധത്തോടുകൂടിയവ- ഗന്ധം=ഗന്ധമെന്നഗുണം- ക്ഷിതി=പൃഥിവീ- (ഭൂമി) ആത്മാവ=ജീവാത്മാവ- ബുദ്ധ്യാദിഷൾകം=ബുദ്ധ്യാദികളുടെ ഷൾകം- ബുദ്ധ്യാദികൾ=ബുദ്ധിതുടങ്ങിയുള്ളവ- ഷൾകം=ആറെണ്ണത്തോടുകൂടിയസമുദായം- സംഖ്യാദിപഞ്ചകം=സംഖ്യാദികളുടെപഞ്ചകം- സംഖ്യാദികൾ=സംഖ്യതുടങ്ങിയുള്ളവ- പഞ്ചകം=

അഞ്ചെണ്ണത്തൊട കൂടിയസമുദായം. ഭാവനാ=ഭാവനായെന്നസംസ്കാരം. ധൎമ്മാധൎമ്മങ്ങൾ=ധൎമ്മവും അധൎമ്മവും. കാലദിക്കുകൾ=കാലവുംദിക്കും. സംഖ്യാദിപഞ്ചകം=സംഖ്യാദികളുടെ പഞ്ചകം. സംഖ്യാദികൾ=സംഖ്യതുടങ്ങിയുള്ളവ. പഞ്ചകം=അഞ്ചെണ്ണത്തൊടകൂടിയ സമുദായം. ഖം=ആകാശം. അതുകൾ=സംഖ്യാദികൾ.

പൃഥിവീഗുണങ്ങൾ

ജലത്തിന്ന പറകപ്പെട്ട ഗുണങ്ങളിൽ നിന്ന ദ്രവത്വത്തെ തള്ളി അതിന്റെ സ്ഥാനത്തിങ്കൽ ഗന്ധത്തെ ചെൎത്തുകൊൾക. എന്നാൽ ഉണ്ടാകുന്ന പതിനാലു ഗുണങ്ങൾ ഭൂമിയിൽ ഉണ്ടെന്ന അറിഞ്ഞുകൊൾക.

ജീവാത്മഗുണങ്ങൾ

ജീവാത്മാക്കൾക്ക ബുദ്ധി, സുഖം, ദുഃഖം, ഇച്ശാ, ദ്വെഷം, യത്നം, സംഖ്യാ, പരിമാണം, പൃഥക്ത്വം, സംയൊഗം, വിഭാഗം, ഭാവനാ എന്ന സംസ്കാരം, ധൎമ്മം, അധൎമ്മം ഇങ്ങിനെ പതിനാലു ഗുണങ്ങൾ ഉണ്ട

ദിക്കാലങ്ങളുടെഗുണങ്ങൾ

ദിക്കിന്നും കാലത്തിന്നും സംഖ്യാ പരിമാണം, പൃഥക്ത്വം, സംയൊഗം, വിഭാഗം. ഇങ്ങിനെ അഞ്ച ഗുണങ്ങളുണ്ട.

ആകാശഗുണങ്ങൾ

സംഖ്യമുതൽ അഞ്ചും ശബ്ദവും. ഇങ്ങിനെ ആകാശത്തിന്ന ആറ ഗുണങ്ങൾ ഉണ്ട.

൩൪. സംഖ്യാദയഃപഞ്ചബുദ്ധിരിച്ശായത്നൊപിചെശ്വരെ। പരാപരത്വെസംഖ്യാദ്യാഃ പഞ്ചവെഗശ്ചമാനസെ ॥

അന്വയം—— ഈശ്വരെ. സംഖ്യാദയഃ. പഞ്ച. ബുദ്ധിഃ. ഇച്ശാ. യത്നഃ. അപിച. മാനസെ. പരാപരത്വെ. സംഖ്യാദ്യാഃ. പഞ്ചവെഗഃ. ച.

അന്വയാൎത്ഥം—— ഈശ്വരങ്കൽസംഖ്യാദികളാകുന്ന അഞ്ചും ബുദ്ധിയും ഇച്ശയും യത്നവും ഭവിക്കുന്നു. മാനസത്തിങ്കൽ പരാപരത്വങ്ങളും സംഖ്യാദ്യങ്ങളായിരിക്കുന്ന അഞ്ചും വെഗവുംഭവിക്കുന്നു.

പരിഭാഷാ——— ഈശ്വരൻ=പരമാത്മാവ. സംഖ്യാദികൾ=സംഖ്യതുടങ്ങിയുള്ളവ. ബുദ്ധി=ബുദ്ധിയെന്നഗുണം (ജ്ഞാനം) യത്നം=പ്രയത്നം. മാനസം=മനസ്സ. പരാപരത്വങ്ങൾ=പരത്വവും അപരത്വവും. പരത്വം=പരത്വമെന്നഗുണം. അ

൧൦ *

പരത്വം=അപരത്വമെന്നുള്ളഗുണം. സംഖ്യാദ്യഷ്ടൗ=സംഖ്യതുടങ്ങി ഉള്ളവ വേഗം=വേഗമെന്ന സംസ്കാരം.

പരമാത്മഗുണങ്ങൾ

സാരം——സംഖ്യാ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, ബുദ്ധി, ഇച്ഛാ, പ്രയത്നം. ഇങ്ങിനെ പരമാത്മാവിന്റെ ഗുണങ്ങൾ എട്ടാകുന്നു

മനോഗുണങ്ങൾ

പരത്വം, അപരത്വം, സംഖ്യാ, പരിമാണം പൃഥക്ത്വം, സംയോഗം, വിഭാഗം വേഗമെന്നസംസ്കാരം. ഇങ്ങിനെ മനസ്സിന്റെ ഗുണങ്ങൾ എട്ടാകുന്നു.

ഇപ്രകാരമാകയാൽ വായുവിന്നു ഗുണങ്ങൾ ഒമ്പതെന്നും തേജസ്സിന്നുഗുണങ്ങൾ പതിനൊന്നെന്നും ജലത്തിന്നും പൃഥിവിക്കും ജീവാത്മാക്കൾക്കും പതിന്നാലിത എന്നും ദിക്കിന്നും കാലത്തിന്നും അഞ്ചെന്നും ആകാശത്തിന്നു ആറെന്നും പരമാത്മാവിന്നും മനസ്സിന്നും എട്ടെന്നും മുൻ പറഞ്ഞതു സിദ്ധമായി എന്നു അറിഞ്ഞുകൊൾക. ഇനി ദ്രവ്യനിരൂപണത്തിന്റെ അവസരം പ്രാപ്തമായിരിക്കയാൽ ക്ഷിത്യപ്തേജോമരുദ്വ്യോമ ഇത്യാദികാരികകൊണ്ടു പരിഗണനം ചെയ്യപ്പെട്ടുകളായ ദ്രവ്യങ്ങളെ ക്രമേണ നിരൂപിപ്പാൻ തുടങ്ങുന്നു.

മൂലം. തത്ര ക്ഷിതിർഗ്ഗന്ധഹേതുർന്നാനാരൂപവതീമതാ । ഷഡ്വിധസ്തുരസസ്തത്രഗന്ധസ്തുദ്വിവിധോമതഃ

അന്വയം—— തത്ര. ക്ഷിതിഃ. ഗന്ധഹേതുഃ. നാനാരൂപവതീ. മതാ. തത്ര. തു. ഷഡ്വിധഃ. രസഃ. ഗന്ധഃ തു. ദ്വിവിധഃ. മതഃ. ഭവതി

അന്വയാർത്ഥം — അതുകളിൽവെച്ചു ക്ഷിതി ഗന്ധഹേതുവായിട്ടും നാനാരൂപവതിയായിട്ടും മതയായി ഭവിക്കുന്നു അതിങ്കൽ തന്നെ ഷഡ്വിധമായിരിക്കുന്ന രസം ഭവിക്കുന്നു. ഗന്ധമാകട്ടെ ദ്വിവിധമായിട്ടു മതമായി ഭവിക്കുന്നു

പരിഭാഷാ—— അതുകൾ=ക്ഷിത്യാദിപദാർത്ഥങ്ങൾ. ക്ഷിതി=പൃഥിവീ. ഗന്ധഹേതു=ഗന്ധത്തിന്നുഹേതു. ഗന്ധം=ഗന്ധമെന്നുള്ളഗുണം. ഹേതു=കാരണം. (സമവായികാരണമെന്നു സാരം) നാനാരൂപവതീ=നാനാരൂപങ്ങൾഉള്ളതു. നാനാരൂപങ്ങൾ=അനേകരൂപങ്ങൾ. മതാ=അറിയപ്പെടുന്നതു. അതു=ക്ഷിതി. ഷഡ്വിധം=ആറുവിധങ്ങളോടുകൂടിയതു. വിധങ്ങൾ=പ്രകാരങ്ങൾ. രസം=രസമെന്നുള്ളഗുണം. ഗന്ധം=ഗന്ധമെന്നുള്ളഗുണം.

ദ്വിവിധം= രണ്ടുവിധകളോടുകൂടിയത. വിധകൾ=പ്രകാരങ്ങൾ. മതം=അറിയപ്പെടുന്നത.

ക്ഷിതിനിരൂപണം

ക്ഷിത്യപ്തെജ ഇത്യാദി ശ്ലോകം കൊണ്ടു പറയപ്പെട്ട ക്ഷിത്യാദി ദ്രവ്യങ്ങളിൽ വെച്ചു ക്ഷിതി എന്നത പൃഥിവിയാകുന്നു. എന്നു മുമ്പെ തന്നെ പറയപ്പെട്ടു. അതിന്റെ ലക്ഷണം ഗന്ധസമവായി കാരണത്വമാകുന്നു. (ഗന്ധസമവായികാരണത്വം= ഗന്ധസമവായി കാരണമാവു എന്നുള്ളത യാതൊന്നിങ്കൽ സമവായ സംബന്ധേന ഗന്ധം ഉണ്ടാകുന്നുവൊ അതു പൃഥിവിയാകുന്നു എന്നു ഗ്രഹിച്ചു കൊൾക. ഗന്ധവത്വം തന്നെ ലക്ഷണമാക്കി പറയപ്പെട്ടാൽ മതിയായിരുന്നു. അങ്ങിനെ ഇരിക്കുമ്പൊൾ ഗന്ധസമവായി കാരണത്വത്തെ ലക്ഷണമാക്കിയതിന്റെ ഫലം പൃഥിവീത്വമെന്ന ജാതിയുടെ പ്രമാണത്തെ ഇതുകൊണ്ടു ഗ്രഹിക്കാമെന്നുള്ളതു മാത്രമാകുന്നു. പൃഥിവീത്വമെന്ന ജാതി ഗന്ധസമവായി കാരണതയുടെ നിയാമക ധൎമ്മമായിട്ടു സിദ്ധിച്ചതാകുന്നു. ഗന്ധസമവായി കാരണത ഇന്നെടത്ത ഇരിക്കേണമെന്നും ഇന്നെടത്ത ഇരിക്കില്ല എന്നും നിയമമില്ലെങ്കിൽ ഗന്ധത്തിന്റെ സമവായി കാരണം ഇന്നതെന്നു നിശ്ചയിച്ചുകൂടാ എന്നു വരും എന്നാൽ ഗന്ധം താനെ ഉണ്ടാകുന്നതാകുന്നു എന്നും വരും. അപ്രകാരമായാൽ എവിടെ എങ്കിലുമാവാമല്ലൊ. അതുകൊണ്ടായിട്ട ഒരു നിയാമക ധൎമ്മത്തെ അംഗീകരിക്കേണം. അതു പൃഥിവീത്വമത്രെ ആകുന്നത എന്നു ഗ്രഹിച്ചു കൊൾക. ഗന്ധസമവായി കാരണത്വം ലക്ഷണമെന്നു പറഞ്ഞാലും ഗന്ധവത്വം ലക്ഷണമെന്നു പറഞ്ഞാലും അവ്യാപ്തിയുണ്ടു. കല്ലു മുതലായ വസ്തുക്കളിൽ ഗന്ധം സമവായ സംബന്ധേന ഉണ്ടാകുന്നു എന്നൊ കല്ലു മുതലായതുകളിൽ ഗന്ധമുണ്ടു എന്നൊ ആരും ഗ്രഹിക്കുന്നില്ല. കല്ലു മുതലായതുകൾ പൃഥിവിയിൽ അന്തൎഭവിക്കുന്നതുകളുമാകുന്നു. വേറെ ഒന്നിന്റെയും ലക്ഷണം അതുകൾക്കില്ല. ഇങ്ങിനെ ഇരിക്കുമ്പൊൾ പൃഥിവിയിലും ചെരുന്നതല്ലെന്നു വന്നാൽ പദാൎത്ഥാന്തരങ്ങളാണെന്നു വരും എന്നാൽ ശിലാദികൾ പൃഥിവ്യന്തൎഭൂതങ്ങളാകുന്നു എന്നുള്ള ചിരന്തനമായ ലോകവ്യവഹാരം വിരുദ്ധമാകുകയും ചെയ്യും. ചിരന്തനമായ ലോകവ്യവഹാരം അവിരുദ്ധമായിട്ടു തന്നെ ഇരിക്കേണം. എന്നാൽ ശിലാദികൾക്കു പൃഥിവീത്വമുണ്ടു എന്നംഗീകരിക്കേണം ഇങ്ങിനെയും

കയാൽ അതുകളിൽ മെൽ പറഞ്ഞ ലക്ഷണത്തിന്ന അവ്യാപ്തി ഉണ്ടു എന്നു പറഞ്ഞത സ്ഥിരം തന്നെ. എന്നു പറയുന്നവർ താഴെ കാണിക്കുന്ന സമാധാനത്തെ നൊക്കിക്കൊൾക. കല്ലു മുതലായ പദാൎത്ഥങ്ങളിലും ഗന്ധമുണ്ടെന്നു ഞാൻ പറയുന്നു എന്നാൽ അതിന്റെ അനുഭവമില്ലാത്തത എന്തു ഹെതുവായിട്ടാകുന്നു എന്നു ചൊദിക്കുന്നു എങ്കിൽ അനുഭവഗൊചരമായി ഭവിപ്പാൻ തക്കതായ ആധിക്യം അതിന്നു ഭവിക്കായ്കയാലാകുന്നു എന്നു ഗ്രഹിച്ചു കൊൾക. അതുകളിൽ അസ്ഫുടമായിട്ടും ഗന്ധമില്ല എങ്കിൽ അതുകൾക്കു പൃഥിവീത്വവുമില്ലെന്നുവരും പൃഥിവിയുടെ ലക്ഷണം ഗന്ധവത്വമാത്രമായിരിക്കുമ്പൊൾ സൎവ്വഥാഗന്ധാഭാവത്തെ സ്വീകരിച്ചാൽ അപ്രകാരം വരുമെല്ലൊ. അതുവരുന്നാകട്ടെ അപ്രമാണമായിട്ടും ചില ലൌകികവ്യവഹാരങ്ങൾ ഭവിക്കുന്നു എന്നില്ലായ്കയാൽ ലൊകവ്യവഹാരത്തെ ആദരിപ്പാൻ മനസ്സില്ല. ഇങ്ങിനെ പറയുന്നു എങ്കിൽ ഇവിടെ ഒന്നു ചൊദിക്കുന്നു. ഒരു ശിലകൊണ്ടുണ്ടാക്കപ്പെട്ട ഭസ്മത്തിങ്കൽ ഗന്ധമുണ്ടു എന്നത അനുഭവസിദ്ധമാകുന്നു. ശിലാഭസ്മം ശിലയുടെ ധ്വംസത്താൽ ഉണ്ടാക്കപ്പെട്ടതാകയാൽ അതിന്റെ ഉപാദാനത്തിന്നും ശിലയുടെ ഉപാദാനത്തിന്നും ഐക്യത്തെ സ്വീകരിക്കാതെ ഇരുന്നുകൂടാ യദ്ദ്രവ്യധ്വംസജന്യന്തദുപാദാനൊപാദെയം. എന്നൊരു നിയമമുണ്ടു. ഇതിന്റെ സാരം. യാതൊരു ദ്രവ്യം യാതൊരു ദ്രവ്യത്തിന്റെ ധ്വംസത്താൽ ജനിപ്പിക്കപ്പെടുന്നുവൊ ആ ദ്രവ്യം ആ ദ്രവ്യത്തിന്റെ ഉപാദാനത്താൽ (സമവായികാരണത്താൽ) ഉണ്ടാക്കപ്പെടുന്നതാകുന്നു എന്നത്രെ ആകുന്നത. ഇതു ലൊകത്തിങ്കൽ കണ്ടുവരുമാറുണ്ടു. വലുതായൊരു വസ്ത്രം ചെറുതാക്കി അനെകഖണ്ഡമായി വരുമാറു മുറിച്ചാൽ ആ സ്ഥലത്തിങ്കൽ വലുതായ വസ്ത്രം നശിക്കുകയും ചെറുതായ വസ്ത്രം ഉണ്ടാകയും ഇതുരണ്ടും ഭവിക്കുന്നു. ചെറുതായ വസ്ത്രം ഉണ്ടാകുമ്പൊൾ അതിന്നു സമവായി കാരണം വെണമെല്ലൊ അത എന്താകുന്നു എന്നു നൊക്കുമ്പൊൾ വെറെ ഒന്നും കണ്ടുവരുമാറില്ല അതുകൊണ്ടു അപ്പൊൾ ഉണ്ടായ ചെറുതായ വസ്ത്രം യാതൊരു മഹാവസ്ത്രത്തിന്റെ നാശത്താൽ ഉണ്ടാക്കപ്പെട്ടുവൊ അതിന്റെ സമവായി കാരണം യാതൊന്നൊ അതുതന്നെ അപ്പൊൾ ഉണ്ടായ ചെറുതായ വസ്ത്രത്തിന്നും സമവായി കാരണമെന്നു കല്പിക്കുന്നു. ഇപ്രകാരം ശിലാഭസ്മത്തിന്റെ സമവായി കാരണം ശിലയുടെ സമവായി

കാരണംതന്നെ എന്നാകല്പിക്കെണം- ശിലാദ്യസ്തം ഗന്ധത്തൊ
ടു കൂടിയതാകുന്നു എന്നത അനുഭവ സിദ്ധമാകയാൽ അതു പൃ
ഥിവിയിൽ അന്തൎഭവിച്ചതാകുന്നു എന്നും വരുന്നു ഒരു അവ
സ്ഥക്കു ശിലാസമവായി കാരണം പൃഥിവിയല്ലെന്നു വരുന്ന
ത എങ്ങിനെ ഇപ്രകാരമാകുന്നു- ഞാൻ ചൊദിക്കുന്നത ഇതി
ന്നു സമാധാന മില്ലായ്കയാൽ ശിലാദികൾ പൃഥിവ്യന്ത ഭൂത
ങ്ങൾ തന്നെ എന്നു അംഗീകരിച്ചു കൊൾക- മെൽ പറഞ്ഞ
ലക്ഷണത്തിന്റെ അവ്യാപ്തി പൃഥിവീത്വാദ്രൂപഹെതു കൊണ്ടു
ഗന്ധംസാധ്യമായിരിക്കുംവിഷയത്തിങ്കൽ അതിന്റെ അപ്രത്യ
ക്ഷതയെ അവ്യക്തത കൊണ്ടു ഉപപാദിച്ചും പരിഹരിപ്പാൻക
ഴിയുന്നതാകയാൽ അതിന്നായിക്കൊണ്ടു ലക്ഷണാന്തരത്തെസ്വീ
കരിക്കുന്നതു യൊഗ്യമായിട്ടുള്ളതല്ലെന്നതും സിദ്ധമാകുന്നു- ഇ
പ്രകാരം നാനാരൂപവത്വവും പൃഥിവിയുടെ ലക്ഷണമാകുന്നു-
വെളുപ്പ കറുപ്പ ഇത്യാദികളായ അനെകരൂപങ്ങൾ പൃഥിവിയി
ൽ അല്ലാതെ വെറെ ഒന്നിങ്കൽ ഇരിക്കുന്നില്ല- ജലതെജസ്സുക
ളിൽ വെളുപ്പമാത്രം ഉണ്ടു- വായ്വാദികൾ ഒന്നും അരൂപങ്ങ
ളാകുന്നു അതു ഹെതുവായിട്ടു നാനാരൂപവത്വം പൃഥിവിയു
ടെ ലക്ഷണമാകുന്നു- എന്നതു യുക്തം തന്നെ എന്നറിഞ്ഞുകൊ
ൾക- പൃഥിവിയിൽ ഒരെടത്തു തന്നെ പാകം നിമിത്തമായിട്ടു
നാനാ രൂപങ്ങളുടെ സംഭവവുമുണ്ടു യാതൊരെടത്തു പാകവ
ശാൽ അനെകരൂപങ്ങൾ ഉല്പന്നങ്ങളാവാതെ പൊകുന്നു
വൊ അവിടെ വരുന്ന അവ്യാപ്തിയെ പരിഹരിപ്പാനായിക്കൊ
ണ്ടു നാനാ രൂപവത്വമെന്നതിന്നു രൂപദ്വയവദ്വൃത്തി ദ്രവ്യ
ത്വവ്യാപ്യ ജാതി മത്വമെന്നുള്ള ആന്തരാൎത്ഥത്തെ ഗ്രഹിക്കുക
യും വെണം (രൂപദ്വയവദ്വൃത്തിദ്രവ്യത്വവ്യാപ്യജാതിമത്വം=
രൂപദ്വയവദ്വൃത്തിദ്രവ്യത്വവ്യാപ്യജാതിമതിയാവു എന്നുള്ളത-
രൂപദ്വയവദ്വൃത്തിദ്രവ്യത്വവ്യാപ്യജാതി=രൂപദ്വയ വദ്വൃത്തിയാ
യിട്ടും ദ്രവ്യത്വവ്യാപ്യയായിട്ടും ഇരിക്കുന്നജാതി- രൂപദ്വയവ
ദ്വൃത്തി=രൂപദ്വയവത്തിങ്കൽ വൃത്തിയൊടു കൂടിയത രൂപദ്വയ
വത്ത=രൂപദ്വയത്തൊടുകൂടിയത- രൂപദ്വയം=രണ്ടുരൂപങ്ങൾ-
വൃത്തി=സ്ഥിതി- ദ്രവ്യത്വവ്യാപ്യ=ദ്രവ്യത്വമില്ലാത്തെടത്തിരിക്കാ
ത്തത) ഇങ്ങിനെ ഉള്ള ജാതി പൃഥിവിത്വം തന്നെ അത എല്ലാ
പൃഥിവിയിലും ഉള്ളതാകയാൽ മെൽ പറഞ്ഞതിന്നു ഒരു വിധ
മായ ആന്തരാൎത്ഥത്തെ സ്വീകരിച്ചാൽ മെൽ പറഞ്ഞ ലക്ഷ
ണദൊഷശങ്കക്കു പിന്നെ അവസരമില്ലെന്നു അറിഞ്ഞു

കൊൾകയും വേണം. ഉല്പന്നാശവൃത്തിദ്രവ്യത്വവ്യാപ്യജാതിമത്വമെന്നാണ മേൽ പറഞ്ഞതിന്ന ആന്തരാൎത്ഥത്തെ കല്പിക്കാം– എന്നാലും ദോഷമില്ല വൈശേഷികമതത്തിങ്കൽ പാകവശാൽ പൃഥിവീപരമാണുക്കളിലും നൈയായികമതത്തിങ്കൽ ഘടാദികളിൽകൂടെയും ഉല്പന്നാശവും ഉല്പാദ്യോൽപ്പത്തിയും സ്വീകരിക്കപ്പെട്ടതുകളായിരിക്കയാൽ രണ്ടുലക്ഷണങ്ങളും യോജിക്കയും ചെയ്യും. ഇതുകൾ പോലെ മധുരാദികളായ ആറുരസങ്ങളും പൃഥിവിയിൽ ഇരിക്കുന്നതുകളാകയാൽ ആറുരസങ്ങളോടുകൂടിയതിങ്കൽ ഇരിക്കുന്നതായിട്ടും ദ്രവ്യത്വമില്ലാത്തേടത്ത ഇരിക്കാത്തതായിട്ടുമുള്ള ജാതിയാതൊന്നൊ അതിനോടുകൂടിയതാവു എന്നുള്ളതും പൃഥിവിയുടെ ലക്ഷണമാകുന്നു. പൃഥിവിയിൽ സുഗന്ധം, ദുൎഗ്ഗന്ധം ഇങ്ങിനെ രണ്ടുപ്രകാരമുള്ള ഗന്ധമിരിക്കുന്നു ഇതസ്പഷ്ടഫലമാകുന്നു ദ്വിവിധഗന്ധവത്വം പൃഥിവിയുടെലക്ഷണമാകുന്നു എന്ന വിചാരിക്കരുത ഒന്നിലെങ്കിലും സൎവ്വഥാഗന്ധമിരിക്കാത്തതാകയാൽ ഗന്ധവത്വം പൃഥിവിയുടെ ലക്ഷണമെന്നുപറഞ്ഞാൽതന്നെ മതിയായിരിക്കുമെപ്പോൾ ദ്വിവിധപദത്തെ ലക്ഷണശരീരത്തിങ്കൽ പ്രവേശിപ്പിച്ചാൽ അത ഒരുഭാരമായിത്തീരുമെന്നറിഞ്ഞുകൊൾക–

൩൬ സ്പൎശസ്തസ്യ വിജ്ഞേയോ ഹ്യനുഷ്ണാശീതപാകജഃ।
നിത്യാനിത്യാ ച സാ ദ്വേധാ നിത്യാ സ്യാദണുലക്ഷണാ॥

൩൭. അനിത്യാ തു തദന്യാ സ്യാൽ സൈവാവയവയോഗിനീ।
സാ ച ത്രിധാ ഭവേദ്ദേഹ ഇന്ദ്രിയം വിഷയസ്തഥാ॥

൩൮. യോനിജാദിൎഭവേദ്ദേഹമിന്ദ്രിയം ഘ്രാണലക്ഷണം। വിഷയോ ദ്വ്യണുകാദിസ്തു ബ്രഹ്മാണ്ഡാന്ത ഉദാഹൃതഃ॥

അന്വയം — തസ്യ– സ്പൎശഃ– തു– അനുഷ്ണാശീതപാകജഃ– വിജ്ഞേയഃ– ഹി– സാ– നിത്യാ– അനിത്യാ– ച– ദ്വേധാ ഭവതി– നിത്യാ– സാ– അണുലക്ഷണാ– ഭവതി– അനിത്യാ– സാ– തു– തദന്യാ– സ്യാൽ സാ ഏവ അവയവയോഗിനീ– ഭവതി– സാ– ദേഹം– ഇന്ദ്രിയം– തഥാ– വിഷയഃ– ഇതി ത്രിധാ ഭവേൽ– ദേഹം– യോനിജാദി– ഭവേൽ– ഇന്ദ്രിയം– ഘ്രാണലക്ഷണം– ഭവേൽ– വിഷയഃ– തു ദ്വ്യണുകാദിഃ– ബ്രഹ്മാണ്ഡാന്തഃ– ഉദാഹൃതഃ– ഭവതി–

അന്വയാൎത്ഥം — അതിന്റെ സ്പൎശമാകട്ടെ അനുഷ്ണാശീതപാകജമായിട്ടു വിജ്ഞേയമായിഭവിക്കുന്നു– അതുനിത്യയായിട്ടും അനിത്യയായിട്ടും രണ്ടുപ്രകാരത്തെ ഭവിക്കുന്നു നിത്യയായിരി

ക്കുന്നതു അണുലക്ഷണയായിരിക്കുന്നു. അനിത്യയായിരിക്കുന്നതാകട്ടെ തദന്യയായിരിക്കും. അതുതന്നെ അവയവയോഗിനിയായിരിക്കുന്നു. അതു ദേഹവും ഇന്ദ്രിയവും അപ്രകാരം വിഷയവും ഇങ്ങിനെ മൂന്നുപ്രകാരത്തെ ഭേദിക്കുകയും ചെയ്യുന്നു. ദേഹം യോനിജാദിയായിരിക്കും. ഇന്ദ്രിയം ഘ്രാണലക്ഷണമായിരിക്കും. വിഷയമാകട്ടെ ദ്വ്യണുകാദിയായിട്ടും ബ്രഹ്മാണ്ഡാന്തമായിട്ടും ഉദാഹൃതമായിരിക്കുന്നു.

പരിഭാഷ____. അതു=ക്ഷിതി. സ്പൎശം=സ്പൎശമെന്നുള്ളതു. അനുഷ്ണാശീതപാകജം=അനുഷ്ണമായിട്ടും അശീതമായിട്ടും പാകജമായിട്ടും ഇരിക്കുന്നതു. അനുഷ്ണം=ഉഷ്ണമല്ലാത്തതു. ഉഷ്ണം=ചൂടു. അശീതം=ശീതമല്ലാത്തതു. ശീതം=തണുപ്പു. പാകജം=പാകം ഹേതുവായിട്ടു ഉണ്ടാകുന്നതു. പാകം=തേജസ്സംയോഗം. അതു=ക്ഷിതി. നിത്യാ=നാശത്തോടുകൂടാത്തതു. നാശം=ധ്വംസം. അനിത്യാ=നാശത്തോടുകൂടിയതു. അണുലക്ഷണാ=അണുവാകുന്ന ലക്ഷണത്തോടുകൂടിയതു. അണു=പരമാണു. അന്യാ=അതിങ്കൽനിന്നന്യാ അതു=പരമാണുസ്വരൂപമായിരിക്കുന്നക്ഷിതി. അന്യാ=അപരാ അതു=അനിത്യക്ഷിതി. അവയവയോഗിനി=അവയവയോഗമുള്ളതു. അവയവയോഗം=അവയവത്തിന്റെ യോഗം. യോഗം=സംയോഗം. അതു അനിത്യക്ഷിതി. ദേഹം=ശരീരം. ഇന്ദ്രിയം=ഇന്ദ്രിയമെന്നപദാൎത്ഥം. (കണ്ണു, നാവു, മൂക്കു, തൊക്കു, ചെവി ഇതുകൾ ബാഹ്യേന്ദ്രിയങ്ങളാകുന്നു എന്നും മനസ്സു അന്തരിന്ദ്രിയമാകുന്നു എന്നും ഗ്രഹിച്ചുകൊൾക) വിഷയം=ഗോചരം. ദ്വ്യണുകാദി=ദ്വ്യണുകംമുതലായതു. ദ്വ്യണുകം=രണ്ടു അണുക്കൾ തമ്മിൽ ചേൎന്നാൽ ഉണ്ടാകുന്നതു. ബ്രഹ്മാണ്ഡാന്തം=ബ്രഹ്മാണ്ഡമാകുന്ന അന്തത്തോടുകൂടിയതു. അന്തം=ഒടുക്കത്തേതു. ഉദാഹൃതം=ഉദാഹരിക്കപ്പെട്ടതു. ഉദാഹരിക്ക=പറക.

സാരം____ പൃഥിവിയുടെ സ്പൎശം അനുഷ്ണമായിട്ടും അശീതമായിട്ടും ഉള്ളതാകുന്നു. വായുവിന്റെ സ്പൎശവും അനുഷ്ണാശീതമാകയാൽ വരുന്ന അതിവ്യാപ്തിപരിഹാരത്തിന്നായിക്കൊണ്ടു പാകജമാകുന്നു എന്നുപറഞ്ഞു ഒരവസ്ഥയിൽ അനുഷ്ണാശീതപദോപാദാനത്തിന്നു ഫലമില്ലായ്കയാൽ ആയതു സ്വരൂപകഥനമാത്രമാകുന്നു എന്നും പാകജസ്പൎശമത്രെ ലക്ഷണമെന്നും ഗ്രഹിക്കുന്നതു യുക്തമാകുന്നു. പാകജസ്പൎശം വസ്ത്രാദികളിൽ ഭവിക്കുന്നില്ല അതുഹേതുവായിട്ടു പാകജസ്പൎശവ[illegible]

പാകജസ്പൎശവൃത്തിദ്രവ്യത്വവ്യാപ്യജാതിമത്വമെന്നുള്ള അന്തരാൎത്ഥത്തെ ഗ്രഹിച്ചുകൊൾകയുംവേണം. (പാകജസ്പൎശവൃത്തിദ്രവ്യത്വവ്യാപ്യജാതിമത്വം = പാകജസ്പൎശവൃത്തിയായിട്ടും ദ്രവ്യത്വവ്യാപ്യയായിട്ടുമിരിക്കുന്ന ജാതിയോടു കൂടിയതാവുക എന്നൎത്ഥം. പാകജസ്പൎശവൃത്തി = പാകജസ്പൎശത്തിങ്കൽ വൃത്തിയോടു കൂടിയത. പാകജസ്പൎശം = പാകജമായിരിക്കുന്ന സ്പൎശമുള്ളത. വൃത്തി = സ്ഥിതി. ദ്രവ്യത്വവ്യാപ്യ = ദ്രവ്യത്വമില്ലാത്തേടത്തു ഇരിക്കാത്തത.) മേൽപ്രകാരമുള്ള ജാതി പൃഥിവീത്വം തന്നെ അതു പൃഥിവിയിൽ അന്തൎഭവിച്ചതുകളായ വസ്ത്രാദികളിലുമിരിക്കയാൽ അപ്രകാരമുള്ള അൎത്ഥത്തെ ഗ്രഹിച്ചാൽ മേൽപറഞ്ഞ ദോഷത്തിന്ന അവസരമില്ലെന്ന അറിഞ്ഞുകൊൾക.

മേൽപ്രകാരമിരിക്കുന്ന പൃഥിവി നിത്യയായിട്ടും അനിത്യയായിട്ടും രണ്ടു. പരമാണുസ്വരൂപയായിരിക്കുന്ന പൃഥിവി നിത്യയാകുന്നു. പരമാണുവല്ലാതെ ഉള്ള പൃഥിവി അനിത്യയാകുന്നു. പരമാണുവല്ലാതെ ഉള്ള പൃഥിവി അവയവത്തോടു കൂടിയതാകുന്നു. അതു ഹേതുവായിട്ടു അതു അവയവാദികളിൽ അന്തൎഭവിച്ചതാകുന്നു എന്നും പരമാണുരൂപയായിരിക്കുന്നതിന്ന അവയവമില്ലായ്കയാൽ അതു അവയവങ്ങളിൽ അന്തൎഭവിച്ചതാകുന്നു എന്നും ഗ്രഹിച്ചുകൊൾക.

ഇവിടെ അവയവികല്പനക്കു പ്രമാണമില്ല അവയവി എന്നതു അനേകപരമാണുക്കളുടെ പുഞ്ജമാകുന്നു. (പുഞ്ജം=സമൂഹം.) ഇപ്രകാരമായാൽ അതീന്ദ്രിയങ്ങളായ അനേകപൃഥിവീപരമാണുക്കൾ ഘടം, ശരാവം, ചട്ടി ഇത്യാദിവാക്കിന്റെ വിഷയങ്ങളായി ഭവിക്കുന്നു എന്നുള്ളേടത്തു പൎയ്യവസാനം വരുന്നതാകയാൽ ഘടാദികൾ അപ്രത്യക്ഷങ്ങളായിത്തന്നെ ഇരിക്കുമെന്നും വരുന്നതാകുന്നു. പരമാണു ഏകമായാലും അനേകമായാലും അപ്രത്യക്ഷതത്തിങ്കൽ വിശേഷമില്ലല്ലൊ എന്നു പറയുന്നുവൊ എന്നാൽ ഇതിന്റെ സമാധാനത്തെ പറയാം. കേശങ്ങൾ ദൂരത്തിങ്കലിരിക്കുമ്പോൾ പ്രത്യക്ഷമാകുന്നില്ല അതിനെ ഉള്ളതുപോലെ വളരെ ഉണ്ടായിരുന്നാൽ ദൂരത്തിങ്കലായാലും പ്രത്യക്ഷമായിഭവിക്കുന്നു. അതുപ്രകാരം ഘടാദികൾ പ്രത്യക്ഷങ്ങളായിഭവിക്കാം എന്നത്രെ സമാധാനമാകുന്നത. ഇപ്രകാരമായാലും ഏകസ്ഥൂലോമഹാൻഘടഃ എന്നുള്ള വാക്കിന്റെ വിഷയനിൎണ്ണയത്തിങ്കൽ വിരോധ്യമായ ഘടശബ്ദത്താൽ പറയപ്പെടുന്നവസ്തു അനേകങ്ങളായിട്ടും സൂക്ഷ്മങ്ങളായിട്ടും അണുക്കളായിട്ടുമിരിക്കുന്ന പൃഥിവീപ

രമാണുകങ്ങളാകുന്നു എന്നതന്നെ സ്ഥിരപ്പെട്ടതെന്നും അണുകളിൽ ഏകത്വവും സമൂഹത്വം മഹത്വവും വിരൊധങ്ങളുകളെല്ലൊ ആകുന്നത അതുഹെതുവായിട്ട അങ്ങിനെയുള്ള വ്യവഹാരം യുക്തമല്ലെന്നാരാഞ്ഞു എന്നുള്ള ഒരു അനിഷ്ടശങ്ക ഉണ്ടെങ്കിൽ അതിനെയും പരിഹരിക്കാം എകൊമഹാൻധാന്യരാശിഃ എന്നുള്ള വ്യവഹാരം യാതൊരുപ്രകാരം യുക്തമായിഭവിക്കുമൊ അപ്രകാരം മെൽപറഞ്ഞവ്യവഹാരത്തിന്നും യുക്തിയുണ്ടു എകൊമഹാൻ ധാന്യരാശിഃ എന്നുള്ളവാക്കിൽ വിശെഷ്യമായധാന്യരാശിഃ എന്നപദത്തിന്നഅനെകധാന്യങ്ങൾ എന്നെല്ലൊഅൎത്ഥമാകുന്നത അനെകങ്ങളായ ധാന്യങ്ങളിൽ ഏകത്വവും വക്താവിന്റെ താൽപൎയ്യപ്രകാരമുള്ള മഹത്വവും ബാധിതമാകയാൽഎങ്ങിനെ ചൊദ്യം- ധാന്യസമൂഹത്തിങ്കൽ ഏകത്വാദികൾ ചെൎച്ചയുള്ളതുകളാകുന്നു എങ്കിൽ പരമാണു സമൂഹത്തിലും അപ്രകാരം തന്നെ അതുകൾ ചെൎന്നിരിക്കട്ടെ അതുകൊണ്ടു എന്തൊരു ദൊഷം വരുവാൻ പൊകുന്നു എന്നിപ്രകാരം യുക്തിയുക്തമായ വചനം തന്നെ അതിന്റെ പരിഹാരമാകുന്നത- അതു ഹെതുവായിട്ട അവയവി കല്പനക്കു യാതൊരു ബീജവും കാണുന്നില്ല- എന്നു ശങ്കിക്കരുത- പരമാണുകൾ അതീന്ദ്രിയങ്ങളാകയാൽ അതുകളുടെ സമൂഹവും അതീന്ദ്രിയമായി ഭവിക്കുന്നതാകയാൽ ഘടാദികളുടെ പ്രത്യക്ഷത്തിന്നു ചെൎച്ചയില്ലെന്നുവന്നു കൂടും- ദൂരത്തിങ്കൽ ഉള്ള തലനാർ അതീന്ദ്രിയമല്ലൊ- അടുത്താലതുതന്നെ ഇന്ദ്രിയം കൊണ്ടു ഗ്രഹിക്കപ്പെടുന്നു- അതീന്ദ്രിയമായിട്ടുള്ളത അടുത്താലും ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടാത്തതാകുന്നു- പരമാണുകൾ അതീന്ദ്രിയങ്ങളായിരുന്നാലും അപ്പൊൾ കാണപ്പെടുന്ന അതുകളുടെ സമൂഹം ഉൽപന്നമായിട്ടുള്ളതാകയാൽ പ്രത്യക്ഷമായി ഭവിക്കും സമൂഹത്തിന്ന അതീന്ദ്രിയത്വം വെണ്ടാ- അതു ദൃശ്യമായിട്ടു തന്നെ ഇരിക്കട്ടെ എന്നു പറയുന്നു എങ്കിൽ അതു സാഹസമത്രെ ആകുന്നത- അദൃശ്യമായിട്ടുള്ളതു ദൃശ്യത്തിന്റെ കാരണമാകുമെങ്കിൽ കണ്ണിലുള്ള ഊഷ്മാവു തുടങ്ങിയുള്ളതിന്റെ സമൂഹവും ചിലകാലത്തിങ്കൽ ദൎശിക്കപ്പെടുന്നതായി ഭവിക്കാം- അപ്രകാരം ഭവിക്കാത്തതാകയാൽ മെൽ പറഞ്ഞതു യുക്തിയുക്തമല്ലെന്നറിക- അഗ്നിസംയൊഗം ഹെതുവായിട്ട അധികമായി മൂത്ത എണ്ണയിൽ അദൃശ്യങ്ങളായി ഇരുന്ന അഗ്നിയുടെ അവയവങ്ങളിൽനിന്ന എങ്ങിനെ ദൃശ്യമായ അഗ്നിയുടെ ഉൽപത്തി എന്നു ചൊദിക്കുന്നു

ഫം †

ചൊ എന്നാൽ പറയാം. അവിടെ അദൃശ്യങ്ങളായ അഗ്നിയുടെ അവയവങ്ങളിൽ നിന്ന ദൃശ്യമായ അഗ്നി ഉണ്ടാകുന്നു എന്ന ഞാൻ അംഗീകരിക്കുന്നില്ല- അതിതപ്തമായ തൈലത്തിന്റെ അന്തൎഭാഗത്തിങ്കൽ ദൃശ്യങ്ങളായിട്ടുള്ള അഗ്നിയുടെ അവയവങ്ങൾ ചെന്നിട്ട അവിടെ സ്ഥൂലമായ അഗ്നിയെ ഉണ്ടാക്കുന്നു എന്നത്രെ സ്വീകരിക്കപ്പെട്ടിരിക്കുന്നത- അദൃശ്യത്തിങ്കൽനിന്ന ദൃശ്യമായിട്ടുള്ളത ഉണ്ടാകുന്നു എന്ന പറയുന്നവൎക്കും ഉൽപന്നമായി വരുന്ന വസ്തുവിന്റെ പ്രത്യക്ഷം വെണമെങ്കിൽ അതിങ്കൽ മഹത്വം ഉൽഭൂതരൂപം ഇത്യാദികളായ കാരണങ്ങളും കൂടെ ഉണ്ടായിരിക്കെണമെന്നുള്ളത സമാനമാകുന്നു പരമാണുവിന്ന മഹത്വമില്ലാതെ ഇരിക്കുമ്പൊൾ അണുകളുടെ സമൂഹത്തിങ്കൽ മഹത്വത്തിന്നും ചെൎച്ചയില്ല ഇതുകൊണ്ടും ഘടാദി പ്രത്യക്ഷം സംഗതിയില്ലാത്തതായി വരുമെന്ന അവയവിയെ അംഗീകരിക്കെണ്ടു എന്ന പറയുന്നവർ ഗ്രഹിച്ചുകൊൾകയും വെണം- ഇപ്രകാരമാകയാൽ അവയവി ഉണ്ട എന്നതു സിദ്ധംതന്നെ- അവയവിയായിട്ടുള്ളതിന്റെ ഉല്പത്തിയും വിനാശവും പ്രത്യക്ഷ സിദ്ധമാകയാൽ അതിന്ന അനിത്യത്വവും സിദ്ധം തന്നെ അവയവിയായ വസ്തുക്കളുടെ അവയവധാരക്ക അവസാനമില്ല എങ്കിൽ കടുകിന്മണിയും പൎവ്വതവും സമമാകുന്നു എന്നവരും അതു ഹെതുവായിട്ട ഒരെടത്ത അവയവി കല്പനക്ക അവസാനിക്കെണം- അവയവികല്പന എവിടെ അവസാനിക്കുന്നുവൊ അതിന്നും നാശമുണ്ട- എങ്കിൽ ഒരു വസ്തുവിങ്കലും സമവായ സംബന്ധത്തൊട കൂടാതെ തന്നെ ജന്യങ്ങളായ വസ്തുക്കൾ ഉണ്ടാകുന്നു എന്ന വരും അതു വിരുദ്ധമാകുന്നു- വലിപ്പമുള്ള പരിമാണത്തിന്റെ താരതമ്യം ഗഗനാദികളിൽ അവസാനിക്കുന്നു- ഇപ്രകാരം ചെറുപ്പത്തിന്റെ താരതമ്യത്തിന്നും ഒരെടത്ത അവസാനം ഉചിക്കുന്നതു യുക്തം തന്നെ എന്നുമിരിക്കുന്നു- ഇതു ഹെതുവായിട്ട ഒടുക്കത്തെ അവയവത്തിന്ന നിത്യത്വവും അതിന്ന പരമാണുത്വവും സിദ്ധമായി എന്ന അറിഞ്ഞുകൊൾക- അവയവധാരയുടെ അവസാനം ത്രസരെണുവിങ്കൽ ഉചിക്കരുതെ എന്ന ചൊദിക്കുന്നു എങ്കിൽ അതിന്നുള്ള വിരൊധത്തെ പറയാം കിളിവാതിലിന്റെ അഴികളുടെ ഇടയിൽ കൂടെ അകങ്ങളിൽ പ്രവെശിക്കുന്നതായ സൂൎയ്യരശ്മിയുടെ മദ്ധ്യത്തിൽ എത്രയും ചെറുതായി കാണപ്പെടുന്ന പൊടിയെക്കുറിച്ചല്ലൊ ലൊകത്തിങ്കൽ ത്രസരെണു എന്നുള്ള വ്യവഹാരം നടപ്പുള്ളത അപ്ര

കാരമാകയാൽ അതു ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്നതായ ഒരു ദ്രവ്യമാണ എന്നതിന്ന സംശയമില്ല- ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്ന ദ്രവ്യങ്ങളിൽ ചാക്ഷുഷദ്രവ്യത്വമെന്നൊരു ധൎമ്മമുണ്ടു- ഒരം ധൎമ്മം ഘടാദികളിൽ എന്നപോലെ സൎവ്വത്തിങ്കലും സാവയവത്വത്തെ സാധിപ്പിക്കുന്നതാകുന്നു- (സാവയവത്വം അവയവങ്ങളോടുകൂടിയതാവു എന്നുള്ളത) ത്രസരേണുവിന്റെ അവയവം മഹത്വമുള്ള ഒന്നിന്റെ അവയവമാകയാൽ അതിന്നും കപാലാവയവത്തിന്ന എന്നപോലെ അവയവ മുണ്ടു എന്ന അനുമിക്കാം- മഹത്വമുള്ള ഒന്നിന്റെ അവയവമാവു എന്നുള്ളത ഇതുന്നൊത്ത അതുണ്ടു എങ്കിൽ അവയവങ്ങളോടു കൂടിയതാവു എന്നുള്ളതും വേണമെന്നുണ്ടോ- ഇല്ലാ എങ്കിൽ എന്തു വരുവാൻ പോകുന്നു എന്നു ചോദിക്കുന്നു എങ്കിൽ പറയാം- ത്രസരേണുവിന്റെ അവയവങ്ങൾക്കുള്ള പരിമാണം എന്താകുന്നു എന്നു വിചാരിക്കേണം- എന്നാൽ അപകൃഷ്ട മഹത്വമെന്നു നിശ്ചയിക്കേണ്ടി വരും (യാതൊന്നിനെക്കാൾ അധികമായിട്ടുള്ളാത്ത ഒന്നിങ്കലും മഹത്വമില്ലെന്നു വരുന്നുവൊ അതിങ്കലുള്ള പരിമാണമത്രെ അപകൃഷ്ടമഹത്വമാകുന്നത) ഇങ്ങിനെയുള്ള അപകൃഷ്ടമഹത്വത്തെക്കുറിച്ച അനേക ദ്രവ്യങ്ങളിൽ സമവായ സംബന്ധത്തോടുകൂടെയുള്ള ഉല്പത്തി ഹേതുവാകുന്നു- ഒരം ഹേതു ഇല്ല എങ്കിൽ അപകൃഷ്ടമഹത്വം സംഭവിക്കയില്ല അതു ഹേതുവായിട്ടു ത്രസരേണുവിന്റെ അവയവങ്ങൾക്കും അവയവങ്ങൾ ഉണ്ടായിരിക്കേണം എന്നാൽ ത്രസരേണുവിന്റെ അവയവങ്ങളുടെ അവയവങ്ങൾക്കും അവയവങ്ങൾ അതുകൾക്കും അവയവങ്ങൾ ഇക്രമേണ അവയവധാരയും സിദ്ധിച്ചേക്കാം എന്നു ശങ്കിക്കരുത- അവസാനമില്ലാത്തതാണ്ണുതകെല്ലൊ എന്ന വിചാരിച്ചിട്ടു ത്രസരേണുവിന്റെ അവയവങ്ങളുടെ അവയവങ്ങൾക്ക അവയവങ്ങളെ കല്പിക്കാറില്ല- ത്രസരേണുവിന്റെ അവയവങ്ങളുടെ അവയവങ്ങൾ അതു ഹേതുവായിട്ടു നിത്യങ്ങൾ തന്നെ- അവതന്നെ പൃഥിവീപരമാണുക്കളാകുന്നത എന്നു ഗ്രഹിച്ചുകൊൾകയും വേണം- അനിത്യയായിരിക്കുന്ന പൃഥിവീ. ശരീരം, ഇന്ദ്രിയം, വിഷയം- ഇങ്ങിനെ മൂന്നുപ്രകാരമായിട്ടും ഭവിക്കുന്നു- പൃഥിവിയിൽ അന്തൎഭവിക്കുന്നതായ ദേഹവും ഇന്ദ്രിയവും വിഷയവു മുള്ളതാകയാൽ അനിത്യയായ പൃഥിവീ മൂന്നു പ്രകാരമുണ്ടു എന്ന അറിഞ്ഞു കൊൾക- പൃഥിവിയിൽ അന്തൎഭവിക്കുന്നതായ വസ്തുവിനെ പാൎത്ഥിവമെന്നും

പറയാം- പാൎത്ഥിവമായ ശരീരം യൊനിജമായിട്ടും അയൊനിജമായിട്ടുമുണ്ടാകയാൽ രണ്ടുവിധമാകുന്നു- (യൊനിജം യൊനിയിൽ ജനിച്ചതു- അയൊനിജം=യൊനിജമല്ലാത്തതു) ഇതുകളിൽ വെച്ചു യൊനിജമായിരിക്കുന്ന പാൎത്ഥിവ ശരീരവും ജരായുജം അണ്ഡജം- ഇങ്ങിനെ രണ്ടു വിധമാകുന്നു. (ജരായുജം=ജരായുവിങ്കൽ ജനിച്ചതു- ജരായു=ചവല- അണ്ഡജം=അണ്ഡത്തിങ്കൽ ജനിച്ചതു- അണ്ഡം=മുട്ട) ഇതുകളിൽ വെച്ചു ജരായുജമായിരിക്കുന്ന പാൎത്ഥിവ ശരീരം ഏതെതെന്നതും പറയാം. മനുഷ്യാദി ശരീരം ജരായുജമാകുന്നു- സൎപ്പാദി ശരീരം അണ്ഡജമാകുന്നു- അയൊനിജമായ പാൎത്ഥിവ ശരീരവും സ്വെദജം ഉൽഭിദം- ഇങ്ങിനെ രണ്ടു പ്രകാരമുണ്ടു- (സ്വെദജം=സ്വെദം ഹെതുവായിട്ടു ഉണ്ടാകുന്നതു- സ്വെദം=വിയൎപ്പു- ഉൽഭിദം=ഊൎദ്ധ്വഭാഗത്തിങ്കൽ ഭെദിക്കുന്നതു- മൂട്ടകം=പിശുക്ക) ഈച്ചപാററ ഇത്യാദികളുടെ ശരീരം സ്വെദജമാകുന്നു- വൃക്ഷലതാദികളുടെ ശരീരം ഉൽഭിദമാകുന്നു- മനുഷ്യാദി ശരീരം യൊനിജമായിട്ടും ജരായുജമായിട്ടുമുള്ളതാകുന്നു എന്നതിന്നും സൎപ്പാദിശരീരം യൊനിജമായിട്ടും അണ്ഡജമായിട്ടുമുള്ളതാകുന്നു എന്നതിന്നും ഈച്ച പാററമുതലായതുകളുടെ ശരീരം അയൊനിജമായിട്ടും സ്വെദജമായിട്ടുമുള്ളതാകുന്നു എന്നതിന്നും വൃക്ഷാദിശരീരം അയൊനിജമായിട്ടും ഉൽഭിദമാകുന്നു എന്നതിന്നു അനുഭവം മുതലായതു സാക്ഷിയാകുന്നു- എങ്കിലും മനുഷ്യാദി ശരീരവും മററും പാൎത്ഥിവമാകുന്നു എന്നുള്ളതിന്നു പ്രമാണമെന്താകുന്നു എന്നു ചൊദിക്കുന്നു എങ്കിൽ പൃഥിവിയുടെ ഗുണങ്ങളായ ഗന്ധം മുതലായതുകൾ മനുഷ്യശരീരത്തിൽ ഉണ്ടല്ലൊ- അതു തന്നെ പ്രമാണമെന്നു ഗ്രഹിച്ചു കൊൾക- ഇപ്രകാരമായാൽ ക്ലെദൊഷ്മാദികളും അതിങ്കൽ അനുഭവസിദ്ധങ്ങളായിരിക്കയാൽ ആപ്യത്വം മുതലായതുകൾ കൂടെ ഉണ്ടെന്നുവരും (ആപ്യത്വം=ജലമയമാവു എന്നുള്ളതു) എന്നു ശങ്കിക്കരുതു- അപ്രകാരമായാൽ പൃഥിവീത്വജലത്വാദികൾക്കു സംകരമുണ്ടു എന്നുവരും അതു ജാതിത്വത്തെ ബാധിക്കുന്നതാകുന്നു എന്നു മുമ്പെ പറഞ്ഞിട്ടുമുണ്ടു- എന്നാൽ ആപ്യത്വമൊ തൈജസത്വമൊ എതെങ്കിലും ഒന്നു ഇരിക്കട്ടെ പാൎത്ഥിവത്വം വെണ്ടു എന്നാലും യുക്തമല്ല- ക്ലെദൊഷ്മാദികൾ ചില സമയം നശിക്കും ആ സമയവും അതുവരെ ഉണ്ടായിരുന്ന ശരീരത്തിങ്കൽ തന്നെ മുമ്പിൽ യാതൊരു പ്രകാരമൊ അപ്രകാരം തന്നെ ഗന്ധാദികൾ അനുഭവഗൊചരങ്ങളായിത്തന്നെ ഇരിക്കയാൽ അതിന്നു പാ

ൎത്ഥിവത്വംസ്വീകരിക്കാതെ ഇരിപ്പാൻ നിൎവ്വാഹമില്ല - അതു ഹെതുവായിട്ടു പാൎത്ഥിവ ശരീരത്തെക്കുറിച്ചു ജലാദികൾ നിമിത്തങ്ങളാകുന്നു എന്നതന്നെ അംഗീകരിച്ചു കൊൾകയും വെണം-

ശരീരമെന്നുള്ള വ്യവഹാരത്തിന്റെ വിഷയനിൎണ്ണയത്തെകുറിച്ചു ശരീരത്വമെല്ലൊ കാരണമാകുന്നത അപ്രകാരമുള്ള ശരീരത്വമെന്നത ഒരു ജാതിയാകുന്നു എന്ന പറഞ്ഞുകൂടാ- പൃഥിവീത്വാദികളൊടുകൂടെ അതിന്നു സംകരംവരുമെല്ലൊ- അതുഹെതുവായിട്ടു ഉപാധിതന്നെ എന്നു പറയുന്നു എങ്കിൽ അതിന്റെ സ്വരൂപം ഇന്ന പ്രകാരമെന്നു പറയെണംഎന്നാണെങ്കിൽ പറയാം- ശരീരത്വമെന്നതു ചെഷ്ടാശ്രയത്വമാകുന്നു= (ചെഷ്ടാശ്രയത്വംചെഷ്ടക്കുആശ്രയമാവുഎന്നുള്ളത വൃക്ഷാദി ശരീരങ്ങളിലും ചെഷ്ടഉണ്ടഎന്ന അംഗീകരിക്കുന്നു അതുഹെതുവായിട്ടന്നതുകളിൽ അവ്യാപ്തിഇല്ലെന്നഅറിഞ്ഞുകൊൾക- വൃക്ഷാദികൾ ശരീരങ്ങളാകുന്നു എന്നതിന്നപ്രമാണംഅതുകളുടെഉള്ളിൽ ഉള്ള വായു സഞ്ചാരമെത്രെ ആകുന്നത- വായു സഞ്ചാരമുണ്ട എന്നത മുറിഞ്ഞാൽഅപ്പുറത്തു മിപ്പുറത്തു മുണ്ടാകുന്ന വകകൾ കാലാന്തരത്തിങ്കൽതമ്മിൽയൊജിക്കുന്നതിനാൽ ഊഹിക്കപ്പെടുകയുമാം- ചെഷ്ടാശ്രയത്വമെന്നുള്ള വാക്കിൽഅന്തൎഭൂതമായചെഷ്ടാപദത്തിന്ന ഹിതത്തിന്റെ പ്രാപ്തിക്കും അഹിതത്തിന്റെ പരിഹാരത്തിന്നും അനുകൂലതയൊടുകൂടിയക്രിയാ എന്ന അൎത്ഥമാകുന്നു- ഇളക്കമെന്ന തന്നെ അതിന്റെ അൎത്ഥമെന്ന ഭ്രമിക്കുന്നത ഇളക്കമെന്നു തന്നെ അൎത്ഥമായാൽ തെർ മുതലായ വാഹനങ്ങളും ഇളകുന്നതുകളാകയാൽ അതുകളും ശരീരങ്ങൾ തന്നെ എന്നതു വരും കൂടും- അതു സിദ്ധാന്തവിരുദ്ധമായിട്ടും ലൊകവിരുദ്ധമായിട്ടുമുള്ളതാകയാൽ ഇഷ്ടമല്ലെന്ന അറിഞ്ഞുകൊൾക-

ശരീരത്വമെന്നതു ചെഷ്ടാശ്രയത്വമാകുന്നുഎങ്കിൽ ചെഷ്ടാശ്രയമായിട്ടുള്ളത ഏതെതൊഅതതൊക്കെയും ശരീരംതന്നെ എന്നുവരും എന്നാൽഹസ്തപാദാദികളും ശരീരങ്ങൾ എന്നുസമ്മതിക്കകയുംവെണ്ടിവരും ഹസ്തപാദാദികൾ ശരീരാവയവങ്ങൾ എന്നെത്രെ വ്യവഹരിക്കപ്പെട്ടുവരുന്നത അതുകളെഇപ്പൊൾ ശരീരങ്ങളാകുന്നുഎന്ന സമ്മതിക്ക എന്നത അസാദ്ധ്യമാകുന്നു എന്നുവിചാരിക്കുന്നുഎങ്കിൽ അന്ത്യാവയവിത്വേസതിചെഷ്ടാശ്രയത്വമെന്നുനിൎവ്വചിച്ചുകൊൾക- അന്ത്യാവയവിത്വെസതിഎന്നതുകൊണ്ട അന്ത്യാവയവിത്വംകൂടെ വെണമെന്നുള്ളവിശെഷത്തെഗ്രഹിച്ചുകൊൾക- (അന്ത്യാവയവിത്വം=അ

ന്ത്യാവയവിയായവു എന്നുള്ളത- അന്ത്യാവയവി= അന്ത്യമായിരിക്കുന്ന അവയവി അന്ത്യം=ഒടുക്കത്തെത- അവയവി= അവയവങ്ങളോടുകൂടിയ വസ്തു-) അന്ത്യാവയവിത്വം ഘടപടാദികൾക്കു ഉണ്ടാകുന്ന ഒരു ധൎമ്മമല്ല ഘടപടാദികൾക്കു വിരല്മുതലായ അവയവങ്ങൾ ഉണ്ടാകയാൽ അതുകളും അവയവികൾ തന്നെ എങ്കിലും അവയവികൾവെച്ചു ഒടുക്കത്തെതുകളായികൂടാ- ഇപ്രകാരമിരിക്കുന്ന ഘടപടാദികളും വെറെ ഒന്നിന്റെ അവയവങ്ങളായിതീൎന്നിരിക്കുന്നു തങ്ങൾ യാതൊന്നിന്റെ അവയവങ്ങളായിരിക്കുന്നുവൊ ആ വസ്തു തങ്ങൾ ഉണ്ടായതിന്റെ ശെഷം അവയവിയായിതീൎന്നതാകയാൽ അതുകൾ അന്ത്യങ്ങളായി തീരുന്നതു ദ്വ്യണുകമെത്രെ ആകുന്നതു അതിനെയാകയാൽ ഘടപടാദികളിൽ അതിവ്യാപ്തി ഇല്ലെന്നും ശരീരമെന്നുള്ള വ്യവഹാരത്തിന്നു മുഖ്യവിഷയങ്ങളായതുകൾ അന്ത്യങ്ങളായിരിക്കുന്ന അവയവികളാകയാൽ അതുകളിൽ ലക്ഷണം ചെല്ലുവാൻ വിരൊധമില്ലെന്നും ഗ്രഹിച്ചുകൊൾക- ഇപ്രകാരമായാലും യാതൊരു ശരീരത്തിങ്കൽ ചെഷ്ട ഉണ്ടായിട്ടില്ലെന്നു വരുന്നുവൊ അതിങ്കൽ അവ്യാപ്തി വരികയില്ലെ എന്നു ഒരുവൻ സംശയിക്കുന്നുവൊ അവനെക്കുറിച്ചു പറയുന്നു അതിനെയും ഒരു ശരീരം ഗണിക്കാമെന്നുള്ളതിന്നു പ്രമാണമില്ല എങ്കിലും ചെഷ്ടാവദന്ത്യാവയവിവൃത്തിദ്രവ്യത്വവ്യാപ്യജാതിമത്വമെന്നുതന്നെ നിൎവ്വചനത്തെ അംഗീകരിച്ചുകൊൾക- (ചെഷ്ടാവദന്ത്യാവയവിവൃത്തിദ്രവ്യത്വവ്യാപ്യജാതിമത്വം= ചെഷ്ടാവത്തായിരിക്കുന്നതായിയും അന്ത്യാവയവിയായിയുമിരിക്കുന്നതു യാതൊന്നൊ അതിങ്കൽവൃത്തിയൊടുകൂടിയതായിയും ദ്രവ്യത്വവ്യാപ്യയായിയും ഇരിക്കുന്നജാതിയൊടുകൂടിയതാവു എന്നുള്ളതു- ചെഷ്ടാവത്= ചെഷ്ടയൊടുകൂടിയത- വൃത്തി=സ്ഥിതി- ദ്രവ്യത്വവ്യാപ്യാ=ദ്രവ്യത്വമില്ലാത്തെടത്തിരിക്കാത്തത-) ഇപ്രകാരമുള്ള ജാതിപൃഥിവീത്വജലത്വാദികളെത്രെ ആകുന്നത- അതുകൾ പാൎത്ഥിവാദിസകലശരീരങ്ങളിലുമിരിക്കയാൽ ഇതിന്നു യാതൊരു ദൊഷവുമില്ലെന്നറിക- ഇനിയും വെറെ ഒരു പ്രകാരം നിൎവ്വചിക്കാം അന്ത്യാവയവിമാത്രവൃത്തിചെഷ്ടാവദ്വൃത്തിജാതിമത്വമെന്നു തന്നെ പറയാം- (അന്ത്യമായ അവയവിയിങ്കൽതന്നെ ഇരിക്കുന്നതായിയും ചെഷ്ടയുള്ളെടത്ത ഇരിക്കുന്നതായിയുമുള്ള ജാതിയാതൊന്നൊ അതിനൊടുകൂടിയതാവു എന്നുള്ളതു എന്നു മെൽപറഞ്ഞതിന്റെ അൎത്ഥമാകുന്നു- മെൽപ്രകാരമുള്ള ജാതി മനുഷ്യത്വാദികളെത്രെ

യുക്കുന്നതത്തു ഇകാം മനുഷ്യാദിശരീരങ്ങളിൽ ഇരിക്കകയാൽര ണ്ടിലും അവ്യാപ്തിയില്ലെന്നു ഗ്രഹിച്ചുകൊൾക- നരസിംഹശരീരത്തിങ്കൽ ലക്ഷണംചെല്ലുന്നത എങ്ങിനെഎന്നുശങ്കിക്കാം നരസിംഹത്വമെന്നതുംഏകവ്യക്തിയിൽ ഇരിക്കുന്നതാകയാൽജാതിയല്ല- ജലതേജസ്സുശരീരസാധാരണമാകയാൽ ദെവത്വംജാതിയല്ല- ഇതുരണ്ടുംമെൽപറഞ്ഞശങ്കക്കുബീജമാകുന്നു- എങ്കിലും ഒരൊരൊകല്പങ്ങളിൽ ഒരൊരൊ നരസിംഹശരീരത്തിന്റെസംഭവമുണ്ടാകയാൽ നരസിംഹ ശരീരത്തിന്നു അനെകത്വമുണ്ടെന്നും അതുഹെതുവായിട്ടു നരസിംഹത്വം ജാതിതന്നെഎന്നും അപ്രകാരമാകയാൽഈ അവ്യാപ്തിശങ്കക്കവകാശമില്ലെന്നും സ്ഥലാന്തരങ്ങളിലുമിപ്രകാരംപ്രസംഗമായദൊഷത്തിന്നും പരിഹാരമിപ്രകാരംതന്നെഎന്നുംഗ്രഹിച്ചു അതിങ്കൽനിന്നു ബുദ്ധിമാന്മാർ നിവൎത്തിക്കുമെന്നുഞാൻവിശ്വസിക്കുന്നു- പാൎത്ഥിവമായിരിക്കുന്ന ഇന്ദ്രിയം ഘ്രാണമെന്നപെരൊടു കൂടിയതാകുന്നു ഘ്രാണെന്ദ്രിയംപാൎത്ഥിവമാകുന്നുഎന്നതിന്നു പ്രമാണംഗന്ധമാത്രത്തെ ഗ്രഹിപ്പിക്കുന്നതാവു എന്നുള്ളഅവസ്ഥയാകുന്നൊ അതിന്നു താല്പൎയ്യം കുങ്കുമഗന്ധത്തെഗ്രഹിപ്പിക്കുന്നരൂപരസാദികളെ ഗ്രഹിപ്പിക്കുന്നില്ല- അതുകൊണ്ടുഗന്ധമാത്രത്തെഗ്രഹിപ്പിക്കുന്നതാവു എന്നുള്ളഅവസ്ഥ ഘ്രാണമാകുന്ന ഉഷ്ണാനത്തിങ്കൽ ഇരിക്കുന്നുഎന്നും അതിങ്കൽഅതിന്റെ സ്ഥിതി പാൎത്ഥിവത്വമാകുന്ന സാദ്ധ്യത്തോടുകൂടെയാകുന്നുഎന്നും സിദ്ധമായിരിക്കയാൽമെൽപറഞ്ഞ അവസ്ഥ ഉള്ളെടത്തൊക്കെയുംപാൎത്ഥിവത്വംകൂടെഉണ്ടാകുമെന്നുഊഹിക്കാമെന്നുഅറിഞ്ഞുകൊൾക- പൃഥിവ്യവയവത്തിന്റെ ഗന്ധമാത്രത്തെയും ഗ്രഹിപ്പിക്കുന്നതാകയാൽഅതിങ്കലും ഗന്ധമാത്രത്തെ ഗ്രഹിപ്പിക്കുന്നതാകുന്നു-എന്നുള്ളഅവസ്ഥഇരിക്കുന്നു പാൎത്ഥിവത്വമില്ലെന്നതും സമ്മതമാകുന്നു-എല്ലാംഅവസ്ഥതന്നെകൊണ്ടാൽ മെൽപറഞ്ഞതുഅയുക്തമാകുന്നു എന്നതൊന്നു എങ്കിൽ ഗന്ധമാത്രത്തെഗ്രഹിപ്പിക്കുന്നതാകുന്നു എന്നുള്ളഅവസ്ഥഅവയവത്തിങ്കൽ ചെല്ലുന്നില്ല എന്നുകൊണ്ടെന്നാൽ മെൽതവിടിന്റെ സംഗ്രഹണത്തെ കരിച്ചുംപലം സഹായിക്കുന്നുഇതുതന്നെ സംഗതിഎന്നുഅറിഞ്ഞുകൊൾക- അതു ഹെതുവായിട്ടു മെൽപറഞ്ഞതുയുക്തംതന്നെ എന്നുള്ളയഥാൎത്ഥഗ്രഹണംകൊണ്ടുഅതിനെ പരിഹരിച്ചുകൊൾകയുംവെണം- ഉഷ്ണാന്തത്തിങ്കൽ തന്റെസ്വരൂപത്തെ ഗ്രഹിപ്പിക്കുന്നതാവു എന്നുള്ള അവസ്ഥയുടെ ഉണ്ടുഎങ്കിലും ഗന്ധമാത്രത്തെ ഗ്ര

ഹിപ്പിക്കുന്നതാവൂ എന്നുള്ള അവസ്ഥാ എന്നതിന്ന അന്യവസ്തു
സംബന്ധികളായരൂപാദികളിൽ വെച്ച ഗന്ധമാത്രത്തെ ഗ്ര
ഹിപ്പിക്കുന്നതാവൂ എന്നുള്ള അവസ്ഥാ എന്നാശയമാകയാൽ
അസിദ്ധിവരികയില്ല അല്ലെങ്കിൽവായുവിനാൽ സമീപ
ത്തെപ്രാപിപ്പിക്കപ്പെടുന്നതായിട്ടും മഹത്വമില്ലായ്കയാൽ അ
ദൃശ്യമായിട്ടും ഇരിക്കുന്നസുഗന്ധിദ്രവ്യത്തിന്റെ അവയവങ്ങളെ
ദൃഷ്ടാന്തമാക്കുകയുമാം എന്നാൽമെൽപറഞ്ഞ ആശയവിശെഷ
കല്പനയെ അപെക്ഷിക്കെണ്ടു എന്നിരിക്കയാൽ ലാഘവമുണ്ടെ
ല്ലൊ ഏതുപ്രകാരമായാലും ഘ്രാണെന്ദ്രിയത്തിന്ന പാൎത്ഥിവ
ത്വംസിദ്ധമാവുന്നതിന്നയാതൊരുവിശെഷവുമില്ല ഘ്രാണെ
ന്ദ്രിയത്തിന്ന ഗന്ധത്തൊടുള്ള അടുപ്പംകൂടെവെണം അതില്ലെ
ങ്കിൽ ഘ്രാണംകൊണ്ടും ഗന്ധത്തെ ഗ്രഹിക്കുന്നില്ല- അതുഹെ
തുവായിട്ട ഗന്ധമാത്രത്തെഗ്രഹിപ്പിക്കുന്നതാവൂഎന്നുള്ള അവ
സ്ഥ ഘ്രാണെന്ദ്രിയത്തിന്റെ സന്നികൎഷത്വാദികളുമുണ്ട- അതി
ങ്കൽ പാൎത്ഥിവത്വമില്ലല്ലൊ അതുകൊണ്ടു ഘ്രാണെന്ദ്രിയവുംപാ
ൎത്ഥിവമല്ല ഘ്രാണെന്ദ്രിയസന്നികൎഷം യാതൊരുപ്രകാരംഗന്ധ
ത്തെഗ്രഹിപ്പിക്കുന്നുവൊ അപ്രകാരം ഗന്ധത്വത്തെയും ഗ്രഹി
പ്പിക്കുന്നു അതുഹെതുവായിട്ട ഗന്ധമാത്രത്തെ ഗ്രഹിപ്പിക്കുന്ന
താവൂ എന്നുള്ളഅവസ്ഥ അതിന്ന ഇല്ലാഎന്നുപറഞ്ഞുകൂടാ ഗ
ന്ധമാത്രത്തെ ഗ്രഹിപ്പിക്കുന്നതാവൂ എന്നുള്ള അവസ്ഥാഎന്നു
ള്ളെടത്തുള്ള ഗന്ധമാത്രപദത്തിന്ന രൂപാദികളിൽവെച്ച ഗ
ന്ധത്തെത്തന്നെ എന്നൎത്ഥമാകുന്നു എന്നു ഏതുവിധമായാലുംപറ
യെണം അല്ലാഎങ്കിൽ ഹെത്വസിദ്ധിതുല്യയായിവരികം അ
പ്രകാരംതന്നെആകുന്നു അതിന്റെഅഭിപ്രായമെങ്കിൽ ഹെതു
സിദ്ധിയുംതുല്യംതന്നെ എന്നശങ്കിക്കുന്നു എങ്കിൽ ശരിത
ന്നെ എന്നഞാൻഅംഗീകരിക്കുന്നു ദ്രവ്യത്വെസതി എന്നതു
കൊണ്ടു വിശെഷിപ്പിക്കെണം എന്നാൽ ദ്രവ്യത്വമുള്ളപ്പൊൾരൂ
പാദികളിൽവെച്ച ഗന്ധത്തെത്തന്നെ ഗ്രഹിപ്പിക്കുന്നതാവൂഎ
ന്നുള്ള അവസ്ഥമെൽപറഞ്ഞതിന്റെ സിദ്ധിയെക്കുറിച്ചുഹെതു
വായിവരികം രണ്ടവസ്ഥകൾമെൽപറഞ്ഞ സന്നികൎഷത്തിങ്ക
ൽസ്ഥിതിയില്ലതാനും- അതിന്നദ്രവ്യത്വമില്ലല്ലൊ അതുഹെതു
വായിട്ടു ഘ്രാണെന്ദ്രിയം പാൎത്ഥിവമായിട്ടുള്ളതുതന്നെ എന്നു ഗ്ര
ഹിച്ചുകൊൾകയും വെണം- പാൎത്ഥിവദ്രവ്യങ്ങൾമുതൽ ബ്രഹ്മാ
ണ്ഡപൎയ്യന്തമായുള്ളതൊക്കെയും പാൎത്ഥിവവിഷയമാകയാൽഅ
തൊക്കെയും വിഷയരൂപയായിരിക്കുന്ന പൃഥിവിയാകുന്നു എ

ന്നറിഞ്ഞുകൊൾക- ഉപഭൊഗസാധനമായിട്ടുള്ളതിനെ വിഷയമെന്നു പറയുന്നു- ദ്വ്യണുകാദികളായിരിക്കുന്നകാൎയ്യങ്ങൾ എല്ലാം ജീവാത്മാക്കളുടെപുണ്യപാപങ്ങളാൽ ഉണ്ടായതാകുന്നു ദ്വ്യണുകമെന്നതു രണ്ടുപരമാണുക്കളുടെ അന്യൊന്യസംയൊഗത്താൽ ഉണ്ടാക്കപ്പെട്ടതൊരു വസ്തുവാകുന്നു ശെഷങ്ങളായജന്യവസ്തുക്കളും ഇപ്രകാരം അതാതവയവങ്ങളുടെസംയൊഗത്താൽ ഉണ്ടാക്കപ്പെട്ടതാകുന്നു ഇങ്ങിനെ ഉള്ള കാൎയ്യൊല്പത്തിക്കു ജീവാത്മാക്കളുടെ പുണ്യപാപങ്ങൾ നിമിത്തമെത്രെ ആകുന്നത- യാതൊരുവസ്തു യാവനൊരുത്തന്റെ പുണ്യപാപങ്ങൾക്കു അധീനമായിജനിച്ചുവൊ ആവസ്തു അവന്റെ ഉപഭൊഗത്തെ നെരെയുള്ള സംബന്ധംകൊണ്ടൊ മറൊരുപ്രകാരത്തിലൊ ഉണ്ടാകുന്നു- ബീജപ്രയൊജനങ്ങളൊടുകൂടാതെ ഒന്നിന്റെയും ഉല്പത്തിഇല്ല- ഇപ്രകാരമാകയാൽ ദ്വ്യണുകാദികളൊക്കെയും വിഷയങ്ങളാകുന്നു എന്നു അറിഞ്ഞുകൊൾകയും വെണം- ശരീരെന്ദ്രിയങ്ങളും വിഷയങ്ങൾതന്നെ എങ്കിലും വിഷയത്തിങ്കൽ അനുഭവിച്ചതുകളായിട്ട ശരീരവും ഇന്ദ്രിയവും ഇങ്ങിനെ രണ്ടുവകയുണ്ടെന്നും അതുകൾ ഇന്നപ്രകാരമുള്ളതുകളാന്നു എന്നുമുള്ള ശിഷ്യബൊധത്തിനായിക്കൊണ്ടു അതുകളെ വെറെപറഞ്ഞു എന്നു അറിഞ്ഞുകൊൾക- ഇന്ദ്രിയലക്ഷണമെന്താകുന്നു എന്നു ചൊദിക്കുന്നു എങ്കിൽ പറയാം ഇന്ദ്രിയത്വമുള്ളതൊക്കെയും ഇന്ദ്രിയങ്ങളാകയാൽ ഇന്ദ്രിയങ്ങളുടെലക്ഷണം ഇന്ദ്രിയത്വംതന്നെ- ഇന്ദ്രിയത്വമെന്നതുജാതിയല്ല ജാതിതന്നെ എന്നു അംഗീകരിച്ചാൽ പൃഥിവീത്വംമുതലായതിനൊടുകൂടെ അതിനും സംകരംവരുമല്ലൊ- അതുഹെതുവായിട്ട അതിന്റെ സ്വരൂപത്തെ ശബ്ദെതരൊൽഭൂതവിശെഷഗുണാനാശ്രയത്വെസതി ജ്ഞാനകാരണമനസ്സംയൊഗാശ്രയത്വം) ഇതുകൊണ്ടു അറിഞ്ഞുകൊൾക- ശബ്ദെതരൊൽഭൂതവിശെഷഗുണാനാശ്രയത്വെസതി ജ്ഞാനകാരണമനസ്സംയൊഗാശ്രയത്വമെന്നതിന്നു- ശബ്ദെതരൊൽഭൂതവിശെഷഗുണാനാശ്രയത്വംസത്തായിരിക്കും വിഷയത്തിങ്കൽ ഉള്ള ജ്ഞാനകാരണ മനസ്സം യൊഗാശ്രയത്വം ഇന്ദ്രിയത്വമാകുന്നു എന്നത്രെ അൎത്ഥമാകുന്നത- ശബ്ദെതരൊൽഭൂത വിശെഷ ഗുണാനാശ്രയത്വം=ശബ്ദെതരൊൽഭൂത വിശെഷഗുണാനാശ്രയമാവൂ എന്നുള്ളത- ശബ്ദെതരൊൽഭൂതവിശെഷഗുണാനാശ്രയം=ശബ്ദെതരൊൽഭൂതവിശെഷ ഗുണത്തിന്നാകാത്താനാശ്രയം ശബ്ദെതരൊൽഭൂതവിശെഷഗുണം=ശബ്ദെതര മായിരി

ക്കുന്ന ഉൽഭൂതവിശേഷഗുണം- ശബ്ദേതരം=ശബ്ദത്തിങ്കൽ നി
ന്ന ഇതരം- ഇതരം=അന്യം- ഉൽഭൂതവിശേഷഗുണം=ഉൽഭൂതമാ
യിരിക്കുന്ന വിശേഷഗുണം- ഉൽഭൂതം=അനുൽഭൂതമല്ലാത്തത- വി
ശേഷഗുണം=വിശേഷമായിരിക്കുന്നഗുണം (വിശേഷഗുണ
ങ്ങൾ ഇന്നതുകൾ എന്നതു സാധൎമ്മ്യ വൈധൎമ്മ്യ പ്രകരണത്തി
ങ്കൽ പറഞ്ഞിട്ടുണ്ടു) അനാശ്രയം= ആശ്രയമല്ലാത്തത- ആശ്ര
യം=ഇരിപ്പിടം- ജ്ഞാനകാരണമനസ്സംയോഗാശ്രയത്വം=ജ്ഞാ
നകാരണമനസ്സംയോഗാശ്രയമാവുകഎന്നുള്ളത- ജ്ഞാനകാരണ
മനസ്സംയോഗാശ്രയം=ജ്ഞാനകാരണ മനസ്സംയോഗത്തിന്ന
ആശ്രയം- ജ്ഞാനകാരണമനസ്സംയോഗം=ജ്ഞാനകാരണ മാ
യിരിക്കുന്ന മനസ്സംയോഗം- ജ്ഞാനകാരണം=ജ്ഞാനത്തിന്റെ
കാരണം- ജ്ഞാനം=അറിവു- കാരണം=ഹെതു- മനസ്സംയൊ
ഗം=മനസ്സിന്റെ സംയോഗം- സംയോഗം=ചെൎച്ച) ഇപ്രകാ
രമാകയാൽ രൂപത്തെ ഗ്രഹിപ്പിക്കുന്നതായകണ്ണും രസത്തെ
ഗ്രഹിപ്പിക്കുന്നതായനാവും ഗന്ധത്തെ ഗ്രഹിപ്പിക്കുന്നതായ മൂ
ക്കും സ്പൎശത്തെ ഗ്രഹിപ്പിക്കുന്നതായ ത്വക്കും- ശബ്ദത്തെ ഗ്ര
ഹിപ്പിക്കുന്നതായ ചെവിയും ഇന്ദ്രിയങ്ങളാകുന്നു എന്ന അറി
ഞ്ഞു കൊൾക- മനസ്സും ഇന്ദ്രിയം തന്നെ- ഇതുകളിൽ എല്ലാ
റ്റിലും ജ്ഞാനത്തിന്ന കാരണമായ മനസ്സിന്റെ സംയോഗ
ത്തിന്ന ആശ്രയമാവുക എന്നുള്ള അവസ്ഥ ഉണ്ടു- കണ്ണു മുതലാ
യതുകളോടു മനസ്സ ചെരുകയും മററുള്ള കാരണങ്ങളുടെ തിക
വ അക്കാലത്തിങ്കലുണ്ടായിരിക്കകയും അതാതു ജ്ഞാനത്തിന്ന
കാരണമാകുന്നു ഇങ്ങിനെ ആകയാൽ ജ്ഞാനത്തിന്ന കാരണ
മായ മനസ്സംയോഗത്തിന്ന കണ്ണു മുതലായതുകൾ ആശ്രയങ്ങ
ൾ തന്നെ എന്നിരിക്കയാൽ ബഹിരിന്ദ്രിയങ്ങളിൽ ഒക്കെയും
ജ്ഞാനകാരണ മനസ്സംയോഗത്വമുണ്ടു എന്നതു സിദ്ധമായി
ജ്ഞാനകാരണ മനസ്സം യോഗത്തിന്ന മനസ്സും ആശ്രയമാകു
ന്നു- യാതൊന്നു സംയോഗിക്കുന്നുവൊ അതും യാതൊന്നിങ്ക
ൽ സംയോഗിക്കുന്നുവൊ അതും സംയോഗത്തിന്ന ആശ്രയ
മായിരിക്കുമെല്ലൊ അതു ഹെതുവായിട്ടു അന്തരിന്ദ്രിയമായ മന
സ്സിന്നും മെൽ പറഞ്ഞ അവസ്ഥ സാധാരണം തന്നെ എന്ന
തും സിദ്ധമായി അതുകൊണ്ടു ഇന്ദ്രിയത്വമെന്നത ജ്ഞാനകാര
ണ മനസ്സംയോഗാശ്രയത്വം എന്നു തന്നെ പറഞ്ഞാൽ ഒരെ
ടത്തും അവ്യാപ്തി ഇല്ലാ എങ്കിലും ജ്ഞാനകാരണ മായിരിക്കുന്ന
മനസ്സംയോഗത്തിന്ന ആത്മാവ ആശ്രയമാകയാൽ ആത്മാവി

കൾ അതിവ്യാപ്തി വരികയും- അതിനെ പരിഹരിപ്പാനായിക്കൊണ്ടു ശബ്ദെതരൊദ്ഭൂതവിശെഷ ഗുണത്തിന്ന ആശ്രയമല്ലാത്തതാവ് എന്നുള്ള അവസ്ഥയും കൂടെ ഉണ്ടായിരിക്കെണമെന്നുപറയെണം- ആത്മാവിങ്കൽ ശബ്ദമല്ലാത്തതായ ഉദ്ഭൂതഗുണങ്ങളുണ്ടു രൂപം, രസം, ഗന്ധം, സ്പൎശം, ബുദ്ധി, സുഖം, ദുഃഖം, ഇച്ഛാ ദ്വെഷം, പ്രയത്നം, സ്നെഹം, സാംസിദ്ധികദ്രവത്വം, ധൎമ്മം, അധൎമ്മം, ഭാവനാ, ശബ്ദം- ഇങ്ങിനെ ഉള്ള വിശെഷ ഗുണങ്ങളിൽ വെച്ചു- ബുദ്ധിമുതലായിട്ടുള്ളതുകൾ ആറും ധൎമ്മവും അധൎമ്മവും ഭാവനയും ആത്മാവിങ്കൽ ഇരിക്കുന്നു എല്ലൊ- അത അത്ര എന്നു വരികയാൽ ശബ്ദെതരൊദ്ഭൂത വിശെഷ ഗുണാനാശ്രയത്വെ സതി എന്നതു കൂടെ ഉണ്ടായാൽ ആത്മാവിങ്കൽ അതിവ്യാപ്തി വരികയില്ല- ശബ്ദെതരപദത്തെ മെൽ പറഞ്ഞ വാക്യത്തിൽ ഘടിപ്പിച്ചതു ശബ്ദത്തെ ഗ്രഹിപ്പിക്കുന്നതായ ശ്രൊത്രമെന്ന ഇന്ദ്രിയം കൎണ്ണസുഷിരത്തിങ്കലെ ആകാശം തന്നെയാകയാലും ആകാശത്തിങ്കൽ ശബ്ദമാകുന്ന വിശെഷഗുണമുണ്ടാകയാലും അതിങ്കൽ അവ്യാപ്തി വരരുത എന്നു കരുതിയെച്ചിട്ടാകുന്നു- ഉദ്ഭൂതപദം വെണ്ടാ എന്നു വെച്ചാൽ അനുദ്ഭൂതമായിരിക്കുന്ന [illegible] രൂപാദികളായ വിശെഷഗുണങ്ങൾ കൎണ്ണ മുതലായതുകളിൽ ഉണ്ടാകയാൽ അവ്യാപ്തി വരും- അനുദ്ഭൂതപദത്തിന്ന അനുദ്ഭൂതത്വമുള്ളതെന്ന അൎത്ഥമാകുന്നു അനുദ്ഭൂതത്വമെന്നത ജാതി വിശെഷമാകുന്നു- രൂപത്വം മുതലായ ജാതി ഇരിക്കാത്തെടത്ത ഇരിക്കയുമില്ല- രൂപത്വവ്യാപ്യമായ അനുദ്ഭൂതത്വം വെറെ- നീലത്വവ്യാപ്യമായ അനുദ്ഭൂതത്വം വെറെ- ഇങ്ങിനെ അനുദ്ഭൂതത്വമെന്ന ജാതി നാനാപ്രകാരമാകുന്നു- അനുദ്ഭൂതത്വമുള്ളതു യാതൊന്നൊ അതു ചക്ഷുരാദികൾക്കു വിഷയമായി വരികയില്ല- ഇത്രമാത്രം കൊണ്ടു അനുദ്ഭൂതപദാൎത്ഥത്തെ ഗ്രഹിച്ചു കൊൾക അനുദ്ഭൂതത്വജാതി എതുയുണ്ടൊ അതുയുള്ള അതിന്റെ അഭാവം യാതൊന്നിങ്കൽ വരിക്കുന്നുവൊ അതത്രെ ഉദ്ഭൂതമാകുന്നത- ഉദ്ഭൂതമായിട്ടുള്ളതു ചക്ഷുരാദികൾക്കു വിഷയമായി വരികയും ചെയ്യും കൎണ്ണമുതലായതുകളിൽ ഇരിക്കുന്ന രൂപാദികൾ അനുദ്ഭൂതങ്ങളാകുന്നു- ഉദ്ഭൂത വിശെഷഗുണങ്ങളിൽ ശബ്ദം ഒഴികെ വെറെ ഒന്നും അത്ര എന്നു മാത്രമെ വന്നിട്ടുള്ളു- അങ്ങിനെയാകയാൽ ഉദ്ഭൂതപദം കൂടെ ചെൎത്താൽ മെൽ പറഞ്ഞ അവ്യാപ്തി നശിക്കയും ചെയ്യും- ശബ്ദെതരൊദ്ഭൂതഗുണം എന്നതുകൊണ്ടു സംയൊഗത്തെയും

ഗ്രഹിക്കാം—എന്നാൽ ചക്ഷുരാദികൾക്കു സംയോഗാശ്രയത്വം ഉണ്ടാകയാൽ അതുകളിൽ അവ്യാപ്തി വരികയും. അതു ഹേതുവായിട്ടു വിശേഷ എന്ന പദം കൂടെ ചേൎക്കപ്പെട്ടിരിക്കുന്നു. അതു ചെയ്താൽ ഉൽകൃഷ്ടത്വമുണ്ടെങ്കിലും സംയോഗം സാമാന്യഗുണങ്ങളിൽ തന്നെ അന്തർഭവിച്ചതാകയാൽ അതിനെ ഗ്രഹിച്ചിട്ടു മേൽ പറഞ്ഞ അവ്യാപ്തി വരികയുമില്ല. ജ്ഞാനകാരണമനസ്സംയോഗാശ്രയത്വമെന്നതിനെ വിട്ടു ശബ്ദേതരോൽകൃഷ്ട വിശേഷഗുണാനാശ്രയത്വമാകുന്നു. ഇന്ദ്രിയത്വമെന്നു പറഞ്ഞാൽ കാലാദികളിൽ അതിവ്യാപ്തി വരികയും. വിശേഷഗുണങ്ങളിൽ വെച്ചു ഒന്നും കാലത്തിങ്കലും ദിക്കിങ്കലും മനസ്സിങ്കലും ഇല്ലാത്തതാകയാൽ അതുകൾക്കും മേൽ പറഞ്ഞ ധൎമ്മം സാധാരണമാകയാൽ അതിവ്യാപ്തിയെ ആപാദിക്കാമെന്നു ഗ്രഹിച്ചുകൊൾക. ജ്ഞാനകാരണമനസ്സംയോഗാശ്രയത്വം അതുകളിൽ ഇല്ലായ്കകൊണ്ടു അതുകളുടെ മേൽപ്രകാരം വന്നിരുന്നാൽ അതിവ്യാപ്തിക്കു ദോഷമില്ലെന്നും ഗ്രഹിക്കേണം. പ്രാചീനമതത്തിങ്കൽ ഇന്ദ്രിയാവയവസംയോഗത്തിന്നും പ്രത്യക്ഷം പ്രതിഹേതുത്വമുണ്ടെന്നിരിക്കയാൽ അതിങ്കലുള്ള അതിവ്യാപ്തിയെ തടുപ്പാനായിക്കൊണ്ടത്രെ ജ്ഞാനപദമെന്നും കാലാദികളിൽ ഉള്ള ത്രുപാദാനത്തെ ഗ്രഹിക്കുംപോൾ വിശേഷണതാ എന്ന സന്നികൎഷത്തിന്റെ ഹേതുക്കളാകയാൽ മേൽ പറഞ്ഞ ഗ്രഹണം പ്രതികാരണമാകുന്ന ചക്ഷുസ്സംയോഗത്തിന്നു ആശ്രയമായി ഭവിക്കുന്ന കാലാദികളിൽ അതിവ്യാപ്തി ഭവിക്കാതെ ഇരിപ്പാനായിക്കൊണ്ടും മനഃപദം വേണമെന്നും മറ്റും ഇതിന്റെ പൂൎവ്വപക്ഷമുണ്ട.

൩൮. വൎണ്ണശ്ശുക്ലരസസ്പൎശാ ജലേ മധുരശീതളൌ । സ്നേഹസ്തത്ര ദ്രവത്വം തു സാംസിദ്ധികമുദാഹൃതം ॥

അന്വയം—— ജലേ- വൎണ്ണഃ- ശുക്ലഃ- രസസ്പൎശൗ- മധുരശീതളൌ- തത്ര സ്നേഹഃ ഭവതി- ദ്രവത്വം തു സാംസിദ്ധികം- ഉദാഹൃതം.

അന്വയാൎത്ഥം——ജലത്തിങ്കലെ വൎണ്ണം ശുക്ലമായി ഭവിക്കുന്നു. രസസ്പൎശങ്ങൾ മധുരശീതളങ്ങളായി ഭവിക്കുന്നു-അതിങ്കൽ സ്നേഹം ഭവിക്കുന്നു- ദ്രവത്വമാകട്ടെ സാംസിദ്ധികമായിട്ടു ഉദാഹൃതമായി ഭവിക്കുന്നു-

പരിഭാഷ —— വൎണ്ണം=രൂപം. (നിറം) ശുക്ലം=വെളുപ്പ്. രസസ്പൎശങ്ങൾ=രസവും സ്പൎശവും. രസം=രസമെന്നഗുണം. സ്പ

ശം=സ്പൎശമെന്നഗുണം- മധുരശീതങ്ങൾ=മധുരവും ശീതവുവും- ശീതളം=തണുപ്പ്- അത=ജലം- സ്നേഹം=സ്നേഹമെന്നഗുണം- ദ്രവത്വം=ദ്രവത്വമെന്നഗുണം- സാംസിദ്ധികം=സ്വാഭാവികം- ഉദാഹൃതം=ഉദാഹരിക്കപ്പെട്ടത- ഉദാഹരിക്ക=പറക-

ഭാവം—— ജലമെന്ന പറകപ്പെട്ടതായ ദ്രവ്യം ജലത്വമെന്ന ജാതിയോടുകൂടിയതാകുന്നു- ജലത്വമെന്നജാതി സ്നേഹമെന്ന പറകപ്പെട്ട ഗുണമാകുന്ന ഒരു കാൎയ്യത്തിന്റെ സമവായി കാരണത്തെ ഇരുന്നേടത്തു മാത്രമിരിക്കുമെന്നുള്ള നിയമത്തെ സാധിപ്പിക്കുന്നതാകുന്നു- സ്നേഹത്വമെന്നുള്ള നിത്യസ്നേഹത്തിങ്കലും അനിത്യ സ്നേഹത്തിങ്കലും തുല്യമായിരിക്കയാൽ അതു കാൎയ്യതയുടെ നിയമത്തെ സാധിപ്പിക്കുന്നതല്ല. അതു ഹേതുവായിട്ടു ജന്യസ്നേഹത്വാവച്ഛിന്ന കാൎയ്യതാ നിരൂപിത സമവായി കാരണതാവച്ഛേദകമായിട്ടു ജലത്വമെന്ന ജാതി സിദ്ധിക്കുന്നു എന്നു മേൽ പറഞ്ഞതിന്റെ ആശയത്തെ കല്പിക്കേണം- (ജന്യസ്നേഹത്വാവച്ഛിന്ന കാൎയ്യതാനിരൂപിതസമവായികാരണതാവച്ഛേദകം=ജന്യസ്നേഹത്വാവച്ഛിന്നകാൎയ്യതാനിരൂപിതസമവായികാരണതയുടെ അവച്ഛേദകം- ജന്യസ്നേഹത്വാവച്ഛിന്നകാൎയ്യതാനിരൂപിതസമവായികാരണതാ=ജന്യസ്നേഹത്വാവച്ഛിന്നകാൎയ്യതാനിരൂപിതയായിരിക്കുന്ന സമവായികാരണതാ- ജന്യസ്നേഹത്വാവച്ഛിന്നകാൎയ്യതാനിരൂപിതാ= ജന്യസ്നേഹത്വാവച്ഛിന്നകാൎയ്യതയാൽ നിരൂപിതാ- ജന്യസ്നേഹത്വാവച്ഛിന്നകാൎയ്യതാ= ജന്യസ്നേഹത്വാവച്ഛിന്നയായിരിക്കുന്നകാൎയ്യതാ- ജന്യസ്നേഹത്വാവച്ഛിന്നാ=ജന്യസ്നേഹത്വത്താൽഅവച്ഛിന്നാ- ജന്യസ്നേഹത്വം=ജന്യസ്നേഹങ്ങളിൽ ഇരിക്കുന്നതായധൎമ്മം- ജന്യസ്നേഹങ്ങൾ=ജന്യങ്ങളായിരിക്കുന്നസ്നേഹങ്ങൾ- ജന്യങ്ങൾ=ഉല്പത്തിയോടുകൂടിയവ- സ്നേഹങ്ങൾ=സ്നേഹമെന്നപേരോടുകൂടിയഗുണങ്ങൾ- അവച്ഛിന്നാ= നിയതാ- (ജന്യസ്നേഹത്വം യാതൊരെടത്തുഇരിക്കുന്നുവോ അവിടെയെല്ലാവിടത്തുമിരിക്കുമെന്നും ജന്യസ്നേഹത്വമില്ലാത്തേടത്തിരിക്കില്ലെന്നുമെന്നുള്ള നിയമത്തോടുകൂടിയതാകപ്പെട്ടത എന്നു സാരം) കാൎയ്യതാ=കാൎയ്യമാകുന്നതു- കാൎയ്യം=പ്രാഗഭാവപ്രതിയോഗി- (ഉല്പത്തിയോടുകൂടിയതെന്നു സാരം) നിരൂപിതാ=നിരൂപിക്കപ്പെട്ടതു- നിരൂപിക്ക=സംബന്ധിച്ചതിനെ ബോധിപ്പിക്ക- ഒന്നിങ്കൽ ഒരു കാൎയ്യത ഇരുന്നാൽ അതിന്റെ സംബന്ധത്തോടു കൂടിയതായിട്ട കാരണതയുമുണ്ടാകും കാൎയ്യതയും കാരണതയും പരസ്പരത്തെ അ

പെക്ഷിച്ചിരിക്കുന്നതാകയാൽ കാൎയ്യത്തെ ഇരിക്കട്ടെ കാരണത്തെയൊണ്ടാ എന്നാശങ്കഹെതുവെകൂടാ എന്നിപ്രകാരം ഗ്രഹിപ്പിക്കു എന്നസാരം. സമവായികാരണതാ= സമവായികാരണമാവുഎന്നുള്ളത. സമവായികാരണം= മുൻപറകപ്പെട്ടപ്രകാരമുള്ളതുതന്നെ. അവച്ഛെദകം=നിയാമകധൎമ്മം. ഇങ്ങിനെകല്പിച്ചാലും പരമാണുവിങ്കൽ ജലത്വമില്ലെന്നുവരും അതുഹെതുവായിട്ടുമെൽപ്രകാരംസിദ്ധിക്കുന്നതു ജന്യജലത്വമെന്നൊരു ജാതിയാകുന്നു. അതിനെയുംകാൎയ്യതാവച്ഛെദകമായിഗ്രഹിച്ചാൽ മെൽപറഞ്ഞപ്രകാരംകാരണതാവച്ഛെദകമായിട്ടുജലത്വമെന്നൊരുജാതി സിദ്ധിക്കുന്നു എന്നറിഞ്ഞുകൊള്ളെണം. ഇങ്ങിനെസിദ്ധമായജലത്വത്തിന്ന ആശ്രയമായദ്രവ്യം യാതൊന്നൊ അതിന്റെവൎണ്ണം വെളുപ്പാകുന്നു ഇപ്പറഞ്ഞതു ജലത്തിങ്കൽ വെളുപ്പല്ലാതെ മറെറാരുരൂപവുമില്ലെന്നതിനെ ഗ്രഹിപ്പിപ്പാനായിക്കൊണ്ടെന്നറിയുന്നത. ശുക്ലവൎണ്ണകത്വം ലക്ഷണമല്ല. ശുക്ലമാകുന്നവൎണ്ണത്തൊടു കൂടിയതാവുഎന്നുള്ളത എന്നൎത്ഥമായ ശുക്ലവൎണ്ണകത്വം ജലത്തിങ്കൽ ഇരിക്കുന്നതുപൊലെ അപക്വമായശുക്തിമുതലായതിൽ ഇരിക്കുന്നു എല്ലൊ. അല്ലാഎങ്കിൽ വൎണ്ണശുക്ലം എന്നു പറഞ്ഞതിന്ന നൈമിത്തികദ്രവത്വാവൃത്തി രൂപവദ്വൃത്തിദ്രവ്യത്വസാക്ഷാദ്വ്യാപ്യജാതിമത്വമെന്നൎത്ഥം അതൊസപരമൊ ക്ലൃപ്തരൂപാസമാനാധികരണ രൂപസമാനാധികരണ ദ്രവ്യത്വസാക്ഷാദ്വ്യാപ്യജാതിമത്വമെന്നൊ അതിന്റെ ആശ്രയത്തെകല്പിക്കെണം. (നൈമിത്തികദ്രവത്വാവൃത്തിരൂപവദ്വൃത്തിദ്രവ്യത്വസാക്ഷാദ്വ്യാപ്യജാതിമത്വം= നൈമിത്തികദ്രവത്വാവൃത്തിയായി രൂപവദ്വൃത്തിയായി ദ്രവ്യത്വസാക്ഷാദ്വ്യാപ്യമായിരിക്കുന്ന ജാതിയൊടുകൂടിയതാവുഎന്നുള്ളത. നൈമിത്തികദ്രവത്വാവൃത്തി= നൈമിത്തിക ദ്രവത്വത്തിങ്കൽ വൃത്തിയൊടു കൂടാത്തത. നൈമിത്തികദ്രവത്വം=നൈമിത്തികമായിരിക്കുന്ന ദ്രവത്വമുള്ളത. നൈമിത്തികം= നിമിത്തവശാൽ ഉണ്ടാകുന്നത. ദ്രവത്വം=ദ്രവത്വമെന്നഗുണം. വൃത്തി സ്ഥിതി. രൂപവദ്വൃത്തി= രൂപവത്തിങ്കൽ വൃത്തിയൊടുകൂടിയത. രൂപവത്ത= രൂപമുള്ളത. രൂപം=രൂപമെന്നഗുണം. വൃത്തി=സ്ഥിതി. ദ്രവ്യത്വസാക്ഷാദ്വ്യാപ്യ=ദ്രവ്യത്വത്തിന്റെ സാക്ഷാദ്വ്യാപ്യ. ദ്രവ്യത്വം=ദ്രവ്യത്വമെന്നജാതി. സാക്ഷാദ്വ്യാപ്യ= നെരെവ്യാപ്യയായിട്ടുള്ളത. വ്യാപ്യ=അതിന്റെഅഭാവത്തിന്ന ആശ്രയമായതിങ്കൽ ഇരിക്കാത്തത. അജ്ഞാ

സ്വരശുക്ലേതരരൂപാസമാനാധികരണ രൂപസമാനാധികരണ ദ്രവ്യത്വസാക്ഷാദ്വ്യാപ്യജാതിമത്വം= അഭാസ്വരശുക്ലേതരരൂപാസമാനാധികരണയായി രൂപസമാനാധികരണയായി ദ്രവ്യത്വസാക്ഷാദ്വ്യാപ്യയായിരിക്കുന്ന ജാതിയൊടു കൂടിയതാവൂ എന്നുള്ളത- അഭാസ്വരശുക്ലേതരരൂപാസമാനാധികരണ= അഭാസ്വരശുക്ലേതരരൂപത്തിന്ന അസമാനാധികരണ-അഭാസ്വരശുക്ലേതരരൂപം= അഭാസ്വരശുക്ലേതരമായിരിക്കുന്നരൂപം- അഭാസ്വരശുക്ലേതരം=അഭാസ്വരശുക്ലത്തിങ്കൽനിന്ന ഇതരം അഭാസ്വരശുക്ലം=അഭാസ്വരമായിരിക്കുന്ന ശുക്ലം- അഭാസ്വരം= അസ്പൃഷ്ടം- ശുക്ലം-വെളുപ്പ- (ജലത്തിന്റെ വെളുപ്പിന്ന അഭാസ്വരശുക്ലമെന്നും തെജസ്സിന്റെ വെളുപ്പിന്ന ഭാസ്വരശുക്ലമെന്നും വ്യവഹാരമുണ്ടു-) ഇതരം= അന്യം- രൂപം=രൂപമെന്നുള്ളതു= അസമാനാധികരണ= സമാനാധികരണയല്ലാത്തത- സമാനാധികരണ= സമാനമായിരിക്കുന്ന അധികരണത്തൊടു കൂടിയത- സമാനം=തുല്യം- അധികരണം=ഇരിപ്പിടം- രൂപസമാനാധികരണ=രൂപത്തിന്ന സമാനാധികരണ- (ശെഷം മെൽപ്രകാരം)ഇങ്ങിനെ മെൽപറഞ്ഞ ലക്ഷണശരീരമായ ശബ്ദത്തിന്റെ അൎത്ഥത്തെ ഗ്രഹിച്ചുകൊൾക- മെൽപ്രകാരമുള്ള ജാതി ജലത്വംതന്നെ അതുകൊണ്ടു മെൽപ്രകാരം ആശയത്തെ കല്പിച്ചാൽ അതുലക്ഷണമായിട്ടുതന്നെ ചെരുന്നതാകുന്നു ജലത്തിന്റെ രൂപം വെളുപ്പുതന്നെ എന്നു പറഞ്ഞാൽ ഇതുയുക്തമായില്ല യമുനാജലം കറുത്തതാകുന്നു എന്ന അനുഭവബലാൽ നിശ്ചയിക്കപ്പെട്ടതല്ലൊ ആകുന്നതെന്ന ശങ്കഭവിക്കാം എന്നാലും കറുപ്പിന്റെ ഭെദത്തെ നിയമിക്കുന്നതായ പൃഥിവീത്വമെന്നജാതി യമുനാജലത്തിങ്കൽ ഇരിക്കാത്തതാകയാൽ അവിടെ അതിന്ന സംഭവമില്ലെന്ന നിശ്ചയിച്ചു അതിനെ പരിഹരിക്കുകയുമാം- യമുനാജലത്തിങ്കൽ തൊന്നുന്നകറുപ്പ അതിന്റെ ആശ്രയമായ ഭൂമിയിൽ ഇരിക്കുന്നതാകുന്നു അതിനെ എടുത്തു മെൽപ്പെട്ടു എറിഞ്ഞാൽ മറ്റുള്ള ജലമെന്നപൊലെ അതും വെളുത്ത നിറത്തൊടു കൂടിയതായി കാണപ്പെടുന്നു അതുഹെതുവായിട്ടു ജലത്തിന്റെവൎണ്ണം വെളുപ്പുതന്നെ എന്ന ഗ്രഹിച്ചുകൊൾകയും വെണം-

ജലത്തിന്റെരസം മധുരമാകുന്നു അതിങ്കൽ പ്രത്യക്ഷമാകാണ്ടയാതൊരു രസവും ഗ്രഹിക്കപ്പെടുന്നില്ല- എന്നാലൊ ഉപ്പായിട്ടാകുന്നു ഓരുജലം ലവണരസമായത എന്നുള്ളവൈചിത്ര്യമെന്നാ

പോലെ എന്തുഹേതുവായിട്ടാകുന്നു മധുരമായതെന്നും എന്തുഹേതുവായിട്ടാകുന്നു പുളിക്കുന്നതെന്നും എന്തുഹേതുവായിട്ടാകുന്നു കയ്ക്കുന്നതെന്നും എന്തുഹേതുവായിട്ടാകുന്നു എരിക്കുന്നതെന്നും എന്തുഹേതുവായിട്ടാകുന്നു ചവൎക്കുന്നതെന്നുള്ള ചോദ്യങ്ങൾ നടന്നുവരുന്നു അതുഹേതുവശാൽ അതിന്നുവൈരസ്യമില്ല. നാളികേരജലത്തിന്നുതോന്നുന്നമാധുൎയ്യം നാളികേരജലം യാതൊരെടത്തുണ്ടായതാകുന്നുവോ ആസ്ഥലത്തിങ്കൽ നിന്നു മധുരരസങ്ങളായ അതിന്റെസൂക്ഷ്മാവയവങ്ങൾ നാളികേരജലത്തിങ്കൽചെന്നിരിക്കയാൽ ഉണ്ടായതത്രെ ആകുന്നത. അപ്രകാരമാകയാൽ അതുജലം മധുരമാകുന്നു എന്നതിനെക്കുറിച്ചുസന്ദേഹിക്കുന്നില്ല സന്ദേഹിച്ചാലും ജലത്തിന്റെരസംമധുരംതന്നെ എന്നുവരുന്നില്ല. നാരങ്ങയുടെ ജലത്തിന്നുപുളിയുണ്ടാകയാൽ ജലത്തിങ്കൽപുളിയും ഇങ്ങിനെമറ്റുള്ളരസങ്ങളും ഉണ്ടെന്നുവരും. രസാവയവങ്ങൾജലത്തിന്റെരസംമധുരമാകുന്നു എന്നതിനെപ്രത്യക്ഷിച്ചുപറഞ്ഞതിന്നുദൂഷണമാകയുമില്ല. ഇങ്ങിനെശങ്കിക്കുന്നവർ താഴെപറയുന്നതിനെ നോക്കി സമാധാനപ്പെടുകയുംവേണം.

നാളികേരജലത്തിങ്കൽ മാധുൎയ്യംതോന്നുകയാൽ ജലംമധുരമാകുന്നു എന്നുഞാൻപറയുന്നില്ല കൂപതടാകാദിജലങ്ങൾമധുരങ്ങളല്ലാതെ ഇരിക്കുമ്പോൾ നാളികേരജലത്തിന്റെമാധുൎയ്യത്തെപ്രമാണിച്ചിട്ടു സകലജലവും മധുരമാകുന്നുഎന്നു പറഞ്ഞുകൂടാ എല്ലാ അന്യഹേതുവായിട്ടു നാളികേരജലത്തിന്റെ മാധുൎയ്യം നാരങ്ങനീരിന്റെ പുളിഎന്നപോലെ ആശ്രയവശാൽ ഉണ്ടായതുതന്നെ എങ്കിലും ജലത്തിന്റെ രസം മധുരംതന്നെഎന്തുകൊണ്ടെന്നാൽ പ്രത്യക്ഷംകൊണ്ടുതന്നെ എന്നറിക. രസനേന്ദ്രിയത്തോടു ജലം സംബന്ധിക്കുമ്പോൾ മധുരത്തെ ഗ്രഹിക്കാത്തതിന്റെ കാരണം വ്യഞ്ജകവസ്തുസഹായമായി ലഭിച്ചിട്ടില്ലായ്കയത്രെ ആകുന്നതു. അസ്പഷ്ടമായതിനെ സ്പഷ്ടമായിരിക്കുന്നതിനെപ്പോലെ ഗ്രഹിപ്പിക്കുന്ന പദാൎത്ഥമത്രെ വ്യഞ്ജകവസ്തുവാകുന്നത. ജലമാധുൎയ്യത്തിന്റെ വ്യഞ്ജകവസ്തു നെല്ലിക്കമുതലായതാകുന്നു. നെല്ലിക്കതിന്നിട്ടു ഉടനെ വെള്ളംകുടിക്കുമ്പോൾ എല്ലാവൎക്കും മധുരമായിതോന്നുന്നു. ഇപ്രകാരമാകയാൽ വ്യഞ്ജകസഹായത്തോടുകൂടിയ രസനേന്ദ്രിയം തന്നെ ജലം മധുരമാകുന്നു എന്നതിന്നു പ്രമാണമെന്നു ഗ്രഹിച്ചുകൊൾക. നെല്ലിക്കമുതലായിരിക്കുന്നതിന്റെ സൂക്ഷ്മാവയവങ്ങൾ വായയിൽപ

റി ഇരിക്കുമ്പൊൾ അതുകളിലുണ്ടാകുന്ന ജലസംയോഗം നെ
ല്ലിക്കാമുതലായതുകളിൻ തന്നെ മധുരരസത്തെ ജനിപ്പിക്കുന്നു എ
ന്നുള്ളകല്പനയെ ഗൌരവാധിക്യവശാൽ ഉപേക്ഷിച്ചിരിക്കുന്നു ജല
ത്തിന്റെ രസം മധുരമായിരുന്നാലും നാളികേരജലത്തിന്റെ മാ
ധുൎയ്യം വിജാതീയമാകയാൽ അത ആശ്രയമാധുൎയ്യവശാൽ ഉണ്ടാ
യതാകുന്നു എന്നും പുളിമുതലായരസങ്ങളുടെ ഹേതുതയെ ക്ഷി
തിത്വം കൊണ്ടു നിയമിച്ചിരിക്കയാലും ക്ഷിതിത്വം ക്ഷിതിയി
ൽ നിന്നു അന്യങ്ങളിൽ ഇരിക്കുന്നതല്ലായ്കയാലും ജലത്തിങ്കൽ
പുളിമുതലായരസങ്ങളുടെ ഹേതുത ഉപരാത്തതാകയാൽ നാര
ങ്ങനീരിൽതൊന്നുന്ന പുളിരസവും ആശ്രയവശാൽ ഉണ്ടായതാ
കുന്നു എന്നും ഗ്രഹിച്ചുകൊൾക ജലത്തിന്റെസ്പൎശം ശീതമാകു
ന്നു വേറെ ഒരുവസ്തുവും ശീതസ്പൎശമായിട്ടു ഒരേടത്തുമില്ല അതു
കൊണ്ടുശീതസ്പൎശവത്വം ജലത്തിന്റെലക്ഷണംതന്നെ ജല
ത്തിങ്കൽ ഉഷ്ണം ഉണ്ടാകുന്നതു തേജസ്സംയോഗം ഹേതുവായിട്ടാ
കുന്നു യാതൊരുജലം ഉഷ്ണമായിരിക്കുന്നുവൊ അതുസ്വഭാവെ
നശീതസ്പൎശമായിട്ടുള്ളതാകുന്നു അതുഹേതുവായിട്ടു മെൽപറഞ്ഞ
ലക്ഷണത്തിന്നു അവ്യാപ്തിയില്ലെന്നും ചന്ദനാദികളിൽതൊന്നു
ന്നശൈത്യത്തിന്റെ ആധാരം ചന്ദനാന്തൎഗ്ഗതമായജലംതന്നെ
യാകയാൽഅതിവ്യാപ്തിയില്ലെന്നും ധരിച്ചുകൊൾക.

ജലം സ്നേഹത്തിന്നു ആധാരമായിട്ടുള്ളതുമാകുന്നു. നെയ്യുമുത
ലായതുകളിൽ തൊന്നുന്ന സ്നേഹമെന്നും നെയ്യു മുതലായതുക
ളിൽ ചെൎന്നിരിക്കുന്ന ജലമത്രെ ആശ്രയമാകുന്നത. സ്നേഹ
സമവായി കാരണതയെ ജലത്വംകൊണ്ടു നിയമിച്ചിരിക്കു
മ്പൊൾ വെറെ ഒന്നിൽ സ്നേഹോല്പത്തിക്കു സംഭവമില്ല.
നെ മുതലായതുകളിൽ ജലമുണ്ടായിരുന്നാലും അഗ്നിക്കു അ
തുകൾ അനുകൂലപ്പെട്ടായി ഭവിക്കുന്നതിന്റെ കാരണം സ്നേഹാ
ധിക്യമത്രെ ആകുന്നത.

ജലത്തിങ്കലെ ദ്രവത്വം സാംസിദ്ധികമാകുന്നു. സാംസിദ്ധി
കദ്രവത്വമെന്നതു വെറെ ഒന്നിലു മിരിക്കാത്തതാകുന്നു. സാം
സിദ്ധിക ദ്രവത്വമുണ്ടെന്നാകുന്നതിലെ പ്രത്യക്ഷബലാൽ അം
ഗീകരിക്കുന്നു. സാംസിദ്ധിക ദ്രവത്വംകൊണ്ടു നിയമിക്ക
പ്പെട്ടതായ കാൎയ്യതയെപ്പറ്റിയുള്ള കാരണതയെ ജലത്വംകൊ
ണ്ടു നിയമിച്ചിരിക്കയാൽ സാംസിദ്ധിക ദ്രവത്വമെന്നു ള്ള
തിന്റെ ആധാരം ജലംതന്നെ എന്നറിക. തൈലാദികളിൽ
ഉള്ള സാംസിദ്ധിക ദ്രവത്വത്തിന്റെയും ആധാരമായിട്ടുള്ളതു

തൈലാദികളിൽ ചെന്നിരിക്കുന്ന ജലം തന്നെ എന്നും ഗ്രഹിച്ചുകൊൾക-

൩൮. നിത്യതാദിപ്രഥമവൽകിന്തുദേഹമയോനിജം । ഇന്ദ്രിയംരസനംസിന്ധുഹിമാദിൎവ്വിഷയോമതഃ ॥

അന്വയം—— നിത്യതാദി- പ്രഥമവൽ- കിന്തു- ദേഹം-അയോനിജം- ഭവതി- ഇന്ദ്രിയം- രസനം- സിന്ധുഹിമാദിഃ-വിഷയഃ- മതഃ-

അന്വയാൎത്ഥം—— നിത്യതാദി പ്രഥമത്തിനെന്നപോലെ ഭവിക്കുന്നു- വിശേഷമുണ്ടു ദേഹം അയോനിജമായിഭവിക്കുന്നു- ഇന്ദ്രിയം രസനമാകുന്നു- സിന്ധുഹിമാദി വിഷയമെന്നു മതമാകുന്നു-

പരിഭാഷാ— നിത്യതാദി=നിത്യത്വമുതലായതു- പ്രഥമവൽ=മുൻപറഞ്ഞപ്പോലെ (പ്രഥമം എന്ന ഭൂമിയുടെ സാരം); ദേഹം=ശരീരം- അയോനിജം=യോനിജമല്ലാത്തതു- യോനിജം=യോനിയിൽ ജനിച്ചതു രസനം=നാവ- (നാവിന്മേൽ രസജ്ഞാനത്തെ ജനിപ്പിക്കുന്നതായി ഇരിക്കുന്ന ഇന്ദ്രിയത്തെ രസനശബ്ദംകൊണ്ടു ഗ്രഹിക്കുന്നു) സിന്ധുഹിമാദി=സിന്ധുഹിമങ്ങൾ ഇടങ്ങിയുള്ളതു- സിന്ധുഹിമങ്ങൾ=സിന്ധുവും ഹിമവും- സിന്ധു=സമുദ്രം- ഹിമം=മഞ്ഞു- മതം=അറിയപ്പെടുന്നതു-

ജലനിരൂപണം

സാരം — നിത്യമെന്നും അനിത്യമെന്നും ഉള്ള ഭേദം പൃഥിവിക്കു എന്നപോലെ ജലത്തിനുമുണ്ടു അതിൽവെച്ചു നിത്യമായിരിക്കുന്ന ജലം പരമാണുരൂപമായിട്ടുള്ളതാകുന്നു- ദ്വ്യണുകം മുതലായ ജലം ഒക്കെയും അനിത്യമായിട്ടുള്ളതാകുന്നു- അതിന്നു അവയവങ്ങളിൽ സമവായസംബന്ധേന ഉൽപത്തിയുണ്ടു- അപ്രകാരം അനിത്യമായ ജലം ശരീരമെന്നും ഇന്ദ്രിയമെന്നും വിഷയമെന്നും മൂന്നു ഭേദത്തോടുകൂടിയതുമാകുന്നു- ജലസംബന്ധിയായ ശരീരത്തിന്നു പാൎത്ഥിവശരീരത്തെക്കാൾ ഒരു വിശേഷമുണ്ടു- പാൎത്ഥിവശരീരം യോനിജമായിട്ടും അയോനിജമായിട്ടുമുണ്ടു- ജലശരീരം അയോനിജമായിട്ടു തന്നെ ഭവിക്കുന്നു- ഇതത്രെ വിശേഷമാകുന്നതു- ജലമയശരീരം വരുണലോകത്തിങ്കൽ പ്രസിദ്ധമാകുന്നു- രസനേന്ദ്രിയം ജലമയമാകുന്നു എന്നതിന്നു പ്രമാണം (രസനേന്ദ്രിയം ജലമയം ഗന്ധാദ്യവ്യഞ്ജകത്വേസതിരസവ്യഞ്ജകത്വാൽസക്തുരസാഭിവ്യഞ്ജകോദകവൽ)എന്ന അനുമാനമത്രെ ആകുന്നതു-രസനേന്ദ്രി

യം=രസനമാകുന്നഇന്ദ്രിയം-ജലമയം=ജലത്തിങ്കൽനിന്നുണ്ടായത(ജലരൂപമെന്നു സാരം)ഗന്ധാവ്യഞ്ജകത്വം=ഗന്ധാവ്യഞ്ജകമാവുഎന്നുള്ളത- ഗന്ധാവ്യഞ്ജകം=ഗന്ധത്തെ വ്യഞ്ജിപ്പിക്കാത്തത- വ്യഞ്ജിപ്പിക്ക=വ്യക്തമാക്കുക- ദ്രവ്യത്വം=ദ്രവ്യമാവുഎന്നുള്ളത- രസവ്യഞ്ജകത്വം=രസവ്യഞ്ജകമാവുഎന്നുള്ളത- രസവ്യഞ്ജകം-രസത്തെ വ്യഞ്ജിപ്പിക്കുന്നത രസം=രസമെന്നഗുണം- (മധുരം മുതലായത) വ്യഞ്ജിപ്പിക്ക= വ്യക്തമാക്കുക- സക്തുരസാഭിവ്യഞ്ജകൊദകം=സക്തുരസാഭിവ്യഞ്ജകമായിരിക്കുന്നഉദകം- സക്തുരസാഭിവ്യഞ്ജകം=സക്തുരസത്തെ അഭിവ്യഞ്ജിപ്പിക്കുന്നത- സക്തുരസം=സക്തുവിന്റെരസം-സക്തു=മലർപൊടി അഭിവ്യഞ്ജിപ്പിക്ക=വ്യക്തമാക്കുക! ഇങ്ങിനെമേൽ പറഞ്ഞതായ മൂലവാക്യത്തിങ്കൽചെൎന്നിരിക്കുന്ന പദങ്ങളുടെഅൎത്ഥം- രസനെന്ദ്രിയം ജലമയമെന്നതിന്നരസനെന്ദ്രിയംജലമയമാകുന്നുഎന്നുതാൽപൎയ്യാൎത്ഥം-രസനെന്ദ്രിയംജലമയമാകുന്നുഎന്നുനിശ്ചയിച്ചതുയാതൊന്നഹെതുവായിട്ടാകുന്നു അതിനെ ഗന്ധാവ്യഞ്ജകത്വേ സത്യാദിയായ അംശംകൊണ്ടു പറഞ്ഞിരിക്കുന്നു ഗന്ധാവ്യഞ്ജകത്വവും ദ്രവ്യത്വവുമുണ്ടായിരിക്കുമ്പോൾ ഉള്ള രസവ്യഞ്ജകത്വം ഹെതുവായിട്ട എന്നു അതിന്റെ താൽപൎയ്യമാകുന്നു- എന്നതിനെപോലെ എന്നതിനെ സക്തുരസാഭിവ്യഞ്ജകൊദകവൽ എന്നുകൊണ്ടു പറഞ്ഞിരിക്കുന്നു- സക്തുരസാഭിവ്യഞ്ജകൊദകമെന്നപോലെ എന്നു അതിന്റെ അൎത്ഥമാകുന്നു- അനേകമാനവാക്യാഭിപ്രായം- രസനെന്ദ്രിയമെന്നതു ജലരൂപമാകുന്നു എന്നു ഹെതുവായിട്ടെന്നാൽ അതിങ്കൽ ഗന്ധത്തെ വ്യക്തമാക്കുവാനുള്ള സാമൎത്ഥ്യമിരിക്കുന്നില്ല- ദ്രവ്യത്വമുണ്ടു- രസത്തെ വ്യക്തമാക്കിച്ചെയ്യുന്നു- ഈ മൂന്നു സാധകങ്ങളുണ്ടാകയാൽ മെൽപ്രകാരം നിശ്ചയിക്കാമെന്നു അറിഞ്ഞുകൊൾക ഇതിന്നു ദൃഷ്ടാന്തവുമുണ്ടു- സക്തുരസത്തെ അഭിവ്യഞ്ജിപ്പിക്കുന്നതായ ജലം ദൃഷ്ടാന്തമാകുന്നു- സക്തുരസാഭിവ്യഞ്ജകമായ ജലത്തിങ്കൽ ഗന്ധത്തെ വ്യക്തമാക്കുവാനുള്ള സാമൎത്ഥ്യമില്ല- ദ്രവ്യത്വമുണ്ടു- അതുപോലെ രസത്തെ വ്യക്തമാക്കുവാനുള്ള സാമൎത്ഥ്യവുമുണ്ടു- ഇപ്രകാരമാകയാൽ ഈ ദൃഷ്ടാന്തത്തിങ്കൽജലരൂപമായാകുന്ന സാധ്യത്തോടുകൂടെ ഇരിക്കുന്നതായിക്കണ്ടും മെൽ കൊടുത്തു മെൽ പറഞ്ഞ സാധ്യത്തോടുകൂടാതെ ഇരിക്കുന്നു എന്നുള്ള അറിവിന്നു വിഷയമായാരെയും ഇരിക്കുന്നതായ ഗന്ധാവ്യഞ്ജകത്വത്തോടും ദ്രവ്യത്വത്തോടും കൂടി ഏകാശ്രയത്തിങ്കൽ ഇരിക്കുന്ന

തായി മധുരം ഗ്രഹിക്കപ്പെട്ടതായ ഒറ്റ രസനേന്ദ്രിയത്തിങ്കലു ണ്ടാകയാൽ ഉച്ഛിഷ്ടാന്തരം ജലത്തെപോലെ രസനേന്ദ്രിയത്തി ങ്കലും ജലത്വജാതി ഉണ്ട എന്ന കല്പിക്കാം. ഇപ്രകാരമാകുന്നു ര സനേന്ദ്രിയവും രസാശ്രയസ്ഥലവും തമ്മിൽ ഭേദമെന്നാകിലും ആ കുന്നു എല്ലാ സംഗ്രഹണ മുണ്ടാകുന്നതു- ജലധാതുവായിട്ട രസനേന്ദ്രിയത്തിന്റെ മെച്ചു എന്ന പറയുന്ന വസ്തുവിങ്കൽ ഹേതു ഇരിക്കയാൽ ആപാദിക്കപ്പെട്ടുവരുന്ന വഹ്നിസംബന്ധ ദൃഷ്ടിയാ ൽ ദോഷത്തിന്റെ നിവൃത്തി ഭവ്യം പോലും കൂടെ ഉണ്ടായിരിക്കുന്ന തെന്നുള്ളതിന്റെ ഫലമാകുന്നു- ഇപ്രകാരമുള്ള അനുമാനത്താലാ ൽ ഇന്ദ്രിയം രസനമെന്നതു സിദ്ധമായി രസ സംബന്ധിയായ വിഷയം, സമുദ്രം, നദി, വെള്ളം, കുളം മിന്നാ ഇങ്ങിനെ ഉ ണ്ടായുള്ളതും മഞ്ഞു മുതലായതുമാകുന്നു മഞ്ഞ കട്ടയായിട്ടും ആലിപ്പഴം കല്ലുപോലെയുമിരുന്നാലും ചൂടിന്റെ സംയോഗ വശാൽ അലിയുമ്പോൾ അതുകളിൽ ജലത്വം പ്രത്യക്ഷമാകകൊ ണ്ടു ഗ്രഹിക്കപ്പെടുന്നതാകയാൽ അതുകൾക്ക ചിലകാലമുണ്ടാ കുന്നകാഠിന്യത്തെ പ്രമാണിച്ചിട്ട പൃഥിവിയിൽ ചേർന്നതുകളാ കുന്നു എന്ന ഭ്രമിച്ചുപോകരുത്. ഇങ്ങിനെ അപ്പ്രത്യക്ഷസങ്ഗ്രഹം തന്നെ ഭാഷാപരിച്ഛേദമെന്ന പ്രകരണത്തിങ്കൽ പറയപ്പെട്ടു- അത ഇവിടെയും ചേർത്തു കൊള്ളുക-

൩൮. ഉഷ്ണസ്പർശസ്തേജസസ്തു സ്യാദ്രൂപം ശുക്ലഭാസ്വരം നൈ മിത്തികം ദ്രവത്വം തു നിത്യതാദി ച പൂർവ്വവൽ ।

൩൯. ഇന്ദ്രിയം നയനം വഹ്നിസ്സ്വർണ്ണാദിർവ്വിഷയോ മതഃ। അ പാകജോനുഷ്ണാശീതസ്പർശസ്തു പവനേ മതഃ ॥

അന്വയം —— തേജസഃ- സ്പർശഃ തു- ഉഷ്ണഃ- രൂപം- ശുക്ലഭാ സ്വരം സ്യാൽ- ദ്രവത്വം- തു- നൈമിത്തികം- ഭവതി- പൂർവ്വവ ൽ- നിത്യതാദി- ച- ഇന്ദ്രിയം- നയനം- വിഷയ- വഹ്നി- സ്വർണ്ണാദിഃ. മതഃ- പവനേ- തു- അപാകജാനുഷ്ണാശീതസ്പർശഃ. മതഃ-

അന്വയാർത്ഥം —— തേജസ്സിന്റെ സ്പർശമാകട്ടെ ഉഷ്ണമാകുന്നു. രൂപം ശുക്ലഭാസ്വരമായി ഭവിക്കും- ദ്രവത്വമാകട്ടെ നൈമിത്തി കമായി ഭവിക്കുന്നു- പൂർവ്വത്തിന്ന എന്നപോലെ നിത്യതാദി യും ഭവിക്കുന്നു ഇന്ദ്രിയം നയനമാകുന്നു- വിഷയം വഹ്നിസ്സു വർണ്ണാദി എന്ന മതമായി ഭവിക്കുന്നു- പവനനാകട്ടെ അപാക ജാനുഷ്ണാശീതസ്പർശനായിട്ട മതനായി ഭവിക്കുന്നു-

പരിഭാഷാ ——തേജസ്സ=തേജസ്സെന്നദ്രവ്യം- സ്പർശം=സ്പർശ

മെന്നുള്ളതും- രൂപം=രൂപം- രൂപാദിഗുണങ്ങൾ= (നിറം)
ഉള്ളതായി പ്രത്യക്ഷമായിട്ടും രസപരമായിട്ടും ഇരിക്കുന്നത ഉ
ന്ദ്രിയം... രസം=രസിക്കുന്നത- രസിക്ക=പ്രകാശി
ക്ക- ദ്രവത്വാദികളെന്നുള്ളതും- നൈമിത്തികം=നിമിത്തവ
ശാൽ ഉണ്ടാവുന്നത- പൂൎവ്വം=മുൻപറകപ്പെട്ടത- നിത്യാനി-
നിത്യതമുതലായിട്ടുള്ളത- നയനം=കണ്ണ- വഹ്നിസംയോഗി=വ
ഹ്നിസംയോഗത്തോടുകൂടിയുള്ളത- വഹ്നിസംയോഗം=വഹ്നിയും
സംയോഗവും വഹ്നി=തീയ്. തേജസ്സാദികളെന്നത- പവനൻ=
വായു- അപാകജാനുഷ്ണാശീതസ്പൎശവാനായി അനുഷ്ണാ
ശീതമായിരിക്കുന്ന സ്പൎശത്തോടുകൂടിയവൻ. (പവനനെന്നുള്ള
വിശേഷ്യവാചകശബ്ദം പുല്ലിംഗത്തെ പ്രകാശിപ്പിക്കും വിധ
ത്തിൽ പറയുന്നതു മലയാളികൾ സമ്പ്രദായസിദ്ധമാകയാ
ൽ വിശേഷണപദത്തിന്റെ അനായാസപരിഭാഷകളിലും
പുല്ലിംഗത്തെ ആദരിച്ചിരിക്കുന്നു- പവനനെന്നത ശരീരത്തിങ്ക
ൽ ഉള്ള പ്രാണവായു പുറത്തുള്ള കാററ ഇങ്ങിനെ ഉള്ളതാകുന്നു.
അതിന്ന വാസ്തവമായ പുല്ലിംഗമില്ലെന്ന ധരിച്ചുകൊൾക) അ
പാകജം=പാകജമല്ലാത്തത- പാകജം=പാകം ഹേതുവായിട്ടു ഉ
ണ്ടായത- പാകം=തേജസ്സംയോഗം- അനുഷ്ണാശീതം=അനു
ഷ്ണമായിട്ടും അശീതമായിട്ടുമിരിക്കുന്നത- അനുഷ്ണം=ഉഷ്ണമല്ലാ
ത്തത- അശീതം=ശീതമല്ലാത്തത- സ്പൎശം=സ്പൎശമെന്നുള്ളതും-
മതൻ=അറികപ്പെടുന്നവൻ-

തേജോനിരൂപണം

സാരം——തേജസ്സ എന്ന മൂന്നാമത്തതായി മുൻ പറകപ്പെട്ട ദ്രവ്യം ഉഷ്ണമായിരിക്കുന്ന സ്പൎശത്തോടു കൂടിയതാകുന്നു- സ്പൎശത്തിങ്കൽ ഉഷ്ണതയെന്നത ഒരു ജാതിയെത്രെ ആകുന്നത- അതു പ്രത്യക്ഷസിദ്ധമായിട്ടുള്ളതാകുന്നു- ജന്യോഷ്ണസ്പൎശരൂപമായ കാൎയ്യംകൊണ്ട ജന്യതേജസ്ത്വമെന്ന ജാതിയും ജന്യതേജോരൂപമായ കാൎയ്യംകൊണ്ട തേജസ്ത്വമെന്ന ജാതിയും സിദ്ധിക്കുന്നു- ജലനിരൂപണത്തിങ്കൽ പറഞ്ഞ പ്രകാരം അതിന്റെ ന്യായത്തെ നല്ലവണ്ണം ഗ്രഹിച്ചുകൊൾകയും വേണം- തേജസ്സിന്റെ ലക്ഷണം ഉഷ്ണസ്പൎശവത്താകുന്നു എന്ന ആദ്യവാക്യത്തിൽനിന്നു സിദ്ധമായിരം ലക്ഷണം ചന്ദ്രകിരണാദികളിൽ ഉള്ള പ്രകാരം അനുഭവമില്ല- എങ്കിലും അതുകളിലും ഉഷ്ണസ്പൎശമുണ്ട എന്നും അതിനെ ഗ്രഹിക്കാത്തതു ചന്ദ്രകിരണങ്ങളുടെ ഇടയിൽ കൂടെ സൂക്ഷ്മങ്ങളായിയും നിരന്തരങ്ങളായിട്ടും വീഴുന്ന ജലത്തിന്റെ സ്പൎശത്താൽ ഉ

ണ്ടാകപ്പെട്ട അസ്ഫുടതഹേതുവായിട്ടാകുന്നു എന്നും രത്നകിരണങ്ങളിൽ ഉൽഭൂതസ്പൎശത്തെ ഗ്രഹിക്കാത്തതു പൃഥിവിയുടെ രത്നങ്ങളിൽ ചെൎന്നിരിക്കയാൽ അതിന്റെ അനുൽഭൂതസ്പൎശമായസ്പൎശത്താൽ ഉണ്ടാകപ്പെട്ടതായ അസ്ഫുടതഹേതുവായിട്ടാകുന്നു എന്നാകല്പിപ്പാൻവഴിയുണ്ടല്ലോ അതുഹേതുവായിട്ട അവ്യാപ്തി എന്നദോഷത്തെ പറഞ്ഞുകൂടാ എന്നു ധരിച്ചുകൊൾകയുംവെണം- ചക്ഷുരാദികളിലുള്ളഉൽഭൂതസ്പൎശം അനുൽഭൂതരൂപംഹേതുവായിട്ടും ഗ്രഹിക്കപ്പെടുന്നതല്ല

തെജസ്സിന്റെരൂപം ഭാസ്വരശുക്ലമാകുന്നു തിയ്യുചുവന്നിട്ടും മരതകത്തിന്റെനിറംപച്ചയായിട്ടും തൊന്നുന്നതു പൃഥിവീരൂപത്താൽ മറക്കപ്പെടുകനിമിത്തമായി അതുകളിലെ ഭാസ്വരശുക്ലത്തെ ഗ്രഹിപ്പാൻ കഴികയാലത്രെ എന്നു ഗ്രഹിച്ചുകൊൾക- രൂപഗ്രഹണമുണ്ടാകുന്നില്ല എങ്കിൽ തിയ്യിന്റെയും മരതകാദികളുടെയും പ്രത്യക്ഷമുണ്ടാകുന്നതെങ്ങിനെ കണ്ണുകൊണ്ടൊരു വസ്തുവിനെ ഗ്രഹിക്കണമെങ്കിൽ അതിന്റെ രൂപഗ്രഹണമുണ്ടാകണമെല്ലൊ എന്നു ശങ്കിക്കുന്നു എങ്കിൽ പറയാം അതിന്റെരൂപത്തെഗ്രഹിക്കുന്നില്ല എങ്കിലും മറ്റൊന്നിന്റെരൂപത്തെ അതിന്റെരൂപമായിട്ടുഗ്രഹിച്ചാലും പ്രത്യക്ഷം സംഭവിക്കും ശംഖിന്റെ സ്വാഭാവികമായ വെളുപ്പിനെ ഗ്രഹിക്കാതെ അതിങ്കലില്ലാത്തതായിട്ടും പീതവസ്തുക്കളിൽ ഉള്ളതായിട്ടുമിരിക്കുന്ന മഞ്ഞനിറത്തെ ശംഖിന്റെനിറമാക്കി ഗ്രഹിക്കുന്നില്ലെ കാമിലപിത്തരോഗമുള്ളവൎ എന്നതു പ്രത്യക്ഷം സംഭവിച്ചുകാണ്മാൻ അതുഹേതുവായിട്ടു അന്യരൂപംകൊണ്ടും പ്രത്യക്ഷം ഭവിക്കുന്നതുപൊലെയെന്നു ഗ്രഹിച്ചുകൊൾക-

തെജസ്സിൽ നൈമിത്തികമായ ദ്രവത്വമുണ്ടു എവിടെ എന്നാൽ സ്വൎണ്ണാദികളെ ചൂടുപിടിപ്പിച്ചാലുരുകുന്നു എന്ന സിദ്ധാന്തമിരിക്കയാൽ സ്വൎണ്ണാദികളായിരിക്കുന്ന തെജസ്സുകളിലാകുന്നു എന്നു ഗ്രഹിച്ചുകൊൾക- സ്വൎണ്ണാദികളിലുണ്ടായാലും തിയ്യുമുതലായ തെജസ്സുകളിൽ ഇല്ലായ്കകൊണ്ടു അവ്യാപ്തിയും നെയ്യുമുതലായ പാൎത്ഥിവപദാൎത്ഥങ്ങളിലുണ്ടാകയാൽ നൈമിത്തികദ്രവത്വമെന്നതെജൊലക്ഷണത്തിന്നു അതിവ്യാപ്തിയുമുണ്ടു അതുഹേതുവായിട്ടു പൃഥിവ്യവൃത്തിനൈമിത്തികദ്രവത്വവൃത്തിജാതിമത്വമെന്നതത്രെ ലക്ഷണത്തിന്റെ ആശയമാകുന്നു എന്നു കല്പിക്കയുംവെണം പൃഥിവ്യവൃത്തിനൈമിത്തികദ്രവത്വവൃത്തിജാതിമത്വം പൃഥിവ്യവൃത്തിയായനൈമിത്തികദ്രവത്വവൃത്തി

യായിരിക്കുന്ന ജാതിയോടു കൂടിയതാവൂ എന്നുള്ളത- പൃഥിവീവ്യ ത്തി=പൃഥിവിയിങ്കൽവൃത്തിയോടു കൂടാത്തത പൃഥിവീ=ഭൂമി വൃത്തി=സ്ഥിതി- നൈമിത്തികദ്രവത്വവൽവൃത്തി= നൈമിത്തികദ്രവത്വത്തിങ്കൽവൃത്തിയോടുകൂടിയത- നൈമിത്തികദ്രവത്വവത്ത= നൈമിത്തികദ്രവത്വമുള്ളത- നൈമിത്തികദ്രവത്വം=നൈമിത്തികമായിരിക്കുന്ന ദ്രവത്വം- നൈമിത്തികം=ഹേതുവശാൽഉണ്ടാകുന്നത- ദ്രവത്വം=ദ്രവത്വമെന്നുള്ളഗുണം- വൃത്തി=സ്ഥിതി- മേൽപ്രകാരമുള്ള ജാതിതെജസ്സാണെന്ന അത എല്ലാതെജസ്സുകളിലുമുണ്ടാകയാൽ മേൽപറഞ്ഞതിന്ന അവ്യാപ്തി ഇല്ലെന്നും തെജസ്സുകളിൽനിന്ന അന്യങ്ങളായവസ്തുക്കളിൽ ഇരിക്കായ്കയാൽ അതിവ്യാപ്തിഇല്ലെന്നും ഗ്രഹിച്ചുകൊൾക-

മേൽപ്രകാരമുള്ളതെജസ്സ പൃഥിവീലക്ഷണത്തിൽ പറഞ്ഞപോലെ നിത്യമായിട്ടും അനിത്യമായിട്ടുമുണ്ട പരമാണുരൂപമായിരിക്കുന്ന തെജസ്സുനിത്യമാകുന്നു ദ്വ്യണുകാദിസ്വരൂപമായ തെജസ്സ അനിത്യമാകുന്നു അനിത്യമായതെജസ്സ അവയവിയാകുന്നു- (അവയവി=അവയവമുള്ളത) അതു ശരീരമെന്നും ഇന്ദ്രിയമെന്നും വിഷയമെന്നും വ്യവഹരിക്കപ്പെടുവതിനായിട്ട മൂന്നുപ്രകാരമാകുന്നു- തെജോമയമായശരീരം ആദിത്യലോകത്തിലാകുന്നു എന്നും ആദിത്യലോകാദികളിൽ പ്രസിദ്ധമാകുന്നു എന്നും ഗ്രഹിച്ചുകൊൾക- തെജോമയമായിരിക്കുന്ന ഇന്ദ്രിയം ചക്ഷുസ്സ തന്നെ (ചക്ഷുസ്സ=കണ്ണ-) ചക്ഷുസ്സു തൈജസമാകുന്നു എന്നതിന്നുപ്രമാണം (ചക്ഷുസ്തൈജസം പരകീയസ്പർശാദ്യവ്യഞ്ജകത്വേസതിപരകീയരൂപവ്യഞ്ജകത്വാൽപ്രദീപവൽ) എന്നുള്ള അനുമാനമാകുന്നു- (ചക്ഷുസ്സ=കണ്ണ- തൈജസം=തെജോമയം- പരകീയസ്പർശാദ്യവ്യഞ്ജകത്വം= പരകീയസ്പർശാദ്യവ്യഞ്ജകമാവൂ എന്നുള്ളത-പരകീയസ്പർശാദ്യവ്യഞ്ജകം=പരകീയസ്പർശാദികളുടെ അവ്യഞ്ജകം- പരകീയസ്പർശാദികൾ= പരകീയങ്ങളായിരിക്കുന്ന സ്പർശാദികൾ- പരകീയങ്ങൾ=പരനെസംബന്ധിച്ചവ- പരം=അന്യം- സ്പർശാദികൾ=സ്പർശംതുടങ്ങിയുള്ളവ- സ്പർശം=സ്പർശമെന്നുള്ളഗുണം- അവ്യഞ്ജകം=വ്യഞ്ജകമല്ലാത്തത- വ്യഞ്ജകം=വ്യഞ്ജിപ്പിക്കുന്നത വ്യഞ്ജിപ്പിക്ക= പ്രകാശിപ്പിക്ക (ഗ്രഹിപ്പിക്ക എന്നസാരം) പരകീയരൂപവ്യഞ്ജകത്വം=പരകീയരൂപത്തിന്റെ വ്യഞ്ജകമാവൂ എന്നുള്ളത- പരകീയരൂപം=പരകീയമായിരിക്കുന്നരൂപം- പരകീയം=പരനെസംബന്ധിച്ചത- പരം=അന്യം- രൂപം=രൂപമെന്നുള്ളഗുണം വ്യഞ്ജകം=വ്യഞ്ജിപ്പിക്കുന്നത- വ്യഞ്ജിപ്പിക്ക=പ്ര

കാശിപ്പിക്കും. പ്രദീപംഎവിധം. ഇങ്ങിനെ മെൽപറഞ്ഞ അനുമാനവാക്യാന്തൎഗ്ഗതങ്ങളായപദങ്ങളുടെ അൎത്ഥം. ചക്ഷുസ്സ്തൈജസമെന്നതിന്നു ചക്ഷുസ്സ്തൈജസമാകുന്നു എന്നത്രെ അൎത്ഥമാകുന്നു പരകീയസ്പൎശാദ്യവ്യഞ്ജകത്വെസതി പരകീയരൂപവ്യഞ്ജകത്വാൽ എന്നതിന്നു പരകീയസ്പൎശാദ്യവ്യഞ്ജകത്വം സത്യായിരിക്കും വിഷയത്തിങ്കൽ പരകീയരൂപവ്യഞ്ജകത്വം ഹെതുവായിട്ട എന്നത്രെ അൎത്ഥമാകുന്നു പ്രദീപവൽ എന്നതിന്നു പ്രദീപമെന്നപൊലെ എന്നത്രെ അൎത്ഥമാകുന്നു ഇങ്ങിനെയുള്ള മെൽപറഞ്ഞ അനുമാനമാകുന്ന പ്രമാണംകൊണ്ട ചക്ഷുസ്സിന്നു തൈജസത്വമുണ്ടെന്നു സാധിക്കാം എങ്ങിനെഎന്നാൽപരകീയസ്പൎശാദ്യവ്യഞ്ജകത്വവും പരകീയരൂപവ്യഞ്ജകത്വവുംകൂടെ എതെതുവസ്തുക്കളിൽഇരിക്കുന്നുവൊ അതുകൾതൈജസങ്ങളാകുന്നുഎന്നൊരുനിയമമുണ്ടതിന്നു ദൃഷ്ടാന്തം പ്രദീപമാകുന്നു പ്രദീപംതന്റെസ്പൎശത്തെ ഗ്രഹിപ്പിക്കുന്നെങ്കിലും മറ്റൊരുവസ്തുവിന്റെ സ്പൎശത്തെഗ്രഹിപ്പിക്കുന്നില്ല മറ്റെവസ്തുവിന്റെ രൂപത്തെഗ്രഹിപ്പിക്കുന്നു ഇങ്ങിനെയുള്ളപ്രദീപം തൈജസമായിട്ടുമിരിക്കുന്നു അതുഹെതുവായിട്ട പരകീയസ്പൎശാദ്യവ്യഞ്ജകത്വത്തൊടു കൂടെപരകീയരൂപവ്യഞ്ജകത്വം പ്രദീപത്തിങ്കലെന്നപൊലെ എതെതുവസ്തുക്കളിൽ ഇരിക്കുന്നുവൊ അതുകൾ ഒക്കെയും തൈജസങ്ങളാകുന്നു എന്നുകല്പിക്കാം അപ്രകാരം കല്പിക്കുമ്പൊൾ ചക്ഷുസ്സുംതൈജസമായിരിക്കുമെന്നറിക ദൃഷ്ടാന്തത്തിങ്കൽ തന്റെസ്പൎശാദികളെ ഗ്രഹിപ്പിക്കുന്നതാവുഎന്നുള്ള അവസ്ഥ ഉണ്ടാകയാൽ ആദ്യമായപരകീയപദവുംഒട്ടാദികൾക്കുതന്റെ രൂപത്തെ ഗ്രഹിപ്പിക്കുന്നുള്ളുകളാവൂ എന്നുള്ള അവസ്ഥഉണ്ടാകയാൽ രണ്ടാമതായപരകീയപദവും സഫലമാകുന്നു. പ്രദീപദൃഷ്ടാന്തമാകിയാൽ ആദ്യമായപരകീയപദത്തെ ഉപെക്ഷിക്കാം പക്ഷിപാത്രാന്തകത്തിങ്കൽ ഹെതു ഉണ്ടെന്നും സാദ്ധ്യമില്ലെന്നുംവന്നാൽ വ്യഭിചാരമെന്നൊരുദൊഷത്തെപറവാൻ അവകാശം വരികയില്ലല്ലൊ അതുഹെതുവായിട്ട രണ്ടാമത്തതുകൂടാതെ കഴികയില്ല ചക്ഷുസ്സിന്നുവിഷയത്തൊടു കൂടെയുള്ള സന്നികൎഷത്തിങ്കൽ വ്യഭിചാരം വരുന്നതിനെ തടുപ്പാനായിക്കൊണ്ട ഉദ്ഭൂതത്വംസതിഎന്നൊരു വിശെഷണംകൂടെ ഹെതുവിന്നുകൊടുക്കെണം എന്നാൽകരണവസ്തുവിന്റെസ്പൎശാദികളെഗ്രഹിപ്പിക്കാത്തതാവു എന്നുള്ള അവസ്ഥയൊടും വ്യഞ്ജകത്തൊടും കൂടിയതായ അന്യരൂപവ്യഞ്ജകമാവു

എന്നുള്ള അവസ്ഥയെ ഹേതുവായിട്ടിരിക്കും അതിന്നും ചക്ഷുസ്സാധാരണത്വമുണ്ടു ദൃഷ്ടാന്തത്തിലും സമാനമാകുന്നു തിജ്ഞതലായത്തും സ്വൎണ്ണമൃതലായത്തും വിഷയത്തൂപമായതെജസ്സാകുന്നു.

സ്വൎണ്ണം തൈജസ്സിന്നുദാഹരിക്കുന്നു എന്നുള്ളതിനുപ്രമാണം— (സ്വൎണ്ണം തൈജസം അസതിപ്രതിബന്ധകെ അത്യന്താനലസംയോഗെ പ്യനുച്ഛിദ്യമാനദ്രവത്വാധാരത്വാൽ യന്നൈവന്തന്നൈവം യഥാപൃഥിവി) എന്നുള്ളനുമാനമാകുന്നു-) സ്വൎണ്ണം=സ്വൎണ്ണം= തൈജസം=തെജസ്സിൽനിന്നുണ്ടായ്വിച്ചത- അസതി=സത്തല്ലാത്തത- സതി ചെയ്യിയതുന്നത്- പ്രതിബന്ധകം=തടവിനെ ചെയ്യുന്ന പദാൎത്ഥം അത്യന്താനലസംയോഗം=അത്യന്തമായിരിക്കുന്ന അനലസംയോഗം- അത്യന്തം=അധികം- അനലസംയോഗം=അഗ്നിസംയോഗം- അനുച്ഛിദ്യമാനദ്രവത്വാധാരത്വം=അനുച്ഛിദ്യമാനമായിരിക്കുന്ന ദ്രവത്വം ഉള്ളതാവു എന്നുള്ളത- അനുച്ഛിദ്യമാനം=ഉച്ഛിദ്യമാനമല്ലാത്തത- ഉച്ഛിദ്യമാനം=ഉച്ഛെദിപ്പിക്കുന്നത- ഉച്ഛെദിക്കം=നശിക്കം- ദ്രവത്വം=ദ്രവതാഗുണം പൃഥിവീവ്വദി- ഇങ്ങിനെ മെൽപറഞ്ഞ അനുമാനവാക്യത്തിൽ അന്തൎഭവിച്ചുള്ളകളായ പദങ്ങളുടെ അൎത്ഥത്തെ ഗ്രഹിച്ചുകൊൾക- സ്വൎണ്ണം തൈജസമെന്നതിന്ന സ്വൎണ്ണം തൈജസമാകുന്നു എന്നും അസതി, പ്രതിബന്ധകെ, അത്യന്താനലസംയോഗെ, പി, അനുച്ഛിദ്യമാനദ്രവത്വാധാരത്വാൽ എന്നതിന്ന പ്രതിബന്ധകം ഇല്ലാതായിരിക്കും വിഷയത്തിങ്കൽ അത്യന്താനലസംയോഗത്തിങ്കലും അനുച്ഛിദ്യമാനദ്രവത്വാധാരത്വഹേതുവായിട്ടെന്നും യൽ-ന-എവം-തൽ-ന-എവം എന്നതിന്ന യാതൊന്ന ഇപ്രകാരമായി ഭവിക്കുന്നില്ലയൊ അത ഇപ്രകാരമായി ഭവിക്കുന്നില്ല എന്നും യഥാപൃഥിവീ എന്നതിന്ന പൃഥിവി എന്ന പോലെ എന്നും അന്വയാൎത്ഥമാകുന്നു ൟ അനുമാനത്തെ അനുസരിച്ച അസതിപ്രതിബന്ധകെ എന്ന പദങ്ങൾക്കു പ്രതിബന്ധകം അസതി എന്നക്രമത്തെ വരുത്തിയും യഥാപൃഥിവീ എന്ന പദങ്ങളെ പൃഥിവീ യഥാ എന്ന ക്രമത്തെ വരുത്തിയും അന്വയത്തെ ഊഹിച്ചുകൊൾക- അധികമായ അഗ്നിസംയോഗമുണ്ടായാലും നശിക്കാത്തതായ ദ്രവത്വം സ്വൎണ്ണത്തിങ്കൽ ഇരിക്കുന്നു. പൃഥിവീജലങ്ങളുടെ ദ്രവത്വം അധികമായ അഗ്നിസംയോഗത്തിങ്കൽ നശിക്കുന്നതെല്ലൊ ആകുന്നത- വായുമൃതലായത്തുകൾ രൂപത്തൊടുകൂടാത്തതുകളാകുന്നു സ്വൎണ്ണത്തിന്ന രൂപം പ്രത്യക്ഷംകൊണ്ടുത

ന്നു സിദ്ധമായിട്ടിരിക്കുന്നു. അതുഹേതുവായിട്ടു സുവൎണ്ണം തൈജസ്സിൽ അന്തൎഭവിച്ചതാകുന്നു. എന്നു ഗ്രഹിച്ചുകൊൾക. അധികാഗ്നി സംയോഗത്തിങ്കൽ സുവൎണ്ണത്തിന്റെ ദ്രവത്വത്തിന്നു നാശമില്ല എങ്കിലും അതിന്നു തൈജസ്സിലന്തൎഭാവം വേണമൊ എന്നു സംശയിക്കരുത. പൃഥിവീജലങ്ങളുടെ ദ്രവത്വം അധികാഗ്നി സംയോഗത്തിങ്കൽ നശിക്കുന്നതാകുന്നു വായ്വാദികൾക്കു രൂപമില്ലല്ലൊ അതുകൊണ്ടു സുവൎണ്ണം വേറെ ഒരു ദ്രവ്യമാകുന്നു എന്നു കല്പിക്കേണ്ടിവരും. അതിനെക്കാൾ അതു തൈജസ്സിങ്കൽ അന്തൎഭവിച്ചതാകുന്നു എന്നുള്ള കല്പനയത്രെ ലാഘവമുള്ളതതെന്നു ധരിച്ചുകൊൾക. മേൽ പറഞ്ഞ അനുമാനത്തിന്നു ഒരു ദോഷം. എന്തെന്നാൽ സുവൎണ്ണത്തിന്നു മഞ്ഞൾനിറവും ഗുരുത്വവുമുണ്ടു. അതുകൾ തൈജസ്സങ്ങളില്ലാത്തതുകളാകയാൽ അതുകളുടെ ആശ്രയമായിട്ടു പൃഥിവിയുടെ അംശത്തെ സുവൎണ്ണത്തിങ്കൽ കല്പിക്കേണം. അങ്ങിനെ ഉള്ള പൃഥിവ്യംശവും അത്യന്താഗ്നിസംയോഗത്തിങ്കൽ നശിക്കാത്തതായ ദ്രവത്വത്തോടുകൂടിയതായി കാണപ്പെടുന്നു. ഇപ്രകാരമാകയാൽ മേൽ പറഞ്ഞ ഹേതു ഉള്ളേടത്തു ഒക്കയും തൈജസത്വമുണ്ടു എന്നു നിയമിപ്പാൻ നിവൃത്തിയില്ല ഇതുതന്നെ ദോഷമാകുന്നതു. എന്നും ശങ്കിക്കരുത മഞ്ഞൾനിറത്തിന്നും ഗുരുത്വത്തിന്നും ആശ്രയമായ പൃഥിവ്യംശത്തിന്നു ദ്രവത്വമുണ്ടു എന്നു തോന്നുന്നതു ലോകൎക്കു. ജലത്തിൽ കലങ്ങിയ മഷിപ്പൊടിക്കു ദ്രവത്വമുണ്ടു എന്നുതോന്നുന്നതു യാതൊരു പ്രകാരമൊ അപ്രകാരം തന്നെ മേൽ പറഞ്ഞ ദ്രവത്വബുദ്ധിയുമെന്നറിക. അന്യന്മാർ മഞ്ഞൾ നിറത്തിന്നും ഗുരുത്വത്തിന്നും ആശ്രയമായ പൃഥിവ്യംശത്തിന്നു അത്യന്താഗ്നി സംയോഗത്തിങ്കലും നിറഭേദം വരായ്ക കൊണ്ടു അതിങ്കൽ പൃഥിവീരൂപത്തിന്നും കഠിനാഗ്നി സംയോഗത്തിങ്കൽ കൂടെ നാശം ഭവിക്കാത്ത വിധത്തിൽ രക്ഷയെ കൊടുക്കുന്നതായിട്ടു പൃഥിവിയും ജലവുമല്ലാതെ വേറെ ഒരു ദ്രവദ്രവ്യത്തെകല്പിക്കേണം അങ്ങിനെ കല്പിക്കപ്പെടുന്ന ദ്രവ്യം തൈജസ്സമത്രെ ആകുന്നതു എന്നു പറയുന്നു. അവരുടെ അനുമാന പ്രയോഗം അഗ്നിസംയോഗീപീതിമഗുരുത്വാശ്രയൊ വിജാതീയരൂപപ്രതിബന്ധകദ്രവദ്രവ്യയുക്തഃ അത്യന്താനലസംയോഗെപിപൂൎവ്വരൂപവിജാതീയരൂപാനധികരണത്വാൽ ജലമദ്ധ്യസ്ഥപീതപടവൽ എന്നാകുന്നു. (അഗ്നിസംയോഗി=അഗ്നിസംയോഗമുള്ളതു- അഗ്നിസംയോഗം=അഗ്നിയുടെസംയോഗം. അഗ്നി=തീയ്യ-സം

യോഗഃ=ചേൎച്ച- പീതിമശുക്ലതാശ്രയം=പീതിമശുക്ലതങ്ങൾക്കു ആശ്രയമായിട്ടുള്ളത്- പീതിമശുക്ലതങ്ങൾ=പീതിമാവും ശുക്ലതാവും- പീതിമാവ=പീതത്വം- (മഞ്ഞൾനിറം) ശുക്ലതാം ശുക്ലതാമെന്നൎത്ഥം- വിജാതീയരൂപപ്രതിബന്ധകദ്രവദ്രവ്യയുക്തം=വിജാതീയരൂപപ്രതിബന്ധകമായിരിക്കുന്ന ദ്രവദ്രവ്യത്തോടു കൂടിയത്- വിജാതീയരൂപപ്രതിബന്ധകം=വിജാതീയ രൂപത്തെ പ്രതിബന്ധിക്കുന്നത്- വിജാതീയരൂപം=വിജാതീയമായിരിക്കുന്ന രൂപം- വിജാതീയം=വെറെ ഒരു ജാതിയോടു കൂടിയത്- രൂപം=രൂപമെന്നൎത്ഥം പ്രതിബന്ധിക്കുക=തടുക്കുക- ദ്രവദ്രവ്യം=ദ്രവമായിരിക്കുന്നദ്രവ്യം- ദ്രവം=ദ്രവത്വമുള്ളത്- അത്യന്താനലസംയോഗം=ഇന്നതെന്നു മുമ്പെ പറകപ്പെട്ടു- പൂൎവ്വരൂപവിജാതീയരൂപാനധികരണത്വം=പൂൎവ്വരൂപവിജാതീയ രൂപാനധികരണമാവുകയെന്നുള്ളത്- പൂൎവ്വരൂപവിജാതീയരൂപാനധികരണം=പൂൎവ്വരൂപ വിജാതീയമായിരിക്കുന്ന രൂപത്തിന്ന അനധികരണം പൂൎവ്വരൂപവിജാതീയം=പൂൎവ്വരൂപത്തിങ്കൽനിന്ന വിജാതീയം- പൂൎവ്വരൂപം=പൂൎവ്വമായിരിക്കുന്നരൂപം പൂൎവ്വം=മുമ്പെ ഉണ്ടായത്- രൂപം=രൂപമെന്നൎത്ഥം- വിജാതീയം=ഭിന്നം- (വെറെയുള്ളത) അനധികരണം=അധികരണമല്ലാത്തത്- അധികരണം=ഇരിപ്പിടം- ജലമദ്ധ്യസ്ഥപീതപടം=ജലമദ്ധ്യസ്ഥമായിരിക്കുന്ന പീതപടം- ജലമദ്ധ്യസ്ഥം=ജലമദ്ധ്യത്തിങ്കൽ സ്ഥിതിചെയ്യുന്നത്- ജലമദ്ധ്യം=ജലത്തിന്റെമദ്ധ്യം- ജലം=വെള്ളം- മദ്ധ്യം=നടു- പീതപടം=പീതമായിരിക്കുന്നപടം പീതം=മഞ്ഞൾ നിറത്തോടുകൂടിയത്- പടം=വസ്ത്രം- ഇങ്ങിനെ മെല്പറഞ്ഞ അനുമാന വാക്യത്തിൽ അന്തൎഭവിച്ചിട്ടുള്ളവകളായ പദങ്ങളുടെ അൎത്ഥങ്ങൾ അഗ്നി സംയോഗീപീതിമശുക്ലതാശ്രയഃ- വിജാതീയരൂപപ്രതിബന്ധകദ്രവദ്രവ്യയുക്തഃ- എന്നതിന്ന അഗ്നി സംയോഗിയായി പീതിമശുക്ലതാശ്രയമായിരിക്കുന്ന വസ്തു- വിജാതീയ രൂപപ്രതിബന്ധകദ്രവദ്രവ്യയുക്തമാകുന്നു എന്നും- അത്യന്താനല സംയോഗെ- അപി- പൂൎവ്വവിജാതീയരൂപാനധികരണത്വാൽ എന്നതിന്ന അത്യന്താനല സംയോഗത്തിങ്കലും പൂൎവ്വവിജാതീയരൂപാനധികരണത്വം ഹെതുവായിട്ട എന്നും ജലമദ്ധ്യസ്ഥപീതപടവൽ എന്നതിന്ന ജലമദ്ധ്യസ്ഥ പീതപടമെന്നപോലെ എന്നും അൎത്ഥമാകുന്നു-

മെൽ പറഞ്ഞ അനുമാനങ്ങൾ കൊണ്ടു ഇന്നുള്ളവരുടെ സ[illegible]മെന്നുള്ള വ്യവഹാരത്തിന്ന യാതൊന്ന വിഷയമായി ചെ

കുന്നതൊ അതൊക്കെയും തൈജസമാകുന്നു എന്നതു സിദ്ധമായിട്ടില്ല- അതിൽ പൃഥിവ്യംശം കൂടെ ഉണ്ട എന്ന സമ്മതിക്കെണ്ടിവരുന്നു- എങ്കിലും തൈജസ്സിന്റെ അംശത്തിന്ന ആധിക്യമുണ്ടാകയാൽ സുവൎണ്ണം തൈജസമാകുന്നു എന്ന പറയുന്നതിന്ന വിരോധമില്ലെന്ന ധരിച്ചു കൊൾകയും വെണം-

വായുനിരൂപണം

അഗ്നി സംയോഗം മൂലമായിട്ട ഉണ്ടായതല്ലാത്തെയും ശീതൊഷ്ണങ്ങളല്ലാത്ത സ്പൎശങ്ങളിൽനിന്ന അന്യമായിരിക്കുന്ന സ്പൎശത്തൊട കൂടിയതു വായുവാകുന്നു- അനുഷ്ണാശീതമായ സ്പൎശം പൃഥിവിക്കുമുണ്ടാകയാൽ അതു വായുവിന്റെ ലക്ഷണമാകുന്നു എന്നു പറഞ്ഞുകൂടാ അതുകൊണ്ട അപാകജ പദത്തെ കൂടിപറകപ്പെട്ടു- അപാകജമായിരിക്കുന്ന സ്പൎശം ജലതെജസ്സുകളിലുണ്ടാകയാൽ അനുഷ്ണാശീതപദത്തെയും നിവെശിപ്പിച്ചു- ഇതുകൊണ്ട വായുവിന്റെ സ്പൎശം വെറെ ഒരു ജാതിയൊട കൂടിയതാകുന്നു എന്നുള്ളതിനെ ദൎശിപ്പിച്ചിരിക്കുന്നു- അങ്ങിനെയുള്ള ആ സ്പൎശത്തിന്റെ സമവായി കാരണതയുടെ നിയാമകമായിട്ട വായുത്വമെന്നൊരു ജാതി സിദ്ധിക്കുന്നു- അതിന്ന ആശ്രയമായിട്ടുള്ളതൊക്കെ വായുവാകുന്നത എന്നും ഗ്രഹിച്ചു കൊൾക-

൩൨. തിൎയ്യഗ്ഗമനവാനെഷ ജ്ഞെയസ്പൎശാദിലിംഗകഃ പൂൎവ്വ
വന്നിത്യതാദ്യുക്തം ദെഹവ്യാപി ത്വഗിന്ദ്രിയം।

൩൩. പ്രാണാദിസ്തു മഹാവാതപൎയ്യന്തൊ വിഷയൊമതഃ ആകാ
ശസ്യതുവിജ്ഞെയശ്ശബ്ദൊ വൈശെഷികൊഗുണഃ ॥

അന്വയം —— എഷഃ തിൎയ്യഗ്ഗമനവാൻ- സ്പൎശാദിലിംഗകഃ- ജ്ഞെയഃ- പൂൎവ്വവൽ- നിത്യതാദിഉക്തം- ഇന്ദ്രിയം ത്വക- ദെഹവ്യാപി- ച- വിഷയഃ- തു പ്രാണാദിഃ- മഹാവാതപൎയ്യന്തഃ മതഃ- ആകാശസ്യ- തു- വൈശെഷികഃ ഗുണഃ- ശബ്ദഃ- വിജ്ഞെയഃ

അന്വയാൎത്ഥം —— ഇതു തിൎയ്യഗ്ഗമനവത്തായിട്ടും സ്പൎശാദിലിംഗകമായിട്ടും ജ്ഞെയമായി ഭവിക്കുന്നു- പൂൎവ്വത്തിന്ന എന്നപൊലെ നിത്യതാദി ഉക്തമായി ഭവിക്കുന്നു- ഇന്ദ്രിയം ത്വക്കായിട്ടും ദെഹവ്യാപിയായിട്ടും ഭവിക്കുന്നു- വിഷയമാകട്ടെ പ്രാണാദിയായിട്ടും മഹാവാത പൎയ്യന്തമായിട്ടും മതമായി ഭവിക്കുന്നു- ആകാശത്തിന്നാകട്ടെ വൈശെഷികമായിരിക്കുന്ന ഗുണം ശബ്ദമെന്ന വിജ്ഞെയമായി ഭവിക്കുന്നു.

പരിഭാഷ —— ഇതഃ=വായു- തിൎയ്യഗ്ഗമനവത്തഃ=തിൎയ്യഗ്ഗമനമു

ള്ളത. തിൎയ്യഗ്ഗമനം=വിലങ്ങത്തിലുള്ളഗതി. സ്പൎശാദിലിംഗകം=സ്പൎശാദികളാകുന്ന ലിംഗങ്ങളോടുകൂടിയത. സ്പൎശാദികൾ=സ്പൎശം തുടങ്ങിയുള്ളവ. ലിംഗങ്ങൾ=അനുമാപകങ്ങൾ. (ഉണ്ട എന്നുള്ള ഊഹത്തെ കൊടുക്കുന്നതുകളായ ചിഹ്നങ്ങൾ എന്നസാരം.) ജ്ഞേയം=അറികപ്പെടുവാൻയോഗ്യം. പൂൎവ്വം=മുമ്പെ പറകപ്പെട്ടത. (തെജസ്സുപോലെ എന്നസാരം) നിത്യതാദി=നിത്യത തുടങ്ങിയുള്ളത. നിത്യതാ=നിത്യത്വം. ഉക്തം=പറകപ്പെട്ടത. വചിക=പറയുക. താക്ക താക്കുന്നവയൊടുകൂടിയത. ദേഹവ്യാപി=ദേഹത്തിങ്കൽ വ്യാപിച്ചിരിക്കുന്നത. ദേഹം=ശരീരം. വ്യാപിക്ക=സൎവ്വത്രസംബന്ധിക്ക. പ്രാണാദി=പ്രാണൻ തുടങ്ങിയുള്ളത. പ്രാണൻ=ശരീരസഞ്ചാരിയായവായു. മഹാവാതപൎയ്യന്തം=മഹാവാതമാകുന്നപൎയ്യന്തത്തോടുകൂടിയത. മഹാവാതം=മഹത്തായിരിക്കുന്നവാതം. മഹത്ത=വലുതായിരിക്കുന്നത. വാതം=കാറ്റ. പൎയ്യന്തം=ഒടുക്കത്തേത. വിജ്ഞേയം=അറികപ്പെടുവാൻയോഗ്യം.

സാരം____ വായുപ്രത്യക്ഷമല്ല സ്പൎശാദികളാകുന്ന ലിംഗങ്ങൾകൊണ്ടു വായുവിനെ അറിയാം വായുവിന്റെ സ്പൎശം വിജാതീയമാകുന്നു എന്നുമുമ്പെ പറകപ്പെട്ടുവല്ലൊ അതുപൊലെവായുവിന്റെ ശബ്ദവും വിജാതീയമാകുന്നു. ഇങ്ങിനെയുള്ള ശബ്ദസ്പൎശങ്ങൾകൊണ്ടും പുല്ല പഞ്ഞി പറത്തി ഇത്യാദികളായ വസ്തുക്കളെ സ്പൎശം കൂടാതെ ധരിക്കകൊണ്ടും വൃക്ഷശാഖാദികളുടെ ഇളക്കംകൊണ്ടും ഇതുകൾക്ക ആശ്രയമായിട്ട ഒരുദ്രവ്യമുണ്ടെന്ന ഊഹിക്കുകയും അതിന്നപെർ വായു എന്നപൂൎവ്വന്മാരാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു എന്നഅറികയുംചെയ്തുകൊൾക. വായുവുംതെജസ്സുപോലെ നിത്യമായിട്ടും അനിത്യമായിട്ടുമുണ്ട പരമാണുരൂപമായിരിക്കുന്നവായുനിത്യമാകുന്നു പരമാണുരൂപമല്ലാത്തതഅനിത്യമാകുന്നു അനിത്യമായ വായു അവയവങ്ങളൊടുകൂടിയതായിരിക്കും അതുതന്നെ. ശരീരം ഇന്ദ്രിയം വിഷയം ഇങ്ങിനെമൂന്നുപ്രകാരമാകുന്നു വായുമയമായിരിക്കുന്നശരീരം അയൊനിജമായിട്ടും പിശാചാദികൾക്ക ഉള്ളതായിട്ടുമിരിക്കുന്നു ജലമയമായശരീരത്തിന്നും തെജോമയമായശരീരത്തിന്നുംവായുമയമായ ശരീരത്തിന്നും പൃഥിവ്യംശങ്ങൾകൂടെ അതുകളിൽ ചെൎന്നിരിക്കയാൽ ഉപഭോഗയോഗ്യത്വമുണ്ട എന്നു ധരിച്ചുകൊൾക. ജലാദികൾക്ക അതുകളിൽ പ്രാധാന്യമുണ്ടാകയാൽ ജലമയമെന്നും മറ്റും അതുകളെവ്യവഹരിക്കുന്നു. വാ

യുമായ ഇന്ദ്രിയം ത്വക്കെന്ന പെരൊടുകൂടിയതാകുന്നു ശരീരമാത്രത്തിങ്കൽ വ്യാപിച്ചിരിക്കുന്നതായിട്ടും സ്പൎശത്തെ ഗ്രഹിപ്പിക്കുന്നതായിട്ടിരിക്കുന്നതു വായുമയമായ ഇന്ദ്രിയമാകുന്നു എന്നധരിച്ചുകൊൾക- അതുവായുമയമാകുന്നു എന്നതിന്നുപ്രമാണം- ത്വഗിന്ദ്രിയം വായവീയം രൂപാദിഷുപഞ്ചസുമദ്ധ്യെസ്പൎശസ്യൈവ വ്യഞ്ജകത്വാൽ അംഗസംഗിസലിലശൈത്യാദിവ്യഞ്ജകവ്യജനപവനവൽ എന്നുള്ള അനുമാനമെത്രആകുന്നു- (ത്വഗിന്ദ്രിയം=ത്വക്കാകുന്നഇന്ദ്രിയം- വായവീയം=വായുവിനെ സംബന്ധിച്ചത. രൂപാദികൾ=രൂപംതുടങ്ങിഉള്ളവ- (രൂപരസഗന്ധസ്പൎശങ്ങൾ എന്നസാരം)- സ്പൎശസ്യ=സ്പൎശമെന്നഗുണം- വ്യഞ്ജകത്വാൽ=വ്യഞ്ജകമാകയാൽ എന്നുള്ളത- വ്യഞ്ജകം=വ്യഞ്ജിപ്പിക്കുന്നത- വ്യഞ്ജിപ്പിക്ക=പ്രകാശിപ്പിക്ക-അംഗസംഗിസലിലശൈത്യാദി വ്യഞ്ജകവ്യജനപവനൻ= അംഗസംഗിസലിലശൈത്യാദി വ്യഞ്ജകമായിരിക്കുന്ന വ്യജനപവനൻ- അംഗസംഗിസലിലശൈത്യാദിവ്യഞ്ജകം=അംഗസംഗിസലിലശൈത്യത്തെ അഭിവ്യഞ്ജിപ്പിക്കുന്നത അംഗസംഗിസലിലശൈത്യം=അംഗസംഗിസലിലത്തിന്റെശൈത്യം-അംഗസംഗിസലിലം അംഗസംഗിയായിരിക്കുന്നസലിലം- അംഗസംഗി=അംഗസംഗമുള്ളത- അംഗസംഗം=അംഗത്തിങ്കലുള്ളസംഗം അംഗം=ശരീരം- സംഗം=സംയൊഗം- സലിലം=ജലം- ശൈത്യം=ശീതസ്പൎശം- അഭിവ്യഞ്ജിപ്പിക്ക=പ്രകാശിപ്പിക്ക- വ്യജനപവനൻ=വ്യജനത്തിന്റെപവനൻ- വ്യജനം=വിശറി- പവനൻ=കാററ- (ഇങ്ങിനെമെൽപറകപ്പെട്ട അനുമാനവാക്യത്തിങ്കൽ അന്തൎഭവിച്ചവകളായപദങ്ങളുടെ അൎത്ഥങ്ങൾ ത്വഗിന്ദ്രിയം വായവീയമെന്നതിന്ന ത്വഗിന്ദ്രിയം=വായവീയമാകുന്നുഎന്നും രൂപാദിഷു- പഞ്ചസു- മദ്ധ്യെ- സ്പൎശസ്യ എവ- വ്യഞ്ജകത്വാൽ എന്നതിന്ന രൂപാദികളായ അഞ്ചുകളിൽ വെച്ചുസ്പൎശത്തിന്റെ തന്നെവ്യഞ്ജകത്വം ഹെതുവായിട്ടെന്നും അംഗസംഗിസലിലശൈത്യാദിവ്യഞ്ജകവ്യജനപവനവൽ എന്നതിന്ന അംഗസംഗിസലിലശൈത്യാദിവ്യഞ്ജകവ്യജനപവനനെന്നപൊലെഎന്നത്രെ അൎത്ഥമാകുന്നു. ത്വഗിന്ദ്രിയസന്നികൎഷത്തിങ്കൽ മെൽപറഞ്ഞഹെതുഉണ്ട സാദ്ധ്യമില്ല അതുഹെതുവായിട്ടു ഹെതുവിന്നദ്രവ്യത്വെസതി എന്നൊരു വിശെഷണത്തെകൊടുക്കുകയുംവെണം എന്നാൽദ്രവ്യത്വം സത്തായിരിക്കെവിഷയത്തിങ്കൽ രൂപാദികളായ അഞ്ചുകളിൽവെച്ചു സ്പ

ശ്നത്തിന്റെ തന്നെ വ്യഞ്ജകത്വം യാതൊന്നു അതുകാരണം ഹേതുവായിരിക്കം. ത്വഗിന്ദ്രിയസന്നികൎഷം ദ്രവ്യമല്ലായ്കയാൽ അതിങ്കൽ ഉദ്ഭൂതം സ്പൎശമാകയില്ല അതുകൊണ്ടു അവിടെ ഹേതുവുണ്ടു സാദ്ധ്യമില്ലെന്നുള്ളദോഷം ഇല്ലെന്നു തീൎന്നു എന്നു അറിഞ്ഞുകൊൾക വായുവിഷയമായിരിക്കുന്നവിഷയം പ്രാണൻമുതൽ വായുവായകാറ്റുവരെ ഉള്ളതാകുന്നു

ആകാശനിരൂപണം

ആകാശത്തിന്റെ വ്യക്തിക്കനേകത്വമില്ലായ്കയാൽ ആകാശത്വമെന്നു ജാതിയല്ല ശബ്ദാശ്രയത്വമാകുന്നു. (ശബ്ദാശ്രയത്വം=ശബ്ദാശ്രയമാവു എന്നുള്ളത. ശബ്ദാശ്രയം=ശബ്ദത്തിന്നാശ്രയമായിട്ടുള്ളത.) ശബ്ദാശ്രയത്വംതന്നെ ആകാശത്തിന്റെ ലക്ഷണമെന്നു ഗ്രഹിച്ചുകൊൾക. ആകാശത്തിന്നാകട്ടെ വൈശേഷികമായിരിക്കുന്ന ഗുണം ശബ്ദമെന്നുവിവക്ഷയാകുന്നു എന്നുപറഞ്ഞതുകൊണ്ടു ആകാശത്തിങ്കൽ ശബ്ദമല്ലാതെ വൈശേഷികഗുണമില്ലെന്നുള്ളതിനെ അറിയിച്ചിരിക്കുന്നു ശബ്ദംവിശേഷഗുണമാകുന്നു എന്നതിന്നുപ്രമാണം ശബ്ദോവിശേഷഗുണഃ ചക്ഷുൎഗ്രഹണായോഗ്യബാഹ്യേന്ദ്രിയഗ്രാഹ്യജാതിമത്വാൽ സ്പൎശവൽ എന്നനുമാനമാകുന്നു. (ശബ്ദഃ=ശബ്ദമെന്നുള്ളവാക്കിന്നുവിവക്ഷയായത. വിശേഷഗുണഃ=വിശേഷമായിരിക്കുന്നഗുണം. ചക്ഷുൎഗ്രഹണായോഗ്യബാഹ്യേന്ദ്രിയഗ്രാഹ്യജാതിമത്വാൽ=ചക്ഷുൎഗ്രഹണായോഗ്യബാഹ്യേന്ദ്രിയഗ്രാഹ്യജാതിമത്താവു എന്നുള്ളത. ചക്ഷുൎഗ്രഹണായോഗ്യബാഹ്യേന്ദ്രിയഗ്രാഹ്യജാതിമത്=ചക്ഷുൎഗ്രഹണായോഗ്യയായി ബാഹ്യേന്ദ്രിയഗ്രാഹ്യയായിരിക്കുന്ന ജാതിയുള്ളത. ചക്ഷുൎഗ്രഹണായോഗ്യാ=ചക്ഷുൎഗ്രഹണത്തിന്നു അയോഗ്യാ. ചക്ഷുൎഗ്രഹണം=ചക്ഷുസ്സുകൊണ്ടുള്ള ഗ്രഹണം. ചക്ഷുസ്സ്=കണ്ണു. ഗ്രഹണം=അറിവു. അയോഗ്യാ=യോഗ്യയല്ലാത്തത. ബാഹ്യേന്ദ്രിയഗ്രാഹ്യാ=ബാഹ്യേന്ദ്രിയംകൊണ്ടുഗ്രാഹ്യാ. ബാഹ്യേന്ദ്രിയം=ബാഹ്യമായിരിക്കുന്ന ഇന്ദ്രിയം. ബാഹ്യം=പുറം. ഗ്രാഹ്യാ=ഗ്രഹിക്കപ്പെടുവാൻ യോഗ്യാ. ഗ്രഹിക്കു=അറിക. സ്പൎശവൽ=സ്പൎശംപോലെ.) ഇങ്ങിനെമേൽ പറയപ്പെട്ടതായ വാക്യശകലങ്ങൾ അൎത്ഥംവിവരിച്ചിരിക്കുന്ന പദങ്ങളുടെ അൎത്ഥമാം ശബ്ദഃവിശേഷഗുണഃ എന്നതിന്നശബ്ദം വിശേഷഗുണമാകുന്നു എന്നും. ചക്ഷുൎഗ്രഹണായോഗ്യബാഹ്യേന്ദ്രിയഗ്രാഹ്യജാതിമത്വാൽ എന്നതിന്നു ചക്ഷുൎഗ്രഹണായോഗ്യബാഹ്യേന്ദ്രിയഗ്രാഹ്യജാതിമത്തു ഹേതുവായിട്ടു

ന്നും- സ്പൎശവാൻ എന്നതിന്ന സ്പൎശമെന്നപൊലെഎന്നും അൎത്ഥമാകുന്നു ഇപ്രകാരമുള്ള അനുമാനംകൊണ്ടു ശബ്ദമെന്നത ഒരുവിശെഷഗുണമാകുന്നുഎന്നതു സിദ്ധിക്കുന്നു അതു സമവായസംബന്ധെന ഒന്നിങ്കൽഇരിക്കുന്നതാകുന്നു എന്നുള്ളതു ഗുണമാകയാലും സിദ്ധിക്കുന്നു- സമവായസംബന്ധെന അതിൻെറ സമിതി മറ്റുള്ളതുകളിലല്ലെന്നുള്ളതിന്നുപ്രമാണം- ശബ്ദാന്നസ്പൎശവദ്വിശെഷഗുണഃ- അഗ്നിസംയൊഗാസമവായികാരണകതാഭാവെസത്യകാരണഗുണപൂൎവ്വക പ്രത്യക്ഷത്വാൽ- സുഖവൽഎന്നുള്ളഅനുമാനമാകുന്നു- (സ്പൎശവദ്വിശെഷഗുണം= സ്പൎശത്തിൻെറ വിശെഷഗുണം സ്പൎശവാൻ=സ്പൎശമുള്ളത- സ്പൎശം സ്പൎശമെന്നഗുണം- അഗ്നിസംയൊഗാസമവായികാരണകതാഭാവം= അഗ്നിസംയൊഗാസമവായികാരണകത്വത്തിൻെറ അഭാവം- അഗ്നിസംയൊഗാസമവായികാരണകത്വം= അഗ്നിസംയൊഗാസമവായികാരണകമായിരിക്കുന്നത- അഗ്നിസംയൊഗാസമവായികാരണകം= അഗ്നിസംയൊഗമാകുന്ന അസമവായികാരണത്തൊടുകൂടിയത സത്വം=ഉണ്ടായിരിക്കുന്നത- അകാരണഗുണ പൂൎവ്വകപ്രത്യക്ഷത്വം=അകാരണഗുണപൂൎവ്വകമായിട്ടുംപ്രത്യക്ഷമായിട്ടുമിരിക്കുന്നതാവു എന്നുള്ളത- അകാരണഗുണപൂൎവ്വകം=കാരണഗുണപൂൎവ്വകമല്ലാത്തത- കാരണഗുണപൂൎവ്വകം= കാരണഗുണമാകുന്ന പൂൎവ്വത്തൊടു കൂടിയത- കാരണഗുണം=കാരണത്തിൻെറഗുണം- ശെഷംസ്പഷ്ടം) മെൽപറഞ്ഞ അനുമാന വാക്യത്തിങ്കൽ അന്തൎഭവിച്ചപദാൎത്ഥങ്ങളെ ഇതുകൊണ്ടു അറിഞ്ഞുകൊൾക- ശബ്ദം-ന- സ്പൎശവദ്വിശെഷഗുണഃ എന്നതിന്ന ശബ്ദംസ്പൎശവദ്വിശെഷഗുണമല്ലെന്നും അഗ്നിസംയൊഗാസമവായികാരണകതാഭാവെ സതി അകാരണഗുണപൂൎവ്വകപ്രത്യക്ഷത്വാൽ എന്നതിന്ന അഗ്നിസംയൊഗാസമവായികാരണകതാഭാവം സത്തായിരിക്കും വിഷയത്തിങ്കൽ ഉള്ള അകാരണഗുണപൂൎവ്വക പ്രത്യക്ഷത്വം ഹെതുവായിട്ടെന്നും സുഖവൽ എന്നതിന്ന സുഖമെന്നപൊലെ എന്നും അൎത്ഥമാകുന്നു പാകജമായരൂപംമുതലായതു കാരണഗുണത്തെ അപെക്ഷിക്കാതെ ഉണ്ടാവുന്നതും പ്രത്യക്ഷമായിട്ടുള്ളതുമാകയാൻ അതിങ്കൽഹെതുഉണ്ടു സാധ്യമില്ലഎന്നുള്ളദൊഷത്തെ പരിഹരിപ്പാനായിക്കൊണ്ടു സതിഎന്ന അന്തത്തൊടുകൂടിയദളത്തെസ്വീകരിച്ചിരിക്കുന്നുഎന്നും ഘടരൂപം മുതലായതിൽമെൽപ്രകാരംവരുന്ന ദൊഷത്തെപരിഹരിപ്പാനായിക്കൊ

ണ്ടു അകാരണഗുണപൂൎവ്വകപക്ഷത്തെ സ്വീകരിച്ചിരിക്കുന്നു ജലപരമാണുരൂപം മുതലായതുകളിൽ ഇപ്രകാരംവരുന്ന ദോഷത്തെ പരിഹരിപ്പാനായിക്കൊണ്ടു പ്രത്യക്ഷതയെയുംസ്വീകരിച്ചിരിക്കുന്നു ഇങ്ങിനെമേൽപറഞ്ഞ അനുമാനവാക്യപദപ്രയോജനങ്ങളെ ധരിച്ചുകൊൾകയുംവെണം. ഒരു അനുമാനംകൊണ്ടുഭൂമിയുടെയും ജലത്തിന്റെയും തെജസ്സിന്റെയും വായുവിന്റെയും ഗുണമല്ല എന്നുസിദ്ധമായി ഭൂമിയും ജലവും തെജസ്സും വായുവും സ്പൎശത്തോടുകൂടിയപദാൎത്ഥമാകുന്നു സ്പൎശത്തോടുകൂടിയതിന്റെഗുണമല്ലാശബ്ദമെന്നു അനുമാനത്താൽ പറകപ്പെട്ടുവല്ലൊ. ഇപ്രകാരംസ്പൎശത്തോടു കൂടാത്തതുകളായ ദിക്കാലമനസ്സുകളുടെയും ഗുണമായിരിപ്പാൻകൂടാ അതിന്നുപ്രമാണം ശബ്ദൊനദിക്കാലമനൊഗുണഃ വിശെഷഗുണത്വാൽ- രൂപവൽ എന്നുള്ളഅനുമാനമാകുന്നു. (ദിക്കാലമനൊഗുണം= ദിക്കാലമനസ്സുകളുടെഗുണം. ദിക്കാലമനസ്സുകൾ=ദിക്കും കാലവുംമനസ്സും. വിശെഷഗുണത്വം=വിശെഷഗുണമായുള്ളതു എന്നുള്ളതു. രൂപം രൂപമെന്നഗുണം) ഇങ്ങിനെ മെൽവിവരിക്കപ്പെട്ട അനുമാനവാക്യത്തിങ്കലെപദങ്ങളുടെ അൎത്ഥങ്ങൾ- ശബ്ദഃ-ന- ദിക്കാലമനൊഗുണഃ എന്നതിന്നുശബ്ദം ദിക്കാലമനൊഗുണമല്ലെന്നും വിശെഷഗുണത്വാൽ എന്നതിന്നു വിശെഷഗുണത്വംഹെതുവായിട്ടെന്നും രൂപവൽ എന്നതിന്നു രൂപമെന്നപൊലെ എന്നുംഅൎത്ഥമാകുന്നു മെൽപറഞ്ഞ അനുമാനംകൊണ്ടുശബ്ദംസ്പൎശരഹിതങ്ങളായദ്രവ്യങ്ങളിൽവെച്ചു ദിക്കിന്റെയും കാലത്തിന്റെയും മനസ്സിന്റെയും ഗുണമല്ലാഎന്നുസിദ്ധമായി. ഇനിസ്പൎശരഹിതമായിട്ടു ഒരുദ്രവ്യമുണ്ടു ആത്മാവാകുന്നു. ശബ്ദം ആത്മാവിന്റെ ഗുണമായിട്ടും ഭവിക്കുന്നതല്ല അതിന്നുപ്രമാണം ശബ്ദൊനാത്മഗുണഃ ബഹിരിന്ദ്രിയഗ്രഹണയൊഗ്യത്വാൽ എന്നുള്ള അനുമാനമാകുന്നു= (ആത്മഗുണം= ആത്മാവിന്റെഗുണം- ബഹിരിന്ദ്രിയഗ്രഹണയൊഗ്യത്വം- ബഹിരിന്ദ്രിയഗ്രഹണയൊഗ്യമായുള്ളതു- ബഹിരിന്ദ്രിയഗ്രഹണയൊഗ്യം= ബഹിരിന്ദ്രിയ ഗ്രഹണത്തിന്നുയൊഗ്യം. ബഹിരിന്ദ്രിയഗ്രഹണം=ബഹിരിന്ദ്രിയം കൊണ്ടുള്ള ഗ്രഹണം- ബഹിരിന്ദ്രിയം= ബഹിൎഭാഗത്തിങ്കലുള്ള ഇന്ദ്രിയം- ബഹിൎഭാഗം= പുറം- ഗ്രഹണം= ജ്ഞാനം. ഇങ്ങിനെഅനുമാന പദാൎത്ഥങ്ങൾ- ശബ്ദഃ-ന- ആത്മഗുണഃ എന്നതിന്നുശബ്ദം ആത്മഗുണമല്ലെന്നും ബഹിരിന്ദ്രിയഗ്രഹണ യൊഗ്യത്വാൽഎന്നു

തിന്നു ബഹിരിന്ദ്രിയ ഗ്രഹണയോഗ്യത്വം ഹെതുവായിട്ടെന്നും അന്വയാൎത്ഥമാകുന്നു- ഇങ്ങിനെ ഉള്ള അനുമാനംകൊണ്ടുശബ്ദംആത്മഗുണമല്ലെന്നും സിദ്ധമായി- സമവായസംബന്ധെന ശബ്ദത്തിന്നു ഒരെടത്തുസ്ഥിതിവെണമെന്നുള്ളതുമ്മുമ്പെതന്നെസിദ്ധമായിട്ടുമിരിക്കുന്നു- അതുകൊണ്ടു 'ശബ്ദാശ്രയമായിട്ടൊരു ദ്രവ്യംവെണമെന്നും അതിന്റെപെർ ആകാശമെന്നാകുന്നുവെന്നും ഗ്രഹിച്ചുകൊൾക-

വായുവിന്റെ അവയവങ്ങളിൽ മുമ്പെ സൂക്ഷ്മശബ്ദങ്ങൾ ഉണ്ടായി അനന്തരം വായുവിങ്കൽതന്നെ കാരണഗുണപൂൎവ്വകമായിട്ടു ശബ്ദം ഉണ്ടാകുന്നു എന്നുപറഞ്ഞുകൂടാ കാരണഗുണപൂൎവ്വകമായി ഉണ്ടാകുന്നതായിരുന്നാൽ അതിന്റെ അധികരണമായ ദ്രവ്യം നശിക്കുന്നതുവരെ ഉണ്ടായിരിക്കെണം ഇടക്കുള്ളനാശം ചെരുകയില്ല ശബ്ദംഉണ്ടായാൽ താമസംകൂടാതെനശിക്കുന്നു- അതുഹെതുവായിട്ടു ശബ്ദത്തിന്നാശ്രയംആകാശംതന്നെ-

൪൬- ഇന്ദ്രിയന്തുഭവെച്ഛ്രോത്രമെകസ്സന്നപ്യുപാധിതഃ। ജന്യാനാംജനകഃ കാലോജഗതാമാശ്രയോമതഃ॥

൪൭. പരാപരത്വധീഹെതുഃക്ഷണാദിസ്സ്യാദുപാധിതഃ। ദൂരാന്തികാദിധീഹെതുരെകാനിത്യാദിഗുച്യതെ॥

൪൮- ഉപാധിഭെദാദെകാപിപ്രാച്യാദിവ്യപദെശഭാക്। ആത്മെന്ദ്രിയാദ്യധിഷ്ഠാതാകരണംഹിസകൎത്തൃകം॥

അന്വയം____ ആകാശഃ- ഏകഃ- സൻ- അപി- ഉപാധിതഃ- ശ്രോത്രം- ഇന്ദ്രിയം- ഭവെൽ- കാലഃ- ജന്യാനാം- ജനകഃ- ജഗതാം- ആശ്രയഃ- മതഃ. പരാപരത്വധീഹെതുഃ ഉപാധിതഃ- ക്ഷണാദിഃ- സ്യാൽ- ദിക്- ദൂരാന്തികാദിധീഹെതുഃ ഏകാ- നിത്യാ- ഉച്യതെ- ഏകാ- അപി- ഉപാധിഭെദാൽ- പ്രാച്യാദിവ്യപദെശഭാക്- ഭവതി- ആത്മാ- ഇന്ദ്രിയാദ്യധിഷ്ഠാതാ- കരണം- ഹി- സകൎത്തൃകം- ഭവതി-

അന്വയാൎത്ഥം_____ ആകാശം ഏകമായിസത്തായിരുന്നുഎങ്കിലും ഉപാധിഹെതുവായിട്ടു ശ്രോത്രമാകുന്ന ഇന്ദ്രിയമായിഭവിക്കും- കാലംജന്യങ്ങളുടെ ജനകമെന്നും ജഗത്തുകളുടെ ആശ്രയമെന്നും മതമായിഭവിക്കുന്നു- പരാപരത്വധീഹെതുവായിട്ടും ഉപാധിഹെതുവായിട്ടു ക്ഷണാദിയായിട്ടും ഭവിക്കും- ദിക്കു ദൂരാന്തികാദിധീഹെതുവായിട്ടും ഏകയായിട്ടും നിത്യയായിട്ടും ഉള്ളതാകുന്നു എന്നുവചിക്കപ്പെടുന്നു- ഏകയാകുന്നുഎങ്കിലും ഉ

പാധിഭേദം ഹേതുവായിട്ടു പ്രാച്യാദിവ്യപദേശഭാക്കായിഭവിക്കുന്നു. ആത്മാവ ഇന്ദ്രിയാദ്യധിഷ്ഠാതാവായിഭവിക്കുന്നു. കരണംയാതൊന്നുഹേതുവായിട്ടു സകൎത്തൃകമായിഭവിക്കുന്നു.

പരിഭാഷാ—— ഏകം=ഒന്നു. സത്ത=ഭവിച്ചിരിക്കുന്നത ഉപാധി=വിശേഷണം. ശ്രോത്രം=ചെവി. ജന്യങ്ങൾ=പ്രാഗഭാവപ്രതിയോഗികൾ. ജനകം=ജനിപ്പിക്കുന്നത. ജഗത്തുകൾ=ലോകങ്ങൾ. (ഒട്ടൊഴിയാതെ ഉള്ളവസ്തുക്കൾ). മതം=അറികപ്പെടുന്നത. പരാപരതാധീഹേതു=പരാപരതാധീയുടെ ഹേതു. പരാപരതാധീ=പരാപരതത്തിന്റെധീ. പരാപരതം=പരാപരങ്ങളാവുന്നുള്ളത. (പരത്വവും അപരത്വവുമെന്നുസാരം). ധീ=ബുദ്ധി. ഉപാധി=വിശേഷണം. ക്ഷണാദി=ക്ഷണംമുതലായതു. ക്ഷണം=ക്ഷണമെന്നകാലം. ദൂരാന്തികാദിധീഹേതു=ദൂരാന്തികാദിധീയുടെ ഹേതു. ദൂരാന്തികാദിധീ=ദൂരാന്തികാദിയുടെ ധീ ദൂരാന്തികാദി= ദൂരാന്തികങ്ങൾ തുടങ്ങിയുള്ളത. ദൂരാന്തികങ്ങൾ=ദൂരവുംഅന്തികവും. ദൂരം=അകന്നത. അന്തികം= അടുത്തത. ധീ=ബുദ്ധി. ഏകാ=ഒന്നു. നിത്യാ= നാശത്തൊടുകൂടാത്തത. ഏകാ= ഒന്നു. ഉപാധിഭേദം= ഉപാധികളുടെഭേദം= ഉപാധികൾ= വിശേഷണങ്ങൾ പ്രാച്യാദിവ്യപദേശം= പ്രാച്യാദികൾ കൊണ്ടുള്ള വ്യപദേശം. പ്രാച്യാദികൾ=പ്രാചീഇത്യാദിശബ്ദങ്ങൾ. വ്യപദേശം=വ്യവഹാരം. ഭാക്ക=ആശ്രയിക്കു. ആത്മാവ=ആത്മാവെന്നദ്രവ്യം. ഇന്ദ്രിയാദ്യധിഷ്ഠാതാവ=ഇന്ദ്രിയാദിയുടെ അധിഷ്ഠാതാവ. ഇന്ദ്രിയാദി= ഇന്ദ്രിയംമുതലായത. അധിഷ്ഠാതാവ. ചൈതന്യസംപാദകൻ- (ഇന്ദ്രിയങ്ങൾക്കും ശരീരത്തിന്നും ചൈതന്യത്തെ ഉണ്ടാക്കുന്നവനെന്നുസാരം. കരണം=കരണമെന്നകാരകം. സകൎത്തൃകം= കൎത്താവൊടുകൂടിയത.

സാരം——മെൽപ്രകാരം സിദ്ധമായിരിക്കുന്ന ആകാശത്തിന്ന അനെകത്വമില്ല. അതഏകമാകുന്നു. എങ്കിലും കൎണ്ണവിവരത്തിങ്കൽ പെട്ടതായിരുന്നാൽ ശ്രോത്രേന്ദ്രിയമായിഭവിക്കയും ചെയ്യും.

കാലനിരൂപണം

കാലമെന്നദ്രവ്യം ഉൽപത്തിയുള്ള സകലവസ്തുക്കളുടെ ഉല്പത്തിയെ കുറിച്ചുകാരണമാകുന്നു അതുജഗത്തിന്ന ആശ്രയമായിട്ടുംഭവിക്കുന്നു. ഇപ്പൊൾഘടമുണ്ട എന്നുതുടങ്ങിയുള്ളബുദ്ധി സൂൎയ്യപരിസ്പന്ദം മുതലായതിനെവിഷയീകരിക്കുന്നു എങ്കിൽ

സൂൎയ്യപരിസ്പന്ദംമുതലായതിനൊട ഘടാദിവസ്തുക്കൾക്കൊരുസം
ബന്ധമുണ്ടായിരിക്കെണം. ഇതിനെസിദ്ധമായസംബന്ധാസം
യൊഗംമുതലായതുകളിൽവെച്ചുകൊണ്ടൊ അതല്ലതാനും അതുവെ
ളുവായിട്ട അതുകളുടെ സംബന്ധത്തെ ചെയ്യുന്നതായിട്ട കാല
മെന്നൊരുദ്രവ്യത്തെ കല്പിച്ചിരിക്കുന്നു. ഇപ്രകാരമാകയാൽ ജഗ
ത്തുകൾക്ക ആശ്രയമാകുന്നു എന്നുപറഞ്ഞതുയുക്തമെന്ന അ
ത്രമെന്ന അല്പപരമെന്നും അപരമെന്നുമുള്ള ബുദ്ധികൾക്കാലം
കാരണമാകുന്നു പരത്വത്തിന്നും അപരത്വത്തിന്നും അസമ
വായികാരണമായിരിക്കുന്ന സംയൊഗത്തിന്ന ആശ്രയമായിട്ട
ള്ളതുകാലമാകുന്നുഎന്ന അറിഞ്ഞുകൊൾക കാലത്തിന്ന അ
നെകത്വമില്ല നാശവുമില്ല കാലമെന്നത ഏകമായിരുന്നാൽ
ക്ഷണം, ദിനം, മാസം, സംവത്സരം ഇത്യാദി വ്യവഹാരങ്ങൾ
ചെരുകയില്ലെന്നു ശങ്കിക്കരുത വിശെഷണഭെദംഹെതുവായി
ട്ടുക്ഷണാദി വ്യവഹാരത്തിന്ന ഏകമായിരിക്കുന്നകാലം തന്നെ
വിഷയമായിഭവിക്കും. വിശെഷമെന്താകുന്നു എന്നുണ്ടെങ്കി
ൽപറയാം. സ്വജന്യവിഭാഗപ്രാഗഭാവാവച്ഛിന്നമായിരിക്കുന്ന
കൎമ്മമൊ പൂൎവ്വസംയൊഗാവച്ഛിന്നവിഭാഗമൊ പൂൎവ്വസംയൊ
ഗനാശാവച്ഛിന്നൊത്തര സംയൊഗപ്രാഗഭാവമൊ ഉത്തരസം
യൊഗാവച്ഛിന്നമായിരിക്കുന്നകൎമ്മമൊ ക്ഷണവ്യവഹാരത്തിങ്ക
ൽഉപാധിയാകുന്നു. (സ്വജന്യവിഭാഗ പ്രാഗഭാവാവച്ഛിന്നം=
സ്വജന്യവിഭാഗപ്രാഗഭാവത്താൽഅവച്ഛിന്നം- സ്വജന്യവിഭാ
ഗപ്രാഗഭാവം=സ്വജന്യമായിരിക്കുന്നവിഭാഗത്തിന്റെപ്രാഗഭാ
വം- സ്വജന്യം=തങ്കൽനിന്നുജനിക്കുന്നത- വിഭാഗം=വിഭാഗ
മെന്നഗുണം- പ്രാഗഭാവം=പ്രാഗഭാവമെന്ന അഭാവം-അവ
ച്ഛിന്നം=അവച്ഛെദിക്കപ്പെട്ടത- അവച്ഛെദിക്ക= വിശെഷിപ്പി
ക്ക- പൂൎവ്വസംയൊഗാവച്ഛിന്നവിഭാഗം= പൂൎവ്വസംയൊഗാവ
ച്ഛിന്നമായിരിക്കുന്നവിഭാഗം- പൂൎവ്വസംയൊഗാവച്ഛിന്നം=പൂ
ൎവ്വസംയൊഗത്താൽ അവച്ഛിന്നം- പൂൎവ്വസംയൊഗം=പൂൎവ്വത്തി
ങ്കലുള്ളസംയൊഗം-പൂൎവ്വം= പൂൎവ്വദെശം -സംയൊഗം= സംയൊ
ഗമെന്നഗുണം- അവച്ഛിന്നം= അവച്ഛെദിക്കപ്പെട്ടത- അവ
ച്ഛെദിപ്പിക്ക=വിശെഷിപ്പിക്ക- വിഭാഗം=വിഭാഗമെന്നഗുണം-
പൂൎവ്വസംയൊഗനാശാവച്ഛിന്നൊത്തരസംയൊഗപ്രാഗഭാവം=
പൂൎവ്വസംയൊഗനാശാവച്ഛിന്നമായിരിക്കുന്ന ഉത്തരസംയൊ
ഗപ്രാഗഭാവം- പൂൎവ്വസംയൊഗനാശാവച്ഛിന്നം= പൂൎവ്വസം
യൊഗനാശത്താൽ അവച്ഛിന്നം- പൂൎവ്വസംയൊഗനാശം=പൂ

ൎവ്വസംയോഗത്തിന്റെ നാശം. പൂൎവ്വസംയോഗം=പൂൎവ്വദേശത്തിങ്കൽ ഉള്ള സംയോഗം. അവച്ഛിന്നം=അവച്ഛേദിക്കപ്പെട്ടത്. അവച്ഛേദിപ്പിക്കു=വിശേഷിപ്പിക്കു. ഉത്തരസംയോഗപ്രാഗഭാവം=ഉത്തരസംയോഗത്തിന്റെ പ്രാഗഭാവം. ഉത്തരസംയോഗം=ഉത്തരദേശത്തിങ്കൽ ഉള്ള സംയോഗം. പ്രാഗഭാവം=പ്രാഗഭാവമെന്ന അഭാവം. ഉത്തരസംയോഗാവച്ഛിന്നം=ഉത്തരസംയോഗത്താൽ അവച്ഛിന്നം. ഉത്തരസംയോഗം=ഉത്തരദേശത്തിങ്കൽ ഉള്ള സംയോഗം. അവച്ഛിന്നം=അവച്ഛേദിക്കപ്പെട്ടത്. അവച്ഛേദിക്കു വിശേഷിപ്പിക്കു) ഇങ്ങിനെ മേൽപറകപ്പെട്ട വിശേഷണ പദാൎത്ഥങ്ങളെ ഗ്രഹിച്ചുകൊൾക. വിഭാഗത്തെ ഉണ്ടാക്കുന്നതായ കൎമ്മമുണ്ടായാൽ അനന്തരക്ഷണത്തിങ്കൽ സംയോഗിച്ചിരിക്കുന്ന വസ്തുക്കൾക്കു അന്യോന്യവിഭാഗം ഭവിക്കും. വിഭാഗം ഭവിച്ചാൽ ഉത്തരസംയോഗം ഭവിക്കും. അനന്തരം വിഭാഗപ്രാഗഭാവം നശിക്കും. ഇപ്രകാരം വരികയാൽ സ്വജന്യവിഭാഗപ്രാഗഭാവാവച്ഛിന്നമായിരിക്കുന്ന കൎമ്മം ഏകക്ഷണമാത്രസ്ഥിതിയോടുകൂടിയതാകുന്നു. അതുഹേതുവായിട്ടു മേൽപ്രകാരമുള്ള കൎമ്മത്തോടുകൂടിവസിക്കുന്നതായ കാലത്തെ ക്ഷണമെന്നുള്ള വ്യവഹാരത്തിന്റെ വിഷയമാകുന്നു. എന്നറിഞ്ഞുകൊൾക. ഇപ്രകാരം പൂൎവ്വസംയോഗാവച്ഛിന്നവിഭാഗാദികളും ഏകൈകക്ഷണമാത്രസ്ഥിതിയോടുകൂടിയതുകളാകയാൽ അതുകൾ മേൽപറഞ്ഞ വ്യവഹാരത്തെക്കുറിച്ചു ഉപാധികളാകുന്നു. എന്നു യുക്തിപുരസ്സരമായി ഊഹിച്ചുനിശ്ചയിച്ചുകൊൾക. ഉത്തരസംയോഗാനന്തരം വിഭാഗപ്രാഗഭാവാവച്ഛിന്നമായ കൎമ്മം നശിച്ചാലും വേറെ കൎമ്മം സംഭവിക്കുന്നതാകയാൽ ക്ഷണവ്യവഹാരത്തിന്നു ഹാനിഭവിക്കയില്ലെന്നും ഗ്രഹിച്ചുകൊൾക. ദിനാദിവ്യവഹാരങ്ങൾ അതാതുപ്രകാരത്തിലുള്ള ക്ഷണസമുദായങ്ങൾ കൊണ്ടു ഉപപത്തിയോടുകൂടിയതുകളാകുന്നു. അതുഹേതുവായിട്ടു അതുകളെക്കുറിച്ചുവേറെ ഉപാധികളെ കാണിക്കുന്നില്ല.

ദിങ്നിരൂപണം

ദിക്കു എന്ന ദ്രവ്യം അകന്നതെന്നും അടുത്തതെന്നും തുടങ്ങിയുള്ള വ്യവഹാരത്തിന്നു ഹേതുവാകുന്നു. അകൽച എന്നത ദൈശികമായ പരത്വവും അടുപ്പമെന്നത ദൈശികമായ അപരത്വവുമാകുന്നു. (ദൈശികം=ദേശത്താൽ ഉണ്ടാക്കപ്പെട്ടത) ദൈശികപരത്വാപരത്വങ്ങൾക്കു അസമവായികാരണമായിരിക്കുന്ന സംയോഗത്തിന്നാശ്രയമായിട്ടുള്ളതു ദിക്കാകുന്നു എന്നഭിപ്രായം

ഇപ്രകാരം സിദ്ധിച്ചിരിക്കുന്ന ദിക്ക ഏകത്വത്തൊടു കൂടിയതാകുന്നു അനെകത്വം വാസ്തവമായിട്ട അതിനില്ല. എങ്കിലും ഉപാധിവശാൽ കിഴക്കെന്നും തെക്കെന്നും പടിഞ്ഞാറെന്നും വടക്കെന്നും അതിനെ വ്യവഹരിക്കുന്നു. യാതൊരു പുരുഷന്നു ഉദയ പൎവ്വതത്തൊടു അടുത്ത ദിക്ക യാതൊന്നൊ അവന്നു അതു കിഴക്കെ ദിക്കാകുന്നു. ഉദയ പൎവ്വതത്തിങ്കൽനിന്നു അകന്നതു പടിഞ്ഞാറെ ദിക്കാകുന്നു. മഹാമെരുവിനൊടു അടുത്തതു വടക്കെ ദിക്കാകുന്നു. മഹാമെരുവിങ്കൽ നിന്നു അകന്നതു തെക്കെ ദിക്കാകുന്നു. ഇങ്ങിനെ സിദ്ധാന്തമാകയാൽ ഉദയ പൎവ്വതത്തൊടു കൂടെ അടുപ്പം മുതലായതു മെൽ (?) പ്രകാരമുള്ള വ്യവഹാരത്തെക്കുറിച്ചു ഉപാധിയാകുന്നു എന്നു അറിഞ്ഞു കൊൾക.

ആത്മനിരൂപണം.

ആത്മാവെന്നദ്രവ്യം=ആത്മത്വമെന്ന ജാതിയൊടുകൂടിയതാകുന്നു. ആത്മത്വമെന്നജാതി=സുഖ ദുഃഖാദി കളുടെ സമവായി കാരണത്വത്തിന്റെ നിയാമകമായിട്ട സിദ്ധിച്ചതാകുന്നു. ഇങ്ങിനെ സിദ്ധമായ ആത്മത്വജാതി ജീവാത്മാക്കളിൽ തന്നെ അല്ല പരമാത്മാവായ ഈശ്വരങ്കലുമുണ്ടു എങ്കിലും അദൃഷ്ടം മുതലായ കാരണമില്ലായ്കയാൽ ഈശ്വരന്നു ജീവാത്മാക്കൾക്കെന്ന പൊലെ സുഖദുഃഖാദികൾ ഉണ്ടാകുന്നില്ല. ഈശ്വരനെന്ന ദ്രവ്യം നിത്യമാകുന്നു എല്ലൊ അങ്ങിനെ ഉള്ള ഈശ്വരങ്കലും സുഖദുഃഖാദിസമവായി കാരണത്വത്തെ സാധിക്കുന്നതായ ആത്മത്വജാതിയെ അംഗീകരിച്ചാൽ ഒരു കാലത്തിങ്കൽ അതുകൊണ്ടുള്ള ഫലൊൽപത്തിയുംവെണം. മറ്റുള്ളകാരണങ്ങൾ ഇന്നില്ലെങ്കിൽ ഉന്ന (?) സുഖദുഃഖാദികൾ സംഭവിക്കാതെ ഇരിക്കട്ടെ. എന്നും കാരണാന്തരങ്ങൾ ലഭിക്കില്ലെങ്കിൽ അങ്ങിനെ ഉള്ളതന്നിനെ കുറിച്ചു സമവായി കാരണമായിട്ടും ഭവിക്കില്ല. അരണ്യത്തിങ്കൽ നില്ക്കുന്ന ദണ്ഡം ഘടത്തെ കുറിച്ചു കാരണമൊ അല്ലയൊ എന്നു ചൊദിച്ചാൽ അല്ലെന്നു ഞാൻ പറയുന്നില്ല അതുകൊണ്ടു ഘടത്തെ നിൎമ്മിക്കാം. ഘടൊല്പാദനത്തിങ്കൽ ഉപയൊഗിപ്പിക്കുന്നതിന്നു മുമ്പെ അതു നശിച്ചു പൊയാലും സ്വരൂപ യൊഗ്യതയെന്ന കാരണതയെ അതിങ്കൽ സ്വീകരിക്കാം. ഘടത്തെ ജനിപ്പിപ്പാനുള്ള സാമൎത്ഥ്യം അതിന്നും തുല്യമാകുന്നു. ഘടത്തെ ജനിപ്പിക്ക ഉണ്ടായിട്ടില്ലല്ലൊ എന്നാവുള്ളൂ. അതിന്റെ നാശവശാൽ ഉണ്ടായതാകുന്നു എന്നെ പറഞ്ഞാൽ ചെൎന്നതത്രെ ആകുന്നത യാതൊന്നിങ്കൽ ഒന്നിനെക്കുറിച്ചുകാ

ണതാദത്തെ സ്വീകരിക്കുന്നുവൊ അതു നിത്യമായിരുന്നാൽ എ
തൊരു കാലത്തിങ്കൽ എങ്കിലും അക്കാൎയ്യത്തെ ജനിപ്പിക്കെണം.
ഇങ്ങിനെ ഒരു നിയമം പണ്ടുള്ളവരാൽ നിശ്ചയിക്കപ്പെട്ടതായി
ട്ടുണ്ടു. എങ്കിലും നിത്യമായതും സ്വരൂപയൊഗ്യതാമെന്ന കാര
ണതാദത്തൊട കൂടിയതായിരിക്കട്ടെ ഫലം ഭവിച്ചില്ല എങ്കിൽ
എന്തു ദൊഷമാകുന്നു വരുവാൻ പൊകുന്നത എന്നു ചൊദിച്ചാ
ൽ ഒന്നും പറവാൻ ഇല്ലായ്കയാൽ അങ്ങിനെ ഉള്ള നിയമത്തെ
ആദരിക്കെണമെന്നില്ല. അതുകൊണ്ട ആത്മത്വജാതി ഈശ്വ
ര സാധാരണ്യത്തൊട കൂടിയതു തന്നെ എന്നു ചിലർ പറയു
ന്നു. അന്യന്മാർ ഈശ്വരങ്കൽ അങ്ങിനെ ഒരു ജാതി ഉണ്ട എ
ന്നതിന്ന പ്രമാണമില്ല. എന്നാല് ഈശ്വരൻ പരമാത്മത്തെ
ന്യമായി ഭവിക്കും എന്ന ശങ്കിക്കെണ്ട. ജ്ഞാനവത്വം കൊ
ണ്ടു വിഭാഗത്തെ ചെയ്യാമല്ലൊ എന്നു പറയുന്നു. അവർ ആ
ത്മപദത്തിന്റെ സ്ഥാനത്തിങ്കൽ ജ്ഞാനവാൻ എന്ന പദമാകു
ന്നു. ഇങ്ങിനെ ഒരു വിശെഷം ഉപനിഷദാദി വാക്യത്തിങ്കൽ ഉ
ണ്ട എന്ന അറിഞ്ഞുകൊൾക. ജീവാത്മ പരമാത്മാക്കളിൽ വെച്ച
ജീവാത്മാവ. ഇന്ദ്രിയ ശരീരങ്ങൾക്കു ചൈതന്യത്തെ ഉണ്ടാക്കു
ന്നവനാകുന്നു. കരണങ്ങളായ വസ്തുക്കൾ കൎത്താവിനൊടുകൂ
ടാതെ ഇരുന്നാൽ ഫലസമ്പാദന സാമൎത്ഥ്യം ചെരുന്നതല്ല.
ലൊകത്തിങ്കൽ ഛെദാദി ക്രിയകൾക്ക കരണങ്ങളായ ഖഡ്ഗാദി
കൾ കൎത്താവിനൊട കൂടാതെ തന്നെ ഒരു ഭാവിനെ ഫലസാ
ധനങ്ങളാകുന്നില്ല. ഇപ്രകാരം അറിവിനെക്കുറിച്ചു കരണങ്ങ
ളായ ചക്ഷുരാദികൾക്കും ഫലമനനം വെണമെങ്കിൽ ഒരു
കൎത്താവുണ്ടായിരിക്കെണം. അതുകൊണ്ടു ദെഹെന്ദ്രിയാദികളി
ൽ നിന്ന അന്യനായ ഒരു കൎത്താവിനെ കല്പിക്കുന്നു. അങ്ങി
നെ ഉള്ള കൎത്താവിന്റെ പെർ ജീവാത്മാവ എന്നാകുന്നു എന്ന
ഗ്രഹിച്ചുകൊൾക. ഞാൻ അറിയുന്നു ഞാൻ സുഖിയാകുന്നു.
ഇത്യാദിപ്രത്യക്ഷങ്ങൾക്കു വിഷയമാവു എന്നുള്ള അവസ്ഥ ആ
ത്മാവിന്ന ഉണ്ട എങ്കിലും മെൽ പറഞ്ഞ പ്രത്യക്ഷങ്ങൾക്കു വി
ഷയം ശരീരമാകുന്നു എന്നു പറയുന്നവരൊട മുമ്പെ തന്നെ ആ
ത്മാവിന്റെ പ്രമാണം പ്രത്യക്ഷമാകുന്നു എന്ന പറഞ്ഞാൽ അ
തുകൊണ്ടു ഫലമില്ലല്ലൊ എന്നു വിചാരിച്ചിട്ട കരണങ്ങൾക്കു
കൎത്തൃസാഹായ്യം വെണമെന്നുള്ള നിയമമൂലമെന ദെഹിനാ
നായിട്ട ആത്മാവിനെ സാധിച്ചു എന്നും ഗ്രഹിച്ചുകൊൾക.

൩൯. ശരീരസ്യനചൈതന്യംമൃതെഷുവ്യഭിചാരതഃ। തഥാ

ചെദിന്ദ്രിയാണാമുപഘാതെകഥംസ്മൃതിഃ ॥

൪൯- മനോപിനതഥാജ്ഞാനാദ്യനധ്യക്ഷംതദാഭവെൽ । ധൎമ്മാധൎമ്മാശ്രയൊധ്യക്ഷൊവിശെഷഗുണയൊഗതഃ ॥

൫൦- പ്രവൃത്ത്യാദ്യനുമെയൊയംരഥഗത്യെവസാരഥിഃ । അഹംകാരസ്യാശ്രയൊയംമനൊമാത്രസ്യഗൊചരഃ ॥

അന്വയം—— മൃതെഷു വ്യഭിചാരതഃ ശരീരസ്യ- ചൈതന്യം- ന- ഭവതി- ഇന്ദ്രിയാണാം- തഥാത്വം- ചെൽ- ഉപഘാതെ- സ്മൃതിഃ കഥം- ഭവെൽ- മനഃ- അപി- തഥാ ന- തദാ- ജ്ഞാനാദി- അനധ്യക്ഷം- ഭവെൽ അയം- ധൎമ്മാധൎമ്മാശ്രയഃ- വിശെഷഗുണയൊഗതഃ- അധ്യക്ഷഃ- രഥഗത്യാ- സാരഥിഃ- ഇവ പ്രവൃത്ത്യാദ്യനുമെയഃ. ഭവതി- അയം അഹങ്കാരസ്യ- ആശ്രയഃ- മനൊമാത്രസ്യ- ഗൊചരഃ- ച-

അന്വയാൎത്ഥം—— മൃതന്മാരിൽ വ്യഭിചാരം ഹെതുവായിട്ട ശരീരത്തിന്ന ചൈതന്യം ഭവിക്കുന്നില്ല- ഇന്ദ്രിയങ്ങൾക്കാകുന്നു തഥാത്വമെങ്കിൽ ഉപഘാതം സത്തായിരിക്കും വിഷയത്തിങ്കൽ സ്മൃതി എങ്ങിനെ ഭവിക്കും- മനസ്സും അപ്രകാരമായി ഭവിക്കുന്നില്ല- അപ്രകാരമായാൽ ജ്ഞാനാദി അനധ്യക്ഷമായി ഭവിക്കും- ഇവൻ ധൎമ്മാധൎമ്മാശ്രയമായിട്ടും വിശെഷഗുണയൊഗം ഹെതുവായിട്ട അധ്യക്ഷനായിട്ടും രഥഗതി ഹെതുവായിട്ട സാരഥി എന്ന പൊലെ പ്രവൃത്ത്യാദ്യനുമെയനായിട്ടും ഭവിക്കുന്നു- ഇവൻ അഹങ്കാരത്തിന്ന ആശ്രയമായിട്ടും മനൊമാത്രത്തിന്ന ഗൊചരമായിട്ടും ഭവിക്കുന്നു-

പരിഭാഷാ—— മൃതന്മാർ=മരിച്ചവർ- വ്യഭിചാരം=അഭാവം- ശരീരം=ദെഹം- ചൈതന്യം=ചെതനനാവു എന്നുള്ളത- ചെതനൻ=ആത്മാവ- ഇന്ദ്രിയങ്ങൾ=ചക്ഷുരാദികൾ- തഥാത്വം=ചൈതന്യം- ഉപഘാതം=നാശം- സ്മൃതി=സ്മരണം- ജ്ഞാനാദി=ജ്ഞാനംമുതലായത- അനധ്യക്ഷം=അപ്രത്യക്ഷം- ഇവൻ=ആത്മാവ- ധൎമ്മാധൎമ്മാശ്രയം=ധൎമ്മാധൎമ്മങ്ങൾക്കു ആശ്രയം- ധൎമ്മാധൎമ്മങ്ങൾ=ധൎമ്മവും അധൎമ്മവും- വിശെഷഗുണയൊഗം=വിശെഷഗുണങ്ങളുടെ യൊഗം- യൊഗം=സംബന്ധം- അധ്യക്ഷൻ=പ്രത്യക്ഷത്തിന്ന വിഷയമായി ഭവിക്കുന്നവൻ- രഥഗതി=രഥത്തിന്റെ ഗതി- രഥം=തെര- ഗതി=ഗമനം- സാരഥി=തെർനടത്തുന്നവൻ- പ്രവൃത്ത്യാദ്യനുമെയൻ=പ്രവൃത്ത്യാദികൾകൊണ്ട അനുമെയൻ- പ്രവൃത്ത്യാദികൾ=പ്രവൃത്തിമുതലായുള്ളവ- പ്രവൃത്തി=പ്രവൃത്തി- ചെഷ്ടാ=അനുമെയൻ=അനുമിക്കപ്പെടുവാൻ

യോഗ്യൻ അനുമിതം ഉണ്ടു എന്നു നിശ്ചയിക്കു- ഇവൻ=ആത്മാവു— ആദാകാരം=ആദരമെന്നുള്ള ബുദ്ധി- തദാശ്രയം=വിഷയം. മനോമാത്രം=കേവലമായമനസ്സു- ഗോചരം=വിഷയം.

സാരം —— ചക്ഷുരാദികളാകുന്ന കരണങ്ങൾക്കു ഒരു കൎത്താവിന്റെ അപെക്ഷ ഉണ്ടു എന്നതു ശരി തന്നെ എന്നാലും ശരീരത്തിന്നു തന്നെ കൎത്തൃത്വം ചെരുന്നതായിരിക്കുമ്പോൾ വെറെ ഒന്നിനെ അതുകൾക്കു കൎത്താവാക്കി സ്വീകരിക്കുന്നതു യുക്തമല്ല അതുകൊണ്ടു ശരീരം തന്നെ ആത്മാവായിരിക്കുന്നാട്ടെ എന്നുപറയുന്നു എങ്കിൽ അതു വരുമെ വിരുദ്ധമായിവരുന്നതാകുന്നു- ശരീരത്തിന്നു ആത്മത്വമുണ്ടു എന്നു പറയുന്നവർശവശരീരത്തിന്നും ആത്മത്വമുണ്ടുഎന്നതിനെ സ്വീകരിക്കെണം- അങ്ങിനെ സ്വീകരിച്ചാലും ശവശരീരത്തിങ്കൽ കൎത്തൃത്വം സംഭവിക്കായ്കയാൽ അതും വിരുദ്ധമായി ഭവിക്കുന്നതാകുന്നു- ഇതിങ്കൽ നിന്നു ഉപരിയായിട്ടു ഇങ്ങിനെ ഒരു ദൊഷംവാദിക്കു പറയാം- ആത്മത്വലക്ഷണം ജ്ഞാനം മുതലായതാകുന്നു- മൊക്ഷത്തെ പ്രാപിച്ചിരിക്കുന്ന ആത്മാവിങ്കൽ ജ്ഞാനം മുതലായതു നിന്റെ മതത്തിങ്കൽ ഇല്ലല്ലൊ അതുപൊലെ എന്റെ മതത്തിങ്കൽ ശവശരീരത്തിങ്കൽ ജ്ഞാനം മുതലായതു ഭവിക്കുന്നില്ല- നിനക്കുമൊക്ഷം ജ്ഞാനം മുതലായതിന്റെ അഭാവത്തെക്കുറിച്ചു കാരണമാകുന്നു- ഇനിക്കു ശരീരത്തിങ്കൽ ജ്ഞാനാദികളുടെ അഭാവത്തെക്കുറിച്ചു പ്രാണനാശം കാരണമാകുന്നു ഇങ്ങിനെ മെൽ പറഞ്ഞ ദോഷത്തെ പരിഹരിച്ചാലും ബാല്യത്തിങ്കൽ കാണപ്പെട്ട വസ്തുവിനെ വാൎദ്ധക്യത്തിങ്കൽ സ്മരിക്കുന്നതൊച്ചയില്ല എന്നു വരികയും ചെയ്യും ശരീരങ്ങൾക്കു അവയവങ്ങളുടെ പുഷ്ടികാൎശ്യങ്ങൾ നിമിത്തമായിട്ടു ഉൽപത്തിയും വിനാശവുമുള്ളതാകയാൽ ബാല്യശരീരം നശിച്ചു വാൎദ്ധക്യത്തൊടു കൂടിയ ശരീരം വെറെ ആകുന്നു അന്യശരീരത്താൽ അനുഭവിക്കപ്പെട്ടതിന്റെ സ്മരണം അന്യശരീരത്തിങ്കൽ ഉണ്ടാകുമെങ്കിൽ ചൈത്രനാൽ അനുഭവിക്കപ്പെട്ടതിന്റെ സ്മരണം മൈത്രനു ഭവിക്കാമെന്നും വന്നു കൂടുന്നതാകുന്നു- അതുകൊണ്ടു അനുഭവസ്മരണങ്ങളുടെ സാമാനാധികരണ്യനിയമത്തെ അനുസരിച്ചിട്ടു ആത്മാവു ദെഹഭിന്നനാകുന്നു എന്നു കല്പിക്കെണമെന്നറിഞ്ഞുകൊൾക- പൂൎവ്വശരീരത്തിങ്കൽ ഉണ്ടായ സംസ്കാരം ഹെതുവായിട്ടു ദ്വിതീയ ശരീരത്തിങ്കൽ സ്മരണാനുകൂലമായ സംസ്കാരം ജനിക്കുന്നു എന്നു പറയുന്നുവൊ എന്നാൽ അപസാ

മില്ലാത്തതുകളായ സംസ്കാരങ്ങളെ കല്പിക്കേണമെന്നാകുന്നു ഉ
ത്തരം തന്നെ ദേഹാത്മവാദിയുടെ മതത്തിന്ന ദൂഷണമായി ഭവി
ക്കും. വിശേഷിച്ച ദേഹം തന്നെ ആത്മാവെന്ന പറയുന്നവ
ൎക്ക ബാലകന്റെ സ്തനപാനാദി പ്രവൃത്തി ചെയ്യുക ഇല്ല. എ
ല്ലാ പ്രവൃത്തികൾക്കും ഇഷ്ടസാധനതാജ്ഞാനം ഹേതുവാ
കുന്നു. ഇന്ന പ്രകാരമുള്ള ഇഷ്ടഫലം ഇതു കൊണ്ട സാദ്ധ്യമാ
യി ഭവിക്കുമെന്നുള്ള അറിവ ഉണ്ടാകാതെ ഒന്നിങ്കൽ പ്രവൃത്തി
എന്നും ഭവിപ്പാൻ സംഗതിയില്ല. ബാലകന്ന സ്തനപാനം
ഹേതുവായിട്ട വിശപ്പു ദാഹവും ശമിക്കുമെന്നുള്ള അനുഭവം
ആദിയിൽ ഉണ്ടായിട്ടില്ലല്ലൊ. പിന്നെ അതിങ്കൽ പ്രവൃത്തി
എങ്ങിനെ എന്നും. എന്റെ മതത്തിങ്കൽ ഒരു ദോഷം വരുന്ന
തല്ല. കഴിഞ്ഞ ജന്മത്തിങ്കൽ സ്തനപാനം തനിക്ക ഇഷ്ടത്തെ
സാധിപ്പിക്കുന്നതാകുന്നു എന്ന അനുഭവമുണ്ടായിട്ടുണ്ട. അതി
ന്റെ സ്മരണം നിമിത്തമായിട്ട ഈ ജന്മത്തിങ്കലും പ്രവൃത്തി
ഉണ്ടാകുന്നു എന്ന പറയാം. ഇപ്രകാരമായാൽ കഴിഞ്ഞ ജന്മ
ത്തിങ്കൽ അനുഭവിക്കപ്പെട്ടതായ മറ്റുള്ളതിന്റെ സ്മരണം ഭ
വിക്കാം എന്ന ശങ്കിക്കരുത. എന്നാൽ മറ്റുള്ളതിന്റെ സ്മ
രണം ഭവിക്കാത്തതിന്നു സംഗതിയെ പറയാം. അനുഭവിക്ക
പ്പെട്ട സകലത്തിന്റെയും സ്മരണം ഭവിക്കുന്നില്ല. ഏതിനെ
സ്മരിപ്പാനായിക്കൊണ്ട ഉൽബോധകമുണ്ടാകുന്നുവൊ അതി
നെ സ്മരിക്കും. ഉൽബോധകമില്ലാത്തതിനെ സ്മരിക്കുന്നില്ല.
സ്തനപാനം ഇഷ്ടസാധനമാകുന്നു എന്നതിന്റെ സ്മരണത്തി
ന്ന മറ്റൊന്നില്ലായ്കയാൽ ജീവനാദൃഷ്ടം തന്നെ ഉൽബോധക
മെന്ന ഞാൻ പറയുന്നു. ഈ ദേഹത്താലെയാൽ സാദ്ധ്യമ
ല്ല അഥവാ ജന്മാന്തരമില്ലല്ലൊ. (ഉൽബോധകമെന്നത സ്മര
ണത്തെ ജനിപ്പിക്കുന്നതായ ഒരു വിശേഷമാകുന്നു. ജീവനാ
ദൃഷ്ടം ജീവനത്തിന്ന അനുകൂലമായ അദൃഷ്ടം. ജീവനം ജീവി
ക്ക. അദൃഷ്ടം ധൎമ്മവും അധൎമ്മവും) ഇപ്രകാരമായപ്പോൾ അ
നുഭവം ഹേതുവായിട്ടുണ്ടായ സംസ്കാരം അനാദിയാകയാൽ
ആത്മാവും അനാദിയാകുന്നു എന്നും അനാദിയായ ഭാവപദാ
ൎത്ഥത്തിന്ന നാശമില്ലായ്കയാൽ നിത്യനാകുന്നു എന്നും സി
ദ്ധമായി. ആത്മാവ ചക്ഷുസ്സ മുതലായ ഇന്ദ്രിയങ്ങൾ തന്നെ വെ
റെ ഒന്നല്ല എന്ന ചിലർ പറയുന്നു. മുൻ പറഞ്ഞ ദോഷം അ
വരുടെ മതത്തിങ്കലുമുണ്ട. വിശേഷിച്ച മുമ്പെ ചക്ഷുസ്സ കൊ
ണ്ട ഗ്രഹിക്കപ്പെട്ട വസ്തുവിന്റെ സ്മരണം ചക്ഷുസ്സുനശിച്ചാ

ൽ പിന്നെ ഉണ്ടായിക്കൂടാ എന്നുള്ളതു മുണ്ടു. അപ്പൊൾ അതിന്റെ അനുഭവത്തൊടു കൂടിയ ആത്മാവില്ലായ്കയും അന്യനാൽ അനുഭവിക്കപ്പെട്ടതിനെ അന്യന്ന സ്മരിച്ചുകൂടായ്കയും മെൽപറഞ്ഞതിന്നു സാധകമാകുന്നു. എന്നാൽ ദെഹത്തിന്നും ഇന്ദ്രിയങ്ങൾക്കും ആത്മത്വം വെണ്ട. മനസ്സു നിത്യമാകുന്നു എല്ലാ അതു തന്നെ ആത്മാവായി ഭവിക്കരുതെ എന്നു ചൊദിക്കുന്നുവൊ എന്നാൽ പറയാം. മനസ്സും ആത്മാവല്ല. മനസ്സു ആത്മാവായിരുന്നാൽ മനസ്സു എത്രയും സൂക്ഷ്മമായിട്ടുള്ളതാകയാൽ അതിങ്കൽ ഉണ്ടാകുന്ന ജ്ഞാനം സുഖം ഇത്യാദിയായതൊന്നും പ്രത്യക്ഷത്തിന്ന വിഷയമായി ഭവിക്കില്ല. പ്രത്യക്ഷത്തെക്കുറിച്ചു മഹത്വം കാരണമാകുന്നു. മനസ്സിന്നു മഹത്വമില്ലെന്നും അണുവായിട്ടുള്ളതാകുന്നുവെന്നും ഇനി മെലെടത്തു സ്ഥിരപ്പെടുത്തിക്കൊൾകയുമാം. ജ്ഞാന സുഖാദികൾ യാതൊന്നിന്റെ ആകൃതി മെലെടുപ്പായിട്ടു അംഗീകരിക്കപ്പെടുവാൻ കഴിയുമൊ അപ്രകാരമുള്ള വിജ്ഞാനമെന്നവസ്തു തന്നെ ആത്മാവായി ഭവിക്കുന്നു. വിജ്ഞാനത്തിന്ന സ്വതഃപ്രകാശ രൂപത്വം ഹെതുവായിട്ടു ചൈതന്യം ചെൎച്ചയുള്ളതാകുന്നു. അതു ഭാവപദാൎത്ഥങ്ങളിൽ അന്തൎഭവിച്ചതാകയാൽ ക്ഷണികമാകുന്നു എങ്കിലും പൂൎവ്വപൂൎവ്വമായിരിക്കുന്ന വിജ്ഞാനം ഉത്തരൊത്തര വിജ്ഞാനത്തിന്നു കാരണമാകുന്നു. അതു ഹെതുവായിട്ടു ഉറക്കുന്ന സമയത്തിലും ആലയവിജ്ഞാന ധാരെക്കു ബാധമാകുന്നില്ല. (ആലയവിജ്ഞാനമെന്നത അഹമെന്നുള്ള ജ്ഞാനമാകുന്നു. അതിന്റെ ധാര എന്നതു പിന്നെയും പിന്നെയും ഉള്ള ഉൽപത്തിയാകുന്നു.) കസ്തൂരിയുടെ വാസന വസ്ത്രത്തിന്മെൽ സംക്രമിക്കുന്നതു പൊലെ പൂൎവ്വപൂൎവ്വവിജ്ഞാനങ്ങളാൽ ജനിപ്പിക്കപ്പെട്ട സംസ്കാരങ്ങൾ ഉത്തരൊത്തര വിജ്ഞാനങ്ങളിൽ സംക്രമിക്കകയാൽ സ്മരണം മുതലായതിന്ന അയുക്തി ഭവിക്കുന്നില്ല. ഇങ്ങിനെ ക്ഷണിക വിജ്ഞാനവാദികൾ പറയുന്നു. ഇതും യുക്തമല്ല. എന്തുകൊണ്ടെന്നാൽ ആത്മമെന്ന അവരാൽ സ്വീകരിക്കപ്പെട്ടതായ വിജ്ഞാനം ബുദ്ധി എന്ന ഗുണത്തിൽനിന്ന ഭെദിച്ചതാകുന്നു എങ്കിൽ അങ്ങിനെ ഒരു പദാൎത്ഥത്തെ സ്വീകരിപ്പാൻ പ്രമാണമില്ല. ബുദ്ധിയിൽ അന്തൎഭവിച്ചതാകുന്നു എങ്കിൽ അതിന്നൊരു വിഷയമുണ്ടായിരിക്കെണം. വിഷയമെന്താകുന്നു. സൎവ്വവും വിഷയമാകുന്നു എങ്കിൽ എല്ലാവരും സൎവ്വജ്ഞന്മാരായിരിക്കെണം. എന്തെങ്കിലും ഒന്നു വിഷയമായിരുന്നാൽ മതി എങ്കിൽ ഇന്നതി

ന്ന വിഷയീകരിച്ചുണ്ടായ വിജ്ഞാനമാകുന്നു ആത്മാവെന്നു പറഞ്ഞുകൂടാ എന്നുവരും ഉറക്കത്തിലും വിഷയങ്ങൾ പ്രകാശിക്കയെന്നും വന്നുകൂടും ഉറക്കത്തിൽ വിഷയത്തൊടു കൂടാത്തതായ ചിൽ സന്തതി അനുവൎത്തിക്കുന്നു എന്നുള്ളതും യുക്തമല്ല— വിഷയത്തൊടു കൂടാതെ ചിൽ സന്തതി അനുവൎത്തിക്കുമെന്നു പ്രമാണമില്ല· വിഷയം കൂടാതെ ചിൽ സന്തതി അനുവൎത്തിക്കുമെന്നു വരുന്ന പക്ഷത്തിങ്കൽ ആത്മാവു തന്നെ എന്നു· ഘടാദികളും വിജ്ഞാനം തന്നെ എന്നു വരികയുമാം— അപ്രകാരമെന്നത ഇഷ്ടമെന്നു തങ്ങളുടെ മതത്തിങ്കൽ വിജ്ഞാനത്തിങ്കൽനിന്നു അന്യമായിട്ടൊരു വസ്തു ഭവിക്കുന്നില്ലെന്നു പറഞ്ഞുകൂടാ— ഘടാദികൾ അനേക ഭേദങ്ങളായിരിക്കുമ്പോൾ അവകളെ എല്ലാവൎക്കും അനുഭവപ്രകാരം തോന്നുന്നില്ല— ഘടാദികൾ വിജ്ഞാനത്തിന്റെ ആകാരവിശേഷമാകുന്നു എങ്കിൽ ആ ആകാരവിശേഷം വിജ്ഞാനത്തിങ്കൽനിന്നു അന്യമൊ വിജ്ഞാനം തന്നെയൊ വിജ്ഞാനത്തിങ്കൽനിന്നു അന്യമാകുന്നു എങ്കിൽ സൎവ്വവും വിജ്ഞാനസ്വരൂപമാകുന്നു എന്നുള്ള സിദ്ധാന്തത്തിന്നു ഹാനിയും മെൽ പറഞ്ഞ ആകാരവിശെഷം വിജ്ഞാനം തന്നെയാകുന്നു എങ്കിൽ സമൂഹാലംബനജ്ഞാനത്തിങ്കൽ നീലാകാരമായിട്ടുള്ളതും പീതാകാരമായി ഭവിക്കും— സ്വരൂപംകൊണ്ടു വിജ്ഞാനത്തിന്നു വിശെഷമില്ലല്ലൊ· അന്യാപൊഹരൂപമായ നീലത്വം മുതലായുള്ള വിജ്ഞാനധൎമ്മമാകുന്നു എന്നും പറഞ്ഞുകൂടാ— നീലത്വാദികൾ അന്യോന്യവിരുദ്ധങ്ങളാകയാൽ അവകൾ ഒരുമിച്ചു ചെൎന്നിരിപ്പാൻ സംഗതിയില്ല— അങ്ങിനെ ഇരിക്കുന്നു വരുമ്പോൾ വിരോധനിശ്ചയത്തിന്നു തന്നെ ഗതിയില്ലാതെവരും— (ചിത്സന്തതി=ചിത്തിന്റെ സന്തതി— ചിത്=ജ്ഞാനം— സന്തതി നിരന്തരമായിട്ടുള്ള സ്ഥിതി— അന്യാപൊഹരൂപം=അന്യാപൊഹമാകുന്ന രൂപത്തൊടുകൂടിയത— അന്യാപൊഹം=അന്യത്തിന്റെ അപൊഹം— അന്യം=വെറെയുള്ളത— അപൊഹം=നിഷെധം) ഇങ്ങിനെ മെൽ പറഞ്ഞ വാക്യങ്ങളിൽ വ്യാഖ്യേയങ്ങളായ ചിലപദങ്ങളുടെ അൎത്ഥത്തെ വിവരിച്ചു മറ്റുള്ളവകളും സുഗമമാകുന്നു എന്നു വിചാരിക്കുന്നു— മെൽ പറഞ്ഞ ദൊഷങ്ങൾ തന്നെ അല്ല ഇനിയും ക്ഷണികവിജ്ഞാനവാദിയുടെ മതത്തിങ്കൽ ചില ദൊഷങ്ങൾ ഉണ്ടു— വിജ്ഞാനമെന്നതു ബുദ്ധിയാകുന്നു എന്നു പറഞ്ഞുകൂടാ എന്നതു മുമ്പെ തന്നെ പറഞ്ഞുവെച്ചു എ

ല്ലാ ബുദ്ധിയാകുന്നു എന്നുള്ള പക്ഷത്തിങ്കൽതന്നെയാകുന്നു അവരുടെ സിദ്ധാന്തമെങ്കിൽ ജ്ഞാന സുഖാദികൾ അതിന്റെ ആകാരമാകുന്നു എന്നുള്ളതിനു വിരോധമില്ല- ജ്ഞാനവും ബുദ്ധിയും ഒന്നു തന്നെ എന്നുള്ള വിധമാകുന്ന സുഖമെന്നതു ബുദ്ധിയിൽ ജനിക്കുന്നതല്ലയൊ എന്തൊരു ഗുണമാകുന്നു- ഈ പ്രകാരമാകയാൽ ജ്ഞാന സുഖാദികൾ അതിന്റെ ആകാരമാകുന്നു എന്നുള്ള വചനം യുക്തിവിരുദ്ധമായിട്ടുള്ളതു തന്നെ എന്നു അറിഞ്ഞു കൊൾക- വാസനകളുടെ സംക്രമവും ഉചിതമല്ല അതിന്നു സംക്രമം ഉണ്ടാകുമെങ്കിൽ മാതാവിന്റെ വാസനകൾ പുത്രങ്കൽ സംക്രമിക്കാത്തത എന്തു നിമിത്തമാകുന്നു- ഒരുത്തൻ കണ്ടിട്ടു സാധ്യമില്ലല്ലൊ- ബുദ്ധിയെന്നതൊരു ഗുണമാകയാൽ അതിങ്കൽ വാസനയുടെ സംക്രമം തന്നെ സംഭവിക്കുന്നില്ല പൂൎവ്വപൂൎവ്വസംസ്കാരങ്ങൾ ഉത്തരോത്തര വിജ്ഞാനങ്ങളിൽ ഉൽപത്തിയെ സംക്രമപാദം കൊണ്ടു വിവക്ഷിച്ചു മേൽ പ്രകാരം പറഞ്ഞതാകുന്നു എന്നും പറയരുതു- അങ്ങിനെ പറയണമെങ്കിൽ ഉല്പാദിപ്പിപ്പാൻ ഒരു വസ്തു കൂടെ ഉണ്ടായിരിക്കെണം- ഉൽപാദകവസ്തു ഇന്നതെന്നുള്ളതു സിദ്ധമായിട്ടില്ല- ഇങ്ങിനെ തുടങ്ങി മറ്റും ചില ദോഷങ്ങൾ ക്ഷണിക വിജ്ഞാന വാദിയുടെ മതത്തിങ്കലുണ്ടെന്നു അറിഞ്ഞു കൊൾകയും വെണം-

മേൽ പറഞ്ഞ യുക്തികൾ കൊണ്ടു തന്നെ ക്ഷണിക ശരീരങ്ങൾക്കാകുന്ന ചൈതന്യമെന്നതും നിരസിക്കപ്പെട്ടു- ഇനി നിത്യവിജ്ഞാനവാദിയുടെ മതത്തെ പറയാം- നിത്യവിജ്ഞാനവാദി പറയുന്നതു നിത്യമായിരിക്കുന്ന വിജ്ഞാനമാകുന്നു ആത്മാവെന്നവസ്തു എന്നാകുന്നു- ഇതു മേൽ പറഞ്ഞ യുക്തികൾ കൊണ്ടു തന്നെ ഖണ്ഡിതമായിരിക്കുന്നുവല്ലൊ- അതു ഭേദമായിട്ടുള്ള ജ്ഞാനത്തിങ്കൽനിന്നു അന്യനായിട്ടും നാശത്തോടു കൂടാത്തവനായിട്ടുമുള്ളവനാകുന്നു ആത്മാവ എന്നതു തന്നെ സിദ്ധമായി എന്നു ഗ്രഹിച്ചു കൊൾകയും വെണം- മേൽ വിവരിച്ച പ്രകാരമുള്ള ആത്മാവു തന്നെ ധൎമ്മാധൎമ്മങ്ങൾക്ക ആശ്രയമായിരിക്കുന്നു- ധൎമ്മാധൎമ്മങ്ങൾക്ക ആശ്രയം ശരീരമായിരുന്നാൽ അന്യദേഹത്താൽ ചെയ്യപ്പെട്ടകൎമ്മ ഫലങ്ങളെ അന്യദേഹം അനുഭവിക്കുന്നു- എന്ന പറകവെണ്ടിവരും അതു യുക്തമല്ലെന്നു അറിഞ്ഞു കൊൾക- യോഗ്യമായ വിശേഷഗുണത്തിന്റെ സംബന്ധം നിമിത്തമായിട്ട ആത്മാവു മാനസ പ്രത്യക്ഷത്തിന്നു വിഷയമായിരിക്കും- യോഗ്യമായ വിശേഷ ഗുണത്തിന്റെ സംബന്ധത്തോടു കൂടാതെ

മേൽ പ്രകാരം ഭവിക്കില്ല- ഞാൻ അറിയുന്നു- ഞാൻ യത്നത്തെ ചെയ്യുന്നു- എന്നിപ്രകാരം ജ്ഞാന പ്രയത്നാദി സഹിതനായിട്ടല്ലാതെ ആത്മാവു മാനസ പ്രത്യക്ഷം പ്രതിവിഷയമായി ഭവിക്കുന്നില്ലെന്ന മേൽ പറഞ്ഞതിന്റെ ആശയമാകുന്നു- ആത്മാവിനെ പരശരീരത്തിങ്കൽ പ്രവൃത്തികൊണ്ടു അനുമിക്കാം- (പ്രവൃത്തി=ചെഷ്ടാ) തേരിന്റെ ഗമനം കൊണ്ടു തേർ നടത്തുന്നവനെ യാതൊരു പ്രകാരം അനുമിക്കുന്നുവൊ അപ്രകാരമെന്നറിക- ആത്മാവു അഹമെന്നുള്ള ബുദ്ധിക്കു വിഷയമാകുന്നു- മനസ്സാകുന്ന ഇന്ദ്രിയം കൊണ്ടു തന്നെ ഗ്രഹിക്കുന്നതല്ലാതെ മറ്റുള്ള ഇന്ദ്രിയങ്ങൾ കൊണ്ടു ഒരുവിധേന ഗ്രഹിച്ചുകൂടാ അരൂപിയായിട്ട ആത്മാവു മനസ്സാക്ഷാൽക്കാരത്തിന്നു വിഷയമാകുന്നു എന്നു അറിഞ്ഞു കൊൾക-

൪൯. വിഭുർബ്ബുദ്ധ്യാദിഗുണവാൻബുദ്ധിസ്തുദ്വിവിധാമതാനുഭൂതിസ്സ്മൃതിശ്ചസ്യാദനുഭൂതിശ്ചതുർവ്വിധാ ।

൫൦. പ്രത്യക്ഷമപ്യനുമിതിസ്തഥോപമിതിശബ്ദജേ । ഘ്രാണജാദിപ്രഭേദേന പ്രത്യക്ഷം ഷഡ്വിധം മതം ।

അന്വയം—— ആത്മാ വിഭുഃ- ബുദ്ധ്യാദിഗുണവാൻ- തു ബുദ്ധിഃ- ഇ- അനുഭൂതിഃ സ്മൃതിഃ- ച- ഇതി ദ്വിവിധാ- മതാ- അനുഭൂതിഃ- പ്രത്യക്ഷം- അനുമിതിഃ- അപി- തഥാ ഉപമിതിശബ്ദജേ- ച- ഇതി- ചതുർവ്വിധാ- സ്യാൽ- പ്രത്യക്ഷം- ഘ്രാണജാദിപ്രഭേദേന- ഷഡ്വിധം മതം-

അന്വയാർത്ഥം—— ആത്മാവ് വിഭുവായിട്ടും ബുദ്ധ്യാദി ഗുണവാനായിട്ടും ഭവിക്കുന്നു- ബുദ്ധിയാകട്ടെ അനുഭൂതിയും സ്മൃതിയും ഇങ്ങിനെ ദ്വിവിധയായിട്ടു മതയാകുന്നു- അനുഭൂതി പ്രത്യക്ഷവും അനുമിതിയും അപ്രകാരം ഉപമിതി ശബ്ദജങ്ങളും ഇങ്ങിനെ ചതുർവ്വിധയായി ഭവിക്കും- പ്രത്യക്ഷം ഘ്രാണജാദി പ്രഭേദം ഹേതുവായിട്ട ഷഡ്വിധമായിട്ടു മതമാകുന്നു-

പരിഭാഷ—— ഇവൻ=ആത്മാവ് വിഭു=സർവ്വവ്യാപിച്ചിരിക്കുന്നവൻ- ബുദ്ധ്യാദിഗുണവാൻ= ബുദ്ധ്യാദിഗുണങ്ങൾ ഉള്ളവൻ ബുദ്ധ്യാദി ഗുണങ്ങൾ= ബുദ്ധ്യാദികളാകുന്ന ഗുണങ്ങൾ- ബുദ്ധ്യാദികൾ ബുദ്ധിമുതലായുള്ളവ- ബുദ്ധിജ്ഞാനം അനുഭൂതിഃ=അനുഭവം സ്മൃതിഃ=സ്മരണം- ദ്വിവിധാ=രണ്ടുവിധങ്ങളോടുകൂടിയത വിധങ്ങൾ=പ്രകാരങ്ങൾ- മതാ=അറിയപ്പെടുന്നത- അനുമിതിഃ=അനുമാനം- പ്രത്യക്ഷം=ഇന്ദ്രിയങ്ങൾക്കു അവരവരുടെ വിഷയത്തോടുള്ള സംബന്ധം ഹേതുവായിട്ടുണ്ടാകുന്ന ജ്ഞാനം- അനുമിതി

ഹെതുവശാൽ ഉള്ള അറിവ. ഉപമിതിശബ്ദങ്ങൾ=ഉപമിതിയും ശബ്ദവും. ഉപമിതി=സാദൃശ്യജ്ഞാനംകൊണ്ടുണ്ടാകുന്ന അറിവ. ശബ്ദം=ശബ്ദത്തിൽ നിന്നുണ്ടാകുന്നതായ അറിവ. ചതുൎവ്വിധാ=നാലുവിധങ്ങളൊടുകൂടിയത. വിധങ്ങൾ=പ്രകാരങ്ങൾ. ഘ്രാണജാദിപ്രഭെദാൽ=ഘ്രാണജാദികളുടെ പ്രഭെദം. ഘ്രാണജാദികൾ=ഘ്രാണജാദികളെന്നുള്ളവ. ഘ്രാണജം=ഘ്രാണത്തിങ്കൽനിന്ന ജനിക്കുന്നത. ഘ്രാണം=ഘ്രാണെന്ദ്രിയം. പ്രഭെദം=വ്യത്യാസം. ഷഡ്വിധാ=ആറുവിധങ്ങളൊടുകൂടിയത. വിധങ്ങൾ=പ്രകാരങ്ങൾ. മതം=അറിയപ്പെട്ടത.

സാരം—ആത്മാവ അണുവാകുന്നു എന്ന പറഞ്ഞാൽ ആത്മാവിങ്കൽ ഉണ്ടാകുന്ന ജ്ഞാനസുഖാദികൾ പ്രത്യക്ഷവിഷയങ്ങളല്ലെന്ന വരും പ്രത്യക്ഷത്തിന്ന മഹത്വം കാരണമാകുന്നു എല്ലൊ. മധ്യപരിമാണത്തെ അംഗീകരിച്ചാൽ ജ്ഞാനസുഖാദി പ്രത്യക്ഷത്തിന്ന വിരോധമില്ല. മധ്യപരിമാണമായിരുന്നാൽ ഒന്നിനെ അപെക്ഷിച്ച മറ്റൊന്ന സംഭവിക്കാമെല്ലൊ. എങ്കിലും ആത്മാവിന്ന നാശമുണ്ടെന്ന വരും. അതുഹെതുവായിട്ട ആത്മാവ ആകാശാദികളെന്ന പൊലെ പരമമഹത്പരിമാണത്തൊട കൂടിയതാകുന്നു. ബുദ്ധി മുതലായ ഗുണങ്ങളൊടു കൂടിയവനാകുന്നു. സുഖദുഃഖങ്ങളുടെ വൈചിത്ര്യമായാൽ ശരീരം പ്രതി ജീവാത്മാവ വെറെ വെറെ ആകുന്നു. അവന്ന വൈചിത്ര്യമില്ല. പരമാത്മാവായ ഈശ്വരൻ ഏകനായിട്ടുള്ളവൻ തന്നെ. ജീവാത്മപരമാത്മാക്കളുടെ ഗുണങ്ങൾ ഇന്നിന്നവകളെന്നും ഇത്ര എന്നും മുമ്പ പറഞ്ഞിട്ടുണ്ട. അതിനെ ഓൎമ്മവെച്ച ഗ്രഹിച്ചുകൊൾക. ജ്ഞാനമെന്ന ഗുണം ജീവാത്മപരമാത്മാക്കൾക്കു സാധാരണമായിട്ടുള്ളതാകുന്നു. ഇനിയും ചിലതു സാധാരണങ്ങളായിട്ടും ചിലത അസാധാരണങ്ങളായിട്ടുമുണ്ടായിരിക്കും. ഇതൊക്കെയും സാധൎമ്മ്യ വൈധൎമ്മ്യ പ്രകരണത്തിങ്കൽ തന്നെ ഗ്രഹിക്കപ്പെട്ടതാകുന്നു. ഇവിടെ ബുദ്ധ്യാദിഗുണങ്ങൾ എന്ന പറഞ്ഞതു ശിഷ്യബോധസൗകൎയ്യം ഹെതുവായിട്ടാകുന്നു എന്ന ധരിച്ചുകൊൾക. ബുദ്ധിയുടെ പ്രസംഗം ഇവിടെ വരികയാൽ ചില ബുദ്ധിവിശെഷങ്ങളെ ഇവിടത്തന്നെ വിശദപ്പെടുത്തുവാനായി ആരംഭിക്കുന്നു.

ബുദ്ധി എന്ന ഗുണം രണ്ടു പ്രകാരമാകുന്നു. അനുഭവവും സ്മൃതിയും ഇങ്ങിനെ രണ്ടു പ്രകാരമെന്നറിക. അനുഭവമെന്നത സ്മൃതിഭിന്നമായിരിക്കുന്ന ജ്ഞാനമാകുന്നു. സ്മൃതിഎന്നത സം

സ്മാരമാത്രത്തിങ്കൽ നിന്ന ഉണ്ടാകുന്ന ജ്ഞാനമാകുന്നു. അനുഭവമെന്ന ജ്ഞാനം പ്രത്യക്ഷവും അനുമിതിയും ഉപമിതിയും ശാബ്ദവും ഇങ്ങിനെ നാലുപ്രകാരമാകുന്നു. ഇന്ദ്രിയജന്യമായ ജ്ഞാനത്തെ പ്രത്യക്ഷമെന്നു പറയുന്നു. എല്ലാജ്ഞാനവും മനോരൂപമായ ഇന്ദ്രിയത്താൽ ഉണ്ടാക്കപ്പെടുന്നതാകുന്നു. എങ്കിലും യാതൊരു ജ്ഞാനത്തെ കുറിച്ചു ഇന്ദ്രിയത്വേന കാരണത്വം ഭവിക്കുന്നുവൊ അതിനെ പ്രത്യക്ഷമെന്നു പറയുന്നു എന്നു മെൽ പറഞ്ഞതിന്റെ ആശയമാകുന്നു എന്നു ധരിച്ചുകൊൾക. പരമാത്മാവായ ഈശ്വരന്നു ഇന്ദ്രിയമില്ലായ്കയാൽ ഈശ്വര പ്രത്യക്ഷം ഇന്ദ്രിയ ജന്യമല്ല. എങ്കിലും മെൽ പറഞ്ഞത ജന്യപ്രത്യക്ഷത്തെത്തന്നെ ലക്ഷ്യമാക്കി സ്വീകരിച്ചിട്ടാകയാൽ ദൊഷമില്ലന്നറിക. ഈശ്വര പ്രത്യക്ഷത്തെയും ലക്ഷ്യമാക്കെണമെങ്കിൽ ജ്ഞാനാകരണകമായിരിക്കുന്ന ജ്ഞാനം തന്നെ പ്രത്യക്ഷമെന്നു പറകപ്പെട്ടത എന്നു ധരിച്ചുകൊൾക. അനുമിതിയെ കുറിച്ചു വ്യാപ്തിജ്ഞാനം കരണമാകുന്നു. ഉപമിതിയെക്കുറിച്ചു സാദൃശ്യ ജ്ഞാനം കരണമാകുന്നു. ശാബ്ദ ബോധത്തെ കുറിച്ചു പദജ്ഞാനം കരണമാകുന്നു. സ്മരണത്തെക്കുറിച്ചു അനുഭവരൂപമായ ജ്ഞാനം കരണമാകുന്നു. [illegible]വുമായിട്ട ജ്ഞാനമാകുന്ന കരണത്തോടു കൂടാത്തതായ ജ്ഞാനം പ്രത്യക്ഷമാത്രമാകുന്നു. ഈശ്വരപ്രത്യക്ഷജ്ഞാനമാകുന്ന കരണത്തോടു കൂടാത്തതുതന്നെ. അതുകൊണ്ടു ഇപ്പറഞ്ഞത ഈശ്വരപ്രത്യക്ഷത്തിങ്കലും സാധാരണമായ ലക്ഷണത്തെ അംഗീകരിച്ചിട്ടാകുന്നു എന്നു നിശ്ചയിച്ചുകൊൾക. അനുമിതി എന്നതു പരാമർശജന്യമായിരിക്കുന്ന ജ്ഞാനമാകുന്നു. പരാമർശജന്യം = പരാമർശത്താൽ ജനിപ്പിക്കപ്പെടുന്നതു. പരാമർശമെന്നതാകുന്നു എന്നുള്ളത അനന്തരമായ പ്രകരണത്തിങ്കൽ വ്യക്തമാക്കപ്പെടും. പരാമർശജന്യമായിരിക്കുന്ന ഹെതുവിഷയകമല്ലാത്തതായിരിക്കുന്ന ജ്ഞാനം അനുമിതിയാകുന്നു എന്നു മെൽപറഞ്ഞതിന്റെ ആശയമാകുന്നു. [illegible] ഹെതുവായിട്ടുള്ള പരാമർശപ്രത്യക്ഷം പരാമർശജന്യമായിരുന്നാലും [illegible] പ്രാപ്തിയില്ല അതു ഹെതു വിഷയകമാകയാൽ [illegible] ഹെതുവിഷയമല്ലാത്തതാകയില്ലല്ലൊ. എന്നാലും [illegible] ഹെതുവിഷയകമായി ഉണ്ടായതായ അനുമിതിയിങ്കൽ അവ്യാപ്തി ഭവിക്കും. അതിനെ പരിഹരിപ്പാനായിക്കൊണ്ടു പരാമർശജന്യമായിട്ടും ഹെതുവിഷയകമല്ലാതെയായിട്ടും ഇരിക്കുന്ന ജ്ഞാനം യാതൊന്നൊ അതിങ്കൽ ഇരിക്കുന്നതായിട്ടും അനുമിതിത്വവ്യാപ്യയായിട്ടും ഇ

ഉരിക്കുന്ന ജാതിയോടു കൂടിയതു തന്നെ അനുമിതിയാകുന്നു എന്നു ഗ്രഹിച്ചുകൊൾക.

മേൽപ്രകാരമുള്ള അനുവ്യവസായവ്യാപ്യജാതി അനുമിതിത്വംതന്നെ. അതു സകലാനുമിതികളിലും ഇരിക്കുന്നു. അനുമിതിയല്ലാത്തതുകളിൽ ഇരിക്കാത്തതുമാകുന്നു. അതുഹേതുവായിട്ടു അങ്ങിനെ ഗ്രഹിച്ചാൽ ദോഷത്തിന്നവകാശമില്ലെന്നറിക. വ്യാപ്തിജ്ഞാനമാകുന്നകരണത്തോടു കൂടിയതായജ്ഞാനം അനുമിതി എന്നുമാം. വ്യാപ്തി എന്നത ഇന്നതാകുന്നു എന്നു ഇനി മേലെടുത്തുപറയും. കരണപദാർത്ഥം മേൽപറഞ്ഞവാക്യത്തിങ്കലും ഇവിടെയും വ്യാപാരത്തോടു കൂടിയതായ കാരണം യാതൊന്നോ അതുതന്നെ. ഉപമിതി എന്നതു സാദൃശ്യജ്ഞാനമാകുന്നകരണത്തോടു കൂടിയതായ ജ്ഞാനമാകുന്നു. ശാബ്ദമെന്നതിന്നു ശാബ്ദമെന്നസാരം പദജ്ഞാനമാകുന്നകരണത്തോടു കൂടിയതായജ്ഞാനത്തെ ശാബ്ദബോധമെന്നുപറയുന്നു. ഇപ്രകാരം പ്രത്യക്ഷാദികളായ നാലിന്റെയും ലക്ഷണത്തെ ഗ്രഹിച്ചുകൊൾക. ഇനി ജന്യപ്രത്യക്ഷത്തെ വിഭജിപ്പാൻ ആരംഭിക്കുന്നു.

പ്രത്യക്ഷപ്രകരണം

ജന്യപ്രത്യക്ഷം ഘ്രാണജമായിട്ടും രാസനമായിട്ടും ചാക്ഷുഷമായിട്ടും ത്വാചമായിട്ടും ശ്രൌത്രമായിട്ടും മാനസമായിട്ടും ഭേദിക്കുന്നതാകയാൽ ആറുപ്രകാരമാകുന്നു. ഈശ്വരപ്രത്യക്ഷത്തെ ലക്ഷ്യമാക്കീട്ടില്ല. സൂത്രകാരന്മുതലായവരും ഈശ്വരപ്രത്യക്ഷത്തെ ലക്ഷ്യമാക്കാതെ പ്രവർത്തിച്ചവരാകുന്നു. അതുഹേതുവായിട്ടു ഈശ്വരപ്രത്യക്ഷവിഭാഗത്തെക്കുറിച്ചു ഒന്നുംപറയാത്തതു കുറവുതന്നെ എന്നു ശങ്കിപ്പാൻപോകയുമരുതു.

മൂ- ഘ്രാണസ്യഗോചരോഗന്ധോഗന്ധത്വാദിരപിസ്മൃതഃ। തഥാരസോരസജ്ഞായാസ്തഥാശബ്ദോപിചശ്രുതേഃ॥

അന്വയം ___ ഘ്രാണസ്യ - ഗോചരഃ ഗന്ധഃ - ഗന്ധത്വാദിഃ - അപി - സ്മൃതഃ - ഭവതി - തഥാ - രസഃ - രസജ്ഞായാഃ - തഥാ - ശബ്ദഃ - ശ്രുതേഃ - അപി - ച ഗോചരഃ സ്മൃതഃ.

അന്വയാർത്ഥം ___ ഘ്രാണത്തിന്റെ ഗോചരമായിട്ടു ഗന്ധത്വാദിയും സ്മൃതമായിഭവിക്കുന്നു. അപ്രകാരം രസം രസജ്ഞയുടെയും അപ്രകാരം ശബ്ദം ശ്രുതിയുടെയും ഗോചരമായിട്ടു സ്മൃതമായിഭവിക്കുന്നു.

പരിഭാഷ ___ ഘ്രാണം = ഘ്രാണേന്ദ്രിയം. ഗോചരം = വിഷയം. ഗന്ധം = ഗന്ധമെന്നഗുണം. ഗന്ധത്വാദി = ഗന്ധത്വംമുതലാ

ത്വം- ഗന്ധത്വം= ഗന്ധത്വമെന്നജാതി- രസം= രസമെന്നഗുണം- രസജ്ഞാ=രസനേന്ദ്രിയം- ശബ്ദം=ശബ്ദമെന്നഗുണം- ശ്രുതി-ശ്രോത്രേന്ദ്രിയം- ഗോചരം=വിഷയം- സ്മൃതം=സ്മരിക്കപ്പെട്ടത സ്മരിക്ക=സ്മരണപൂൎവ്വകമായിട്ടറക-

സാരം—— ഗന്ധവും ഗന്ധത്വം മുതലായതു ഘ്രാണേന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്നതുകളാകുന്നു. ഗന്ധത്വം മുതലായതു എന്നപറഞ്ഞതുകൊണ്ടു സുരഭിത്വം മുതലായതിനെ ഗ്രഹിച്ചുകൊൾക. രസം=രസനേന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്നതാകുന്നു- അപ്രകാരം രസമെന്നപറകയാൽ രസത്വം മുതലായതും രസനേന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്നതുതന്നെ എന്നു ധരിച്ചുകൊൾക- ശബ്ദം ശ്രോത്രേന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്നതാകുന്നു- അപ്രകാരം ശബ്ദമെന്നുപറകയാൽ ശബ്ദത്വം മുതലായതും ശ്രോത്രേന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്നതാകുന്നു- എന്നു ധരിച്ചുകൊൾക. ഗന്ധരസങ്ങൾ=ഉൽഭൂതങ്ങളായിരിക്കണമെന്നുള്ള അഭിപ്രായമുണ്ട- അതുഹേതുവായിട്ടു അനുൽഭൂതമായിരിക്കുന്ന ഗന്ധം ഘ്രാണേന്ദ്രിയംകൊണ്ടും അനുൽഭൂതമായിരിക്കുന്ന രസം രസനേന്ദ്രിയംകൊണ്ടും ഗ്രഹിക്കപ്പെടുന്നതല്ല എന്നും യാതൊരിന്ദ്രിയംകൊണ്ടു യാതൊന്നു ഗ്രഹിക്കപ്പെടുന്നുവൊ അതിനെ ആശ്രയിച്ചിരിക്കുന്ന ജാതിയെ ആ ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കാമെന്നു നിയമമുണ്ടാകയാൽ ഗന്ധത്തെ ആശ്രയിച്ചിരിക്കുന്ന ഗന്ധത്വമെന്നജാതിയും സുരഭിത്വാദിജാതികളും ഘ്രാണേന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്നതുകളാകുന്നു എന്നും ഗന്ധാശ്രയദ്രവ്യങ്ങളിൽ ഘ്രാണേന്ദ്രിയത്തിന്നു സാമൎത്ഥ്യമില്ലെന്നും ഗ്രഹിച്ചുകൊൾക- മേൽപറഞ്ഞന്യായം മറ്റുള്ളതുകളിലും തുല്യമാകുന്നു-

൫൦- ഉൽഭൂതരൂപംനയനസ്യഗോചരോദ്രവ്യാണി തദ്വന്തി പൃഥക്ത്വസംഖ്യേ। വിഭാഗസംയോഗപരാപരത്വസ്നേഹദ്രവത്വംപരിമാണയുക്തം॥

൫൧- ക്രിയാജാതിയോഗ്യവൃത്തിസ്സമവായശ്ചതാദൃശഃ। ഗൃഹ്ണാതി ചക്ഷുസ്സംയോഗാദാലോകോൽഭൂതരൂപയോഃ॥

അന്വയം—— ഉൽഭൂതരൂപം- നയനസ്യ- ഗോചരഃ- ഭവതി- തദ്വന്തി- ദ്രവ്യാണി- പൃഥക്ത്വസംഖ്യേ- പരിമാണയുക്തം വിഭാഗസംയോഗപരാപരത്വസ്നേഹദ്രവത്വം- ക്രിയാ- യോഗ്യവൃത്തിഃ- ജാതിഃ- താദൃശഃ- സമവായഃ- ച- ചക്ഷുഃ ആലോകോൽഭൂതരൂപയോഃ- സതോഃ- സംയോഗാൽ- ഗൃഹ്ണാതി-

അന്വയഃ— ഉൽഭൂതരൂപം നയനത്തിന്നു ഗോചരമായി ഭവിക്കുന്നു. തദ്വത്തുക്കളായിരിക്കുന്ന ദ്രവ്യങ്ങളും പൃഥക്ത്വസംഖ്യകളും പരിമാണയുക്തമായിരിക്കുന്ന വിഭാഗസംയോഗപരാപരത്വസ്നേഹദ്രവത്വവും ക്രിയയും യോഗ്യവൃത്തിയായിരിക്കുന്നജാതിയും താദൃശമായിരിക്കുന്ന സമവായവും നയനത്തിന്നു ഗോചരമായി ഭവിക്കുന്നു. ചക്ഷുസ്സു ആലോകോൽഭൂതരൂപങ്ങൾ സത്തുകളായിരിക്കും വിഷയത്തിങ്കൽ ഉള്ള സംയോഗംഹേതുവാട്ടുഗ്രഹിക്കുന്നു.

പരിഭാഷാ— ഉൽഭൂതരൂപം=ഉൽഭൂതമായിരിക്കുന്നരൂപം= ഉൽഭൂതം=വ്യക്തം= രൂപം=രൂപമെന്നഗുണം= നയനം=ചക്ഷുരിന്ദ്രിയം= ഗോചരം=വിഷയം തദ്വത്തുകൾ=അതുള്ളവ= അത=ഉൽഭൂതരൂപം= പൃഥക്ത്വസംഖ്യകൾ= പൃഥക്ത്വവും സംഖ്യയും= പൃഥക്ത്വം= പൃഥക്ത്വമെന്നഗുണം— സംഖ്യ=സംഖ്യ എന്നഗുണം— പരിമാണയുക്തം= പരിമാണത്തോടു കൂടിയത—പരിമാണം=പരിമാണമെന്ന ഗുണം— വിഭാഗസംയോഗപരാപരത്വസ്നേഹദ്രവത്വം =വിഭാഗവും സംയോഗവും പരത്വവും അപരത്വവും സ്നേഹവും ദ്രവത്വവും— വിഭാഗം=വിഭാഗമെന്നഗുണം— (സംയോഗം ഇത്യാദികളുടെ പരിഭാഷകളെയും ഇപ്രകാരം ഊഹിച്ചുകൊൾക) ക്രിയാ=കൎമ്മം യോഗ്യവൃത്തി=യോഗ്യങ്ങളിൽവൃത്തിയോടുകൂടിയത= യോഗ്യങ്ങൾ=ഗ്രാഹ്യങ്ങൾ വൃത്തി=സ്ഥിതി= താദൃശം= അപ്രകാരമിരിക്കുന്നത= ചക്ഷുസ്സ=ചക്ഷുരിന്ദ്രിയം= ആലോകോൽഭൂതരൂപങ്ങൾ= ആലോകവും ഉൽഭൂതരൂപവും= ആലോകം=വെളിച്ചം-(സൂൎയ്യപ്രഭതലായത. (സത്തുകൾ=ഭവിച്ചിരിക്കുന്നവ- ഗ്രഹിക്ക=അറിയുക. അറിവിനെ ഉണ്ടാക്കുക എന്നതാൽപൎയ്യം)

സാരം — ഉൽഭൂതമായിരിക്കുന്ന രൂപം ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്നതാകുന്നു. ഗ്രീഷ്മോഷ്മാദികളിലെരൂപം ഉൽഭൂതമല്ലായ്കയാൽ അതു ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്നില്ല. ഉൽഭൂതമായരൂപത്തോടു കൂടിയതുകളായദ്രവ്യങ്ങളും പൃഥക്ത്വം, സംഖ്യാ, വിഭാഗം, സംയോഗം, പരത്വം, അപരത്വം, സ്നേഹം, ദ്രവത്വം, പരിമാണം ഇങ്ങിനെയുള്ള ഗുണങ്ങളും ക്രിയയും ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടുവാൻ യോഗ്യമായിട്ടുള്ളതിങ്കൽഇരിക്കുന്നജാതിയും അപ്രകാരമിരിക്കുന്ന സമവായവും ചക്ഷുസ്സുകൊണ്ടുഗ്രഹിക്കപ്പെടുന്നതുകളാകുന്നു. യോഗ്യവൃത്തിയായിരിക്കുന്നജാതി എന്ന ജാതിയെവെരതിരിച്ചു വിശേഷണസഹിത

മായിപ്പറകയാൽ ജാതിമാത്രം യോഗ്യവൃത്തിയായിരിക്കേണമെന്നുള്ളതുകൾ അയോഗ്യവൃത്തികളായിരുന്നാലും നയനഗോചരങ്ങളായിരിക്കുമെന്ന ഭേദം. പൃഥക്ത്വം മുതലായതും ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടേണമെങ്കിൽ യോഗ്യവൃത്തികളായിരിക്കേണമെന്നു ധരിച്ചുകൊൾക. ചക്ഷുസ്സിന്നയോഗ്യമായി ഭവിക്കുന്നതെങ്ങിനെ എന്നുപറയാം. യാതൊരുവസ്തുവിങ്കൽ സമവായസംബന്ധേന ആലോകസംയോഗസഹിതമായ ഉൽഭൂതരൂപം ഭവിക്കുന്നുവൊ അതുചക്ഷുർയ്യോഗ്യമായിട്ടുള്ളതാകുന്നു. അപ്രകാരമിരിക്കുന്ന വസ്തുവിനൊടു ചക്ഷുരിന്ദ്രിയത്തിന്റെ പ്രത്യസംയോഗിക്കുമ്പോൾ അതിന്റെ ചാക്ഷുഷപ്രത്യക്ഷമുണ്ടാകുന്നു ഇങ്ങിനെയാകയാൽ ആലൊകസംയോഗസഹിതമായ ഉൽഭൂതരൂപം ചാക്ഷുഷപ്രത്യക്ഷത്തെക്കുറിച്ചു കാരണമാകുന്നുവെന്നു ഗ്രഹിച്ചുകൊൾക.

ഉൽഭൂതസ്പർശവദ്ദ്രവ്യം ഗോചരസ്സോപി ച ത്വചഃ । രൂപാന്യച്ചക്ഷുഷോ യോഗ്യം രൂപമത്രാപി കാരണം ॥

അന്വയം — ഉൽഭൂതസ്പർശവൽ. ദ്രവ്യം. സഃ. അപി. ച. ത്വചഃ. ഗോചരഃ. രൂപാന്യൽ. ചക്ഷുഷഃ. യോഗ്യം. ച. രൂപം. അത്ര അപി. ദ്രവ്യാധ്യക്ഷേ. കാരണം. ഭവതി.

അന്വയാർത്ഥം — ഉൽഭൂതസ്പർശത്തോടിരിക്കുന്ന ദ്രവ്യവും അതും ത്വക്കിന്നു ഗോചരമായിരിക്കുന്നു. രൂപാന്യമായിരിക്കുന്ന ചക്ഷുസ്സിന്നയോഗ്യമായിട്ടുള്ളതും ത്വക്കിന്നു ഗോചരമായിരിക്കുന്നു. രൂപം ഇവിടെയും ദ്രവ്യാധ്യക്ഷത്തിങ്കൽ കാരണമാകുന്നു.

പരിഭാഷ — ഉൽഭൂതസ്പർശവൽ = ഉൽഭൂതസ്പർശമുള്ളത്. ഉൽഭൂതസ്പർശം = ഉൽഭൂതമായിരിക്കുന്ന സ്പർശം. ഉൽഭൂതം = സ്പഷ്ടം. സ്പർശം = സ്പർശമെന്നുള്ളൂണം. അതഃ = ഉൽഭൂതസ്പർശം. (അപി. ച. എന്നൊരു ച ശബ്ദത്തെ കൂടി പ്രയോഗിച്ചിരിക്കയാൽ സ്പർശവും മുതലായതുമെന്നു ഗ്രഹിച്ചുകൊൾക.) ത്വക് = ത്വഗിന്ദ്രിയം. ഗോചരഃ = വിഷയം. രൂപാന്യൽ = രൂപത്തിങ്കൽനിന്നന്യം. രൂപം = രൂപമെന്നുള്ളൂണം. (ഇവിടെ രൂപത്വത്തോടുകൂടെ രൂപംകൊണ്ടു ഗ്രഹിക്കേണം) അന്യം = അപരം. (വേറെയുള്ളത്. ചക്ഷുസ്സ് = ചക്ഷുരിന്ദ്രിയം. യോഗ്യം = ഗ്രാഹ്യം. രൂപം = രൂപമെന്നുള്ളൂണം. (ഇവിടെയും എന്നതിന്ന ത്വാചപ്രത്യക്ഷത്തിങ്കലുമെന്ന അർത്ഥമാകുന്നു. ത്വാചപ്രത്യക്ഷം = ത്വഗിന്ദ്രിയത്താൽ ഉണ്ടാകപ്പെടുന്നതായ പ്രത്യക്ഷം) ദ്രവ്യാധ്യക്ഷം = ദ്രവ്യപ്രത്യക്ഷം. കാരണം = ഹേതു.

സാരം — ഉൽഭൂതസ്പർശത്തോടു കൂടിയ ദ്രവ്യങ്ങളും ഉൽഭൂതസ്പർശ

വുംസ്പൎശത്വം മുതലായതും രൂപവും രൂപത്വവുമല്ലാതെ ചക്ഷു
സ്സിന്റെ വിഷയങ്ങളായിട്ടു പറകപ്പെട്ട പൃഥക്ത്വസംഖ്യാദിക
ളും ക്രിയയും യോഗ്യവൃത്തിയായ ജാതിയും അപ്രകാരമിരിക്കു
ന്ന സമവായവും ത്വഗിന്ദ്രിയത്തിന്റെ വിഷയങ്ങളായി ഭവിക്കുന്നു-
യാതൊരു പ്രകാരം ചാക്ഷുഷ പ്രത്യക്ഷത്തിങ്കൽ രൂപം കാരണ
മായി ഭവിക്കുന്നുവൊ അപ്രകാരം ത്വാചപ്രത്യക്ഷത്തിങ്ക
ലും കാരണമായി ഭവിക്കുന്നു- ത്വാചപ്രത്യക്ഷം ദ്രവ്യവിഷ
യകമായിരിക്കയും വെണം- ദ്രവ്യാധ്യക്ഷേ എന്നു കൂടെ ഉണ്ട
ല്ലൊ ബഹിരിന്ദ്രിയത്താൽ ഉണ്ടാകപ്പെടുന്ന ദ്രവ്യപ്രത്യക്ഷത്തെ
ക്കുറിച്ച് രൂപം കാരണമാകുന്നു എന്നതു ഫലിതാൎത്ഥമായി വായു
വിങ്കൽ രൂപമില്ലായ്കയാൽ വായു ത്വഗിന്ദ്രിയത്തിന്റെ വിഷയമല്ല.

നവീനന്മാരായിട്ടുള്ളവർ ബഹിരിന്ദ്രിയ ജന്യമായ ദ്രവ്യ പ്രത്യ
ക്ഷത്തെക്കുറിച്ച് രൂപം കാരണമാകുന്നു എന്നുള്ളതിന്നു പ്രമാണ
മില്ല- അതുഹെതുവായിട്ടു ചാക്ഷുഷപ്രത്യക്ഷത്തെ കുറിച്ച് രൂപ
വും ത്വാചപ്രത്യക്ഷത്തെക്കുറിച്ച് സ്പൎശവും കാരണമാകുന്നു എന്നു
കല്പിക്കെണം- ബഹിരിന്ദ്രിയജന്യമായ ദ്രവ്യപ്രത്യക്ഷത്തെക്കുറി
ച്ച് കാരണം എന്താകുന്നു എന്നു ചൊദിക്കുന്നു എങ്കിൽ ഒന്നുമി
ല്ലെന്നു തന്നെ പറയാം- ആത്മാവിങ്കൽ വൎത്തിക്കാതെയും ശ
ബ്ദമല്ലാത്തതായിട്ടും ഇരിക്കുന്ന വിശെഷഗുണം കാരണമാക
ട്ടെ- രൂപംകാരണമെന്നു പറഞ്ഞാൽ ലാഘവമുണ്ടല്ലൊ- എ
ന്നു ശങ്കിക്കരുത- വായുവിനെ ത്വഗിന്ദ്രിയം കൊണ്ടു ഗ്രഹി
ച്ചു കൂടാ എന്നതു വരുമെല്ലൊ- അപ്രകാരം വരുന്നതു ഇഷ്ടമാ
കുന്നു എന്നു പറയുന്നു എങ്കിൽ ഒന്നു ചൊദിക്കാം- ലാഘവം
ഹെതുവായിട്ടു സ്പൎശം തന്നെ കാരണമെന്നു കല്പിക്കരുത എന്നു
ണ്ടൊ ഉണ്ടു എങ്കിൽ അതിന്നുകാരണമെന്താകുന്നു- അപ്രകാ
രംകല്പിച്ചാൽ പ്രഭാ എന്ന വസ്തു അപ്രത്യക്ഷമാകുന്നു- എന്നുവ
രും- ഇതു തന്നെ അതിന്നു കാരണമെന്നു പറയുന്നു എങ്കി
ൽ അതു വന്നൊട്ടെ ഇഷ്ടം തന്നെ എന്നു എന്തുകൊണ്ടു പറയു
ന്നില്ല- പ്രഭാംപശ്യാമി എന്നതൊന്നുണ്ടു എങ്കിൽ അപ്രകാ
രം വായുവും സ്പൃശാമി എന്നും പ്രതീതിയുണ്ടു അതുഹെതുവായി
ട്ടു വായുവും പ്രത്യക്ഷം തന്നെ ബഹിരിന്ദ്രിയത്താൽ ഉണ്ടാക
പ്പെടുന്ന ദ്രവ്യപ്രത്യക്ഷങ്ങളിലെല്ലാം കൂടി രൂപത്തിന്നും സ്പൎശ
ത്തിന്നും കാരണത്വത്തെ കല്പിക്കുന്നില്ല- വായുവിന്റെയും പ്ര
ഭയുടെയും എകത്വാദ്യം ഗ്രഹിക്കപ്പെടുന്നതു തന്നെ എന്നും മറ്റും
പറയുന്നു-

ദ്രവ്യ· ദ്രവ്യാദ്ധ്യക്ഷതാലോചനായോഗോമനസാജ്ഞാനകാരണം മനോഗ്രാഹ്യാസ്സുഖാദുഃഖേച്ഛാദ്വേഷമതീകൃതിഃ ॥

അന്വയം—— മനസാ· ത്വചാ= യോഗഃ= ജ്ഞാനകാരണം· സുഖം· ദുഃഖം· ഇച്ഛാ· ദ്വേഷഃ= മതിഃ· കൃതിഃ· ച· മനോഗ്രാഹ്യം·

(ദ്രവ്യാദ്ധ്യക്ഷ· എന്ന പദം പൂൎവ്വാന്വയിയാകുന്നു അതിനെ അനുഭവജ്ഞാനമെന്ന ശ്ലോകത്തിലെ പദങ്ങളോടു ചേൎത്ത അന്വയിച്ചിരിക്കുന്നു·)

അന്വയാൎത്ഥം—— മനസ്സോടുകൂടെ ഉള്ള ത്വക്കിന്റെ യോഗം ജ്ഞാനകാരണമാകുന്നു· സുഖവും ദുഃഖവും ഇച്ഛയും ദ്വേഷവും മതിയും കൃതിയും മനോഗ്രാഹ്യമായി ഭവിക്കുന്നു·

പരിഭാഷാ—— ത്വക്ക=ത്വഗിന്ദ്രിയം· യോഗം=സംയോഗം· ജ്ഞാനകാരണം=ജ്ഞാനത്തിന്റെ കാരണം· മതി=ജ്ഞാനം· കൃതി=യത്നം· മനോഗ്രാഹ്യം=മനസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്നതു· ഗ്രഹിക്ക=അറിക·

സാരം—— എല്ലാജ്ഞാനത്തെക്കുറിച്ചും ത്വങ്മനസ്സംയോഗം കാരണമാകുന്നു ഇതിനു പ്രമാണം എന്താകുന്നു· എന്നാൽ ഏതുകിൽ സുഷുപ്തികാലത്തിങ്കൽ മനസ്സു ത്വക്കിനെ ത്യജിച്ചിട്ടു പുരീതത്തെന്ന ആന്തരമായൊരു അവയവത്തിന്റെ ഉള്ളിൽ പ്രവേശിക്കുന്നു അപ്പോൾ ജ്ഞാനമുണ്ടാകുന്നതുമില്ല· ഇതു തന്നെ എന്നു ഗ്രഹിച്ചുകൊൾക· ഇവിടെ ഒരു ശങ്കക്കു വഴിയുണ്ട്· സുഷുപ്തികാലത്തിങ്കൽ ഏതൊരു ജ്ഞാനമുണ്ടാകുന്നു സംശയമുള്ളതെന്നു വിചാരിക്കണം വിചാരിച്ചു നോക്കുമ്പോൾ ഒന്നിനും സംശയമുള്ള പ്രകാരത്തിനന്നില്ല· അന്നേരത്തുണ്ടായ ജ്ഞാനമുണ്ടാകുന്നുവെങ്കിൽ അതിനെക്കുറിച്ചുള്ള കാരണസമുദായം ഉണ്ടായിരിക്കേണം അതില്ലായ്കയാൽ അന്നേരമുണ്ടായിരിക്കുന്ന ജ്ഞാനത്തിനു സംശയമില്ല· അന്നേരത്തിങ്കൽ വെച്ചു പ്രത്യക്ഷത്തെക്കുറിച്ചു ചക്ഷുരിന്ദ്രിയം മുതലായതിനോടുള്ള മനസ്സംയോഗം ഹേതുവാകുന്നു· അതില്ലായ്ക ഹേതുവായിട്ടുതന്നെ ചാക്ഷുഷാദി പ്രത്യക്ഷജ്ഞാനം ഭവിക്കില്ല· ജ്ഞാനം മുതലായതൊന്നും സുഷുപ്തികാലത്തിങ്കൽ ഭവിക്കായ്കയാൽ മാനസപ്രത്യക്ഷവും ഭവിക്കില്ല· ജ്ഞാനാദികളുടെ അഭാവത്തിങ്കൽ ആത്മാവിന്നും പ്രത്യക്ഷമില്ലല്ലോ· വ്യാപ്തിജ്ഞാനാഭാവം ഹേതുവായിട്ടു അനുമിതിയും സാദൃശ്യജ്ഞാനാഭാവം ഹേതുവായിട്ടു ഉപമിതിയും പദജ്ഞാനാഭാവം ഹേതുവായിട്ടു ശാബ്ദ

ബോധവും ഭവിക്കില്ല ഇതിനെ അനുഭവത്തെക്കുറിച്ചുള്ള കാരണ സമുദായത്തിന്റെ അഭാവം ഹെതുവായിട്ട തന്നെ അനുഭവം അസംഭവമാകുന്നു ഉൽബോധകപദാൎത്ഥമാകുന്ന കാരണമില്ലായ്കകൊണ്ട തന്നെ സ്മരണവും ഭവിക്കില്ല- അതുകൊണ്ട എല്ലാജ്ഞാനത്തെക്കുറിച്ചും ത്വങ്മനസ്സംയോഗം കാരണമാകുന്നു എന്നു പറഞ്ഞതു നിഷ്പ്രമാണമാകുന്നു- ഇതിനെ ശങ്കിക്കുന്നു. സുഷുപ്തിയുടെ പൂൎവ്വകാലത്തിങ്കൽ ഉണ്ടായ ഇച്ഛാദ്യന്തിമക്ഷണത്തിന്റെ സംബന്ധം ഹെതുവായിട്ട ആത്മാവിന്നും പ്രത്യക്ഷത്വം സുഷുപ്തികാലത്തിങ്കൽ ഭവിക്കാം- അതീന്ദ്രിയവസ്തുവാകുന്നു എന്നതിന്നും സുഷുപ്തിയുടെ പൂൎവ്വകാലത്തിങ്കൽ ഉണ്ടാകുന്നതൊക്കെയും നിൎവ്വികല്പകമായിരിക്കുമെന്നതിന്നും പ്രമാണമില്ല- അതു ഹെതുവായിട്ട എല്ലാജ്ഞാനത്തെക്കുറിച്ചും ത്വങ്മനസ്സംയോഗം കാരണമാകുന്നു- എന്നു കല്പിക്കെണം അപ്രകാരം കല്പിച്ചാൽ മെൽ പ്രകാരമുള്ള ഇച്ഛാദ്യന്തിമക്ഷണം അതിന്റെ സംബന്ധത്തൊടു കൂടിയ ആത്മാവിന്നു പ്രത്യക്ഷത്വം ഭവിക്കാത്തതിന്നു ഹെതു ഉണ്ടല്ലൊ- എന്നാലും ജ്ഞാനസാമാന്യത്തെക്കുറിച്ചു മെൽ പ്രകാരം കാരണത്വം സ്വീകരിച്ചാൽ രാസന പ്രത്യക്ഷകാലത്തിങ്കൽ ത്വാചപ്രത്യക്ഷവും ഭവിക്കാമെന്നാകും- വിഷയത്തൊടു ത്വക്കിന്റെ സംയോഗവും ത്വക്കൊടു മനസ്സിന്റെ സംയോഗവും അപ്പോൾ ഉണ്ടാകുമല്ലൊ- എന്നാൽ അനിഷ്ടാപത്തി ഭവിക്കും- ഒന്നിന്റെ കാരണസമുദായം മറെറതിനെ പ്രതിബന്ധിക്കുമെങ്കിൽ അതിന്നു നിയമമില്ലായ്കയാൽ അന്യോന്യപ്രതിബന്ധം ഹെതുവായിട്ട ഒന്നും ഭവിക്കില്ലെന്നു വരുന്നതുമാകുന്നു- അതു ഹെതുവായിട്ട രാസനപ്രത്യക്ഷത്തിന്നു വെണ്ടുന്ന കാരണസമുദായം ത്വാചപ്രത്യക്ഷത്തെ പ്രതിബന്ധിക്കുമെന്നു നവീനമതാവലംബികളായ ചിലർ കല്പിക്കുന്നു- മറെറുള്ളവർ സുഷുപ്തികാലത്തിങ്കൽ ജ്ഞാനം ഭവിക്കാത്തതിനെ അനുസരിച്ചിട്ട ചൎമ്മ മനസ്സംയോഗത്തെ എല്ലാജ്ഞാനത്തെക്കുറിച്ചും ഹെതുവാക്കി അംഗീകരിച്ചിരിക്കുന്നു എന്നും രാസന പ്രത്യക്ഷ കാലത്തിങ്കൽ ത്വഗിന്ദ്രിയത്തൊടു മനസ്സിന്റെ സംയോഗമില്ലായ്കയാൽ ത്വാചപ്രത്യക്ഷം ഭവിക്കുന്നില്ലെന്നും പറയുന്നു- സുഖം, ദുഃഖം, ഇച്ഛാ, ദ്വെഷം, ജ്ഞാനം, പ്രയത്നം- ഇതുകൾ മനസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്നതുകളാകുന്നു- സുഖത്വാദി ജാതികളും മെൽ പ്രകാരമാകുന്നു- ആത്മാവുമതിനെതന്നെ- അതുമനൊമാത്രഗൊചരമെ

ന്നതു കൊണ്ടു പറയപ്പെട്ടതാകുന്നു-

മൂലം. ജ്ഞാനം യന്നിർവ്വികല്പാഖ്യം തദതീന്ദ്രിയമിഷ്യതേ । മഹത്ത്വം ഷഡ്വിധേ ഹേതുരിന്ദ്രിയം കരണം മതം ॥

അന്വയം — യൽ. ജ്ഞാനം- നിർവ്വികല്പാഖ്യം- തൽ- അതീന്ദ്രിയം. ഭവതി — ഷഡ്വിധേ- പ്രത്യക്ഷേ- മഹത്ത്വം- ഹേതുഃ ഇഷ്യതേ — ഇന്ദ്രിയം- കരണം — മതം- ഭവതി-

അന്വയാർത്ഥം — യാതൊരു ജ്ഞാനം നിർവ്വികല്പാഖ്യമായി ഭവിക്കുന്നുവൊ അതു അതീന്ദ്രിയമായി ഭവിക്കുന്നു- ഷഡ്വിധമായിരിക്കുന്ന പ്രത്യക്ഷത്തിങ്കൽ മഹത്ത്വം ഹേതുവായിട്ടു ഇച്ഛിക്കപ്പെടുന്നു- ഇന്ദ്രിയം കരണമായിട്ടു മതമായി ഭവിക്കുന്നു-

പരിഭാഷ — നിർവ്വികല്പാഖ്യം=നിർവ്വികല്പമെന്ന ആഖ്യയോടുകൂടിയതു- ആഖ്യാ=പേര — അതീന്ദ്രിയം=ഇന്ദ്രിയത്തെ അതിക്രമിച്ചതു- (ഇന്ദ്രിയം കൊണ്ടു ഗ്രഹിക്കപ്പെടുവാൻ കഴിയാത്തതു എന്നു സാരം) ഷഡ്വിധം=ആറുവിധകളോടുകൂടിയതു- വിധകൾ=പ്രകാരങ്ങൾ- മഹത്ത്വം=മഹത്തായുള്ളതു — മഹത്തു=വലുതായിരിക്കുന്നതു- ഹേതു=കാരണം — ഇന്ദ്രിയം=കണ്ണു മുതലായതു — കരണം=കാരണവിശേഷം- മതം=അറിക്കപ്പെടുന്നതു-

സാരം — ജ്ഞാനം മഹദ്ഗ്രാഹ്യമാകുന്നു എന്നു പറഞ്ഞതു കൊണ്ടു സകലജ്ഞാനവും മഹത്പ്രത്യക്ഷമാകുന്നു എന്നു ധരിക്കരുതു. ജ്ഞാനം നിർവ്വികല്പമായിട്ടും സവികല്പമായിട്ടും ഉണ്ടു — അതുകളിൽ വെച്ചു നിർവ്വികല്പജ്ഞാനം ഒരു ഇന്ദ്രിയംകൊണ്ടും ഗ്രഹിക്കപ്പെടാത്തതാകുന്നു — യാതൊരു ജ്ഞാനത്തിങ്കൽ ഒരു വസ്തുവും വിശേഷണമായി ഭവിക്കുന്നില്ലയൊ അതത്രെ നിർവ്വികല്പമാകുന്നതു- ചക്ഷുസ്സിനു ഘടത്തോടുള്ള സംയോഗത്തിങ്കൽ നിന്നു അനന്തരകാലത്തിങ്കൽ മുമ്പെ തന്നെ ഘടമെന്നിങ്ങനെ ഘടത്വപ്രകാരകമായിരിക്കുന്ന ജ്ഞാനം സംഭവിക്കില്ല- വിശേഷണമായ ഘടത്വത്തെ ഗ്രഹിച്ചിട്ടില്ലല്ലൊ — വിശിഷ്ടജ്ഞാനത്തെക്കുറിച്ചു വിശേഷണജ്ഞാനം ഹേതുവാകുന്നു- അതു ഹേതുവായിട്ടു ആദിയിൽ ഘടത്തിന്റെയും ഘടത്വത്തിന്റെയും വൈശിഷ്ട്യത്തെ വിഷയമാക്കാതെ ഉള്ള ജ്ഞാനം ഉണ്ടാവാതെ നിർവ്വാഹമില്ല — ആ പ്രകാരം ഉണ്ടാകുന്ന ജ്ഞാനത്തെ നിർവ്വികല്പമെന്നു പറയുന്നു — അതു മാനസപ്രത്യക്ഷത്തിന്നും വിഷയമായി ഭവിക്കില്ല - ഘടത്തെ ഞാൻ അറിയുന്നു എന്നുള്ള ജ്ഞാനത്തിങ്കൽ ആത്മാവിങ്കൽ ജ്ഞാനവും ജ്ഞാനത്തിങ്കൽ ഘടവും ഘടത്വത്തിങ്കൽ

ടത്വവും പ്രകാരമായിരിക്കുന്നു- (പ്രകാരം=വിശേഷണം) വിശേഷണത്തിങ്കൽ യാതൊന്നു വിശേഷണത്തിങ്കൽ യാതൊന്നു വിശേഷണമായി ഭവിക്കുന്നുവൊ അതിനെ വിശേഷണതാവച്ഛേദകമെന്നു പറയുന്നു- വിശേഷണതാവച്ഛേദകമാകുന്ന വിശേഷണത്തൊടുകൂടിയ ജ്ഞാനം വിശിഷ്ടജ്ഞാനത്തെക്കുറിച്ചു ഹേതുവാകുന്നു- നിൎവ്വികല്പജ്ഞാനത്തിങ്കൽ ഘടത്വം മുതലായതു വിശേഷണമല്ല- അതുഹേതുവായിട്ട ഘടത്വാദിവിശിഷ്ടമായ ഘടം മുതലായതുകൊണ്ടുള്ള വൈശിഷ്ട്യം ജ്ഞാനത്തിങ്കൽ പ്രകാശിക്കും എന്നതു അസംഭവമാകുന്നു ഘടത്വാദികൾ വിശേഷണമായിരിക്കാതെ ഘടാദിവിശിഷ്ടജ്ഞാനം സംഭവിക്കയുമില്ല- ജാതിയല്ലാതെയുള്ള പദാൎത്ഥങ്ങളെ ജ്ഞാനത്തിങ്കൽ വിശേഷണമായിട്ടുതന്നെ ഉണ്ടായിരിക്കയെന്നറിയെണ്ടു ഇപ്രകാരമാകയാൽ നിൎവ്വികല്പമായിട്ടുള്ള ജ്ഞാനം വിശിഷ്ടജ്ഞാനമുണ്ടാകുന്നതിന്നു മുമ്പെ ഉണ്ടാകെണമെന്നും അതു അതീന്ദ്രിയമാകുന്നു എന്നും ഗ്രഹിച്ചുകൊൾക-

ആറുപ്രകാരം പ്രത്യക്ഷജ്ഞാനങ്ങളിൽ വിഷയത്തിന്നും ഇന്ദ്രിയസന്നികൎഷത്തിന്റെ ഭേദത്തെ പറയുന്നു- ദ്രവ്യപ്രത്യക്ഷത്തിങ്കൽ മഹത്വസംയോഗസംബന്ധം കാരണമാകുന്നു- ദ്രവ്യത്തിങ്കൽ സമവായസംബന്ധത്തൊടു കൂടിയിരിക്കുന്ന ഗുണകൎമ്മസാമാന്യങ്ങളുടെ പ്രത്യക്ഷത്തിങ്കൽ സ്വാശ്രയസമവായസംബന്ധം കാരണമാകുന്നു- ദ്രവ്യസമവെതങ്ങളായ ഗുണാദികളിൽ സമവായസംബന്ധത്തൊടുകൂടെ ഇരിക്കുന്ന ഗുണത്വാദികളുടെ പ്രത്യക്ഷത്തിങ്കൽ സ്വാശ്രയസമവെതസമവായസംബന്ധം കാരണമാകുന്നു. ഇങ്ങിനെ മഹത്വത്തിന്റെ കാരണതത്വത്തിങ്കൽ വരുന്ന സംബന്ധവിശേഷത്തെ ഗ്രഹിച്ചുകൊൾകയും വെണം- ആറിന്നും കരണമായിട്ടുള്ളതു ഇന്ദ്രിയമെന്നും കരണമെന്നതു അസാധാരണകാരണമെന്നതു ആകുന്നതു- അസാധാരണപദത്തിന്നു വ്യാപാരത്തൊടു കൂടിയതു എന്നു അൎത്ഥമാകുന്നു-

ന്യാ— വിഷയെന്ദ്രിയസംബന്ധൊ വ്യാപാരസ്സോപിഷഡ്വിധഃ। ദ്രവ്യഗ്രഹസ്തു സംയോഗാൽ സംയുക്തസമവായതഃ॥

ന്യാ— ദ്രവ്യെഷു സമവെതാനാം തഥാതൽസമവായതഃ। തത്രാപി സമവെതാനാം ശബ്ദസ്യ സമവായതഃ।

ന്യാ— തദ്വൃത്തീനാം സമവെതസമവായെന തു ഗ്രഹഃ। വിശെഷണതയാ തദ്വദഭാവാനാം ഗ്രഹൊ ഭവെൽ॥

ന്യാ— യദിസ്യാദുപലഭ്യെതെത്യെവമത്ര പ്രസജ്യതെ। പ്ര

പ്രവ *

ത്യക്ഷംസമവായസ്യവിശേഷണതയാഭവേൽ ||

അന്വയം — വിഷയേന്ദ്രിയസംബന്ധഃ— വ്യാപാരഃ— ഷൾ— അപി— ഷഡ്വിധഃ— ഭവതി— ദ്രവ്യഗ്രഹഃ— തു— സംയോഗാൽ— ഭവേൽ— ദ്രവ്യേഷു— സമവേതാനാം— ഗ്രഹഃ— സംയുക്തസമവായതഃ— ഭവേൽ— തഥാ— തത്ര— അപി— സമവേതാനാം— ഗ്രഹഃ— തൽസമവായതഃ— ഭവേൽ— ശബ്ദസ്യ— ഗ്രഹഃ— സമവായതഃ— ഭവേൽ— തദ്വൃത്തീനാം— ഗ്രഹഃ— തു— സമവേതസമവായേന— ഭവേൽ— തദാ—വിശേഷണതയാ— യത്ര— സ്യാൽ— യദി— ഉപലഭ്യേത— ഇതി— ഏവം— പ്രസൃതേ— തത്ര— അഭാവാനാം— ഗ്രഹഃ ഭവേൽ—സമവായസ്യ— പ്രത്യക്ഷം— വിശേഷണതയാ— ഭവേൽ—

അന്വയാർത്ഥം — വിഷയേന്ദ്രിയസംബന്ധം വ്യാപാരമാകുന്നു. അതും ഷഡ്വിധമായിഭവിക്കുന്നു. ദ്രവ്യഗ്രഹമാകട്ടെ സംയോഗംഹേതുവായിട്ടുഭവിക്കും. ദ്രവ്യങ്ങളിൽസമവേതങ്ങളുടെ ഗ്രഹം സംയുക്തസമവായംഹേതുവായിട്ടുഭവിക്കും അപ്രകാരം അതുകളിലും സമവേതങ്ങളായിട്ടുള്ളതുകളുടെഗ്രഹം തൽസമവായംഹേതുവായിട്ടുഭവിക്കും. ശബ്ദത്തിന്റെ ഗ്രഹംസമവായംഹേതുവായിട്ടുംഭവിക്കും. തദ്വൃത്തികളുടെ ഗ്രഹമാകട്ടെ സമവേതസമവായം ഹേതുവായിട്ടുഭവിക്കും. അപ്രകാരം വിശേഷണതഹേതുവായിട്ട യാതൊന്നിങ്കൽ ഭവിക്കുമെങ്കിൽ ഉപലംഭിക്കപ്പെട്ടുമെന്നിപ്രകാരം പ്രസംഗിക്കുന്നതായാൽ അതിങ്കൽ ഉള്ള അഭാവങ്ങളുടെ ഗ്രഹംഭവിക്കും. സമവായത്തിന്റെ പ്രത്യക്ഷം വിശേഷണതഹേതുവായിട്ടുഭവിക്കും.

പരിഭാഷ — വിഷയേന്ദ്രിയസംബന്ധം=വിഷയേന്ദ്രിയങ്ങളുടെസംബന്ധം— വിഷയേന്ദ്രിയങ്ങൾ= വിഷയവും ഇന്ദ്രിയവും— വിഷയം=കണ്ണുമുതലായതുകൊണ്ടു ഗ്രഹിക്കപ്പെടുന്നപദാർത്ഥം— ഇന്ദ്രിയം=കണ്ണുമുതലായത— വ്യാപാരം=ക്രിയാ— അത വിഷയേന്ദ്രിയസംബന്ധം— ഷഡ്വിധം= ആറുവിധങ്ങളോടുകൂടിയത— വിധങ്ങൾ=പ്രകാരങ്ങൾ. ദ്രവ്യഗ്രഹം=ദ്രവ്യത്തിന്റെ ഗ്രഹം— ദ്രവ്യം= പൃഥിവിമുതലായത— ഗ്രഹം=ഗ്രഹണം—(പ്രത്യക്ഷമെന്നസാരം) സംയോഗം=വിഷയത്തോടുകൂടെഉള്ളചേർച്ച— ഭവിക്കുക=ഉണ്ടാക— സമവേതങ്ങൾ=സമവായസംബന്ധത്തോടുകൂടെഇരിക്കുന്നവ—ഗ്രഹം=ഗ്രഹണം— സംയുക്തസമവായം=സംയുക്തങ്ങളിൽ ഉള്ളസമവായം— സംയുക്തങ്ങൾ=സംയോജിച്ചവ— സംയോജിക്കുക=ചേരുക— (ഇന്ദ്രിയങ്ങളോടുചേ

ന്നവഎന്നസാരം) സമവായം=സമവായസംബന്ധം— അതുകൾ=ദ്രവ്യസമവെതങ്ങൾ— തൽസമവായം=അതുകളിൽ ഉള്ള സമവായം— അതുകൾ=ദ്രവ്യസമവെതങ്ങൾ— ഗ്രഹം=ഗ്രഹണം— സമവായം=സമവായസംബന്ധം= തൽവൃത്തികൾ=അതിങ്കൽവൃത്തിയോടുകൂടിയവ— അതം=ശബ്ദം— വൃത്തി=സ്ഥിതി— ഗ്രഹം=ഗ്രഹണം— സമവെതസമവായം= സമവെതത്തിങ്കലുള്ള സമവായം— സമവെതം=സമവായസംബന്ധത്തോടുകൂടെയിരിക്കുന്നത— സമവായം=സമവായസംബന്ധം— വിശെഷണതാ= വിശെഷണമാവൃ എന്നുള്ളത— ഭവിക്കം=ഉണ്ടാക— ഉപലംഭിക്കം=പ്രത്യക്ഷമാക— പ്രസംഗിക്കം=പ്രാപിക്കം- ഗ്രഹം= ഗ്രഹണം. സമവായം=സമവായമെന്നസംബന്ധം— ഗ്രഹം=ഗ്രഹണം— വിശെഷണതാ= വിശെഷണമാവൃഎന്നുള്ളത— ഭവിക്കം=ഉണ്ടാക—

സാരം—— പ്രത്യക്ഷത്തെക്കുറിച്ചു ഇന്ദ്രിയം കരണമാകുന്നു എന്നുപറഞ്ഞു. കരണമായിരിക്കുന്നതെങ്കിൽ വ്യാപാരമുണ്ടായിരിക്കെണമെന്നുംപറഞ്ഞു. ഇന്ദ്രിയങ്ങൾക്കമെൽപറകപ്പെട്ട കരണത്വത്തെ നിൎവ്വഹിപ്പിക്കുന്നതായ വ്യാപാരം എന്താകുന്നു എന്നാണെങ്കിൽപറയാം. ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്ന പദാൎത്ഥത്തൊട ഇന്ദ്രിയത്തിന്നുഭവിക്കുന്ന സംബന്ധത്തെയാണു ഇവിടെ വ്യാപാരമാകുന്നതു.

മെൽപറഞ്ഞവ്യാപാരത്തെ സന്നികൎഷമെന്നുംപറയും അത ആറുവിധമാകുന്നു. സംയോഗം, സംയുക്തസമവായം സംയുക്തസമവെതസമവായം, സമവായം, സമവെതസമവായം, വിശെഷണതാ ഇങ്ങിനെ ആറുപ്രകാരമെന്ന അറിഞ്ഞുകൊൾക. ദ്രവ്യപ്രത്യക്ഷം ഇന്ദ്രിയസംയോഗംഹെതുവായിട്ടുണ്ടാകുന്നതാകുന്നു ദ്രവ്യസമവെതങ്ങളുടെ പ്രത്യക്ഷം സംയുക്തസമവായം ഹെതുവായിട്ടുണ്ടാകുന്നതാന്നു. (ദ്രവ്യസമവെതങ്ങൾ=രൂപാദികൾ-) ദ്രവ്യസമവെതസമവെതങ്ങളുടെപ്രത്യക്ഷം സംയുക്തസമവെതസമവായംഹെതുവായിട്ടുണ്ടാകുന്നതാകുന്നു. (ദ്രവ്യസമവെതസമവെതങ്ങൾ=രൂപത്വാദികൾ) ശബ്ദപ്രത്യക്ഷം=സമവായംഹെതുവായിട്ടുണ്ടാകുന്നതാകുന്നു. ശബ്ദസമവെതപ്രത്യക്ഷംസമവെതസമവായം ഹെതുവായിട്ടുണ്ടാകുന്നതാകുന്നു. (ശബ്ദസമവെതം= ശബ്ദത്വംമുതലായത. ഇങ്ങിനെആറുസന്നികൎഷങ്ങൾ പറയപ്പെട്ടതുകൊണ്ടു ഗ്രഹിക്കെണ്ടതിനെവിവരിക്കാം. ദ്രവ്യത്തെവിഷയമാക്കിനെത്രിന്ദ്രിയത്താൽ ഉണ്ടാക്കപ്പെടുന്നതായ അറിവിനെയു

റിച്ചുനേത്രസംയോഗം കാരണമാകുന്നു എന്നും ദ്രവ്യസമവേതത്തെ വിഷയമാക്കിമേൽപറഞ്ഞ ഇന്ദ്രിയത്താൽ ഉണ്ടാകപ്പെടുന്നതായ അറിവിനെക്കുറിച്ചു നേത്രസംയുക്തസമവായംകാരണമാകുന്നുഎന്നും ദ്രവ്യസമവേതസമവേതത്തെ വിഷയമാക്കിമേൽപറഞ്ഞ ഇന്ദ്രിയത്താൽ ഉണ്ടാകപ്പെടുന്നതായ അറിവിനെക്കുറിച്ചുനേത്രസംയുക്തസമവേതസമവായംകാരണമാകുന്നുഎന്നും മനസ്സിലാകുന്നു. എന്നാൽ പൃഥിവീപരമാണുവിങ്കൽ ഉള്ള പൃഥിവീത്വവും പൃഥിവീപരമാണു നീലത്തിങ്കലുള്ള നീലത്വവും നേത്രേന്ദ്രിയത്താൽഗ്രഹിപ്പിക്കപ്പെടുമെന്നുവരുന്നു. അതുകളിൽഉൽഭൂതരൂപത്തിന്റെയും മഹത്വത്തിന്റെയും സംബന്ധമില്ലായ്കയാൽ ശരിയല്ലഎന്നോ എന്നാൽഅതുകളുടെ സംബന്ധവുമുണ്ടെന്നു പറയാം എങ്ങിനെ എന്നാൽ ഇന്നപ്രകാരമെന്നുവെച്ചു പറഞ്ഞിട്ടില്ലല്ലൊ. അതുകൊണ്ടു പരാപരാ സംബന്ധത്തെ ആശ്രയിച്ചിട്ടും പറയാം. പൃഥിവീത്വം സർവ്വത്ര ഒന്നാകയാൽ അതു ഘടാദികളിലും പൃഥിവീപരമാണുവിങ്കലും കൂടി ഇരിക്കുന്നു. അതു ഹേതുവായിട്ടു ഘടാദികളെ ഘടകമായിട്ടുള്ളതായ പരാപരാസംബന്ധംകൊണ്ടു പൃഥിവീപരമാണുവിങ്കൽ ഉള്ള പൃഥിവീത്വത്തിന്നും ഉൽഭൂതരൂപമഹത്വങ്ങളുള്ളതാവു എന്നുള്ള അവസ്ഥയെ പറവാൻ കഴിയുന്നതാകുന്നു. ഘടാദികളിൽ രണ്ടുമുണ്ടല്ലൊ. ഇപ്രകാരം പൃഥിവീപരമാണുനീലത്തിങ്കലെ നീലത്വത്തിന്നും പറയാം. ഒരു നീലത്വജാതിതന്നെ ഘടനീലത്തിങ്കലും പരമാണുനീലത്തിങ്കലുമിരിക്കുന്നു. ഘടനീലത്തിങ്കൽ മഹത്വസംബന്ധവുമുണ്ടു ഇപ്രകാരം ഉൽഭൂതരൂപസംബന്ധത്തെയും പറയാം. ഇതുതന്നെ അല്ല. മേൽ വിവരിക്കപ്പെട്ട കാൎയ്യകാരണഭാവത്തെ പ്രമാണിച്ചാൽ വായുവിങ്കലും അതിന്റെ സ്പൎശമെന്ന ഗുണത്തിങ്കലുമിരിക്കുന്ന സത്തയും നേത്രേന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുമെന്നും വരുന്നു. അതു ഹേതുവായിട്ടു ഉൽഭൂതരൂപാവച്ഛിന്നമഹത്വാവച്ഛിന്ന ചക്ഷുസ്സംയുക്തസമവായത്തി തന്നെ ദ്രവ്യസമവേതപ്രത്യക്ഷത്തെ കുറിച്ചു കാരണത്വത്തെ പറയേണം. തുല്യമായ ചക്ഷുസ്സംയുക്തസമവേതസമവായംതന്നെ ദ്രവ്യസമവേതസമവേതപ്രത്യക്ഷത്തെക്കുറിച്ചു കാരണമെന്നുപറയേണം. (ഉൽഭൂതരൂപാവച്ഛിന്നമഹത്വാവച്ഛിന്നചക്ഷുസ്സംയുക്തസമവായം = ഉൽഭൂതരൂപാവച്ഛിന്നമഹത്വാവച്ഛിന്നചക്ഷുസ്സംയുക്തം = ഉൽഭൂതരൂപാവച്ഛിന്നമായിമഹത്വാവച്ഛിന്നമായിരിക്കുന്ന ചക്ഷുസ്സംയോഗംഉള്ളത ഉൽഭൂതരൂപാവച്ഛിന്നം = ഉൽഭൂതരൂപത്താൽ

അവച്ഛിന്നം — ഉൽഭൂതരൂപം = ഉൽഭൂതമായിരിക്കുന്നരൂപം — ഉൽഭൂതം = സ്പഷ്ടം — രൂപം = രൂപമെന്നഗുണം — അവച്ഛിന്നം = അവച്ഛേദിക്കപ്പെട്ടത — അവച്ഛേദിക്ക = വിശേഷിപ്പിക്ക - മഹത്വാവച്ഛിന്നം = മഹത്വംകൊണ്ട് അവച്ഛിന്നം - മഹത്വം = വലിപ്പം — അവച്ഛിന്നം = അവച്ഛേദിക്കപ്പെട്ടത - അവച്ഛേദിക്ക = വിശേഷിപ്പിക്ക - ചക്ഷുസ്സംയോഗം = ചക്ഷുസ്സിന്റെസംയോഗം — ചക്ഷുസ്സ = നേത്രേന്ദ്രിയം — സംയോഗം = ചേൎച്ച - താദൃശചക്ഷുസ്സംയുക്തസമവേതസമവായം = താദൃശമായിരിക്കുന്ന ചക്ഷുസ്സംയുക്തസമവേതസമവായം - താദൃശം = ആപ്രകാരമിരിക്കുന്നത ഇങ്ങിനെ ചിലപ്പോൾ ആ വാക്യങ്ങളിലെ പദാൎത്ഥങ്ങളെ ഗ്രഹിച്ചുകൊൾകയും വേണം) ഇപ്രകാരമായാൽ പൃഥിവീപരമാണുവിങ്കൽ ഉള്ള പൃഥിവീത്വം പ്രത്യക്ഷമായിട്ടു വിഷയമാകണമെന്നു വരികയുമില്ല. പൃഥിവീപരമാണു ചക്ഷുസ്സംയോഗത്തിന്ന മഹത്വത്താൽഉള്ള അവച്ഛിന്നത്വം ഭവിക്കുന്നില്ല. അതല്ലാതിരിക്കേണമെങ്കിൽ പൃഥിവീപരമാണുവിങ്കൽതന്നെ മഹത്വമുണ്ടായിരിക്കേണം അതഅസംഭവമാകുന്നുവല്ലൊ ഇതുതന്നെ മേൽപ്രകാരം പറഞ്ഞതിന്നു കാരണമെന്നറിക ഇതുകൊണ്ടുതന്നെ പൃഥിവീപരമാണുനീലത്തിങ്കലുള്ള നീലത്വം എന്തുകൊണ്ട ഗ്രഹിക്കപ്പെടുന്നില്ല എന്നുള്ള ആക്ഷേപവും സമാധാനപ്പെട്ടിരിക്കുന്നു ഈപ്രകാരം വായ്വാദികളിൽ ഉള്ള സത്തയുടെ ഗ്രഹണവും ചക്ഷുസ്സുകൊണ്ടു ഭവിക്കാമെന്നുള്ളതുമില്ല അവിടെ ഉള്ള ചക്ഷുസ്സംയോഗത്തിന്ന രൂപാവച്ഛിന്നത്വമെന്നതുതന്നെ ഭവിക്കുന്നില്ലെല്ലൊ എങ്കിലും യാതൊരുഘടത്തിന്റെ പൃഷ്ഠഭാഗത്തിങ്കൽ ആലോകസംയോഗവും അഗ്രഭാഗത്തിങ്കൽനേത്രേന്ദ്രിയ സംയോഗവും ഭവിക്കുന്നുവൊ അതിനെ ചക്ഷുസ്സുകൊണ്ട ഗ്രഹിക്കപ്പെടേണമെന്നുള്ള അനുഭവവിരോധിയായ ദോഷാപാദനത്തെ പരിഹരിപ്പാനായിക്കൊണ്ട ചക്ഷുസ്സംയോഗത്തിനെ ആലോകസംയോഗാവച്ഛിന്നത്വംകൊണ്ടുകൂടെ വിശേഷിപ്പിക്കേണം. (ആലോകസംയോഗാവച്ഛിന്നത്വം = ആലോകസംയോഗാവച്ഛിന്നമായിരിക്കുന്നതു — ആലോകസംയോഗാവച്ഛിന്നം = ആലോകസംയോഗത്താൽ അവച്ഛിന്നം — ആലോകസംയോഗം = ആലോകത്തിന്റെസംയോഗം — ആലോകം = വെളിച്ചം - അവച്ഛിന്നം = അവച്ഛേദിക്കപ്പെട്ടത അവച്ഛേദിക്ക = വിശേഷിപ്പിക്ക) മേൽപറഞ്ഞ വിശേഷണത്തെകൊടുത്താൽ അഗ്രഭാഗത്തിങ്കലുള്ള നേത്രേന്ദ്രിയസംയോഗത്തിന്ന ആലോകസംയോ

ഗത്താലുള്ള അവച്ഛിന്നത്വം ഉള്ളതാകുന്നു അതിന്നുതന്നെ ആ
ലൊകസംയൊഗാവച്ഛിന്നത്വം വെണമെന്നതയാതൊരെട
ത്തുളവാകുന്നുവൊ അവിടെതന്നെ ആലൊകസംയൊഗം ഉണ്ടായി
രിക്കെണം ദ്രവ്യത്തെ വിഷയീകരിച്ചുണ്ടാകുന്നതായ പ്രത്യക്ഷ
ത്തെകുറിച്ചുതന്നെ സംയൊഗം കാരണമാകുന്നു- ദ്രവ്യസമവെതത്തെ
വിഷയീകരിച്ചുണ്ടാകുന്നതിനെകുറിച്ചു സംയുക്തസമവാ
യംകാരണമാകുന്നു- ദ്രവ്യസമവെതസമവെതത്തെവിഷയീകരിച്ചു
ണ്ടാകുന്നതിനെകുറിച്ചുതന്നെ സംയുക്തസമവെതസമവായംകാര
ണമാകുന്നു- ഇവിടെയും മഹത്വാവച്ഛിന്നത്വവും ഉൽഭൂതരൂപാവച്ഛി
ന്നത്വവും വിശെഷണമാക്കി യൊജിപ്പിക്കെണം- ഗന്ധപ്രത്യ
ക്ഷത്തെ കുറിച്ചു ഘ്രാണ സംയുക്തസമവായം കാരണമാകുന്നു-
ഘ്രാണെന്ദ്രിയത്തൊടു സംയുക്തമായിരിക്കുന്ന ചന്ദനപുഷ്പാ
ദികൾ ഗന്ധത്തിന്നു സമവായസംബന്ധം ഭവിക്കുന്നുവെല്ലൊ
ഗന്ധസമവെത പ്രത്യക്ഷത്തെ കുറിച്ചു ഘ്രാണസംയുക്ത സമ
വെത സമവായം കാരണമാകുന്നു- രസപ്രത്യക്ഷത്തെ കുറിച്ചു
രസനസംയുക്ത സമവായം കാരണമാകുന്നു- രസസമവെത പ്ര
ത്യക്ഷത്തെ കുറിച്ചു രസം സംയുക്തസമവെത സമവായം കാ
രണമാകുന്നു- ശബ്ദപ്രത്യക്ഷത്തെ കുറിച്ചു ശ്രൊത്രാവച്ഛിന്ന
സമവായം കാരണമാകുന്നു- ശ്രൊത്രാവച്ഛിന്നസമവായം=ശ്രൊ
ത്രാവച്ഛിന്നമായിരിക്കുന്ന സമവായം- ശ്രൊത്രാവച്ഛിന്നം=
ശ്രൊത്രത്താൽ അവച്ഛിന്നം ശ്രൊത്രം=ശ്രൊത്രെന്ദ്രിയം (ചെ
വി) ശബ്ദസമവെതപ്രത്യക്ഷത്തെ കുറിച്ചു ശ്രൊത്രാവച്ഛിന്ന സ
മവെത സമവായം കാരണമാകുന്നു- ഇങ്ങിനെ ഷൾവിധം ആ
കുന്നു ഉള്ള കാൎയ്യകാരണ ഭാവങ്ങളെ പ്രത്യക്ഷൊപയൊഗിയാകു
ന്ന ഗ്രഹിച്ചു കൊൾക ഇവിടെ പ്രത്യക്ഷപദം കൊണ്ടു ലൌ
കിക പ്രത്യക്ഷത്തെ ഗ്രഹിച്ചു കൊള്ളുകയും വെണം- ഇനിപറ
വാൻ പൊകുന്ന പ്രകാരമുള്ള അലൌകിക പ്രത്യക്ഷം ഇന്ദ്രിയ
സംയൊഗാദികളൊടു കൂടാതെയും ഭവിക്കുന്നതാകുന്നു- ആത്മ
പ്രത്യക്ഷത്തെ കുറിച്ചു മനസ്സംയൊഗം കാരണമാകുന്നു ആത്മ
സമവെത മാനസ പ്രത്യക്ഷത്തെ കുറിച്ചു മനസ്സംയുക്തസമവാ
യം കാരണമാകുന്നു എന്നും ധരിച്ചു കൊൾക- അഭാവപ്രത്യ
ക്ഷത്തെ കുറിച്ചും സമവായ പ്രത്യക്ഷത്തെ കുറിച്ചും വിശെഷ
ണതാ ഹെതുവാകുന്നു- ഇന്ദ്രിയ സംയുക്ത പദാൎത്ഥങ്ങളിൽ അ
ഭാവ സമവായങ്ങൾക്കു വിശെഷണത ഉണ്ടായിരിക്കെണം- എ
ന്നാൽ അതാതിന്റെ പ്രത്യക്ഷം ഭവിക്കും വൈശെഷിക മ

നത്തിങ്കലാകട്ടെ സമവായം പ്രത്യക്ഷമല്ല. സമവായപ്രത്യക്ഷത്തെ കുറിച്ച വിശേഷണത ഹേതുവാകുന്നു- എന്നു പറഞ്ഞത- വൈശേഷികമതത്തെ അനുസരിച്ചിട്ടാകുന്നു- വിശേഷണതാ= വിശേഷ്യഭാവം എന്നുള്ളത- ഇത നാനാ പ്രകാരമാകുന്നു- ഭൂമിയിലുള്ള ഘടാഭാവം സംയുക്ത വിശേഷണത ഹേതുവായിട്ട ഗ്രഹിക്കപ്പെടുന്നു- ഇവിടെ സംയുക്ത പദംകൊണ്ട ഇന്ദ്രിയ സംയുക്തമായ ഭൂതലത്തെ ഗ്രഹിക്കെണം- ഇവിടെ അഭാവം വിശേഷണമായിരിക്കയാൽ സംയുക്ത വിശേഷണത എന്നത- അഭാവത്തിങ്കൽ ഉള്ളത തന്നെ എന്നറിക- സംഖ്യാദികളിൽഉള്ള രൂപാദികളുടെ അഭാവം സംയുക്ത സമവെത വിശേഷണത ഹേതുവായിട്ട ഗ്രഹിക്കപ്പെടുന്നു- ഇവിടെ സംയുക്ത സമവെതപദംകൊണ്ട ഇന്ദ്രിയ സംയുക്തങ്ങളായ ഘടാദികളിൽ സമവായ സംബന്ധേന ഗുണങ്ങളെ സാമാന്യേന ഗ്രഹിക്കപ്പെടുവാൻ കഴിയുന്നതാകയാൽ ഗുണങ്ങളിൽ അന്തർഭവിച്ചതായ സംഖ്യ മുതലായതിനെയും ഗണിക്കാം- അതിങ്കൽ രൂപാദികളുടെ അഭാവം വിശേഷണമായിരിക്കുന്നു- സംഖ്യാത്വം മുതലായവകളിൽ ഉള്ള രൂപാദികളുടെ അഭാവം സംയുക്തസമവെതത്തിങ്കൽ സമവായ സംബന്ധേന യാതൊന്നു സ്ഥിതിചെയ്യുന്നുവൊ അതിന്റെ വിശേഷണത ഹേതുവായിട്ട ഗ്രഹിക്കപ്പെടുന്നു- ശബ്ദാഭാവം ശ്രോത്രാവച്ഛിന്ന വിശേഷണതകൊണ്ട ഗ്രഹിക്കപ്പെടുന്നു- കകാരം മുതലായതിലുള്ള ഖത്വാദികളുടെ അഭാവം ശ്രോത്രാവച്ഛിന്ന സമവെതഹേതുവായിട്ട ഗ്രഹിക്കപ്പെടുന്നു ഘടാവച്ഛിന്നാഭാവത്തിങ്കലുള്ള ഘടാഭാവം മുതലായവ വിശേഷണ വിശേഷണത ഹേതുവായിട്ട ഗ്രഹിക്കപ്പെടുന്നു ഘടാഭാവം മുതലായവകളിലുള്ള വഹ്ന്യാദികളുടെ അഭാവം സംയുക്തവിശേഷണ വിശേഷണത ഹേതുവായിട്ട ഗ്രഹിക്കപ്പെടുന്നു- ഇങ്ങിനെ മറ്റുള്ളതുകളെയും ഊഹിച്ചുകൊൾക- ഇങ്ങിനെ വിശേഷണത നാനാവിധമായി ഇരുന്നാലും എല്ലാവിശേഷണതകൾക്കും വിശേഷണതാത്വം ഉണ്ടാകയാൽ വിശേഷണത എന്നപ്രകാരം ഒന്നായിട്ട തന്നെ അതുകളെ ഗണിച്ചുവരുന്നു- അതവെണ്ടാ എന്നു വെച്ചാൽ ഇന്ദ്രിയാർത്ഥ സന്നികർഷം ആറു പ്രകാരമാകുന്നു- എന്നുള്ളവ്യവഹാരത്തിന നില്പാൻ സ്ഥലം ഇല്ലാതായി വരുമെന്നറിക അഭാവപ്രത്യക്ഷത്തിങ്കൽ യോഗ്യാനുപലബ്ധിയും കാരണമാകുന്നു- എന്നുംകൊണ്ടെന്നു പറയാം ഗ്രന്ഥത്തിങ്കൽ ഒടുവും- എന്നുള്ള

ബോധിപ്പിക്കുമ്പോൾ ഘടാഭാവത്തെവിഷയീകരിച്ചിട്ടുള്ള ബോധം ഉണ്ടാകുന്നില്ല അതു ഹേതുവായിട്ട അഭാവപ്രത്യക്ഷത്തിങ്കൽ പ്രതിയോഗ്യുപലംഭാഭാവം കാരണമാകുന്നു) പ്രതിയോഗി = ഘടാദി- ഉപലംഭം = പ്രത്യക്ഷം അഭാവം = ഇല്ലായ്മ- ഏതൊരു വസ്തുവിന്റെ അഭാവത്തെ ഗ്രഹിക്കുന്നുവൊ ആ അഭാവത്തെ കുറിച്ച ആവസ്തു പ്രതിയോഗി ആകുന്നു ഇങ്ങിനെ അതാത ഭാവങ്ങളെ ഗ്രഹിക്കുന്നെടത്തൊക്കെയും പ്രതിയോഗി പദാൎത്ഥങ്ങളായ അതാത വസ്തുക്കളുടെ അപ്രത്യക്ഷം കാരണമായി ഭവിക്കും- പ്രതിയോഗ്യുപലംഭാഭാവയോഗ്യതയോട കൂടിയതായിരിക്കയും വേണം അതിന്റെ യോഗ്യത ഏത പ്രകാരമാകുന്നു എന്നുണ്ടെങ്കിൽ പ്രതിയോഗി സത്വപ്രസഞ്ജനപ്രസഞ്ജിത പ്രതിയോഗികത്വ രൂപയാകുന്നു എന്നറിഞ്ഞുകൊൾക പ്രതിയോഗിസത്വ പ്രസഞ്ജനപ്രസഞ്ജിതപ്രതിയോഗികത്വരൂപം പ്രതിയോഗി സത്വപ്രസഞ്ജന പ്രസഞ്ജിത പ്രതിയോഗികത്വാകാരരൂപത്തോടുകൂടിയതു പ്രതിയോഗിസത്വ പ്രസഞ്ജനപ്രസഞ്ജിതപ്രതിയോഗികത്വം = പ്രതിയോഗി സത്വപ്രസഞ്ജന പ്രസഞ്ജിത പ്രതിയോഗികമാവുഎന്നുള്ളത- പ്രതിയോഗിസത്വപ്രസഞ്ജനപ്രസഞ്ജിതപ്രതിയോഗികം = പ്രതിയോഗിസത്വ പ്രസഞ്ജന പ്രസഞ്ജിതമായിരിക്കുന്ന പ്രതിയോഗിയോടുകൂടിയതു- പ്രതിയോഗിസത്വ പ്രസഞ്ജന പ്രസഞ്ജിതം = പ്രതിയോഗിസത്വ പ്രസഞ്ജനത്താൽ പ്രസഞ്ജിതം- പ്രതിയോഗിസത്വപ്രസഞ്ജനം = പ്രതിയോഗി സത്വത്തിന്റെ പ്രസഞ്ജനം- പ്രതിയോഗിസത്വം = പ്രതിയോഗിയുടെസത്വം. പ്രതിയോഗി = ഘടമുതലായത സത്വം = സത്താവ്എന്നുള്ളത- പ്രസഞ്ജനം = പ്രസംഗം- പ്രസഞ്ജിതം = പ്രസംഗിപ്പിക്കപ്പെട്ടത- പ്രസംഗിപ്പിക്ക = പ്രാപിപ്പിക്ക- പ്രതിയോഗി = ഉപലംഭം- ഇങ്ങിനെ യോഗ്യത സ്വരൂപ ഗ്രാഹകമായ വാക്യത്തിലന്തൎഭവിച്ച പദങ്ങളുടെ അൎത്ഥങ്ങൾ- ഘടാദ്യഭാവങ്ങളുടെ ഗ്രഹണത്തിങ്കൽ പ്രതിയോഗികൾ ഘടാദികളെല്ലൊ ആകുന്നത- അതുകളുടെ സത്വപ്രസക്തിയാൽ ഉപലംഭാഭാവത്തിന്റെ പ്രതിയോഗിയായ ഉപലംഭം അവിടെപ്രാപിപ്പിക്കപ്പെടുവാൻകഴിയുന്നതാകുന്നു- അത ഹേതുവായിട്ടഘടോപലംഭാദികളുടെ അഭാവം യോഗ്യതയുള്ളതാകുന്നു അത മെൽ പറഞ്ഞ അഭാവ പ്രത്യക്ഷം പ്രതികാരണമായി ഭവിക്കയും ചെയ്യും- ആകാശപരമാണ്വാദി സൂക്ഷ്മ സ്ഥലത്തിങ്കൽ ഭവിക്കുമൊ അവിടെ

ഘടാദികൾ ഉണ്ടു എങ്കിൽ കാണപ്പെടുമെന്നു പറവാൻ കഴിയുന്നതാകയാൽ അവിടെ ഉള്ള ഘടാദികളുടെ ഉപലംഭാഭാവത്തിന്ന യോഗ്യത ഉണ്ടു എന്നും അതുകൊണ്ടു അവിടെയുള്ള ഘടാദികളുടെ അഭാവം പ്രത്യക്ഷമായി ഭവിക്കുമെന്നും മെൽപ്പറഞ്ഞതിന്റെ സാരമാകുന്നു ഇരുട്ടുള്ള സ്ഥലത്തിങ്കൽ ഘടാദികൾ ഉണ്ടു എങ്കിൽ കാണപ്പെടുമെന്നു പറഞ്ഞുകൂടായ്കയാൽ അവിടെ ഉള്ള ഘടാദികളുടെ അഭാവം ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്നതല്ല- ഘടാദികളുടെ അഭാവത്തെ വിഷയമാക്കി ഉണ്ടാകുന്ന ചാക്ഷുഷ പ്രത്യക്ഷത്തിന്നും അനുപലബ്ധികാരണം തന്നെ എങ്കിലും ഇരുട്ടുള്ളടത്തുള്ള അനുപലബ്ധിക്കു യോഗ്യതയില്ലായ്കയാൽ അതു കാരണമായി ഭവിക്കുന്നില്ല- അതു ഹേതുവായിട്ടു അവിടെ ഘടാഭാവത്തെ വിഷയീകരിച്ചു ചാക്ഷുഷ പ്രത്യക്ഷം ഭവിക്കില്ല എന്നും ചാക്ഷുഷപ്രത്യക്ഷത്തെ കുറിച്ചു ആലോക സംയോഗ കാരണമില്ലായ്കയാൽ അതു ഭവിക്കാമെന്നും അറിഞ്ഞു കൊൾക- ഗുരുത്വാദികൾ ഇന്ദ്രിയ ഗ്രഹണത്തിന്ന അയോഗ്യങ്ങളാകയാൽ അതുകളുടെ അഭാവം പ്രത്യക്ഷമല്ല- ഗുരുത്വാദികൾ ഉണ്ടു എങ്കിൽ പ്രത്യക്ഷങ്ങളായി ഭവിക്കുമെന്നു പറഞ്ഞുകൂടല്ലൊ. വായുവിങ്കൽ ഉള്ള രൂപാഭാവം കല്ലിന്മേൽ ഉള്ള ഗന്ധാഭാവം ഗുണത്തിങ്കലുള്ള തിക്താഭാവം വഹ്നിയിങ്കലുള്ള ശൈത്യാഭാവം ശ്രോത്രത്തിങ്കലുള്ള ശബ്ദാഭാവം ആത്മാവിങ്കലുള്ള സുഖാദികളുടെ അഭാവം ഇത്യാദികളായ അഭാവങ്ങൾ അതാത ഇന്ദ്രിയംകൊണ്ടു ഗ്രഹിക്കപ്പെടുന്നു- വായുവിങ്കൽ രൂപം മുതലായതുകൾ ഉണ്ടു എങ്കിൽ ചക്ഷുസ്സു മുതലായ ഇന്ദ്രിയം കൊണ്ടു ഗ്രഹിക്കപ്പെടുമെന്നു പറവാൻ കഴിയുന്നതാകുന്നു- സംസൎഗ്ഗാഭാവ പ്രത്യക്ഷത്തിങ്കൽ പ്രതിയോഗി യോഗ്യത കാരണമാകുന്നു- അന്യോന്യാഭാവ പ്രത്യക്ഷത്തിങ്കൽ അധികരണത്തിന്റെ യോഗ്യത കാരണമാകുന്നു. അതു ഹേതുവായിട്ടു സ്ഥംഭത്തിങ്കലുള്ള പിശാചഭേദം മുതലായതു ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്നതു തന്നെ പ്രത്യക്ഷം ലൌകികമായിട്ടും അലൌകികമായിട്ടും ഉണ്ടു അതുകളിൽ വെച്ചു ലൌകിക പ്രത്യക്ഷത്തിങ്കലെ സന്നികൎഷം ആറു പ്രകാരം പറയപ്പെട്ടു ഇനി അലൌകിക സന്നികൎഷങ്ങളെ പറവാൻ പോകുന്നു-

൬൩- അലൌകികസ്തു സന്നികൎഷസ്ത്രിവിധഃ പരികീൎത്തിതഃ । സാമാന്യലക്ഷണോ ജ്ഞാനലക്ഷണോ യോഗജസ്തഥാ ॥

തത്ര ആസത്തിരാശ്രയാണാന്തു സാമാന്യജ്ഞാനമിഷ്യതേ । ത

ൻ •

ദിന്ദ്രിയജതദ്ധർമ്മബോധസാമഗ്ര്യപേക്ഷ്യതേ ॥

൬൩- വിഷയീയസ്യതസ്യൈവവ്യാപാരോജ്ഞാനലക്ഷണഃ । യോഗജോദ്വിവിധഃപ്രോക്തോയുക്തയുഞ്ജാനഭേദതഃ

൬൪— യുക്തസ്യസർവ്വദാഭാനംചിന്താസഹകൃതോപരഃ। വ്യാപാരസ്തുപരാമർശഃകരണംവ്യാപ്തിധീർഭവേൽ।

൬൫— അനുമായാംജ്ഞായമാനംലിംഗന്തുകരണംനഹി॥ അനാഗതാദിലിംഗേനനസ്യാദനുമിതിസ്തദാ॥

൬൬— വ്യാപ്യസ്യപക്ഷവൃത്തിത്വധീഃപരാമർശഉച്യതേ। വ്യാപ്തിസ്സാദ്ധ്യവദന്യസ്മിന്നസംബന്ധഉദാഹൃതഃ॥

അന്വയം —— അലൌകികഃ- സന്നികർഷഃ- സാമാന്യലക്ഷണഃ- ജ്ഞാനലക്ഷണഃ- തഥാ- യോഗജഃ- ച- ഇതി- ത്രിവിധഃ- പരികീർത്തിതഃ- ആശ്രയാണാം- ആസത്തിഃ- തു- സാമാന്യജ്ഞാനം ഇഷ്യതേ- തദിന്ദ്രിയജതദ്ധർമ്മബോധസാമഗ്രീ- അപേക്ഷ്യതേ— ജ്ഞാനലക്ഷണഃ- വ്യാപാരഃ- വിഷയീ- യസ്യ- തസ്യ ഏവ പ്രത്യാസത്തിഃ- യോഗജഃ-സന്നികർഷഃ-യുക്തയുഞ്ജാനഭേദതഃ- ദ്വിവിധഃ പ്രോക്തഃ ഭവതി- യുക്തസ്യ-സർവ്വദാ- ഭാനം— ഭവതി- അപരഃ ചിന്താസഹകൃതഃ ഭവതി- അനുമായാം- വ്യാപ്തിധീഃ- കരണം- വ്യാപാരഃ തു- പരാമർശഃ- ജ്ഞായമാനം- ലിംഗം— തു കരണം- ന- ഭവതി- ഹി- തദാ- അനാഗതാദി- ലിംഗേന അനുമിതിഃ- ന- സ്യാൽ— വ്യാപ്യസ്യ- പക്ഷവൃത്തിത്വധീഃ- പരാമർശഃ- ഉച്യതേ- സാദ്ധ്യവദന്യസ്മിൻ— അസംബന്ധഃ- വ്യാപ്തിഃ- ഉദാഹൃതഃ-

അന്വയാർത്ഥം—— അലൌകികമായിരിക്കുന്ന സന്നികർഷം സാമാന്യലക്ഷണവും ജ്ഞാനലക്ഷണവും അപ്രകാരം യോഗജവും ഇങ്ങിനെ ത്രിവിധമായിട്ട പരികീർത്തിതമായി ഭവിക്കുന്നു. ആശ്രയങ്ങളുടെ ആസത്തിയാകട്ടെ സാമാന്യജ്ഞാനമെന്നു ഇച്ഛിക്കപ്പെടുന്നു. തദിന്ദ്രിയജതദ്ധർമ്മബോധസാമഗ്രി അപേക്ഷിക്കപ്പെടുന്നു ജ്ഞാനലക്ഷണമായിരിക്കുന്ന വ്യാപാരം വിഷയിയാതൊന്നിന്റെതായിഭവിക്കുന്നുവൊ അതിന്റെ തന്നെയാകുന്നു യോഗജമായിരിക്കുന്ന സന്നികർഷം യുക്തയുഞ്ജാനഭേദംകൊണ്ടുവായിട്ട ദ്വിവിധമായിട്ട പ്രോക്തമായിഭവിക്കുന്നു. യുക്തന്ന എല്ലാസമയങ്ങളിലും ഭാനംഭവിക്കുന്നു. അപരൻ ചിന്താസഹകൃതനായിഭവിക്കുന്നു. അനുമയിങ്കൽവ്യാപ്തി ധീകരണമായിഭവിക്കുന്നു വ്യാപാരമാകട്ടെ പരാമർശമാകുന്നു. ജ്ഞായമാനമായിരിക്കുന്ന ലിംഗമാകട്ടെ കരണമായിഭവിക്കുന്നില്ല യാ

ത്തൊന്നുമെറ്റുവായിട്ടു അപ്പോൾ അനാഗതാദി ലിംഗങ്ങൾ കൊണ്ടു അനുമിതിയാകില്ല.

പരിഭാഷ— അലൌകികം=അലൌകിക പ്രത്യക്ഷത്തെ സംബന്ധിച്ചിട്ടുള്ളതു. സന്നികൎഷം=വിഷയേന്ദ്രിയ സംബന്ധം. സാമാന്യലക്ഷണം=സാമാന്യമാകുന്ന ലക്ഷണത്തൊടുകൂടിയതു. സാമാന്യം=സാമാന്യമെന്ന പദാൎത്ഥം. ലക്ഷണം=സ്വരൂപമെന്നാവിടെ പറയുന്നു. വിഷയമെന്നു ഗ്രഹിച്ചുകൊൾക. ജ്ഞാനലക്ഷണം=ജ്ഞാനമാകുന്ന ലക്ഷണത്തൊടു കൂടിയതു. ലക്ഷണം=സ്വരൂപം. യോഗജം=യോഗജം. യോഗത്തിങ്കൽനിന്നു ജനിച്ചതു. യോഗം=യോഗാഭ്യാസം (യോഗാഭ്യാസത്തിനിന്നുണ്ടാകുന്ന ധൎമ്മമെന്നും പറയും) ത്രിവിധം=മൂന്നുവിധങ്ങളൊടുകൂടിയതു. വിധകൾ=പ്രകാരങ്ങൾ. പരികീൎത്തിതം=പരികീൎത്തിക്കപ്പെട്ടതു. പരികീൎത്തിക്ക=പറക. ആശ്രയങ്ങൾ=അധികരണങ്ങൾ. ആസത്തി=പ്രത്യാസത്തി. സാമാന്യജ്ഞാനം=സാമാന്യവിഷയകമായിരിക്കുന്നജ്ഞാനം. സാമാന്യവിഷയകം=സാമാന്യമായിരിക്കുന്ന വിഷയത്തൊടുകൂടിയതു. തദിന്ദ്രിയജതദ്ധൎമ്മബോധസാമഗ്രി=തദിന്ദ്രിയജതദ്ധൎമ്മബോധത്തിന്റെ സാമഗ്രി. തദിന്ദ്രിയജതദ്ധൎമ്മബോധം=തദിന്ദ്രിയജമായിരിക്കുന്ന തദ്ധൎമ്മബോധം. തദിന്ദ്രിയജം=തദിന്ദ്രിയത്തിങ്കൽനിന്നു ജനിക്കുന്നതു. തദിന്ദ്രിയം=ആ ഇന്ദ്രിയം. ഇന്ദ്രിയം=ചക്ഷുസ്സുമുതലായതു. തദ്ധൎമ്മബോധം=തദ്ധൎമ്മത്തിന്റെബോധം. തദ്ധൎമ്മം=ആധൎമ്മം. ബോധം=അറിവ. സാമഗ്രീ=കാരണസമുദായം. ജ്ഞാനലക്ഷണ=ജ്ഞാനമാകുന്നലക്ഷണത്തൊടുകൂടിയതു. ലക്ഷണം=സ്വരൂപം. വിഷയീ=ജ്ഞാനം. ആസത്തി=പ്രത്യാസത്തി (സന്നികൎഷമെന്നൎത്ഥം) യോഗജം=യോഗത്തിങ്കൽനിന്നു ജനിച്ചതു. സന്നികൎഷം=സംബന്ധം. യുക്തയുഞ്ജാനഭേദം=യുക്തയുഞ്ജാനന്മാരുടെ ഭേദം. യുക്തയുഞ്ജാനന്മാർ=യുക്തനും യുഞ്ജാനനും. യുക്തൻ=യുക്തനെന്നയോഗി. യുഞ്ജാനൻ=യുഞ്ജാനനെന്ന യോഗി. ദ്വിവിധം=രണ്ടുവിധങ്ങളൊടുകൂടിയതു. വിധകൾ=പ്രകാരങ്ങൾ. പ്രോക്തം=പ്രവചിക്കപ്പെട്ടതു. പ്രവചിക്ക=പറക. യുക്തൻ=യുക്തനെന്നയോഗി. ഭാനം=പ്രകാശം. അപരൻ=യുഞ്ജാനൻ. ചിന്താസഹകൃതൻ=ചിന്തയുടെസഹകൃതമുള്ളവൻ. ചിന്ത=ധ്യാനം. സഹകൃതം=സഹകരണം. (ചിന്തയാകുന്ന സഹചാരിയൊടുകൂടിയവനെന്നൎത്ഥം) അനുമാനം=അനുമിതി. വ്യാപ്തിധീ=

വ്യാപ്തിജ്ഞാനം- കരണം=അസാധാരണകാരണം- പരാമൎശം=
ജ്ഞാനവിശേഷം- ജ്ഞായമാനം=അറികപ്പെട്ടിരിക്കുന്നതു ലിം
ഗം=ധൂമാദി- കരണം അസാധാരണകാരണം- അനാഗതാദി
ലിംഗം അനാഗതാദിയായിരിക്കുന്നലിംഗം അനാഗതാദി-അ
നാഗതം മുതലായതു- ലിംഗം ജ്ഞാപകം (അഗ്ന്യാദികൾ പ്രത്യ
ക്ഷത്തിന്നുവിഷയങ്ങളായിട്ടില്ലാഎങ്കിലും അതുകൾ പൎവ്വതാദിക
ളിൽ ഉണ്ടഎന്നുള്ളബോധത്തെ ഉണ്ടാക്കുന്നതായ ധൂമം മുതലാ
യതെന്നുസാരം-) അനുമിതി= അനുമിതിഎന്നജ്ഞാനം- ഭവി
ക്കെ=ഉണ്ടാക- വ്യാപ്യം=വ്യാപ്തിയുള്ളതു- വ്യാപ്തി=സാഹചൎയ്യ
നിയമം- ഇതിന്റെസ്വരൂപം ഉടനെവ്യക്തമാക്കപ്പെടും- പക്ഷ
വൃത്തിതാധീ= പക്ഷവൃത്തിതാത്തിന്റെധീ- പക്ഷവൃത്തിതാ=പ
ക്ഷവൃത്തിയാവു എന്നുള്ളതു- പക്ഷത്തിങ്കൽവൎത്തിക്കുന്നതു- പ
ക്ഷം=പൎവ്വതാദി- ധീ=ബുദ്ധി- പരാമൎശം=പരാമൎശമെന്ന പേ
രൊടുകൂടിയതു- സാധ്യവദന്യം= സാധ്യവത്തിങ്കൽ നിന്നാ
ന്യം- സാധ്യവത്= സാധ്യാധികരണം- (ധൂമാദിഹേതുക്കൾ
കൊണ്ടു സാധിക്കപ്പെടുവാൻ യോഗ്യമായവഹ്ന്യാദികളുടെ അ
ധികരണമായമഹാനസംമുതലായതു എന്നുസാരം) മഹാനസം=
അടുക്കള- അന്യം=അപരം- അസംബന്ധം=അവൃത്തിതാ= (വൃ
ത്തിയൊടുകൂടാത്തതാവു എന്നുള്ളതെന്നുസാരം) വൃത്തി=സ്ഥി
തി- വ്യാപ്തി=വ്യാപ്തിയെന്നപദാൎത്ഥം- ഉദാഹൃതം=ഉദാഹരിക്ക
പ്പെട്ടതു- ഉദാഹരിക്ക=പറക

സാരം —— യാതൊരുദ്രവ്യവ്യക്തി ഇന്ദ്രിയത്തൊടു സംയോഗി
ച്ചിരിക്കുന്നുവൊ അതിനെഗ്രഹിക്കുന്നതും അതിങ്കൽ ഉള്ള
ഗുണാദികളെ ആ ഇന്ദ്രിയംകൊണ്ടുതന്നെ ഗ്രഹിക്കുന്നതുംലൌ
കിക പ്രത്യക്ഷമാകുന്നു• വ്യക്ത്യന്തരങ്ങളുടെ ഗ്രഹണം ഭവിക്കു
ന്നതു അലൌകിക പ്രത്യക്ഷമാകുന്നു• അതിന്നുപയോഗിയായ
സന്നികൎഷം സാമാന്യലക്ഷണവും ജ്ഞാനലക്ഷണവും യോഗ
ജധൎമ്മവുമാകയാൽ മൂന്നുവിധമാകുന്നു• സാമാന്യലക്ഷണമെന്നു
ള്ളപദത്തിങ്കലെലക്ഷണശബ്ദംകൊണ്ടു സ്വരൂപത്തെ ഗ്രഹി
ക്കുന്നുഎങ്കിൽ ആശ്രയസംബന്ധം.സാമാന്യരൂപമാകുന്നു എന്നു
ള്ള അൎത്ഥം ലഭിക്കപ്പെടും സാമാന്യപദംകൊണ്ടു ഇന്ദ്രിയസംബ
ന്ധവിശേഷ്യകജ്ഞാനപ്രകാരീഭൂതമായിരിക്കുന്നധൂമത്വാദികളെ
ഗ്രഹിക്കേണം (ഇന്ദ്രിയസംബന്ധവിശേഷ്യക ജ്ഞാനപ്രകാരീഭൂ
തം=ഇന്ദ്രിയസംബന്ധവിശേഷ്യകജ്ഞാനത്തിങ്കൽ പ്രകാരീഭൂ
തം- ഇന്ദ്രിയസംബന്ധവിശേഷ്യകജ്ഞാനം=ഇന്ദ്രിയസംബന്ധ

വിശേഷ്യകമായിരിക്കുന്ന ജ്ഞാനം- ഇന്ദ്രിയസംബന്ധവിശെഷ്യകം= ഇന്ദ്രിയ സംബന്ധമാകുന്ന വിശെഷ്യത്തൊട കൂടിയത- ഇന്ദ്രിയസംബന്ധം=ഇന്ദ്രിയത്തൊട സംബന്ധിച്ചത- പ്രകാരീഭൂതം പ്രകാരമായിഭവിച്ചത) ഇങ്ങിനെമെൽപറഞ്ഞ പദങ്ങളുടെ അൎത്ഥങ്ങളെ ഗ്രഹിച്ചുകൊൾക- ധൂമാദികളിൽ ഇന്ദ്രിയസംബന്ധം ഭവിച്ചാൽ ധൂമമെന്നിപ്രകാരം ഉള്ളജ്ഞാനവും അതുപൊലെ മറ്റുള്ളജ്ഞാനവും ഭവിക്കും അന്നുകളിൽധൂമത്വാദികൾ പ്രകാരങ്ങളാകുന്നു അപ്രകാരമാകയാൽ അതുകളെഗ്രഹിക്കണം എന്നാൽധൂമഃ എന്നുള്ളജ്ഞാനത്തിങ്കൽ ധൂമത്വമെന്നസാമാന്യരൂപമായിരിക്കുന്ന സന്നികൎഷംകൊണ്ടധൂമമെന്നിപ്രകാരമുള്ളരൂപത്തൊടകൂടിയതായിട്ട സകലധൂമവിശെഷ്യകമായിരിക്കുന്നജ്ഞാനം ജനിക്കുന്നു എന്നുള്ളതവെ ധരിക്കയുംചെയ്യും· ഒരു ധൂമവ്യക്തിക്കല്ലാതെ മറ്റുള്ള ധൂമവ്യക്തികൾക്കു ചക്ഷുസ്സംയൊഗം ഭവിച്ചിട്ടില്ലായ്കയാൽ അതുകളെയും സംയൊഗ സന്നികൎഷം ഹെതുവായിട്ട ഗ്രഹിക്കുന്നു എന്നുപറവാൻ കൂടാ- അത ഹെതുവായിട്ട വ്യക്തന്തര ഗ്രഹണം സാമാന്യ സന്നികൎഷം ഹെതുവായിട്ടാകുന്നു എന്നും അതിന്നു പെർ അലൌകികപ്രത്യക്ഷമാകുന്നു എന്നും സിദ്ധാന്തമാകുന്നു. ഇന്ദ്രിയ സംബന്ധമായിരിക്കുന്ന സാമാന്യത്തെ ഗ്രഹിക്കണമെന്നുള്ള അൎത്ഥത്തെ സ്വീകരിച്ചാൽ ധൂളീപടലത്തിങ്കൽ ധൂമമെന്നുള്ള ഭ്രമം ഭവിച്ചതിന്റെ ശെഷം സകലധൂമവിശെഷ്യകമായിരിക്കുന്ന ജ്ഞാനം ഭവിക്കില്ലെന്നുവരും അവിടെ ധൂമത്വത്തിന്ന ഇന്ദ്രിയ സംബന്ധം ഭവിച്ചിട്ടില്ലല്ലൊ എന്റെ മതത്തിങ്കൽ ഇന്ദ്രിയ സംബന്ധമായിട്ടുള്ളത ധൂളീപടലം തന്നെ ആയിരുന്നാലും അതാകുന്ന വിശെഷ്യത്തൊട കൂടി ഉണ്ടായ ജ്ഞാനം ധൂമമെന്നിപ്രകാരമാകയാൽ ധൂമത്വസന്നികൎഷം ഹെതുവായിട്ട എല്ലാധൂമങ്ങളെയും വിഷയമാക്കിയതായ ധൂമജ്ഞാനം സംഭവിക്കുന്നതിന്ന വിരൊധമില്ല- ഇന്ദ്രിയസംബന്ധം ഇവിടെ ലൌകികമാകുന്ന ഇങ്ങിനെ ബാഹ്യെന്ദ്രിയ സ്ഥലത്തിങ്കൽ ഗ്രഹിച്ചുകൊൾക- മാനസസ്ഥലത്തിങ്കൽ ജ്ഞാനത്തിങ്കൽ പ്രകാരമായി ഭവിച്ചിരിക്കുന്ന സാമാന്യത്തെ പ്രത്യാസത്തി എന്ന ഗ്രഹിച്ചുകൊൾക- സംബന്ധം സന്നികൎഷം ആസത്തി പ്രത്യാസത്തി ഇത്യാദികളായ പദങ്ങൾസമാനാൎത്ഥങ്ങളാകുന്നു. സാമാന്യജ്ഞാനമെന്നുള്ള പദത്തിങ്കലെ സാമാന്യപദത്തിന്ന സമാനങ്ങളുടെ ഭാവം സാമാന്യം എന്നുള്ള വ്യുല്പത്തിവശാൽ ഫിലടത്ത

നിത്യമായിരിക്കുന്ന ധൂമത്വാദിയെയും ചിലെടത്ത അനിത്യമായ ഘടം മുതലായതിനെയും ഗ്രഹിപ്പിപ്പാനുള്ള സാമൎത്ഥ്യം ഭവിക്കുന്നു. അതു ഹെതുവായിട്ട യാതൊരുകാലത്തിങ്കൽ സംയൊഗസംബന്ധെന ഘടം ഭൂപ്രദെശത്തിങ്കൽ ഗ്രഹിക്കപ്പെട്ടുവൊ അതിന്റെ ശെഷവും യാതൊരു കാലത്തിങ്കൽ സമവായസംബന്ധെന ഘടം കപാലത്തിങ്കൽ ഗ്രഹിക്കപ്പെട്ടുവൊ അതിന്റെ ശെഷവും ഘടവത്തുകളായിരിക്കുന്ന എല്ലാ ഭൂപ്രദെശങ്ങളുടെയും സകല കപാലങ്ങളുടെയും ജ്ഞാനം സംഭവിക്കയുമാം- യാതൊരു സംബന്ധത്തൊടു കൂടിയതായിട്ട സാമാന്യത്തെ അറിയുന്നുവൊ അതു തന്നെ സംബന്ധമാകുന്നു എങ്കിലല്ലാതെ സാമാന്യം സന്നികൎഷമായി ഭവിക്കകയുമില്ല- ഇങ്ങിനെയുള്ള അൎത്ഥനിഷ്കൎഷത്തെ ചെയ്യാലും ഘടനാശത്തിന്റെ ശെഷം ഘടമുണ്ടായിരുന്ന സ്ഥലത്തിന്റെ സ്മരണത്തിങ്കൽ സാമാന്യലക്ഷണ പ്രത്യാസത്തി ഹെതുവായിട്ട എല്ലാഘടാധികരണങ്ങളുടെയും ജ്ഞാനം ഭവിക്കയില്ല- സാമാന്യാശ്രയകാലത്തിങ്കൽ ഇല്ലല്ലൊ എന്നത തന്നെ അല്ല ഇന്ന ഘടത്തിങ്കൽ ഇന്ദ്രിയസംബന്ധം ഭവിക്കയാൽ ഘടമെന്നുള്ള ജ്ഞാനമുണ്ടായി അതിങ്കൽ ഘടത്വരൂപമായിരിക്കുന്നസാമാന്യം വിശെഷണമായി ഭവിക്കകയുംചെയ്യുന്നതിനാലെയുംനിൎവ്വഹിക്കുന്നതാകുന്നു- അത ഹെതുവായിട്ടയാതൊരു ദിവസം ഘടത്തിങ്കൽ ഇന്ദ്രിയസംബന്ധമുണ്ടാകയാൽ ഘടംഎന്നുള്ളജ്ഞാനം ഭവിച്ചുവൊ അതിന്റെ പിറെന്നാൾ ഇന്ദ്രിയ സംബന്ധത്തൊടു കൂടാതെയും സകലഘടങ്ങളെയും വിഷയീകരിച്ചിട്ടുള്ള ഘടജ്ഞാനം എന്തുകൊണ്ടു ഭവിക്കുന്നില്ല- എന്നുള്ള ആക്ഷെപവും വരുന്നതാകുന്നു- അത ഹെതുവായിട്ടസാമാന്യ ജ്ഞാനം തന്നെ സന്നികൎഷമെന്ന പറയെണം അതഹെതുവായിട്ട ലക്ഷണ ശബ്ദത്തിന്ന വിഷയമെന്നുള്ള അൎത്ഥത്തെ ഗ്രഹിച്ചുകൊൾകയും വെണം- സാമാന്യമാകുന്ന വിഷയത്തൊടു കൂടിയ ജ്ഞാനവും ജ്ഞാനവും യൊഗജധൎമ്മവും ഇങ്ങിനെ മൂന്നു പ്രകാരമെന്ന ഫലിതമായി സാമാന്യജ്ഞാനമെന്നത ആശ്രയങ്ങളുടെ സംബന്ധമാകുന്നു- ആശ്രയങ്ങൾ=അധികരണങ്ങൾ- എന്നു മുമ്പെ പറയപ്പെട്ട ഇപ്രകാരമായാൽ നെത്രെന്ദ്രിയ സംയൊഗാദികളൊടു കൂടാതെയും സാമാന്യ ജ്ഞാനവശാൽ ഘടാദികളുടെ ചാക്ഷുഷ പ്രത്യക്ഷം ഭവിക്കാമെന്നുള്ള ആപാദകം അവസരമുണ്ടു എങ്കിൽ അതിനെ ഇനി പറവാൻ പൊകുന്ന സംഗതികൊണ്ടു പരിഹരിച്ചു കൊ

ൾക്ക. ആതാതു കാലത്തിങ്കൽ സാമാന്യജ്ഞാനരൂപമായ സന്നികൎഷം ഹേതുവായിട്ട ബഹിരിന്ദ്രിയത്താൽ ജ്ഞാനം ജനിപ്പിക്കേണ്ടതാകുന്നുവൊ അപ്പൊൾ ഒരു വസ്തുവിങ്കൽ പ്രകൃതമായ സാമാന്യത്തിന്ന അങ്ങിനെയുള്ള ഇന്ദ്രിയത്താൽ ഉണ്ടാക്കപ്പെടുന്നതായ ജ്ഞാനം പ്രതികാരണമായിട്ട എന്തെല്ലാം ഭവിക്കുന്നുവൊ അതുകളെല്ലാറ്റെയും ഉണ്ടായിരിക്കണം അങ്ങിനെയുള്ള കാരണങ്ങൾ ചക്ഷുസ്സംയോഗം ആലോകസംയോഗം ഇത്യാദികളാകുന്നു. അതു ഹേതുവായിട്ട ചക്ഷുസ്സംയോഗം ഇല്ലാതെ കണ്ടുള്ള സമയത്തിങ്കൽ മെൽ പറഞ്ഞ സന്നികൎഷം ഹേതുവായിട്ട മെൽപ്രകാരം ജ്ഞാനം ഭവിക്കയില്ലാ എന്നും ചക്ഷുസ്സംയോഗം ഉണ്ടായാലും അന്ധകാരത്തിങ്കൽ ആലോക സംയോഗം ഇല്ലായ്കയാൽ മെൽപ്രകാരമുള്ള ജ്ഞാനം ഭവിക്കില്ലാ എന്നും അറിഞ്ഞു കൊൾക ഇപ്പറഞ്ഞതൊക്കെയും യുക്തം തന്നെ. എങ്കിലും സാമാന്യലക്ഷണ പ്രത്യാസത്തിയും ജ്ഞാന ലക്ഷണ പ്രത്യാസത്തിയും ജ്ഞാനകാരണ രൂപത്തോടു കൂടിയതായി പറയപ്പെടുകയാൽ അതുകൾക്ക ഭേദമില്ലെന്ന തോന്നുന്നു. എങ്കിൽ അതുകളുടെ ഭെദത്തെ പറയാം സാമാന്യലക്ഷണ പ്രത്യാസത്തി സാമാന്യത്തിന്റെ അധികരണങ്ങളായ വസ്തുക്കളുടെ ജ്ഞാനത്തെ ജനിപ്പിക്കുന്നു. ജ്ഞാനലക്ഷണ പ്രത്യാസത്തി യാതൊന്നിനെ വിഷയീകരിച്ചിട്ടുള്ള ജ്ഞാനം ഭവിക്കുന്നുവൊ അതിന്റെ തന്നെയുള്ള സന്നികൎഷമാകുന്നു. പ്രത്യക്ഷത്തിങ്കൽ സന്നികൎഷം കൂടാതെ ഒന്നും വിഷയമായി ഭവിക്കില്ല. അപ്രകാരമാകയാൽ സാമാന്യലക്ഷണ പ്രത്യാസത്തിയോടു കൂടാതെ ധൂമത്തെ ന്ന സകലധൂമങ്ങളും വഹ്നിത്വേന സകല വഹ്നികളും ജ്ഞാനത്തിങ്കൽ വിഷയമായി ഭവിക്കാത്തതുകളാകയാൽ ജ്ഞാനലക്ഷണ പ്രത്യാസത്തിയെ സ്വീകരിച്ചിരിക്കുന്നു. സകല ധൂമങ്ങളും സകല വഹ്നികളും വിഷയമായി ഭവിക്കേണമെന്നുണ്ടൊ എന്ന ചോദിക്കുന്നു എങ്കിൽ അപ്രകാരം ഭവിക്കാതെ ഉന്നാൽ വരുന്ന ദോഷത്തെ പറയാം പ്രത്യക്ഷ വിഷയമായിരിക്കുന്ന ധൂമത്തിങ്കൽ വഹ്നി സംബന്ധത്തെ ഗ്രഹിച്ചിരിക്ക ഹേതുവായിട്ടും അന്യധൂമത്തിന്റെയും അന്യവഹ്നിയുടെയും ജ്ഞാനങ്ങൾക്ക കാരണമില്ലായ്കയാൽ അതുകൾ ഉത്ഭവിക്കാതെ ഇരിക്കകഹേതുവായിട്ടും ഒരു വഹ്നിധൂമങ്ങളുടെ സംബന്ധത്തെ ഗ്രഹിച്ചു വന്ന ധൂമം വഹ്നിവ്യാപ്യമൊ അല്ലയൊ എന്നുള്ള സംശയത്തിന്ന ചെൎച്ചയില്ലെന്നുവരും ഇത തന്നെ ദോഷമാ

കുന്നത- എന്റെ മതത്തിങ്കൽ സാമാന്യ ലക്ഷണ പ്രത്യാസത്തിവശാൽ സകലധൂമങ്ങളുടെയും ഉപസ്ഥിതി സംഭവിച്ചിരിക്കയാൽ പ്രത്യക്ഷവിഷയമായ ഒരു ധൂമത്തിന്ന എന്നപൊലെ ദെശാന്തരത്തിങ്കലുള്ള ധൂമത്തിന്നും വഹ്നിവ്യാപ്യതയുണ്ടൊ ഇല്ലയൊ എന്നുള്ള സംശയം വെരുന്നതാകുന്നു എന്നാലുംസാമാന്യ ലക്ഷണ പ്രത്യാസത്തിയെ സ്വീകരിച്ചാൽ ജ്ഞെയത്വെന സകല പദാൎത്ഥങ്ങളുടെയും ജ്ഞാനം നമുക്ക ഭവിക്കുന്നു എന്ന പറയെണം- എന്നാലെല്ലാവൎക്കുംസൎവ്വജ്ഞത്വം ഭവിക്കുമെല്ലൊ എന്ന ശങ്കിക്കുന്നു എങ്കിൽ ജ്ഞെയത്വെന സകലപദാൎത്ഥങ്ങളുടെ ജ്ഞാനമുണ്ടായാലും വിശെഷിച്ച തത്തദ്രൂപെണ ഉള്ളജ്ഞാനം ഭവിച്ചിട്ടില്ലായ്കയാൽ അങ്ങിനെയുള്ളവൎക്ക സൎവ്വജ്ഞത്വവും ഭവിക്കില്ലെന്ന ഗ്രഹിച്ചുകൊൾക- ഇങ്ങിനെ സാമാന്യ ലക്ഷണ പ്രത്യാസത്തിയെ സ്വീകരിക്കെണമെങ്കിൽ അങ്ങിനെ കന്ന ഇതുനു കൊൾകളെ ജ്ഞാനലക്ഷണ പ്രത്യാസത്തിയെ സ്വീകരിക്കെണം എന്ന പറയുന്നു എങ്കിൽ അതിന്റെ അസ്വീകാരണത്തിങ്കൽ സുരഭിചന്ദനമെന്നുള്ള ജ്ഞാനത്തിങ്കൽ സൌരഭ്യം വിഷയമായി ഭവിക്കുന്നതെങ്ങിനെ എന്ന വിചാരിക്കെണം- സാമാന്യ ലക്ഷണ പ്രത്യാസത്തികൊണ്ടും സൌരഭത്തിന്റെ വിഷയതയെ നിൎവ്വഹിച്ചു കൂടയെന്നില്ലഎങ്കിലും സൌരഭത്വത്തിന്റെ വിഷയത കൂടെ ഉണ്ടാകയാൽ അതിന്റെ നിൎവ്വാഹത്തിന്നായ്ക്കൊണ്ട ജ്ഞാനലക്ഷണ പ്രത്യാസത്തിയെ സ്വീകരിക്കെണം. ഇപ്രകാരം മുമ്പെ ധൂളീപടലത്തെ കണ്ടിട്ട ധൂമമെന്നുള്ള ഭ്രമമുണ്ടായവന്ന പിന്നെ ഉണ്ടാകുന്ന അനുവ്യവസായത്തിങ്കൽ ധൂളീപടലം കൂടെ വിഷയമാകുന്നതിന്ന കാരണം ജ്ഞാന ലക്ഷണ പ്രത്യാസത്തിയത്രെ ആകുന്നത (ധൂളീപടലം= ധൂളികളുടെപടലം- ധൂളികൾ=പൊടികൾ- പടലം=സമൂഹം- കാറ്റൊടുകൂടെ ഉയൎന്ന ദൂരത്തിങ്കൽ കാണപ്പെട്ട മണ്ണൊടിയുടെ സമൂഹമെന്ന സാരം) അനുവ്യവസായം=പിന്നെ ഉണ്ടാകുന്ന ജ്ഞാനം- (ധൂളീപടലത്തെ കണ്ടിട്ട ഇത ധൂളീപടലമാകുന്നുഎന്നുള്ള ജ്ഞാനമുണ്ടായതിന്റെ ശെഷം ധൂളീപടലത്തെ ഞാൻ അറിയുന്നു എന്നിപ്രകാരമുണ്ടാകുന്ന ജ്ഞാനത്തിന്ന അനുവ്യവസായമെന്ന പെരാകുന്നു- ധൂളീപടലത്തെകണ്ടിട്ട ധൂമമാകുന്നു എന്ന ഭ്രമിച്ചാലും മെൽപ്രകാരം അനുവ്യവസായം ഉണ്ടാകുന്നതാകുന്നു-) യൊഗികൾ യുക്തന്മാരെന്നും യുഞ്ജാനന്മാരെന്നും രണ്ടുപ്രകാരത്തിലുള്ളവരാകയാൽ യൊഗജധൎമ്മമെന്ന അലൌകി

കസന്നികൎഷവും രണ്ടുപ്രകാരമെന്നറിയെണം. യുക്തനായിരിക്കുന്ന യൊഗി യൊഗജധൎമ്മസഹായത്തൊടുകൂടിയമനസ്സുകൊണ്ടു ആകാശം പരമാണുക്കളിത്യാദിസൎവ്വപദാൎത്ഥങ്ങളെയുമെല്ലാസമയത്തിങ്കലും തന്റെ അറിവിന്നു വിഷയങ്ങളാക്കിചെയ്യുന്നവനാകുന്നു- യുഞ്ജാനനായിരിക്കുന്ന യൊഗിക്കു മെൽപ്രകാരമുള്ളജ്ഞാനത്തെ കുറിച്ചു ചിന്തയുടെ സാഹായ്യം വെണം- ഇങ്ങിനെ രണ്ടു ഗ്രന്ഥത്തിങ്കൽ കാണപ്പെട്ടിരിക്കുന്ന- യൊഗജധൎമ്മത്തിന്നു പ്രമാണം ശ്രുതിസ്മൃതിപുരാണാദികളാകുന്നു- യുക്തന്മാരെന്നും യുഞ്ജാനന്മാരെന്നും രണ്ടുപ്രകാരമെന്ന യൊഗികൾ ഉണ്ടെന്നുള്ളതിന്നും പ്രമാണംശ്രുതിസ്മൃത്യാദികളാകുന്നു- യൊഗത്തിന്റെനിരന്തരമായ അനുഷ്ഠാനംകൊണ്ടു സമാധിയെന്ന അവസ്ഥയെ വശീകരിച്ചും അതു ഹെതുവായിട്ടു ലഭിക്കപ്പെട്ട അനെക സിദ്ധികളൊടു കൂടിയും ഇരിക്കുന്ന യൊഗിയെ യുക്തനെന്നു പറയുന്നു- അവന്നു ചിന്തയാകുന്ന സഹകാരിപദാൎത്ഥത്തിന്റെ അപെക്ഷ കൂടാതെ തന്നെ സകല പദാൎത്ഥങ്ങളുടെയും പ്രത്യക്ഷം സൎവ്വകാലത്തിങ്കലും ഭവിക്കും- വിഷയത്തിങ്കൽ നിന്നു നിവൃത്തിച്ചിരിക്കുന്ന മനസ്സൊടുകൂടിയവനായി സമാധിയിലുള്ള സ്ഥിതി മാത്രത്തെ ലഭിച്ച യൊഗിയെ യുഞ്ജാനനെന്നു പറയുന്നു- യുഞ്ജാനൻ ധ്യാനം കൊണ്ടു സ്ഥൂലത്തെയും സൂക്ഷ്മത്തെയും മറഞ്ഞതിനെയും അകലെയുള്ളതിനെയും പ്രത്യക്ഷമായിട്ടറിയും ഇപ്രകാരമാകയാൽ യൊഗജസന്നികൎഷം രണ്ടു പ്രകാരമെന്ന ഉണ്ടു എന്നതു സിദ്ധമായി പ്രത്യക്ഷ പ്രകരണം ഇവിടെ സമാപ്തമായി-

അനുമിതി പ്രകരണം

അനുമിതിക്കു കരണം വ്യാപ്തിജ്ഞാനമാകുന്നു- കരണമായാൽ വ്യാപാരം വെണമല്ലൊ- അതു ഏതാകുന്നു എന്നുകണ്ടു എങ്കിൽ പരാമൎശമാകുന്നു എന്നറിഞ്ഞുകൊൾക- യാതൊരുപുരുഷൻ ധൂമവഹ്നികളുടെ വ്യാപ്തിയെ പാകസ്ഥലത്തിങ്കൽ നിന്നു ഗ്രഹിച്ചിട്ടു പിന്നെ ഒരു കാലത്തിങ്കൽ പൎവ്വതാദികളിൽ മൂലവിച്ഛെദത്തൊടു കൂടാതെയുള്ള ധൂമരെഖയെ കാണുന്നുവൊ അവന്നു ധൂമം വഹ്നിവ്യാപ്യമാകുന്നു എന്നിപ്രകാരം വ്യാപ്തിസ്മരണം ഭവിക്കും അനന്തരം ഇതു വഹ്നിവ്യാപ്യ മായിരിക്കുന്നധൂമത്തൊടുകൂടിയതാകുന്നു എന്നുള്ള ബുദ്ധിഭവിക്കും- അതിനെപരാമൎശമെന്നുപറയുന്നു ഇപ്രകാരം പരാമൎശമുണ്ടാകയാൽ ഇതു വഹ്നിമാനാകുന്നു എന്നുള്ള ജ്ഞാനം ഭവിക്കും- അതുതന്നെ അനുമിതിയാകുന്നതു ഇവിടെപ്രാചീനന്മാർ പറയുന്ന വ്യാപ്തി പ്രകാരത്തൊടു കൂ

ട്ടെഅറിയപ്പെട്ടിരിക്കുന്നതായ ധൂമംമുതലായലിംഗംഅനുമിതിക്കു രണമാകുന്നഇപ്രകാരമാണഅവർപറയുന്നത- അതയുക്തമല്ലാ - വ്യാപ്യതയോടുകൂടെ അറിയപ്പെട്ടിരിക്കുന്നലിംഗം കരണമാ കാൻ അനാഗതമായിട്ടോവിനഷ്ടമായിട്ടോഇരിക്കുന്ന ലിംഗം കൊണ്ടു അനുമിതിഭവിക്കില്ലെന്നുവരും കരണമെന്നുകല്പിക്ക പ്പെട്ടലിംഗം അനുമിതിപൂൎവ്വകാലത്തിങ്കൽ ഇല്ലല്ലൊ ഇതുത ന്നെമേൽപറഞ്ഞതിന്നു കാരണമാകുന്നത. പരാമൎശത്തിന്റെ ലക്ഷണംവ്യാപ്തിവിശിഷ്ടപക്ഷധൎമ്മതാജ്ഞാനമാകുന്നു. (വ്യാ പ്തിവിശിഷ്ടപക്ഷധൎമ്മതാജ്ഞാനതാം= വ്യാപ്തിവിശിഷ്ടപക്ഷ ധൎമ്മതാജ്ഞാനമാവുഎന്നുള്ളത. വ്യാപ്തിവിശിഷ്ടപക്ഷധൎമ്മതാ ജ്ഞാനം= വ്യാപ്തിവിശിഷ്ടത്തിന്റെ പക്ഷധൎമ്മതാജ്ഞാനം= വ്യാപ്തിവിശിഷ്ടം=വ്യാപ്തിയോടുകൂടിയത— പക്ഷധൎമ്മതാജ്ഞാ നം=പക്ഷധൎമ്മതയുടെ ജ്ഞാനം (പക്ഷത്തോടുകൂടെ വൈശി ഷ്ട്യത്തെ അവഗാഹിച്ചിട്ടു ഉണ്ടാകുന്നതായ ജ്ഞാനമെന്നു സാരം=) ഇതതന്നെവ്യാപ്യത്തിന്റെപക്ഷവൃത്തിതാധീപരാമൎശ മാകുന്നുഎന്നുപറഞ്ഞതിന്റെ സാരംമെൽപ്രകാരമുള്ളപരാമൎശം പക്ഷത്തിങ്കൽ വ്യാപ്യംഭവിക്കുന്നു എന്നിപ്രകാരവും പക്ഷം വ്യാപ്യത്തോടു കൂടിയതാകുന്നു എന്നിപ്രകാരവുമാം- അനുമി തിഉണ്ടാവുന്നത പക്ഷത്തിങ്കൽ വ്യാപ്യം ഭവിക്കുന്നു എന്നിങ്ങി നെയുള്ളപരാമൎശം ഹേതുവായിട്ടു പക്ഷത്തിങ്കൽ സാദ്ധ്യംഭവി ക്കുന്നു. എന്നിപ്രകാരവും പക്ഷംവ്യാപ്യവാനാകുന്നു എന്നുള്ള പരാമൎശംഹേതുവായിട്ടു പക്ഷംസാദ്ധ്യവാനാകുന്നു എന്നിപ്ര കാരമാകുന്നു. രണ്ടുപ്രകാരെന്ന ഉള്ളപരാമൎശം ഹേതുവായിട്ടും അനുമിതി ഉണ്ടാകുന്നത പക്ഷം സാദ്ധ്യവാനാകുന്നു എന്നിപ്ര കാരംതന്നെഎന്നും ചിലരുടെമതവുമുണ്ടു. മെൽപറഞ്ഞപരാമൎശ ത്തിന്റെ ആകൃതിയെ ഒന്നിനെദൃഷ്ടാന്തമാക്കി ഗ്രഹിപ്പിക്കാം. പൎവ്വതോവഹ്നിമാൻ എന്നുള്ളഅനുമിതിക്കുകരണം വഹ്നിവ്യാ പ്യമാകുന്ന ധൂമത്തോടു കൂടിയതാകുന്നു പൎവ്വതം എന്നുള്ളജ്ഞാ നത്തോടു കൂടാതെയാവുന്നതുതന്നെ പൎവ്വതംധൂമവാനാകുന്നു എന്നുള്ള പ്രത്യക്ഷവും ധൂമംവഹ്നിവ്യാപ്യമാകുന്നുഎന്നുള്ളസ്മര ണവുംഭവിച്ചുവൊ അവന്നു ജ്ഞാനമായം ഹേതുവായിട്ടുതന്നെ അനുമിതിഉണ്ടാകുന്നു. അതുഹേതുവായിട്ടുവ്യാപ്തിവിശിഷ്ടവൈ ശിഷ്ട്യത്തെവിഷയീകരിച്ചുണ്ടാകുന്നജ്ഞാനം അനുമിതിപ്രതി സൎവ്വത്രകാരണമെന്നില്ല. അതുഹേതുവായിട്ടു അപ്രകാരം കല്പി ക്കേണ്ടതിന്നെപറയാം. വ്യാപ്യകാവാതെദൂരതപ്രകാരക

പക്ഷധൎമ്മതാജ്ഞാനം അനുമിതിക്കുകാരണമാകുന്നു. എന്നുതന്നെപറയെണം വിശിഷ്ടജ്ഞാനത്തിന്നു കാരണത്വത്തെകല്പിക്കുന്നതുമാരമാകുന്നു (വ്യാപ്യതാവഛെദകാവഛിന്നപ്രകാരകപക്ഷധൎമ്മതാജ്ഞാനം=വ്യാപ്യതാവഛെദകാവഛിന്നപ്രകാരമായിരിക്കുന്നപക്ഷധൎമ്മതാജ്ഞാനം. വ്യാപ്യതാവഛെദകാവഛിന്നപ്രകാരകം=വ്യാപ്യതാവഛെദകമാകുന്ന പ്രകാരത്തൊടുകൂടിയത. വ്യാപ്യതാവഛെദകം=വ്യാപ്യതയുടെ അവഛെദകം. വ്യാപ്യതാ=വ്യാപ്യമാവു എന്നുള്ളതു. വ്യാപ്യം=വ്യാപ്തിയുള്ളത. അവഛെദകം=നിയാമകധൎമ്മം. പ്രകാരം=വിശെഷണം. പക്ഷധൎമ്മതാജ്ഞാനം=പക്ഷധൎമ്മതയുടെജ്ഞാനം. പക്ഷധൎമ്മതാ=പക്ഷവൃത്തിത്വം. ഇങ്ങിനെമെൽപ്പറഞ്ഞ വാക്യത്തിലെ അന്തൎഭൂതങ്ങളായ അൎത്ഥങ്ങൾ. ഇങ്ങിനെ പറയുന്നതയുക്തമല്ല. വ്യാപ്യതാവഛെദകത്തിന്റെഅറിവിനൊടുകൂടാതെ ഉള്ളവന്ന വഹ്നിവ്യാപ്യവാൻ എന്നുള്ളജ്ഞാനം ഹെതുവായിട്ട തന്നെ അനുമിതി ഉണ്ടാകുന്നതാകയാലും ലാഘവമുള്ളതാകയാലും വ്യാപ്തിപ്രകാരകപക്ഷധൎമ്മതാ ജ്ഞാനത്തിന്ന ഹെതുത്വത്തെ സ്വീകരിക്കുന്നതുതന്നെ യുക്തമായിട്ടുള്ളത അത്രയുമല്ലവ്യാപ്യതാവഛെദകാവഛിന്നപ്രകാരകപക്ഷതൈതാധൎമ്മജ്ഞാനം കാരണമാകുന്നു എന്നുപറഞ്ഞാൽ ധൂമവാൻപൎവ്വതഃ എന്നുള്ളജ്ഞാനം ഹെതുവായിട്ട അനുമിതി ഉണ്ടാവാം എന്നുവരും. വ്യാപ്യതയെന്നത വ്യാപ്തിയുള്ളതിൽ ഇരിക്കുന്നൊരു ധൎമ്മവിശെഷമാകുന്നു. ഇവിടെ വ്യാപ്തിയുള്ളതധൂമംതന്നെ വ്യാപ്യതാധൂമത്തിങ്കലിരിക്കുന്നു. അതിന്റെ അവഛെദകമായിരിക്കുന്നത ധൂമത്വമാകുന്നു. അങ്ങിനെയുള്ള ധൂമത്വം ധൂമവാൻപൎവ്വതഃ എന്നുള്ളെടത്തവിശെഷണമായിട്ടുംഭവിക്കുന്നു. എങ്കിലുംധൂമത്തിങ്കലുള്ളവ്യാപ്യതയെ ഗ്രഹിച്ചിട്ടില്ല. അപ്പൊൾ ഗ്രഹിക്കപ്പെട്ടതായ വ്യാപ്യതയുടെ അവഛെദകത്തിന്ന വിശെഷണതവെണമെന്നാകുന്നു എന്നുപറഞ്ഞാൽ മെൽപറഞ്ഞദൊഷത്തിന്നപരിഹാരംഭവിക്കും. അപ്പൊൾ ചൈത്രന്നവ്യാപ്തിഗ്രഹണമുണ്ടായിരിക്കും സമയത്തിങ്കൽ മൈത്രന്നുണ്ടായ പക്ഷധൎമ്മതാജ്ഞാനംഹെതുവായിട്ട അനുമിതിഭവിക്കാമെന്നുള്ളഅനുപപത്തിശെഷിക്കും. ഗ്രഹണത്തിങ്കൽ യാതൊരുപുരുഷൻ കൎത്താവായിഭവിക്കുന്നുവൊ അവനുതന്നെഉണ്ടായ പക്ഷധൎമ്മതാജ്ഞാനമെമായിരിക്കെണം. എന്നിപ്രകാരം പുരുഷവിശെഷത്തെ സ്വീകരിച്ചുപറഞ്ഞാൽ കാൎയ്യകാരണഭാവകല്പനക്ക അവധിയില്ലെന്നുവരും എന്റെമതത്തിങ്കൽ

സമവായസംബന്ധേന ഉള്ളതായ വ്യാപ്തിപ്രകാരതാപക്ഷധൎമ്മതാജ്ഞാനം സമവായേന അനുമിതിപ്രതിഹേതുവാൽ കാൎയ്യകാരണഭാവകല്പനാനവസാനത്തിന്ന സംഗതിയില്ലെന്നറിഞ്ഞുകൊൾകയുംവേണം- വ്യാപ്തിപ്രകാരകമായിരിക്കുന്ന ജ്ഞാനവും പക്ഷധൎമ്മതാജ്ഞാനവും സ്വാതന്ത്ര്യേണ കാരണമാകുന്നുഎന്ന പറഞ്ഞാൽ രണ്ടുകാൎയ്യകാരണഭാവങ്ങൾ കല്പിക്കേണം- ധൂമം വഹ്നിവ്യാപ്യമാകുന്നു എന്നുള്ള വ്യാപ്തിജ്ഞാനവും ആലോകവാൻപൎവ്വതം എന്നുള്ള പക്ഷധൎമ്മതാജ്ഞാനവുമുണ്ടായാൽ അനുമിതി ഉണ്ടാവാമെന്നവെറെയും ദോഷമുണ്ടു. അതഹേതുവായിട്ടു ജ്ഞാനദ്വയം ഹേതുവായിട്ടു അനുമിതിതന്നെ ഉണ്ടാകുന്നില്ല സൎവ്വത്രവിശിഷ്ടജ്ഞാനം ഹേതുവായിട്ടാകുന്നു എന്നതന്നെകല്പിക്കേണമെന്ന ധരിച്ചുകൊൾകയുംവേണം.

വ്യാപ്തിവാദഃ

വ്യാപ്തിഎന്നത സാദ്ധ്യവദന്യാവൃത്തിത്വമാകുന്നു— (സാദ്ധ്യവദന്യാവൃത്തിത്വം=സാദ്ധ്യവദന്യത്തിങ്കലുള്ള അവൃത്തിത്വം- സാദ്ധ്യവദന്യം=സാദ്ധ്യവത്തിങ്കൽ നിന്നന്യം— സാദ്ധ്യവത്തു=സാദ്ധ്യാധികരണം— അന്യം=അപരം— അവൃത്തിത്വം=വൃത്തിത്വാഭാവം—) ഇങ്ങിനെസാദ്ധ്യവദന്യാവൃത്തിത്വപദത്തിന്റെ അൎത്ഥത്തെ ഗ്രഹിച്ചുകൊൾക— വഹ്നിമാൻധൂമാൻ ഇത്യാദിസ്ഥലങ്ങളിൽ സാദ്ധ്യം വഹ്നിയും ഹേതു ധൂമവുമാകുന്നു. ധൂമാദിഹേതുക്കളിൽ വഹ്ന്യാദികളുടെ വ്യാപ്തിയെ പരീക്ഷിക്കേണം. സാദ്ധ്യം വഹ്നി— സാദ്ധ്യാധികരണം=മഹാനസമുതലായത. അതിങ്കൽനിന്ന അന്യപദാൎത്ഥം ജലാദിതിങ്കൽ ഇരിക്കായ്ക. ധൂമത്തിന്ന ഉണ്ടാകയാൽ ധൂമം വഹ്നിവ്യാപ്തി ഉള്ളതാകുന്നു എന്നഗ്രഹിച്ചുകൊൾക. ഇപ്രകാരം മറ്റുള്ളസ്ഥലങ്ങളിലും പരീക്ഷിച്ചുകൊൾക ധൂമവാൻ വഹ്നേഃ ഇത്യാദിസ്ഥലങ്ങളിൽസാദ്ധ്യാധികരണമായിരിക്കുന്ന വസ്തുക്കളിൽനിന്ന അന്യമായിരിക്കുന്നലോഹപിണ്ഡാദിമുതലായതുകളിൽ വഹ്നിഉണ്ടാകയാൽഅതിവ്യാപ്തിയില്ലെന്നും ഗ്രഹിച്ചുകൊൾക. യാതൊരുസംബന്ധേനവഹ്ന്യാദികൾക്ക സാദ്ധ്യത്വം വിവക്ഷിതമൊ ആ സംബന്ധേനതന്നെ സാദ്ധ്യത്തിന്ന അധികരണമായവസ്തുവിനെസാദ്ധ്യവത്ത എന്നുള്ളപദംകൊണ്ടു ഗ്രഹിക്കേണം. വല്ലതുസംബന്ധംകൊണ്ടു സാദ്ധ്യവത്തായാൽ മതിഎങ്കിൽ വഹ്നിമാൻധൂമാൻ എന്നുള്ളേടത്തു സാദ്ധ്യം സംയോഗസംബന്ധത്തോടു കൂടിയതായിരുന്നാലും സമവായസംബന്ധേന വഹ്നിയുടെ അവ

യവും സാദ്ധ്യാധികരണമാകയാലും അതിങ്കൽനിന്ന അന്യമാ യ പാകസ്ഥാനം തുടങ്ങിയുള്ള സ്ഥലത്തിങ്കൽ ധൂമമുണ്ടാകയാ ലും ധൂമത്തിങ്കൽ അവ്യാപ്തിയെ വിക്കും യാതൊരു സംബന്ധേന സാദ്ധ്യതയെ ചിക്കുന്നുവൊ ആ സംബന്ധം കൊണ്ടുതന്നെ സാ ദ്ധ്യാധികരണത്തെ ഗ്രഹിച്ചാൽ മെൽപറഞ്ഞസ്ഥലത്തിങ്കൽസാ ദ്ധ്യതാ സംയോഗസംബന്ധംകൊണ്ടാകയാൽ സമവായസം ബന്ധേനസാദ്ധ്യവത്തായിരിക്കുന്ന ധൂമാവയവത്തെ സാദ്ധ്യവ ൽപദംകൊണ്ടു ഗ്രഹിച്ചുകൂടുന്നതല്ലൊ വരുന്നത. അപ്രകാ രമാകയാൽ അതിനെഗ്രഹിച്ചിട്ടുള്ള അതിവ്യാപ്തിപ്രസംഗമി ല്ലെന്നറിക. സാദ്ധ്യവദന്യപദംകൊണ്ടു സാദ്ധ്യവത്താവച്ഛിന്ന പ്രതിയോഗിതാക സാമാന്യഭെദമുള്ളതിനെ ഗ്രഹിക്കെണം. (സാദ്ധ്യവത്താവച്ഛിന്നപ്രതിയോഗിതാകസാമാന്യഭെദം= സാ ദ്ധ്യവത്താവച്ഛിന്നപ്രതിയോഗിതാകമായിരിക്കുന്ന സാമാന്യഭെ ദം—സാദ്ധ്യവത്താവച്ഛിന്നപ്രതിയോഗിതാകം=സാദ്ധ്യവത്താവ ച്ഛിന്നയായിരിക്കുന്ന പ്രതിയോഗിതയോടു കൂടിയത- സാ ദ്ധ്യവത്താവച്ഛിന്ന= സാദ്ധ്യവത്താൽ അവച്ഛിന്ന— സാദ്ധ്യവത്വം= സാദ്ധ്യവത്താവൃത്തിയുള്ളത— സാദ്ധ്യ വത്ത= സാദ്ധ്യാധികരണം- അവച്ഛിന്ന=അവച്ഛെദിക്ക പ്പെട്ടത— അവച്ഛെദിക്കം=നിയമിക്കം— പ്രതിയോഗിത=പ്ര തിയോഗിയാവൃത്തിയുള്ളത— സാമാന്യഭെദം=സാമാന്യമായി രിക്കുന്ന ഭെദം— ഭെദം=അന്യോന്യാഭാവം) ഇങ്ങിനെയുള്ള സാദ്ധ്യവദന്യത്തെ ഗ്രഹിക്കെണമെന്നിരിക്കയാൽ ഒരു വഹ്നി യുടെ അധികരണമായ മഹാനസത്തിങ്കൽ നിന്നുമുള്ള ഭെദം മ റെറാരു വഹ്നിക്കധികരണമായ പർവ്വതാദികളിൽ ഇരുന്ന താകയാലും അവിടെ ധൂമ മുണ്ടാകയാൽ ധൂമത്തിങ്കൽ അവ്യാ പ്തിയില്ലെന്നറിക- ഹെതുതാ യാതൊരു സംബന്ധേന ഭവി ക്കുന്നുവൊ അതുകൊണ്ടു തന്നെ സാദ്ധ്യവദന്യങ്ങളിലുള്ള വൃ ത്തിതാഭാവത്തെ ഗ്രഹിക്കെണം- അതു ഹെതുവായിട്ടു സാദ്ധ്യ വദന്യമായിരിക്കുന്ന ധൂമാവയവത്തിങ്കൽ ധൂമത്തിന്ന സമവാ യ സംബന്ധേന വൃത്തിതയുണ്ടായാലും അവ്യാപ്തിയില്ലെന്ന റിക- സാദ്ധ്യവദന്യാവൃത്തിത്വം സാദ്ധ്യവദന്യതാവച്ഛിന്ന വൃത്തിതാ പ്രതിയോഗികാഭാവ രൂപമാകുന്നു- (സാദ്ധ്യവദന്യ താവച്ഛിന്ന വൃത്തിതാപ്രതിയോഗികാഭാവ രൂപം=സാദ്ധ്യവദ ന്യതാവച്ഛിന്നവൃത്തിതാപ്രതിയോഗികാഭാവമാകുന്ന രൂപ ത്തൊടു കൂടിയത— സാദ്ധ്യവദന്യതാവച്ഛിന്ന വൃത്തിതാപ്രതി

കേരള സാഹിത്യ അക്കാദമി

യോഗികാഭാവം=സാധ്യവദന്യതാവച്ഛിന്നത്തിങ്കലുള്ള വൃത്തിത്വമാകുന്ന പ്രതിയോഗിയോടു കൂടിയതായ അഭാവം— സാധ്യവദന്യതാവച്ഛിന്നം സാധ്യവദന്യത്വത്താൽ അവച്ഛിന്നം- സാധ്യവദന്യതാ=സാധ്യവദന്യമായ്വുള്ളത— അവച്ഛിന്നം=അവച്ഛേദിക്കപ്പെട്ടതു— വൃത്തിത്വം=ആധേയത്വം (ഇരിപ്പ്) ഇങ്ങിനെ സാധ്യവദന്യാവൃത്തിത്വത്തെ ഗ്രഹിച്ചാൽ ധൂമവാൻ വഹ്നേഃ എന്നേടത്തുള്ളത്തെ സാധ്യവദന്യമായ ഹ്രദം മുതലായതിൽ വഹ്നിക്കു സ്ഥിതിയില്ലാ എങ്കിലും അതിങ്കൽ അതിവ്യാപ്തി ലഭിക്കുന്നില്ല— സാധ്യവദന്യാവച്ഛിന്നമെന്നുള്ള പദം കൊണ്ടു സകലസാധ്യവദന്യങ്ങളെ ഗ്രഹിക്കേണ്ടതായി വന്നിരിക്കുമ്പോൾ ഒരു സാധ്യവദന്യത്തിങ്കൽ വൃത്തിത്വമില്ലെന്നതിനെ കാണിച്ചു അവ്യാപ്തിയെ പറയുന്നതു അസംഗതമാകുന്നതല്ലൊ- ദ്രവ്യം ഗുണകൎമ്മാന്യത്വവിശിഷ്ടസത്വാൽ എന്നുള്ള അനുമാനത്തിങ്കൽ വിശിഷ്ടസത്തക്കും കേവലസത്തക്കും ഐക്യമുണ്ടാകയാൽ സാധ്യവദന്യമായിരിക്കുന്ന ഗുണം മുതലായതിൽ വിശിഷ്ടസത്ത ഇരിക്കുന്നു എന്നാവരും- എങ്കിലും ഹേതുതാവച്ഛേദക രൂപേണ വൃത്തിത്വം പറയേണം- ഹേതുതാവച്ഛേദകവിശിഷ്ടസത്താത്വമാകുന്നു- അതുവൃത്തിയുടെ അവച്ഛേദകമായി ലഭിക്കുന്നത- എന്നു മേൽ പ്രകാരം പറഞ്ഞാൽ വന്നു കൂടുകയും ചെയ്യും- അതുകൊണ്ടു അവ്യാപ്തിയില്ലെന്നറികയും വേണം- ഭേദയത്വാദി ഹേതുക്കൾ കേവലാന്വയികളാകകൊണ്ടു സാധ്യവദന്യത്തിന്നു അപ്രസിദ്ധി വരുന്നതാകയാൽ അതുകളിൽ മേൽ പറഞ്ഞ ലക്ഷണത്തിന്നു അവ്യാപ്തിയുണ്ടു- അതുതന്നെ അല്ല സത്താവാൻ ജാതേഃ ഇത്യാദി സ്ഥലത്തിങ്കൽ സാധ്യവദന്യമായിരിക്കുന്ന സാമാന്യാദികളിൽ ഹേതുതാവച്ഛേദകമായിരിക്കുന്ന സമവായംകൊണ്ടുള്ള വൃത്തിയുടെ അപ്രസിദ്ധി ഹേതുവായിട്ടു അവ്യാപ്തിയുമുണ്ടു അതഹേതുവായിട്ടു ലക്ഷണാന്തരത്തെ ആശ്രയിക്കേണം- (വഹ്നിമാൻ ധൂമാൻ എന്നതിന്നു വഹ്നിയുള്ളതാകുന്നു ധൂമം ഹേതുവായിട്ടു എന്നൎത്ഥം- ധൂമവാൻവഹ്നേഃ എന്നുള്ളതിന്നു ധൂമം ഉള്ളതാകുന്നു വഹ്നിഹേതുവായിട്ടു എന്നൎത്ഥം- ദ്രവ്യംഗുണകൎമ്മാന്യത്വവിശിഷ്ടസത്വാൽ എന്നതിന്നു=ദ്രവ്യമാകുന്നു ഗുണകൎമ്മാന്യത്വവിശിഷ്ടസത്വം ഹേതുവായിട്ടു എന്നൎത്ഥമാകുന്നു— ഗുണകൎമ്മാന്യത്വവിശിഷ്ടസത്വം=ഗുണകൎമ്മാന്യത്വ വിശിഷ്ടമായിരിക്കുന്നസത്വം— ഗുണകൎമ്മാന്യത്വവിശിഷ്ടം=ഗുണകൎമ്മാന്യത്വത്തോടു

കൂടെ ഇരിക്കുന്നത— ഗുണകൎമ്മാന്യത്വം=ഗുണകൎമ്മാന്യമാവു എന്നുള്ളത. ഗുണകൎമ്മാന്യം=ഗുണകൎമ്മങ്ങളിൽ നിന്നന്യം— ഗുണകൎമ്മങ്ങൾ=ഗുണവും കൎമ്മവും— അന്യം=അപരം— ഇങ്ങിനെ മേൽ പറഞ്ഞ അനുമാനവാക്യങ്ങളിലുള്ള പദങ്ങളുടെ അൎത്ഥങ്ങളെ ഗ്രഹിച്ചുകൊൾക— ഇതിന്നും പുറമെ എല്ലാവസ്തുക്കളിലും ഇരിക്കുന്നതായുള്ളതിനെ കെവലാന്വയി എന്ന പറയുന്നതുമെന്നും സത്താവാൻജാതെഃ— എന്നുള്ളതിന്ന സത്തയുള്ളതാകുന്നു— ജാതിഹെതുവായിട്ട എന്നൎത്ഥമാകുന്നു എന്നും ഗ്രഹിച്ചുകൊൾക— ഇവിടെ ഉള്ള അവ്യാപ്തിയെ കൂടെ പരിഹരിപ്പാൻ മതിയായതായ ലക്ഷണത്തെ ഇനി പറവാൻ പോകുന്നു—

൭— അഥവാ ഹെതുമന്നിഷ്ഠവിരഹാപ്രതിയോഗിനാ സാദ്ധ്യനഹെതൊരൈകാധികരണ്യം വ്യാപ്തിരുച്യതെ ॥

അന്വയം—— അഥവാ— ഹെതുമന്നിഷ്ഠവിരഹാപ്രതിയോഗിനാ— സാദ്ധ്യെന— ഹെതൊഃ— ഐകാധികരണ്യം— വ്യാപ്തിഃ— ഉച്യതെ—

അന്വയാൎത്ഥം—— അല്ലാ എങ്കിൽ ഹെതുമന്നിഷ്ഠവിരഹാപ്രതിയോഗിയായിരിക്കുന്ന സാദ്ധ്യത്തോടകൂടെ ഹെതുവിന്റെ ഐകാധികരണ്യം വ്യാപ്തിയെന്ന പറയപ്പെടുന്നു—

പരിഭാഷാ —— ഹെതുമന്നിഷ്ഠവിരഹാപ്രതിയോഗി=ഹെതുമന്നിഷ്ഠവിരഹത്തിന്റെ അപ്രതിയോഗി— ഹെതുമന്നിഷ്ഠവിരഹം=ഹെതുമന്നിഷ്ഠമായിരിക്കുന്ന വിരഹം— ഹെതുമന്നിഷ്ഠം=ഹെതുമാങ്കൽ നിഷ്ഠയോടകൂടിയത— ഹെതുമാൻ=ഹെതുവുള്ളത— (ഹെത്വധികരണമെന്നസാരം) നിഷ്ഠാ=സ്ഥിതി— വിരഹം=അഭാവം— അപ്രതിയോഗി=പ്രതിയോഗിഅല്ലാത്തത— ഐകാധികരണ്യം= ഏകാധികരണമാവു എന്നുള്ളത— ഏകാധികരണം=ഏകമായിരിക്കുന്ന അധികരണത്തോടകൂടിയത. ഏകം=ഒന്ന— അധികരണം=ഇരിപ്പിടം— വചിക്ക=പറക—

സാരം— മെൽ പറഞ്ഞ ലക്ഷണത്തിന്ന ചില സ്ഥലങ്ങളിൽ അവ്യാപ്തി വരുന്നതാകയാൽ ഹെതുസമാനാധികരണാത്യന്താഭാവാപ്രതിയോഗി സാദ്ധ്യസമാനാധികരണ്യത്തെ തന്നെ വ്യാപ്തി എന്നറിഞ്ഞു കൊൾക— (ഹെതു സമാനാധികരണാത്യന്താഭാവാപ്രതിയോഗി സാദ്ധ്യസാമാനാധികരണ്യം=ഹെതുസമാനാധി കരണാത്യന്താഭാവാ പ്രതിയോഗിയായിരിക്കുന്ന സാദ്ധ്യത്തോട കൂടെയുള്ള സാമാനാധികരണ്യം— ഹെതുസമാനാധികരണാത്യന്താഭാവാപ്രതിയോഗി=ഹെതുസമാനാധി കര

ണമായിരിക്കുന്ന അത്യന്താഭാവത്തിന്റെ അപ്രതിയോഗി=ഹെതുസമാനാധികരണം=ഹെതുവിനൊടുസമാനാധികരണം—ഹെതു=വഹ്നിമാനാകുന്നു- (ധൂമം ഹെതുവായിട്ടു എന്നുള്ള സ്ഥലങ്ങളിൽ മറ്റുള്ള സ്ഥലത്തിങ്കൽ ഇതു പൊലെ മറ്റൊന്ന(സമാനാധികരണം=സമാനമായിരിക്കുന്ന അധികരണത്തൊടു കൂടിയത- സമാനം=തുല്യം— അപ്രതിയോഗി=പ്രതിയോഗിയല്ലാത്തത- (ഘടത്തിന്റെ അഭാവം ഒരെടത്തു ഭവിക്കുന്നുവെ- അത അവിടെയുള്ള ഒരു അഭാവത്തിന്റെ പ്രതിയോഗിയാകുന്ന എന്ന സൎവ്വത്ര ഓൎമ്മവെച്ചു കൊൾക- സാദ്ധ്യം=വഹ്നിമാനാകുന്ന ധൂമം എന്നുള്ള സ്ഥലത്തിങ്കൽ വഹ്നിമറ്റുള്ള സ്ഥല... ഇതുപൊലെ മറ്റൊന്ന- സാമാനാധികരണ്യം=സമാനാധികരണമായ്വ എന്നുള്ളത) ഇങ്ങിനെ വ്യാപ്തി സ...പക്ഷങ്ങളായ പദാൎത്ഥങ്ങൾ- ഇപ്രകാരം വ്യാപ്തിയെ അ..കരിച്ചാൽ കെവലാന്വയിയായിരിക്കുന്ന ഹെതുവിങ്കൽ അവ്യാപ്തി ഭവിക്കില്ല സാദ്ധ്യ...ത്യന്താഭാവ... മുൻ പറകപ്പെട്ട ലക്ഷണം കെവലാന്വയിയായിരിക്കുന്ന ഹെതുവിനെ ദൃഷ്ടിക്കാത്തതുകൊണ്ടാകയാൽ...പ്പെട്ടലക്ഷണം ദൂഷിതമാകുന്നു ഇങ്ങിനെ എന്നാൽ... അറിയാൻ... ഒരു ദൃഷ്ടാന്തത്തെ കാണിച്ചു ഉപപാദിക്കാം=അഭിധെയത്വം സാദ്ധ്യമാകുന്നു പ്രമെയത്വമാകുന്ന ഹെതു കെവലാന്വയിയാകുന്നു- കെവലാന്വയി എന്നതിന്ന കെവലമായിരിക്കുന്ന അന്വയമുള്ളതെന്നൎത്ഥം അന്വയം=സാദ്ധ്യത്തൊടുകൂടെയുള്ള ഇരിപ്പ- കെവലമെന്ന വിശെഷണമുണ്ടാകയാൽ സാദ്ധ്യത്തൊടു കൂടെയുള്ള ഇരിപ്പു തന്നെയായിട്ടുള്ളത എന്നുള്ള അൎത്ഥത്തെ ഗ്രഹിക്കെണം- ഇതു കൊണ്ടു സാദ്ധ്യത്തൊട കൂടാതെയുള്ള ഇരിപ്പ ഒരെടത്തുമില്ല- എന്നത കൂടെ സിദ്ധമായിരിക്കുന്നു- അഭിധെയം പ്രമെയത്വാൽ എന്നുള്ള അനുമാനത്തിങ്കൽ പ്രമെയത്വം ... പ്രകാരമാകുന്നു- പ്രമെയത്വം ഇവിടെയുണ്ടൊ അത അഭിധെയത്വമുള്ളതാകുന്നു എന്നുള്ളതിന്ന സകല പദാൎത്ഥങ്ങളും ദൃഷ്ടാന്തമാകുന്നു- അഭിധെയത്വമില്ലായ്ക ഏവിടെ ഉണ്ടൊ അവിടെ പ്രമെയത്വമില്ല- എന്നി പ്രകാരം അന്വയത്തിന്ന വിപരീതമായ വ്യതിരെകത്തെ പറയെണമെങ്കിൽ അതിന്ന ദൃഷ്ടാന്തമില്ല- എന്തുകൊണ്ടെന്നാൽ അഭിധെയത്വവും പ്രമെയത്വവും സൎവ്വപദാൎത്ഥങ്ങളിലുമുണ്ട അഭിധെയത്വം=അഭിധെയ...എന്നുള്ളത- അഭിധെയം=അഭിധാനം ചെയ്യപ്പെടുവാൻ യൊഗ്യം- അഭിധാനംചെയ്ക=പ

റക പ്രമെയത്വം=പ്രമെയമാവു എന്നുള്ളത. പ്രമെയം=അറികപ്പെടുവാൻയൊഗ്യം- ഇങ്ങിനെ യാകയാൽ മെൽ പറഞ്ഞ രണ്ടു അവസ്ഥകൾ സൎവ്വസാധാരണമാകുന്നു— ഇപ്രകാരമിരിക്കുമ്പൊൾ വ്യാപ്തി എന്നത സാദ്ധ്യവദന്യാവൃത്തിത്വമാവു എന്ന പറഞ്ഞാൽ അഭിധെയമാകുന്നു പ്രമെയത്വം ഹെതുവായിട്ടഎന്നുള്ള സ്ഥലത്തിങ്കൽ സാദ്ധ്യവദന്യമായ പദാൎത്ഥത്തിന്റെ അപ്രസിദ്ധി ഹെതുവായിട്ട സാദ്ധ്യവദന്യത്തിങ്കൽ ഇരിക്കായ്ക എന്നുള്ള അവസ്ഥ ഹെതുവിന്ന ഉണ്ട എന്നുള്ളതിനെ ഉപപാദിപ്പാൻ ഗതിയില്ല. അതുകൊണ്ട അവ്യാപ്തിയെ പറഞ്ഞത ശരിതന്നെ രണ്ടാമത പറഞ്ഞ ലക്ഷണത്തിന്ന ഈ ദൊഷം വരുന്നതല്ല— എന്തുകൊണ്ടെന്നാൽ ഹെതുസമാനാധികരണാത്യന്താഭാവപ്രതിയൊഗി സാദ്ധ്യസമാനാധികരണ്യമെന്നത. അഭിധെയം പ്രമെയത്വം എന്നുള്ള സ്ഥലത്തിങ്കലെ ഹെതുവിന്നുണ്ട എങ്ങിനെ എന്നാൽ ഹെതു പ്രമെയത്വം ഹെതുസമാനാധികരണമായ അത്യന്താഭാവം അഭിധെയത്വത്തിന്റെ അത്യന്താഭാവമാകയില്ല- അഭിധെയത്വം അവിടെ ഉണ്ടല്ലൊ അത ഹെതുവായിട്ട ഘടാഭാവം മുതലായതിനെ ഗ്രഹിക്കെണം— അതിന്റെ പ്രതിയൊഗി ഘടം മുതലായതാകുന്നു. അതിന്റെ അപ്രതിയായ സാദ്ധ്യം അഭിധെയത്വം അതിനൊട കൂടെയുള്ള സാമാനാധികരണ്യം പ്രമെയത്വത്തിന്നുണ്ട. അതുകൊണ്ട രണ്ടാമത്തെ ലക്ഷണത്തിന്ന കെവലാന്വയിഹെതുവിങ്കൽ അവ്യാപ്തിയില്ലാ എന്നതും ശരിതന്നെ എന്നുഗ്രഹിച്ചു കൊൾക. സത്തയുള്ളതാകുന്നുജാതിഹെതുവായിട്ട എന്നൎത്ഥമായ സത്താവാൻ ജാതെഃ എന്നുള്ളസ്ഥലത്തിങ്കൽ ഹെതുവായിട്ടുള്ളതു ജാതി ഹെതുസമാനാധികരണമായ അത്യന്താഭാവം സത്തയുടെഅഭാവമാകയില്ല ഹെത്വധികരണങ്ങൾദ്രവ്യവുംഗുണവും കൎമ്മവും ഇങ്ങിനെ മൂന്നുപദാൎത്ഥങ്ങളാകുന്നു. അതുകളിൽ സത്താഎന്ന സാദ്ധ്യമിരിക്കുന്നു. സത്താഎന്നസാദ്ധ്യമിരിക്കുമ്പൊൾ അതിന്റെ അഭാവം അതുകളിലുണ്ടാകയില്ലല്ലൊ അതുഹെതുവായിട്ടമെൽപ്രകാരം ഘടാഭാവത്തെ ഗ്രഹിക്കെണം എന്നാൽ അതിന്റെ പ്രതിയൊഗിത്വം സത്തക്കഇല്ലായ്കയാൽ സാദ്ധ്യംഹെതു സമാനാധികരണാത്യന്താഭാവത്തിന്ന അപ്രതിയൊഗിതന്നെ അങ്ങിനെയുള്ള സാദ്ധ്യത്തൊട കൂടെയുള്ള സമാനാധികരണ്യം ദ്രവ്യഗുണകൎമ്മങ്ങളിൽ ജാതിയാകുന്നഹെതുവിന്ന ഉള്ളതുതന്നെ അതുഹെതുവായിട്ട അ

വ്യ †

വിടെയും അവ്യാപ്തിയില്ലെന്നറിക. വഹ്നിമാൻ ധൂമാദിത്യാദി സ്ഥലങ്ങളിലും മെൽപ്രകാരം ലക്ഷണസംഗതി ഉണ്ടെന്നതിനെപരീക്ഷിച്ചു അറിഞ്ഞുകൊൾക. വഹ്നിഉള്ളതാകുന്നു ധൂമം ഹെതുവായിട്ടു എന്നുള്ള അൎത്ഥത്തൊടു കൂടിയതായവഹ്നിമാൻധൂമാൻ എന്നുള്ളസ്ഥലത്തിങ്കൽ ഹെത്വധികരണങ്ങളായ പൎവ്വതാദികളിലുള്ള അഭാവത്തിൻെറപ്രതിയൊഗിയാവൂ എന്നുള്ള അവസ്ഥ അതാതവഹ്നികൾക്കെവിക്കും. ഹെത്വധികരണംപൎവ്വതമാകുന്നാവുതിൽ അവിടെ ഒരുവഹ്നിയിരുന്നാലും മറെറാരുവഹ്നിഅവിടെ ഇരിക്കായ്കയാലും അതിൻെറ അഭാവവും വഹ്ന്യഭാവമാകയാലും വഹ്ന്യഭാവത്തിന്നു പ്രതിയൊഗിവഹ്നിയാകയാലുമാകുന്നു മെൽപ്രകാരം പറഞ്ഞതെന്നറിക. സമാനാധികരണങ്ങളായിരിക്കുന്ന വഹ്നിധൂമങ്ങൾക്കതന്നെയാകുന്നു വ്യാപ്തി എന്നുപറഞ്ഞാലും അതാതവഹ്നിയുടെ ഉഭയാഭാവത്തെ പിടിച്ചു അവ്യാപ്തിയെപറയാം. എങ്ങിനെയെന്നാൽ ഒന്നുണ്ടെങ്കിലും രണ്ടുംകൂടെ ഇല്ലെന്നറിഞ്ഞുപറഞ്ഞുവരുമാറുണ്ട. അതഹെതുവായിട്ടു വഹ്നി ഉണ്ടെങ്കിലും വഹ്നിഘടങ്ങളാകുന്നരണ്ടു വസ്തുക്കളുടെ സമുദായം അവിടെ ഇല്ലായ്കയാൽ വഹ്നിഘടൊഭയാഭാവം ഉണ്ടെന്നുത വഹ്നിഉള്ളസ്ഥലത്തിങ്കലുംപറയാം— വഹ്നിഘടൊഭയാഭാവത്തിന്നു ഘടംയാതൊരു പ്രകാരംപ്രതിയൊഗിയാകുന്നുവൊ അപ്രകാരം വഹ്നിയുംപ്രതിയൊഗിയാകുന്നു. അതുഹെതുവായിട്ടു ഹെതുസമാനാധികരണമായിരിക്കുന്ന അത്യന്താഭാവത്തിൻെറ പ്രതിയൊഗിത്വം സാദ്ധ്യത്തിന്നും വന്നുകൂടി. ഇങ്ങിനെയാകുന്നു അവ്യാപ്തിയെപറവാനുള്ളവഴി ഇപ്രകാരം ഗുണവാനാകുന്നു ദ്രവ്യത്വംഹെതുവായിട്ടു എന്നുള്ള അൎത്ഥത്തൊടു കൂടിയഗുണവാൻ ദ്രവ്യത്വാൽ എന്നുള്ളസ്ഥലത്തിങ്കലും ദ്രവ്യത്വമാകുന്നഹെതുവിങ്കൽ അവ്യാപ്തിയെപറയാം. എങ്ങിനെയെന്നാൽ മുറത്തിലിട്ടു അരിക്കൊഴിക്കുമ്പൊൾ മുറത്തിൽഅരിതാഴെവീഴും അപ്പൊൾ താഴെവീണുപൊയ അരിയുടെ അഭാവം മുറത്തിൽഉണ്ടാകും ആ അഭാവത്തെ അരിയുടെഅഭാവം എന്നുള്ളവാക്കുകൊണ്ടു ഗ്രഹിക്കാം. അരിയുടെഅഭാവത്തിന്നു പ്രതിയൊഗി അരിയാകുന്നു. മുറത്തിലുള്ളതും അരിതന്നെ ഇങ്ങിനെ താഴെവീണഅരിയുടെ അഭാവം ഉണ്ടായിരുന്നാൽ അതിൻെറപ്രതിയൊഗിത്വം മുറത്തിലുള്ള അരിക്കുപറയാം. ഇപ്രകാരം ഗുണാധികരണമായ ദ്രവ്യത്തിങ്കൽ ചിലഗുണങ്ങളുടെ അഭാവവുംവരുന്നതാകയാൽ ഉള്ളഗുണങ്ങൾക്ക ഇല്ലാത്തഗുണ

ങ്ങളുടെ അഭാവത്തെപിടിച്ചും ഗുണാഭാവപ്രതിയോഗിത്വ ത്തെ ഉപാധിക്കാം ഗുണാഭാവം ഹേത്വധികരണത്തിങ്കലുള്ളതാകുന്നു• അതിന്റെ പ്രതിയോഗിത്വം ഗുണമാകുന്ന സാധ്യത്തിന്നുണ്ടെന്നാൽ വന്നുകൂടുകയും ചെയ്യും• ഈ പ്രകാരമാകുന്ന അതിങ്കൽ അവ്യാപ്തിയെ പറവാനുള്ള വഴി• ഇങ്ങിനെ ചിലസ്ഥലങ്ങളിൽ രണ്ടാമത്തെ ലക്ഷണത്തിന്നു വരുന്നതായ ദോഷത്തെ പരിഹരിപ്പാനായിട്ടാണ ഹേതുസമാനാധികരണാത്യന്താഭാവ പ്രതിയോഗിതാനവച്ഛേദകസാധ്യതാവച്ഛേദകാവച്ഛിന്ന സാധ്യസാമാനാധികരണ്യം വ്യാപ്തിഃ· എന്നു പറകയുംവെണം· (ഹേതുസമാനാധികരണാത്യന്താഭാവ പ്രതിയോഗിതാനവച്ഛേദകസാധ്യതാവച്ഛേദകാവച്ഛിന്നസാമാനാധികരണ്യം ഹേതു=സമാനാധികരണാത്യന്താഭാവപ്രതിയോഗിതാനവച്ഛേദകസാധ്യതാവച്ഛേദകാവച്ഛിന്നത്തോടുകൂടിയുള്ള സമാനാധികരണ്യം— ഹേതുസമാനാധികരണാത്യന്താഭാവപ്രതിയോഗിതാനവച്ഛേദകസാധ്യതാവച്ഛേദകാവച്ഛിന്നം= ഹേതുസമാനാധികരണമായിരിക്കുന്ന അത്യന്താഭാവത്തിന്റെ പ്രതിയോഗിതയുടെ അനവച്ഛേദകമായിരിക്കുന്ന സാധ്യതാവച്ഛേദകത്താൽ അവച്ഛിന്നം ഹേതു സമാനാധികരണം= ഹേത്വധികരണത്തിങ്കൽ ഇരിക്കുന്നത— ഹേത്വധികരണം=ഹേതുവിന്റെ അധികരണം· ഹേതു= ധൂമംമുതലായത· അധികരണം=ഇരിപ്പിടം—പ്രതിയോഗിതാ= പ്രതിയോഗിയാവു എന്നുള്ളത— അനവച്ഛേദകം=അവച്ഛേദകമല്ലാത്തത· അവച്ഛേദകം=നിയാമകധൎമ്മം— പ്രതിയോഗിതാ ഉള്ളേടത്ത ഇരിക്കുന്നതായിട്ടും പ്രതിയോഗിതയില്ലാത്തേടത്ത ഇരിക്കാത്തതായിട്ടും ഉള്ളധൎമ്മമെന്നസാരം— സാധ്യതാവച്ഛേദകം= സാധ്യതയുടെ അവച്ഛേദകം— സാധ്യതാ= സാധ്യമാവു എന്നുള്ളത— സാധ്യം=വഹ്നിമുതലായത· അവച്ഛേദകപദാൎത്ഥത്തെ മെൽപ്രകാരം ഗ്രഹിച്ചുകൊൾക• മറ്റുള്ളസ്ഥലങ്ങളിലും ഈ പ്രകാരംതന്നെ എന്നു ധരിക്കുകയും ഓൎമ്മവെച്ചുകൊൾകയുംവെണം• അവച്ഛിന്നം=അവച്ഛേദിക്കപ്പെട്ടത— അവച്ഛേദികം=നിയാമകം= മെൽപ്രകാരമുള്ള സാധ്യതാവച്ഛേദധൎമ്മത്തോടുകൂടിയത എന്നസാരം· ഈ പ്രകാരം അവച്ഛിന്നപദാൎത്ഥത്തെ മറ്റുള്ളസ്ഥലങ്ങളിലും ഗ്രഹിച്ചുകൊൾക. സാമാനാധികരണ്യം=സമാനാധികരണമാവു എന്നുള്ളത ഒരെടത്ത ഭവിച്ചിട്ടുള്ള ഇരിപ്പെന്നസാരം— ഇങ്ങിനെ മറ്റുള്ള സ്ഥലങ്ങളിലും ഗ്രഹിച്ചുകൊൾക— ഇങ്ങിനെ സമാനാധികരണ്യമാകുന്ന വ്യാ

പ്തിഎന്നപറകപ്പെടുന്നത-) ഇങ്ങിനെമെൽപറഞ്ഞ വാക്യത്തിന്റെ അൎത്ഥത്തെ ഗ്രഹിക്കെണം- ഇതുകൊണ്ടുമെൽപറഞ്ഞഅവ്യാപ്തികളെ പരിഹരിച്ചിരിക്കുന്നു. എങ്ങിനെഎന്നാൽ വഹ്നിമാൻ ധൂമാൻ എന്നുള്ളസ്ഥലത്തിങ്കൽ ഹെത്വധികരണത്തിങ്കൽ ഉള്ളതാഭാവം ഹെത്വധികരണംപൎവ്വതമാകുമ്പൊൾ മഹാനസത്തിങ്കലുള്ള വഹ്നിയുടെ അഭാവമാകുന്നു. അതിന്റെ പ്രതിയൊഗിതാമഹാനസത്തിങ്കലുള്ള വഹ്നിയിങ്കൽ ഇരിക്കുന്നു-അതിന്റെ അവച്ഛെദകം മഹാനസീയവഹ്നിത്വമാകുന്നു. മഹാനസീയവഹ്നിത്വമെന്നത= മഹാനസീയവഹ്നിയിങ്കൽ തന്നെ ഇരിക്കുന്ന ധൎമ്മമാകുന്നു- മഹാനസീയവഹ്നിഎന്നതിന്നമഹാനസീയമായിരിക്കുന്ന വഹ്നിഎന്നും മഹാനസീയമെന്നതിന്ന മഹാനസത്തെ സംബന്ധിച്ചതെന്നും മഹാനസമെന്നതിന്ന പാകസ്ഥലമെന്നും അൎത്ഥത്തെഗ്രഹിച്ചുകൊൾക- മഹാനസീയവഹ്നിത്വമെന്നധൎമ്മം മഹാനസീയവഹ്നിയിങ്കൽ മാത്രം ഇരിക്കുന്നതാകയാൽ സകലവഹ്നിസാധാരണമായ വഹ്നിത്വം മഹാനസീയവഹ്നിത്വമല്ലായ്കയാൽ ഹെതുസമാനാധികരണാത്യന്താഭാവപ്രതിയൊഗിതയുടെ അനവച്ഛെദകമാകുന്നു അങ്ങിനെയുള്ള വഹ്നിത്വംതന്നെ മെൽപറഞ്ഞ സ്ഥലത്തിങ്കൽ സാധ്യതാവച്ഛെദമാകയാലും അതിനാൽ അവച്ഛിന്നമായ വഹ്നിയൊടുകൂടെ ഒരെടത്തുള്ള ഇരിപ്പ ധൂമത്തിന്ന ഉണ്ടാകയാലും ധൂമത്തിങ്കൽഅവ്യാപ്തി വരികില്ലാഎന്നും ഇപ്രകാരംതന്നെ ദ്രവ്യം ഗുണവാൻ ദ്രവ്യത്വാൽഎന്നുള്ള സ്ഥലത്തിങ്കലുമെന്നും ഗ്രഹിച്ചുകൊൾക- ഹെതുസമാനാധികരണമെന്നതിന്ന ഹെത്വധികരണത്തിങ്കൽ ഇരിക്കുന്നത എന്നുള്ള അൎത്ഥം പറകപ്പെട്ടതാവിടെഹെത്വധികരണം എന്നപദത്തിന്ന യഥാശ്രുതമായ അൎത്ഥംഹെതുവിന്റെ അധികരണമെന്നതന്നെ ആകുന്നു എങ്കിലും ഹെതുതാവച്ഛെദകവിശിഷ്ടാധികരണം എന്നുള്ള അൎത്ഥഗ്രഹണത്തിന്ന ആവശ്യമതയുണ്ടാകയാൽ ഹെതുപദം ഹെതുതാവച്ഛെദകവിശിഷ്ടത്തെ പറയുന്നതാകുന്നു എന്നഗ്രഹിച്ചുകൊൾക- ഹെതുതാവച്ഛെദകവിശിഷ്ടാധികരണം= ഹെതുതാവച്ഛെദകവിശിഷ്ടത്തിന്റെ അധികരണം ഹെതുതാവച്ഛെദകവിശിഷ്ടം=ഹെതുതാവച്ഛെദകംകൊണ്ടവിശിഷ്ടം ഹെതുതാവച്ഛെദകം=ഹെതുതയുടെ അവച്ഛെദകമായധൎമ്മം_ വിശിഷ്ടം=വിശെഷത്തൊടുകൂടിയത-ഹെതുതാവച്ഛെദകവിശിഷ്ടാധികരണത്തെ ഗ്രഹിക്കാതെ ഹെതുവിന്റെ അധികരണം എന്നുള്ള

യഥാശ്രുതാൎത്ഥത്തെതന്നെ ഗ്രഹിച്ചാൽദ്രവ്യം ഗുണകൎമ്മാന്യവിശിഷ്ടസത്താൽ എന്നഹെതുസ്ഥലത്തിങ്കൽ അവ്യാപ്തിവരിക്കും- മെൽപറഞ്ഞ സ്ഥലത്തിങ്കൽ ദ്രവ്യത്വം സാദ്ധ്യമാകുന്നു- ഗുണകൎമ്മാന്യത്വവിശിഷ്ടസത്വം ഹെതുവാകുന്നു. ഗുണകൎമ്മാന്യത്വവിശിഷ്ടസത്വമെന്നതിന്ന ഗുണകൎമ്മങ്ങളിൽനിന്ന വെറെയാവു എന്നുള്ള അവസ്ഥയൊടുകൂടെ ഇരിക്കുന്നസത്താ എന്ന അൎത്ഥമാകുന്നു- ഗുണകൎമ്മങ്ങളിൽ നിന്നവെറെയാവു എന്നുള്ള അവസ്ഥയും സത്തയുംകൂടെ ദ്രവ്യത്തിങ്കൽ ഇരിക്കുന്നു- അതുകൊണ്ടു ഗുണകൎമ്മാന്യവിശിഷ്ടസത്താ എവിടെയിരിക്കുന്നുവൊ അവിടെദ്രവ്യത്വമുണ്ടു എന്നുള്ളവ്യാപ്തിഗ്രഹണം ഹെതുവായിട്ടാകുന്നു- ദ്രവ്യംഗുണകൎമ്മാന്യത്വവിശിഷ്ടസത്താൽ എന്നുള്ളഅനുമാനത്തിന്റെ പുറപ്പാട സത്താ എന്ന ജാതി ദ്രവ്യവുംഗുണവുംകൎമ്മവും ഇങ്ങിനെമൂന്ന അധികരണങ്ങളുണ്ടാകയാൽ ഒന്നിങ്കൽ സത്താ എന്നജാതിവരിക്കുന്നു എന്നതുകൊണ്ടു എങ്കിലതു ദ്രവ്യമാകുന്നുഎന്ന അനുമിച്ചുകൂടാ- ദ്രവ്യമല്ലാതെയുള്ള ഗുണത്തിങ്കലും കൎമ്മത്തിലും സത്താഎന്നജാതി ഉണ്ടല്ലൊ- അതഹെതുവായിട്ടു ഗുണകൎമ്മാന്യത്വവിശിഷ്ടസത്തയെതന്നെ ഹെതുവാക്കിപറയെണം- ഗുണകൎമ്മങ്ങളിൽനിന്ന വെറെയാവാവു എന്നുള്ള അവസ്ഥ ഗുണകൎമ്മങ്ങളിൽ ഇരിക്കയില്ല- ദ്രവ്യത്തിങ്കൽമാത്രം ഇരിക്കും ഇങ്ങിനെയുള്ളമെൽപറഞ്ഞ അവസ്ഥയൊടുകൂടെയുള്ളസത്തയും ദ്രവ്യത്തിങ്കൽതന്നെ ഇരിക്കുന്നു- ഇപ്രകാരമാകുന്ന അനുമാനപ്രയൊഗത്തിന്റെയൎത്ഥമെങ്കിലും ശുദ്ധസത്തയുടെ അധികരണങ്ങളായ ഗുണാദികളിലുള്ള ദ്രവ്യത്വാഭാവത്തിന്റെ പ്രതിയൊഗിത്വം ദ്രവ്യത്വത്തിങ്കൽ വരുന്നതാകയാലും വിശിഷ്ടശുദ്ധങ്ങൾക്കു ഐക്യമുണ്ടാകയാൽ ശുദ്ധസത്താധികരണങ്ങളായ ഗുണകൎമ്മങ്ങൾക്കു ഹെത്വധികരണത്വമുണ്ടു എന്നപറവാൻ വഴിയുള്ളതാകയാലും ദ്രവ്യത്വത്തിങ്കൽ അവ്യാപ്തിവരികയാൽ- ഹെതുതാവച്ഛെദക വിശിഷ്ടാനധികരണമെന്നുള്ള അൎത്ഥത്തെഗ്രഹിച്ചാൽ വിശിഷ്ട ശുദ്ധങ്ങൾക്കു ഐക്യമുണ്ടായാലും ഹെതുതാവച്ഛെദകമായ ഗുണകൎമ്മാന്യത്വവിശിഷ്ടത്വമാകുന്നധൎമ്മം കൊണ്ടുള്ളവിശെഷം ദ്രവ്യത്തിങ്കലിരിക്കുന്ന സത്തക്കു എന്നപൊലെ ഗുണകൎമ്മങ്ങളിലിരിക്കുന്നസത്തക്കുവരികായ്കയാൽ ഹെത്വധികരണപദംകൊണ്ടു ദ്രവ്യത്തെതന്നെഗ്രഹിക്കണമെന്നാകുന്നു എന്നാൽ മെൽപറഞ്ഞ അവ്യാപ്തിക്കുള്ളപഴുത അടയുന്നതാകുന്നു— ഹെതുവിന്റെ അ

ധികരണമാകുന്നതു ഹേതുതാവച്ഛേദകസംബന്ധം കൊണ്ടുതന്നെ വേണം. അതുകൊണ്ടാകുന്നു വഹ്നിമാൻ ധൂമാൽ എന്നുള്ള സ്ഥലത്തിങ്കൽ ഹേതുവായിരിക്കുന്ന ധൂമം സമവായസംബന്ധേന ധൂമാവയവങ്ങളിൽ ഇരിക്കയാലും അവിടെ വഹ്നി ഇല്ലായ്കയാലും ഹേത്വധികരണത്തിങ്കലുള്ള അഭാവത്തിന്റെ പ്രതിയോഗിയായുള്ള അവസ്ഥ വഹ്നിക്കു തന്നെ വരുന്നതാകയാൽ അവ്യാപ്തി വരികയില്ല. അത്യന്താഭാവപദം കൊണ്ടും വല്ലതും അത്യന്താഭാവത്തെ ഗ്രഹിപ്പാൻ പോരാ. ഗ്രഹിക്കപ്പെടുന്ന അഭാവം പ്രതിയോഗിവ്യധികരണമായിരിക്കേണം. (പ്രതിയോഗിവ്യധികരണമെന്നതിന്നു പ്രതിയോഗിക്കു വിരുദ്ധമായ അധികരണത്തോടു കൂടിയതെന്നു അൎത്ഥമാകുന്നു) അതു ഹേതുവായിട്ടു കപിസംയോഗീ ഏതദ്വൃക്ഷത്വാൽ എന്നുള്ള സ്ഥലത്തിങ്കൽ ഏതദ്വൃക്ഷത്വമാകുന്ന ഹേതുവിങ്കൽ അവ്യാപ്തി വരാതിരിപ്പാൻ. കപിസംയോഗീ ഏതദ്വൃക്ഷത്വാൽ എന്നുള്ളതിന്നു കപിസംയോഗിയാകുന്നു ഏതദ്വൃക്ഷത്വം ഹേതുവായിട്ടു എന്നൎത്ഥമാകുന്നു. കപിസംയോഗീ = കപിസംയോഗം ഉള്ളതു. കപിസംയോഗം = വാനരസംയോഗം. ഏതദ്വൃക്ഷത്വം = ഏതദ്വൃക്ഷമായിരിക്കുന്നുള്ള അവസ്ഥ. ഏതദ്വൃക്ഷം = ഈ വൃക്ഷം. ഇങ്ങിനെ മേൽ പറഞ്ഞ അനുമാനവാക്യത്തിങ്കലുള്ള പദങ്ങളുടെ അൎത്ഥങ്ങൾ. ഇവിടെ അവ്യാപ്തിയെ പറയാം. ഒരു വൃക്ഷത്തിന്റെ അഗ്രത്തിങ്കൽ കപിസംയോഗം ഉള്ളപ്പോൾ തന്നെ മദ്ധ്യമൂലങ്ങളായ അന്യപ്രദേശങ്ങളിൽ കപിസംയോഗത്തിന്റെ അഭാവവും ഇരിക്കും. വൃക്ഷത്വം എന്നുള്ള ഹേതു മൂലമദ്ധ്യാഗ്രങ്ങളിൽ സാധാരണമായി ഇരിക്കുന്നതുമാകുന്നു. അതു ഹേതുവായിട്ടു ഹേത്വധികരണത്തിങ്കലുള്ള അഭാവം കപിസംയോഗാഭാവം തന്നെ എന്നു പറയാം. എന്നാൽ അവ്യാപ്തിക്കു സംഗതി വരുമല്ലൊ. ഗ്രഹിക്കപ്പെടുന്ന അഭാവം പ്രതിയോഗിവ്യധികരണമായിരിക്കേണമെന്നു വരുമ്പോൾ കപിസംയോഗാഭാവത്തെ ഗ്രഹിക്കാം എന്നതു സംഭവിക്കില്ല. കപിസംയോഗാഭാവത്തിന്റെ പ്രതിയോഗിയായ കപിസംയോഗവും കപിസംയോഗാഭാവത്തിന്റെ അധികരണമായ വൃക്ഷത്തിങ്കലിരിക്കകയാൽ കപിസംയോഗാഭാവം പ്രതിയോഗിവ്യധികരണമല്ല. അതുകൊണ്ടു അതിനെ ഗ്രഹിപ്പാൻ വഴി ഇല്ലല്ലൊ. വേറെ ഒരു അഭാവത്തെ ഗ്രഹിച്ചാൽ ലക്ഷണസംഗതി ഉണ്ടാകുന്നതല്ലാതെ അതിവ്യാപ്തിക്കവകാശവുമില്ല.

അതു ഹെതുവായിട്ടു മെൽ പറഞ്ഞ പ്രകാരമുള്ള അഭാവത്തെ ത
ന്നെ ഗ്രഹിക്കെണമെന്നറിക- പ്രതിയോഗിവ്യധികരണാ ഭാ
യിരിക്കുന്ന അഭാവത്തെത്തന്നെ ഗ്രഹിക്കെണമെങ്കിൽ അ
ഭാവത്തിന്നു വിശെഷണമായിട്ടു പ്രതിയോഗി വ്യധികരണ
പദത്തെ കൂടെ അഭാവ വിശെഷണമാക്കി ഹെതുസമാനാ
ധികരണാത്യാദി മെൽപറഞ്ഞ വാക്യത്തിന്റെ ആദി
യിൽ ചെൎക്കണം അങ്ങിനെ ചെൎത്താലും പ്രതിയോഗിവ്യ
ധികരണപദത്തിന്റെ അൎത്ഥമെന്താകുന്നു എന്നൊരു നിഷ്കൎ
ഷത്തെ ചെയ്യുന്നതു യുക്തമാകുന്നു- പ്രതിയോഗിയുടെ അധി
കരണമല്ലാത്തതിങ്കൽ ഇരിക്കെണമെന്നു അതിന്റെ അൎത്ഥമാ
യാൽ കപിസംയോഗി എതദ്വൃക്ഷത്വാൽ എന്നുള്ളെടത്തുള്ള അ
വ്യാപ്തി അപ്രകാരം തന്നെ ഇരിക്കും എങ്ങിനെ എന്നാൽ പ്ര
തിയോഗിയായിരിക്കുന്ന കപിസംയോഗം ഗുണാദികളിൽ
ഇരിക്കാത്തതാകയാൽ ഗുണം മുതലായ വസ്തുക്കൾ പ്രതിയോ
ഗ്യനധികരണങ്ങളാകുന്നു അവിടെയുള്ള കപിസംയോഗാഭാ
വം തന്നെ വൃക്ഷത്തിന്റെ മൂലപ്രദെശത്തിങ്കലും ഉണ്ടാകുന്നു-
അധികരണഭെദം ഹെതുവായിട്ടു അഭാവഭെദമില്ലല്ലൊ ഇങ്ങി
നെ യാകയാൽ പ്രതിയോഗ്യനധികരണ വൃത്തിയായ അ
ഭാവമെന്നത കപിസംയോഗാഭാവമാകും- കപിസംയോഗാ
ഭാവത്തിന്റെ അപ്രതിയോഗിത്വം കപിസംയോഗരൂപ
സാദ്ധ്യത്തിങ്കൽ വരുന്നതുമല്ലല്ലൊ അത ഹെതുവായിട്ടു മു
മ്പെ ഉള്ള അവ്യാപ്തി ഇപ്പോഴും ഉള്ളതു തന്നെ- ഇനി പ്രതി
യോഗ്യധികരണത്തിങ്കൽ ഇരിക്കാത്തത എന്നുള്ള അൎത്ഥ
ത്തെ ഗ്രഹിച്ചാൽ സംയോഗിസത്വാൽ എന്നുള്ള സ്ഥലത്തി
ങ്കൽ അതിവ്യാപ്തി ഉണ്ടാകും- എങ്ങിനെ എന്നാൽ സത്താ എ
ന്ന ജാതിയുടെ അധികരണമായ സത്താ എന്ന ജാതിയാകു
ന്ന ഹെതുവിന്റെ അധികരണമായ ഗുണത്തിങ്കൽ യാ
തൊരു സംയോഗാഭാവം ഉണ്ടാകുന്നുവൊ അതിന്റെ പ്ര
തിയോഗിയായ സംയോഗത്തിന്റെ അധികരണമായ ദ്രവ്യത്തി
ങ്കലിരിക്കയാൽ പ്രതിയോഗ്യധികരണത്തിങ്കൽ ഇരിക്കാ
ത്തതല്ല- അങ്ങിനെയുള്ള അഭാവമെന്നു ഗ്രഹിച്ചു കൂടായ്കയാലും
മറ്റുള്ള അഭാവത്തെ ഗ്രഹിച്ചാൽ യാതൊരു ലക്ഷണം ചെ
ല്ലുന്നതാകയാലും അവ്യാപ്തിയെ പറയാം- ഇങ്ങിനെയാകുന്നു-
ഇങ്ങിനെ രണ്ടു വിധമല്ലാതെ പ്രതിയോഗി വ്യധികരണ പദ
ത്തിന്റെ അൎത്ഥത്തെ ഗ്രഹിപ്പാൻ വഴിയും ഇല്ല- ഇതിനെ ശം

കിക്കുന്നവർ ഗ്രഹിപ്പാനായിട്ടാകുന്നു അഭാവം പ്രതിയോഗി വ്യധികരണമായിരിക്കെണം എന്നു പറഞ്ഞതിന്റെ ആശയത്തെ പറയാം- പ്രതിയോഗിയുടെ അധികരണമല്ലാത്തതിങ്കൽ ഇരിക്കെണമെന്നു തന്നെ അതിന്റെ അൎത്ഥമാകുന്നു- അപ്രകാരമുള്ള ഇരിപ്പ ഹെതുവിന്റെ അധികരണത്തിങ്കൽ ആയിരിക്കെണമെന്നു കൂടെ ഉള്ളിലുണ്ടു- യാതൊരു അഭാവത്തെ അഭാവപദം കൊണ്ടു ഗ്രഹിക്കുന്നുവൊ ആ അഭാവത്തിന്റെ പ്രതിയൊഗിക്കു ഹെത്വധികരണം തന്നെ ഇരിപ്പിടമാവരുത എന്നു സാരം പ്രതിയോഗിക്കു അധികരണമായി ഭവിക്കരുത എന്നുള്ളതിനും പ്രതിയോഗിതാവഛെദകാവഛിന്നത്തിന്നു അധികരണമായി ഭവിക്കരുത എന്നുള്ള അൎത്ഥം തന്നെ ഗ്രഹിക്കെണം (പ്രതിയോഗിതാവഛെദകാവഛിന്നം=പ്രതിയോഗിതാവഛെദകത്താൽ അവഛിന്നം) അത ഹെതുവായിട്ട വിശിഷ്ടസത്താവാൻ ജാതെഃ എന്നുള്ള സ്ഥലത്തിങ്കൽ അവ്യാപ്തി ഭവിക്കുന്നില്ല-വിശിഷ്ടസത്താ എന്നത സാധ്യമാകുമ്പൊൾ ജാതി എന്നു പദാൎത്ഥം സദ്ധെതുവാകുന്നു- (സദ്ധെതു=നല്ലഹെതു) അതിങ്കൽ അവ്യാപ്തി വരുന്നത ദൊഷം തന്നെ- അവ്യാപ്തി വന്നത എങ്ങിനെ എന്നു പറയാം- മെൽ പറഞ്ഞ സ്ഥലത്തിങ്കൽ ഹെതുവായ ജാതിയുടെ അധികരണമാവു എന്നുള്ള അവസ്ഥാ ഗുണം മുതലായതുകളിൽ ഉണ്ടു- അവിടെ വിശിഷ്ട സത്തയുടെ അഭാവത്തിന്റെ പ്രതിയോഗിയായ സത്തയുമുണ്ട അത ഹെതുവായിട്ട അവ്യാപ്തി ഭവിക്കുമെന്നറിക- വിശിഷ്ടസത്താവാൻ ജാതെഃ എന്നുള്ളതിന്നു വിശിഷ്ടസത്തയുള്ളതാകുന്നു ജാതി ഹെതുവായിട്ട എന്നൎത്ഥമാകുന്നു വിശിഷ്ട സത്താ എന്നത ഗുണകൎമ്മാന്യ വിശിഷ്ട സത്തയാകുന്നു എന്നും ഗ്രഹിച്ചു കൊൾക- ഇങ്ങിനെ വരുന്ന അവ്യാപ്തിയും പ്രതിയോഗിതാവഛെദകാവഛിന്നത്തിന്നു അധികരണമായി ഭവിക്കരുത- എന്നുള്ള അൎത്ഥ ഗ്രഹണത്തിങ്കൽ നശിച്ചുപൊകും- വിശിഷ്ടസത്താഭാവത്തിന്റെ പ്രതിയോഗിയായ സത്താ വിശിഷ്ടസത്താത്വമെന്നുള്ള പ്രതിയോഗിതാവഛെദക സംബന്ധത്തൊട കൂടെ ഗുണം മുതലായതിൽ ഇരിക്കുന്നില്ല എല്ലൊ- അത ഹെതുവായിട്ട വിശിഷ്ട സത്താഭാവം ഗുണാദികളിൽ ഇരുന്നാലും പ്രതിയൊഗ്യധികരണത്തിങ്കൽ ഇരിക്കുന്നതാകയില്ല എന്നു ഗ്രഹിച്ചു കൊൾക- ഇത്ര എല്ലാം പറഞ്ഞതിനെ കൊണ്ടും മതിയായില്ല- സാധ്യതാവഛെദക സംബന്ധെന പ്രതിയോഗിയുടെ അധിക

രണമായി ഭവിക്കുന്നത എന്നാകുന്നു പ്രതിയോഗ്യ നധികരണ മെന്ന പദത്തിന്റെ താല്പൎയ്യം- എന്നും കൂടെ ഗ്രഹിക്കെണം— അത ഹെതുവായിട്ട ജ്ഞാനവാൻ സത്വാൽ എന്നുള്ള സ്ഥലത്തിങ്കൽ അതിവ്യാപ്തി ഭവിക്കുന്നില്ല ജ്ഞാനവാൻ സത്വാൽ എന്നുള്ളതിന്ന ജ്ഞാനവാനാകുന്നു സത്വം ഹെതുവായിട്ട എന്നൎത്ഥമാകുന്നു- സത്വമെന്നത സത്തതന്നെ ഒരു ഹെതു സദ്ധെതുവായി വരെണമെങ്കിൽ സത്തയുള്ളെടത്തൊക്കയും ജ്ഞാനമുണ്ടായിരിക്കെണം- മെൽ പറഞ്ഞ അനുമാനംകൊണ്ടു സാദ്ധ്യമായിട്ടുള്ളത സമവായ സംബന്ധത്തൊടു കൂടെയുള്ള ജ്ഞാനമാകുന്നു- അത സത്ത ഇരിക്കുന്നെടത്തൊക്കെ ഇരിക്കുന്നില്ല സത്താ എന്നത ഘടത്തിങ്കൽ ഉണ്ടു അവിടെ സമവായ സംബന്ധെന ജ്ഞാനമില്ലെല്ലൊ- അസദ്ധെതുവായിട്ട മെൽ പറഞ്ഞതാനുമാനം ദുഷ്ട ഹെതുവായിട്ടുള്ളതാകുന്നു ദുഷ്ട ഹെതുവിങ്കൽ ലക്ഷണം പൊന്നത എങ്ങിനെയെന്നാൽ അവിടെ ലക്ഷണംചെല്ലാതെ ഇരിക്കെണമെങ്കിൽ അഭാവപദം കൊണ്ടു ജ്ഞാനാഭാവത്തെ ഗ്രഹിക്കണമെന്നു വരെണം- സാദ്ധ്യതാവഛെദകസംബന്ധത്തെ മെൽ പ്രകാരം ലക്ഷണത്തിൽ നിവെശിപ്പിക്കാതെയുന്നാൽ അതു വരുന്നതല്ല- സത്താധികരണമായ ഘടാദിയിലുള്ള അഭാവം ജ്ഞാനാഭാവം തന്നെ എന്ന പറയ്വാൻ കൂടാ ജ്ഞാനാഭാവത്തിന്റെ പ്രതിയോഗിയായ ജ്ഞാനം വിഷയതാ സംബന്ധെന ഘടത്തിങ്കലുണ്ടാകയാൽ ഘടം പ്രതിയോഗ്യധികരണമായി അത ഹെതുവായിട്ട വെറെ ഒരു അഭാവത്തെ ഗ്രഹിക്കെണം. എന്നാൽ ലക്ഷണ സംഗതി വരുന്നതാകയാൽ അതിവ്യാപ്തിവരുമെന്ന ശങ്കിക്കെണ്ടാ എന്ന ഗ്രഹിച്ചുകൊൾക- സാദ്ധ്യതാവഛെദകസംബന്ധത്തെ മെൽ പ്രകാരം നിവെശിപ്പിച്ചാൽ വിഷയതാസംബന്ധെന ജ്ഞാനാഭാവാധികരണമായ ഘടം മുതലായതിൽ ഇരിക്കുന്നാലും സാദ്ധ്യതാവഛെദകസംബന്ധമായ സമവായം കൊണ്ടു ജ്ഞാനത്തിന്ന അധികരണമല്ലായ്കയാൽ അഭാവപദംകൊണ്ടു ജ്ഞാനാഭാവത്തെ ഗ്രഹിക്കാം- എന്നാൽ അതിവ്യാപ്തി ഭവിക്കയുമില്ല- ഇപ്രകാരം വഹ്നിമാൻ ധൂമാൽ എന്നുള്ള സ്ഥലത്തിങ്കൽ ധൂമാധികരണമായ പാകസ്ഥലം മുതലായതുകളിൽ സമവായ സംബന്ധെന വഹ്നി ഇരിക്കായ്കകൊണ്ടുള്ള അവ്യാപ്തിയുമില്ല- എങ്കിലും പ്രതിയോഗിതാവഛെദകാവഛിന്നത്തിന്റെ അധികരണമല്ലാത്ത ഇരിക്കെണം- ഹെത്വധികരണമെന്ന പറഞ്ഞതിന്ന അൎത്ഥം- പ്രതിയോഗിതാവഛെദകാവ

ഛി ✝

ഭിന്നമായ എതെങ്കിലുമൊന്നു ഹെത്വധികരണത്തിങ്കൽ ഇരിക്കുന്നത എന്നും. പ്രതിയോഗിതാവഛെദകാവഛിന്ന മായിട്ടുള്ളത ഒന്നും ഹെത്വധികരണത്തിങ്കൽ ഇരിക്കുന്നതല്ലെന്നും. പ്രതിയോഗിതാവഛെദകമായിരിക്കുന്ന ഒന്നിനാൽ അവഛിന്നമായിട്ടുള്ളതു ഹെത്വധികരണത്തിങ്കൽ ഇരിക്കുന്നത എന്നൊ ആദ്യപക്ഷത്തെ ഗ്രഹിച്ചാൽ കപിസംയൊഗി എതദ്വൃക്ഷത്വാൽ എന്നുള്ള സ്ഥലത്തിങ്കൽ അവ്യാപ്തി ഭവിക്കും. എന്നാൽ കപിസംയൊഗാഭാവത്തിന്റെ പ്രതിയൊഗിതാവഛെദകാവഛിന്നമെന്നതുകൊണ്ടു വൃക്ഷത്തിങ്കലിരിക്കാത്തതായൊരു കപിസംയൊഗത്തെ ഗ്രഹിക്കാം. അതിന്റെ അധികരണം വൃക്ഷമല്ല ഇങ്ങിനെ ആകുന്നു. ദ്വിതീയപക്ഷത്തെ ഗ്രഹിച്ചാൽ പ്രതിയൊഗി വ്യധികരണമായ അഭാവത്തിന്റെ അപ്രസിദ്ധി ഹെതുവായിട്ടു അസംഭവമെന്ന ലക്ഷണ ദൊഷം ഭവിക്കും. മെൽപറഞ്ഞ പ്രകാരമുള്ള അഭാവ പ്രസിദ്ധി ഭവിക്കുന്നതിന്റെ കാരണത്തെ പറയാം. എല്ലാ ഭാവത്തിന്നും പൂൎവ്വക്ഷണവൃത്തിയായ ഘടന്റെ അഭാവമാകുന്ന വൈശിഷ്ട്യത്തൊടു കൂടിയ പ്രതിയൊഗിയൊടുകൂടി ഉള്ള ഇരിപ്പുണ്ടു. ഇതുകാരണമാകുന്നു. ഒന്നിന്റെ ഉത്പത്തിക്കു മുമ്പു ഘടാഭാവമെന്നൊരഭാവം ആയതു ഇപ്പൊഴും ഉള്ളതു തന്നെ എന്നു ധരിച്ചുകൊൾക. ഇപ്പൊഴും ഉള്ള ഘടാഭാവം ഒരു ക്ഷണത്തിന്റെ പൂൎവ്വക്ഷണത്തിങ്കൽ ഇരിക്കും. എന്നുള്ള ഒരു വിശെഷത്തൊടുകൂടി ഇപ്പൊഴും ഇല്ല. പൂൎവ്വക്ഷണത്തിങ്കൽ ഉണ്ടായിരുന്നു അതുഹെതുവായിട്ടു ഇപ്പൊഴും ഉള്ളതു പൂൎവ്വക്ഷണവൃത്തിയായ ഘടാഭാവത്തിന്റെ അഭാവമാകുന്നു. ഘടാഭാവത്തിന്റെ അഭാവമെന്നതു ഘടസ്വരൂപമാകുന്നു. ഘടാഭാവത്തിന്നു ഘടം പ്രതിയൊഗിയുമാകുന്നു. ഇപ്പറഞ്ഞതു സകലാഭാവങ്ങൾക്കും സാധാരണമായിട്ടുള്ളതാകയാൽ പ്രതിയൊഗി വ്യധികരണമായ അഭാവം പ്രസിദ്ധംതന്നെ. ഇവിടെ വഹ്നിമാൻ ധൂമാൻ എന്നുള്ള സ്ഥലത്തിങ്കൽ പൂൎവ്വക്ഷണവൃത്തിയായ വഹ്നിയുടെ അഭാവത്തിന്റെ അഭാവമാകുന്ന വഹ്ന്യഭാവപ്രതിയൊഗി പൎവ്വതാദികളിൽ ഇരിക്കുന്നു എങ്കിലും സാധ്യതാവഛെദക സംബന്ധമായ സംയൊഗത്തൊടു കൂടിയതല്ലല്ലൊ അതുഹെതുവായിട്ടു പൎവ്വതാദികൾ അതിന്റെ അധികരണമല്ലെന്നു പറവാൻവഴിയുള്ളപ്പൊൾ പ്രതിയൊഗി വ്യധികരണമായ അഭാവത്തിന്റെ അപ്രസിദ്ധിയെ പറഞ്ഞത എങ്ങിനെ എന്നു ചൊദിക്കുന്നുവൊ എന്നാൽ അതിന്റെ സംഗ

തിയെ പറയാം- ഘടാഭാവത്തിങ്കൽ യാതൊരു വഹ്ന്യഭാവമിരിക്കുന്നുവൊ അതുഘടാഭാവ സ്വരൂപമാകയാൽ ഘടാഭാവത്തിന്നു വഹ്നിയുടെ പ്രതിയോഗിയായി ഭവിക്കും വഹ്നിക്കു പൎവ്വതാദികളും അധികരണമാകുന്നു- ഇപ്രകാരം പ്രതിയോഗിവ്യധികരണമായ അഭാവത്തിന്റെ അപ്രസിദ്ധി ഭവിക്കാ- ഇതാകുന്നു സിദ്ധാന്തമായിട്ടുള്ളത എന്നു ധരിച്ചുകൊൾക- ഒരു അഭാവത്തിങ്കൽ ഇരിക്കുന്നതായ മറ്റൊരഭാവം തന്റെ ഇരിപ്പിടമായ അഭാവത്തിങ്കൽ നിന്നു വെറെ അല്ല എന്നുള്ള മതത്തെ സ്വീകരിച്ചിട്ടു മെൽ പ്രകാരം പറഞ്ഞു അതിനെ സ്വീകരിക്കുന്നില്ല എങ്കിൽ ദ്വിതീയ പക്ഷത്തെ ഗ്രഹിച്ചാൽ വരുന്ന ദൊഷം ധൂമാഭാവവാൻ വഹ്ന്യഭാവാൽ എന്നുള്ള സ്ഥലത്തിങ്കൽ അവ്യാപ്തിതന്നെ- ഇവിടെ സാദ്ധ്യം ധൂമാഭാവമെല്ലൊ ആകുന്നത. ആ അഭാവങ്ങളിൽ അന്തൎഭവിച്ചതാകയാൽ സാധ്യതാവച്ഛെദക സംബന്ധം സ്വരൂപ സംബന്ധമാകുന്നു- സൎവ്വമായിരിക്കുന്ന അഭാവവും പൂൎവ്വക്ഷണ വൃത്തിയായിരുന്ന തന്റെ അഭാവമാകുന്ന പ്രതിയോഗി സ്വരൂപ സംബന്ധേന യാതൊരെടത്തിരിക്കുന്നുവൊ അവിടെ തന്നെ ഇരിക്കുന്നതാകയാൽ പ്രതിയോഗി വ്യധികരണമായ അഭാവത്തെ പിടിച്ചു ലക്ഷണം കൊണ്ടു ചെല്ലുവാൻ നിവൃത്തിയില്ല അതുകൊണ്ടു മെൽ പറഞ്ഞ അവ്യാപ്തി ഉള്ളതു തന്നെ എന്നറിഞ്ഞു കൊൾക- തൃതീയപക്ഷത്തെ ഗ്രഹിച്ചാൽ കപിസംയോഗാഭാവവാൻ ആത്മത്വാൽ എന്നുള്ള സ്ഥലത്തിങ്കൽ അവ്യാപ്തിഭവിക്കും- ഇവിടെ ആത്മാവിങ്കൽ ഇരിക്കുന്ന കപിസംയോഗാഭാവത്തിന്റെ അഭാവം കപിസംയോഗരൂപമാകുന്നു- എന്നതിങ്കൽ സൎവ്വസമ്മതിയുണ്ടു- കപിസംയോഗവും സംയോഗത്തിൽ ചെൎന്നതാകയാൽ ഗുണങ്ങളിൽ അന്തൎഭവിച്ചതാകുന്നു അതു ഹെതുവായിട്ടും ഗുണസാമാന്യാഭാവത്വവും പ്രതിയോഗിതാവച്ഛെദകമാകുന്നു- അതിനാൽ അവച്ഛിന്നമായിട്ടുള്ള ഗുണസാമാന്യാഭാവത്തിന്നു ആത്മാവ അധികരണമല്ല- യാതൊരു ഗുണവുമില്ലാത്തതല്ലാതെ വെറെ ഒന്നു ഗുണസാമാന്യാ ഭാവത്തിന്നു അധികരണമാവുന്നതല്ല- ഗുണസാമാന്യാഭാവമെന്നത എല്ലാഗുണങ്ങളുടെയും അഭാവമാകുന്നു- ആത്മാവിങ്കൽ ജ്ഞാനാദിഗുണങ്ങൾ ഉണ്ടാകയാൽ ഗുണസാമാന്യാഭാവമുണ്ടെന്നും പറഞ്ഞുകൂടാ- ഇപ്രകാരമാകയാൽ മെൽ പറഞ്ഞ സ്ഥലത്തിങ്കൽ അവ്യാപ്തി ഭവിക്കുമെന്നു പറഞ്ഞതു ശരിതന്നെ എന്നറിഞ്ഞുകൊൾക ഇങ്ങിനെ മൂന്നു പ്ര

കാരമായാലും പ്രതിയോഗിതാവച്ഛേദകാവച്ഛിന്നത്തിന്റെ അധികരണമല്ലാത്തതായിരിക്കെണം ഹേത്വധികരണമെന്നു വചനത്തിന്നില്ലല്ലൊ. ഇനി എന്താകുന്നു ഗതി എന്നു ചോദിക്കുന്നുവൊ എന്നാൽ പറയാം. കേട്ടുകൊൾക. യാതൊരുപ്രകാരമുള്ള പ്രതിയോഗിതയുടെ അവച്ഛേദകത്താൽ അവച്ഛിന്നമായിട്ടുള്ളതിന്നു അധികരണമല്ലാത്തതായിട്ടു ഹേത്വധികരണം ഭവിക്കുന്നുവൊ അപ്രകാരമുള്ള പ്രതിയോഗിതയുടെ അവച്ഛേദകമാവു എന്നുള്ള അവസ്ഥാസാമാന്യതാവച്ഛേദകത്തിന്നു ഭവിക്കുന്നത. ഇതുതന്നെ ഇവിടെ ആവശ്യകമായിട്ടുള്ളതെന്നു ഗ്രഹിച്ചുകൊൾക. ഇനി ഘടം സാദ്ധ്യമായിട്ടും കാലത്തിങ്കൽ ഉള്ള പരിമാണമെന്നുള്ളതു ഹേതുവായിട്ടും ഉള്ളതായ ഘടവാൻകാലപരിമാണാൽ. എന്നുള്ള സ്ഥലത്തിങ്കൽ പ്രതിയോഗിവ്യധികരണമായ അഭാവത്തിന്റെ അപ്രസിദ്ധി ഹേതുവായിട്ടുള്ള അവ്യാപ്തിയാകുന്ന ദോഷമായിട്ടുള്ളത മേൽ പറഞ്ഞ സ്ഥലത്തിങ്കൽ ഹേതുവിന്റെ അധികരണമായ മഹാകാലത്തിന്നു സൎവ്വങ്ങളുടെയും ആധാരമാവു എന്നുള്ള അവസ്ഥ ഉള്ളതാകയാൽ സൎവ്വങ്ങളായിരിക്കുന്ന അഭാവങ്ങൾക്കും സാദ്ധ്യതാവച്ഛേദക സംബന്ധമായ കാലിക വിശേഷണതാ എന്നുള്ള സംബന്ധം കൊണ്ടു തന്നെ പ്രതിയോഗിയോടു കൂടെ ഉള്ള ഇരിപ്പിന്നു ബാധ ഇല്ലായ്കു നിമിത്തമായിട്ടു മേൽപ്രകാരമുള്ള അഭാവം ദുൎല്ലഭമാകുന്നു എല്ലൊ. ഇതിനെ കുറിച്ചു ചിലർ സമാധാനത്തെ പറയുന്നു. മഹാകാലാന്യതാ വിശിഷ്ട ഘടാഭാവ പ്രതിയോഗിവ്യധികരണമാകയാൽ അതിനെ ഗ്രഹിക്കാം. മഹാകാലത്തിങ്കൽ ഘടമുണ്ടെങ്കിലും മഹാകാലത്തിങ്കൽ നിന്നു അന്യമാവു എന്നുള്ള അവസ്ഥ ഇല്ലായ്കയാൽ മഹാകാലാന്യതയോടു കൂടെയുള്ള ഘടം ഭവിക്കുന്നില്ല. ഇപ്രകാരമാകുന്നു അവർ സമാധാനത്തെ പറയുന്നത. യുക്തമായ വഴി വേറെ ഇരിക്കുന്നു അതിനെ കാണിക്കാം. പ്രതിയോഗിതാവച്ഛേദക സംബന്ധംകൊണ്ടു പ്രതിയോഗിക്കു അധികരണമല്ലാത്തതായ ഹേത്വധികരണത്തിങ്കൽ ഇരിക്കുന്ന അഭാവങ്ങളുടെ പ്രതിയോഗിതാസാമാന്യത്തിങ്കൽ യാതൊരു സംബന്ധത്താൽ ഉള്ള അവച്ഛിന്നമാവു എന്നുള്ള അവസ്ഥയും യാതൊരു ധൎമ്മത്താൽ അവച്ഛിന്നമാവു എന്നുള്ള അവസ്ഥയും ഇങ്ങിനെ ഉള്ള ഉഭയത്തിന്റെ അഭാവം ഭവിക്കുന്നുവൊ അതുതന്നെയാകുന്നു സംബന്ധത്താലും അതുതന്നെയാകുന്നു ധൎമ്മത്താലും അവച്ഛിന്നമാ

ഷിരിക്കുന്നസാദ്ധ്യത്തിന്ന യാതൊരു ഹെതുവിനെകൊണ്ടു ഹെത്വധികരണത്തെ ഗ്രഹിച്ചുവൊ അങ്ങിനെ ഉള്ള ഹെതു ഇരിക്കുന്നെടത്തുള്ള അഭാവത്തിന്റെ പ്രതിയൊഗിതാം ഭവിക്കരുത. ഈ പറഞ്ഞ പ്രകാരമുള്ള സാദ്ധ്യത്തൊടുകൂടെ ഉള്ള സാമാനാധികരണ്യം തന്നെ വ്യാപ്തിയാകുന്നത.

മെൽ പറഞ്ഞെടത്ത യാതൊരു സംബന്ധത്താൽ എന്നും യാതൊരു ധൎമ്മത്താൽ എന്നും പറഞ്ഞതുകൊണ്ടു ഗ്രഹിക്കെണ്ടത സാദ്ധ്യതാവച്ഛെദക സംബന്ധവും സാദ്ധ്യതാവച്ഛെദക ധൎമ്മവുമാകുന്നു. ധൂമം സാദ്ധ്യമായിട്ടും വഹ്നി ഹെതുവായിട്ടും ഉള്ള ധൂമവാൻ വഹ്നെഃ എന്നുള്ള സ്ഥലത്തിങ്കൽ അതിവ്യാപ്തി ഭവിക്കരുത. ധൂമവാൻ വഹ്നെഃ എന്നുള്ളതിന്ന ധൂമവാനാകുന്നു വഹ്നി ഹെതുവായിട്ട എന്നൎത്ഥമാകുന്നു (ധൂമവാൻ=ധൂമമുള്ളത) എവിടെ വഹ്നി ഭവിക്കുന്നുവൊ അവിടെ ധൂമമുണ്ടെന്ന നിയമമില്ല തീക്കട്ടിമെൽ വഹ്നിയുണ്ടായിട്ടും ധൂമമില്ലാത്തതായിട്ടുംകാണുന്നു അത ഹെതുവായിട്ട ധൂമം സാദ്ധ്യമാകുമ്പൊൾ വഹ്നിയെ ഹെതുവാക്കിയാൽ അതിന്ന പെർ ദുഷ്ടഹെതു എന്നാകുന്നു. വ്യാപ്തി ലക്ഷണം ചെല്ലെണ്ടത സദ്ധെതുക്കളിൽ തന്നെ ആകുന്നു. അദുഷ്ടഹെതുക്കളിൽ ചെന്നാൽ അതിവ്യാപ്തി എന്ന ദൊഷം വരുമല്ലൊ മെൽ പറഞ്ഞ സ്ഥലത്തിങ്കൽ ഹെതുവായ വഹ്നിക്ക ഇരിപ്പിടമായ വസ്തുക്കളിൽ തീക്കട്ടയും ചെരുന്നതാകയാൽ അതു ഹെത്വധികരണമാകുന്നു എന്നപ്രകാരം ഗ്രഹിച്ചാലും പ്രതിയൊഗിതാവച്ഛെദക സംബന്ധമാകുന്ന സംയൊഗം കൊണ്ടു ജലത്വപ്രതിയൊഗിക്ക അധികരണമല്ലാത്തതായ തീക്കട്ടയിങ്കൽ ഇരിക്കുന്നതായ അഭാവം യാതൊന്നാ അതു ജലാഭാവമാകുന്നു ജലാഭാവത്തിന്റെ പ്രതിയൊഗിയായ ജലത്തിങ്കൽ ഇരിക്കുന്ന പ്രതിയൊഗിതക്ക സാദ്ധ്യതാവച്ഛെദകസംബന്ധമായിരിക്കുന്ന സംയൊഗ സംബന്ധം തന്നെ അവച്ഛെദകമായിരുന്നാലും സാദ്ധ്യതാവച്ഛെദക ധൎമ്മമായിരിക്കുന്ന ജലത്വത്താൽ അവച്ഛിന്നമാവു എന്നുള്ള അവസ്ഥ ഇല്ലായ്കയാൽ ഒന്നു എങ്കിലും രണ്ടും കൂടെയില്ലാ എന്നുള്ള ബുദ്ധിയെ അനുസരിച്ചിട്ട സാദ്ധ്യതാവച്ഛെദക സംബന്ധത്താൽ ഉള്ള അവച്ഛിന്നതാവും സാദ്ധ്യതാവച്ഛെദക ധൎമ്മത്താൽ ഉള്ള അവച്ഛിന്നതാവും ആകുന്ന ഉഭയത്തിന്റെ അഭാവമുണ്ടു എന്ന പറയാം. അതു സിദ്ധമായാൽ സംയൊഗ സംബന്ധത്താലും ധൂമത്വമാകുന്ന ധൎമ്മത്താലും അവച്ഛിന്നമായ ധൂമമാകുന്ന സാദ്ധ്യത്തിന്ന വഹ്നി

ഇരിക്കുന്നെടത്തുള്ള അഭാവം ഭവിക്കായ്കയാലും വഹ്നിയാകുന്ന ഹെതുവിന്ന ധൂമത്തൊടുകൂടെ ദൎശിച്ചിട്ടുള്ള ഇരുപ്പ പാകസ്ഥലത്തിങ്കൽ ഉള്ളതാകയാലും മെൽ പറഞ്ഞ ലക്ഷണം ചെല്ലുന്നതിന്ന വിരൊധമില്ലായ്കയാൽ അതിവ്യാപ്തി ഭവിക്കുമെന്നത ശരിതന്നെ എന്ന ബൊധിക്കൊൾക. സാമാന്യപദം കൂടെ ഉണ്ടായിരുന്നാൽ എല്ലാ അഭാവപ്രതിയൊഗിതയെയും സ്വീകരിച്ചു പരീക്ഷിക്കെണമെന്ന വരും. എന്നാൽ തീക്കല്ല എന്നു കാണിക്കപ്പെട്ട ഹ്രദാധികരണത്തിങ്കൽ ഉള്ള ധൂമാഭാവത്തിന്റെ പ്രതിയൊഗിതയെയും ഗ്രഹിക്കെണമെല്ലൊ അവിടെ ഉള്ള ധൂമാഭാവപ്രതിയൊഗിതയുടെ അവച്ഛെദക സംബന്ധം സംയൊഗമാകുന്നു അവച്ഛെദകധൎമ്മം ധൂമത്വമാകുന്നു. ഇതുകൾ സാദ്ധ്യതാവച്ഛെദക സംബന്ധമായിട്ടും സാദ്ധ്യതാവച്ഛെദക ധൎമ്മമായിട്ടും വന്നിരിക്കയാൽ സാമാന്യപദത്തെ സ്വീകരിച്ചാൽ മെൽ പ്രകാരം അതിവ്യാപ്തിയെ പറവാൻ വഴിയില്ലെന്നറിക. ഇവിടെ യ ധൎമ്മാവച്ഛിന്നതത്തിന്റെ അഭാവത്തെതന്നെ നിവെശിപ്പിച്ചാൽ വഹ്നിമാൻ ധൂമാൽ എന്നുള്ള സ്ഥലത്തിങ്കൽ അവ്യാപ്തി ഭവിക്കും. സമവായ സംബന്ധെന ഉള്ള വഹ്നി ഭാവം യാതൊന്നൊ അതിന്റെ പ്രതിയൊഗിതാവച്ഛെദക സംബന്ധം സമവായമെല്ലൊ ആകുന്നത അങ്ങിനെ ഉള്ള സമവായ സംബന്ധം കൊണ്ടു പൎവ്വതാദികൾ പ്രതിയൊഗിയായ വഹ്നിക്കു അധികരണങ്ങളായി ഭവിക്കുന്നില്ല. സമവായസംബന്ധെന വഹ്നിഭാവം പൎവ്വതാദികളിലിരിക്കുന്നതാകുന്നു അതിന്റെ പ്രതിയൊഗിതാവച്ഛെദകമായ വഹ്നിത്വം തന്നെ പ്രതിയൊഗിതാവച്ഛെദകമായിട്ടുമിരിക്കുന്നു. ഇങ്ങിനെ അവ്യാപ്തിക്കു അവസര ലാഭമുണ്ടെന്നറിക. യത്സംബന്ധാവച്ഛിന്നത്വത്തിന്റെ അഭാവമാത്രത്തെ പറഞ്ഞാൽ സംയൊഗ സംബന്ധെന ഉള്ള ഘടാഭാവത്തിന്റെ പ്രതിയൊഗിതക്കു അവച്ഛെദകം സംയൊഗ സംബന്ധമാകയാലും അതു പൎവ്വതാദികളിൽ ഉള്ളതാകയാലും മെൽപ്രകാരമുള്ള സംയൊഗസംബന്ധം തന്നെ സാദ്ധ്യതാവച്ഛെദക സംബന്ധമായിരിക്കയാലും വഹ്നിമാൻ ധൂമാൽ എന്നുള്ള സ്ഥലത്തിങ്കൽ അവ്യാപ്തി ഭവിക്കും. അതുഹെതുവായിട്ടു രണ്ടും പറയെണമെന്നു അറിഞ്ഞുകൊൾക. ഈ പ്രകാരമായപ്പൊൾ ഘടവാൻകാലപരിണാമാൽ എന്നുള്ള സ്ഥലത്തിങ്കൽ സംയൊഗസംബന്ധെന ഉള്ള ഘടാഭാവത്തിന്റെ പ്രതിയൊഗിയായ ഘടത്തിന്ന അധികരണമല്ലാതെ ഉള്ള മഹാകാലത്തിങ്കൽ സംയൊഗ സംബ

ദ്ധ്യന്നുള്ള ഘടാഭാവത്തിന്റെ പ്രതിയോഗിതയെ കാലിക സംബന്ധത്താൽ അവച്ഛിന്നമാവു എന്നുള്ള അവസ്ഥയും ഘടത്താൽ അവച്ഛിന്നമാവു എന്നുള്ള അവസ്ഥയും രണ്ടു മില്ലാത്തതാകയാൽ അവ്യാപ്തി വരികയില്ല എന്ന അറിഞ്ഞു കൊൾക- പ്രമെയവഹ്നിമാൻ ധൂമാൽ എന്നുള്ള സ്ഥലത്തിങ്കൽ ഇനിയും അവ്യാപ്തി വരികയും. പ്രമെയവഹ്നിത്വാവച്ഛിന്നമായിട്ടുള്ളത അപ്രസിദ്ധമാകുന്ന ഗുരുധൎമ്മത്തിന്ന അവച്ഛെദകത്വത്തെ സ്വീകരിച്ചിട്ടില്ല എന്ന ശങ്കിക്കുന്നു എങ്കിൽ അപ്രകാരം ശങ്കിക്കരുതു കംബുഗ്രീവാദിമത്വാദിട്ടു ഉപപാദനം ഇവിടെ വരികയില്ല-എന്നുള്ള പ്രതീതി ഉണ്ടാകയാൽ അതിങ്കൽ കംബുഗ്രീവാദിമത്വമാകുന്ന ഗുരുധൎമ്മത്താൽഅവച്ഛിന്നയായിരിക്കുന്നപ്രതിയോഗിതക്കുവിഷയതയെസ്വീകരിക്കാതെകഴികയില്ല അതുഹെതുവായിട്ട ഗുരുധൎമ്മവുംഅവച്ഛെദകമായിവരികയാംപ്രമെയവഹ്നിമാൻധൂമാൽഎന്നുള്ളതിന്ന പ്രമെയവഹ്നിമത്തുള്ളതാകുന്നു. ധൂമംഹെതുവായിട്ട എന്നും പ്രമെയവഹ്നി എന്നതിന്ന പ്രമെയമായിരിക്കുന്ന വഹ്നി എന്നും അൎത്ഥമാകുന്നു. കംബുഗ്രീവാദിമത്ത എന്നതിന്ന കംബുപൊലെ ഇരിക്കുന്ന ഗ്രീവയൊടു കൂടിയതെന്നും അൎത്ഥത്തെഗ്രഹിച്ചുകൊൾക കംബു എന്നത ശംഖമാകുന്നു. ഗ്രീവായെന്നത കഴുത്താകുന്നു കംബുഗ്രീവാദിമത്വമെന്നുള്ള പദംകൊണ്ടു ഗ്രഹിക്കെണ്ടത ഘടമാകുന്നു. ഇങ്ങിനെ മെൽപറയപ്പെട്ട പദങ്ങളുടെ അൎത്ഥത്തെഗ്രഹിച്ചുകൊൾക ഇനിമെൽപറയപ്പെട്ടതിനെക്കാൾ ലഘുവായുള്ളവ്യാപ്തിലക്ഷണത്തെ പറയാം- ഹെതുസാമാനാധികരണാന്യോന്യാഭാവ പ്രതിയോഗിതാവച്ഛെദകതാനവച്ഛെദക സാധ്യതാവച്ഛെദകാവച്ഛിന്ന സാധ്യസാമാനാധികരണ്യമാകുന്നു. വ്യാപ്തിയെന്നത ഹെതുസമാനാധികരണാന്യോന്യാഭാവപ്രതിയൊഗിതാവച്ഛെദകതാനവച്ഛെദകസാദ്ധ്യതാവച്ഛെദകാവച്ഛിന്നസാദ്ധ്യ സാമാനാധികരണ്യം ഹെതുസമാനാധികരണമായിരിക്കുന്ന അന്യോന്യാഭാവത്തിന്റെ പ്രതിയോഗിതയുടെ അവച്ഛെദകതയുടെ അവച്ഛെദകമല്ലാതെ ഇരിക്കുന്ന സാദ്ധ്യതാവച്ഛെദകത്താൽ അവച്ഛിന്നമായിരിക്കുന്ന സാദ്ധ്യത്തിന്റെ സമാനാധികരണ്യം ഹെതുസമാനാധി കരണം ഇത്യാദിയായ ശെഷപദാൎത്ഥങ്ങളെ മെൽപ്രകാരംഗ്രഹിച്ചുകൊൾക. അന്യോന്യാഭാവം ഒരുവസ്തുവിങ്കൽ എല്ലാപ്രദെശത്തിങ്കലും വ്യാപിച്ചിരിക്കുന്നതാകയാൽ പ്രതിയോഗിവ്യധികരണപദംഅതിന്ന വിശെഷണമാകി ചെൎക്കാറില്ല എ

ന്നൊരുലാഘവം ഗൌരവക്ഷണത്തിനാണു. മറ്റുള്ളതൊക്കെയും മെൽപറഞ്ഞലക്ഷണത്തൊടു സമാനമാകുന്നു. ഇങ്ങിനെവ്യാപ്തിവാദസമാപ്തി — ഇനിവ്യാപ്യസ്യപക്ഷവൃത്തിത്വധീഃ പരാമശ്ശമുച്യതെ എന്നതിലൊരു പക്ഷമെന്നത എന്തെന്നുള്ള ആകാംക്ഷജനിച്ചിരിക്കയാൽ സിസാധയിഷയാശൂന്യാ ഇത്യാദിയായ കാരികകൊണ്ടു പക്ഷതയെപറയുന്നു-

൭൦. സിസാധയിഷയാശൂന്യാസിദ്ധിര്യത്രനതിഷ്ഠതി। സപക്ഷസ്തത്രവൃത്തിത്വജ്ഞാനാദനുമിതിർഭവെൽ॥

അന്വയം — സിസാധയിഷയാ- ശൂന്യാ- സിദ്ധിഃ യത്ര- ന- തിഷ്ഠതി- സഃ- പക്ഷഃ- തത്ര- വൃത്തിത്വജ്ഞാനാൽ- അനുമിതിഃ— ഭവെൽ-

അന്വയാത്ഥം — സിസാധയിഷയൊടു ശൂന്യയായിരിക്കുന്ന സിദ്ധിയാതൊന്നിങ്കൽ സ്ഥിതിചെയ്യുന്നില്ലയൊ അതുപക്ഷമാകുന്നു- അതിങ്കൽവൃത്തിത്വജ്ഞാനം ഹെതുവായിട്ട അനുമിതിഭവിക്കും.

പദാത്ഥം — സിസാധയിഷാ= സാധിപ്പാനായി കൊണ്ടുള്ള ഇച്ശാ- സാധികം=അനുമാനംകൊണ്ടു സിദ്ധമാക്കുക-സിദ്ധി=ഉണ്ടു എന്നിപ്രകാരമുള്ള അറിവിന്ന വിഷയമായു എന്നുള്ള അവസ്ഥയുടെപ്രാപ്തി— സ്ഥിതിചെയ്യു- ഇരിക്കുക- പക്ഷം= പക്ഷമെന്ന പെരൊടുകൂടിയത- അത=പക്ഷം- വൃത്തിത്വജ്ഞാനം=വൃത്തിത്വത്തിന്റെജ്ഞാനം- വൃത്തിത്വം=വ്യാപ്യമായിട്ടുള്ളതിന്റെസ്ഥിതി- ജ്ഞാനം=അറിവു— അനുമിതി=അനുമിതിഎന്ന അനുഭവം

പക്ഷതാ

സാരം — അനുമാനം കൊണ്ടു വഹ്നിമുതലായതിനെസിദ്ധമാക്കെണമെന്നുള്ള ഇച്ശയുടെ അഭാവത്തൊടു സഹിതയായിരിക്കുന്ന സിദ്ധിയുടെ അഭാവം യാതൊരെടത്ത ഭവിക്കുന്നുവൊ അതുപക്ഷതയാകുന്നു. അങ്ങിനെയുള്ളതിനെ പക്ഷമെന്നുഗ്രഹിച്ചുകൊൾക. സിസാധയിഷതന്നെ പക്ഷതയായി ഭവിക്കുന്നില്ല സിസാധയിഷയൊടുകൂടാതെയും ഇടിനാദംകൊണ്ടു മെഘത്തെ അനുമിക്കമാറുണ്ടു ഇതുഹെതുവായിട്ട തന്നെ സാദ്ധ്യസന്ദെഹം പക്ഷതയല്ലാ എന്നത സിദ്ധമായി ചിലർ സാദ്ധ്യസന്ദെഹത്തെതന്നെ പക്ഷതയാകുന്നു എന്നുപറഞ്ഞിട്ടുണ്ടു അവരുടെ മതത്തിങ്കൽ സന്ദെഹത്തൊടുകൂടാതെ തന്നെ ഇടിനാദംകൊണ്ടു സംഭവിക്കുന്നതായ മെഘാനുമിതിക്കു ഗതിയില്ലന്നു

ധൎമ്മം സിദ്ധിയുണ്ടെങ്കിലും സിസാധയിഷ ഉണ്ടായാൽ അനുമിതിയെ ജനിക്കും അതുകാരണമായിട്ട സിസാധയിഷയുടെ അഭാവത്തൊട സഹിതയായുള്ള എന്നുള്ള അവസ്ഥയെ സിദ്ധിയുടെ വിശെഷണമാക്കിപ്പറഞ്ഞു. സിദ്ധി ഉണ്ടെങ്കിലും സിസാധയിഷ ഉള്ളപ്പൊൾ സിസാധയിഷയുടെ അഭാവമില്ലായ്കയാൽ വിശെഷണാഭാവം കാരണമായിട്ടുള്ള വിശിഷ്ടാഭാവം ജനിക്കുന്നതാകകൊണ്ട പക്ഷതയെ നിൎവ്വഹിക്കാം. യാതൊരെടത്തു സിദ്ധി ല്ലാതിരിക്കുന്നിപ്പൊഴൊ അവിടെ സിസാധയിഷ ഉണ്ടായാലും ഇല്ലാതെ ഇരുന്നാലും പക്ഷതയുണ്ട. സിസാധയിഷ ഉണ്ടെങ്കിൽ സിദ്ധി ഇല്ല എന്നതകാരണമായിട്ട വിശെഷ്യാഭാവത്താൽ ഉണ്ടാക്കപ്പെടുന്ന വിശിഷ്ടാഭാവം ജനിക്കും. സിസാധയിഷ ഇല്ലായ്കിൽ വിശെഷണവും വിശെഷ്യവുമില്ലാ എന്നത ഹെതുവായിട്ട ഉഭയാഭാവത്താൽ ഉണ്ടാക്കപ്പെട്ടതായ വിശിഷ്ടാഭാവം ജനിക്കും. യാതൊരെടത്തു സിസാധയിഷ ജനിക്കുന്നതല്ലൊ അവിടെ സിദ്ധി ഉണ്ടായാലും ഇല്ലാഎങ്കിലും പക്ഷത ജനിക്കും. യാതൊരെടത്ത സിദ്ധി ജനിക്കുന്നു എന്നും സിസാധയിഷ ഇല്ലാതിരുന്നുവെന്നതല്ലൊ അവിടെ പക്ഷത ജനിക്കില്ല സിസാധയിഷയുടെ അഭാവത്തൊട സഹിതയായ സിദ്ധി ജനിക്കുന്നതല്ലൊ അതിന്നുഹെതു എന്നറിക.

ഒരുപ്രകാരം പരാമൎശമെന്നുള്ള ജ്ഞാനം ജനിച്ചതിന്റെ ശെഷം സാദ്ധ്യപ്രത്യക്ഷവും അതിന്റെ ശെഷം സിസാധയിഷയുണ്ടായാൽ സിസാധയിഷാകാലത്തിങ്കൽ പരാമൎശം നശിക്കുകയാൽ അനുമാനാനുമിതി ജനിക്കില്ല. സിദ്ധിപരാമൎശസിസാധയിഷകൾ ക്രമെണ ജനിച്ചാൽ സിസാധയിഷാ കാലത്തിങ്കൽ സിദ്ധിനശിക്കും സിദ്ധിഎന്നത സാദ്ധ്യവിഷയകപ്രത്യക്ഷമാകുന്നു എന്നാൽ അനുമിതി ജനിക്കും. അനുമിതിയെക്കുറിച്ച പ്രതിബന്ധകം സിദ്ധിയാകുന്നു. അതുനശിച്ചാൽ അനുമിതിക്കു വിരൊധമില്ലല്ലൊ സിസാധയിഷാസിദ്ധിപരാമൎശങ്ങൾ ക്രമെണ ഉണ്ടാകുന്നു എങ്കിൽ പരാമൎശകാലത്തിങ്കൽ സിസാധയിഷ നശിക്കും. ഇങ്ങിനെ മറ്റൊരു പ്രകാരമായാലും സിദ്ധികാലത്തിങ്കലും പരാമൎശകാലത്തിങ്കലും സിസാധയിഷ ജനിക്കില്ല യൊഗ്യങ്ങളായി വിഭുവാകുന്നതിൽ ഇരിക്കുന്നതായ വിശെഷഗുണങ്ങൾ രണ്ടും കൂടെ ഏകകാലത്തിങ്കൽ ഉണ്ടാകുന്നില്ല. അതുകൾക്ക തന്റെ അനന്തരം ഉണ്ടാകുന്ന ഗുണത്താൽ നശിപ്പിക്കപ്പെടുക എന്നുള്ള അവസ്ഥ ഉണ്ടല്ലൊ അതുഹെതുവായിട്ടസി

സാധയിഷയുടെ അഭാവമാകുന്നവിശേഷണം സിദ്ധിക്കു എ
ന്തിനായിക്കൊണ്ടുകൊടുത്തു എന്നു ശങ്കിക്കുന്നു എങ്കിൽപറ
യാം കേട്ടുകൊൾക. വഹ്നിവ്യാപ്യധൂമവാൻ പൎവ്വതൊവഹ്നിമാ
ൻ ഇതതജ്ഞാനത്തിന്റെ സ്വരൂപമാകുന്നു. ഇതിന്റെ അന്വ
യാൎത്ഥത്തെയും പരിഭാഷയെയും കാണിക്കാം. വഹ്നിവ്യാപ്യധൂമ
വാനായിരിക്കുന്ന പൎവ്വതം വഹ്നിമാനാകുന്നു. (പരിഭാഷ) വ
ഹ്നിവ്യാപ്യധൂമവാൻ= വഹ്നിവ്യാപ്യമായിരിക്കുന്ന ധൂമം ഉള്ള
തു. വഹ്നിവ്യാപ്യ=വഹ്നിയുടെ വ്യാപ്തിഉള്ളതു-വഹ്നി= അഗ്നി-
വ്യാപ്തി=സാഹചൎയ്യനിയമം— ധൂമം=പുക- പൎവ്വതം=കുന്നു-
വഹ്നിമാൻ=വഹ്നിഉള്ളതു— ഇങ്ങിനെ അന്വയാൎത്ഥപരിഭാഷക
ൾ. ഒരു ജ്ഞാനം പ്രത്യക്ഷമായിട്ടും സ്മരണമായിട്ടും ഭവിക്കാം.
ഇങ്ങിനെ ഉള്ള ജ്ഞാനം ഒരുത്തനു സിസാധയിഷഭവിച്ചുഎങ്കി
ൽ അനുമിതി ഉണ്ടാകെണം അനുമിതി ഉണ്ടാകെണമെങ്കിൽ
പൎവ്വതത്തിനു പക്ഷതവെണം അതിനായിട്ടു മെൽപറഞ്ഞ
വിശെഷണം സിദ്ധിക്കു കൊടുക്കുന്നതു ആവശ്യകംതന്നെ എ
ന്നറിഞ്ഞുകൊൾക. ഇവിടെ വ്യക്തമായി ഗ്രഹിക്കേണ്ടതായ അം
ശത്തെ പറയാം യാതൊരുപ്രകാരം ഉള്ള സിസാധയിഷയും സി
ദ്ധിയും ഉള്ളപ്പോൾ യാതൊരുലിംഗജ്ഞാനത്തൊടു കൂടിയതായ അനുമി
തിഭവിക്കുന്നുവൊ അപ്രകാരമുള്ള സിസാധയിഷയുടെ അഭാവ
ത്തൊടു സഹിതമായ സിദ്ധിയുടെ അഭാവം ആകുന്നു ലിം
ഗത്തൊടുകൂടിയ അനുമിതിക്കു പക്ഷതയാകുന്നു. അതു
ഹെതുവായിട്ടു സിദ്ധിപരാമൎശങ്ങൾ ഉള്ളപ്പോൾ യാതൊരുപ്ര
കാരമൊ അപ്രകാരം അതുള്ളപ്പോൾ ഇതു വഹ്നിജ്ഞാനം
ഇനിക്കു ഭവിക്കട്ടെ എന്നുള്ള ഇച്ശ ഉണ്ടായാലും അനുമിതിഭവി
ക്കുന്നില്ല. വഹ്നിവ്യാപ്യധൂമവാൻ പൎവ്വതൊവഹ്നിമാൻ— എന്നു
ള്ളപ്രത്യക്ഷമുള്ളപ്പോൾ പ്രത്യക്ഷമല്ലാതെ ഉള്ളജ്ഞാനമുണ്ടാക
ട്ടെ എന്നുള്ള ഇച്ശഭവിച്ചാൽ അനുമിതിഭവിക്കുകയും ചെയ്യും.
ഇപ്രകാരം ധൂമത്തെവിഷയീകരിച്ചിട്ടുള്ളപരാമൎശം ഉള്ളപ്പോൾ
ആലൊകംകൊണ്ടുവഹ്നിയെ അനുമിക്കെണമെന്നുള്ള ഇച്ശഉ
ണ്ടായാലും അനുമിതിഭവിക്കില്ല സിസാധയിഷയൊടു കൂടാതെ
ഉള്ള കാരണങ്ങൾ യാതൊരുപ്രകാരമുള്ളസിദ്ധിഭവിച്ചാൽ അ
നുമിതിഭവിക്കുന്നില്ലയൊ അപ്രകാരമുള്ളസിദ്ധിഎന്നവിശെഷി
ച്ചുയൊജിപ്പിക്കെണം. അതുഹെതുവായിട്ടുപൎവ്വതം തെജസ്സി
യാകുന്ന പാഷാണമയമായിട്ടുള്ളതു വഹ്നിമാനാകുന്നു ഇങ്ങിനെ
ഉള്ളജ്ഞാനമുണ്ടായാലും അനുമിതിക്കുവിരൊധമില്ല. ഇനിയും ഒരു

വിശെഷമുണ്ട പക്ഷതാവച്ശെദക സാമാനാധികരണ്യെനസാധ്യം സിദ്ധമായിരുന്നാലും പക്ഷതാവച്ശെദകമുള്ളെടത്തൊക്കക്കൂടെ ഉള്ള അനുമിതിസംഭവിക്കുന്നതാകയാൽ പക്ഷതാവച്ശെദകമുള്ളെടത്തൊക്കക്കൂടെ ഉള്ള അനുമിതിയെ കുറിച്ച പക്ഷതാവച്ശെദകമുള്ളെടത്തൊക്കക്കൂടെ ഉള്ളസിദ്ധിതന്നെ വിരൊധിനിയായിട്ടുള്ളത പക്ഷതാവച്ശെദകസാമാനാധികരണ്യെനഉള്ള അനുമിതിയെകുറിച്ച സിദ്ധിമാത്രം പ്രതിബന്ധകമാകുന്നു. ഇനി വെറെഒരു വിശെഷത്തെപറയാം ആദിയിൽ ഇതുസ്ഥാണുവൊ പുരുഷനൊ എന്നുള്ള സംശയവും അനന്തരം പുരുഷത്വത്തൊടുകൂടതന്നെ ഇരിക്കുന്നതുകളായ കരാദികൾ ഇവന്നുണ്ട എന്നുള്ള ജ്ഞാനവും ഭവിച്ചാൽ അനുമിതി ഉണ്ടാകണമെന്നുള്ള ഇച്ശ ഇല്ലാഎങ്കിൽ ഉണ്ടാകുന്നത പുരുഷപ്രത്യക്ഷമാകുന്നു. അനുമിതി അല്ല അതുഹെതുവായിട്ട അനുമിതിക്കുണ്ടാമെന്നുള്ള ഇച്ശയുടെ വിരഹത്തൊട സഹിതമായ സമാനവിഷയക പ്രത്യക്ഷത്തിന്റെ കാരണത്തിന്നുള്ളതികവ അനുമിതിയെ പ്രതിബന്ധിക്കുമെന്ന കല്പിക്കണം. ഇപ്രകാരം പരാമൎശമുണ്ടായതിന്റെ ശെഷം ഇച്ശയൊടുകൂടാതെ പാകാദിപ്രത്യക്ഷം ഭവിക്കായ്കയാൽ പ്രത്യക്ഷത്തിന്ന വിരഹമുള്ളപ്പൊൾ ഉള്ള അനുമിതികാരണത്തിന്റെ തികവ ഭിന്നവിഷയകപ്രത്യക്ഷത്തെകുറിച്ച പ്രതിബന്ധകമാകുന്നു. (സമാനവിഷയകപ്രത്യക്ഷം=സമാനവിഷയകമായിരിക്കുന്നപ്രത്യക്ഷം. സമാനവിഷയകം=സമാനമായിരിക്കുന്നവിഷയത്തൊടുകൂടിയത. സമാനം=തുല്യം— ഭിന്നവിഷയകപ്രത്യക്ഷം=ഭിന്നവിഷയകമായിരിക്കുന്ന പ്രത്യക്ഷം— ഭിന്നവിഷയകം=ഭിന്നമായിരിക്കുന്നവിഷയത്തൊടുകൂടിയ. ഭിന്നം=വെറെയന്ന. ഇങ്ങിനെസംക്ഷെപമെന്നറിക. ഇനിഹെതുപ്രസംഗം ഹെതുവായിട്ട ഹെത്വാഭാസങ്ങളെ കുറിച്ചുപറയുന്നു)

൭൦. അനെകാന്തൊവിരുദ്ധശ്ചാപ്യസിദ്ധഃപ്രതിപക്ഷിതഃ। കാലാത്യയാപദിഷ്ടശ്ചഹെത്വാഭാസാസ്തുപഞ്ചധാ॥

അന്വയം— അനെകാന്തഃ. വിരുദ്ധഃ അപി. ച. അസിദ്ധഃ— പ്രതിപക്ഷിതഃ— കാലാത്യയാപദിഷ്ടഃ ച. ഇതി. പഞ്ചധാ— ഹെത്വാഭാസാഃ. തു.

അന്വയാൎത്ഥം — അനെകാന്തവും വിരുദ്ധവും അസിദ്ധവും പ്രതിപക്ഷിതവും കാലാത്യയാപദിഷ്ടവുംഇങ്ങിനെ അഞ്ചുപ്രകാരെണ ഹെത്വാഭാസങ്ങൾഭവിക്കുന്നു.

പരിഭാഷാ— അനെകാന്തം=അനെകാന്തമെന്ന പെരൊ

ട്ടകൂടിയത.(ഇങ്ങിനെമറ്റുള്ളതുകളുടെയും പരിഭാഷയെ ഗ്രഹിച്ചുകൊൾ്ക- അനൈകാന്തത്തിന്നനൈകാന്തികമെന്ന ഒരുപെരുകൂടെഉണ്ടു- പ്രതിപക്ഷത്തിന്ന സൽപ്രതിപക്ഷമെന്നും പെരുണ്ടു) ഹെത്വാഭാസങ്ങൾ=ഹെതുക്കളെന്നപൊലെ ആഭാസിക്കുന്നവ— ആഭാസിക്ക=ശൊഭിക്ക—

സാരം—— അനൈകാന്തം, വിരുദ്ധം, അസിദ്ധം, സൽപ്രതിപക്ഷം കാലാത്യയാപദിഷ്ടം ഇങ്ങിനെ അഞ്ചുപ്രകാരെണ ഹെത്വാഭാസങ്ങൾ ഭവിക്കുന്നു ഹെത്വാഭാസങ്ങൾ എന്നതിന്നദുഷ്ടഹെതുക്കൾ എന്നുള്ള അൎത്ഥത്തെ ഗ്രഹിച്ചുകൊൾ്ക. ഹെതുക്കളിലിരിക്കുന്ന ദൊഷങ്ങളുടെ സാമാന്യലക്ഷണം കാരികയിൽ പറഞ്ഞിട്ടില്ല മുക്താവലിയിൽ ഉണ്ടു.

മുക്താവലിവാക്യം— യദ്വിഷയകത്വെന ജ്ഞാനസ്യാനുമിതിവിരൊധിത്വം തദ്ദൊഷത്വം എന്നാകുന്നു. യാതൊന്നാകുന്ന വിഷയത്തൊടുകൂടെഉള്ള ജ്ഞാനത്തിന്ന അനുമിതിയെകുറിച്ചുപ്രതിബന്ധകമാവു എന്നുള്ള അവസ്ഥ ഭവിക്കുന്നുവൊ അതാവു എന്നുള്ളത ദൊഷസാമാന്യലക്ഷണമാകുന്നു. എന്നതിന്റെ അഭിപ്രായമാകുന്നു സാധ്യത്തൊടു കൂടാതെയും ഹെതുവിന്റെ സ്ഥിതിയാകുന്ന സാധ്യാഭാവത്തൊടു കൂടിയ വ്യഭിചാരമാകുന്ന വിഷയത്തൊടുകൂടിയതായിട്ടു ജ്ഞാനമുണ്ടായാൽ ആ ജ്ഞാനം അനുമിതിയെ വിരൊധിക്കും. അതുഹെതുവായിട്ടു വ്യഭിചാരവും അതുപൊലെ മറ്റുള്ളതുകളും ഹെതുദൊഷങ്ങളാകുന്നു എന്നറിഞ്ഞുകൊൾ്ക. യദ്വിഷയകത്വമെന്നതിന്നയാതൊരുപ്രകാരം ഉള്ള വിശിഷ്ടമാകുന്ന വിഷയത്തൊടു കൂടിയതാവു എന്നുള്ളത എന്നൎത്ഥമാകുന്നു. അതുഹെതുവായിട്ടു ബാധഭ്രമം അനുമിതിയെ വിരൊധിച്ചാലും തരക്കെടില്ല. അവിടെ വിശിഷ്ടം പ്രസിദ്ധമല്ലായ്കയാൽ ഹെതുദൊഷം ഭവിക്കുന്നില്ല. എന്നാൽ വഹ്നിയുടെ അഭാവത്തൊടു കൂടെവ്യാപ്തിയുള്ളതായ ശിലാമയമാവു എന്നുള്ളതായ അവസ്ഥ ഉള്ളതാകുന്നു. പൎവ്വതമെന്നുള്ള പരാമൎശകാലത്തിങ്കൽ വഹ്നിവ്യാപ്യമായ ധൂമത്തിന്ന ദുഷ്ടത്വം ഭവിക്കയില്ലല്ലൊ അവിടെയും വിശിഷ്ടത്തിന്ന അപ്രസിദ്ധി ഉണ്ടല്ലൊ എന്നുപറയുന്നുഎങ്കിൽ അതു ഇഷ്ടാപത്തിതന്നെ. അല്ലാഎങ്കിൽ ബാധമെന്നദൊഷത്തിന്ന അനിത്യത്വം പ്രസംഗിക്കും. അതുഹെതുവായിട്ടഅപ്രകാരമുള്ള ഭ്രമംഭവിച്ചാൽ അനുമിതിപ്രതിബന്ധം തന്നെ ഭവിക്കും. ഹെതുദൊഷത്തൊടു കൂടാത്തതുതന്നെ- ഇപ്രകാരമായരുപ്പൊൾ സാധ്യത്തൊടു കൂടാത്തതായസ്ഥലത്തിങ്കു

ഘടിക്കുന്നാതെ ഹെതു ആവൂ എന്നുള്ള അവസ്ഥമുതലായത ദൊഷമാകുന്നു എന്ന ഫലിതാൎത്ഥമായി അങ്ങിനെ ഉള്ള ദൊഷത്തൊടുകൂടിയതാവൂ എന്നുള്ള അവസ്ഥ ഹെതുവിങ്കൽ വല്ലൊരു സംബന്ധെന ഉണ്ടായാൽ മതി എന്ന നവീനന്മാർ പറയുന്നു- അന്യന്മാർ യാതൊന്നാകുന്നു വിഷയത്തൊട കൂടിയതാവൂ എന്നുള്ള അവസ്ഥയൊട കൂടെ ഉള്ള ജ്ഞാനത്തിന്ന അനുമിതിയെക്കുറിച്ച വിരൊധിത്വം ഭവിക്കുന്നുവൊ അതുള്ളതാവൂ എന്നുള്ള അവസ്ഥ ഹെത്വാഭാസലക്ഷണമാകുന്നു- സൽപ്രതിപക്ഷത്തിങ്കൽ വിരൊധിവ്യാപ്തിമുതലായു തന്നെ അപ്രകാരം ഭവിക്കുന്നതിങ്ങിനെ ഉള്ള ഹെത്വാഭാസങ്ങൾ ഹെതുവിന്ന ഉണ്ടാകുന്നത ജ്ഞാനത്രുപസംബന്ധത്താൽ ആകുന്നു എന്നാൽ വഹ്നിമാൻ ധൂമാൻ എന്നുള്ള സ്ഥലത്തിങ്കൽ പക്ഷത്തിങ്കൽ സാദ്ധ്യം ഭവിക്കുന്നില്ലാ എന്നുള്ള ജ്ഞാനത്തിന്ന അനുമിതിവിരൊധിത്വമുണ്ടാകയാലും ജ്ഞാനത്രുപസംബന്ധംകൊണ്ട ധൂമത്തിങ്കലും അതു ഭവിക്കുന്നതാകയാലും സദ്ധെതുവിന്നും ബാധിതത്വം വരുമല്ലൊ എന്ന ശങ്കിക്കരുത അവിടെ ജ്ഞാനത്തിന്ന സംബാധതാവത്തെ കല്പിക്കുന്നില്ല- ഇവിടെ സൽപ്രതിപക്ഷമെന്നുള്ള വ്യവഹാരം ഉള്ളതാകയാൽ അതിനെ കല്പിക്കുന്നു എന്നു പറയുന്നു-

അനുമിതി വിരൊധിത്വമെന്നത അനുമിതിയെയൊ അതിന്റെ കരണത്തെയൊ വിരൊധിക്കുന്നതാവൂ എന്നുള്ള അവസ്ഥയാകുന്നു അതുഹെതുവായിട്ട വ്യഭിചാരിഹെതുവിങ്കൽ അവ്യാപ്തി ഭവിക്കുന്നില്ല ദൊഷജ്ഞാനം യാതൊരു ഹെതുവിനെ വിഷയമാക്കി ഉത്ഭവിച്ചുവൊ അതാകുന്ന ഹെതുവൊടുകൂടിയ അനുമിതിയെക്കുറിച്ച അതു വിരൊധിയാകുന്നില്ലാതെ മറെറാരു ഹെതുകൊണ്ടുള്ള അനുമിതിയെക്കുറിച്ച വിരൊധിയായി ഭവിക്കില്ല അതുഹെതുവായിട്ട സദ്ധെതുവിങ്കൽ വ്യഭിചാരജ്ഞാനമുണ്ടായാലും ഹെത്വന്തരംകൊണ്ട അനുമിതി ഭവിക്കാം-

യാതൊരു പ്രകാരമുള്ള സാദ്ധ്യപക്ഷഹെതുക്കളൊടുകൂടിയ അനുമാനത്തിങ്കൽ ഏതു ദൊഷങ്ങൾ ഭവിക്കുന്നുവൊ അതുള്ള അതുകളിൽനിന്ന അന്യങ്ങളായ യാതൊരുവസ്തുക്കളൊ അതുകളിൽനിന്ന അന്യമാവൂ എന്നുള്ള അവസ്ഥ അപ്രകാരമുള്ള സാദ്ധ്യാദികളൊട കൂടിയതായ അനുമാനത്തിങ്കൽ ഹെത്വാഭാസലക്ഷണമാകുന്നു ഇപ്രകാരം സാധാരണമുതലായ്ക്കളിൽവെച്ച ഒന്നാവൂ എന്നുള്ള അവസ്ഥ അനൈകാന്തികലക്ഷണമാകുന്നു അനൈകാന്തികമെന്നത അനൈകാന്തത്വം- അതിന്റെ വിഭാഗ

ത്തെ പറയുന്നു-

൭൭— ആദ്യസ്സാധാരണസ്തുസ്യാൽ സപക്ഷാസാധാരണോപരഃ। തഥൈവാനുപസംഹാരീ ത്രിധാനൈകാന്തികോ ഭവേൽ॥

അന്വയം — അനൈകാന്തികഃ- ത്രിധാ- ഭവേൽ- ആദ്യഃ- തു- സാധാരണഃ- സ്യാൽ അപരഃ സഃ- തു- അസാധാരണഃ സ്യാൽ— തഥാ- ഏവ- അനുപസംഹാരീ ച-

അന്വയാൎത്ഥം — അനൈകാന്തികം മൂന്നുപ്രകാരമെന്ന ഭവിക്കും ആദ്യമായിട്ടുള്ളതാകട്ടെ സാധാരണമായി ഭവിക്കും അപരമായിട്ടുള്ളതാകട്ടെ അസാധാരണമായി ഭവിക്കും അപ്രകാരം തന്നെ അനുപസംഹാരിയായിട്ടും ഭവിക്കും-

പരിഭാഷാ — അനൈകാന്തികം=അനൈകാന്തം ആദ്യം ഒന്നാമത്തെത- സാധാരണം= സാധാരണമെന്നപെരൊട കൂടിയത- അപരം= മറ്റുള്ളത- അസാധാരണം=അസാധാരണമെന്നപെരൊട കൂടിയത- അനുപസംഹാരീ=അനുപസംഹാരി എന്നപെരൊട കൂടിയത-

സാരം — സാധാരണം, അസാധാരണം, അനുപസംഹാരീ- ഇങ്ങിനെ അനൈകാന്തമെന്ന ഹെത്വാഭാസം മൂന്നപ്രകാരമെന്ന ഭവിക്കുന്നു- സാധാരണമെന്നത സാധ്യത്തൊട കൂടാത്തതായ സ്ഥലത്തിങ്കൽ ഇരിക്കുന്നതാകുന്നു അതിന്റെ സാധ്യത്തൊടകൂടാത്തതായ സ്ഥലത്തിങ്കൽ ഉള്ള ഇരിപ്പിനാൽ വ്യാപ്തിജ്ഞാനവിരോധം ഉണ്ടാകപ്പെടുന്നു അസാധാരണമെന്നത സാധ്യത്തൊടകൂടെ ഇരിക്കാത്തതാകുന്നു- അതിന്റെ സാധ്യത്തൊടകൂടെ ഇരിക്കായ്ക എന്നുള്ളതിനാൽ സാധ്യസാമാനാധികരണ്യത്തിന്റെ ഗ്രഹണം മുടക്കപ്പെടുന്നു എന്ന ധരിച്ചു കൊൾക- ചിലർ സപക്ഷവ്യാവൃത്തിയായിരിക്കുന്നത സാധാരണമെന്നും സപക്ഷമെന്നത നിശ്ചിതമായ സാധ്യത്തൊട കൂടിയതായ സ്ഥലമാകയാൽ പക്ഷത്തിങ്കൽ യാതൊരു സമയം സാധ്യനിശ്ചയം ഭവിക്കുമൊ അപ്പോൾ അസാധാരണ്യം ഭവിക്കയില്ലെന്നും പറയുന്നു അത്യന്താഭാവത്തിന്ന പ്രതിയോഗിയായി ഭവിക്കാത്തതായ സാധ്യത്തൊട കൂടിയത അനുപസംഹാരിയായി ഭവിക്കുന്നു- അതിന്റെ സാധ്യം അത്യന്താഭാവത്തിന്ന പ്രതിയോഗിയായി ഭവിക്കായ്ക എന്നുള്ള അവസ്ഥയാൽ വ്യതിരെക വ്യാപ്തിയുടെ ഗ്രഹണം മുടക്കപ്പെടുന്നു- വിശേഷമെന്നുള്ള സാധ്യ[illegible]ക്കൊടകൂടിയ അത്യന്താഭാവത്തിന്ന പ്രതിയോഗിയായി ഭവിക്കാത്തതായ അത്യന്താഭാവത്തിന്ന പ്രതിയോഗിയായിട്ടുള്ളതാക

ന്നു- ഇതു സാധ്യാഭാവത്തെ ഗ്രഹിപ്പിപ്പാൻ മതിയായ കാരണമായി ഭവിക്കുന്നതാകയാൽ തന്റെ ദോഷത്തിന്റെ അറിവ ഉളവാകുന്ന സാധ്യവത്താ ഗ്രഹണരൂപമായ അനുമിതിയെ പ്രതിബന്ധിക്കുന്നതാകുന്നു- സൽപ്രതിപക്ഷസ്ഥലത്തിങ്കൽ പ്രതിഹേതു സാധ്യത്തിന്റെ അഭാവത്തെ സാധിക്കുന്നു- വിരുദ്ധ സ്ഥലത്തിങ്കൽ ഹേതു ഒന്നുതന്നെ എന്നുള്ള വിശേഷം ഉണ്ടാകുന്നു. സാധ്യാഭാവത്തെ സാധിക്കുന്നതായ ഹേതുതന്നെ സാധ്യത്തെ സാധിപ്പാനായിക്കൊണ്ടു പറയപ്പെട്ടു എന്നു എന്നി പ്രകാരം ഈ രണ്ടിന്നുള്ള അസാമൎത്ഥ്യ വിശേഷത്തെ ഗ്രഹിക്കമാക്കേണ്ടതാകുന്നു- സൽപ്രതിപക്ഷമെന്നതു സാധ്യാഭാവ വ്യാപ്യവത്തായിരിക്കുന്ന പക്ഷമാകുന്നു- (സാധ്യാഭാവവ്യാപ്യവത്ത=സാധ്യാഭാവവ്യാപ്യമുള്ളത— സാധ്യാഭാവവ്യാപ്യം=സാധ്യാഭാവവ്യാപ്തിയുള്ളത—സാധ്യാഭാവവ്യാപ്തി=സാധ്യാഭാവത്തിന്റെ വ്യാപ്തി—പക്ഷം=പക്ഷതയുള്ളതിൽ അനുമിതിയെന്നുള്ള ഗ്രഹണത്തിന്നു വിഷയമായി ഭവിക്കുന്നതായ സാധ്യവത്താ ഉപസ്ഥിതിയുള്ളപ്പോൾ ഉണ്ടായതായ സാധ്യാഭാവവ്യാപ്യവത്താ ഉപസ്ഥിതിക്കു വിഷയമായിട്ടുള്ളതു സൽപ്രതിപക്ഷമാകുന്നു എന്നു പറയുന്നു-(സാധ്യവത്താ ഉപസ്ഥിതി=സാധ്യവത്താ ഇതിന്റെ ഉപസ്ഥിതി സാധ്യവത്താ=സാധ്യവത്താവു എന്നുള്ളത. സാധ്യവത്ത=സാധ്യമുള്ള ഉപസ്ഥിതി=ജ്ഞാനം— സാധ്യാഭാവവ്യാപ്യവത്താ ഉപസ്ഥിതി=സാധ്യാഭാവവ്യാപ്യവത്താ ഇതിന്റെ ഉപസ്ഥിതി.സാധ്യാഭാവവ്യാപ്യവത്താ=സാധ്യാഭാവവ്യാപ്യവത്താവു എന്നുള്ളത— സാധ്യാഭാവവ്യാപ്യവത്ത=സാധ്യാഭാവവ്യാപ്യമുള്ളത— സാധ്യാഭാവവ്യാപ്യം= സാധ്യാഭാവത്തിന്റെ വ്യാപ്യം- സാധ്യാഭാവം സാധ്യത്തിന്റെ അഭാവം— വ്യാപ്യം=വ്യാപ്തിയുള്ളത— ഉപസ്ഥിതി=ജ്ഞാനം) ഇവിടെ പരസ്പരങ്ങളുടെ അഭാവത്തിന്റെ വ്യാപ്യമായ രണ്ടുവസ്തുക്കളും പക്ഷത്തിൽ ഇരിക്കുന്നു എന്നുള്ള അറിവു കൊണ്ടുണ്ടാകുന്ന ഫലം പരസ്പരാനുമിതി പ്രതിബന്ധമാകുന്നു- ഇവിടെ ഒരു സ്ഥലത്തിങ്കൽ ഘടാഭാവത്തിന്റെ വ്യാപ്തിയുള്ളതായ ഒരു പദാൎത്ഥം ഭവിക്കുന്നു എന്നുള്ള ജ്ഞാനം ഉള്ളപ്പോൾ തന്നെ ഘടത്തോടു ചക്ഷുരിന്ദ്രിയത്തിന്നു സംയോഗം ഭവിച്ചാൽ ഇവിടെ ഘടമുണ്ടു എന്നുള്ള ബോധം ഭവിക്കുന്നതു യാതൊരു പ്രകാരമോ അപ്രകാരവും മറ്റും നിറമാവൃ എന്നുള്ളതിന്റെ അഭാവത്തിന്റെ വ്യാപ്തിയുള്ളതായ ശംഖത്വം ഇതിങ്കലുണ്ടു എന്നുള്ള ജ്ഞാനമുള്ളപ്പോൾ തന്നെ പീതാദികളെ

ഷയമായാൽ തന്നെ ശംഖം പീതനിറത്തൊട കൂടിയതാകുന്നു എന്നുള്ള ബൊധമുണ്ടാകുന്നതു യാതൊരു പ്രകാരമൊ അപ്രകാരവും പരസ്പര വിരുദ്ധങ്ങളായ രണ്ടു വസ്തുക്കളുടെ വ്യാപ്തിയുള്ളതുകളായ രണ്ടു വസ്തുക്കളെക്കണ്ടാൽ അതൊ ഇതൊ എന്നുള്ള സംശയ രൂപ പ്രത്യക്ഷം ഭവിക്കുന്നതു യാതൊരു പ്രകാരമൊ അപ്രകാരവും സൽപ്രതിപക്ഷസ്ഥലത്തിങ്കൽ സംശയ രൂപയായിരിക്കുന്ന അനുമിതി ഭവിക്കുന്നു. സംശയ കൊടികളിൽ വെച്ചു ഒന്നിന്റെ വ്യാപ്തിയുള്ളതായ ഒരു പദാൎത്ഥത്തിന്റെ ദൎശനം യാതൊരെടത്തു ഭവിക്കുന്നുവൊ അവിടെ അതിനാൽ ബലാധിക്യം ഹെതുവായിട്ടു അന്യകൊടിയുടെ ബൊധം പ്രതിബന്ധിക്കപ്പെടുന്നു. അതു ഹെതുവായിട്ടു സംശയം ഭവിക്കുന്നു. ഫലത്തെ അനുസരിച്ചിട്ടു ബലാധിക്യത്തെയും ബലഹാനിയെയും അങ്ങിനെ ഉള്ള സ്ഥലങ്ങളിൽ കല്പിക്കുന്നു എന്നു ചിലർ പറയുന്നു. അതുയുക്തമല്ല. ഒന്നിന്റെ അഭാവത്തിന്റെ വ്യാപ്തിയുള്ളതായ ഒരു വസ്തു ഇവിടെ ഉണ്ടു എന്നുള്ള ജ്ഞാനം ഭവിക്കുമ്പൊൾ യാതൊന്നിന്റെ അഭാവവ്യാപ്യമുണ്ടെന്നു തൊന്നിയൊ അതുതന്നെ അവിടെ ഉള്ള പ്രകാരം തൊന്നില്ലല്ലൊ. ലൌകിക സന്നികൎഷത്താൽ ജനിപ്പിക്കപ്പെടുന്നതല്ലാതെയും ദൊഷവിശെഷത്താൽ ജനിപ്പിക്കപ്പെടുന്നതല്ലാതെയും ആഹാൎയ്യമല്ലാതെയുമിരിക്കുന്ന എല്ലാജ്ഞാനങ്ങളിലും അതൊടുകൂടിയതാവൂ എന്നുള്ളത എന്ന അംശം തൊന്നുന്നതിനെക്കുറിച്ചു അതിന്റെ അഭാവവ്യാപ്യമായ വസ്തുവിനൊട കൂടിയതാകുന്നു എന്നുള്ള ജ്ഞാനം പ്രതിബന്ധകമാകുന്നു പ്രതിബന്ധകമുള്ളപ്പൊൾ സംശയ രൂപമായിട്ടു അനുമിതി ഭവിക്കുന്നതെല്ലല്ലൊ. ലൌകിക സന്നികൎഷസ്ഥലത്തിങ്കൽ സംശയ പ്രത്യക്ഷമെന്നപൊലെ സൽപ്രതിപക്ഷസ്ഥലത്തിങ്കൽ സംശയാനുമിതിയും പ്രമാണസിദ്ധമായിരുന്നാൽ മെൽപ്രകാരമുള്ള ജ്ഞാനത്തിന്നു മെൽ പറയപ്പെട്ടതുകളെയും അപ്രകാരമുള്ള അനുമിതിയെയും കുറിച്ചു ശിദ്ധമായിട്ടുള്ളതിനെക്കുറിച്ചു തന്നെ ഞാൻ പ്രതിബന്ധകത്തെ സ്വീകരിക്കുമായിരിന്നു. അങ്ങിനെ ഒരു അനുമിതിയെ സ്വീകരിച്ചു കഴിയു എന്നാൽ ഒന്നും കൊറവും വന്നിട്ടില്ല. കൊടിരൂപ വ്യാപ്യങ്ങളായ രണ്ടു വസ്തുക്കളുണ്ടു എന്നു തൊന്നുന്ന സ്ഥലത്തിങ്കൽ രണ്ടുജ്ഞാനങ്ങളും യഥാൎത്ഥങ്ങളല്ലെന്നു എന്നിപ്രകാരം അപ്രാമാണ്യബൊധമുണ്ടാകയാൽ സംശയം ഭവിക്കുന്നു. അതുകളുടെ അപ്രാമാണ്യത്തെ ഗ്രഹിച്ചിട്ടില്ല എങ്കിൽ അതുകൾ അന്യൊന്യ

കാൎയ്യപ്രതിബന്ധമാത്രത്തെ ജനിപ്പിക്കും. അതു ഹേതുവായിട്ടു സൽപ്രതിപക്ഷസ്ഥലത്തിങ്കൽ പരസ്പരാനുമിതി പ്രതിബന്ധം തന്നെ ഫലമായിട്ടുള്ളത എന്നു ഗ്രഹിച്ചു കൊള്ളുക. അസിദ്ധമെന്നത ആശ്രയാസിദ്ധം മുതലായതാകുന്നു ആശ്രയാസിദ്ധമെന്നുള്ളതിന്നു ആശ്രയാസിദ്ധി ഉള്ളത എന്നുള്ള അൎത്ഥത്തെ ഗ്രഹിക്കേണം. ആശ്രയാസിദ്ധി എന്നത പക്ഷത്തിങ്കൽ പക്ഷതാവച്ഛേദകമില്ലായ്കയാകുന്നു. അതു കാഞ്ചനമയഃ പൎവ്വതൊ വഹ്നിമാൻ ഇത്യാദി സ്ഥലങ്ങളിലാകുന്നു. കാഞ്ചനമയഃ പൎവ്വതൊ വഹ്നിമാൻ എന്നതിന്നു സ്വൎണ്ണമയമായ പൎവ്വതം വഹ്നിമയമാകുന്നു എന്നു അൎത്ഥമാകുന്നു. ഇവിടെ പക്ഷമായ പൎവ്വതത്തിങ്കൽ സ്വൎണ്ണമയത്വമാകുന്ന പക്ഷതാവച്ഛേദകം ഭവിക്കുന്നില്ല. അത ആശ്രയാസിദ്ധിയാകുന്നു. അന്യസ്ഥലങ്ങളിലും ഇങ്ങിനെ ആശ്രയാസിദ്ധിയെ ഗ്രഹിച്ചു കൊള്ളുക. പൎവ്വതം സ്വൎണ്ണമയമല്ല. എന്നുള്ള ജ്ഞാനമുള്ളപ്പോൾ സ്വൎണ്ണമയമായ പൎവ്വതം വഹ്നിവ്യാപ്യമായ ധൂമത്തൊടു കൂടിയതാകുന്നു. എന്നുള്ള ജ്ഞാനം ഭവിക്കായ്കയാൽ ആശ്രയാസിദ്ധിയുടെ ഫലം ഇവിടെ പരാമൎശജ്ഞാനപ്രതിബന്ധമാകുന്നു. ശെഷമുള്ള സ്ഥലത്തിങ്കലുമിപ്രകാരം തന്നെ ഫലമെന്നു ധരിക്കകയും വെണം. സ്വരൂപാസിദ്ധമെന്നതും അസിദ്ധം തന്നെ ഇതിങ്കലെ സ്വരൂപാസിദ്ധി എന്നത പക്ഷത്തിങ്കൽ വ്യാപ്യമായി ഗ്രഹിച്ചു പറകപ്പെട്ട ഹേതുവിന്റെ അഭാവമാകുന്നു. അത ഹ്രദൊദ്രവ്യം ധൂമാൻ ഇത്യാദി സ്ഥലങ്ങളിലാകുന്നു. ഹ്രദൊദ്രവ്യം ധൂമാൻ എന്നതിന്നു ഹ്രദം ദ്രവ്യമാകുന്നു ധൂമം ഹേതുവായിട്ടു എന്നു അൎത്ഥമാകുന്നു. (ഹ്രദം=അഗാധമായ ജലത്തൊടു കൂടിയ പ്രദെശം. ധൂമം=പുക―) ഇവിടെ ദ്രവ്യത്വമാകുന്ന സാധ്യത്തിന്റെ വ്യാപ്തിയൊടു കൂടിയതായി ഗ്രഹിച്ചു പറകപ്പെട്ട ധൂമമാകുന്ന ഹേതു ഹ്രദമാകുന്ന പക്ഷത്തിങ്കൽ ഇരിക്കുന്നില്ല എന്നുള്ള [illegible] അതു സ്വരൂപാസിദ്ധിയാകുന്നു. ശെഷമുള്ള സ്ഥലങ്ങളിലുമിപ്രകാരം സ്വരൂപാസിദ്ധിയെ ഗ്രഹിച്ചു കൊൾക. സ്വരൂപാസിദ്ധിയുടെ ഫലം സൎവ്വത്രമെൽ പ്രകാരം പരാമൎശപ്രതിബന്ധമാത്രമാകുന്നു. ഇതുകൾക്കും പുറമെ വ്യാപ്യത്വാസിദ്ധമെന്നൊരു അസിദ്ധമുണ്ടു. വ്യാപ്യത്വാസിദ്ധി എന്നതു സാധ്യാപ്രസിദ്ധി മുതലായതാകുന്നു. സാധ്യത്തിങ്കൽ സാധ്യതാവച്ഛേദക ധൎമ്മമിരിക്കായ്ക എന്നതിനെ സാധ്യാപ്രസിദ്ധി എന്നു ഗ്രഹിച്ചു കൊൾക. അതു കാഞ്ചനമയ വഹ്നിമാൻ ധൂമാൻ ഇത്യാദി സ്ഥലങ്ങ

ളം

കേരള സാഹിത്യ അക്കാദമി

ളിലാകുന്നു. അവിടെ കാഞ്ചനമയമായിരിക്കുന്ന വഹ്നി എന്നി പ്രകാരം സാധ്യനിൎദ്ദേശത്തൊടു കൂടിയതായ സ്ഥലത്തിങ്കൽ കാഞ്ചനമയത്വമെന്ന ധൎമ്മം വഹ്നിയിങ്കൽ ഇരിക്കായ്ക എന്നതു സാധ്യാപ്രസിദ്ധിയാകുന്നു. മറ്റുള്ള സ്ഥലങ്ങളിലും ഇപ്രകാരം ഗ്രഹിച്ചുകൊൾക. സൎവ്വത്ര ഫലം മെൽപ്രകാരം പരാമൎശപ്രതിബന്ധം തന്നെ. പക്ഷത്തിങ്കലിരിക്കുന്നതായിട്ടു പ്രകല്പിക്കപ്പെട്ട ഹെതു പക്ഷത്തിങ്കലിരിക്കാത്തതാകുന്നു എങ്കിൽ അവിടെ സ്വരൂപാസിദ്ധി ഭവിക്കുന്നു. ഇതിന്റെ ഫലം മെൽപ്രകാരം പരാമൎശപ്രതിബന്ധം തന്നെ എന്നു ധരിച്ചുകൊൾക— യാതൊരെടത്തു കാഞ്ചനമയധൂമം മുതലായതിനെ ഹെതുവാക്കി പറയുന്നുവൊ അവിടെ ഹെതുവിങ്കൽ ഹെതുതാവഛെദകമായ കാഞ്ചനമയത്വം മുതലായതുകൾ ഇല്ലായ്കയും വ്യാപ്യത്വാസിദ്ധിയാകുന്നു. ഇപ്രകാരം വഹ്നിമാൻ നീലധൂമാൽ എന്നുള്ള സ്ഥലത്തിങ്കൽ നീലധൂമത്വം ഗുരുധൎമ്മമാകയാൽ അതു ഹെതുതയുടെ അവഛെദകമായി ഭവിക്ക ഇല്ല എന്നതും വ്യാപ്യത്വാസിദ്ധിയാകുന്നു. എന്നു ചിലർ പറയുന്നു. വ്യാപ്യത്വാസിദ്ധിയുടെ ഫലവും പരാമൎശപ്രതിബന്ധം തന്നെ എന്നു ധരിച്ചുകൊൾക. കാലാത്യയാപദിഷ്ടമെന്നതിനെ ബാധമെന്നും പറഞ്ഞുവരുമാറുണ്ടു. ബാധമെന്നത പക്ഷത്തിങ്കലുള്ള സാധ്യാഭാവം മുതലായതാകുന്നു. അതിന്റെ ഫലം അനുമിതിപ്രതിബന്ധമാകുന്നു. ഹ്രദം വഹ്നിയൊടുകൂടിയതാകുന്നു എന്നുള്ള അനുമിതി ഹ്രദം വഹ്ന്യഭാവവാനാകുന്നു എന്നുള്ള ജ്ഞാനമുള്ളപ്പൊൾ ഉണ്ടാകയില്ല. ഹ്രദത്തിങ്കലെ വഹ്ന്യഭാവം ഹ്രദം വഹ്ന്യഭാവവാനാകുന്നു എന്നുള്ള ജ്ഞാനത്തിന്നു അനുകൂലമായിട്ടുള്ളതുമാകുന്നു. അതു ഹെതുവായിട്ടു ബാധത്തിന്റെ ഫലം അനുമിതിപ്രതിബന്ധം തന്നെ എന്നു ധരിച്ചുകൊൾക.

ഇങ്ങിനെ പ്രസംഗവശാൽ ഹെത്വാഭാസവിഷയത്തിങ്കൽ പറകപ്പെടുവാൻ യൊഗ്യമായിട്ടുള്ളതു മിക്കതും പറകപ്പെട്ടു. അധികമായി വിസ്തരിച്ചാൽ അല്പബുദ്ധികൾക്കു അറിവാൻ ഭാരമാകുമെന്നു വിചാരിച്ചു ചുരുക്കുന്നു. ഇവിടെ അവശിഷ്ടമായ അംശത്തിങ്കൽ ആഗ്രഹമുള്ളവർ മുക്താവലി മുതലായതുകളെ നൊക്കി ഗ്രഹിച്ചുകൊൾക.

ഇനി മൂലഗ്രന്ഥത്തെ ഗ്രഹിച്ചു മിക്കതും പൂൎവ്വൊക്തമായ അൎത്ഥത്തെ സംക്ഷെപിച്ചുപറവാൻ പൊകുന്നു—

൭൦. യസ്സപക്ഷവിപക്ഷൊ ഭവെൽ സാധാരണസ്തു സഃ

യസ്തൂഭയസ്മാദ്വ്യാവൃത്തസ്സ ത്വസാധാരണോ മതഃ ||

൭൪. തഥൈവാനനുപസംഹാരീ കേവലാന്വയിപക്ഷകഃ | യസ്സാദ്ധ്യവതി നൈവാസ്തി സ വിരുദ്ധ ഉദാഹൃതഃ ||

൭൫. ആശ്രയാസിദ്ധിരാദ്യാ സ്യാൽ സ്വരൂപാസിദ്ധിരപ്യഥ | വ്യാപ്യത്വാസിദ്ധിരപരാ സ്യാദസിദ്ധിരതസ്ത്രിധാ ||

൭൬. പക്ഷാസിദ്ധിര്യത്ര പക്ഷോ ഭവേന്മണിമയോ ഗിരിഃ | ഹ്രദോ ദ്രവ്യം ധൂമവത്വാദത്രാസിദ്ധിരഥാപരാ ||

൭൭. വ്യാപ്യത്വാസിദ്ധിരപരാ നീലധൂമാദികേ ഭവേൽ | വിരുദ്ധയോഃ പരാമർശേ ഹേത്വോസ്സൽപ്രതിപക്ഷതാ ||

൭൮. സാദ്ധ്യശൂന്യോ യത്ര പക്ഷസ്ത്വസൗ ബാധ ഉദാഹൃതഃ | ഉൽപത്തികാലീനഘടേ ഗന്ധാദിര്യത്ര സാദ്ധ്യതേ ||

അന്വയം — യഃ—സപക്ഷേ— വിപക്ഷേ— ച—ഭവേത്— സഃ— തു— സാധാരണഃ— ഭവേൽ— യഃ—തു—ഉഭയസ്മാൽ- വ്യാവൃത്തഃ— സഃ—തു- അസാധാരണഃ— ഭവേൽ— തഥാ—ഏവ- അനുപസംഹാരീ— കേവലാന്വയിപക്ഷകഃ—ഭവേൽ— യഃ— സാദ്ധ്യവതി—ഏവ-ന-അസ്തി- സഃ വിരുദ്ധഃ- ഉദാഹൃതഃ- ആശ്രയാസിദ്ധിഃ- ആദ്യാ- സ്യാൽ— അഥ-സ്വരൂപാസിദ്ധിഃ—അപി— അപരാ— വ്യാപ്യത്വാസിദ്ധിഃ— അതഃ-അസിദ്ധിഃ- ത്രിധാ- ഭവതി— യത്ര മണിമയഃ — ഗിരിഃ—പക്ഷഃ- ഭവതി— തത്ര -പക്ഷാസിദ്ധിഃ- ഭവതി— തഥാ- ഹ്രദഃ- ദ്രവ്യം- ധൂമവത്വാൽ—ഇതി- അത്ര— അപരാ— അസിദ്ധിഃ- ഭവതി- അപരാ—വ്യാപ്യത്വാസിദ്ധിഃ-നീലധൂമാദികേ-ഭവേൽ-വിരുദ്ധയോഃ-ഹേത്വോഃ-പരാമർശഃ—സൽപ്രതിപക്ഷതാ ഭവേൽ- യത്ര— പക്ഷഃ- സാദ്ധ്യശൂന്യഃ—ഭവതി—തത്ര —അസൗ—ബാധഃ—ഉദാഹൃതഃ-യത്ര ഉൽപത്തികാലീനഘടേ— ഗന്ധാദിഃ—സാദ്ധ്യതേ—തത്ര- ബാധഃ- ഭവതി-

അന്വയാർത്ഥം—— യാതൊന്ന സപക്ഷത്തിങ്കലും വിപക്ഷത്തിങ്കലും ഭവിക്കുന്നുവൊ അതാകട്ടെ സാധാരണമായി ഭവിക്കും യാതൊന്ന ഉഭയത്തിങ്കൽനിന്നും വ്യാവൃത്തമായി ഭവിക്കുന്നുവൊ അതാകട്ടെ അസാധാരണമായി ഭവിക്കും- അപ്രകാരം തന്നെ അനുപസംഹാരി കേവലാന്വയി പക്ഷകമായി ഭവിക്കും- യാതൊന്ന സാദ്ധ്യവത്തിങ്കൽ തന്നെ ഭവിക്കുന്നില്ലയൊ അതു വിരുദ്ധമെന്ന ഉദാഹൃതമായി ഭവിക്കുന്നു- ആശ്രയാസിദ്ധി ആദ്യയായി ഭവിക്കും- അനന്തരം സ്വരൂപാസിദ്ധിയും ഭവിക്കും- അപരയായിട്ട വ്യാപ്യത്വാസിദ്ധിയും ഭവിക്കും- ഇതു

ഹേതുവായിട്ട അസിദ്ധി മൂന്നു പ്രകാരമെന്നു ഭവിക്കുന്നു. യാതൊരു സ്ഥലത്തിങ്കൽ മണിമയമായിരിക്കുന്ന ഗിരിപക്ഷമായി ഭവിക്കുന്നുവൊ അവിടെ പക്ഷാസിദ്ധിഭവിക്കുന്നു. അപ്രകാരം ഹ്രദം ദ്രവ്യമായി ഭവിക്കുന്നു. ധൂമം ഹേതുവായിട്ട എന്നുള്ള ഇതിങ്കൽ അപരയായിരിക്കുന്ന അസിദ്ധിഭവിക്കുന്നു. അപരയായിരിക്കുന്ന വ്യാപ്യത്വാസിദ്ധി നീലധൂമാദി കളിങ്കൽഭവിക്കും. വിരുദ്ധങ്ങളായിരിക്കുന്ന ഹേതുക്കളുടെ പരാമൎശം സൽപ്രതി പക്ഷതയായി ഭവിക്കുന്നു. യാതൊരു സ്ഥലത്തിങ്കൽ പക്ഷം സാധ്യശൂന്യമായി ഭവിക്കുന്നുവൊ അവിടെ ഇതു ബാധമെന്നു ഉദാഹരിക്കുന്നു. യാതൊരു അനുമാനത്തിങ്കൽ ഉൽപത്തി കഴിഞ്ഞഘടത്തിങ്കൽ ഗന്ധാദിസാധിക്കപ്പെടുന്നുവൊ അവിടെ ബാധം ഭവിക്കുന്നു.

പരിഭാഷാ—— സപക്ഷം=സാധ്യത്തൊടുകൂടിയത. വിപക്ഷം=സാധ്യത്തൊടുകൂടാത്തത. സാധാരണം=സാധാരണമെന്നു അനൈകാന്തം— ഉഭയം=രണ്ടു. (സപക്ഷവും വിപക്ഷവുമെന്നസാരം) വ്യാവൃത്തം=നിവൃത്തം. (മടങ്ങിയത) അസാധാരണം=അസാധാരണമെന്നു അനൈകാന്തം. അനുപസംഹാരി=അനുപസംഹാരി എന്നു അനൈകാന്തം. കെവലാന്വയിപക്ഷകം=കെവലാന്വയി ധൎമ്മാവച്ശിന്നമായിരിക്കുന്ന പക്ഷത്തൊടുകൂടിയത. കെവലാന്വയിധൎമ്മാവച്ശിന്നം=കെവലാന്വയി ധൎമ്മത്താൽ അവച്ശിന്നം— കെവലാന്വയിധൎമ്മം=കെവലാന്വയിയായിരിക്കുന്നധൎമ്മം. കെവലാന്വയി=കെവലാന്വയമുള്ളത— കെവലാന്വയം=കെവലമായിരിക്കുന്ന അന്വയം— (എപ്പൊഴു ചെൎന്നിരിക്കുക എന്നസാരം) പക്ഷം=പക്ഷതയുള്ളത സാധ്യവത്ത=സാധ്യമുള്ളത. (സാധ്യത്തിന്റെ ഇരിപ്പിടം) വിരുദ്ധം=വിരുദ്ധമെന്നപെരൊടുകൂടിയത. ഉദാഹൃതം=ഉദാഹരിക്കപ്പെട്ടത ഉദാഹരിക്ക=പറക. ആദ്യാ=ഒന്നാമത്തെത. അപരാ=അന്യാ. മണിമയം=രത്നമയം. ഗിരി=പൎവ്വതം. പക്ഷാസിദ്ധി=ആശ്രയാസിദ്ധി. ഹ്രദം=അഗാധജലപ്രദെശം. ധൂമവത്വം=ധൂമവത്താവു എന്നുള്ളത. ധൂമവാൻ=ധൂമമുള്ളത. ധൂമം=പുക. അപരാ=അന്യാ. നീലധൂമാദികം=നീലധൂമം തുടങ്ങിയുള്ളത. നീലധൂമം നീലമായിരിക്കുന്നധൂമം. നീലം=കറുത്തത. ധൂമം=പുക. വിരുദ്ധങ്ങൾ=വിരൊധമുള്ളവ. പരാമൎശം=പക്ഷത്തിങ്കൽഭവിക്കുന്ന എന്നിപ്രകാരമുള്ളജ്ഞാനം. സൽപ്രതിപക്ഷതാ=സൽപ്രതി പക്ഷമാവുഎന്നുള്ളത. സൽപ്രതിപക്ഷം=സൽപ്രതി

പക്ഷമെന്നു പെരൊടുകൂടിയ ഹെത്വാഭാസം. സാധ്യശൂന്യം= സാധ്യത്തൊടുകൂടാത്തത. ബാധം=ബാധമെന്നുപെരൊടുകൂടിയത. (കാലാത്യയാപദിഷ്ടമെന്നതിനെ ബാധമെന്നും പറയുമെന്ന മുമ്പെ പറഞ്ഞിട്ടുണ്ട.) ഉൽപത്തികാലീനഘടം ഉൽപത്തികാലീനമായിരിക്കുന്നഘടം. ഉൽപത്തികാലീനം=ഉൽപത്തികാലത്തിങ്കൽ ഭവിച്ചത. ഉൽപത്തികാലം= ഉൽപത്തിയുടെകാലം. (ആദ്യക്ഷണമെന്നുസാരം) ഗന്ധാദി=ഗന്ധംതുടങ്ങിയുള്ളത. സാധികം=സാധ്യമാക്കിപ്പറക— ബാധം=ബാധമെന്ന ഹെത്വാഭാസം.

സാരം—— സാധാരണമെന്നതു സപക്ഷത്തിങ്കലും വിപക്ഷത്തിങ്കലുമിരിക്കുന്നതാകുന്നു. വിപക്ഷത്തിങ്കലിരിക്കുന്നതുസാധാരണമെന്നുതന്നെപറഞ്ഞാൽ വിരുദ്ധഹെതുവും വിപക്ഷത്തിങ്കലിരിക്കുന്നതാകയാൽ അതിവ്യാപ്തിഭവിക്കും. അതുഹെതുവായിട്ട സപക്ഷത്തിങ്കലും വിപക്ഷത്തിങ്കലുമിരിക്കുന്നത എന്ന ഇവിടെ പറഞ്ഞുവെങ്കിലും അതുകൂടിയെകഴിയുമെന്നില്ല. വിരുദ്ധഹെതുവിന്നു സാധാരണങ്ങളിൽ അന്തൎഭാവം ഭവിച്ചാലും ദുഷ്ടതകളുടെ ബീജം ഭെദമാകയാൽ വിരുദ്ധമെന്നൊരു ഹെത്വാഭാസമില്ലെന്നുവരികയില്ലല്ലൊ. സപക്ഷത്തിങ്കലും വിപക്ഷത്തിങ്കലുമിരിക്കാത്തത അസാധാരണമാകുന്നു. അത എതെന്നാൽ ശബ്ദഃ അനിത്യഃ ശബ്ദത്വാൽ എന്നുള്ള സ്ഥലത്തിങ്കൽ ഉള്ള ശബ്ദത്വമാകുന്ന ഹെതുവാകുന്നു എന്നറിക. ശബ്ദത്വമെന്നത അനിത്യമാകുന്നു എന്നുനിശ്ചയിക്കപ്പെട്ടതായ ഘടാദികളായതിൽനിന്നും. അനിത്യമല്ലെന്നു നിശ്ചയിക്കപ്പെട്ട ഗഗനാദികളിൽനിന്നും മടങ്ങി നിത്യമൊ അനിത്യമൊ എന്നുള്ളസംശയത്തിന്നുവിഷയമായ ശബ്ദത്തിങ്കൽതന്നെ ഇരിക്കുന്നതാകയാൽ സപക്ഷവിപക്ഷവ്യാവൃത്തമാകുന്നു. പ്രാചീനമതത്തിങ്കൽ സപക്ഷമെന്നതിന്ന സാധ്യത്തൊടുകൂടിയതാകുന്നു എന്നുനിശ്ചയിക്കപ്പെട്ടിരിക്കുന്ന സ്ഥലമെന്നും. വിപക്ഷമെന്നതിന്ന സാധ്യത്തൊടുകൂടാത്തതാകുന്നു എന്ന നിശ്ചയിക്കപ്പെട്ടസ്ഥലമെന്നും അൎത്ഥമാകയാൽ ശബ്ദത്വത്തിന്ന അനിത്യത്വം സാധ്യമാകുമ്പൊൾ അസാധാരണത ഉണ്ട. ഇപ്രകാരം മറ്റുള്ള സ്ഥലങ്ങളില്ലമാകയാൽ ഇപ്പറഞ്ഞത അവരുടെ മതത്തെ അനുസരിച്ചിട്ടാകുന്നു. എന്നും മുൻപറയപ്പെട്ടതുനവീനമതമാകുന്നു എന്നുധരിച്ചുകൊൾക. സൎവ്വംഅഭിധെയം പ്രമെയത്വാൽ എന്നുള്ള സ്ഥലത്തിങ്കൽ സൎവ്വങ്ങളിലും ചെൎന്നിരിക്കുന്നതായ സൎവ്വത്വം പക്ഷതാ

വഛേദകധൎമ്മമാകയാൽ ഹെത്വനുപസംഹാരിയാകുന്നു. ഇതും പ്രാചീനമതത്തെ അനുസരിച്ചു പറഞ്ഞതാകുന്നു. സൎവ്വവും പറകപ്പെടുവാൻ യോഗ്യമായിട്ടുള്ളതാകുന്നു. അറിവിന്നു വിഷയമായിട്ടുള്ളതാകയാൽ എന്നു മെല്പറകപ്പെട്ട അനുമാന വാക്യത്തിന്റെ അൎത്ഥമാകുന്നു. ഇവിടെ എല്ലാവസ്തുവും പക്ഷമാകയാൽ ഹെതുസാദ്ധ്യങ്ങളുടെ സാമാനാധികരണ്യത്തെ ഗ്രഹിപ്പാൻ വെറെ സ്ഥലമില്ലായ്കയാൽ അനുമിതി ഉണ്ടാകുന്നില്ലെന്നു പണ്ടുള്ളവർ പറഞ്ഞിരിക്കുന്നു. അതുയുക്തമല്ല. പക്ഷൈകദെശത്തിങ്കൽ ഹെതുസാദ്ധ്യങ്ങളുടെ സാമാനാധികരണ്യത്തെ ഗ്രഹിച്ചാൽ അനുമിതി ഭവിക്കാമെല്ലൊ. സാമാനാധികരണ്യം ഗ്രഹിക്കപ്പെടാത്തതായിട്ടു തന്നെ ഇരുന്നാലും അന്യതാനുപപയായിരിക്കുന്ന വിസിദ്ധിയല്ലാതെ ഹെത്വാഭാസത്വം ഇല്ലാത്തതാകുന്നു. അതു ഹെതുവായിട്ട അത്യന്താഭാവത്തിന്നു പ്രതിയോഗിയായിഭവിക്കാത്തതായ സാദ്ധ്യത്തൊടു കൂടിയതായ ഹെതു അനുപസംഹാരിയാകുന്നു എന്നു മുൻപറകപ്പെട്ടതു തന്നെയുക്തമായിട്ടുള്ളത എന്നു ധരിച്ചുകൊള്ളുകയും വെണം. സാദ്ധ്യമുള്ള സ്ഥലങ്ങളിലൊക്കെയും ഇരിക്കാത്തതായ ഹെതു വിരുദ്ധമാകുന്നു. സാദ്ധ്യമിരിക്കുന്ന സ്ഥലങ്ങളിലുള്ള അത്യന്താഭാവത്തിന്നു യാതൊരഭാവം പ്രതിയോഗിയായി ഭവിക്കുന്നില്ലയൊ അങ്ങിനെയുള്ള അഭാവത്തിന്നു പ്രതിയോഗിയായ ഹെതു വിരുദ്ധമാകുന്നു. എന്നു മെൽപറഞ്ഞതിന്റെ സാരമാകുന്നു. ആശ്രയാസിദ്ധി സ്വരൂപാസിദ്ധി. വ്യാപ്യത്വാസിദ്ധി. ഇങ്ങിനെ അസിദ്ധി മൂന്നുപ്രകാരമാകയാൽ അസിദ്ധവും മൂന്നുപ്രകാരമാകുന്നു. മണിമയപൎവ്വതം വഹ്നിയുള്ളതാകുന്നു. എന്നിപ്രകാരമുള്ള സ്ഥലങ്ങളിൽ മണിമയത്വമെന്ന ധൎമ്മം പൎവ്വതത്തിങ്കൽ ഇരിക്കാത്തതാകയാൽ ആശ്രയാസിദ്ധി ഭവിക്കുന്നു. ഹ്രദം ദ്രവ്യമാകുന്നു. ധൂമം ഹെതുവായിട്ട എന്നിപ്രകാരമുള്ള സ്ഥലത്തിങ്കൽ ധൂമമാകുന്ന ഹെതു പക്ഷത്തിങ്കൽ ഇരിക്കാത്തതാകയാൽ സ്വരൂപാസിദ്ധി ഭവിക്കുന്നു. നീലധൂമാദികളായ ഹെതുക്കളിൽ വ്യാപ്യത്വാസിദ്ധി ഭവിക്കുന്നു. നീലധൂമത്വമെന്നതു ഗുരുധൎമ്മമാകയാൽ ഹെതുതാവഛേദകമായി ഭവിക്കയില്ല. ഹെതുവ്യാപ്യമാകയാൽ വ്യാപ്യതാവഛേദകമായിട്ടുള്ളതു തന്നെ ഹെതുതാവഛേദകമായി ഭവിക്കെണം. സ്വസമാനാധികരണവ്യാപ്യതാവഛേദകധൎമ്മാന്തരഘടിതമായിട്ടുള്ളതല്ലാതെ വെറെ വ്യാപ്യതയുടെ അവഛേദകമായി ഭവിക്കില്ല (സ്വസമാനാധികരണവ്യാപ്യതാവഛേദകധൎമ്മാന്ത

രാവച്ഛിന്നം= സ്വസമാനാധികരണമായിരിക്കുന്ന വ്യാപ്യതാവച്ഛേദകധൎമ്മാന്തരത്തോടു കൂടാത്തത. സ്വസമാനാധികരണം= സ്വാധികരണവൃത്തി= (താനിരിക്കുന്നേടത്തിരിക്കുന്നത) വ്യാപ്യതാവച്ഛേദകധൎമ്മം=വ്യാപ്യതാവച്ഛേദകമായിരിക്കുന്ന ധൎമ്മം- വ്യാപ്യതാവച്ഛേദകം=വ്യാപ്യതയുടെ അവച്ഛേദകം- വ്യാപ്യതാവച്ഛേദകമാവു എന്നുള്ളതു= ധൎമ്മാന്തരം=അന്യധൎമ്മം= നീലധൂമത്വം മേല്പ്രകാരമല്ല ധൂമത്വമാകുന്നുവെറെ ഒരു വ്യാപ്യതാവച്ഛേദകം അതിങ്കൽ ഘടകമായിരിക്കുന്നു- അതിന്റെ ഇരിപ്പു നീലധൂമത്വം ഇരിക്കുന്നേടത്തു തന്നെയാകയാൽ നീലധൂമത്വത്തോടു സമാനാധികരണമായിട്ടു അനുഭവിക്കുന്നു- കപിസംയോഗത്തിന്റെയും കപിസംയോഗാഭാവത്തിന്റെയും വ്യാപ്യങ്ങളുള്ളതാകുന്നു എന്നുള്ള പരാമൎശം ഭവിച്ചാലും ഹെതുക്കൾക്ക സൽപ്രതിപക്ഷത്വം ഭവിക്കുന്നില്ല- ഇരുഹെതുവായിട്ടു സാധ്യവിരുദ്ധമായ സാധ്യാഭാവത്തിന്റെ വ്യാപ്തിയുള്ള പദാൎത്ഥം പക്ഷത്തിങ്കലുണ്ടു എന്നുള്ള ജ്ഞാനമുള്ളപ്പോൾ ഉണ്ടായതായിട്ടും സാധ്യവ്യാപ്തിയോടു കൂടിയതായ പദാൎത്ഥം പക്ഷത്തിങ്കലുണ്ടു എന്നിപ്രകാരമുള്ളതായിട്ടും ഇരിക്കുന്ന പരാമൎശത്തിന്ന വിഷയമായിട്ടുള്ളതു സൽപ്രതിപക്ഷമാകുന്നു- സാധ്യത്തോടു കൂടാത്തതായ പക്ഷം ബാധമാകുന്നു- പക്ഷമെന്നുള്ളേടത്തു പക്ഷതാവച്ഛേദക വിശിഷ്ടത്തെ ഗ്രഹിച്ചുകൊള്ളുക- എന്നാൽ ഘടത്തിങ്കൽ ഗന്ധമുണ്ടായാലും ആദ്യക്ഷണാവച്ഛിന്നഘടത്തിങ്കൽ ഗന്ധം സാധ്യമാകുമ്പോൾ ഉള്ളതായ ബാധത്തിങ്കൽ അവ്യാപ്തി ഭവിക്കില്ല- ഇപ്രകാരം മൂലാവച്ഛിന്നാവൃക്ഷഃ കപിസംയോഗീ എന്നുള്ള സ്ഥലത്തിങ്കലും ഗ്രഹിച്ചുകൊള്ളുക- ഇങ്ങിനെ അനുമാനപ്രകരണം സമാപ്തമായി-

വ്യാ ഗ്രാമീണസ്യപ്രഥമതഃപശ്യതോഗവയാദികം। സാദൃശ്യധീൎഗ്ഗവാദീനാം യാസ്യാൽസാകരണംമതം॥

വൃ- വാക്യാൎത്ഥസ്യാതിദേശസ്യസ്മൃതിൎവ്യാപാര ഉച്യതെ। ഗവയാദിപദാനാന്തുശക്തിധീരുപമാഫലം॥

അന്വയം ___ ഗവയാദികം= പ്രഥമതഃ- പശ്യതഃ- ഗ്രാമീണസ്യ- യാ- ഗവാദീനാം- സാദൃശ്യധീഃ സ്യാൽ- സാ- ഉപമിതെഃ കരണം- അതിദേശസ്യ- വാക്യാൎത്ഥസ്യ- സ്മൃതിഃ- വ്യാപാരഃ- ഉച്യതെ ഗവയാദിപദാനാം- ശക്തിധീഃ- തു ഉപമാ- ഫലം- ഭവതി-

അന്വയാൎത്ഥം ___ ഗവയാദികത്തെ മുമ്പെ പശ്യന്നായിരി

ക്കുന്ന ഗ്രാമീണന്നു യാതൊരു ഗവാദികളുടെ സാദൃശ്യധീഭവിക്കുമൊ അതു ഉപമിതിയിങ്കൽ കരണമായിഭവിക്കുന്നു അതിദെശമായിരിക്കുന്ന വാക്യാൎത്ഥത്തിന്റെസ്മൃതി വ്യാപാരമായിഭവിക്കുന്നു. ഗവയാദിപദങ്ങളുടെ ശക്തിധീ,യായിത്തന്നെഇരിക്കുന്ന ഉപമാഫലമായിഭവിക്കുന്നു.

പരിഭാഷാ—— ഗവയാദികം=ഗവയം തുടങ്ങിയുള്ളത ഗവയഃ=ഗവയമെന്നമൃഗം- പശ്യൻ=ദൎശിച്ചിടുന്നവൻ. ദൎശിക്ക=കാണ്ക- ഗ്രാമീണൻ= ഗ്രാമത്തിങ്കൽ ഭവിച്ചവൻ. ഗവാദികൾ= ഗൊവു തുടങ്ങിയുള്ളവ— ഗൊവ്=പശു. സാദൃശ്യധീ= സാദൃശ്യത്തിന്റെധീ. സാദൃശ്യം=സാമ്യം. ധീ=ജ്ഞാനം— ഉപമിതി=ഉപമിതിഎന്നഅനുഭവം. കരണം=കാരണവിശെഷം. അതിദെശം=സാദൃശ്യപ്രതിപാദനം. വാക്യാൎത്ഥം= വാക്യത്തിന്റെഅൎത്ഥം. സ്മൃതി= സ്മരണം വചിക്ക=പറക. ഗവയാദിപദങ്ങൾ= ഗവയാദികളായിരിക്കുന്നപദങ്ങൾ. ഗവയാദികൾ=ഗവയംതുടങ്ങി ഉള്ളത. ഗവയം=ഗവയമെന്നപദം. ശക്തിധീ=ശക്തിജ്ഞാനം ഉപമ=ഉപമിതി.

ഉപമിതിപ്രകരണം

സാരം—— ഒരുത്തൻ ഗ്രാമമാത്രത്തിങ്കൽ പരിചയിച്ചവനാകയാൽ ഗവയപദാൽ വാച്യമായ മൃഗവിശെഷത്തെ അറിഞ്ഞിട്ടില്ല അങ്ങിനെ ഇരിക്കുമ്പൊൾ ഒരുദിവസം കാട്ടിൽ പരിചയിച്ചവനായ ഒരുത്തന്റെ ഗവയമെന്നതു ഗൊസദൃശമാകുന്നു എന്നുള്ള വാക്കുകൊണ്ടു ഗവയപദം ഗൊസാദൃശ്യമുള്ളതായ മൃഗത്തെ പറയുന്നതാകുന്നു എന്നു ഗ്രഹിച്ചു. ഇങ്ങിനെ ഉള്ള അവസ്ഥ സംഭവിക്കുകയും അനന്തരം ഒരുകാലത്തിങ്കൽ അവന്റെ അരണ്യഗമനവും ഗവയദൎശനമുണ്ടാകയും ചെയ്താൽ ഗൊവിനൊടു സദൃശമായൊരു മൃഗത്തെകാണുമ്പൊൾ ഇത ഗൊസദൃശമാകുന്നു എന്നിപ്രകാരം അവന്നുണ്ടാകുന്ന ഗൊസാദൃശ്യജ്ഞാനം ഉപമിതിയുടെ കരണമായി ഭവിക്കും. വ്യാപാരം എന്താകുന്നു എന്നുണ്ടെങ്കിൽ ഗൊസദൃശമാകുന്നു ഗവയമെന്നുള്ള അതിദെശവാക്യാൎത്ഥസ്മരണംതന്നെ ജനിപ്പിക്കതന്നെ എന്നഅറിഞ്ഞുകൊൾക. മെൽപ്രകാരമുള്ള അതിദെശവാക്യാൎത്ഥസ്മരണമുണ്ടായതിന്റെ ശെഷം ഒരു മൃഗവും ഇതുപൊലെയുള്ളതും ഗവയപദത്താൽ പറയപ്പെടുന്നതാകുന്നു എന്നിപ്രകാരം ഭവിക്കുന്ന ബൊധം യാതൊന്നൊ അതു ഉപമിതിയാകുന്നു. അതു മെൽപറഞ്ഞ കരണത്തിന്റെ ഫലവുമാകുന്നു. ഇപ്രകാരം മറ്റു

ഇതുകളെയും ഗ്രഹിച്ചുകൊള്ക—

ഇത്യുപമിതിപ്രകരണസമാപ്തിഃ

മൂ— പദജ്ഞാനന്തുകരണം ദ്വാരം തത്രപദാൎത്ഥധീഃ ശാബ്ദബോധഃഫലംതത്രശക്തിധീസ്സഹകാരിണീ

അന്വയം— ശാബ്ദബോധേ—പദജ്ഞാനം—തു— കരണം— തത്ര— പദാൎത്ഥധീഃ ദ്വാരം— ശാബ്ദബോധഃ ഫലം— തത്ര— ശക്തിധീഃ— സഹകാരിണീ.

അന്വയാൎത്ഥം— ശാബ്ദബോധത്തിങ്കൽ പദജ്ഞാനംതന്നെ കരണമാകുന്നു. അതിങ്കൽ പദാൎത്ഥധീദ്വാരമാകുന്നു. ശാബ്ദബോധംഫലമാകുന്നു. അതിങ്കൽ ശക്തിധീസഹകാരിണിയാകുന്നു.

പരിഭാഷാ— ശാബ്ദബോധം= ശാബ്ദമായിരിക്കുന്ന ബോധം=ശാബ്ദം=ശബ്ദത്തെസംബന്ധിച്ചത— (ശബ്ദത്തിങ്കൽനിന്നുണ്ടാകുന്നതെന്നൎത്ഥം—) പദജ്ഞാനം=പദങ്ങളുടെജ്ഞാനം— കരണം=കാരണവിശേഷം— പദാൎത്ഥധീ=പദാൎത്ഥജ്ഞാനം— ദ്വാരം=ഉപായം അതു=ശാബ്ദബോധം— ശക്തിധീ=ശക്തിയുടെ ധീ— ശക്തി=പദാൎത്ഥങ്ങളുടെ സംബന്ധം— ധീ=ജ്ഞാനം— സഹകാരണി=സഹായിക്കുന്നതു—

ശാബ്ദബോധപ്രകരണം

സാരം— ശാബ്ദബോധത്തിങ്കൽ കരണം പദജ്ഞാനം തന്നെയാകുന്നു. പദജന്യമായ പദാൎത്ഥസ്മരണം വ്യാപാരമാകുന്നു. അതു ഹേതുവായിട്ട പദജ്ഞാനവും പ്രത്യക്ഷം മുതലായതുകൊണ്ടുള്ള പദാൎത്ഥജ്ഞാനവുമുണ്ടായാൽ ശാബ്ദബോധം ജനിക്കുന്നില്ല. പദാൎത്ഥസ്മരണം മെല്പറഞ്ഞ പ്രകാരം പദത്താൽ ഉണ്ടാക്കപ്പെട്ടതായിരുന്നാലും മതിയാകയില്ല. വൃത്തികൊണ്ടായിരിക്കേണം. അതുവേണ്ടെ എങ്കിൽ ഘടാദി പദത്തിങ്കൽ നിന്നു അതിന്റെ സമവായ സംബന്ധം ആകാശത്തിങ്കൽ ഉള്ളതുകൊണ്ടാൽ ആകാശസ്മരണം വെച്ചിരിക്കുമ്പോൾ ആകാശശാബ്ദബോധത്തിന്നു വിഷയമായിവെരെണമെന്നുവരും അതുകൊണ്ടു ഹേതുവായിട്ട മെൽ പ്രകാരം തന്നെ പറയേണം. വൃത്തി എന്നതു ശക്തിയോലക്ഷണയോ ആകുന്ന സംബന്ധമാകുന്നു. ശക്തിജ്ഞാനംകൊണ്ടുള്ള ഉപയോഗം ഇവിടെതന്നെയാകുന്നു. മുമ്പെ ശക്തിയെ ഗ്രഹിച്ചിട്ടില്ല എങ്കിൽ പദജ്ഞാനമുണ്ടായാലും തത്സംബന്ധേന പദാൎത്ഥസ്മരണത്തിന്നു ശേഷിയില്ലായ്ക. വരികെല്ലാം പദജ്ഞാനം ഒരു സംബന്ധിയുടെ ജ്ഞാനം മറ്റെ

ന്റസംബന്ധിയുടെ ജ്ഞാനത്തിന്ന ഹേതുവാകയാൽ അൎത്ഥത്തെ സ്മരിപ്പിക്കുന്നതാകുന്നു. ശക്തി എന്നുള്ള പദത്തോടു കൂടെ പദാൎത്ഥത്തിന്നുള്ള സംബന്ധമാകുന്നു. പദപദാൎത്ഥങ്ങളുടെ സംബന്ധം ഈ ശബ്ദത്തിങ്കൽ നിന്ന ഈ അൎത്ഥത്തെ ജനങ്ങൾക്കബോധിക്കട്ടെ എന്നുള്ള ഈശ്വരെച്ഛാ സ്വരൂപമാകുന്നു. ആധുനികന്മാർ നാമത്തിന്നും ശക്തി ഉണ്ട. പതിനൊന്നാം ദിവസം പിതാവു നാമകരണത്തെ ചെയ്യേണമെന്ന ഈശ്വരെച്ഛയുണ്ടാകയാൽ പിതാവിനാൽ നിശ്ചയിക്കപ്പെടുന്ന നാമശബ്ദങ്ങൾക്കെയും ആരെക്കുറിച്ച അതുകൾ വാചകങ്ങളായി നിശ്ചയിപ്പെവൊ അവരിൽ ശക്തിയോടെ കൂടിയതുകളെന്നു ആകുന്നത. ഇങ്ങിനെ ഉള്ള നാമങ്ങളെ ഒഴിച്ച അവരവരുടെ ഇച്ഛതന്നെ ഹേതുവായിട്ട ഇന്നാളുള്ളവർ ഇന്നതിന്റെ പേർ ഇന്നതെന്ന നിശ്ചയിച്ചാൽ അതുകൾ ശക്തിയുള്ളതുകളായി ഭവിക്കില്ല. ഇങ്ങിനെ പണ്ടുള്ളവർ പറഞ്ഞിരിക്കുന്നു. നവീനന്മാർ. ശക്തി എന്നത ഈശ്വരെച്ഛയാകുന്നു എന്നുള്ളതിന്ന പ്രമാണമില്ല. അതുഹേതുവായിട്ട ഇച്ഛതന്നെ എന്ന പറയുന്നതു യുക്തമാകുന്നു. അതുഹേതുവായിട്ട ഇന്നൊരുത്തൻ ഇന്നപദം ഇന്നതിനെ പറയുന്നതായി ഭവിക്കട്ടെ എന്ന നൂതനമായിട്ട തന്നെ ഇച്ഛിച്ചാലും അതു ശക്തിതന്നെ എന്ന പറയുന്നു. ശക്തി ഉണ്ടായിരുന്നാലും ശക്തിയെ ഗ്രഹിക്കാത്തവൎക്ക ശാബ്ദബോധം ഭവിക്കില്ല. അതുകൊണ്ടു ശക്തിഗ്രഹണം ആവശ്യകമാകുന്നു. ശക്തിഗ്രഹണവുമുണ്ടാകുന്നതു വ്യാകരണം മുതലായതുകളിൽ നിന്നാകുന്നു. അപ്രകാരം അറിവെറിയവർ പറഞ്ഞിട്ടുണ്ട. അവരുടെ വചനം—

ശക്തിഗ്രഹം വ്യാകരണോപമാനകോശാപ്തവാക്യ വ്യവഹാരതശ്ച വാക്യസ്യശെഷാദ്വിവൃതെൎവ്വദന്തിസാന്നിധ്യതസ്സിദ്ധപദസ്യവൃദ്ധാഃ എന്നാകുന്നു. ഇതിന്റെ അന്വയം മുതലായതിനെ താഴെ കാണിക്കുന്നു.

അന്വയം—— ശക്തിഗ്രഹം—വ്യാകരണോപമാനകോശാപ്തവാക്യവ്യവഹാരതഃ. വാക്യസ്യ-ശെഷാൽ. വിവൃതെഃ. സിദ്ധപദസ്യ-സാന്നിധ്യതഃ. ച—[illegible] ഇതി. ഇതി—വൃദ്ധാഃ-വദന്തി-

അന്വയാൎത്ഥം——ശക്തിഗ്രഹം വ്യാകരണോപമാനകോശാപ്തവാക്യവ്യവഹാരങ്ങളിൽനിന്നും വാക്യത്തിന്റെ ശെഷത്തിങ്കൽനിന്നും വിവൃതിയിങ്കൽനിന്നും സിദ്ധപദത്തിന്റെ സാന്നിധ്യത്തിങ്കൽ നിന്നും ഭവിക്കുന്നു എന്ന വൃദ്ധന്മാർപറയുന്നു.

പരിഭാഷ— ശക്തിഗ്രഹം=ശക്തിഗ്രഹണം. വ്യാകരണോ

പമാനകോശാപ്തവാക്യവ്യവഹാരങ്ങൾ വ്യാകരണവും ഉപമാനവും കോശവും ആപ്തവാക്യവും വ്യവഹാരവും വ്യാകരണം= വ്യാകരണമെന്ന ശാസ്ത്രം. ഉപമാനം=ഉപമാനമെന്ന പ്രമാണം- കോശം=അമരകോശം മുതലായ അഭിധാനം- ആപ്തവാക്യം= ആപ്തന്റെ വാക്യം- ആപ്തൻ=യഥാർത്ഥവക്താവ- (ഉള്ളവണ്ണം പറയുന്നവൻ) വാക്യം=വചനം വ്യവഹാരം=ഉത്തരവും പ്രത്യുത്തരമായ ലൌകികവചനം- വാക്യം സമാനാധികരണമായ പദങ്ങളുടെ സമൂഹം- ശേഷം=ശിഷ്ടമായ വാക്യം വിവൃതി=വിവരണം- (വ്യാഖ്യാനമെന്ന സാരം) സിദ്ധപദം സിദ്ധമായിരിക്കുന്ന പദം- സിദ്ധം=ജ്ഞാതാർത്ഥം— (അറിയപ്പെട്ടതായ അർത്ഥത്തോടുകൂടിയത) സാന്നിദ്ധ്യം=അടുപ്പം— വൃദ്ധന്മാർ=പണ്ടുള്ളവർ— വദിക= പറക-

സാരം — ശക്തിഗ്രഹണം വ്യാകരണശാസ്ത്രത്തിങ്കൽ നിന്നും ഉപമാനമാകുന്ന പ്രമാണത്തിങ്കൽ നിന്നും അമരകോശം മുതലായ കോശത്തിങ്കൽനിന്നും യഥാർത്ഥവക്താവായ വിദ്വാങ്കൽനിന്നും ലൌകികവ്യവഹാരത്തിങ്കൽനിന്നും വാക്യശേഷത്തിങ്കൽനിന്നും വ്യാഖ്യാനത്തിങ്കൽ നിന്നും പ്രസിദ്ധമായ അർത്ഥത്തോടുകൂടിയതായ പദത്തിന്റെ അടുക്കലുള്ള പ്രയോഗത്തിങ്കൽനിന്നും ഭവിക്കുന്നു-

പ്രകൃതിപ്രത്യയാദികളുടെ ശക്തിഗ്രഹണം വ്യാകരണ ശാസ്ത്രത്തിങ്കൽ നിന്നു ഭവിക്കുന്നു- വ്യാകരണ ശാസ്ത്രത്തിങ്കൽനിന്നു ഗ്രഹിക്കപ്പെട്ട ശക്തി ബാധകമുണ്ടായാൽ ഉപേക്ഷിക്കപ്പെടുകയും ചെയ്യും വൈയാകരണന്മാർ ആഖ്യാതത്തിനു കർത്താവിങ്കലാകുന്നു ശക്തി എന്നു ചൈത്രഃ പചതി ഇത്യാദി സ്ഥലങ്ങളിൽ പറയുന്നു- (ആഖ്യാതമെന്നതു പചതി ഇത്യാദിസ്ഥലങ്ങളിൽ കേൾക്കപ്പെടുന്നതിനു ഇത്യാദി പ്രത്യയങ്ങളാകുന്നു) വൈയാകരണന്മാർ മേൽ പ്രകാരം പറയുന്നതിനെ നൈയായികന്മാർ സഹിക്കുന്നില്ല. ആഖ്യാതത്തിനു കർത്താവിങ്കൽശക്തിയെ സ്വീകരിച്ചാൽ ശക്യതാവച്ഛേദകധർമ്മം കർത്തൃത്വമാകുന്നു- കർത്തൃത്വമെന്നതു കൃതിമത്ത്വമാകുന്നു- അങ്ങിനെയാകയാൽ നൈയായികന്മാർ അതിനു കൃതിയിങ്കൽ ശക്തിയെ സ്വീകരിച്ചിരിക്കുന്നു അപ്രകാരമായാൽ കൃതിത്വമെന്ന ലഘുവായ ധർമ്മം ശക്യതാവച്ഛേദകമായി ഭവിക്കും. ലഘുധർമ്മത്തിനു അവച്ഛേദകത്വം സംഭവിക്കുമ്പോൾ ഗുരുധർമ്മത്തിങ്കൽ അതിനെ സ്വീകരിക്കുന്നതു യുക്തമല്ല- കൃതി എന്നതു യത്നം തന്നെ

അതു ചൈത്രാദികളിൽ വിശേഷണമായിട്ടു ശാബ്ദബോധത്തി
ങ്കൽപ്രകാശിക്കുന്നചൈത്രഃ പചതി എന്നാദികളിൽനിന്നുചൈ
ത്രൻപാകത്തിന്നനുകൂലയായ കൃതിയുള്ളവനാകുന്നു എന്നുള്ള
ബോധമാകുന്നതു വൈയാകരണന്മാർ പറയും പ്രകാരം ചൈ
ത്രനാകുന്ന കൎത്താവിനോടു കൂടിയതാകുന്ന പാകമെന്നല്ല എ
ന്നാൽ മേൽ പറഞ്ഞ സ്ഥലത്തിങ്കൽ കൎത്താവ ഒന്നിനാലും പറ
കപ്പെടാത്തതാകയാൽ ചൈത്രപദത്തിങ്കൽനിന്നു പരമായിട്ടു
തൃതീയാവിഭക്തിതന്നെ വേണമെന്നു വരും. (കൎത്തൃകരണയൊ
സ്തൃതീയാ എന്നുള്ള സൂത്രംകൊണ്ടു അനഭിഹിതങ്ങളായ കൎത്തൃക
രണങ്ങളിൽ തൃതീയാവിഭക്തി വിധിക്കപ്പെട്ടിരിക്കുന്നു. അന
ഭിഹിതങ്ങൾ എന്നതിന്നു വേറെ ഒന്നിനാലും പറകപ്പെടാത്ത
വ എന്നല്ലൊ അൎത്ഥമാകുന്നതു എന്നു പറയുന്നുവൊ എന്നാ
ൽ അവിടെ തൃതീയാവിഭക്തി വരികയില്ല എന്നതിനെ സാധി
ക്കാം. അനഭിഹിതെ എന്ന സൂത്രത്തിന്ന അനഭിഹിത സംഖ്യാ
കെ എന്ന അൎത്ഥമാകുന്നു. (അനഭിഹിതസംഖ്യാകം=അനഭി
ഹിതയായിരിക്കുന്ന സംഖ്യയോടു കൂടിയതു അനഭിഹിതാ=
അഭിഹിതയല്ലാത്ത അഭിഹിതാ=അഭിധാനംചെയ്യപ്പെട്ട
ത— അഭിധാനംചെയ്ക=പറക. സംഖ്യാ=ഏകത്വാദി) ചൈ
ത്രഃപചതി എന്നുള്ള സ്ഥലത്തിങ്കൽ തിങ്കൎത്താവിങ്കൽ ഇരിക്കുന്ന
തായ കൃതിയെ യാതൊരു പ്രകാരം പറയുന്നുവൊ അപ്രകാരം
കൎത്താവിങ്കൽ ഇരിക്കുന്നതായ സംഖ്യയെയും പറയുമെന്നു സ്വീ
കരിച്ചിരിക്കുന്നു. എന്നാൽ കൎത്താവിന്റെ സംഖ്യ ഒന്നിനാലും
പറകപ്പെട്ടതല്ലെന്നു വരിക ഇല്ലല്ലൊ അതു ഹേതുവായിട്ടു
ചൈത്രപദത്തിങ്കൽനിന്നു പരമായിട്ടു തൃതീയാവിഭക്തിയില്ല എ
ന്നറിക. ആഖ്യാതത്താൽ പറകപ്പെട്ടതായ സംഖ്യാന്വയം എ
വിടെ എന്നരങ്ങ എങ്കിൽ അതിന്റെ അന്വയത്തിന്നു യോ
ഗ്യമായിട്ടുള്ളതു കൎമ്മത്വം മുതലായതിനാൽ സ്പൎശിക്കപ്പെടാത്ത
തായിട്ടു പ്രഥമാന്തപദത്താൽ ബോധിപ്പിക്കപ്പെടുന്നതായിട്ടു ഇ
രിക്കുന്ന അൎത്ഥമാകുന്നു എന്നു ധരിച്ചു കൊൾക. കൎമ്മത്വാദി
കളാൽ സ്പൎശിക്കപ്പെടാത്തതായിരിക്കുന്നു പറഞ്ഞതിന്നു വിശേ
ഷണതാ താല്പൎയ്യത്തെക്കുറിച്ചു വിഷയമാവരുതു എന്നു മാ
ത്രം സാരമാകയാൽ ചൈത്ര ഇവ ഗച്ഛതി എന്നുള്ള സ്ഥലത്തി
ങ്കൽ ആഖ്യാതത്താൽ ബോധിപ്പിക്കപ്പെട്ടതായ ഏകത്വസംഖ്യാ
ന്വയം ഭവിക്കുന്നില്ല. യാതൊരു കൎമ്മാദികളിൽ വിശേഷണ
താ താല്പൎയ്യം ഭവിക്കുന്നില്ലയൊ അതുകളിൽ സംഖ്യാന്വ

യം ഭവിക്കരുത എന്നുള്ള ഹേതുവായിട്ട പ്രഥമാന്ത പദത്താൽ
ബോധിപ്പിക്കപ്പെട്ടതായിരിക്കുമെന്നുള്ള അംശവും സഫലമാകുന്നു
എന്നു ധരിച്ചു കൊൾക- അല്ലാ എങ്കിൽ ധാത്വൎത്ഥമല്ലാതെ ഉ
ള്ളതിനെക്കുറിച്ചു വിശേഷണമായി ഭവിക്കാത്തത എന്നുതന്നെ
അതിന്റെ സാരത്തെ ഗ്രഹിച്ചു കൊൾക- എന്നാലും ചൈത്ര
ഇവഗച്ശതി എന്നുള്ള സ്ഥലത്തിങ്കൽ ചൈത്രനു സംഖ്യാന്വ
യ യോഗ്യതയും ഭവിക്കയില്ല- സ്തോകം പചതി എന്നുള്ള സ്ഥ
ലത്തിങ്കൽ സ്തോകപദാൎത്ഥത്തിങ്കൽ സംഖ്യാന്വയം ഭവിക്കരു
ത അതിനായിക്കൊണ്ടാകുന്നു ശിഷ്ടമെന്നു ധരിച്ചു കൊൾക-
(ചൈത്രഃപചതി എന്നതിനു ചൈത്രൻ പചിക്കുന്നു എന്ന
ൎത്ഥം- ചൈത്രൻ=ചൈത്രനെന്നു പേരൊടുകൂടിയ ഒരുത്തൻ-
പചിക്ക=വെവിക്ക. ചൈത്രഇവഗച്ശതി എന്നതിന്നു ചൈത്ര
നെന്നപോലെ ഗമിക്കുന്നു എന്നു അൎത്ഥമാകുന്നു- സ്തോകം പ
ചതി എന്നതിന്നു സ്തോകമാകുംവണ്ണം പചിക്കുന്നു- എന്നു അ
ൎത്ഥമാകുന്നു സ്തോകം=അല്പം- സ്തോകമെന്നുള്ള ദ്വിതീയാന്തമാ
കുന്നു എന്നും ഗ്രഹിച്ചുകൊൾക- ഇപ്രകാരം വ്യാപാരത്തിങ്ക
ലും ആഖ്യാതത്തിന്നു ശക്തി ഭവിക്കുന്നില്ല- അപ്രകാരമായാലും
ഗൌരവമുണ്ടു- രഥോഗച്ശതി ഇത്യാദി സ്ഥലങ്ങളിൽ വ്യാപാര
ത്തിങ്കലൊ ആശ്രയത്വത്തിങ്കലൊ ലക്ഷണയാകുന്നു- ജാനാ
തി ഇത്യാദി സ്ഥലത്തിങ്കൽ ആശ്രയത്വത്തിങ്കൽ ലക്ഷണയാ
കുന്നു- നശ്യതി ഇത്യാദിസ്ഥലത്തിങ്കൽ പ്രതിയോഗിത്വത്തിങ്
കൽ നിരൂഢ ലക്ഷണയാകുന്നു- ഉപാദാനത്തിങ്കൽ നിന്നു ശ
ക്തിഗ്രഹം ഭവിപ്പാനുള്ള വഴി മുമ്പെ പറകപ്പെട്ടു- ഇപ്രകാരം
കോശത്തിങ്കൽനിന്നും ശക്തിഗ്രഹം ഭവിക്കുന്നു- കോശത്തിങ്
കൽനിന്നു ഗ്രഹിക്കപ്പെട്ട ശക്തിയും ബാധക മുണ്ടായാൽ
ഉപേക്ഷിക്കപ്പെടുന്നതാകുന്നു. നീലാദി പദങ്ങൾക്ക നീല രൂ
പം മുതലായതുകളിലും നീലരൂപം മുതലായതുള്ളതു കളിലും
ശക്തി കോശങ്ങളിൽ നിന്നു ഗ്രഹിക്കപ്പെട്ടു എങ്കിലും ലാഘവം
ഹേതുവായിട്ട നീലരൂപാദികളിൽ ശക്തിയും അതുള്ളതുകളി
ൽ ലക്ഷണയുമാകുന്നു എന്നുമതമാകയാൽ നീലാദിവിശിഷ്ടങ്ങളി
ൽ ഗ്രഹിക്കപ്പെട്ടശക്തിയെ ഉപേക്ഷിച്ചിരിക്കുന്നു ഇങ്ങിനെ
സ്ഥലാന്തരങ്ങളിലും ഗ്രഹിച്ചുകൊൾക. യഥാൎത്ഥമായി പറയു
ന്നവന്റെ വാക്കിങ്കൽനിന്നും ശക്തിഗ്രഹണം ഭവിക്കും. അ
തിന്നു ഉപകരിക്കുന്നതായവാക്യം കോകിലഃ പികപദവാച്യഃ
ഇത്യാദിയാകുന്നു. കോകിലഃ പികപദവാച്യഃ എന്നതിന്നു

കോകിലം പികപദവാച്യമാകുന്നു എന്നതുദാഹരണം. കൊകിലം=കുയിലു— പികപദവാച്യം=പികപദത്താൽവാച്യം=പികപദം=പികമെന്നുള്ളപദം. വാച്യം=വചിക്കപ്പെടുവാൻയൊഗ്യം= വചിക്കപ്പെടുക. ഇങ്ങിനെ മെൽപറഞ്ഞ ആപ്തവാക്യത്തിന്റെ അൎത്ഥത്തെഗ്രഹിച്ചുകൊൾക. ഇതിങ്കൽനിന്നു പികപദത്തിന്നു കുയിലിങ്കൽ ശക്തിഉണ്ടെന്നു ഗ്രഹിക്കപ്പെട്ടുന്നു. ഇങ്ങിനെ ശേഷമുള്ളതുകൾക്കുമാമെന്നു ധരിച്ചുകൊൾക. വ്യവഹാരത്തിങ്കൽ നിന്നും ശക്തിഗ്രഹം ഭവിക്കുന്നു. എങ്ങിനെ എന്നുവെങ്കിൽ പറയാം കെട്ടുകൊൾക—

സ്വാമിഭൃത്യന്മാരൊടു കൂടിയവൎക്ക വൃദ്ധന്മാരിൽ സ്വാമിയായ വൃദ്ധൻ ഭൃത്യനായവൃദ്ധനൊടു ഘടമാനയ എന്നുപറഞ്ഞതിനെകെൾക്കയും അപ്രകാരം പറഞ്ഞതിന്റെശെഷം ഭൃത്യൻ പൊയി ഒരുകുടംകൊണ്ടുവന്നതുകാണുകയും കൂടെത്തുടൎക്കെനില്ക്കുന്ന ഒരുബാലനു ഘടമെന്ന്വകുടംകൊണ്ടുവരിക എന്നുള്ളകാൎയ്യം ഘടമാനയ എന്നുള്ളവാക്യത്താൽ ഉണ്ടാക്കപ്പെട്ടുമെന്നുള്ളബൊധം അവന്നുണ്ടാകുന്നു. അനന്തരം മറ്റൊരുസമയത്തിങ്കൽ ഘടംനയ ഗാമാനയ എന്നുപറഞ്ഞതിനെ കെൾക്കുകയും കുടം കൊണ്ടുപൊയതിനെയും പശുവിനെകൊണ്ടുവന്നതിനെയും കാണുകയുംകൂടിചെയ്യുമ്പോൾ ആ ബാലനു ഘടാദിപദങ്ങളുടെ ശക്തിഗ്രഹണം ഭവിക്കും. എങ്കിലും അതുകാൎയ്യത്തൊടു സംബന്ധിച്ചിരിക്കുന്ന ഘടം മുതലായതിങ്കലാകുന്നു. കാൎയ്യമെന്നതു കൊണ്ടുപൊക. കൊണ്ടുവരിക ഇങ്ങിനെ തുടങ്ങിയുള്ളക്രിയയാകുന്നു. അങ്ങിനെ ഉള്ളക്രിയയൊടു സംബന്ധിച്ചതുകളായ കുടം മുതലായതുകളിൽതന്നെ ഘടാദിപദശക്തിഗ്രഹണംവൃദ്ധവ്യവഹാരത്തിങ്കൽ നിന്നുതന്നെ സംഭവിച്ചിരിക്കയാൽ ആ ബാലനു ഭൂതലെഘടഃ എന്നുള്ളവാക്യത്തിങ്കൽനിന്നു ഒരുബൊധവുമുണ്ടാകുന്നില്ല. കാൎയ്യത്തൊടു അന്വിതങ്ങളായ പദാൎത്ഥങ്ങളിലല്ലാതെ അവൻ ഘടാദിപദങ്ങളുടെ ശക്തിയെ ഗ്രഹിച്ചിട്ടില്ല. ഘടാദിപദങ്ങൾക്കകാൎയ്യാന്വിതങ്ങളായ കുടം മുതലായതുകളെ ഗ്രഹിപ്പിപ്പാൻ സാമൎത്ഥ്യമുണ്ട എന്നാകുന്നു അവൻഗ്രഹിച്ചിട്ടുള്ളത. എന്നുകാൎയ്യത്തൊടു അന്വയത്തൊടു കൂടിയതുകളിലാകുന്നു ഗ്രഹിച്ചിട്ടുള്ളത എന്നുവെവാദിക്കുന്നുവെങ്കിൽ പറയാം. കാൎയ്യങ്ങൾ അനെകസ്ഥലങ്ങളിൽ അനനുകൂലങ്ങളായിരിക്കും. അതുകൊണ്ടു സാമാന്യേനപറയപ്പെടാം കാൎയ്യാന്വിതങ്ങളിലെന്നല്ലാതെ പറഞ്ഞുകൂടാ. കാൎയ്യാന്വിതങ്ങളിൽ ഗ്രഹിച്ചിരി

ക്കുന്ന ശക്തിയുടെസ്മരണം വേദിക്കേണമെങ്കിൽ അതാതുകാൎയ്യങ്ങളെ ബോധിപ്പിക്കുന്നതായ പദങ്ങൾ ഉണ്ടായിരിക്കേണം- ഭൂതലെഘടഃ എന്നുള്ള പദങ്ങൾക്ക കാൎയ്യബോധനത്തിങ്കൽ സാമൎത്ഥ്യമില്ല- ലിങ് ലോട്, തവ്യൽ ഇത്യാദികളായ പ്രത്യയങ്ങൾ അവസാനത്തിങ്കലാക്കി ഉച്ചരിക്കപ്പെട്ട ശബ്ദങ്ങളാകുന്നു കാൎയ്യബോധത്തെ ജനിപ്പിക്കുന്നത- നയേഃ ആനയേഃ ഇത്യാദികൾ ലിങ് എന്ന പ്രത്യയത്തെ അവസാനത്തിങ്കലാക്കി ഉച്ചരിക്കപ്പെട്ടതുകളാകുന്നു. നയ, ആനയ ഇത്യാദികൾ- ലോഡന്തങ്ങളാകുന്നു. നേതവ്യം ആനേതവ്യം ഇത്യാദികൾ തവ്യൽപ്രത്യയാന്തങ്ങളാകുന്നു ഇങ്ങിനെ ഉള്ള ശബ്ദങ്ങൾ അതാതുകാൎയ്യങ്ങളെ ബോധിപ്പിക്കുന്നതാകുന്നു എന്നുള്ള അറിവ അവനു സിദ്ധമായിട്ടുണ്ട എങ്കിലും അങ്ങിനെ ഉള്ള ശബ്ദങ്ങൾ ഭൂതലെഘടഃ എന്നുള്ളതുകളിൽനിന്ന അന്യങ്ങളാകയാൽ അതുകളിൽനിന്നു കാൎയ്യബോധം ഉദിക്കുന്നില്ല അതുഹേതുവായിട്ട ശക്തിസ്മരണത്തിന്ന കാരണമില്ല എന്നു വാദിക്കുന്നു. അപ്പോൾ ഭൂതലെഘടഃ ഇത്യാദിവാക്യങ്ങളിൽ[illegible] ശാബ്ദബോധം ഉദിക്കുന്നതെങ്ങിനെ അതിന്നു വഴിയി[illegible] എന്നു ചിലർ പറയുന്നു- അതുനിസ്സാരമാകുന്നു. ആദിയിൽ കാൎയ്യാന്വിതപദാൎത്ഥങ്ങളിൽ ശക്തിയെ ഗ്രഹിച്ചാലും ലാഘവഹേതുവായിട്ട കാൎയ്യാന്വയമുണ്ടായിരിക്കേണമെന്നുള്ള നിയമത്തെ ഉപേക്ഷിക്കുന്നത എന്ന ന്യായത്താലല്ലൊ. കാൎയ്യാന്വിതങ്ങളിലല്ലാതെ ശക്തിഗ്രഹണമില്ലെന്നുള്ള നിയമം സൎവ്വത്രയൊ ഇല്ലതാനും. ചൈത്ര, പുത്രസ്തെജാതഃ, കന്യാതെ ഗൎഭിണീ എന്നിപ്രകാരം ചൈത്രനെന്നു പേരോടു കൂടിയ ഒരുത്തനോടു പറഞ്ഞാൽ അവന്റെ മുഖത്തിങ്കൽ പ്രസാദവും വാട്ടവുമുണ്ടാകും- ആ രണ്ടു അവസ്ഥകളെയും സമീപസ്ഥനായ ഒരുബാലൻ കാണുകയും അതിന്നു മുമ്പെ മെൽപ്രകാരം പറയപ്പെട്ട രണ്ടുവാക്യങ്ങളെ കേൾക്കുകയും ഉണ്ടായാൽ മുഖപ്രസാദംകൊണ്ടും മുഖംവാട്ടംകൊണ്ടും സുഖദുഃഖങ്ങളെ അനുമിച്ചിട്ട സുഖത്തിന്നു ഹേതു പുത്രസ്തെജാതഃ എന്നുള്ളവാക്കിൽനിന്നുണ്ടായ അറിവും ദുഃഖത്തിന്നു ഹേതു കന്യാതെ ഗൎഭിണീ എന്നുള്ള വാക്കിൽനിന്നുണ്ടായ അറിവുമാകുന്നു എന്നു നിശ്ചയിക്കുന്നു- കാൎയ്യാന്വിതങ്ങളിലല്ലാതെ വ്യവഹാരത്തിങ്കൽനിന്നു ശക്തിഗ്രഹണമില്ല എങ്കിൽ ഇതു ഘടിക്കയില്ലല്ലൊ. അതുഹേതുവായിട്ട കാൎയ്യാന്വിതങ്ങളിലാകുന്നു ശക്തി എന്നുള്ള പക്ഷം അല്ല എന്ന അറിഞ്ഞുകൊൾക— (പുത്രസ്തെജാതഃ- എന്നതിന്നു

നിനക്കുപുത്രനുണ്ടായിഎന്നും കന്യാതെഗൎഭിണീ എന്നതിന്ന വിവാഹംകഴിയാത്തവളായനിന്റെ ഒരു മകൾ ഗൎഭിണിയായിഭവിക്കുന്നു എന്നും അൎത്ഥമാകുന്നു) മെൽപറഞ്ഞരണ്ടുവാക്യങ്ങളിലും കാൎയ്യബൊധകശബ്ദമില്ല. എങ്കിലും ആയവനെകണ്ടാലുമെന്നും ആയവളെഉപെക്ഷിച്ചാലുമെന്നും ക്രമെണഅൎത്ഥമായ രണ്ടു അംശങ്ങളെ അദ്ധ്യാഹരിച്ചിട്ടാകുന്നു അതുകളിൽനിന്ന്ബൊധം ഭവിക്കുന്നത എന്നുംപറഞ്ഞുകൂടാ അതിന്നുപ്രമാണമില്ലല്ലൊ. അതുഹെതുവായിട്ട ഇതലെഘടഃ എന്നുള്ളവാക്യത്തിങ്കൽനിന്നും വൃദ്ധവ്യവഹാരത്തിങ്കൽനിന്ന ശക്തിയെ ഗ്രഹിച്ചവൎക്കബൊധം ഭവിക്കുമെന്നറിക. ഇതലെഘടഃ എന്നതിങ്കൽനിന്ന ഇതലത്തിങ്കൽ ഘടമുണ്ടു എന്നുള്ളബൊധം അനുഭവസിദ്ധമായിട്ടുള്ളതുമാകുന്നു. വാക്യശെഷത്തിങ്കൽനിന്നും ശക്തിഗ്രഹണംഭവിക്കുന്നു. യവശബ്ദത്തിങ്കൽനിന്നുദീൎഘശൂകത്തൊടു കൂടിയതായഒരു ധാന്യവിശെഷത്തിന്റെയും തിനയുടെയുംബൊധം ലൊകത്തിങ്കൽ ഒരെസമയകാലത്തുഭവിക്കുന്നു. അങ്ങിനെഇരിക്കുമ്പൊൾ (യവമയശ്ചരുൎഭവതി) എന്നവാക്യംകെട്ടാൽഇവിടെ യവശബ്ദംകൊണ്ടു എതിനെ ഗ്രഹിക്കെണമെന്നുസംശയിക്കാം. അങ്ങിനെഉള്ളസംശയനിവൃത്തിവാക്യശെഷത്തിങ്കൽ നിന്നുഭവിക്കുന്നു. യവമയശ്ചരുൎഭവതിഎന്നവാക്യത്തിന്റെ ശെഷമായിട്ടുള്ളത (വസന്തെസൎവ്വസസ്യാനാം ജായതെപത്രശാതനം മൊദമാനാശ്ചതിഷ്ഠന്തിയവാഃകണിശശാലിനഃ) എന്നാകുന്നു ഇതിന്റെഅന്വയംമുതലായവ്യകളെതാഴെ കാണിക്കാം—

അന്വയം — വസന്തെസൎവ്വസസ്യാനാം— പത്രശാതനം-ജായതെ— യവാഃ— കണിശശാലിനഃ— മൊദമാനാഃ— ച—തിഷ്ഠന്തി—

അന്വയാൎത്ഥം— വസന്തത്തിങ്കൽ സൎവ്വസസ്യങ്ങൾക്കുംപത്രശാതനം ജനിക്കുന്നു. യവങ്ങൾകണിശശാലികളായിട്ടുംമൊദമാനങ്ങളായിട്ടും സ്ഥിതിചെയ്യുന്നു.

പരി—വസന്തം=വസന്തമെന്ന ഋതു- സൎവ്വസസ്യങ്ങൾ=സൎവ്വങ്ങളായിരിക്കുന്ന സസ്യങ്ങൾ- സൎവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ— സസ്യങ്ങൾ=ധാന്യാദികൾ- പത്രശാതനം=പത്രങ്ങളുടെ ശാതനം. പത്രങ്ങൾ=ഇലകൾ. ശാതനം=പതനം-(കൊഴിയുക) യവങ്ങൾ=യവനാമധെയങ്ങളായിരിക്കുന്ന സസ്യങ്ങൾ— കണിശശാലികൾ=കണിശങ്ങൾ ഹെതുവായിട്ടശൊഭിക്കുന്നവ. കണിശങ്ങൾ=കതിരുകൾ. മൊദമാനങ്ങൾ=മൊദിച്ചിരിക്കുന്ന

വ- മോദികം=സന്തോഷികം- (പുഷ്ടിയോടുകൂടിയവരുകളായി ഭവിക്കു എന്നസാരം) സ്ഥിതിചെയ്യു=നില്ക്കു--

സാരം — വസന്തമെന്ന ഋതുവിങ്കൽ സകലസസ്യങ്ങളുടെ ഇലകൾ കൊഴിയും- യവമാകുന്ന ധാന്യമന്നെ കതിരുകൊണ്ടു ശോഭിക്കുന്നതായിട്ടും ഇലകൾ കൊഴിയാതെയും നില്ക്കും- ഇപ്രകാരമായ സാരത്തോടുകൂടിയതായ മെൽപറഞ്ഞ വാക്യത്തിന്റെ സാരത്തെ ഗ്രഹിച്ചാൽ യവമെന്നതു ഇന്നതാകുന്നു എന്ന അറിയാം- ഇതുതന്നെ വാക്യശെഷത്തിങ്കൽനിന്നുള്ള ശക്തിഗ്രഹണമാകുന്നത—

വ്യാഖ്യാനത്തിങ്കൽനിന്നും ശക്തിഗ്രഹണം ഭവിക്കും- ഘടൊസ്തി എന്നതിന്ന കലശൊസ്തി എന്നുള്ള വിവരണത്തെ അറിഞ്ഞാൽ കലശമെന്നുള്ളത കുടത്തെ പറയുന്നതാകുന്നു എന്നുള്ള ബൊധമുള്ളവന്ന ഘടശബ്ദവും കുടത്തെ പറയുന്നതാകുന്നു എന്നു ഗ്രഹിക്കാമെല്ലൊ- പ്രസിദ്ധപദത്തിന്റെ അടുപ്പവും ശക്തിയെ ഗ്രഹിപ്പിക്കുന്നു- ഇഹസഹകാരതരൌമധുരംപികൊരൌതി— എന്നുള്ള സ്ഥലത്തിങ്കൽ പികപദത്തിന്റെ ശക്തി കുയിലിങ്കലാകുന്നു എന്ന ഗ്രഹിക്കുന്നു- അതിന്നുസഹകാരതരു എന്നതു തെന്മാവാകുന്നു- മധുരമെന്നതിന്ന കൎണ്ണസുഖത്തെഉണ്ടാക്കുന്നത എന്ന അൎത്ഥമാകുന്നു- രൌതി എന്നതിന്ന ശബ്ദിക്കുന്നു എന്നൎത്ഥമാകുന്നു- ഇതുമാത്രമുള്ള അറിവുതന്നെ കാരണമായി ഭവിക്കുന്നതാകുന്നു- മൊത്തന്നു സഹകാര എന്നുള്ള അംശം ഒഴിയെശിഷ്ടങ്ങളുടെ അൎത്ഥബൊധമാണ ഉള്ളതെങ്കിൽ അവന്ന സഹകാരപദത്തിന്ന തെന്മാവിങ്കലാകുന്നു ശക്തി എന്നതുമററുള്ളപദങ്ങളുടെ അടുപ്പം ഹെതുവായിട്ട ഗ്രഹിക്കാമെന്നുധരിച്ചുകൊൾക-

മെൽപ്രകാരം ഗ്രഹിക്കപ്പെടുന്നതായ ശക്തിജാതിയിങ്കൽതന്നെയാകുന്നു- വ്യക്തിയിങ്കൽഅല്ല വ്യക്തികൾക്കു അവസാനമില്ലായ്കയാൽ ശക്തികല്പനക്കു അവസാനമില്ലെന്നുവരും അതുഹെതുവായിട്ട ഗവാദിപദങ്ങൾക്കു ഗൊത്വംതുടങ്ങിയുള്ള ജാതിയിങ്കൽതന്നെ ശക്തി എന്നറിയെണം- വ്യക്തിയൊടുകൂടാതെജാതിഅറിവിന്ന വിഷയമല്ലായ്കയാൽ വ്യക്തിയുടെബൊധവുംഭവിക്കുന്നു എന്നുചിലർപറയുന്നു- അതുയുക്തമല്ല ശക്തിയില്ലാതെവ്യക്തിബൊധം ഭവിക്കുന്നതല്ല- വ്യക്തിയിങ്കൽ ലക്ഷണയാകുന്നു എന്നുംപറഞ്ഞുകൂടാ- ഒന്നിനൊന്നു ചെൎച്ചയില്ലായ്കഭവിച്ചാൽ അതിനെപരിഹരിപ്പാനായിക്കൊണ്ടുലക്ഷണയെസ്വീകരി

കാം. ഇവിടെ അനുഭവിച്ചിട്ടില്ലാ വ്യക്തിയിങ്കൽ ശക്തിയെ സ്വീകരിച്ചാൽ ശക്തിക്ക അവസാനമില്ലായ്ക എന്നുള്ള ദൊഷം എല്ലാവ്യക്തികളിലുംകൂടി ഒരു ശക്തിയെ സ്വീകരിച്ചാൽ തീരുന്നതാകുന്നു

എല്ലാവ്യക്തികളിലും ഒന്നായിട്ട ശക്തികല്പിക്കുമ്പൊൾശക്യതാവച്ഛേദകത്തിന്ന ഐക്യംവെണമെന്നല്ലെ പിന്നെയുള്ളതു- അതുകൊണ്ടുദൊഷമില്ല- സകലവ്യക്തികളിലും അനുഗതങ്ങളായ ഗൊത്വാദികൾഉണ്ടെല്ലൊ- അതുതന്നെ അല്ലെ ശെക്യാ എന്നാകുന്നു- ശക്തിഗ്രഹണമെങ്കിൽ എന്നാൽ ശക്തിയെഗ്രഹിച്ചുള്ള വ്യക്തിയിങ്കലാകുന്നു എന്നുവരും- ഗൊത്വംശക്യം എന്നാകുന്നുവെങ്കിൽ ഗൊത്വപ്രകാരകമായ പദാൎത്ഥസ്മരണവുംശാബ്ദബൊധവും ഭവിക്കില്ല- സമാനപ്രകാരകമായിട്ടല്ലാതെ ശക്തിജ്ഞാനം പദാൎത്ഥസ്മരണത്തെക്കുറിച്ചും ശാബ്ദബൊധത്തെക്കുറിച്ചും കാരണമായിഭവിക്കില്ല— (ഗൊത്വപ്രകാരകം= ഗൊത്വമാകുന്ന പ്രകാരത്തൊടുകൂടിയത- ഗൊത്വം=ഗൊത്വമെന്നജാതി പ്രകാരം=വിശെഷണം- സമാനപ്രകാരകം=സമാനമായിരിക്കുന്ന പ്രകാരത്തൊടുകൂടിയത സമാനം=സാദൃശം.) ഇനിവെറെയും ദൊഷമുണ്ട- ഗൊപദത്തിന്ന ഗൊത്വത്തിങ്കലാകുന്നുശക്തിഎങ്കിൽ ശക്യതാവച്ഛേദകം ഗൊത്വത്വമാകുന്നു എന്നുപറയെണം- ഗൊത്വത്വമെന്നത ഗവെതരാസമവെതമായിട്ടും സകലകളായിരിക്കുന്ന ഗൊക്കളിലും സമവെതമായിട്ടും ഉള്ളതുയാതൊന്നൊ അതാവു എന്നുള്ളത എന്നുംപറയെണം. ഗൊത്വത്വമെന്നതു ഒരുഉപാധി എല്ലൊ ആകുന്നത എന്നാൽ ഗൊവ്യക്തികൾക്കശക്യതാവച്ഛേദകത്തിങ്കൽ അനുപ്രവെശം ഭവിക്കുന്നതാകയാൽ ഗൌരവമുള്ള ജാതിശക്തിവാദികൾക്ക തന്നെ വരുമല്ലൊ- അതുഹെതുവായിട്ട ജാത്യാകൃതിവിശിഷ്ടത്തെവ്യക്തിബൊധംവെറെഒരുപ്രകാരം വരാത്തതാകയാൽ സ്വീകരിക്കപ്പെട്ടതായപദശക്തിജാത്യാകൃതിവിശിഷ്ടവ്യക്തിയിൽവിശ്രമിക്കുന്നു ശക്തിയുള്ളതിനെപദമെന്നുപറയുന്നു- അങ്ങിനെഉള്ള പദം ചിലതു യൌഗികമായിട്ടും ചിലതുരൂഢമായിട്ടും ചിലതു യൊഗരൂഢമായിട്ടും ചിലതുയൌഗികരൂഢമായിട്ടും ഉണ്ട യാതൊന്നിങ്കൽനിന്നതന്റെഅവയവങ്ങളുടെ അൎത്ഥംതന്നെഅറിക്കപ്പെടുന്നുവൊ അതുയൌഗികമാകുന്നു- ഇതിന്റെഉദാഹരണം. പാചകാദിപദമാകുന്നു- പാചകപദത്തിങ്കൽനിന്ന പചനകൎത്താവ എന്നഅൎത്ഥംതന്നെ ഗ്രഹിക്കപ്പെടുന്നു- പചനകൎത്താവ

എന്നുള്ള അൎത്ഥം അതിന്റെ അവയവമായ പാച എന്നതിന്റെ
യും അക എന്നതിന്റെയും കൂടിയാകുന്നു പാച എന്നുള്ള പചധാ
തുതന്നെ ആകയാൽ അതിന്റെ അൎത്ഥം പചനമാകുന്നു. അക എ
ന്ന പ്രത്യയം കൎത്താവ എന്ന അൎത്ഥത്തിങ്കൽ വിധിക്കപ്പെട്ടതാ
കുന്നു. അതുഹേതുവായിട്ട പാചകപദത്തിങ്കൽ നിന്ന അതി
ന്റെ അവയവങ്ങളുടെ അൎത്ഥമല്ലാതെ വേറെ ഒന്നും ഗ്രഹിക്ക
പ്പെടുന്നില്ല എന്നറിക. ഇപ്പറഞ്ഞത യാജകാദിപദങ്ങൾക്കും തുല്യ
മാകുന്നു. അവയവശക്ത്യപേക്ഷയോടുകൂടാതെ സമുദായശക്തി
ഹേതുവായിട്ടതന്നെ യാതൊന്നിങ്കൽ നിന്ന അൎത്ഥബോധം ഉളവാ
കുന്നുവൊ അതു രൂഢമാകുന്നു. ഇതിന്ന ഉദാഹരണം. ഗോഃ-
മണ്ഡപം ഇത്യാദികളായ പദങ്ങളാകുന്നു. ഗോഃ എന്ന പദ
ത്തിങ്കൽനിന്ന പശു എന്നുള്ള അൎത്ഥത്തെ ഗ്രഹിപ്പാൻ കാര
ണം അതിന്റെ അവയവശക്തി അല്ല സമുദായശക്തിഹേതു
വായിട്ട അതിന്റെ ബോധമുണ്ടാകുന്നു. മണ്ഡപപദത്തിങ്കൽനി
ന്ന ദേവാലയത്തിന്റെ അംഗമായിട്ടും ചതുരശ്രമായിട്ടും കെ
ൽപുരയോടുകൂടിയും ശ്രീകോവിലിന്റെ പുരോഭാഗത്തിങ്കൽ ഉള്ള
തായിട്ടും ഇരിക്കുന്ന സ്ഥലവിശേഷത്തെ ഗ്രഹിക്കുന്നതു ഇ
ൽപ്രകാരംതന്നെ. യാതൊന്നിന്ന അവയവാൎത്ഥം ശക്തിവിഷയ
ത്തിങ്കൽ തന്നെ സമുദായശക്തികൂടെ ഉളവാക്കുന്നുവൊ അതു യോ
ഗരൂഢമാകുന്നു. ഇതിന്റെ ഉദാഹരണം പങ്കജാദിപദമാകു
ന്നു. പങ്കജമെന്നപദം അവയവശക്തികൊണ്ട പങ്കത്തി
ങ്കൽനിന്ന ജനിച്ചതിനെ പറയുന്നു. (പങ്കം=ചളി—) സമു
ദായശക്തികൊണ്ട പങ്കത്തിങ്കൽ നിന്നജനിച്ചതുകളിൽ ഒ
ന്നായ പത്മത്തെ പത്മത്തെതന്നെ പറയുന്നു. എങ്കിലും അവയ
വശക്തിമാത്രത്തെ അപേക്ഷിച്ചിട്ട കുമുദത്തിങ്കലും പ്രയോഗി
ക്കാമെന്നുവരുന്നു. അതിനെപരിപ്പാൻ പ്രാചീനന്മാർ പറ
ഞ്ഞിരിക്കുന്നതു രൂഢിജ്ഞാനം യൌഗികാൎത്ഥബോധത്തെ പ്രതി
ബന്ധിക്കുമെന്നാകുന്നു. പത്മമെന്നുള്ള അൎത്ഥത്തിന്ന ബോധം
ഉളവാകുന്ന സ്ഥലത്തിങ്കൽ ലക്ഷണകൊണ്ടും കുമുദമെന്ന കുമുദ
ബോധം ഉളവാക്കണമെന്ന താൽപൎയ്യമില്ല എങ്കിൽ അവയവ
ശക്തികൊണ്ടും കുമുദബോധത്തെ നിവൃത്തിക്കാമെന്ന ധരിച്ചു
കൊൾകയും വേണം.

സ്ഥലപത്മത്തിന്റെ ബോധം ഇതിങ്കൽനിന്ന ഉളവാകണ
മെന്നുള്ള ഇച്ഛയോടു കൂടി പ്രയോഗിക്കപ്പെട്ടതായ പങ്കജപ
ദത്തിങ്കൽനിന്ന സമുദായശക്തികൊണ്ടുതന്നെ പത്മത്തെ ന

സ്ഥലപത്മത്തിന്റെ ബോധം ഭവിക്കുന്നു- അവയവശക്തിയിങ്ങിനെ ഉള്ള പങ്കജപദത്തിന്ന ഭവിക്കുന്നില്ല. അതിന്നുബാധമുണ്ടല്ലൊ- സ്ഥലപത്മം വിജാതീയമാകുന്നു എങ്കിൽലക്ഷണാശ്രയണംതന്നെ ശരണമായിട്ടുള്ളു- യാതൊന്നിങ്കൽനിയൌഗികാൎത്ഥത്തിന്നും രൂഢ്യൎത്ഥത്തിന്നും സ്വാതന്ത്ര്യേണബോധം ഭവിക്കുന്നുവൊ അതുയൌഗികരൂഢമാകുന്നു- ഇതിന്റെഉദാഹരണം ഉൽഭിദാദിപദമാകുന്നു ഉൽഭിത്ത എന്നപദത്തിങ്കൽനിന്ന ഊൎദ്ധ്വഭേദനത്തെ ചെയ്യുന്നതായ വൃക്ഷലതാദികളുടെയും യാഗവിശേഷത്തിന്റെയും ബോധം ഭവിക്കുന്നു- ഇപ്രകാരം മറ്റുള്ള യൌഗികാദിപദങ്ങളെയും ഗ്രഹിച്ചുകൊൾ്ക— ഇങ്ങിനെ ഉള്ള പദങ്ങളുടെ ശക്തിജ്ഞാനം ശാബ്ദബോധത്തെക്കുറിച്ചു സഹായിക്കുന്നതാകുന്നു എന്ന മുമ്പെ പറകപ്പെട്ടു ഇനിമറ്റുള്ളകാരണത്തെ പറയുന്നു-

വൃ൮൨- ലക്ഷണാശക്യസംബന്ധസ്താൽപൎയ്യാനുപപത്തിതഃ॥
ആസത്തിയോഗ്യതാകാംക്ഷാതാൽപൎയ്യജ്ഞാനമിഷ്യതെ॥

വൃ൮൩— കാരണം സന്നിധാനന്തുപദസ്യാസത്തിരുച്യതെ। പദാൎത്ഥെതത്രതദ്വത്താ യോഗ്യതാപരികീൎത്തിതാ॥

വൃ൮൪- തൽപദെനവിനാന്യസ്യാനന്വയകതാഭവെൽ। ആകാംക്ഷാവക്തുരിച്ഛാതുതാൽപൎയ്യംപരികീൎത്തിതം॥

അന്വയം — താൽപൎയ്യാനുപപത്തിതഃ ശക്യസംബന്ധഃ- ലക്ഷണാ- ആസത്തിയോഗ്യതാകാംക്ഷാതാൽപൎയ്യജ്ഞാനം- ച- കാരണം— ഇഷ്യതെ- പദസ്യ- സന്നിധാനം- തു ആസത്തിഃ- ഉച്യതെ- തത്രപദാൎത്ഥെ- തദ്വത്താ- യോഗ്യതാ- പരികീൎത്തിതാ- ഭവതി- തൽപദെന- വിനാ അന്യസ്യ- അനന്വയകതാ— ആകാംക്ഷാ ഭവതി- വക്തുഃ. ഇച്ഛാ- തു- പരികീൎത്തിതം- താൽപൎയ്യം ഭവതി-

അന്വയാൎത്ഥം — താൽപൎയ്യാനുപപത്തിഹെതുവായിട്ടശക്യസംബന്ധമാകുന്നുലക്ഷണയും ആസത്തിയോഗ്യതാകാംക്ഷാതാൽപൎയ്യജ്ഞാനവും കാരണമായി ഇച്ഛിക്കപ്പെടുന്നു- പദത്തിന്റെ സന്നിധാനമാകട്ടെ ആസത്തിയെന്ന പറകപ്പെടുന്നു- ആ- പദാൎത്ഥത്തിങ്കൽ ഉള്ള തദ്വത്തായോഗ്യത എന്ന പരികീൎത്തിതയായിരിക്കുന്നു- തൽപദത്തൊടു കൂടാതെ ഉള്ള അന്യപദത്തിന്റെ അനന്വയകതാ ആകാംക്ഷയായി ഭവിക്കുന്നു- വക്താവിന്റെ ഇച്ഛയാകട്ടെ പരികീൎത്തിതമായിരിക്കുന്ന താൽപൎയ്യമായിഭവിക്കുന്നു-

പരിഭാഷാ—— താൽപൎയ്യാനുപപത്തി=താൽപൎയ്യത്തിന്റെ അനുപപത്തി- താൽപൎയ്യം=വക്താവിന്റെ ഇച്ശാ- അനുപപത്തി ചേൎച്ചയില്ലായ്മ— ശക്യസംബന്ധം= ശക്യത്തോടുള്ള സംബന്ധം— ശക്യം=ശക്തികൊണ്ടുബോധിപ്പിക്കപ്പെട്ടതായ അൎത്ഥം- ആസത്തിയോഗ്യതാകാംക്ഷാതാൽപൎയ്യജ്ഞാനം=ആസത്തിയോഗ്യതാകാംക്ഷാതാൽപൎയ്യങ്ങൾ=ആസത്തിയും യോഗ്യതയും ആകാംക്ഷയും താൽപൎയ്യവും- സന്നിധാനം=അടുപ്പം- ആസത്തി=ആസത്തിഎന്നു പെരൊടുകൂടിയത- വചികം=പറക— തദ്വത്താ=തദ്വത്താവു എന്നുള്ളത തദ്വത്ത=അതുള്ളത- യോഗ്യതാ=യോഗ്യത എന്നുപെരൊടുകൂടിയത- പരികീൎത്തിതാ=പരികീൎത്തിക്കപ്പെട്ടത- പരികീൎത്തിക്ക=പറക- തൽപദം=ആ പദം- അന്യം=മറെറാരുപദം- അനന്വയബോധകതാ=അനന്വയബോധകതയുടെ ഭാവം— അനന്വയബോധകതാ=അനന്വയബോധകമാവു എന്നുള്ളത- അനന്വയബോധകം=അനന്വയബോധജനകം- (അനന്വയബോധം=ശാബ്ദബോധം അതിനെ ഉണ്ടാക്കാത്തത എന്നു സാരം) ആകാംക്ഷാ=ആകാംക്ഷാ എന്നുപെരൊടുകൂടിയത- വക്താവ=പറയുന്നവൻ—വചിക=പറക— പരികീൎത്തിതം=പരികീൎത്തിക്കപ്പെട്ടത— പരികീൎത്തിക്ക=പറക—

സാരം——ഗംഗായാംഘോഷഃ ഇത്യാദി സ്ഥലത്തിങ്കൽ ശക്യസംബന്ധരൂപലക്ഷണാജ്ഞാനം കാരണമാകുന്നു ലക്ഷണയുടെ സ്വീകാരത്തിനു ഹേതു ശക്യാൎത്ഥ സംബന്ധിനിയായ അന്വയാനുപപത്തിയൊ താൽപൎയ്യാനുപപത്തിയൊ ആകുന്നു- ഗംഗായാംഘോഷഃ എന്നതിന്നു ഗംഗയിങ്കൽ ഘോഷം വസിക്കുന്നു എന്നു അന്വയാൎത്ഥമാകുന്നു- ഘോഷമെന്നത ഗോപന്മാരുടെ ഗൃഹമാകുന്നു- ഗംഗാ എന്നു പദത്തിങ്കൽ നിന്നു ശക്തിലഭ്യമായ അൎത്ഥം ഒരു നദിയാകയാൽ പ്രവാഹരൂപമാകുന്നു- അതിങ്കൽ ഘോഷാന്വയത്തിന്നു ചേൎച്ചയില്ലായ്മയും താൽപൎയ്യത്തിന്നു ചേൎച്ചയില്ലായ്മയും അവിടെ ഉണ്ടു- അതു ഹേതുവായിട്ടു അവിടെ ലക്ഷണകൊണ്ടു തീരത്തിന്റെ ബോധം ആവശ്യകമാകുന്നു- ശക്യാൎത്ഥ സംബന്ധത്തെ തീരത്തിങ്കൽ ഗ്രഹിപ്പിക്കകൊണ്ടു തീരത്തിന്റെ സ്മരണമുണ്ടാകുന്നു- (തീരം=വക്ക) അനന്തരം ശാബ്ദബോധമുണ്ടാകുന്നു- ഇവിടെ ഒരു വിശേഷം- അന്വയാനുപപത്തിയാകുന്നു ലക്ഷണകൊണ്ടുള്ള അൎത്ഥഗ്രഹണത്തിന്നു ബീജമാകുന്നു എങ്കിൽ (യഷ്ടീഃ പ്രവേശയ) എന്നുള്ളസ്ഥലത്തിങ്കൽ ലക്ഷണകൊണ്ടുള്ള അൎത്ഥബോധമില്ലെന്നു വരും- യഷ്ടി

കളിൽ പ്രവേശനായോഗ്യതയില്ലായ്കയില്ലല്ലൊ-(യഷ്ടികഃ= വടികൾ— പ്രവേശിപ്പിക്ക=അകത്താക്കുക) താല്പൎയ്യാനുപപത്തിയെ ബീജമാക്കി ചൊല്ലുവാൻ മേൽ പറഞ്ഞ സ്ഥലത്തിങ്കലും അതിന്നു വിരോധമില്ല- പറഞ്ഞവന്റെ താല്പൎയ്യം യഷ്ടിശബ്ദം കൊണ്ടു യഷ്ടിധരന്മാരെ പ്രവേശിപ്പിക്കേണമെന്നാകുന്നു- അതിന്നു ചേൎച്ചയുണ്ടാകേണമെങ്കിൽ യഷ്ടിപദംകൊണ്ടു യഷ്ടിധരന്മാരെ ഗ്രഹിക്കേണമല്ലൊ- യഷ്ടിധരന്മാരെഗ്രഹിക്കുന്നതു ലക്ഷണ കൊണ്ടാകുന്നു- താല്പൎയ്യാനുപപത്തിയിന്നത ഗംഗായാംഘോഷഃ എന്നുള്ള സ്ഥലത്തിങ്കലുമുള്ളതാകുന്നു- രണ്ടു അവസ്ഥക്ക താല്പൎയ്യാനുപപത്തി തന്നെ ലക്ഷണ കൊണ്ടുള്ള അൎത്ഥബോധത്തെ ആശ്രയിപ്പാൻ കാരണമെന്നു ധരിക്കേണം- ഇതാകുന്നു വിശേഷമുണ്ടെന്നു പറഞ്ഞത- താല്പൎയ്യാനുപപത്തി തന്നെ അതിന്നു കാരണമായിവന്നാൽ കാകെഭ്യോദധിരക്ഷ്യതാം എന്നുള്ള സ്ഥലത്തിങ്കൽ കാകപദം കൊണ്ടു വക്താവിന്റെ താല്പൎയ്യത്തിന്നു വിഷയമായ അൎത്ഥത്തെ ഗ്രഹിക്കാം- വക്താവിന്റെ താല്പൎയ്യത്തിന്നു വിഷയമായ അൎത്ഥം ദധ്യുപഘാതുകന്മാരാകുന്നു- കാകെഭ്യോദധിരക്ഷ്യതാം എന്നതിന്നു അൎത്ഥം യഥാൎത്ഥമായിട്ടുള്ള കാക്കകളിൽനിന്നു തൈര രക്ഷിക്കപ്പെടേണമെന്നാകുന്നു- തൈരിനെ നശിപ്പിക്കുകയൊ കൊള്ളുതാതെ ആക്കുകയൊ ആർ ചെയ്യുന്നുവൊ അവരിൽനിന്നു രക്ഷിക്കപ്പെടേണമെന്നു പറഞ്ഞവന്നു താല്പൎയ്യമുണ്ടു അതു ചൊല്ലേണമെങ്കിൽ കാകപദത്തിന്നു ദധിയെ ഉപഘാതിക്കുന്നവർ എന്നു തന്നെ അൎത്ഥമാകുന്നു എന്നു കല്പിക്കേണം. ഇപ്പോൾ അതിന്നു വിരോധമില്ല- കാകപദത്തിന്നു കാക്ക എന്നു തന്നെ അൎത്ഥമായാലും അന്വയത്തിന്നു വിരോധമില്ലായ്കയാൽ അന്വയാനുപപത്തിയെ ഹേതുവാക്കിയാൽ അതിന്നു വിരോധംവരുന്നതാകുന്നു ഇപ്രകാരം (ഛത്രിണോഗച്ഛന്തി) എന്നു ഈ സ്ഥലത്തിങ്കൽ ഛത്രിപദംകൊണ്ടു ഏകസാൎത്ഥവാഹികളെ ഗ്രഹിക്കാം- (ഛത്രിണോഗച്ഛന്തി) എന്നതു വളരെ ജനങ്ങൾ ഏക സംഘത്തിൽ ചേൎന്നവരായി പോകുന്നതു കണ്ടിട്ടു ഒരുത്തൻ പറഞ്ഞതാകുന്നു അവർ മുഴുവൻ ഛത്രികളല്ല- (ഛത്രികൾ=ഛത്രമുള്ളവർ—ഛത്രം=കുട— ഛത്രമുള്ളവൎക്കു ഗമനമുള്ളു എന്നില്ല- ഛത്രമുള്ളവരുടെ ഗമനത്തെ മാത്രം പറയുന്നതല്ലാ പറഞ്ഞവന്റെ താല്പൎയ്യം- അതു ഹേതുവായിട്ടു ചിലർ ഛത്രികളല്ലാതെയും ചിലർ ഛത്രികളായിട്ടും ഒരു സംഘത്തിൽ ചെ

ന്വയായ ഛത്രിണോ യാന്തി എന്നിപ്രകാരം പ്രയോഗവിഷയ താൽപൎയ്യവിഷയമായ അൎത്ഥം കൊണ്ടാകുന്നു എങ്കിൽ മുൻപ്രകാരം ഛത്രിപദം ലാക്ഷണികമായിരിക്കണം. (ലാക്ഷണികം=ലക്ഷണകൊണ്ടു അൎത്ഥബോധത്തെ ഉണ്ടാക്കുന്നത്= ഏകസാൎത്ഥവാഹികൾ=ഒരു സാൎത്ഥത്തെ വഹിക്കുന്നവർ- സാൎത്ഥം=സംഘം) ഇതിങ്കൽനിന്നു ഏകസാൎത്ഥവാഹിത്വം പ്രകാരമായിട്ടു കുടയുള്ളവരുടെയും കുടയില്ലാത്തവരുടെയും ബോധം ഹേതുവായിട്ടുള്ള ലക്ഷണയെ അജഹൽസ്വാൎത്ഥാ എന്നു പറയുന്നു. അജഹൽസ്വാൎത്ഥാ എന്നതിന്നു യാതൊന്നിങ്കൽ പദം സ്വാൎത്ഥത്തെ അജഹത്തായി ഭവിക്കുന്നുവോ അതു എന്നു അൎത്ഥമാകുന്നു (അജഹത്ത്=ഉപേക്ഷിക്കാത്തത്) അനന്വയാനുപപത്തിലക്ഷണാബീജമായാൽ ഇവിടെ ചൊല്ലുന്നു (ഗംഗായാം ഘോഷഃ) എന്നുള്ള സ്ഥലത്തിങ്കൽ ഗംഗാപദത്തിന്നു തീരത്തിങ്കലുള്ള ലക്ഷണകൊണ്ടു തീരബോധത്തെയോ ഘോഷപദത്തിന്നു മത്സ്യാദികളിലുള്ള ലക്ഷണകൊണ്ടു മത്സ്യം മുതലായതിന്റെ ബോധത്തെയോ അനന്വയാനുപപത്തിയെ പരിഹരിപ്പാനായിക്കൊണ്ടു ആശ്രയിക്കാമെന്നിപ്രകാരം ഒരു അഭ്യുപഗമമാകുന്നു. ആയതു മതമല്ലോ എന്നു ഹേതുവായിട്ടു (ശബ്ദാൎത്ഥാനന്വയാനുപപത്തില്ലക്ഷണാബീജമെന്നുള്ള പൂൎവ്വപക്ഷം. സൎവ്വത്ര ലക്ഷണാബീജം താൽപൎയ്യാനുപപത്തിയാകുന്നു എന്നുള്ള അഭിപ്രായത്തോടുകൂടിയതല്ല എന്നു കല്പിപ്പാനും പണിപ്പെട്ടു ചൊല്ലുകൊണ്ടുവേണ്ടതാകുന്നു എന്നു ഗ്രഹിപ്പു കൊൾകയും വേണം. (ഗംഗായാം ഘോഷഃ) എന്നുള്ള സ്ഥലത്തിങ്കൽ ശക്യാൎത്ഥസംബന്ധത്തിന്റെ സ്വരൂപമുണ്ടായതു തീരത്വാകാരമാകുന്ന വിശേഷണത്തോടു കൂടിയതായിട്ടാകുന്നു എങ്കിൽ തീരത്തിങ്കൽ ഘോഷം ഭവിക്കുന്നു എന്നു അതിങ്കൽനിന്നു ബോധം ഭവിക്കും. ഗംഗാതീരത്വത്തെ വിശേഷണമാക്കി ഉണ്ടായതാകുന്നു എങ്കിൽ ഗംഗാതീരത്തിങ്കൽ എന്നുള്ള ബോധം ഭവിക്കും. ശക്യസംബന്ധസ്വരൂപം രണ്ടു പ്രകാരമാവുന്നതിന്നു കാരണം ശക്യസംബന്ധഗ്രഹണത്തിന്റെ രണ്ടു പ്രകാരവുമുള്ള സംഭവം തന്നെ. ശക്യാൎത്ഥത്തിന്റെ പരമ്പരാസംബന്ധരൂപമായിരിക്കുന്ന ലക്ഷണയെ ലക്ഷിതലക്ഷണാ എന്നു പറയുന്നു. ദ്വിരേഫപദത്തിങ്കൽനിന്നു ഭ്രമരത്തിന്റെ ബോധം ഭവിക്കുന്നതു ലക്ഷിതലക്ഷണകൊണ്ടാകുന്നു. ദ്വിരേഫപദം രണ്ടു രേഫങ്ങളോടു കൂടിയത എന്നുള്ള അൎത്ഥത്തെ അനുസരിച്ചിട്ടു ഭ്രമരമെന്ന പദ

ത്തെ ബൊധിപ്പിച്ചിട്ട അതിന്റെ അൎത്ഥമായ വണ്ടിനെ ഗ്രഹിപ്പിക്കുന്നു- ഇപ്രകാരമാകയാൽ രൊഥായമാനം എന്നുള്ള ശക്യാൎത്ഥത്തിന്റെ സംബന്ധം ശര പത്രിങ്ങളാകുന്നു അങ്ങിനെ ഉള്ള ശരപദത്തൊട സംബന്ധം വണ്ടിന്നുമുണ്ട- ഇങ്ങിനെ യാകയാൽ ശക്യാൎത്ഥത്തിന്റെ സംബന്ധംപരംപരാ രൂപമായിട്ടെല്ലൊ ഇരിക്കുന്നത- അതു ഹെതുവായിട്ട ദ്വിരെഫപദത്തിന്നു വണ്ടിങ്കൽ ഉള്ള ലക്ഷണാലക്ഷിത ലക്ഷണയാകുന്നു എന്ന അറിഞ്ഞു കൊൾക- ഇങ്ങിനെ നാനാ പ്രകാരമെന്ന ലക്ഷണികങ്ങളായ പദങ്ങൾ താനെ തന്നെ ലക്ഷ്യമായ അതാത അൎത്ഥത്തെ ബൊധിപ്പിക്കും ഇല്ല- വെറെ ചില പദങ്ങൾ സമായങ്ങളായി ഉണ്ടായിരിക്കെണം എന്നാൽ ബൊധിപ്പിക്കും- ശക്തിയൊ ലക്ഷണയൊ ആകുന്ന സംബന്ധം കൊണ്ട ഇതരപദാൎത്ഥത്തൊട സംബന്ധിച്ചതായ ശക്യാൎത്ഥത്തെ ബൊധിപ്പിപ്പാനാകുന്നു പദങ്ങൾക്കുസാമൎത്ഥ്യമുള്ളത- വാക്യത്തിന്നു ശക്തിയില്ലായ്കയാൽ ലക്ഷണയുമില്ല- (ഗംഭീരായാംനദ്യാംഘൊഷഃ) എന്നുള്ള സ്ഥലത്തിങ്കൽ നദീപദത്തിന്ന ലക്ഷണ ഹെതുവായിട്ട നദീതീരമെന്ന അൎത്ഥമാകുന്ന ഗംഭീരപദാൎത്ഥത്തിന്നാനദീതീരമെന്ന പദാൎത്ഥത്തിന്റെ ഏകദെശമായ നദിയൊട കൂടയാകുന്നാന്വയം— ഇങ്ങിനെയുള്ള സ്ഥലങ്ങളിലും ഏകദെശാന്വയത്തെ സ്വീകരിക്കുന്നതു സമ്മതമല്ല എങ്കിൽ നദീപദം ഗംഭീര നദീതീരത്തെ ലക്ഷണകൊണ്ട ബൊധിപ്പിക്കുന്നു എന്നും ഗംഭീരപദം താല്പൎയ്യത്തെ ഗ്രഹിപ്പിക്കുന്നതാകുന്നു എന്നും ഗ്രഹിച്ചുകൊൾക— ചിത്രകളായിരിക്കുന്ന ഗൊക്കളൊട കൂടിയവൻ എന്ന അൎത്ഥമായ (ചിത്രഗു) എന്ന സമസ്തപദത്തിങ്കൽ ചിത്രപദത്തിന്ന നാനാ വൎണ്ണങ്ങൾ എന്നൎത്ഥമാകുന്നു- ഗൊപദത്തിന്നു പശുക്കൾ എന്നൎത്ഥമാകുന്നു- ഒന്നു വിശെഷണവും മറ്റു വിശെഷ്യവും ആകുന്നു രണ്ടും സമാനവിഭക്തികളുമാകയാൽ ആയിരിക്കുന്ന എന്നുള്ള അംശങ്ങളുടെ രണ്ടിന്റെയും കൂടെയുള്ള പ്രയൊഗ വശാലും സിദ്ധമാകുന്നു എങ്കിലും ചിത്രകളായിരിക്കുന്ന ഗൊക്കളുള്ളവൻ എന്നപ്രകാരം അന്യപദാൎത്ഥത്തെ കൂടെബൊധിപ്പിപ്പാൻപദമില്ല- അന്യപദാൎത്ഥത്തിന്റെ ബൊധം സമാസശക്തി ഹെതുവായിട്ടാകുന്നു എന്ന വൈയാകരണന്മാർ പറയുന്നു- താൎക്കികന്മാർ സമാസശക്തിയെ സ്വീകരിച്ചിട്ടില്ല- അതു ഹെതുവായിട്ട ഗൊപദം ലക്ഷണം കൊണ്ട ഗൊക്കളുള്ളവനെ ഗ്രഹിപ്പിക്കുന്നു എന്നും ഗൊക്കളുള്ളവൻ എന്നുള്ള അൎത്ഥത്തി

ന്റെ ഏകദെശമായ ഗോക്കളോടു കൂടെയാകുന്നു ചിത്രപദാൎത്ഥത്തിന്റെ അന്വയമെന്നും അതുകൊണ്ടു പദാൎത്ഥൈക്ക ദെശത്തിൽ ചെരുന്നതു കളാകയാൽ അതുകളിൽ അന്വയത്തെ സ്വീകരിച്ചുകൂടാ എങ്കിൽ ഗോപദം തന്നെ ചിത്രകളായിരിക്കുന്ന ഗൊക്കളുള്ളവനെ ലക്ഷണകൊണ്ടു ബൊധിപ്പിക്കുന്നു എന്നും ചിത്രപദം താല്പൎയ്യത്തെ ഗ്രഹിപ്പിക്കുന്നതാകുന്നു എന്നും ഗ്രഹിച്ചുകൊൾക— ഇപ്രകാരമുള്ള ബഹുവ്രീഹി സമാസസ്ഥലങ്ങളിലൊക്കെയും ഇപ്രകാരമാകുന്നു- ചിത്രഗു എന്നതു അതുകളിൽചെരുന്നതായ ഒരു ഉദാഹരണമാകുന്നു അവിടെ ഗൊപദം ഇല്ലല്ലൊ. പിന്നെ മെൽ പറഞ്ഞതു എന്തിനെ ചെരുമെന്നു ചൊദിക്കുന്നു എങ്കിൽ പറയാം-ഗൊപദം തന്നെ വ്യാകരണശാസ്ത്രത്താൽവിഹിതമായെടത്തു കാൎയ്യമാകയാൽ ഗു എന്നുള്ള രൂപത്തെ ആശ്രയിച്ചിരിക്കുന്നു അതുഹെതുവായിട്ടു ഗൊപദമുണ്ടു എന്നു ഗ്രഹിച്ചുകൊൾക- തൽപുരുഷസമാസസ്ഥലങ്ങളുമായ (രാജാശ്വഃ) ഇത്യാദികളിൽ രാജപദം ലക്ഷണകൊണ്ടു രാജസംബന്ധി എന്നുള്ള അൎത്ഥത്തെ ഗ്രഹിപ്പിക്കുന്നു- (രാജ്ഞഃ അശ്വഃ) ഇങ്ങിനെ ഉള്ള സ്ഥിതിയിൽ രാജസംബന്ധത്തെ ബൊധിപ്പിപ്പാൻ ഷഷ്ഠീവിഭക്തി തന്നെ മതിയായിരുന്നു- മെൽ വിചാരിക്കപ്പെട്ട പദങ്ങൾ രണ്ടും കൂടെ രാജാശ്വഃ എന്നായതിന്റെശെഷം ഷഷ്ഠീവിഭക്തിക്കു ലൊപം വ്യാകരണശാസ്ത്രത്താൽ വിധിച്ചിരിക്കുന്നല്ലൊ നമുക്കു അതിനെ സ്മരിക്കാമല്ലൊ പിന്നെ രാജപദത്തെ എന്തിനായിക്കൊണ്ടു ലാക്ഷണികമാക്കുന്നു എന്നു ചൊദിക്കുന്നു എങ്കിൽ പറയാം ഷഷ്ഠീവിഭക്തി അവിടെ ഉണ്ടായിരുന്നു എന്നുള്ള ബൊധമില്ലാത്തവൎക്കു രാജസംബന്ധിയായ അശ്വം എന്നുള്ള ബൊധം അതിങ്കൽനിന്നുണ്ടാകുന്നു- അതുഹെതുവായിട്ടു മുമ്പെ ഉണ്ടായിരുന്ന വിഭക്തിയുടെ സ്മരണത്തെ കാരണമാക്കി കല്പിച്ചുകൂടാ-എന്നാലും എകപദാൎത്ഥത്തിങ്കൽ അപരപദാൎത്ഥത്തിന്റെ സംബന്ധം ചെൎച്ചപ്പെടുന്ന ഉള്ള ഉച്ചാരണമാകയാൽ തന്നെ തൊന്നുമല്ലൊ അതുകൊണ്ടു രാജപദം രാജാവെന്നുള്ള അൎത്ഥത്തെയും അശ്വപദം കുതിര എന്നുള്ള അൎത്ഥത്തെയും ഗ്രഹിപ്പിക്കുന്നതു പൊലെ രാജാശ്വ എന്നിപ്രകാരമുള്ള ചെൎച്ചപ്പെട്ടതൊടുകൂടിയ ഉച്ചാരണം തന്നെ അവരുടെ സംബന്ധത്തെ ഗ്രഹിപ്പിക്കട്ടെ. ലക്ഷണ കൊണ്ടുള്ള അൎത്ഥബൊധനം വെണ്ട എന്നു പറയുന്നുവൊ- എന്നാൽ ഇവിടെ രാജപദത്തെ ലാക്ഷണികമാക്കിയതിന്നുള്ള കാരണത്തെ പറയാം. ഉച്ചാരണ വിശെഷമാ

ൽ ഇവിടെ അതിന്റെ സംബന്ധത്തെ ഗ്രഹിച്ചു കഴിയു അതുകൊണ്ടു സംബന്ധബോധത്തെക്കുറിച്ചു മെൽപ്രകാരമുള്ള ഉച്ചാരണം കാരണമല്ലെന്നു ഞാൻ പറയുന്നില്ല. അതിന്റെ സംബന്ധത്തെ ഉച്ചാരണവിശെഷണവശാൽ ഗ്രഹിച്ചിട്ടു രാജസംബന്ധിയിനാകുന്നു അശ്വം എന്നുള്ള ബോധമെന്നതുപൊലെ സംബന്ധാന്തരത്തെ ഗ്രഹിക്കാമെന്നു വന്നാലും ഒരു ബോധം സിദ്ധിക്കുന്നമെല്ലൊ അതു ഏതുപ്രകാരമാകുന്നു രാജസ്വത്വവാനാകുന്നു എന്നുള്ളബോധമാകുന്നു ഇഷ്ടമായിട്ടുള്ളത എങ്കിൽ അതുള്ളട്ടമാകുന്നു-നിപാതഭിന്നങ്ങളായിരിക്കുന്ന നാമാൎത്ഥങ്ങൾക്കു തങ്ങളെ സംബന്ധമല്ലാതെ വെറെ ഉള്ളൊരു സംബന്ധത്തെ ഗ്രഹിച്ചിട്ടുള്ള ബോധം അപ്രസിദ്ധമാകുന്നു. (നിപാതഭിന്നങ്ങൾ= നിപാതങ്ങളല്ലാത്തവ— നിപാതങ്ങൾ=ന— ഇത്യാദികളായ അവ്യയങ്ങൾ- നാമാൎത്ഥങ്ങൾ=നാമങ്ങളുടെ അൎത്ഥങ്ങൾ- നാമങ്ങൾ= പ്രാതിപദികങ്ങൾ- ധാതുപ്രത്യയം കൃൽപ്രത്യയാന്തങ്ങളും തദ്ധിതപ്രത്യയാന്തങ്ങളുമല്ലാതെ ഉള്ള സുബന്തങ്ങൾ തിങന്തങ്ങൾ ഇത്യാദി പ്രത്യയാന്തങ്ങൾ— ഇതുകളെ ഒഴിച്ചു മറ്റുള്ള അൎത്ഥത്തോടു കൂടിയ ശബ്ദങ്ങളെന്നൎത്ഥം) നിപാതഭിന്നങ്ങളായ നാമാൎത്ഥങ്ങൾക്കു അതിന്റെ സംബന്ധമല്ലാതെ വെറെ ഒരു സംബന്ധത്തെ ഗ്രഹിച്ചിട്ടു ബോധത്തെ സ്വീകരിക്കാമെങ്കിൽ (രാജാശ്വ) എന്നുള്ള സ്ഥലത്തിങ്കൽ എന്നപൊലെ (രാജാ-അശ്വഃ- രാജാ- പുരുഷഃ ഇത്യാദി സ്ഥലങ്ങളിലുമാകെന്നാവന്നം= അതുകൊണ്ടു മെൽപ്രകാരം ബോധത്തെ അംഗീകരിച്ചുകൂടാ ബൊധത്തെ സ്വീകരിക്കെണ്ടത അതിന്റെ സംബന്ധത്തെ ഗ്രഹിച്ചിട്ടാകുന്നു അതിന്റെ സംബന്ധത്തെഗ്രഹിച്ചു ബോധത്തെ പറയുന്നതിന്നും ലക്ഷണാപെക്ഷ വെണ്ടാ എങ്കിൽ ബോധസ്വരൂപം രാജാഭിന്നമാകുന്ന അശ്വമെന്നായിത്തീരുകയും ചെയ്യും. ആയതനിഷ്ടമാകയാൽ രാജപദത്തിനു ലാക്ഷണികമാക്കെണമെന്നറിക. ഇങ്ങിനെ മറ്റുള്ള സ്ഥലങ്ങളിലും ഗ്രഹിച്ചു കൊൾക- ധവഖദിരൌ ഇത്യാദിദ്വന്ദ്വസ്ഥലങ്ങളിൽ ലക്ഷണാശ്രയണംകൊണ്ടുഫലമില്ല-(ധവം=ഞെമ എന്ന വൃക്ഷം-ഖദിരം കരിങ്ങാലിയെന്നവൃക്ഷം) ഇതുകൾ രണ്ടും വിശിഷ്ടാൎത്ഥമായ ഉദിതമാകുന്ന വിശെഷണത്തൊടുകൂടിയതുകളായിട്ടു ധവഖദിരൌ എന്നുള്ള പദത്തിങ്കൽ നിന്നു ശക്തികൊണ്ടു തന്നെ ഗ്രഹിക്കപ്പെടുന്നു എന്നാലും സാഹിത്യമെന്നുള്ള വിശെഷത്തൊടു കൂടിയതുകളായിരിക്കുന്ന ധവഖദിരങ്ങളുടെ ബോധത്തിന്നായിക്കൊണ്ടു ലക്ഷ

ണാശ്രയണം വെണമെന്നു വിചാരിക്കുന്നവൊ അങ്ങിനെവിചാരിക്കുന്നു എങ്കിൽ അതും വെണ്ട- സാഹിത്യം അന്വയഗൊചരമാകുന്നില്ല- ഏകക്രിയാന്വയിത്വ രൂപമായ സാഹിത്യത്തെ ഗ്രഹിച്ചാലും ഒരു ക്രിയയൊടു കൂടെയുള്ള അന്വയമാകുന്ന അതു സംസ്കൃതകാണ്ടൊന്നില്ല-(ധവഖദിരൌപശ്യ ഛിന്ധി) എന്നുള്ള സ്ഥലത്തിങ്കൽ പശ്യ എന്നുള്ള ക്രിയക്കു ധവപദാൎത്ഥത്തൊടും ഛിന്ധി എന്നുള്ള ക്രിയക്കു ഖദിരത്തൊടു അന്വയമാകയാൽ ഏകക്രിയാന്വയിത്വ രൂപ സാഹിത്യവും ദ്വന്ദ്വസമാസത്തെ നിയമിക്കുന്നതല്ല- ദ്വന്ദ്വസമാസത്തിങ്കൽ ലക്ഷണയെ സ്വീകരിച്ചാൽ (രാജപുരൊഹിതൌ എന്നുള്ള പദം ദ്വന്ദ്വമാകുന്നു എന്നതിനെ ആശ്രയിക്കുന്നതു നല്ലതാകുന്നു വെറെ ഒരു സമാസമായാൽ ലക്ഷണാശ്രയണം വെണ്ടി വരുമെന്നുള്ള മീമാംസകസിദ്ധാന്തവും പ്രതികൂലമായി ഭവിക്കും- സമാഹാരദ്വന്ദ്വസ്ഥലമായ അഹിനകുലമെന്നുള്ളെടത്തു സമാഹാരവും അന്വയഗൊചരമാകുന്നു എന്നാൽ നകുലപദത്തിന്നു അഹിനകുലങ്ങളുടെ സമാഹാരമെന്നുള്ള അൎത്ഥത്തെ ലക്ഷണകൊണ്ടു ഗ്രഹിച്ചു കൊൾക- അഹിപദം താൽപൎയ്യത്തെ ഗ്രഹിപ്പിക്കുന്നതാകുന്നു- ഭെരീമൃദംഗംവാദയ) എന്നുള്ള സ്ഥലത്തിങ്കൽ ഭെരീമൃദംഗമെന്നതിന്നു ഭെരിയുടെയും മൃദംഗത്തിന്റെയും സമാഹാരമെന്ന അൎത്ഥമായാൽ അതിങ്കൽ വാദന ക്രിയ എങ്ങിനെ അന്വയിക്കും- ഭെരി എന്നതും മൃദംഗമെന്നതും ഒരുവക വാദ്യങ്ങളാകയാൽ അതുകളെ ശബ്ദിക്കാം എങ്കിലും അതുകളുടെ സമാഹാരമെന്നത അപെക്ഷാബുദ്ധി വിശെഷരൂപമാകയാൽ അതിനെ ശബ്ദിപ്പിപ്പാൻ കഴിയുമൊ അതു ശബ്ദിക്കുമൊ എന്നു ചൊദിക്കുന്നു എങ്കിൽ അവിടെ വാദനക്രിയയുടെ സാക്ഷാൽ അന്വയം ഭെരീമൃദംഗങ്ങളിൽതന്നെ എങ്കിലും പരംപരാ സംബന്ധത്താൽ ഭെരീമൃദംഗസമാഹാരവും അതിന്റെ സംബന്ധമുള്ള പദാൎത്ഥമായി ഭവിക്കുമെല്ലൊ- അതുകൊണ്ടു അതിങ്കൽ അന്വയിക്കാമെന്നു ഗ്രഹിച്ചു കൊൾക- പിതരൌശ്വശുരൌ) ഇത്യാദികളായ ഏകശെഷസ്ഥലങ്ങളിൽ ലക്ഷണാശ്രയണം ആവശ്യകമായിട്ടുള്ളതു തന്നെ- അതുകളിൽവെച്ചു പിതരൌ എന്ന സ്ഥലത്തിങ്കൽപിതൃപദം ലക്ഷണകൊണ്ടു തന്റെ ജനനത്തിന്നു ഹെതുവായി ഭവിച്ചവരായ മാതാപിതാക്കന്മാരെ ബൊധിപ്പിക്കുന്നതാകുന്നു- ശ്വശുരപദം ഭാൎയ്യയുടെയൊ ഭൎത്താവിന്റെയൊ ജനനത്തിന്നു ഹെതുവായി ഭവിച്ചവരായ മാതാപിതാക്കന്മാരെ ലക്ഷണകൊ

ണ്ടു ബോധിപ്പിക്കുന്നതാകുന്നു- ഇപ്രകാരം തന്നെ മറ്റെല്ലട
ത്തു മെന്നറിക- ഘടഃ എന്നുള്ള സ്ഥലത്തിങ്കൽ ഘടത്വമാകു
ന്ന വിശേഷണത്തൊടു കൂടിയതായിട്ടു നാനാഘടങ്ങളുടെബോ
ധം സംഭവിക്കുന്നതാകയാൽ ലക്ഷണാശ്രയണം വെണ്ട- കൎമ്മ
ധാരയസ്ഥലങ്ങളായ (നീലൊൽപലം) ഇത്യാദികളിലും ലക്ഷ
ണവെണ്ട- നീലൊൽപലമെന്ന പദത്തിങ്കൽനിന്നു നീലാഭി
ന്നമായ ഉൽപലമെന്നാകുന്നു ബോധമുണ്ടാകുന്നത- അവിടെഉ
ള്ള നീലപദാൎത്ഥത്തെ പറവാൻ നീലപദം തന്നെ മതി- ഉൽ
പലപദാൎത്ഥത്തെ പറവാൻ ഉൽപലപദവും മതി അഭെദാംശം
രണ്ടു കൂടെ ഉള്ള പ്രയൊഗബലാൽ ലബ്ധമായിട്ടുള്ളതാകുന്നു- അ
തു ഹെതുവായിട്ടു ലക്ഷണയെ ആശ്രയിക്കുന്നില്ല- സ്ഥലാന്തര
ങ്ങളിലും ഇപ്രകാരം തന്നെ- ഇതു ഹെതുവായിട്ടു തന്നെ നിഷാ
ദസ്ഥപതി എന്നതു കൎമ്മധാരയ സമാസമാകുന്നു എന്നു മീമാം
സകന്മാരാൽ നിശ്ചയിക്കപ്പെട്ടത എന്നു ധരിച്ചുകൊൾക- നി
ഷാദൻ സംകര ജാതിയിൽ പെട്ടതാകയാൽ അവന്നു നിഷാദ
സ്ഥപതി എന്നു പദത്തൊടു കൂടിയ വിധിവാക്യത്താൽ വിധി
ക്കപ്പെട്ട യാജനം ചെയ്യുന്നതല്ല- അതു ഹെതുവായിട്ടു വെ
റെ തന്നെ വല്ലൊരു സമാസത്തെ ആശ്രയിക്കെണം- എന്നാൽ
ലക്ഷണയെ ആശ്രയിക്കെണമെന്നല്ലൊരു ദൊഷമുള്ളത- അ
തെത്രയും ലഘുവായിട്ടുള്ളതാകുന്നു- യാഗത്തിന്നു അധികാരിയ
ല്ലാത്തവനെ യജിപ്പിച്ചാൽ ഉള്ള ദൊഷം വലുതായ അനിഷ്ട
ത്തെ ഉണ്ടാക്കും യാഗത്തിങ്കൽ ഉള്ള അധികാരത്തിന്റെയും
അനധികാരത്തിന്റെയും നിശ്ചയത്തിന്നു വെദമെല്ലൊ മൂലമാ
കുന്നത- അങ്ങിനെ ഇരിക്കുന്ന വെദം തന്നെ നിഷാദസ്ഥപതി
യെ യജിപ്പിക്കെണമെന്നു വിധിച്ചുവല്ലൊ- അതുകൊണ്ടു നി
ഷാദനെ യജിപ്പിക്കാം- അവന്നു യാഗാധികാരമുണ്ടു എന്നതു
യാജനത്തെ വിധിക്കുക ഹെതുവായിട്ടു തന്നെ സിദ്ധമായി എ
ങ്കിലും ഈ നിഷാദസ്ഥപതിയെ യജിപ്പിക്കെണമെന്നുള്ള വി
ധിക്കു വിഷയമായ യാജനത്തിങ്കൽ കൎമ്മമായ യാഗം യാ
തൊന്നൊ അതിങ്കൽ മാത്രമെ ഉള്ളൂ എന്നു നിശ്ചയിക്കുന്നു- അ
തു ഹെതുവായിട്ടു മറ്റുള്ള യാഗങ്ങളിൽ അതിപ്രസംഗം ഇല്ല എ
ന്നു പറയുന്നതു യുക്തമല്ല- നിഷാദസ്ഥപതി പദത്തിന്റെ അ
ൎത്ഥത്തെക്കുറിച്ചുള്ള സന്ദെഹമാകുന്നു ഇവിടെ ഉപസ്ഥിതമായി
ട്ടുള്ളത -അതു തീരാതെ വിധാനത്തിന്റെ അന്യഥാനുപപ
ത്തിയെ ആശ്രയിച്ചിട്ടു അപ്രാപ്യമായ അധികാരത്തെ പ്രാപി

ച്ചിച്ചു കൂടാ അതു ഹെതുവായിട്ട കൎമ്മധാരയ സമാസമാകുന്നു എന്നു നിശ്ചയിപ്പാൻ എപ്പൊൾ ഭാവിക്കുന്നുവൊ അപ്പൊൾ ആ യാജ്യയാജനം ഹെതുവായിട്ടുള്ള ദുരിതത്തിങ്കൽ നിന്നുള്ള ശങ്കാ അതി പ്രബലമായൊട്ട കൂടിയതായി ഭവിക്കും അതിനെ ജയിച്ചിട്ടും നിഷാദസ്ഥപതി എന്നതു കൎമ്മധാരയസമാസമാകുന്നു എന്നുള്ള ബൊധത്തെ ഉറപ്പിപ്പാൻ തക്കവണ്ണം ഉള്ള ഒരു സാമൎത്ഥ്യം ലക്ഷണാസ്വീകാരത്തിന്റെ ഇല്ലായ്മക്കു എങ്ങിനെ ഉണ്ടായതാകുന്നു എന്നു ഞാൻ അറിയുന്നില്ല- കൎമ്മധാരയസമാസം ലക്ഷണാനിരപെക്ഷമാകയാൽ ലഘുവാകുന്നു- ശിഷ്ടസമാസങ്ങളിൽ ലക്ഷണാപെക്ഷയുണ്ടാകയാൽ അവകൾ ഗുരുക്കളാകുന്നു ലഘുവായ തിരിക്കുമ്പൊൾ സൎവ്വദാ ഗൌരവത്തെ സഹിക്കരുത- ഇങ്ങിനെ ഉള്ള യുക്തികൾ വെദത്താലൊ വെദകൎത്താവിനാലൊ ബൊധിപ്പിക്കപ്പെട്ടവകളായിരുന്നാൽ അവകളെ പ്രമാണിക്കാം- ഇവകളിൽ ഒന്നിനെയും വെദമൊ വെദകൎത്താവായ ഈശ്വരനൊ ബൊധിപ്പിച്ചിട്ടില്ലല്ലൊ— ലക്ഷണാസ്വീകാരത്തിന്റെ അനാവശ്യകതയെ ഒഴിച്ച വാക്യശെഷാദികളായ ഹെതുക്കൾ പുറമെ ഉണ്ടാകയാൽ നിഷാദസ്ഥപതിപദത്തിന്നു നിഷാദജാതിയിൽ ജനിച്ചവനായിരിക്കുന്നവനും നിഷാദജാതിയിൽജനിച്ചവരുടെസ്വാമിയായിരിക്കുന്നവൻ എന്നുള്ള അൎത്ഥത്തിന്റെഗ്രഹണംപ്രാപ്തമാകുന്നു എങ്കിൽഅപ്രകാരമിരിക്കട്ടെ അതുമാത്രംകൊണ്ടു കൎമ്മധാരയത്വ സ്വീകാരം ലക്ഷണാനാശ്രയണമൂലകമായിട്ടുള്ളതാകുന്നു എന്നുള്ളസ്വമത രക്ഷകമാൎഗ്ഗംപ്രാപ്തമായ്വരികയില്ലല്ലൊ- പിന്നെ എന്തിനായിക്കൊണ്ടു വാക്യശെഷാദികളെക്കുറിച്ചു പറയുന്നു- ഇങ്ങിനെ ശങ്കിക്കുന്നു എങ്കിൽ അതിനെക്കുറിച്ചുഞാൻ അഭിനന്ദിക്കുന്നു- എങ്കിലും ഹെത്വന്തരസിദ്ധയായസമാസവ്യവസ്ഥയെ ലക്ഷണയുടെ അനപെക്ഷ ഹെതുവായിട്ടുള്ള ലാഘവം കൂടെ സഹകാരിയായിട്ടുറപ്പിപ്പാൻശക്തിയായി വരുന്നതാകയാൽ മെൽ പ്രകാരം പറഞ്ഞതാകുന്നു എന്നു അറിഞ്ഞുകൊൾകയും വെണം—

ഉപകുംഭം അൎദ്ധപിപ്പലി ഇത്യാദികളിൽ ഉത്തരപദം ലക്ഷണകൊണ്ടു കുംഭാദിസംബന്ധികളെ ഗ്രഹിപ്പിക്കുന്നു. പൂൎവ്വപദാൎത്ഥം പ്രധാനമാകയാൽ കുംഭസംബന്ധിയായ സമീപത്തിങ്കൽ എന്നും പിപ്പലീസംബന്ധിയായ അൎദ്ധമെന്നും തുടങ്ങിയുള്ള അൎത്ഥത്തെ അവകളിൽ നിന്നുക്രമെണ ഗ്രഹിക്കപ്പെടുന്നു.

മെൽപറഞ്ഞ പ്രകാരം സമസ്തപദശക്തികൊണ്ടു തന്നെ ബോധനിൎവ്വാഹത്തിന്നു സൌകൎയ്യമുള്ളതാകയാൽ സമാസങ്ങളിലൊരെടത്തും സമുദായശക്തിസ്വീകാരംകൊണ്ടു സാദ്ധ്യമില്ലായ്കയാൽ അതിനെസ്വീകരിച്ചിട്ടില്ലെന്നു അറിഞ്ഞുകൊൾകയും വെണം.

ആസത്തിജ്ഞാനവും യോഗ്യതാജ്ഞാനവും ആകാംക്ഷാജ്ഞാനവും താൽപൎയ്യജ്ഞാനവും ശാബ്ദബോധത്തിന്നു കാരണമാകുന്നു.

യാതൊരുപദം യാതൊരുപദത്തൊടുകൂടെ അന്വയിക്കെണമെന്നു ഇച്ശിക്കപ്പെടുന്നുവൊ അതുകളെ മദ്ധ്യത്തിങ്കൽ വെറെ ശബ്ദത്തിന്റെ ഉച്ചാരണത്തൊടുകൂടാതെ ഉച്ചരിക്കെണം. അതുതന്നെ ആസത്തിയാകുന്നത. അതു ശാബ്ദബൊധത്തിന്നു കാരണമാകുന്നു. ആസത്തി ഇല്ലാഎങ്കിലും ബൊദ്ധാവിന്നു മറ്റൊരു ശബ്ദം ഇടയിൽ പെടാത്തതായിട്ടു അതുകളുടെ ബൊധം ഉണ്ടായാൽ ശാബ്ദബൊധം ഭവിക്കും. (ഗിരിർഭുക്തമഗ്നിമാൻദെവദത്തെന) എന്നുള്ള സ്ഥലത്തിങ്കൽ ആസത്തി ഇല്ലായ്കയാൽ ശാബ്ദബൊധം ഭവിക്കുന്നില്ല. അവിടെത്തന്നെ വക്താവിന്റെ താല്പൎയ്യജ്ഞാനം ഹെതുവായിട്ടു ഗിരിരഗ്നിമാൻ ഭുക്തം ദെവദത്തെന എന്നിപ്രകാരം വിവക്ഷിത ക്രമവിശിഷ്ടമായ പദൊപസ്ഥിതി ഭവിച്ചാൽ ശാബ്ദബൊധമുണ്ടാകയും ചെയ്യും. (നീലൊഘടൊ ദ്രവ്യംപടഃ) എന്നുള്ളസ്ഥലത്തിങ്കൽ ആസത്തിഭ്രമംഹെതുവായിട്ടു നീലമായിരിക്കുന്നതു ഘടമെന്നും ദ്രവ്യമായിരിക്കുന്നതു പടമെന്നും ബൊധം ഭവിക്കുന്നു. ഇതു വക്താവിന്റെ താല്പൎയ്യത്തെ അനുസരിക്കുന്നില്ല. നീലമായിരിക്കുന്നതുപടമെന്നും ദ്രവ്യമായിരിക്കുന്നതു ഘടമെന്നും ഉള്ളബൊധം ഭവിക്കെണമെന്നാകുന്നു വക്താവിന്റെ താല്പൎയ്യം. അതുഹെതുവായിട്ടു മെൽപറഞ്ഞപ്രകാരം ഉണ്ടായബൊധം ഭ്രമമാകുന്നു. ആസത്തിഭ്രമംഹെതുവായിട്ടു ശാബ്ദഭ്രമം ഭവിച്ചുതന്നെ ഇല്ലാഎങ്കിലുംദൊഷമില്ല.

ഇവിടെ ഒന്നുനിശ്ചയിക്കെണ്ടതുണ്ടു. മന്ത്രികന്യധിവാസസംസ്ഥിതദെവദത്തഃ ഇത്യാദിവാക്യങ്ങളിൽ പൂൎവ്വപദത്തിന്റെ സ്മരണം ഉത്തരപദസ്മരണത്താൽ നശിപ്പിക്കപ്പെടുന്നതാകയാൽ ആദ്യമായിട്ടുള്ള ഉത്തരപദങ്ങളുടെ സ്മരണം എങ്ങിനെഭവിക്കും എന്നുചൊദിക്കുന്നു എങ്കിൽ ഏകൈകപദങ്ങളുടെ അനുഭവത്താൽ ഉണ്ടാക്കപ്പെട്ടതായ സംസ്കാരങ്ങളൊടുകൂടിയ ചരമപദജ്ഞാനത്താൽ ഒടുക്കം അനുഭൂതങ്ങളായിരിക്കുന്ന പദങ്ങളുടെസ്മ

ണ്ണം വ്യവധാനത്തോടു കൂടാതെ ഉണ്ടാകപ്പെടുന്നു. നാനാസന്നികൎഷങ്ങളാൽ ഏകപ്രത്യക്ഷം ജനിപ്പിക്കപ്പെടുന്നതുപോലെ നാനാസംസ്കാരങ്ങളാൽ അനുഭൂതവസ്തുക്കൾ എത്രയോ അതുകളെ അത്രയെയും വിഷയീകരിച്ചിട്ടു ഏകമായിരിക്കുന്നസ്മരണം ജനിപ്പിക്കപ്പെടുന്നതു യുക്തംതന്നെ. അനുഭവഗോചരങ്ങളായി ഭവിച്ചപദങ്ങളിൽനിന്നജനിച്ചതുകളായ സംസ്കാരങ്ങളോടുകൂടിയ ചരമവൎണ്ണജ്ഞാനം ഉൽബോധകമാകയാൽ അതു എപ്പോൾ അനുഭവവിഷയമായിഭവിക്കുന്നുവൊ അപ്പോൾ ആകുന്നമേൽ പ്രകാരമുള്ളസ്മരണം ഭവിക്കുന്നതു. ഇങ്ങിനെയുള്ളസ്മരണം അസംഭവമാകുന്നു എങ്കിൽ നാനാവൎണ്ണങ്ങളോടുകൂടിയതായഏകപദത്തിന്റെ സ്മരണവും അസംഭാവ്യമായിഭവിക്കും. ഏകപദസ്മരണത്തിന്ന മേൽപറഞ്ഞപ്രകാരം തന്നെ ഗതിഎങ്കിൽ അനേകപദസ്മരണത്തിന്ന മേൽപറഞ്ഞതുതന്നെ ഗതി. എന്നറിയപ്പെടാം. ഏകപദസ്മരണത്തിങ്കൽ അനുഭവബലാൽ അതാതുവൎണ്ണങ്ങളുടെ അനുഭവങ്ങളാൽ ഉണ്ടായതുകളായ സംസ്കാരങ്ങളോടുസഹിതമായ ചരമവൎണ്ണത്താൽ മുമ്പെ അനുഭൂതങ്ങളായ വൎണ്ണങ്ങളെ അപ്രകാരംതന്നെ വിഷയങ്ങളാക്കി ഏകമായസ്മരണം ജനിപ്പിക്കപ്പെടുന്നു എന്നുള്ള കല്പനയെ സ്വീകരിക്കുന്നു എങ്കിൽ അനേക പദസ്മരണത്തിങ്കലും അനുഭവബലാൽ മേൽപ്രകാരമുള്ള കല്പനയെ സ്വീകരിക്കാം. അതുഹേതുവായിട്ടു ആസത്തിജ്ഞാനത്തിന്ന കാരണത്വം സംഭവിക്കുന്നതും ആവശ്യകതയുള്ളതുമാകുന്നു എന്നുധരിച്ചുകൊൾക. ഇനിക്രമവിശേഷമുണ്ടു എതുപദാൎത്ഥങ്ങൾ ഭവിക്കുന്നുവൊ അതുപദാൎത്ഥങ്ങളെ വിഷയമാക്കി ഏകമായസ്മരണം ഭവിച്ചതിന്റെശേഷം ഏകകാലത്തിങ്കൽതന്നെ ഖലേകപോതന്യായെന അതുകൾ പരസ്പരം സംബന്ധിക്കുന്നു എന്നു ചിലർപറയുന്നു അവരുടെവചനം ഇതിന്നുതാഴെ കാണിക്കപ്പെടുന്നു

(ശ്ലോകം) വൃദ്ധായുവാനശ്ശിശവഃ കപോതാഃ ഖലേയഥാമീ യുഗപൽ പതന്തി। തഥൈവസൎവ്വേയുഗപൽ പദാൎത്ഥാഃ പരസ്പരേണാന്വയിനോഭവന്തി॥

അന്വയം— വൃദ്ധാഃ— യുവാനഃ— ശിശവഃ— അമീ—കപോതാഃ— ഖലേ— യഥാ— യുഗപൽ- പതന്തി— തഥാ- ഏവ— സൎവ്വേ— പദാൎത്ഥാഃ— യുഗപൽ— പരസ്പരേണ— അന്വയിനഃ- ഭവന്തി—

അന്വയാൎത്ഥം ——വൃദ്ധന്മാരായിട്ടും ശിശുക്കളായിട്ടുമിരിക്കുന്ന

കേരളസാഹിത്യ അക്കാദമി

രം കപോതങ്ങൾ ഖലത്തിങ്കൽ യാതൊരുപ്രകാരം ഏകകാലത്തിങ്കൽ പതിക്കുന്നുവൊ അപ്രകാരംതന്നെ സൎവ്വങ്ങളുമായിരിക്കുന്ന പദാൎത്ഥങ്ങൾ ഏകകാലത്തിങ്കൽ പരസ്പരത്തോടന്വയികളായിഭവിക്കുന്നു.

പരിഭാഷാ— വൃദ്ധന്മാർ=വളരെവയസ്സായവർ. യുവാക്കന്മാർ=യൌവനത്തോടുകൂടിയവർ. ശിശുക്കൾ=ബാലന്മാർ— കപൊതങ്ങൾ= കപൊതപക്ഷികൾ (മാടപ്രാവുകൾ) ഖലം=കളം. (നെല്ലുണക്കുവാനായിക്കൊണ്ടുനിലംനന്നാക്കിതെളിച്ചുവെടിപ്പാക്കപ്പെട്ട മിറ്റമെന്നുസാരം.) ഏകകാലം=ഏകമായിരിക്കുന്ന കാലം. ഏകം=ഒന്ന. കാലം=സമയം. പതിക്ക=പറന്നുചെന്നിരിക്കുക. സൎവ്വങ്ങൾ= ഒട്ടൊഴിയാതെ ഉള്ളവ. പരസ്പരം= അന്യോന്യം. അന്വയികൾ= അന്വയമുള്ളതുകൾ.

സാരം— വയസ്സുവളരെയായിട്ടും യൌവനത്തോടുകൂടീട്ടും ശിശുക്കളായിട്ടുമുള്ള മാടപ്രാവുകൾ ഒരുമിച്ചുതന്നെ ഒരുകളത്തിങ്കൽ പറന്നുചെന്നിരിക്കുന്നതു യാതൊരുപ്രകാരമൊ അപ്രകാരം തന്നെ എല്ലാപദാൎത്ഥങ്ങളും ഒരുമിച്ചു പരസ്പരം അന്വയത്തെ ലഭിക്കും. അന്യന്മാർപറയുന്നതു വെറെ ഒരു പ്രകാരമാകുന്നു. അവരുടെ വചനം (ശ്ലോകം) യദ്യദാകാംക്ഷിതം യോഗ്യംസന്നിധാനം പ്രപദ്യതെ തെനതെനാന്വിതസ്സ്വാൎത്ഥഃ പദൈരെവാവഗമ്യതെ) എന്നാകുന്നു.

അന്വയം— യദ് യദ്. ആകാംക്ഷിതം. യോഗ്യം. സന്നിധാനം— പ്രപദ്യതെ— തെന. തെന— അന്വിതഃ. സ്വാൎത്ഥഃ. പദൈഃ— ഏവ. അവഗമ്യതെ—

അന്വയാൎത്ഥം— യാതൊന്നു യാതൊന്നു ആകാംക്ഷിതമായിട്ടും യോഗ്യമായിട്ടും സന്നിധാനത്തെ പ്രാപിക്കുന്നുവൊ അതിനോടും അതിനോടും അന്വിതമായിരിക്കുന്ന സ്വാൎത്ഥംപദങ്ങളാൽ തന്നെ അവഗമിപ്പിക്കപ്പെടുന്നു.

പരിഭാഷാ— ആകാംക്ഷിതം=ആകാംക്ഷയുള്ളത. യൊഗ്യം=യോഗ്യതയുള്ളത. സന്നിധാനം=അടുപ്പം. പ്രപദിക്ക=പ്രാപിക്ക— സ്വാൎത്ഥം=സ്വമായിരിക്കുന്ന അൎത്ഥം. സ്വം=തന്നെ സംബന്ധിച്ചത. (സ്വാൎത്ഥമെന്നതിന്ന വാക്യാൎത്ഥമെന്നുസാരമാകുന്നു.) അവഗമിപ്പിക്ക=ബോധിപ്പിക്ക.

സാരം— ആകാംക്ഷയോടും യോഗ്യതയോടും കൂടിയപദങ്ങൾ ക്രമേണ സ്മരണംകൊണ്ടു അടുപ്പത്തെ പ്രാപിക്കുമ്പൊൾ അപ്രകാരം തന്നെ അതുകളൊടു സംബന്ധിച്ചതായ വാക്യാ

ൎത്ഥത്തെ പദങ്ങൾതന്നെ ബൊധിപ്പിക്കുന്നു. വാക്യശക്തിയുടെ അപെക്ഷവെണ്ട.

അപ്രകാരമാകയാൽ ക്രമെണ അവാന്തരവാക്യാൎത്ഥവും അതിന്റെ ശെഷം അപ്രകാരം തന്നെ പദാൎത്ഥസ്മൃതിഹെതുവായിട്ട മഹാവാക്യാൎത്ഥവും പദങ്ങളിൽനിന്നു തന്നെ ബൊധവിഷയമാകുന്നു എന്നും അവരുടെ അഭിപ്രായമാകുന്നു എന്നു ഗ്രഹിച്ചുകൊൾക.

വാക്യൈകദെശപ്രയൊഗത്തിങ്കലും പദജ്ഞാനംതന്നെ ഹെതുവാകുന്നു അതിന്നും അവ്യവധാനെന ഉള്ള ഉപസ്ഥിതി ഉണ്ടായിരിക്കയും വെണം. അതുഹെതുവായിട്ട ദ്വാരത്തെ(ദ്വാരംപിധെഹി) എന്നിപ്രകാരം വിവക്ഷിതമായ വാക്യത്തിന്റെ ഏകദെശമായ ദ്വാരമെന്നതിനെത്തന്നെ പ്രയൊഗിച്ചാൽ അതു ഗ്രഹിച്ചതിന്റെപിധെഹിഎന്ന പദത്തിന്റെ ജ്ഞാനം ശ്രൊതാവിന്നു ഉണ്ടുഎങ്കിൽ അതിങ്കൽനിന്നു ബൊധമുണ്ടാകും. വെറെ അപ്രകാരം സംഭവിക്കില്ല. പിധാനരൂപാൎത്ഥജ്ഞാനം ബൊധം പ്രതികാരണമായി ഭവിക്കാത്തതാകുന്നു. അതാതുപദങ്ങളാൽ ഉണ്ടാക്കപ്പെട്ട പദാൎത്ഥസ്മരണം അതാതുശാബ്ദബൊധം പ്രതികാരണമായി ഭവിക്കുമെന്നാകുന്നു സിദ്ധാന്തം. പിധെഹി എന്ന പദത്തിന്റെ ജ്ഞാനവും വല്ലൊരുകാലത്തിങ്കൽ ഉണ്ടായാൽ മതിയാകയില്ല. താമസംകൂടാതെ ഉണ്ടായതായിരിക്കെണം. ഇപ്രകാരം പുഷ്പെഭ്യഃ എന്നുമാത്രം ഒരുത്തനാൽ പറകപ്പെട്ടു എങ്കിൽ അതിനെ ശ്രവിച്ചവന്നു സ്പൃഹയതി എന്നുള്ള പദജ്ഞാനമുണ്ടായാൽ ബൊധം ഭവിക്കുമെന്നും വെറെ ഒരു വിധത്തിലും ഭവിക്കില്ലഎന്നും സ്പൃഹയതി എന്ന പദജ്ഞാനവും താമസംകൂടാതെ ഉണ്ടായതായിരിക്കെണമെന്നും ഗ്രഹിച്ചുകൊൾക.

യൊഗ്യതാഎന്നത ഏകപദാൎത്ഥത്തിങ്കൽ അപരപദാൎത്ഥത്തിന്റെ സംബന്ധമാകുന്നു. (വഹ്നിനാസിഞ്ചെൽ) എന്നുള്ള സ്ഥലത്തിങ്കൽ യൊഗ്യതാജ്ഞാനമില്ലായ്കയാൽ ശാബ്ദബൊധംഭവിക്കുന്നില്ല. അവിടെ വഹ്നി എന്നപദത്തിന്റെ അൎത്ഥത്തിങ്കൽ തൃതീയാവിഭക്ത്യൎത്ഥമായ കരണത്വം സെചനക്രിയയെക്കുറിച്ചു സംഭവിക്കാത്തതാകയാൽ യൊഗ്യതയില്ല. യൊഗ്യതയില്ലായ്കകൊണ്ടു യൊഗ്യതാജ്ഞാനവുമുണ്ടാകുന്നില്ല. ഇവിടെ ഇങ്ങിനെയുള്ളയൊഗ്യതയുടെ ജ്ഞാനം ശാബ്ദബൊധംഭവിക്കുന്നതിന്നു മുമ്പിൽ സൎവ്വത്ര ഉള്ളതാകുന്നു. അപൂൎവ്വമായിട്ടല്ലാതെ വാക്യാൎത്ഥമില്ലല്ലൊ എന്നുശങ്കിക്കുന്നു എങ്കിൽ അപ്രകാരം ശങ്കി

ക്കു †

ക്ഷതെ. അതാതു പദാൎത്ഥങ്ങളുടെ സ്മരണമുണ്ടായാൽ ചിലവാക്യങ്ങളിൽ സംശയരൂപമായിട്ടൊ ചിലതിൽ നിശ്ചയരൂപമായിട്ടൊ യോഗ്യതയുടെ അറിവുണ്ടാകാം. അഥവാ യോഗ്യതാജ്ഞാനം ശാബ്ദബോധത്തെക്കുറിച്ച കാരണമല്ല എന്നുതന്നെ ഇരിക്കട്ടെ— എന്നാലും (വഹ്നിനാസിഞ്ചതി) ഇത്യാദിസ്ഥലങ്ങളിൽ ശാബ്ദബോധംഭവിക്കില്ല— സെകത്തിങ്കൽ തിയ്യിന്നുകരണത്വമില്ല എന്നുള്ളനിശ്ചയമുണ്ടല്ലൊ. അതുവഹ്നിസെകകരണമാകുന്നു എന്നുള്ളബുദ്ധിയെ പ്രതിബന്ധിക്കുന്നതാകുന്നു. (സെകം—നനവ-) തദഭാവനിശ്ചയം ലൌകിക സന്നികൎഷത്താലും ദോഷവിശേഷത്താലും ജനിപ്പിക്കപ്പെടാത്തതായ എല്ലാജ്ഞാനത്തെയും പ്രതിബന്ധിക്കുമെന്നുള്ളനിയമം ശാബ്ദബോധസാധാരണമാകയാൽ അതുകൊണ്ടുതന്നെ നിൎവ്വഹിക്കാം. യോഗ്യതാജ്ഞാനത്തിന്നു കാരണത്വം സ്വീകരിക്കെണ്ട ഇങ്ങിനെനവീനന്മാർപറയുന്നു. ആകാംക്ഷ എന്നത ഒരുപദത്തിന്ന മറ്റൊരു പദമില്ലാ എങ്കിൽ ഉള്ള അന്വയ ബൊധത്തെ ജനിപ്പിക്കായ്കയാകുന്നു. ഇതുകൊണ്ടു ഗ്രഹിക്കേണ്ടതു മെല്പ്രകാരമുള്ള പദങ്ങൾ തങ്ങിൽസംബന്ധിപ്പാൻ യോഗ്യങ്ങളാകുന്നു എന്നുള്ള ജ്ഞാനം ശാബ്ദബോധത്തെക്കുറിച്ച കാരണമാകുന്നു എന്നതതന്നെ എന്ന അറിഞ്ഞുകൊൾക. ക്രിയാപദം കാരകപദത്തൊടും കാരകപദംക്രിയാപദത്തൊടും കൂടാതെ അന്വയബൊധത്തെ ജനിപ്പിക്കായ്കയാൽ അതുകൾ അന്യൊന്യം സാകാംക്ഷയൊടു കൂടിയതുകളാകുന്നു എന്നുള്ള ബോധമുള്ളവന്ന അതുകൾ പരസ്പരം ചെരേണ്ടതുകളാകുന്നു എന്നുള്ള അറിവുണ്ടാകും. അതുഹേതുവായിട്ട അതുകൾക്കഅന്യൊന്യം അന്വയത്തെ ഗ്രഹിക്കും എന്നാൽശാബ്ദബൊധവുമുണ്ടാകും. ആകാംക്ഷയുടെ സ്വരൂപമായാൽ ആസത്തികൊണ്ടുതന്നെ ആകാംക്ഷാഫലം അന്യഥാസിദ്ധമായി ഭവിക്കുന്നതാകയാൽ ഘടത്തിങ്കൽ യാതൊരുകൎമ്മത്വമൊ അതിന്റെ ബോധത്തെ കുറിച്ച ഘടപദത്തിങ്കൽനിന്നു അനന്തരമുള്ള ദ്വിതീയാവിഭക്തിജ്ഞാനത്തിന്റെ അപെക്ഷയുണ്ടാകകൊണ്ടു അതിന്റെജ്ഞാനമാകുന്നു ആകാംക്ഷജ്ഞാനമെന്നത എന്നുഗ്രഹിക്കേണം. അതുഹേതുവായിട്ട (ഘടഃകൎമ്മത്വമാനയതി) എന്നുള്ള സ്ഥലത്തിങ്കൽ (ഘടമാനയതി) എന്നുള്ള സ്ഥലത്തിങ്കലെന്നപൊലെ ഉള്ള ബൊധം ഭവിക്കുന്നില്ല. ഇങ്ങിനെസ്ഥലാന്തരങ്ങളിലും ആകാംക്ഷാജ്ഞാനം ഇതുപൊലെ ഉള്ളതുതന്നെ എന്നുഗ്രഹിച്ചുകൊ

ഠാകം- താല്പൎയ്യമെന്നതു വക്താവിന്റെ ഇച്ശയാകുന്നു എന്നും അതിന്റെ ശാബ്ദബോധത്തെക്കുറിച്ചു കാരണമാകുന്നു എന്നും ധരിക്കേണം. താൽപൎയ്യജ്ഞാനത്തിന്നു കാരണത്വത്തെ സ്വീകരിക്കുന്നില്ല എംകിൽ (സൈന്ധവമാനയ) എന്നുള്ള സ്ഥലത്തിങ്കലെ സൈന്ധവപദംകൊണ്ടു ഭോജനസമയത്തിങ്കൽ അശ്വത്തെയും മറെറാരു സമയത്തിങ്കൽ ലവണത്തിന്റെയും ബോധം ഉണ്ടാകയില്ല. താൽപൎയ്യഗ്രഹണത്തെക്കുറിച്ചു കാരണങ്ങളായ പ്രകരണാദികൾ ശാബ്ദബോധത്തെക്കുറിച്ചു കാരണങ്ങളാകുന്നു എന്നു നിശ്ചയിച്ചിട്ടില്ല. അതുകൾ ഇന്നവിധങ്ങളാകുന്നു എന്നു എകാകാരേണ പറവാൻ നിൎവ്വാഹമില്ലല്ലൊ. താൽപൎയ്യഗ്രഹജനകം കാരണമാകുന്നു എന്നു പറയരുതെ എന്നു ചോദിക്കുന്നു എംകിൽ എന്നാൽ താൽപൎയ്യജ്ഞാനംതന്നെ കാരണമെന്നു പറഞ്ഞാൽ ഇതിന്നെക്കാൾ ലാഘവമുണ്ടു. അതുകൊണ്ടുതാൽപൎയ്യജ്ഞാനജനകമായിട്ടുള്ളതിന്നു കാരണത്വത്തെ സ്വീകരിച്ചിട്ടില്ലെന്നു ഗ്രഹിച്ചുകൊൾക. വൈദികസ്ഥലത്തിങ്കൽ ആരുടെ താൽപൎയ്യമാകുന്നു ഗ്രഹിക്കേണ്ടതു എന്നു ചോദിക്കുന്നു എംകിൽ അവിടെ ഈശ്വരതാൽപൎയ്യഗ്രഹണം കാരണമാകുന്നു എന്നറിഞ്ഞുകൊൾക. അധ്യാപകതാൽപൎയ്യഗ്രഹം ബോധപ്രതികാരണമെന്നു കല്പിച്ചാൽ മതി എന്നു പറഞ്ഞുകൂടാ. സൃഷ്ടിയുടെ ആദികാലത്തിങ്കൽ അധ്യാപകനായിട്ടു ഒരുത്തൻ ഉണ്ടായിരുന്നില്ല. പിന്നെ എങ്ങിനെഞാൻ അധ്യാപകതാൽപൎയ്യ ഗ്രഹത്തെ കാരണമാക്കിയാൽ മതി എന്നതിനെ സമ്മതിക്കേണ്ടു. സൃഷ്ടിയുടെ ആദി എന്നതു ഇവിടെ അല്ല പ്രളയംതന്നെ ഇല്ല. പിന്നെ എങ്ങിനെ സൃഷ്ടിയുടെ ആദി ഉണ്ടായതു എന്നു പറകയും വേണ്ട. പ്രളയമുണ്ടു എന്നതിനെ വെദാന്തികൾതന്നെ പറയുന്നു.

ഇതിശാബ്ദപ്രകരണംസമാപ്തം-

അനുഭൂതിയും സ്മൃതിയുമിങ്ങിനെ ബുദ്ധി രണ്ടുവിധമാകുന്നു എന്നും അനുഭൂതി ചതുൎവ്വിധമാകുന്നു എന്നും പറഞ്ഞിട്ടു അനുഭൂതിയുടെ ചാതുൎവ്വിധ്യത്തെ വെണ്ടുവോളം ഉപപാദിച്ചു സ്മൃതിയെക്കുറിച്ചു ഒന്നുംകൊണ്ടിക പറഞ്ഞിട്ടില്ല- അതുഹേതുവായിട്ടുള്ള ന്യൂനതയെ പരിഹരിപ്പാനായികൊണ്ടു ഇതിന്നുതാഴെ സ്മൃതിയുടെ ലക്ഷണത്തെ വിവരിക്കുന്നു.

സ്മൃതി എന്നതു അനുഭവത്താൽ ജനിപ്പിക്കപ്പെടുന്നതായ ജ്ഞാനമാകുന്നു- ഇവിടെ ചിലർ അനുഭവത്വേനകാരണതയെ സ്വീകരിക്കുന്നില്ല- ജ്ഞാനത്വേനകാരണതയെ സ്വീകരിക്കുന്നു അ

നുഭവത്തൊന്നാകാരണത്തെയംഗീകരിച്ചാൽ ഒരുപ്രാവശ്യം ഒന്നിന്റെസ്മരണം ഭവിക്കും പിന്നെ അതിന്റെ സ്മരണം ഭവിക്കയില്ല- എന്തുഹെതുവായിട്ട എന്നചൊദിക്കുന്നു എങ്കിൽപറയാം അനുഭവത്തിന്നകാരണത്തെയെപറഞ്ഞാലും സംസ്കാരത്തെ ദ്വാരമാക്കിനിശ്ചയിക്കെണം സംസ്കാരങ്ങൾ അനുഭവത്തൊടുസമാനപ്രകാരകമായസ്മരണത്തെ ഉണ്ടാക്കിയതിന്റെ ശെഷം നശിക്കും ഞങ്ങളുടെ മതത്തിങ്കൽ സ്മരണത്തിങ്കൽനിന്നുണ്ടായ സംസ്കാരദ്വാരെണ പിന്നെഉണ്ടാകുന്ന സ്മരണത്തിന്നുമുമ്പിൽ ഉണ്ടായസ്മരണം കാരണമാകുന്നു എന്നുള്ളപക്ഷം ജ്ഞാനത്തെ കാരണമാക്കിയപക്ഷ സ്മൃതിയും ജ്ഞാനമാകയാൽ പിന്നെ ഉണ്ടാകുന്നസ്മരണത്തിന്നഹെതു-ഭാവം പ്രസംഗിക്കില്ല- മതാന്തരത്തിങ്കൽ ഹെതുഭാവത്തിന്റെ പ്രസക്തിയുണ്ട എന്നാണെൽപറഞ്ഞവരുടെഅഭിപ്രായമാകുന്നു- എങ്കിലും അനുഭവംതന്നെകാരണമെന്നു ഗ്രഹിക്കെണം- സമാനപ്രകാരകമായസ്മരണം സംസ്കാരനാശഹെതു ഉണ്ടാകുമെന്നതിന്നു വ്യവസ്ഥകാണുന്നില്ല-ഒരുത്തന്ന (ഘടൌയംപടശ്ച) എന്നപ്രകാരം ഘടപടങ്ങളുടെ സമൂഹത്തെ ആശ്രയിച്ചതായിട്ട മുമ്പെപ്രത്യക്ഷവും ഘടത്തിന്റെ സ്മരണമാത്രം ഭവിക്കയുമുണ്ടായാൽ സമൂഹാലംബനപ്രത്യക്ഷത്തിങ്കൽ പ്രകാരമായ ഘടത്തിങ്കൽപ്രകാരമായഘടത്വം തന്നെ— (സഘടഃ എന്നപ്രകാര മുണ്ടായതായ സ്മരണത്തിങ്കലും പ്രകാരമായി ഭവിക്കകൊണ്ട സമാനപ്രകാരകസ്മരണമായനാശകാരണം അതുഹെതുവായിട്ടുതന്നെ സിദ്ധമായിഎന്നതുഹെതുവായിട്ട സമൂഹാലംബന പ്രത്യക്ഷരൂപമായ അനുഭവത്താൽ ജനിപ്പിക്കപ്പെട്ടതായ സംസ്കാരം അപ്പൊൾതന്നെനശിക്കെണം- നശിക്കെണമെന്നല്ല അതുനശിക്കുമെങ്കിൽപടത്തിന്റെ സ്മരണം പിന്നെ ഉണ്ടാകയുമരുത- പടത്തിന്റെ സ്മരണം പിന്നെ ഉണ്ടാകുമെന്നതിന്ന യാതൊരുസംശയവുമില്ല- അതുഹെതുവായിട്ട സംസ്കാരനാശത്തിന്ന കാരണം സമാനപ്രകാരകസ്മരണമല്ല- കാലമൊ രൊഗമൊ ചരമഫലമൊ അതിന്നകാരണമായിഭവിക്കാം (ചരമഫലം= ചരമമായിരിക്കുന്നഫലം- ചരമം=ഒടുക്കത്തെ- സംസ്കാരത്തിന്റെ ഫലംസ്മരണരൂപമാകുന്നു)— ഇപ്രകാരമായാൽ ക്രമെണ ഉള്ളസ്മരണത്തിന്നും വെച്ഛിത്തിയില്ലായ്കയില്ലാ എന്നറിഞ്ഞുകൊൾകയും വെണം- എന്നാലും പിന്നെയും പിന്നെയുമുള്ള സ്മരണംഹെതുവായിട്ട സംസ്കാരത്തിന്ന ദൃഢതഭവിക്കുന്നതു ചെരുന്നില്ല എന്ന

ശങ്കിക്കുന്നുവൊ അങ്ങിനെശങ്കിക്കുന്നു എങ്കിൽ അതിന്നും വഴിപറയാം. സംസ്കാരത്തിന്റെ ലക്ഷണമെതാ എന്നു പറയുന്നതിന്നു- വിഷയം താമസത്തൊടു കൂടാതെ ഉള്ളിൽ ബൊധകപദാൎത്ഥലാഭ മാത്രമാകുന്നു എന്നുഗ്രഹിച്ചുകൊൾക- ഇങ്ങിനെ സ്മൃതിയെകുറിച്ചു പറയെണ്ടതും സംക്ഷെപെണ ഇവിടെ പറകപ്പെട്ടു. ഇനി മനൊനിരൂപണത്തിന്നായിക്കൊണ്ടു ആരംഭിക്കുന്നു-

വൃ— സാക്ഷാൽകാരെ സുഖാദീനാം കരണം മന ഉച്യതെ। അയൗഗപദ്യാൽ ജ്ഞാനാനാം തസ്യാണുത്വമിഹെഷ്യതെ॥

അന്വയം — സുഖാദീനാം- സാക്ഷാൽകാരെ- കരണം- മനഃ- ഉച്യതെ— ജ്ഞാനാനാം അയൗഗപദ്യാൽ- ഇഹ— തസ്യ— അണുത്വം— ഇഷ്യതെ-

അന്വയാൎത്ഥം —— സുഖാദികളുടെ സാക്ഷാൽ കാരത്തിങ്കൽ കരണമായിട്ടുള്ളതു മനസ്സ എന്നു വചിക്കപ്പെടുന്നു- ജ്ഞാനങ്ങളുടെ അയൗഗപദ്യം ഹെതുവായിട്ട അതിന്റെ അണുത്വം ഇവിടെ ഇച്ശിക്കപ്പെടുന്നു-

പരിഭാഷാ —— സുഖാദികൾ= സുഖാദുതുടങ്ങിയുള്ളവ- സാക്ഷാൽകാരം= സാക്ഷാൽകരണം— (അനുഭവ വിഷയമാക്കുക) വചിക്ക= പറക— ജ്ഞാനങ്ങൾ= അറിവുകൾ— അയൗഗപദ്യം= യൗഗപദ്യമില്ലായ്മ- യൗഗപദ്യം= ഏകകാലോത്ഭവത്വം- (ഒരു കാലത്തിങ്കൽ ഉണ്ടാവുക- അത= മനസ്സ— അണുത്വം= അണുവാവു എന്നത- അണു= ഏററവും ചെറുതായത- ഇവിടെ എന്നതിന്നു ഈ ശാസ്ത്രത്തിങ്കൽ എന്നു അൎത്ഥമാകുന്നു-

മനൊനിരൂപണം

സാരം —— സുഖദുഃഖാദി സാക്ഷാൽ കാരത്തിന്നു കരണമായിട്ടുള്ളതു മനസ്സാകുന്നു- സുഖദുഃഖാദി സാക്ഷാൽ കാരത്തിന്നു കരണമുണ്ടായിരിക്കെണമെന്നുണ്ടൊ എന്നു ചൊദിക്കുന്നു എങ്കിൽ. ജന്യസാക്ഷാൽ കാരങ്ങളൊക്കെയും ചാക്ഷുഷസാക്ഷാൽ കാരമെന്ന പൊലെ ഒരു കരണത്തൊടു കൂടിയതുകളായി ഭവിക്കുന്നു സുഖാദിസാക്ഷാൽകാരവും ജന്യ സാക്ഷാൽകാരത്തിങ്കൽ അന്തൎഭവിച്ചതാകുന്നു ...തു ഹെതുവായിട്ട അതും കരണത്തൊടുകൂടിയതായിരിക്കെണം. എന്നു ഗ്രഹിച്ചുകൊൾക- സുഖാദികളുടെ അസമവായി കാരണമായ സംയൊഗത്തിന്നു ആശ്രയമായിട്ടുള്ളതു മനസ്സാകുന്നു എന്നിപ്രകാരം മെൽ പറഞ്ഞതിന്റെ ആശയത്തെ ഗ്രഹിച്ചു കൊൾക- ചാക്ഷുഷാദി ജ്ഞാനങ്ങൾ ഏകകാലത്തിങ്കൽ അനെകങ്ങളായി ഉണ്ടാകയാൽ മന

സ്സു അണുവായിട്ടുള്ളതുതന്നെ എന്നു ഗ്രഹിക്കണം- മഹത്തായിരുന്നാൽ ചാക്ഷുഷാദി ജ്ഞാനങ്ങൾ ഏകകാലത്തിങ്കൽ തന്നെ അനേകങ്ങളായിട്ടു സംഭവിക്കാം അങ്ങിനെ സംഭവിച്ചു കാണായ്കയാൽ മെൽപ്രകാരം നിശ്ചയിക്കപ്പെട്ടിരിക്കുന്നു- മനസ്സിന്നും വിഭുത്വംതന്നെ ഭവിക്കട്ടെ- അനെക ജ്ഞാനങ്ങൾ ഒരുമിച്ചു ഭവിക്കാത്തതിന്നു കാരണം അദൃഷ്ട വിശെഷങ്ങൾ അപ്പൊൾ വന്നു ചെരായ്കതന്നെ എന്നു പറയരുതെ എന്നു ചൊദിക്കുന്നു എങ്കിൽ നിനക്കു കണ്ണില്ല- എന്നു ഞാൻ പറയുന്നു. നീ സമ്മതിക്കെണ്ടും വെണ്ണം കാണുന്നത എങ്ങിനെ എന്നാൽ അദൃഷ്ട വിശെഷം ഹെതുവായിട്ടു തന്നെ എന്നു ഗ്രഹിച്ചുകൊൾക- എന്നാൽ ദീൎഘശഷ്കുലീഭക്ഷണത്തിങ്കൽ നമുക്കും- അവധാനികൾക്കു അവധാനത്തിങ്കലും നാനാ ജ്ഞാനങ്ങൾ ഒരുമിച്ചു ഭവിക്കുന്നത എങ്ങിനെ എന്നു ചൊദിക്കുന്നു എങ്കിൽ അവൎക്കു നാനാ ജ്ഞാനങ്ങൾ ഒരുമിച്ചു ഭവിക്കുന്നതു തന്നെ ഇല്ല- ഒരുമിച്ചു ഭവിക്കുന്നു എന്നു തൊന്നുന്നതു- ശതപത്രപത്ര ശതഭെദനത്തിന്റെ യൌഗപദ്യ ബുദ്ധി എന്ന പൊലെ ഭ്രമമാകുന്നു എന്നു ധരിച്ചുകൊൾക- (ശതപത്രശതഭെദനം=ശതപത്രപത്ര ശതത്തിന്റെ ഭെദനം- ശതപത്രപത്രശതം=ശതപത്രത്തിന്റെ പത്രശതം- ശതപത്രം=താമരപ്പൂവ- പത്രശതം=പത്രങ്ങളുടെശതം- പത്രങ്ങൾ=ഇതളുകൾ ശതം=നൂറ- ഭെദനം=വെധനം=(തുളക്കുക) (യൌഗപദ്യബുദ്ധി യൌഗപദ്യ ബൊധം-) നൂറു താമരപ്പൂവിന്റെ ഇതളുകൾ ഒന്നിന്റെ ഉപരി ഭാഗത്തിങ്കൽ ഒന്നു വരുമാറു അടുക്കിവെച്ചു ഒരു സൂചികൊണ്ടു കുത്തിയാൽ ഏക കാലത്തിങ്കൽ നൂറിനെയും ഭെദിച്ചു എന്നു തൊന്നും ഭെദിച്ചതൊക്കെയും അതാതു കാലത്തിങ്കലാകുന്നു അതു വെഗം ഹെതുവായിട്ടു ചിലൎക്കു അനുഭവ ഗൊചരമാകുന്നില്ല- അതു പൊലെ ദീൎഘശഷ്കുലീ ഭക്ഷണത്തിങ്കലും അവധാനാദികളിലും ഉണ്ടാകുന്ന ജ്ഞാനങ്ങൾക്കു കാലഭെദമുണ്ടു എങ്കിലും മനൊവെഗാതിശയം ഹെതുവായിട്ടു ചിലൎക്കു അത അനുഭവ ഗൊചരമായി ഭവിക്കുന്നില്ല- ഇങ്ങിനെയാകുന്നു പരമാൎത്ഥം- മനസ്സിന്നും ചില സമയത്തിങ്കൽ സംകൊചവും ചില സമയത്തിങ്കൽ വികാസവുമുണ്ടായാൽ മെൽ പറഞ്ഞതുകൾ രണ്ടും ചെരും അതു ഹെതുവായിട്ടു സംകൊച വികാസങ്ങളൊടു കൂടിയതായിട്ടും മദ്ധ്യപരിമാണമായിട്ടുള്ളതുമാകുന്നു എന്നു കല്പിക്കരുതെ എന്നു ചൊദിക്കുന്നുവൊ എന്നാൽ അപ്രകാരം കല്പിക്കാ

ത്തെ ഇരുന്നതിന്റെയും സംഗതിയെ ഗ്രഹിപ്പിക്കാം- നാംകൊണ്ടികാരണങ്ങൾ ഭവിക്കുന്നെങ്കിൽ മനസ്സിന്നു അനേകങ്ങളായ അവയവങ്ങൾ ഉണ്ടെന്നും അതുകൊണ്ടു അനിത്യമെന്നും പറയണം- അതിനെക്കാൾ ഭേദം കാണ്മതു നിരവയവമാകുന്നു എന്നും നിത്യമായിട്ടുള്ളതാകുന്നു എന്നും പറയുന്നതു തന്നെ എന്നു ഗ്രഹിച്ചു കൊൾക-

ഇതി വാസുദേവപണ്ടാരക്കരമഠസംബന്ധപണ്ഡിത പാരശവേന്ദ്രകൃതൌ കാരികാവലീ വ്യാഖ്യാനെ വൈശേഷിക രക്ഷാരത്നേ ദ്രവ്യനിരൂപണം സമാപ്തം॥

ഇനി ഗുണനിരൂപണത്തെ ആരംഭിക്കുന്നു-

കേരളസാഹിത്യ അക്കാദമി

൧. അഥ ദ്രവ്യാശ്രിതാ ജ്ഞേയാ നിൎഗ്ഗുണാ നിഷ്ക്രിയാ ഗുണാഃ। രൂപം രസസ്സ്പൎശഗന്ധൌ പരത്വമപരത്വകം ॥

൨. ദ്രവോ ഗുരുത്വം സ്നേഹശ്ച വേഗോ മൂൎത്തഗുണാ അമീ। ധൎമ്മാധൎമ്മൌ ഭാവനാ ച ശബ്ദോ ബുദ്ധ്യാദയോപി ച ॥

൩. ഏതേഽമൂൎത്തഗുണാസ്സൎവ്വേ വിദ്വദ്ഭിഃ പരികീൎത്തിതാഃ। സംഖ്യാദിൎവ്വിഭാഗാന്ത ഉഭയേഷാം ഗുണോ മതഃ ॥

അന്വയം —— അഥ— ഗുണാഃ-നിരൂപ്യന്തെ- ഗുണാഃ ദ്രവ്യാശ്രിതാഃ— നിൎഗ്ഗുണാഃ— നിഷ്ക്രിയാഃ- ജ്ഞേയാഃ—രൂപം- രസഃ— സ്പൎശഗന്ധൌ-പരത്വം- അപരത്വകം- ദ്രവഃ—ഗുരുത്വം— സ്നേഹഃ— അഥ—വേഗഃ- അമീ—മൂൎത്തഗുണാഃ—ധൎമ്മാധൎമ്മൌ- ഭാവനാ- ച- ശബ്ദഃ— ബുദ്ധ്യാദയഃ- അപി ച- ഏതെ— സൎവ്വേ- അമൂൎത്തഗുണാഃ—വിദ്വദ്ഭിഃ—പരികീൎത്തിതാഃ— സംഖ്യാദിഃ— വിഭാഗാന്തഃ- ച- ഉഭയേഷാം- ഗുണഃ- മതഃ-

അന്വയാൎത്ഥം —— അനന്തരം ഗുണങ്ങൾ നിരൂപിക്കപ്പെടുന്നു ഗുണങ്ങൾ ദ്രവ്യാശ്രിതങ്ങളായിട്ടും നിൎഗ്ഗുണങ്ങളായിട്ടും നിഷ്ക്രിയങ്ങളായിട്ടുമുള്ളതാകുന്നു എന്നിപ്രകാരം ജ്ഞേയങ്ങളായി ഭവിക്കുന്നു- രൂപവും രസവും സ്പൎശഗന്ധങ്ങളും പരത്വവും അപരത്വകവും ദ്രവവും ഗുരുത്വവും സ്നേഹവും വേഗവുമാകുന്ന ഇതുകൾ മൂൎത്ത ഗുണങ്ങളായി ഭവിക്കുന്നു- ധൎമ്മാധൎമ്മങ്ങളും ഭാ

വനയും ശബ്ദവും ബുദ്ധ്യാദികളുമാകുന്ന ഇതുകൾ സൎവ്വങ്ങളായിട്ട അമൂൎത്ത ഗുണങ്ങളായി ഭവിക്കുന്നു എന്നു വിദ്വാന്മാരാൽ പരികീൎത്തിതങ്ങളായി ഭവിക്കുന്നു- സംഖ്യാദിയായിട്ടും വിഭാഗാന്തമായിട്ടുമിരിക്കുന്നതു മൂൎത്താമൂൎത്തങ്ങളുടെ ഗുണമെന്നു മതമായി ഭവിക്കുന്നു-

പരിഭാഷ — ഗുണങ്ങൾ=രൂപാദികൾ- നിരൂപിക്ക=വിചാരിക്ക- ദ്രവ്യാശ്രിതങ്ങൾ=ദ്രവ്യത്തെ ആശ്രയിച്ചവ- നിൎഗ്ഗുണങ്ങൾ=ഗുണത്തോടു കൂടാത്തവ. നിഷ്ക്രിയങ്ങൾ=ക്രിയയോടുകൂടാത്തവ- ക്രിയാ=കൎമ്മം— ജ്ഞേയങ്ങൾ=അറിയപ്പെടുവാൻ യോഗ്യങ്ങൾ- സ്പൎശഗന്ധങ്ങൾ=സ്പൎശവും ഗന്ധവും പരത്വം=പരത്വമെന്നഗുണം— അപരത്വം=അപരത്വമെന്നഗുണം ദ്രവത്വം=ദ്രവത്വമെന്നഗുണം- വേഗം=വേഗമെന്ന സംസ്കാരം- മൂൎത്തഗുണങ്ങൾ=മൂൎത്തങ്ങളുടെ ഗുണങ്ങൾ മൂൎത്തങ്ങൾ=അപകൃഷ്ടപരിമാണങ്ങളായ ദ്രവ്യങ്ങൾ- ധൎമ്മാധൎമ്മങ്ങൾ=ധൎമ്മവും അധൎമ്മവും. ഭാവനാ=ഭാവനാ എന്ന സംസ്കാരം ബുദ്ധ്യാദികൾ=ബുദ്ധിതുടങ്ങിയുള്ളവ- സൎവ്വങ്ങൾ=ഒട്ടൊഴിയാതെ ഉള്ളവ- അമൂൎത്തഗുണങ്ങൾ=മൂൎത്തഗുണങ്ങളല്ലാത്തവ— മൂൎത്തഗുണങ്ങൾ=മൂൎത്തങ്ങളുടെ ഗുണങ്ങൾ— മൂൎത്തങ്ങൾ=അപകൃഷ്ടപരിമാണങ്ങൾ- പരികീൎത്തിതങ്ങൾ=പരികീൎത്തിക്കപ്പെട്ടവ-പരികീൎത്തിക്ക=പറക-സംഖ്യാദി=സംഖ്യതുടങ്ങിയുള്ളത വിഭാഗാന്തം=വിഭാഗമാകുന്ന അന്തത്തോടുകൂടിയത. വിഭാഗം=വിഭാഗമെന്നഗുണം- അന്തം=ഒടുക്കത്തേത- മൂൎത്താമൂൎത്തങ്ങൾ=മൂൎത്തങ്ങളും അമൂൎത്തങ്ങളും- മതം=അറിയപ്പെടുന്നത

സാരം — ഗുണങ്ങൾ എന്നതിന്ന ഗുണത്വമുള്ളതുകൾ എന്നൎത്ഥമാകുന്നു- ഗുണത്വമെന്നത ഒരു ജാതിയാകുന്നു അങ്ങിനെ ഒരു ജാതി ഉണ്ട എന്നത ദ്രവ്യങ്ങളിൽനിന്നും കൎമ്മങ്ങളിൽനിന്നും ഭിന്നമായി ജാത്യാശ്രയമായിരിക്കുന്നതു യാതൊന്നൊ അതിങ്കൽ ഇരിക്കുന്ന കാരണതയുടെ അവച്ഛേദകമായിട്ടൊരു ധൎമ്മം വെണമെല്ലൊ അതു ഹേതുവായിട്ട സിദ്ധമാകുന്നു- ദ്രവ്യത്തിങ്കൽ ഉള്ള കാരണത യാതൊരു പ്രകാരമൊ അപ്രകാരം സകല കാരണതയും അവച്ഛേദക ധൎമ്മത്തോടു കൂടിയതാകുന്നു. അതു ഹേതുവായിട്ട രൂപാദികളിൽ ഇരിക്കുന്ന കാരണതയും അപ്രകാരമായിരിക്കെണമെന്നത അനുമാന ബലാൽ പ്രാപ്തമായിരിക്കുന്നു- രൂപത്വാദി ജാതിക്കും സത്താജാതിക്കും അതിന്റെ അവച്ഛേദകത്വം സംഭവിക്കില്ല- രൂപത്വജാതി രൂപാദി

കളായ ഇരുപത്തുനാലിലുമിരിക്കാതെ ഗുണമാത്രത്തിങ്കൽ ഇരിക്കുന്നതാകയാൽ ന്യൂനദെശവൃത്തിയാകുന്നു- സത്താജാതിഗുണാദികളായ ഇരുപത്തുനാലു വസ്തുക്കളിലൊന്നുപൊലെ ദ്രവ്യകൎമ്മങ്ങളിലുമിരിക്കുന്നതാകയാൽ അധിക ദെശവൃത്തിയാകുന്നു- ന്യൂനാധികദെശവൃത്തികളായ ധൎമ്മങ്ങൾ അവച്ഛെദകമായി വരികയില്ല- അതു ഹെതുവായിട്ട ഗുണാദികളായ ഇരുപത്തുനാലു വസ്തുക്കളിലുമുള്ളതായിട്ടും അന്യത്രമില്ലാത്തതായിട്ടും ഒരു ധൎമ്മം വെണം അതു ഗുണത്വമാകുന്നു- അതിങ്കൽ ജാതിലക്ഷണത്തിന്റെ പ്രവെശം വരികയാൽ ജാതി തന്നെ എന്നു ധരിച്ചുകൊൾക- ഗുണങ്ങൾ ഒക്കെയും ദ്രവ്യത്തെ ആശ്രയിച്ചിരിക്കുന്നതാകുന്നു- എങ്കിലും ദ്രവ്യാശ്രിതത്വം കൎമ്മത്തിങ്കലുമുണ്ടാകയാൽ ഗുണങ്ങളുടെ ലക്ഷണമാകയില്ല അതു ഹെതുവായിട്ട ദ്രവ്യാശ്രിതത്വമെന്നതിന്ന ദ്രവ്യത്വവ്യാപകതാവച്ഛെദക സത്താഭിന്ന ജാതിമത്വമെന്നുള്ള വിശെഷണത്തെ കല്പിച്ചു കൊൾക—(ദ്രവ്യത്വവ്യാപകതാവച്ഛെദക സത്താഭിന്നജാതിമത്വം=ദ്രവ്യത്വവ്യാപകതാവച്ഛെദികയായി സത്താഭിന്നയായിരിക്കുന്ന ജാതിയുള്ളതകളാവൂ എന്നുള്ളത- ദ്രവ്യത്വവ്യാപകതാവച്ഛെദികാ=ദ്രവ്യത്വവ്യാപകതയുടെ അവച്ഛെദികാ ദ്രവ്യത്വവ്യാപകതാ=ദ്രവ്യത്വവ്യാപകങ്ങളാവൂ എന്നുള്ളത- ദ്രവ്യത്വവ്യാപകങ്ങൾ=ദ്രവ്യത്വമിരിക്കുന്ന സ്ഥലത്തിങ്കലുള്ള അത്യന്താഭാവത്തിന്റെ പ്രതിയോഗികളല്ലാത്തവ— അവച്ഛെദികാ=നിയാമികാ- സത്താഭിന്നാ സത്തയിങ്കൽ നിന്നു ഭിന്നാ- സത്താ=സത്താ എന്ന ജാതി) ഇങ്ങിനെ ഗ്രഹിച്ചാൽ അതു ലക്ഷണമായി വരും- ഗുണങ്ങൾ ദ്രവ്യത്വവ്യാപകങ്ങളാകയാൽ ഗുണത്വം ദ്രവ്യത്വ വ്യാപകതാവച്ഛെദകമാകുന്നു- അതു ഗുണത്തിങ്കൽ ഇരിക്കുന്നു- ഗുണമല്ലാത്തതിങ്കൽ ഇരിക്കുന്നില്ല- അതു ഹെതുവായിട്ട ലക്ഷണമായി വരികാം- ദ്രവത്വവും കൎമ്മത്വവും ദ്രവ്യത്വവ്യാപകതയുടെ അവച്ഛെദകമായി വരികില്ല- ആകാശാദികളിൽ ദ്രവ്യകൎമ്മങ്ങളില്ലായ്ക തന്നെ അതിന്ന കാരണമാകുന്നത- ദ്രവ്യത്വം ദ്രവ്യത്വവ്യാപകതയുടെ അവച്ഛെദകമായി വരികാം എങ്കിലും അതു ജാതിയല്ലായ്കയാൽ അതിങ്കൽ അതിവ്യാപ്തി വരികയില്ല- ഇപ്രകാരം സാമാന്യത്വവും ജാതിയല്ലായ്കയാൽ അതിങ്കലുമില്ല- ഗുണങ്ങൾ നിൎഗ്ഗുണങ്ങളാകുന്നു- നിൎഗ്ഗുണത്വമെന്നതു കൎമ്മാദികളിലുമുണ്ട അതു ഹെതുവായിട്ട സാമാന്യവത്വെ സതി കൎമ്മാന്യത്വെ ച സതി നിൎഗ്ഗുണത്വമെന്ന വിശിഷ്ടമാക്കി പറയെണം-

എന്നാൽ സാമാന്യവത്ത്വവും കൎമ്മാന്യത്വവും സത്തായിരിക്കുംപൊൾ ഗുണത്തിങ്കൽ ഉള്ള നിൎഗ്ഗുണത്വമെന്ന അൎത്ഥമായി ഭവിക്കും അതു ഗുണലക്ഷണമായിട്ടുള്ളതാകുന്നു എന്നറിഞ്ഞു കൊൾക-(സാമാന്യവത്ത്വം=സാമാന്യവത്താവുക എന്നുള്ളത- സാമാന്യവത്ത=സാമാന്യമുള്ളത— സാമാന്യം=സാമാന്യമെന്ന പദാൎത്ഥം- (ജാതി എന്ന സാരം) കൎമ്മാന്യത്വം=കൎമ്മാന്യമാവുക എന്നുള്ളത- കൎമ്മാന്യം=കൎമ്മത്തിങ്കൽനിന്ന അന്യം) സാമാന്യവത്വെസതി എന്ന അംശം കൊണ്ടു സാമാന്യാദികളിൽ ഉണ്ടായിരുന്ന അതിവ്യാപ്തിയും കൎമ്മാന്യത്വെസതി എന്ന അംശംകൊണ്ടു കൎമ്മത്തിങ്കൽ ഉണ്ടായിരുന്ന അതിവ്യാപ്തിയും പരിഹരിക്കപ്പെട്ടു— ദ്രവ്യത്തിങ്കൽ അതിവ്യാപ്തി ഭവിക്കാതെ ഇരിപ്പാനായികൊണ്ടു നിൎഗ്ഗുണത്വമെന്നതിനെ വിട്ടുകൂടില്ല എന്ന ധരിച്ചു കൊൾകയും വെണം— ഗുണങ്ങളിൽ ക്രിയയിരിക്കുന്നില്ല അതു ഹെതുവായിട്ടു ഗുണങ്ങൾ നിഷ്ക്രിയങ്ങളാകുന്നു ഇതു സ്വരൂപകഥനമെന്നല്ലാതെ നിൎഗ്ഗുണത്വം ലക്ഷണമാകുന്നു എന്നുള്ള അഭിപ്രായത്തൊടു കൂടിയതല്ല- നിഷ്ക്രിയത്വമെന്നതു ഗഗനാദികളിലുമിരിക്കുന്നതാകയാൽ അതിനെ ലക്ഷണമാക്കുമ്പൊൾ അതിവ്യാപ്തി ഭവിക്കുമെന്നറിക-രൂപം, രസം, സ്പൎശം, ഗന്ധം, പരത്വം, അപരത്വം, ദ്രവത്വം, ഗുരുത്വം, സ്നെഹം, വെഗം- ഇതുകൾ ഒന്നിനെ അപെക്ഷിച്ചിട്ടുള്ള താഴ്മയൊടുകൂടിയ പരിമാണത്തൊടു കൂടിയതുകളായ ദ്രവ്യങ്ങളിൽ ഇരിക്കുന്നതുകളാകുന്നു- ധൎമ്മം അധൎമ്മം ഭാവനാ ശബ്ദം ബുദ്ധി സുഖം ദുഃഖം ഇച്ശാ ദ്വെഷം പ്രയത്നം ഇവ ഗുണങ്ങൾ മൂൎത്തങ്ങളിൽ ഇരിക്കാത്തതുകളാകുന്നു-സംഖ്യാപരിമാണ പൃഥക്ത്വസംയൊഗ വിഭാഗങ്ങൾ മൂൎത്തങ്ങളിലും മൂൎത്തങ്ങളല്ലാത്തതുകളിലും ഇരിക്കുന്നതുകളാകുന്നു-

മെൽ പറഞ്ഞഗുണങ്ങളിൽ വെഗഭാവനകൾ രണ്ടും സംസ്കാരാന്തൎഗ്ഗതങ്ങളാകുന്നു- ഗുണവിഭാഗത്തിങ്കൽ സംസ്കാരമെന്നൊരു ഗുണത്തെ പരിഗണിച്ചിട്ടുണ്ടു വെഗം ഭാവനാ ഇങ്ങിനെ പരിഗണനം ചെയ്തിട്ടില്ല— എങ്കിലും വെഗഭാവനകളുടെ ഇരിപ്പു ഇന്ന ദ്രവ്യത്തിങ്കൽ എന്ന ഇവിടെ പറയുന്നതു സ്വയംതന്നെ ആ അവസ്ഥാ സ്ഥിതിസ്ഥാപകമെന്നതിന്നു മുണ്ടായിരിക്കുംപൊൾ സ്ഥിതിസ്ഥാപക സംസ്കാരത്തെ വിട്ടതു എന്തുനിമിത്തമായിട്ടാകുന്നു എന്നു ചൊദിക്കുന്നു എങ്കിൽ സ്ഥിതിസ്ഥാപകമെന്നതിന്ന അല്പമായൊരു വിശെഷമുണ്ടു- അതു സ്ഥിതിസ്ഥാപക നിരൂപണത്തിങ്കൽ സ്പഷ്ടമായി ഭവിക്കുമെന്നു ധരിച്ചുകൊ

ഠക—

൯൦. സംയോഗശ്ചവിഭാഗശ്ചസംഖ്യാദ്വിത്വാദികാസ്തഥാ। ദ്വിപൃഥക്ത്വാദയസ്തദ്വദേതേനേകാശ്രിതാഗുണാഃ ॥

൧ അതശ്ശേഷാഗുണാസ്സൎവ്വേമതാഏകൈകവൃത്തയഃ । ബുദ്ധ്യാദിഷൾകംസ്പൎശാന്താസ്സ്നേഹസ്സാംസിദ്ധികോദ്രവഃ ॥

൨. അദൃഷ്ടഭാവനാശബ്ദാഅമീവൈശേഷികാഗുണാഃ । സംഖ്യാദിരപരത്വാന്തോദ്രവോസാംസിദ്ധികസ്തഥാ ॥

൩. ഗുരുത്വവേഗൌസാമാന്യഗുണാഏതേപ്രകീൎത്തിതാഃ। സംഖ്യാദിരപരത്വാന്തോദ്രവത്വംസ്നേഹഏവച ॥

൪. ഏതേദ്വീന്ദ്രിയഗ്രാഹ്യാഅഥസ്പൎശാന്തശബ്ദകാഃ । ബാഹ്യൈകൈകേന്ദ്രിയഗ്രാഹ്യാഗുരുത്വാദൃഷ്ടഭാവനാഃ ॥

൫. അതീന്ദ്രിയാവിഭൂനാംതുയേസ്യുൎവൈശേഷികാഗുണാഃ । അകാരണഗുണോൽപന്നാഏതേതുപരികീൎത്തിതാഃ ॥

അന്വയം— സംയോഗഃ— ച— വിഭാഗഃ— ച— തഥാ— ദ്വിത്വാദികാ— സംഖ്യാ— തദ്വൽ— ദ്വിപൃഥക്ത്വാദയഃ— ച ഏതേ— ഗുണാഃ— അനേകാശ്രിതാഃ ഭവന്തി— അതഃ— ശേഷാഃ—സൎവ്വേ— ഗുണാഃ— ഏകൈകവൃത്തയഃ— മതാഃ ബുദ്ധ്യാദിഷൾകം— സ്പൎശാന്താഃ— സ്നേഹഃ— സാംസിദ്ധികഃ—ദ്രവഃ—അദൃഷ്ടഭാവനാശബ്ദാഃ— അമീ— വൈശേഷികാഃ— ഗുണാഃ ഭവന്തി സംഖ്യാദിഃ— അപരത്വാന്തഃ— അസാംസിദ്ധികഃ ദ്രവഃ— തഥാ— ഗുരുത്വവേഗൌ— ഏതേ— സാമാന്യഗുണാഃ— പ്രകീൎത്തിതാഃ—സംഖ്യാദിഃ—അപരത്വാന്തഃ— ദ്രവത്വം— സ്നേഹഃ— ച ഏതേ— ഏവ— ദ്വിഃ— ഇന്ദ്രിയഗ്രാഹ്യാഃ—ഭവന്തി— അഥ— സ്പൎശാന്തശബ്ദകാഃ— ബാഹ്യൈകൈകേന്ദ്രിയഗ്രാഹ്യാഃ— ഭവന്തി—ഗുരുത്വാദൃഷ്ടഭാവനാഃ— അതീന്ദ്രിയാഃ— ഭവന്തി— വിഭൂനാം— തു— യേ—വൈശേഷികാഃ— ഗുണാഃ— സ്യുഃ അകാരണഗുണോല്പന്നാഃ— പരികീൎത്തിതാഃ— ഭവന്തി—

അന്വയാൎത്ഥം — സംയോഗവും വിഭാഗവും അപ്രകാരം ദ്വിത്വാദികയായിരിക്കുന്ന സംഖ്യയും അപ്രകാരം ദ്വിപൃഥക്ത്വാദികളും ആകുന്ന ഒരു ഗുണങ്ങൾ അനേകാശ്രിതങ്ങളായിട്ടു ഭവിക്കുന്നു ഇതുകളിൽനിന്നു ശേഷങ്ങളായി സൎവ്വങ്ങളായിരിക്കുന്ന ഗുണങ്ങൾ ഏകൈകവൃത്തികളാകുന്നു എന്നു മതങ്ങളായി ഭവിക്കുന്നു ബുദ്ധ്യാദിഷൾകവും സ്പൎശാന്തങ്ങളായിരിക്കുന്ന ഗുണങ്ങളും സ്നേഹവും സാംസിദ്ധികമായിരിക്കുന്ന ദ്രവത്വവും അദൃഷ്ടഭാവനാശബ്ദങ്ങളാകുന്ന ഇതുകൾ വൈശേഷികങ്ങളായിരി

കുന്ന ഗുണങ്ങളായി ഭവിക്കുന്നു. സംഖ്യാദിയായിട്ടും അപരത്വാന്തമായിട്ടിരിക്കുന്നതും അസാംസിദ്ധികമായിരിക്കുന്ന ദ്രവത്വവും അപ്രകാരം ഗുരുത്വവെഗങ്ങളുമാകുന്ന ഇതുകൾ സാമാന്യഗുണങ്ങളാകുന്നു എന്നു പരികീൎത്തിതങ്ങളായി ഭവിക്കുന്നു സംഖ്യാദിയായിട്ടും അപരത്വാന്തമായിട്ടുള്ളതും ദ്രവത്വവും സ്നേഹവും ഇതുകൾ തന്നെ രണ്ടു പ്രാവശ്യം ഇന്ദ്രിയ ഗ്രാഹ്യങ്ങളായി ഭവിക്കുന്നുകാൎത്സ്ന്യസ്പൎശാന്തശബ്ദകങ്ങൾ ബാഹ്യൈകൈകെന്ദ്രിയഗ്രാഹ്യങ്ങളായി ഭവിക്കുന്നു ഗുരുത്വാദൃഷ്ടഭാവനകൾ അതീന്ദ്രിയകളായി ഭവിക്കുന്നു വിഭുക്കൾക്കു യാവചില വൈശെഷികങ്ങളായിരിക്കുന്ന ഗുണങ്ങൾ ഭവിക്കുമൊ ഇതുകളാകട്ടെ അകാരണ ഗുണൊല്പന്നകളാകുന്നു എന്നു പരികീൎത്തിതങ്ങളായി ഭവിക്കുന്നു.

പരിഭാഷ — സംയോഗം=സംയോഗമെന്നഗുണം. വിഭാഗം=വിഭാഗമെന്നഗുണം. ദ്വിത്വാദികൾ=ദ്വിത്വംതുടങ്ങിയുള്ളത. ദ്വിപൃഥക്ത്വാദികൾ=ദ്വിപൃഥക്ത്വം തുടങ്ങിയുള്ളവ. ദ്വിപൃഥക്ത്വം=രണ്ടുവസ്തുക്കളുടെ പൃഥക്ത്വം. അനെകാശ്രിതങ്ങൾ=ഏകാശ്രിതങ്ങളല്ലാത്തവ. ഏകാശ്രിതങ്ങൾ=ഒന്നിനെത്തന്നെആശ്രയിച്ചവ. ഇതുകൾ മെൽപറഞ്ഞഗുണങ്ങൾ. ശെഷങ്ങൾ=ശെഷിച്ചവ. ഏകൈകവൃത്തികൾ=ഏകൈകത്തിങ്കൽ വൃത്തിയൊടുകൂടിയവ. ഏകൈകം=ഓരൊന്നു. വൃത്തി=സ്ഥിതി. മതങ്ങൾ അറികപ്പെടുന്നവ. ബുദ്ധ്യാദിഷൾകം=ബുദ്ധ്യാദികളുടെ ഷൾകം. ബുദ്ധ്യാദികൾ=ബുദ്ധിതുടങ്ങിയുള്ളവ. ഷൾകം=ആറ അവയവങ്ങളൊടുകൂടിയസമുദായം. സ്പൎശാന്തങ്ങൾ=സ്പൎശമാകുന്ന അന്തത്തൊടുകൂടിയവ. സ്പൎശം=സ്പൎശമെന്നഗുണം. അന്തം ഒടുക്കത്തത. സ്നെഹം=സ്നെഹമെന്നഗുണം. സാംസിദ്ധികം=സ്വാഭാവികം. ദ്രവം ദ്രവത്വമെന്നഗുണം. അദൃഷ്ടഭാവനാശബ്ദങ്ങൾ=അദൃഷ്ടവും ഭാവനയും ശബ്ദവും. അദൃഷ്ടം ധൎമ്മവും അധൎമ്മവും. ഭാവനാ=ഭാവനാഎന്ന സംസ്കാരം. വൈശെഷികങ്ങളായിരിക്കുന്നഗുണങ്ങൾ=വിശെഷഗുണങ്ങൾ സംഖ്യാദി=സംഖ്യതുടങ്ങിയുള്ളത. അപരത്വാന്തം=അപരത്വമാകുന്ന അന്തത്തൊടുകൂടിയത. അപരത്വം=അപരത്വമെന്ന ഗുണം. അന്തം=ഒടുക്കത്തത. അസാംസിദ്ധികം=സാംസിദ്ധികമല്ലാത്തത. (നൈമിത്തികമെന്നസാരം) ദ്രവം=ദ്രവത്വം. ഗുരുത്വവെഗങ്ങൾ ഗുരുത്വവും വെഗവും. പ്രകീൎത്തിതങ്ങൾ പ്രകീൎത്തിക്കപ്പെട്ടവ. പ്രകീൎത്തിക്ക=പറക. സംഖ്യാദി=സംഖ്യതുടങ്ങിയുള്ളത. അപരത്വാ

ന്തം=അപരത്വമാകുന്ന അന്തത്തോടുകൂടിയത-അപരത്വം=അപരത്വമെന്നഗുണം- അന്തം=ഒടുക്കത്തെ ദ്രവത്വം=ദ്രവത്വമെന്നഗുണം-സ്നേഹം=സ്നേഹമെന്നഗുണം—ഇന്ദ്രിയഗ്രാഹ്യങ്ങൾ=ഇന്ദ്രിയംകൊണ്ടുഗ്രാഹ്യങ്ങൾ ഗ്രാഹ്യങ്ങൾ=ഗ്രഹിക്കപ്പെടുവാൻയോഗ്യങ്ങൾ- കാൎത്സ്ന്യം=കൃത്സ്നങ്ങളുടെവൃത്തിയുള്ളത- കൃത്സ്നങ്ങൾ സൎവ്വങ്ങൾ— സ്പൎശാന്തശബ്ദകങ്ങൾ=സ്പൎശാന്തങ്ങളും ശബ്ദകവും- സ്പൎശാന്തങ്ങൾ=സ്പൎശംവരെയുള്ളവ— ശബ്ദകം=ശബ്ദം ബാഹ്യൈകൈകേന്ദ്രിയഗ്രാഹ്യങ്ങൾ=ബാഹ്യൈകൈകേന്ദ്രിയം കൊണ്ടു ഗ്രാഹ്യങ്ങൾ- ബാഹ്യൈകൈകേന്ദ്രിയം=ബാഹ്യമായിരിക്കുന്ന ഏകൈകേന്ദ്രിയം— ബാഹ്യം=ബഹിൎഭാഗത്തിങ്കൽ വെച്ചത-ബഹിൎഭാഗം=പുറം- ഏകൈകേന്ദ്രിയം=ഏകൈകമായിരിക്കുന്ന ഇന്ദ്രിയം ഏകൈകം=ഓരൊന്ന— ഗ്രാഹ്യങ്ങൾ=ഗ്രഹിക്കപ്പെടുവാൻ യോഗ്യങ്ങൾ- ഗ്രഹിക്കുക=അറിക— ഗുരുത്വാദൃഷ്ടഭാവനാകൾ=ഗുരുത്വവും അദൃഷ്ടവും ഭാവനയും ഗുരുത്വം ഗുരുത്വമെന്നഗുണം- അദൃഷ്ടം=ധൎമ്മവും അധൎമ്മവും- ഭാവനാ=ഭാവനാഎന്ന സംസ്കാരം— അതീന്ദ്രിയകൾ=ഇന്ദ്രിയത്തെ അതിക്രമിച്ചവ-വിഭുക്കൾ=ആകാശകാലദിഗാത്മാക്കൾ- വൈശേഷികങ്ങളായിരിക്കുന്ന ഗുണങ്ങൾ=വിശേഷഗുണങ്ങൾ- അകാരണഗുണോല്പന്നങ്ങൾ=കാരണഗുണോല്പന്നങ്ങളല്ലാത്തവ- കാരണഗുണോല്പന്നങ്ങൾ=കാരണഗുണങ്ങളിൽനിന്ന ഉല്പന്നങ്ങൾ- കാരണഗുണങ്ങൾ=കാരണങ്ങളുടെഗുണങ്ങൾ ഉല്പന്നങ്ങൾ=ഉണ്ടായവ- പരികീൎത്തിതങ്ങൾ=പരികീൎത്തിക്കപ്പെട്ടവ- പരികീൎത്തിക്ക=പറക-

സാരം____ സംയോഗം വിഭാഗം ദ്വിത്വം മുതലായസംഖ്യ രണ്ടുവസ്തുക്കളിൽ ഇരിക്കുന്ന പൃഥക്ത്വം മുതലായതുകൾ ഇങ്ങിനെ ഉള്ള ഗുണങ്ങൾ ഒന്നിങ്കൽതന്നെയായിട്ട ഇരിക്കാത്തതുകളാകുന്നു. മറ്റുള്ളഗുണങ്ങൾ ഓരൊന്നിൽ ഇരിക്കുന്നതുകളാകുന്നു. മറ്റുള്ളഗുണങ്ങൾ എന്നതുകൊണ്ടു രൂപം, രസം, ഗന്ധം, സ്പൎശം, സംഖ്യാ, പരിമാണം, ഏകപൃഥക്ത്വം, പരത്വം, അപരത്വം, ബുദ്ധി, സുഖം, ദുഃഖം, ഇച്ശാ, ദ്വേഷം, പ്രയത്നം, ഗുരുത്വം ദ്രവത്വം സ്നേഹം, സംസ്കാരം, അദൃഷ്ടം. ശബ്ദം ഇതുകളെ ഗ്രഹിച്ചുകൊൾക.

ബുദ്ധി, സുഖം, ദുഃഖം, ഇച്ശാ, ദ്വേഷം, പ്രയത്നം രൂപം, രസം, ഗന്ധം, സ്പൎശം, സ്നേഹം, സാംസിദ്ധികദ്രവത്വം, അദൃഷ്ടം, ഭാവനം, ശബ്ദം ഇതുകൾവിശേഷഗുണങ്ങളാകുന്നു.

സംഖ്യാ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, പരത്വം, അപരത്വം, നൈമിത്തികദ്രവത്വം, ഗുരുത്വം, വേഗം ഇതുകൾ സാമാന്യഗുണങ്ങളാകുന്നു.

സംഖ്യാ, പരിമാണം, പൃഥക്ത്വം, സംയോഗം, വിഭാഗം, പരത്വം, അപരത്വം, ദ്രവത്വം, സ്നേഹം ഇതുകൾ നേത്രേന്ദ്രിയംകൊണ്ടും ത്വഗിന്ദ്രിയംകൊണ്ടും ഗ്രഹിക്കപ്പെടുന്നതുകളാകുന്നു. രൂപരസഗന്ധസ്പർശശബ്ദങ്ങൾ നേത്രേന്ദ്രിയംമുതലായ ഒരൊ ഇന്ദ്രിയംകൊണ്ടുതന്നെ ഗ്രഹിക്കപ്പെടുന്നതുകളാകുന്നു. ഗുരുത്വവും അദൃഷ്ടവും ഭാവനയും ഇന്ദ്രിയഗ്രഹണത്തിന്നു യോഗ്യതയില്ലാത്തതുകളാകുന്നു. വിഭുക്കളായിരിക്കുന്ന ആകാശാദികളിൽ ഇരിക്കുന്ന വിശേഷഗുണങ്ങൾക്കു കാരണഗുണങ്ങളിൽനിന്നുള്ള ഉൽപത്തിയില്ല. വിഭുക്കളുടെ വിശേഷഗുണങ്ങൾ ബുദ്ധി, സുഖം, ദുഃഖം, ഇച്ഛാ, ദ്വേഷം, പ്രയത്നം, ധർമ്മം, അധർമ്മം, ഭാവനാ, ശബ്ദം ഇതുകളാകുന്നു.

൯൦— അപാകജാസ്തു സ്പർശാന്താ ദ്രവത്വം ച തഥാവിധം സ്നേഹ
വേഗഗുരുത്വൈകപൃഥക്ത്വപരിമാണകം

൯൧— സ്ഥിതസ്ഥാപകഇത്യേതേ സ്യുഃ കാരണഗുണോത്ഭവാഃ
സംയോഗശ്ച വിഭാഗശ്ച വേഗശ്ചൈതേ തു കർമ്മജാഃ ।

അന്വയം — അപാകജാഃ തു - സ്പർശാന്താഃ— തഥാവിധഃ- ഉ- ദ്രവത്വം— സ്നേഹവേഗഗുരുത്വൈകപൃഥക്ത്വപരിമാണകം- സ്ഥിതസ്ഥാപകം ച- ഇതി- ഏതേ- കാരണഗുണോത്ഭവാഃ— സ്യുഃ- സംയോഗഃ- ച- വിഭാഗഃ- ച- വേഗഃ- ച- ഏതേ— തു- കർമ്മജാഃ ഭവന്തി—

അന്വയാർത്ഥം — അപാകജങ്ങളായിട്ടുതന്നെ ഇരിക്കുന്നസ്പർശാന്തങ്ങളും തഥാവിധമായിട്ടുതന്നെ ഇരിക്കുന്ന ദ്രവത്വവും സ്നേഹവേഗഗുരുത്വൈകപൃഥക്ത്വപരിമാണകവും സ്ഥിതസ്ഥാപകവുമാകുന്ന ഇതുകൾ കാരണഗുണോത്ഭവങ്ങളായിഭവിക്കുന്നു. സംയോഗവുംവിഭാഗവും വേഗവുമാകുന്ന ഇതുകൾതന്നെ കർമ്മജങ്ങളായിഭവിക്കുന്നു.

പരിഭാഷാ— അപാകജങ്ങൾ=പാകത്തിൽനിന്നുണ്ടാകാത്തവ. പാകജങ്ങൾ=പാകംഹേതുവായിട്ടു ഉണ്ടായവ. പാകം=തേജസ്സംയോഗം. സ്പർശാന്തങ്ങൾ=സ്പർശമാകുന്ന അന്തത്തോടുകൂടിയവ. സ്പർശം=സ്പർശമെന്നഗുണം. അന്തം=ഒടുക്കത്തേതു. തഥാവിധം=അപ്രകാരമിരിക്കുന്നതു. ദ്രവത്വം=ദ്രവത്വമെന്ന ഗുണം. സ്നേഹവേഗഗുരുത്വൈകപൃഥക്ത്വപരിമാണകം=സ്നേഹവും വേഗവും ഗു

ത്വവും ഏകപൃഥക്ത്വവും പരിമാണവും. സ്നേഹം=സ്നേഹമെന്നുള്ളതും. വേഗം=വേഗമെന്ന സംസ്കാരം. ഗുരുത്വം=ഗുരുത്വമെന്നുള്ളതും. ഏകപൃഥക്ത്വം=ഏകത്തിങ്കൽ ഉള്ള പൃഥക്ത്വം. ഏകം=ഒന്ന. പൃഥക്ത്വം=പൃഥക്ത്വമെന്നുള്ളതും. പരിമാണം=പരിമാണമെന്നുള്ളതും. സ്ഥിതിസ്ഥാപകം=സ്ഥിതിസ്ഥാപകമെന്ന സംസ്കാരം. കാരണഗുണോത്ഭവങ്ങൾ=കാരണഗുണങ്ങളിൽ നിന്ന ഉൽഭവിക്കുന്നവ. കാരണഗുണങ്ങൾ=കാരണങ്ങളുടെ ഗുണങ്ങൾ. ഉൽഭവിക്ക=ഉണ്ടാക. സംയോഗം=സംയോഗമെന്നുള്ളതും. വിഭാഗം=വിഭാഗമെന്നുള്ളതും. വേഗം=വേഗമെന്നുള്ളതും— കർമ്മജങ്ങൾ=കർമ്മത്തിങ്കൽനിന്ന ജനിക്കുന്നവ.

സാരം— പാകംകൊണ്ടുവായിട്ടുണ്ടായതുകളല്ലാതെ ഇരിക്കുന്ന രൂപരസഗന്ധസ്പർശങ്ങളും പാകംകൊണ്ടുവായിട്ടുണ്ടായതല്ലാതെയിരിക്കുന്ന ദ്രവത്വവും സ്നേഹവും വേഗവും ഗുരുത്വവും ഏകപൃഥക്ത്വവും പരിമാണവും സ്ഥിതിസ്ഥാപകവും കാരണഗുണത്തിങ്കൽ നിന്നുൽഭവിക്കുന്നതുകളാകുന്നു. സംയോഗവും വിഭാഗവും വേഗവും കർമ്മത്തിങ്കൽ നിന്ന ഉണ്ടാകുന്നതുകളാകയാൽ കർമ്മജങ്ങളെന്നു പറയപ്പെടുന്നു. കർമ്മജത്വമെൻ പറഞ്ഞതുകൾക്കു സാധർമ്മ്യമാകുന്നു എന്നു പറഞ്ഞുകൂട ഘടാദികളിൽ അതിവ്യാപ്തിയും സംയോഗംകൊണ്ടുവായിട്ടുണ്ടായ സംയോഗത്തിങ്കൽ അവ്യാപ്തിയും ഭവിക്കും. സാധർമ്മ്യമാകേണമെങ്കിൽ കർമ്മജത്വമെന്നതിന്റെ അർത്ഥം കർമ്മജന്യവൃത്തിഗുണത്വവ്യാപ്യജാതിമത്വമാകുന്നു എന്നു പറയേണം. (കർമ്മജന്യവൃത്തിഗുണത്വവ്യാപ്യജാതിമത്വം=കർമ്മജന്യവൃത്തിയായിട്ടു ഗുണത്വവ്യാപ്യമായിരിക്കുന്ന ജാതി ഉള്ളതാവുന്നുള്ള അവസ്ഥ. കർമ്മജന്യവൃത്തി=കർമ്മജന്യങ്ങളിൽ വൃത്തിയോടു കൂടിയവ. കർമ്മജന്യങ്ങൾ=കർമ്മത്താൽ ജനിപ്പിക്കപ്പെടുന്നവ. ഗുണത്വവ്യാപ്യം=ഗുണത്വമില്ലാത്തേടത്തിരിക്കാത്തത്)— മേൽപ്രകാരം പറഞ്ഞാൽ കർമ്മത്താൽ ഉണ്ടാക്കപ്പെടുന്നതുകളിൽ ഇരിക്കുന്നതായിട്ടും ഗുണത്വം ഇരിക്കാത്തേടത്തിരിക്കാത്തതായ ജാതി എന്നതു സംയോഗത്വമൊ വിഭാഗത്വമൊ വേഗത്വമൊ ഇവയിൽ വെച്ച ഒന്നായി ഭവിക്കാത്തതാകയാലും സംയോഗത്വാദി ജാതികൾ സംയോഗാദികളിൽ ഇരിക്കുന്നതുകളാകയാലും ദോഷമില്ലാ എന്നറിക. ഇപ്രകാരം മേലും ചിലസ്ഥലങ്ങളിലും യഥാശ്രുതമല്ലാതെയുള്ള അർത്ഥകല്പനാവൈഷമ്യം അതിന്റെ സംബന്ധം കൊണ്ടുതന്നെ ആലോചിച്ചു വേണ്ടുംബോധത്തിലാക്കിക്കൊള്ളു

കാരിക.

൯൧— സ്പൎശാന്താഃ പരിമാണൈകപൃഥക്ത്വസ്നേഹശബ്ദകേ | ഭവേദസമവായിത്വമഥ വൈശേഷികേ ഗുണേ ||

൯൨— ആത്മനസ്സ്യാന്നിമിത്തത്വമുഷ്ണസ്പൎശഗുരുത്വയോഃ | വേഗേപി ച ദ്രവത്വേ ച സംയോഗാദിദ്വയേ തഥാ ||

൯൩— പരാപരത്വദ്വിത്വാദിദ്വിപൃഥക്ത്വാദികേ പുനഃ | ദ്വിധൈവ കാരണത്വം സ്യാദഥ പ്രാദേശികോ ഭവേൽ ||

൯൪— വൈശേഷികോ വിഭുഗുണസ്സംയോഗാദിദ്വയം തഥാ | ചക്ഷുൎഗ്രാഹ്യം ഭവേദ്രൂപം ദ്രവ്യാദേരുപലംഭകം ||

അന്വയം— സ്പൎശാന്തപരിമാണൈകപൃഥക്ത്വസ്നേഹശബ്ദകെ അസമവായിത്വം— ഭവേൽ. അഥ. ആത്മനഃ— വൈശേഷികെ— ഗുണേ. നിമിത്തത്വം— സ്യാൽ. ഉഷ്ണസ്പൎശഗുരുത്വയോഃ. വേഗെ. അപി. ച— ദ്രവത്വെ. ച— തഥാ. സംയോഗാദിദ്വയെ— ച. പുനഃ. പരാപരത്വദ്വിത്വാദി. ദ്വിപൃഥക്ത്വാദികെ— ച കാരണത്വം. ദ്വിധാ. ഏവ. സ്യാൽ. അഥ. വൈശേഷികഃ വിഭുഗുണഃ— തഥാ— സംയോഗാദിദ്വയം. ച. പ്രാദേശികഃ. ഭവേൽ— രൂപം— ചക്ഷുൎഗ്രാഹ്യം. ദ്രവ്യാദെഃ. ഉപലംഭകം. ച. ഭവേൽ.

അന്വയാൎത്ഥം— സ്പൎശാന്തപരിമാണൈകപൃഥക്ത്വസ്നേഹശബ്ദകത്തിങ്കൽ അസമവായിത്വം ഭവിക്കും. ആത്മാവിന്റെ വൈശേഷികമായിരിക്കുന്ന ഗുണത്തിങ്കൽ നിമിത്തത്വം ഭവിക്കും. ഉഷ്ണസ്പൎശഗുരുത്വങ്ങളിലും വേഗത്തിങ്കലും ദ്രവത്വത്തിങ്കലും അപ്രകാരം സംയോഗാദിദ്വയത്തിങ്കലും പിന്നെ പരാപരത്വദ്വിത്വാദിദ്വിപൃഥക്ത്വാദികത്തിങ്കലും കാരണത്വം രണ്ടുപ്രകാരെണതന്നെ ഭവിക്കും. വൈശേഷികമായിരിക്കുന്ന വിഭുഗുണവും അപ്രകാരം സംയോഗാദിദ്വയവും പ്രാദേശികമായി ഭവിക്കും. രൂപം ചക്ഷുൎഗ്രാഹ്യമായിട്ടും ദ്രവ്യാദിയുടെ ഉപലംഭകമായിട്ടും ഭവിക്കും.

പരിഭാഷാ— സ്പൎശാന്തപരിമാണൈക പൃഥക്ത്വസ്നേഹശബ്ദകം= സ്പൎശാന്തങ്ങളും പരിമാണവും ഏകപൃഥക്ത്വവും സ്നേഹവും ശബ്ദകവും. സ്പൎശാന്തങ്ങൾ= സ്പൎശംവരെയുള്ളവ— (രൂപവും രസവും ഗന്ധവും സ്പൎശവുമെന്നൎത്ഥം)— പരിമാണം= പരിമാണമെന്നുതന്നെ. ഏകപൃഥക്ത്വം= ഏകത്തിങ്കൽ ഉള്ള പൃഥക്ത്വം. ഏകം= ഒന്നു— പൃഥക്ത്വം= പൃഥക്ത്വമെന്നുതന്നെ— സ്നേഹം= സ്നേഹമെന്നുതന്നെ. ശബ്ദകം ശബ്ദം— അസമവായിത്വം= അ

സമവായി ആവുന്നുള്ളത- അസമവായി= അസമവായികാരണം— നിമിത്തതാ=നിമിത്തകാരണം- ഉഷ്ണസ്പൎശഗുരുത്വങ്ങൾ=ഉഷ്ണസ്പൎശവും ഗുരുത്വവും- ഉഷ്ണസ്പൎശം=ഉഷ്ണമായിരിക്കുന്ന സ്പൎശം- ഗുരുത്വം=ഗുരുത്വമെന്നഗുണം- സംയോഗാദിനാശ്യം=സംയോഗാദികളുടെ നാശ്യം—(സംയോഗവും വിഭാഗവുമെന്നസാരം) പരാപരത്വദ്വിത്വാദിദ്വിപൃഥക്ത്വാദികം= പരാപരത്വദ്വിത്വാദികളും ദ്വിപൃഥക്ത്വാദികളും- പരാപരത്വദ്വിത്വാദികൾ= പരാപരത്വങ്ങളും ദ്വിത്വാദികളും- പരാപരത്വങ്ങൾ=പരത്വവും അപരത്വവും- പരത്വം=പരത്വമെന്നഗുണം— അപരത്വം= അപരത്വമെന്നഗുണം- ദ്വിത്വാദികൾ=ദ്വിത്വം മുതലായവ— ദ്വിത്വം=ദ്വിത്വമെന്നസംഖ്യ- ദ്വിപൃഥക്ത്വാദികൾ=ദ്വിപൃഥക്ത്വം തുടങ്ങിയുള്ളവ-ദ്വിപൃഥക്ത്വം=രണ്ടുകളിൽ ഉള്ളപൃഥക്ത്വം- കാരണത്വ=കാരണമായി എന്നുള്ളത- വൈശേഷികം=വിശേഷം വിഭുഗുണം=വിഭുവിന്റെ ഗുണം- വിഭു=ആകാശം മുതലായതു- സംയോഗാദിനാശ്യം=സംയോഗാദികളുടെ നാശ്യം- സംയോഗാദികൾ സംയോഗംതുടങ്ങിയുള്ളവ— പ്രാദേശികം=പ്രദേശത്തിങ്കൽ ഭവിച്ചത- പ്രദേശം=ഏകദേശം- രൂപം=രൂപമെന്നഗുണം- ചക്ഷുൎഗ്രാഹ്യം=ചക്ഷുസ്സുകൊണ്ടു ഗ്രഹിക്കപ്പെടുവാൻയോഗ്യം- ചക്ഷുസ്സ കണ്ണ- ഗ്രഹിക്ക=അറിക- ദ്രവ്യാദി= ദ്രവ്യംതുടങ്ങിയുള്ളത— ഉപലംഭകം=ഉപലബ്ധിയെ ഉണ്ടാക്കുന്നത— ഉപലബ്ധി=പ്രത്യക്ഷം—

സാരം—— ഘടാദികളിൽ ഉള്ളരൂപരസഗന്ധസ്പൎശങ്ങൾക്കു കപാലാദികളിൽ ഉള്ളരൂപരസഗന്ധസ്പൎശങ്ങൾ അസമവായികാരണങ്ങളാകയാൽ മെൽപറഞ്ഞഗുണങ്ങൾക്കു അസമവായികാരണത്വം സാധൎമ്മ്യമാകുന്നു എന്നു ഗ്രഹിക്കേണം ഇപ്രകാരം കപാലപരിമാണാദികൾക്കു ഘടപരിമാണാദികളെ കുറിച്ചു അസമവായികാരണത്വം ഭവിക്കുന്നു- പൂൎവ്വശബ്ദം ദ്വിതീയശബ്ദത്തെ കുറിച്ചു അസമവായി കാരണമാകയാൽ ശബ്ദത്തിങ്കലും അസമവായി കാരണത്വം ഭവിക്കുന്നു- ആത്മാവിന്റെ വിശേഷ ഗുണമെന്നത ബുദ്ധിമുതലായതാകുന്നു ബുദ്ധ്യാദികൾ ഇച്ശാദികളെ കുറിച്ചു നിമിത്തങ്ങളാകയാൽ അതുകളിൽ നിമിത്തകാരണത്വം ഭവിക്കുന്നു ഉഷ്ണസ്പൎശം അവയവത്തിങ്കൽ ഉണ്ടായിരുന്നാൽ അത അവയവിയിങ്കലുള്ള ഉഷ്ണസ്പൎശത്തെ കുറിച്ചു അസമവായി കാരണമായിട്ടും പാകജമായിട്ടുള്ളതിനെ കുറിച്ചു നിമിത്തമായിട്ടും ഭവിക്കുന്നു- ഗുരുത്വമെന്ന ഗുണം ഗുരുത്വത്തെ

കുറിച്ചും പതനത്തെ കുറിച്ചും അസമവായി കാരണമായി ഭവിക്കുന്ന അഭിഘാതത്തിങ്കൽ നിമിത്തമായിട്ടു ഭവിക്കുന്നു- വേഗം വേഗത്തെകുറിച്ചും സ്പന്ദനത്തെകുറിച്ചും അസമവായി കാരണമായി ഭവിക്കുന്ന (സ്പന്ദനം=ഇളകുക) അഭിഘാതത്തിങ്കൽ നിമിത്തമായിട്ടു ഭവിക്കുന്നു. (അഭിഘാതം=മേൽവീണാൽ പറയുന്നവതാം) ദ്രവത്വമെന്നഗുണം ദ്രവത്വത്തെ കുറിച്ചും സ്പന്ദനത്തെകുറിച്ചും അസമവായി കാരണമായി ഭവിക്കുന്ന സംഗ്രഹത്തിങ്കൽ നിമിത്തമായി ഭവിക്കുന്നു- (സംഗ്രഹം=പൊടിയായിട്ടുള്ളതിനെ ഉരുട്ടുവാൻ തക്ക വിധത്തിലാക്കുക) ഭേരീഎന്ന വാദ്യത്തിന്റെ മുഖത്തോടുള്ള ദണ്ഡസംയോഗം ശബ്ദത്തെ കുറിച്ചു നിമിത്തമാകുന്നു. ഭേൎയ്യാകാശ സംയോഗം അസമവായി കാരണമാകുന്നു മുളയുടെ നെരെനടു പൊളിക്കുമ്പോൾ ഉണ്ടാകുന്ന രണ്ടു ദളങ്ങളുടെ വിഭാഗം ശബ്ദത്തെ കുറിച്ചു നിമിത്തമാകുന്നു— മുളയുടെ ദളത്തിന്നും ആകാശത്തിന്നും തമ്മിലുള്ള വിഭാഗം അസമവായി കാരണമാകുന്നു- ഇപ്രകാരം ശിഷ്ടങ്ങളിലും നിമിത്തത്വവും അസമവായിത്വവും ഉണ്ടാകയാൽ ഉഷ്ണസ്പൎശഗുരുത്വാദികളിൽ കാരണത്വം രണ്ടു പ്രകാരമെന്ന ഭവിക്കുമെന്നറിഞ്ഞു കൊൾക- ആകാശാദികളിലിരിക്കുന്ന വൈശേഷികഗുണം അവ്യാപ്യവൃത്തിയാകുന്നു യാതൊന്നു തന്റെ അത്യന്താഭാവത്തോടു കൂടെ ഏകാധികരണത്തിങ്കലിരിക്കുന്നുവൊ അത അവ്യാപ്യവൃത്തിയാകുന്നു എന്നു ഗ്രഹിച്ചുകൊൾക— സംയോഗ വിഭാഗങ്ങളും ഒൻ പ്രകാരമാകുന്നു ഇനി രൂപാദി സ്വരൂപത്തെ ഗ്രഹിപ്പിപ്പാനായികൊണ്ടു ആരംഭിക്കുന്നു രൂപമെന്നുള്ള വ്യവഹാരത്തിന്നു രൂപത്വമെന്നജാതിയും അതിന്റെ അധികരണമായ വ്യക്തിയുമാകുന്നു അതുകളിൽവെച്ചു രൂപത്വമെന്ന ജാതി പ്രത്യക്ഷംകൊണ്ടു തന്നെ • സിദ്ധയായിട്ടുള്ളതാകുന്നു ഇവിടെ പ്രാചീനന്മാർ ഇത രൂപമാകുന്നു ഇത രൂപമാകുന്നു എന്നിപ്രകാരം വ്യവഹാരം ഇല്ലായ്കയാൽ രൂപത്വ ജാതി എങ്ങിനെ ഒൻ പ്രകാരം സിദ്ധിച്ചതു എന്നു ഒരു ശങ്ക ഭവിക്കാം— അതിനെ പരിഹരിപ്പാനായികൊണ്ടു പറയുന്നു- രൂപമെന്നുള്ള വ്യവഹാരമില്ലാ എങ്കിലും നീലൊവൎണ്ണഃ പീതൊവൎണ്ണഃ ഇത്യാദികളായ വ്യവഹാരമുണ്ടെല്ലൊ അതു ഹേതുവായിട്ടു നീലപീതാദികളിൽ സൎവ്വത്ര വെന്നിരിക്കുന്നതായ ഒരു ജാതി ഉണ്ടു എന്നത അനുഭവ സിദ്ധമായിട്ടുള്ളത തന്നെ ഇപ്രകാരം നീലത്വാദിജാതികളും പ്രത്യക്ഷ

സിദ്ധങ്ങളാകുന്ന നീലാദിവ്യക്തികൾക്കു ഐക്യമുണ്ടായിരുന്നാൽ ഐക്യപ്രവൃത്തികളാകയാൽ അവകൾ ജാതികളല്ലൊ എന്നു ശങ്കിക്കാം. അവകൾക്കു ഐക്യം സംഭവിക്കായ്കയാൽ അപ്രകാരം ശങ്കിപ്പാൻ കഴികയില്ല നീലാദിവ്യക്തികൾ ഒന്നുതന്നെ അവകൾക്കു അനേകത്വമില്ലെന്നു പറയുന്നായൊ എന്നാൽ കറുപ്പ നശിച്ചു എന്നും ചുവപ്പ ഉണ്ടായി എന്നും പ്രതീതി ഉണ്ടാകയാൽ നീലാദികൾക്കു സിദ്ധങ്ങളായ നാശവും ഉല്പത്തിയും ചേരുകയില്ല. അതിന്ന ചേച്ചുകെട ഇല്ലല്ലൊ നീലം വ്യക്തി ഒന്നുണ്ടായിരുന്നു അതു നശിച്ചു മറ്റൊന്നിമുമ്പെ ഉണ്ടായിരുന്നില്ല അതു ഇപ്പോൾ ഉണ്ടായി ഇപ്രകാരമാകുന്നു നീലൊനഷ്ടഃ എന്നും നീലഉല്പന്നഃ എന്നരുള്ള പ്രതീതിയുടെ സ്വരൂപമെന്നു പറയുന്നു എങ്കിൽ അതിനെ സ്വീകരിക്കേണമെങ്കിൽ ഇതിന്നു മുമ്പിൽ ലോകം അനീലമായിട്ടും ഇനിമെലിൽ അനീലമായിട്ടും ഭവിക്കേണം അങ്ങിനെ ഒരുത്തക്കും അനുഭവമില്ലായ്കയാൽ അതു ചേരുന്നതല്ലെന്നു ഗ്രഹിച്ചുകൊൾക. നാശോല്പത്തികൾ നീലവ്യക്തികളുടെ സമവായങ്ങൾക്കാകുന്നു എന്നുള്ളതും യുക്തമല്ല സമവായത്തിന്റെ മെൽ പറഞ്ഞപ്രതീതി വിഷയമാകുന്നില്ല ഒരു നീലവും അതുമൊന്നു തന്നെ എന്നുള്ള അനുഭവം ഹേതുവായിട്ടും ഭാവവും ഹേതുവായിട്ടും നീലാദി വ്യക്തികൾക്കു ഐക്യമുണ്ടെന്നും പറഞ്ഞുകൂട ഈ നീലവും അതുമൊന്നു തന്നെ എന്നുള്ള ഐക്യബുദ്ധി സജാതീയത്തെ ആശ്രയിച്ചിട്ടും സംഭവിക്കുന്നതാകുന്നു ഒരു ഗായകൻ ഭൈരവിരാഗത്തെ ആലാപിക്കുമ്പോൾ ഇതു മുമ്പെ കെട്ടിട്ടുള്ളതാകുന്നു എന്നു രാഗത്തിന്മേൽ ബുദ്ധിയും വ്യവഹാരവുമുണ്ട എന്നത പൊലെ ആകുന്നു മെൽ പറഞ്ഞ ഐക്യബുദ്ധി എന്നറിഞ്ഞുകൊൾക ഭാഷയുമുണ്ടല്ലൊ എന്നു യുക്തികൾ ബാധകം പ്രത്യക്ഷം തന്നെ ഭാവത്തെ ബാധിപ്പാൻ അതിനും ശക്തി ഇല്ലാ എങ്കിൽ ഘടാദികൾക്കും ഐക്യം പ്രസംഗിക്കുന്നതു ഹേതുവായിട്ടു ഉല്പത്തി വിനാശബുദ്ധി സമവായോല്പത്തിയെയും സമവായ വിനാശത്തെയും ആശ്രയിച്ചുണ്ടാകുന്നതല്ലൊ എന്നു അറിഞ്ഞുകൊൾകയും വെണം— ഇതുകൊണ്ടു രസാദികൾക്കും നാനാത്വമുണ്ടു എന്നത ബോധിപ്പിക്കപ്പെട്ടു രൂപത്തിന്റെ ലക്ഷണം രൂപത്വജാതിമത്വം തന്നെ ഇതു കൂടാതെയും ലക്ഷണത്തെ പറയാം രൂപമെന്നത ചക്ഷുർഗ്രാഹ്യമാകുന്നു ഇവിടെ ചക്ഷുർഗ്രാഹ്യമെന്നതിന്നു ചക്ഷുർഗ്രാഹ്യ വിശേഷ

ഗുണമെന്നൎത്ഥമാകുന്നു. ഗുണഗ്രഹണം കൊണ്ടു രൂപത്വത്തിങ്കലുള്ള അതിവ്യാപ്തിയും വിശേഷ ഗ്രഹണം കൊണ്ടു സംഖ്യാദികളിലുള്ള അതിവ്യാപ്തിയും പരിഹരിക്കപ്പെട്ടു എന്നു അറിഞ്ഞു കൊൾക. ദ്രവ്യം മുതലായതിന്റെ ഉപലബ്ധിയെ കുറിച്ചു രൂപം കാരണമാകുന്നു ഇപ്രകാരത്തിനെ അനന്തര ശ്ലോകം കൊണ്ടു തന്നെ ഉപപാദിക്കുകയും ചെയ്യും.

൪൩. ചക്ഷുഷസ്സഹകാരിസ്യാച്ഛുക്ലാദികമനേകധാ। ജലാദിപരമാണൗതന്നിത്യമന്യൽസഹേതുകം॥

അന്വയം—— രൂപം— ചക്ഷുഷഃ- സഹകാരി— ശുക്ലാദികം- അനേകധാ- ച- സ്യാൽ— ജലാദിപരമാണൗ തൽ- നിത്യം അന്യൽ—സഹേതുകം— ഭവതി.

അന്വയാൎത്ഥം - രൂപം ചക്ഷുസ്സിന്നു സഹകാരിയായിട്ടും ശുക്ലാദികമായിട്ടു അനേക പ്രകാരേണ ഉള്ളതായിട്ടും ഭവിക്കും— ജലാദിപരമാണുക്കളിങ്കൽ ഉള്ളതായ അതു നിത്യമായി ഭവിക്കുന്നു. അന്യമായിരിക്കുന്ന അതു സഹേതുകമായി ഭവിക്കുന്നു.

പരിഭാഷ —— രൂപം=രൂപമെന്നഗുണം- ചക്ഷുസ്സ=നേത്രേന്ദ്രിയം— സഹകാരി=വിഷയഗ്രഹണത്തിങ്കൽ സഹായിക്കുന്നതു- ശുക്ലാദികം=ശുക്ലം തുടങ്ങിയുള്ളതു. ശുക്ലം=വെളുപ്പ്- അനേകപ്രകാരം=ബഹുപ്രകാരം- ജലാദിപരമാണു=ജലാദികളുടെ പരമാണു- ജലാദികൾ=ജലം മുതലായവ- അതു=രൂപം- അന്യം=മറ്റുള്ളതു— സഹേതുകം=ഹേതുവിനൊടു കൂടിയതു-

സാരം —— ദ്രവ്യഗുണകൎമ്മസാമാന്യങ്ങളുടെ ചാക്ഷുഷപ്രത്യക്ഷത്തെകുറിച്ചു രൂപംകാരണമാകുന്നു. ഇവിടെ രൂപമെന്നതു കൊണ്ടു ഉത്ഭൂതരൂപത്തെ ഗ്രഹിച്ചുകൊൾകയുംവേണം. വെളുപ്പുകറുപ്പു മഞ്ഞനിറം ചുവപ്പു ഇങ്ങിനെതുടങ്ങിരൂപംബഹുപ്രകാരമായിഭവിക്കുന്നു. ചിത്രമെന്നതും ഒരുരൂപവിശേഷമാകുന്നു. നാനാവൎണ്ണങ്ങളായിരിക്കുന്ന അവയവങ്ങളുടെ അതാതുരൂപങ്ങൾകൊണ്ടുതന്നെ ചിത്രമെന്നുള്ളബുദ്ധിക്കും വ്യവഹാരത്തിന്നും ഉപപത്തി ഉണ്ടെന്നു കല്പിച്ചുകൂടാ ഇങ്ങിനെകല്പിച്ചാൽ അവയവികൾ രൂപമില്ലായ്കയാൽ അപ്രത്യക്ഷം പ്രസംഗിക്കും. അവയവികൾ ഒരുരൂപത്തെ കല്പിക്കേണ്ടു സ്വരൂപനായിതന്നെ ഇരിക്കട്ടെ അതിങ്കൽ അവ്യാപ്യവൃത്തികളായിട്ടു അവയവരൂപങ്ങൾ ജനിച്ചാൽ മതിയല്ലൊ എന്നുപറഞ്ഞുകൂടാ വ്യാപ്യവൃത്തികളായിരിക്കുന്ന ഗുണങ്ങൾക്കു അവ്യാപ്യവൃത്തിത്വം വിരുദ്ധമാകുന്നു. അതുഹേതുവായിട്ടു നാനാപ്രകാരങ്ങളായിരിക്കുന്ന രൂപ

ങ്ങളാൽ അവയവിയായ വസ്തുവിങ്കൽ ചിത്രമെന്ന പെരൊടുകൂടിയതായിട്ട വെറെതന്നെ ഉണ്ടാക്കപ്പെടുന്നു എന്നു കല്പിക്കെണം ഏകം ചിത്രം എന്നുള്ള അനുഭവവും അതിനെകുറിച്ചത്രെ അനുകൂലമാകുന്നു. അവയവിയായ വസ്തുവിങ്കൽ ചിത്രരൂപത്തിന്റെ ഉല്പത്തിക്ക കാരണങ്ങളായി പറകപ്പെട്ട നാനാരൂപങ്ങൾ അവയവനിഷ്ഠങ്ങളായിട്ടുള്ളതുകൂടാകുന്നു എന്നു ധരിക്കകയും വെണം അവയവി ആയ വസ്തുവിങ്കൽ ചിത്രരൂപത്തിങ്കൽനിന്നു അവരരൂപത്തെ അവയവനിഷ്ഠങ്ങളായ നാനാരൂപങ്ങൾ ജനിപ്പിക്കില്ല എന്നുള്ളതെതുവായിട്ടെന്നാൽ നീലാദിരൂപങ്ങൾക്ക പീതാദ്യാരംഭത്തെ പ്രതിബന്ധിക്കുന്നതാകൃ എന്നുള്ള അവസ്ഥ ഉണ്ട അതുഹെതുവായിട്ട ചിത്രരൂപത്തിന്റെ ഉല്പത്തിയെതന്നെ അതിങ്കൽ സ്വീകരിച്ചു കൊൾകയും വെണം. ജലപരമാണുവിങ്കലും തെജഃപരമാണുവിങ്കലും ഉള്ളരൂപം നിത്യമാകുന്നു പൃഥിവീപരമാണുവിങ്കൽ ഉള്ളരൂപം അനിത്യമായിട്ടുള്ളതുതന്നെ ആവിടെ പാകവശാൽ രൂപനാശവും രൂപാന്തരൊല്പത്തിയുമുണ്ട ഘടത്തിങ്കൽ പാകം ഭവിച്ചാൽ അതിന്റെ അവയവങ്ങൾ അപക്വങ്ങളായിഭവിക്കില്ല കപാലങ്ങൾക്ക പാകംഭവിച്ചാൽ അതിന്റെ അവയവങ്ങളും അപക്വങ്ങളായി ഭവിക്കില്ല ഇങ്ങിനെ പരമാണുവിങ്കലും ക്രമെണപാകം സിദ്ധമാകുന്നു. അതുഹെതുവായിട്ട പരമാണുരൂപത്തിനും നാശമുണ്ടെന്നറിക. ജലതെജഃപരമാണുരൂപങ്ങ[illegible]ിൽനിന്ന ഭിന്നമായിട്ടുള്ളരൂപം യാതൊന്നൊ അതൊക്കയു[illegible]മാകുന്നു.

൱൧. രസസ്തുരസനഗ്രാഹ്യൊ മധുരാദിരനെകധാ സഹകാരീ
രസജ്ഞായാനിത്യതാദിചപൂൎവ്വവൽ ॥

അന്വയം — രസഃ തു - രസനഗ്രാഹ്യഃ — മധുരാദിഃ - അനെകധാ - രസജ്ഞായാഃ - സഹകാരീ [illegible]വൽ തസ്യ - നിത്യതാദി - ച -

അന്വയാൎത്ഥം — രസമാകട്ടെ രസനഗ്രാഹ്യമായിട്ടും മധുരാദിയായിട്ടും അനെകപ്രകാരമെ ഉള്ളതായിട്ടും രസജ്ഞക്ക സഹകാരിയായിട്ടും ഭവിക്കുന്നു. അതിന്നു പൂൎവ്വത്തിന്നെന്നപൊലെ നിത്യതാദിയുംഭവിക്കുന്നു

പരിഭാഷാ — രസം=രസമെന്നഗുണം. രസനഗ്രാഹ്യം=രസനാംകൊണ്ടുഗ്രാഹ്യം. രസനം=രസനെന്ദ്രിയം. ഗ്രാഹ്യം=ഗ്രഹിക്കപ്പെടുവാൻയൊഗ്യം— ഗ്രഹിക്കുന്നാറിക. മധുരാദി=മധുരംതുടങ്ങിയുള്ളത. രസജ്ഞാ=രസനെന്ദ്രിയം. സഹകാരി=സഹായം.

അത=രസം— പൂർവ്വം=മുൻപറകപ്പെട്ടത- (രൂപമെന്നാസാരം) നിത്യതാദി=നിത്യത്വാദികളൊടുകൂടിയുള്ളത— നിത്യതാ നിത്യതാ—

സാരം— രസമെന്നത രസനേന്ദ്രിയത്താൽ ഗ്രഹിക്കപ്പെടുന്നതായ ഗുണമാകുന്നു. രസത്വമെന്നജാതിയും രസനേന്ദ്രിയത്താൽ ഗ്രഹിക്കപ്പെടുന്നതാകയാൽ അതിങ്കൽ അതിവ്യാപ്തിഭവിക്കാതെ ഇരിപ്പാനായിക്കൊണ്ട ഗുണപദത്തെ ചെർത്തിരിക്കുന്നു. രസനാപ്രത്യക്ഷത്തിങ്കൽ രസം കാരണമാകുന്നു. ജലപരമാണുവിങ്കലെ രസം നിത്യമാകുന്നു അന്യമായിരിക്കുന്ന രസം ഒക്കെയും അനിത്യമാകുന്നു.

൯൰൮— ഘ്രാണഗ്രാഹ്യോഭവേൽഗന്ധോഘ്രാണസ്യൈവോപകാരകഃ। സൌരഭശ്ചാസൌരഭശ്ചസദ്വിധാപരികീർത്തിതഃ॥

അന്വയം— ഗന്ധഃ- ഘ്രാണഗ്രാഹ്യഃ- ഭവേൽ- ഘ്രാണസ്യ ഏവ ഉപകാരകഃ- ച. സൌരഭം— അസൌരഭം- ച-ഇതി- സഃ- ദ്വിധാ- പരികീർത്തിതഃ-

അന്വയാർത്ഥം— ഗന്ധം ഘ്രാണഗ്രാഹ്യമായിഭവിക്കുന്നു. ഘ്രാണത്തിന്നുതന്നെ ഉപകാരകമായിട്ടും ഭവിക്കുന്നു സൌരഭവും അസൌരഭവും ഇങ്ങിനെ അതു രണ്ടുപ്രകാരമെന്ന പരികീർത്തിതമായിഭവിക്കുന്നു.

പരിഭാഷാ— ഗന്ധം=ഗന്ധമെന്നഗുണം. ഘ്രാണഗ്രാഹ്യം=ഘ്രാണംകൊണ്ട ഗ്രഹിക്കപ്പെടുന്നത- ഘ്രാണം=ഘ്രാണേന്ദ്രിയം- ഉപകാരകം=ഉപകാരത്തെചെയ്യുന്നത- സൌരഭം=സുഗന്ധം- അസൌരഭം=ദുർഗ്ഗന്ധം— പരികീർത്തിതം=പരികീർത്തിക്കപ്പെട്ടത- പരികീർത്തിക്ക പറക-

സാരം— ഗന്ധമെന്നത ഘ്രാണഗ്രാഹ്യമായിരിക്കുന്ന ഗുണമാകുന്നു. ഗന്ധത്വമെന്നജാതി ഘ്രാണംകൊണ്ട ഗ്രഹിക്കപ്പെടുന്നതായിരുന്നാലും അതുഗുണമല്ലായ്കയാൽ അതിങ്കൽഅതിവ്യാപ്തിഇല്ല ഘ്രാണേന്ദ്രിയത്താൽ ഉണ്ടാക്കപ്പെടുന്ന ജ്ഞാനത്തിങ്കൽഗന്ധംകാരണമാകുന്നു. സൌരഭമെന്നും അസൌരഭമെന്നും അതു രണ്ടുവകയായിട്ടുണ്ട സർവ്വമായിരിക്കുന്ന ഗന്ധവും അനിത്യമായിട്ടുള്ളതുതന്നെ.

൯൰൯— സ്പർശസ്ത്വഗിന്ദ്രിയഗ്രാഹ്യസ്ത്വചസ്സ്യാദുപകാരകഃ। അനുഷ്ണാശീതശീതോഷ്ണഭേദാത്സത്രിവിധോമതഃ॥

൱— കാഠിന്യാദിക്ഷിതാവേവനിത്യതാദിചപൂർവ്വവൽ। ഏതേഷാംപാകജത്വന്തുക്ഷിതൌനാന്യത്രകുത്രചിൽ॥

൱൧— തത്രാപിപരമാണൌസ്യാൽപാകോവൈശേഷികേന

യേ നൈയായികാനാന്തു നയേ ദ്വ്യണുകാദാവപീഷ്യതേ ॥

അന്വയം — സ്പർശഃ- ത്വഗിന്ദ്രിയഗ്രാഹ്യഃ— ത്വചഃ ഏവ— ഉപകാരകഃ— ച- സഃ— അനുഷ്ണാശീതശീതോഷ്ണഭേദാൽ- ത്രിവിധഃ— മതഃ— കാഠിന്യാദി— ക്ഷിതൌ— ഏവ— രസഃ പൂർവ്വവൽ— നിത്യതാദി- ച- ഏതേഷാം- പാകജതാ— തു- ക്ഷിതൌ- അന്യത്രകുത്രചിൽ—ന- തത്ര- അപി- വൈശേഷികേ- നയേ പാകഃ— പരമാണൌ- സ്യാൽ- നൈയായികാനാം- നയേ—തു- ദ്വ്യണുകാദൌ അപി— ഇഷ്യതേ.

അന്വയാർത്ഥം— സ്പർശം ത്വഗിന്ദ്രിയഗ്രാഹ്യമായിട്ടും ത്വക്കിന്നുതന്നെ ഉപകാരകമായിട്ടും ഭവിക്കുന്നു. അതു അനുഷ്ണാശീതശീതോഷ്ണഭേദം ഹേതുവായിട്ടു ത്രിവിധമായിട്ടു ഭവിക്കുന്നു. കാഠിന്യാദിക്ഷിതിയിങ്കൽതന്നെ ഭവിക്കുന്നു. അതിന്നു പൂർവ്വത്തിന്നു എന്നപോലെ നിത്യതാദിയുമുണ്ടു. ഇതുകളുടെ പാകജത്വമാകട്ടെ ക്ഷിതിയിങ്കൽ ഭവിക്കുന്നു. അന്യമായിരിക്കുന്നൊന്നിങ്കൽ ഭവിക്കുന്നില്ല. അതിങ്കലും വൈശേഷികമായിരിക്കുന്ന നയത്തിങ്കൽ പാകം പരമാണുവിങ്കൽ ഭവിക്കും. നൈയായികന്മാരുടെ നയത്തിങ്കലാകട്ടെ ദ്വ്യണുകാദിയിങ്കലും ഇച്ഛിക്കപ്പെടുന്നു.

പരിഭാഷ — സ്പർശം=സ്പർശമെന്നഗുണം- ത്വഗിന്ദ്രിയഗ്രാഹ്യം=ത്വഗിന്ദ്രിയത്തെക്കൊണ്ടു ഗ്രഹിക്കപ്പെടുന്നതു- ഗ്രഹിക്ക=അറിക- ത്വക്ക=ത്വഗിന്ദ്രിയം- ഉപകാരകം=ഉപകാരത്തെ ചെയ്യുന്നതു അതു=സ്പർശം— അനുഷ്ണാശീതശീതോഷ്ണഭേദം=അനുഷ്ണാശീതശീതോഷ്ണങ്ങളുടെ ഭേദം- അനുഷ്ണാശീതശീതോഷ്ണങ്ങൾ=അനുഷ്ണാശീതവും ശീതവും ഉഷ്ണവും— ത്രിവിധം=മൂന്നുവിധങ്ങളോടുകൂടിയതു— വിധങ്ങൾ=പ്രകാരങ്ങൾ- മതം=അറിയപ്പെടുന്നതു— കാഠിന്യാദി=കാഠിന്യം തുടങ്ങിയുള്ളതു. ക്ഷിതി=ഭൂമി- അതു=സ്പർശം—പൂർവ്വം=രസം- നിത്യതാദി= നിത്യത തുടങ്ങിയുള്ളതു- നിത്യത=നിത്യത്വം- ഇതുകൾ=രൂപരസഗന്ധസ്പർശങ്ങൾ. പാകജത്വം=പാകജങ്ങളായിരിക്ക എന്നുള്ളതു= പാകജങ്ങൾ=പാകത്തിങ്കൽനിന്നുജനിക്കുന്നവ- പാകം=തേജസ്സംയോഗം ക്ഷിതി=ഭൂമി- അന്യം=വേറെയുള്ളതു- അതു=ഭൂമി. വൈശേഷികമായിരിക്കുന്നനയം= വൈശേഷികമതം- നൈയായികന്മാർ= ന്യായശാസ്ത്രത്തെ അറിഞ്ഞവർ- നയം=മതം- ദ്വ്യണുകാദി= ദ്വ്യണുകം തുടങ്ങിയുള്ളതു-

സാരം — ത്വഗിന്ദ്രിയഗ്രാഹ്യമായിരിക്കുന്ന ഗുണം സ്പർശമാകുന്നു. സ്പർശത്വം ത്വഗിന്ദ്രിയഗ്രാഹ്യമായിരുന്നാലും ഗുണമല്ലാ

ശ്രൂയാൽ അതിങ്കൽ അതിവ്യാപ്തിഭവിക്കുന്നില്ല ത്വാചപ്രത്യക്ഷത്തിങ്കൽ സ്പർശം കാരണമാകുന്ന പൃഥിവ്യാദികളുടെ സ്പർശം അനുദ്ഭൂതമായിട്ടുള്ളതാകുന്നു. ഇവറ്റിന്റെസ്പർശംശീതമാകുന്നതെജസ്സിന്റെസ്പർശം ഉഷ്ണമാകുന്നു. കഠിനസുകുമാരങ്ങളായിരിക്കുന്ന സ്പർശങ്ങൾ ഭൂമിക്കുതന്നെ ഭവിക്കുന്ന കഠിനതാദിമുതലായ സംയോഗത്തിങ്കലിരിക്കുന്ന ജാതിവിശേഷമല്ല അപ്രകാരമായാൽ അതുകൾക്കു ചക്ഷുർഗ്രാഹ്യതഭവിക്കേണമെന്നുവരുമല്ലൊ തെജോവായുപരമാണുസ്പർശങ്ങൾ നിത്യങ്ങളാകുന്നു. മററുസ്പർശങ്ങൾ അനിത്യങ്ങളാകുന്നു. പാകഹേതുവായിട്ടുള്ളരൂപരസഗന്ധസ്പർശങ്ങളുടെ നാശവും ഉല്പത്തിയും ഭൂമിയിലല്ലാതെ വെറെ ഒന്നിങ്കൽഭവിക്കുന്നില്ല ഭൂമിയിലും പരമാണുവിന്നുതന്നെപാകമെന്നു വൈശേഷികന്മാർ പറയുന്നു. അവരുടെആശയംതാഴെപറയുംപ്രകാരമാകുന്നു.

അവയവി ഉള്ളപ്പോൾ അവയവങ്ങൾ ഉറച്ചുനില്ക്കുന്നതുകളാകയാൽ അതുകൾക്കുപാകം [illegible]ന്നില്ല വഹ്നിസംയോഗംഹേതുവായിട്ട അവയവികൾക്ക[illegible]ന്റെ ശേഷം പരമാണുക്കളിൽപാകവും അതുഭവി[illegible]ന്റെശേഷം പാകജങ്ങളായിരിക്കുന്നപരമാണുക്കളുടെസംയോഗം ഹേതുവായിട്ട ദ്വ്യണുകംമുതൽ മഹാവയവിപര്യന്തമുള്ള അവയവികളുടെ ഉല്പത്തിയും ഭവിക്കുന്നു. തെജസ്സിന്റെ അതി[illegible] വെഗവശാൽ മുമ്പെഉണ്ടായിരുന്നദ്വ്യണുകാദിവ്യൂഹം [illegible]ക്കയും പിന്നെഉണ്ടാകയും അല്പമായകാലംകൊണ്ടുസംഭവിക്കുന്നു. ഇപ്രകാരമാകുന്നു വൈശേഷികന്മാരുടെ ആശയമെന്നു ഗ്രഹിച്ചുകൊൾക. പാകവശാൽ ദ്വ്യണുകാദികളുടെ നാശത്തെ അപെക്ഷിച്ചിട്ട ഏതുക്ഷണങ്ങൾകൊണ്ടുപിന്നെഉണ്ടാകുമെന്നതു താഴെപറയും പ്രകാരം ഗ്രഹിച്ചുകൊൾക.

വിഭാഗങ്ങൾകൽനിന്നു ജനിക്കുന്നതായ വിഭാഗത്തെസ്വീകരിക്കുന്നില്ല എങ്കിൽ ഒമ്പതു ക്ഷണത്താലും വിഭാഗജവിഭാഗത്തെ സ്വീകരിക്കുന്നു എങ്കിൽ അതിന്റെ ജനനം ദ്രവ്യാരംഭകമായ സംയോഗത്തിന്റെ നാശത്തോടുകൂടിയ കാലത്തെ അപെക്ഷിച്ചിട്ടാകുന്നു എങ്കിൽ പത്തുക്ഷണത്താലും ദ്രവ്യനാശത്തോടുകൂടിയതായ കാലത്തെയൊ അവയവത്തെയൊ അപെക്ഷിച്ചിട്ടാകുന്നു എങ്കിൽ പതിനൊന്നു ക്ഷണത്താലും ഭവിക്കും. എങ്ങിനെ എന്നാൽ അഗ്നിസംയോഗം ഹേതുവായിട്ട പരമാണുക്കളിൽ കർമ്മം ഭവിക്കുന്നു. അനന്തരം പരമാണുക്കൾ ത

ത്തിൽ അകലുന്നു- അനന്തരം ദ്രവ്യാരംഭകമായിരിക്കുന്ന സംയോഗം നശിക്കുന്നു- (ദ്രവ്യാരംഭകംദ്രവ്യോല്പത്തിക്കുകാരണമായി ഭവിച്ചതു) അനന്തരം ദ്വ്യണുകാദിദ്രവ്യം നശിക്കും- അനന്തരം പരമാണുക്കളിലെ കറുപ്പു മുതലായ രൂപം നശിക്കുന്നു- അനന്തരം ചുവപ്പു മുതലായ രൂപമുണ്ടാകുന്നു- അനന്തരം അണുക്കളിൽ ദ്രവ്യാരംഭത്തിന്നു അനുകൂലമായ കൎമ്മമുണ്ടാകുന്നു- അനന്തരം വിഭാഗമുണ്ടാകുന്നു- അനന്തരം പൂൎവ്വസംയോഗം നശിക്കുന്നു- പിന്നെ ദ്രവ്യാരംഭക സംയോഗം പരമാണുക്കളിൽ ഉണ്ടാകുന്നു— അനന്തരം ദ്വ്യണുകാദികൾ ഉണ്ടാകുന്നു- അനന്തരം അണുക്കളിൽ രൂപാദികൾ ഉണ്ടാകുന്നു- ഇങ്ങിനെ ഉള്ള ക്രമത്തിന്നു നവക്ഷണ പ്രക്രിയാ എന്നു പെർ ഇവിടെ കറുപ്പു മുതലായതു നശിക്കുന്ന ക്ഷണത്തിങ്കലൊ രക്തൊല്പത്തിക്ഷണത്തിങ്കലൊ പരമാണുക്കളിൽ ദ്രവ്യാരംഭത്തിന്നു അനുകൂലമായ കൎമ്മം ഭവിക്കാമെല്ലൊ ഭവില്ലകൂടാ എങ്കിൽ അതിന്നു കാരണം എന്തു എന്നു ചൊദിക്കുന്നു എങ്കിൽ പറയാം- അഗ്നിസംയോഗം ഭവിച്ചിരിക്കുന്ന പരമാണുക്കളിൽ യാതൊരുകൎമ്മം ഭവിച്ചുവൊ അതു നശിക്കും മുമ്പെയും പരമാണുക്കളിൽഗുണങ്ങൾ ഭവിക്കുന്നതിന്നുമുമ്പെയും വെറെ ഒരുകൎമ്മംഭവിക്കയില്ല— ഒരുകൎമ്മംഉള്ളപ്പോൾ വെറെ ഒരുകൎമ്മം ഭവിച്ചുകൂടാ നിൎഗ്ഗുണമായിരിക്കുന്ന ദ്രവ്യത്തിങ്കൽ ദ്രവ്യാരംഭത്തിന്നു അനുകൂലമായകൎമ്മവും ഭവിച്ചുകൂട എന്നാലും പരമാണുക്കളിൽ കറുപ്പുമുതലായതിന്റെനാശത്തൊടുകൂടെ തന്നെ ചുവപ്പുമുതലായതുഭവിക്കാം എന്നുശങ്കിക്കരുതു- മുമ്പെ ഉണ്ടായിരുന്ന രൂപത്തിന്റെ ധ്വംസവും രൂപാന്തരൊല്പത്തിയെകുറിച്ചുകാരണമാകുന്നു

ഇനിദശക്ഷണപ്രക്രിയയെപറയാം— ദ്രവ്യാരംഭകമായിരിക്കുന്ന സംയോഗത്തിന്റെ നാശത്തൊടുകൂടിയ കാലത്തെ അപെക്ഷിച്ചിട്ടു വിഭാഗത്തിങ്കൽനിന്നു ജനിക്കുന്നതായ വിഭാഗം ഭവിക്കുന്നു എങ്കിലാകുന്നു ദശക്ഷണമെന്നുമുമ്പെ പറഞ്ഞിട്ടുണ്ടു- ദശക്ഷണമായതു എങ്ങിനെ എന്നുപറയാം.

അഗ്നിസംയോഗംഹെതുവായിട്ടു ദ്വ്യണുകത്തെ ഉണ്ടാക്കിയ പരമാണുക്കളിൽ കൎമ്മംഭവിക്കുന്നു- അനന്തരം വിഭാഗംഭവിക്കുന്നു- അനന്തരം ആരംഭകസംയോഗത്തിന്നു നാശംഭവിക്കുന്നു- അനന്തരം ദ്വ്യണുകനാശംഭവിക്കുന്നു- അതൊടുകൂടതന്നെ വിഭാഗജവിഭാഗവുംഭവിക്കുന്നു- അനന്തരം കറുപ്പുമുതലായ പൂൎവ്വരൂപം നശിക്കുന്നു- അതൊടുകൂടതന്നെ പൂൎവ്വസംയോഗനാശ

വംഭവിക്കുന്നു. അനന്തരം രക്തോല്പത്തിയും ഉത്തരസംയോഗവും ഭവിക്കുന്നു. അനന്തരം പരമാണുക്കളിൽ വഹ്നിസംയോഗം നിമിത്തമായിട്ടുണ്ടായ കർമ്മം നശിക്കുന്നു അനന്തരം അദൃഷ്ടത്തോടുകൂടിയ ആത്മാവിന്റെ സംയോഗം ഹേതുവായിട്ടു പരമാണുക്കളിൽ ദ്വ്യാരംഭത്തിന്നു അനുകൂലമായ കർമ്മം ഉണ്ടാകുന്നു അനന്തരംവിഭാഗമുണ്ടാകുന്നു. അനന്തരംപൂർവ്വസംയോഗനാശം ഭവിക്കുന്നു അനന്തരം ആരംഭകസംയോഗംഭവിക്കുന്നു. അനന്തരം ദ്വ്യണുകമുണ്ടാകുന്നു അനന്തരം അതിങ്കൽ രക്താദിരൂപമുണ്ടാകുന്നു ഇക്രമത്തിന്നു ദശക്ഷണപ്രക്രിയാഎന്നുപേരാകുന്നു ഇനി ഏകാദശക്ഷണപ്രക്രിയയെപറയാം—

വഹ്നിസംയോഗംഹേതുവായിട്ടു പരമാണുക്കളിൽകർമ്മം ഭവിക്കുന്നു. അനന്തരം വിഭാഗവും അനന്തരംദ്വ്യാരംഭകമായസംയോഗത്തിന്റെനാശവും അനന്തരം ദ്വ്യണുകാദിദ്രവ്യനാശവും അനന്തരംവിഭാഗജവിഭാഗവും ശ്യാമനാശവും അനന്തരംപൂർവ്വസംയോഗനാശവുംരക്തോല്പത്തിയും അനന്തരം ഉത്തരസംയോഗവും അനന്തരം പരമാണുകർമ്മനാശവും അനന്തരംഅദൃഷ്ടത്തോടുകൂടിയ ആത്മാവിന്റെ സംയോഗംഹേതുവായിട്ടുപരമാണുക്കളിൽ ദ്വ്യാരംഭത്തിന്നു അനുകൂലമായകർമ്മവും അനന്തരംവിഭാഗവും അനന്തരം പൂർവ്വസംയോഗനാശവും അനന്തരംദ്വ്യാരംഭകമായിരിക്കുന്ന സംയോഗവും അനന്തരം ദ്വ്യണുകാദിദ്രവ്യവും അനന്തരം രക്താദിരൂപവുമുണ്ടാകുന്നു. ഈ ക്രമത്തിന്നു ഏകാദശക്ഷണപ്രക്രിയാഎന്നുപേരാകുന്നു രൂപനാശവും രൂപാന്തരത്തിന്റെ ഉല്പത്തിയും ഇതുകൾരണ്ടും കൂടെ ഏകമായിരിക്കുന്ന അഗ്നിസംയോഗംഹേതുവായിട്ടു ഭവിക്കുന്നില്ല. അതുവരെ ഏകമായിരിക്കുന്ന അഗ്നിസംയോഗം നിശ്ചയമില്ല അത്രതന്നെയല്ല ഉല്പത്തിയെ കുറിച്ചുകാരണമായിട്ടുള്ളതിന്നു നാശത്തെകുറിച്ചു കാരണത്വത്തെയും നാശത്തെകുറിച്ചുകാരണമായിട്ടുള്ളതിന്നു ഉല്പത്തിയെകുറിച്ചുകാരണത്വവും ചേരുന്നതല്ല ഇനിവേറെയും ചിലപ്രക്രിയകൾഉണ്ടു അതുകളെമുക്താവലിയിൽ നോക്കിധരിച്ചുകൊൾക—വിസ്തരഭയംഹേതുവായിട്ടു ഇവിടെ പറയുന്നില്ല. നൈയായികമതത്തിങ്കൽ അവയവങ്ങൾക്കതന്നെ അല്ല അവയവിക്കുംപാകംഭവിക്കുന്നു അവയവിയായവസ്തുവിന്നുസൂക്ഷ്മങ്ങളായ സുഷിരങ്ങൾ ഉണ്ടാകയാൽ അതുകളുടെഉള്ളിൽ പ്രവേശിച്ചിരിക്കുന്ന അഗ്നിയുടെ അവയവങ്ങൾകൊണ്ടുവ്യാവയവങ്ങൾ അവസ്ഥിതങ്ങളായിരിക്കുന്ന സമയത്തിങ്കൽ

ന്ന പാകത്തിന്ന വിരോധം ഭവിക്കുന്നില്ല അതാതവയവങ്ങൾ നശിച്ചു എന്നും ഉണ്ടായി എന്നുമുള്ള കല്പനകൾ ഗൌരവമുണ്ട്. മുമ്പെയാതൊരുഘടം തീയിൽ വെക്കപ്പെട്ടിരിക്കുന്നുവൊ അതുതന്നെ ഇത് എന്നുള്ള ബോധം യഥാൎത്ഥമല്ലാ എന്നുവെക്കുകയും മുൻപറഞ്ഞ ബാധായാതൊന്നും ഭവിക്കുന്നില്ലയൊ അവിടെ അവയവിനാശത്തെ സ്വീകരിക്കുകയുമാം ഇപ്രകാരമാകുന്നു നൈയ്യായികന്മാരുടെ അഭിപ്രായം രൂപരസഗന്ധസ്പൎശങ്ങളിലൊഴിച്ചു മറ്റൊന്നിങ്കൽ പാകജങ്ങളുണ്ടായിഭവിക്കില്ല.

൱൬— ഗണനാവ്യവഹാരെതുഹെതുസ്സംഖ്യാഭിധീയതെ। നി
ത്യെഷു നിത്യമെകത്വമനിത്യെനിത്യമിഷ്യതെ॥

൱൭.— ദ്വിത്വാദയഃ പരാൎദ്ധാന്താ അപെക്ഷാബുദ്ധിജാമതാഃ।
അനെകാശ്രയപൎയ്യാപ്താ എതെതുപരികീൎത്തിതാഃ॥

൱൮— അപെക്ഷാബുദ്ധിനാശാച്ചനാശസ്തെഷാംനിരൂപി
തഃ। അനെകൈകത്വബുദ്ധിൎയ്യാസാപെക്ഷാബുദ്ധിരിഷ്യതെ॥

അന്വയം ——— ഗണനാവ്യവഹാരെ - തു - ഹെതുഃ - സംഖ്യാ - അഭിധീയതെ — നിത്യെഷു - ഏകത്വം — നിത്യം — അനിത്യെ - അനിത്യം — ഇഷ്യതെ — ദ്വിത്വാദയഃ — പരാൎദ്ധാന്താഃ - അപെക്ഷാബുദ്ധിജാഃ — മതാഃ — ഏതെ — തു - അനെകാശ്രയപൎയ്യാപ്താഃ — പരികീൎത്തിതാഃ - തെഷാം — നാശഃ — അപെക്ഷാബുദ്ധിനാശാൽ - നിരൂപിതഃ - ച - അനെകൈകത്വബുദ്ധിഃ — യാ. സാ - അപെക്ഷാബുദ്ധിഃ - ഇഷ്യതെ.

അന്വയാൎത്ഥം - ഗണനാവ്യവഹാരത്തിങ്കൽതന്നെ ഹെതുവായിട്ടുള്ളതു സംഖ്യാ എന്ന അഭിധാനം ചെയ്യപ്പെടുന്നു - നിത്യങ്ങളിലുള്ള ഏകത്വം നിത്യമാകുന്നു അനിത്യങ്ങളിൽ അനിത്യമെന്ന ഇച്ഛിക്കപ്പെടുന്നു ദ്വിത്വാദികളായിട്ടും പരാൎദ്ധപൎയ്യന്തങ്ങളായിരിക്കുന്നതുകൾ അപെക്ഷാബുദ്ധിജങ്ങളാകുന്നു എന്നു മതങ്ങളായിഭവിക്കുന്നു ഇതുകളാകട്ടെ അനെകാശ്രയ പൎയ്യാപ്തങ്ങളാകുന്നു. എന്നു പരികീൎത്തിതങ്ങളായിട്ടുഭവിക്കുന്നു. ഇതുകളുടെ നാശം അപെക്ഷാബുദ്ധിനാശംഹെതുവായിട്ടാകുന്നു എന്നു നിരൂപിതമായിഭവിക്കുന്നു. അനെകൈകത്വബുദ്ധിയാതൊന്നൊ അതു അപെക്ഷാബുദ്ധി എന്നു ചൊല്ലപ്പെടുന്നു.

പരിഭാഷ ——— ഗണനാവ്യവഹാരം=ഗണനകൊണ്ടുള്ള വ്യവഹാരം ഗണനാ സംഖ്യാ- വ്യവഹാരം=വാക്ക- (ഇവനൊരുത്തനാകുന്നു ഇവർ ഇരുപെർ ആകുന്നു ഇങ്ങിനെതുടങ്ങിയുള്ള വാക്കെന്നൎത്ഥം) ഹെതു=കാരണം- സംഖ്യാ=സംഖ്യാ എന്നു

ണം— അഭിധാനംചെയ്യു=പറക- നിത്യങ്ങൾ=നാശമില്ലാത്തവ- ഏകത്വം=ഏകത്വമെന്നസംഖ്യ- നിത്യം=നാശത്തൊടുകൂടാത്തത- അനിത്യം=നാശത്തൊടുകൂടിയത- ദ്വിത്വാദികൾ=ദ്വിത്വംതുടങ്ങിയുള്ളവ— ദ്വിത്വം=ദ്വിത്വമെന്നസംഖ്യ- പരാൎദ്ധാന്തങ്ങൾ=പരാൎദ്ധമാകുന്ന അന്തത്തൊടുകൂടിയവ. പരാൎദ്ധം=പരാൎദ്ധമെന്നസംഖ്യ- അന്തം=ഒടുക്കത്തെത- അപെക്ഷാബുദ്ധിജങ്ങൾ=അപെക്ഷാബുദ്ധി ഹെതുവായിട്ടു ജനിക്കുന്നവ. മതങ്ങൾ=അറിയപ്പെടുന്നവ- അനെകാശ്രയപൎയ്യാപ്തങ്ങൾ=ഏകാശ്രയപൎയ്യാപ്തങ്ങളല്ലാത്തവ- ഏകാശ്രയപൎയ്യാപ്തങ്ങൾ=ഏകാശ്രയത്തിങ്കൽപൎയ്യാപ്തങ്ങൾ- ഏകാശ്രയം=ഏകമായിരിക്കുന്ന ആശ്രയം- ഏകം=ഒന്ന- ആശ്രയം=ഇരിപ്പിടം- പൎയ്യാപ്തം=പൎയ്യാപിക്കുന്നത- പൎയ്യാപിക്ക=തികയുക- പരികീൎത്തിതങ്ങൾ=പരികീൎത്തിക്കപ്പെട്ടവ- പരികീൎത്തിക്ക=പറക- അതുകൾ=ദ്വിത്വാദികൾ- അപെക്ഷാബുദ്ധിനാശം=അപെക്ഷാബുദ്ധിയുടെ നാശം— നിരൂപിതം=നിരൂപിക്കപ്പെട്ടത- നിരൂപിക്ക=ആലൊചിച്ചുനിശ്ചയിക്കുക- അനെകൈകത്വബുദ്ധി= അനെകൈകത്വത്തിന്റെ ബുദ്ധി- അനെകൈകത്വം= അനെകങ്ങളിലുള്ള ഏകത്വം- അനെകങ്ങൾ=ഏകത്വമില്ലാത്തവ- (രണ്ടമൂന്ന ഇത്യാദികളായ സംഖ്യകളൊടുകൂടിയവസ്തുക്കളെന്നസാരം—) ഏകത്വം=ഏകത്വമെന്നസംഖ്യ- വചിക്ക=പറക-

സാരം——— ഗണനാവ്യവഹാരത്തിന്ന ഹെതുവായിട്ടുള്ളഗുണം സംഖ്യയാകുന്നു- അത ഏകത്വംമുതൽ പരാൎദ്ധത്തൊളംഉള്ള ഭെദത്തൊടുകൂടിയതുമാകുന്നു- നിത്യങ്ങളായ വസ്തുക്കളിലിരിക്കുന്ന ഏകത്വം നിത്യമായിട്ടുള്ളതും അനിത്യങ്ങളിലെഏകത്വം അനിത്യമായിട്ടുള്ളതുമാകുന്നു. ദ്വിത്വംമുതൽപരാൎദ്ധംവരെ ഉള്ള സംഖ്യകൾ അപെക്ഷാബുദ്ധിഹെതുവായിട്ട ഉണ്ടാകുന്നതുകളാകുന്നു. ഒരുഇരിപ്പടത്തിങ്കൽതന്നെ പൎയ്യാപ്തിയൊടുകൂടെ അതുകൾ ഇരിക്കില്ല- അപെക്ഷാബുദ്ധിനശിച്ചാൽ നശിക്കുകയും ചെയ്യും മുമ്പെ അപെക്ഷ ബുദ്ധിഉണ്ടാകും പിന്നെ ദ്വിത്വൊൽപത്തിഭവിക്കും അനന്തരം ദ്വിത്വം വിശെഷണമാകുന്നഎന്നുള്ളജ്ഞാനം ഭവിക്കും. അനന്തരം ദ്വിത്വവിശിഷ്ട പ്രത്യക്ഷവും അപെക്ഷാബുദ്ധിയുടെനാശവുംഭവിക്കും- അപെക്ഷാബുദ്ധിനശിച്ചാൽ ദ്വിത്വവും നശിക്കും ജ്ഞാനാന്തരങ്ങൾ ഒക്കെയുംരണ്ടു ക്ഷണങ്ങളിൽതന്നെ ഉള്ളസ്ഥിതിയൊട കൂടിയതാകുന്നു- വിഭുക്കളായിരിക്കുന്ന ദ്രവ്യങ്ങളിലുള്ള യൊഗ്യവിശെഷ ഗുണങ്ങൾ

അതുകളുണ്ടായതിന്റെ ശേഷം ഉണ്ടാകുന്ന ഗുണങ്ങളാൽ നശിപ്പിക്കപ്പെടുന്നതുകളാകുന്നു. അതുഹേതുവായിട്ട മറ്റുള്ള ജ്ഞാനങ്ങൾക്കിപ്രകാരമാകുന്നു എന്നറിക. അപേക്ഷാബുദ്ധിയെന്നത മൂന്നാക്ഷണങ്ങൾ മുഴുവൻ നില്ക്കുകയും ചെയ്യും മറ്റുള്ളതുകളെപ്പോലെ നശിക്കുമെങ്കിൽ ദ്വിത്വപ്രത്യക്ഷം ഭവിക്കയില്ല നിൎവ്വികല്പകജ്ഞാനം ഭവിക്കുന്നതോടുകൂടെ അപേക്ഷാബുദ്ധിനശിച്ചാൽ അനന്തരക്ഷണത്തിങ്കൽതന്നെ ദ്വിത്വം നശിച്ചുപോകും. നശിച്ചാലത ചക്ഷുരാദികൾക്കു വിഷയമായി ഭവിക്കുകയുമില്ല. ഉള്ളവിഷയത്തെ അല്ലാതെ മറ്റുള്ളതിനെ ഇന്ദ്രിയങ്ങൾകൊണ്ടു ഗ്രഹിച്ചുകൂടായല്ലൊ. അതു ഹേതുവായിട്ട അപേക്ഷാബുദ്ധിക്കു നാശകം ദ്വിത്വപ്രത്യക്ഷം മുതലായതു തന്നെ എന്ന കല്പിക്കുന്നു. അപേക്ഷാബുദ്ധി നശിച്ചാൽ ദ്വിത്വം നശിക്കുമെന്നതിന്നു പ്രമാണമെന്താകുന്നു എന്നു ചോദിക്കുന്നുവെങ്കിൽ അപേക്ഷാബുദ്ധി ഇല്ലാത്തപ്പോൾ ദ്വിത്വപ്രത്യക്ഷം ഭവിക്കായ്ക തന്നെ എന്നറിഞ്ഞുകൊൾക. ദ്വിത്വാദികളെ ഉല്പാദിപ്പിക്കുന്നത. അപേക്ഷാബുദ്ധിയാകുന്നുവല്ലൊ അതുഹേതുവായിട്ട അപേക്ഷാബുദ്ധിനാശം ദ്വിത്വാദികളുടെ നാശത്തിന്നുകാരണമായി വരുന്നത യുക്തിയുള്ളതുമാകുന്നു. അപേക്ഷാബുദ്ധിക്കു ദ്വിത്വപ്രത്യക്ഷത്തെ കുറിച്ചുതന്നെ കാരണത്വം എന്തുഹേതുവായിട്ട കല്പിക്കപ്പെടുന്നില്ല. എന്നു ചോദിക്കുന്നു എങ്കിൽ ലാഘവം ഹേതുവായിട്ട തന്നെ എന്നറിഞ്ഞുകൊൾക. ദ്വിത്വത്തെ കുറിച്ചു കാരണത്വത്തെ കല്പിക്കുമ്പോൾ ദ്വിത്വത്തിന്റെ പ്രവേശമാണ അവിടെ വേണ്ടിവരുന്നത. ദ്വിത്വപ്രത്യക്ഷത്തെ കുറിച്ചു കാരണത്വത്തെ കല്പിക്കുമ്പോൾ ദ്വിത്വപ്രത്യക്ഷത്വത്തിന്റെ പ്രവേശം വേണ്ടി വരും. ദ്വിത്വത്വമെന്നത ലഘുധൎമ്മമാകുന്നു. ദ്വിത്വപ്രത്യക്ഷത്വമെന്നത. ഗുരുധൎമ്മമാകുന്നു— ഇതിനെ നോക്കുമ്പോൾ ദ്വിത്വത്തെ കുറിച്ചുള്ളകാരണത്വകല്പനക്കു ലാഘവമുണ്ട എന്നും മറ്റേതിന്നു ഗൌരവമുണ്ട എന്നും അറിഞ്ഞുകൊൾക. ഇപ്രകാരമായാൽ അതീന്ദ്രിയങ്ങളായിരിക്കുന്ന ദ്വ്യണുകം മുതലായ വസ്തുക്കളിലും പരമാണുക്കളിലും നമ്മുടെ അപേക്ഷാബുദ്ധി ഇല്ലായ്കയാൽ ദ്വിത്വാദികളില്ലാ എന്നു വരും എന്നു ശങ്കിക്കരുത. ദ്വ്യണുകാദികളിൽ യോഗികളായിരിക്കുന്നവരുടെ അപേക്ഷാബുദ്ധി ഹേതുവായിട്ടും സൃഷ്ടിയുടെ ആദികാലത്തിങ്കൽ ഉള്ളതുകളായ പരമാണുക്കളിൽ ഈശ്വരന്റെ അപേക്ഷബുദ്ധിയൊ അന്യബ്രഹ്മാണ്ഡത്തി

ന്റെ ഉള്ളിലിരിക്കുന്ന യോഗികളുടെ അപേക്ഷാ ബുദ്ധിയോ രണ്ടിൽവെച്ച ഒന്നു ഹേതുവായിട്ടും ദ്വിത്വമുണ്ടാകുന്നു എന്നു ഗ്രഹിച്ചുകൊൾക- അപേക്ഷാ ബുദ്ധി എന്നത ഇതൊരു വസ്തു അതും ഒരു വസ്തു- ഇങ്ങിനെ തുടങ്ങി അനേക സ്ഥലങ്ങളിലുള്ള ഏകത്വസംഖ്യയുടെ ബോധമാകുന്നു-

൧൦൭. പരിമാണംഭവേന്മാനവ്യവഹാരസ്യകാരണം । അണു ദീൎഘംമഹദ്ധ്രസ്വമിതിതദ്ഭേദഈരിതഃ ॥

അന്വയം—— മാനവ്യവഹാരസ്യ— കാരണം—പരിമാണം- ഭവേൽ- അണു—ദീൎഘം—മഹൽ- ഹ്രസ്വം-ഇതി-തദ്ഭേദഃ— ഈരിതഃ- ഭവതി

അന്വയാൎത്ഥം——മാനവ്യവഹാരത്തിന്റെ കാരണമായിട്ടുള്ളതു പരിമാണമായി ഭവിക്കുന്നു അണു ദീൎഘം മഹത്ത ഹ്രസ്വം ഇങ്ങിനെ തൽഭേദം ഈരിതമായി ഭവിക്കുന്നു-

പരിഭാഷ—— മാനവ്യവഹാരം=മാനം കൊണ്ടുള്ള വ്യവഹാരം- മാനം=പരിച്ഛേദം വ്യവഹാരം=വാക്ക—കാരണം=ഹേതു— (അസാധാരണ കാരണമെന്നു ഗ്രഹിച്ചുകൊൾക) പരിമാണം=പരിമാണമെന്നുള്ള ഗുണം- തൽഭേദം=അതിന്റെ ഭേദം— അത=പരിമാണം- ഭേദം=വിശേഷം- ഈരിതം=ഈരിക്കപ്പെട്ടത- ഈരിക്കു=പറക-

സാരം— ചെറുത എന്നൊ വലുത എന്നൊ നീണ്ടതാകുന്നു എന്നൊ നീളമില്ലാത്തതാകുന്നു എന്നൊ ഉള്ള വാക്കിന്നു അസാധാരണ കാരണമായിട്ടുള്ളതു പരിമാണമെന്ന ഗുണമാകുന്നു— അത അണു മഹത്ത ദീൎഘം, ഹ്രസ്വം ഇങ്ങിനെ നാലു പ്രകാരമായി ഭവിക്കുന്നു-

൧൦൮. അനിത്യേതദനിത്യംസ്യാന്നിത്യേനിത്യമുദാഹൃതം । സംഖ്യാതഃപരിമാണാച്ചപ്രചയാദപിജായതേ ।

൧൦൯. അനിത്യെദ്വ്യണുകാദൌതുസംഖ്യാജന്യമുദാഹൃതംപരിമാണംഘടാദൌതുപരിമാണജമുച്യതേ ॥

൧൧൦. പ്രചയഃശിഥിലാഖ്യോയഃസംയോഗസ്തേനജന്യതേ।പരിമാണംതൂലകാദൌനാശസ്ത്വാശ്രയനാശതഃ ॥

അന്വയം —അനിത്യേ- തൽ— അനിത്യം- സ്യാൽ നിത്യേ- നിത്യം— ഉദാഹൃതം- അനിത്യം- പരിമാണം- സംഖ്യാതഃ-പരിമാണാൽ—പ്രചയാൽ- അപി ജായതേ— സംഖ്യാജന്യം— പരിമാണം-തു- ദ്വ്യണുകാദൌ ഉദാഹൃതം- ഘടാദൌ- പരിമാണം തു പരിമാണജം- ഉച്യതേ ശിഥിലാഖ്യഃ-യഃ— സംയോ

ഗഃ-സഃ-പ്രചയഃ- തേന- ത്രുടകാദൌ- പരിമാണം- ജായതേ- നാശഃ—തു- ആശ്രയനാശതഃ- ഭവതി-

അന്വയാൎത്ഥം—— അനിത്യമായിട്ടുള്ളതിങ്കൽ അത അനിത്യമെന്നും നിത്യത്തിങ്കൽനിത്യമെന്നും ഉദാഹൃതമായിഭവിക്കുന്നു- അനിത്യമായിരിക്കുന്ന പരിമാണം സംഖ്യയിങ്കൽനിന്നും പരിമാണത്തിങ്കൽനിന്നും പ്രചയത്തിങ്കൽനിന്നും ജനിക്കുന്നു- സംഖ്യാജന്യമായിരിക്കുന്ന പരിമാണമാകട്ടെ ദ്വ്യണുകാദിയിങ്കൽ ഉദാഹൃതമായി ഭവിക്കുന്നു- ഘടാദിയിങ്കൽ ഉള്ള പരിമാണമാകട്ടെ പരിമാണജമെന്ന വചിക്കപ്പെടുന്നു ശിഥിലാഖ്യമായിരിക്കുന്ന യാതൊരു സംയോഗം ഭവിക്കുന്നുവൊ അതപ്രചയമാകുന്നു- അതു ഹേതുവായിട്ട ത്രുടകാദിയിങ്കൽ പരിമാണം ജനിക്കുന്നു നാശം ആശ്രയ നാശം ഹേതുവായിട്ട ഭവിക്കുന്നു—

പരിഭാഷ —— അനിത്യം=നിത്യമല്ലാത്തത- നിത്യം=നാശത്തൊടുകൂടാത്തത— ഉദാഹൃതം=ഉദാഹരിക്കപ്പെട്ടത-ഉദാഹരിക്ക=പറക— സംഖ്യ=സംഖ്യയെന്ന ഗുണം— പരിമാണം=പരിമാണമെന്നഗുണം— പ്രചയം=സംയോഗവിശേഷം- ജനിക്ക=ഉണ്ടാക— ദ്വ്യണുകാദി=ദ്വ്യണുകം തുടങ്ങിയുള്ളത സംഖ്യാജന്യം=സംഖ്യയാൽ ജനിപ്പിക്കപ്പെടുന്നത— ഘടാദി ഘടംതുടങ്ങിയുള്ളത ഘടം=കുടം. പരിമാണജം=പരിമാണത്തിങ്കൽനിന്ന ജനിച്ചത—പരിമാണം=പരിമാണമെന്നഗുണം-ശിഥിലാഖ്യം=ശിഥിലമെന്നആഖ്യയൊടുകൂടിയത— ആഖ്യ=പെര— അത=പ്രചയം—ത്രുടകാദി=ത്രുടകംതുടങ്ങിയുള്ളത- ത്രുടകം=പഞ്ഞി. ആശ്രയനാശം=ആശ്രയത്തിന്റെ നാശം— ആശ്രയം=ഇരിപ്പിടം.

സാരം—— അനിത്യമായിരിക്കുന്ന വസ്തുക്കളിലുള്ള പരിമാണം അനിത്യമായിട്ടും നിത്യങ്ങളിലുള്ള പരിമാണം നിത്യമായിട്ടും ഭവിക്കുന്നു- അനിത്യപരിമാണം സംഖ്യയിങ്കൽ നിന്നും പരിമാണത്തിങ്കൽനിന്നും പ്രചയത്തിങ്കൽനിന്നും ഭവിക്കുന്നു സംഖ്യയാലുണ്ടാക്കപ്പെടുന്ന പരിമാണം ദ്വ്യണുകം മുതലായതിന്നാകുന്നു- ദ്വ്യണുകത്തിന്റെ പരിമാണത്തെ കുറിച്ച പരമാണു പരിമാണം കാരണമല്ല- ത്രസരേണുവിന്റെ പരിമാണത്തെ കുറിച്ച ദ്വ്യണുകപരിമാണവും കാരണമല്ല പരിമാണത്തിന്ന തന്നൊട സജാതീയമായിരിക്കുന്ന ഉൽകൃഷ്ടപരിമാണത്തെ ജനിപ്പിക്കുന്നതാകുന്നു താനെന്നുള്ള നിയമമുണ്ട- അ

ത ഹേതുവായിട്ട പരമാണു പരിമാണവും ദ്വ്യണുകപരിമാണവും കാരണമായാൽ ദ്വ്യണുകത്തിന്ന പരമാണുക്കളെക്കാൾ അധികമായ വലിപ്പം ഭവിക്കില്ല. ത്രസരേണുവിന്റെ പരിമാണം സമാനജാതിയായിട്ടുള്ളതുമല്ല അപ്രകാരമാകയാൽ പരമാണുക്കളിലെ ദ്വിത്വസംഖ്യതന്നെ ദ്വ്യണുകപരിമാണത്തെ ഉണ്ടാക്കുന്നു എന്നും ദ്വ്യണുകങ്ങളിലെ ത്രിത്വസംഖ്യതന്നെ ത്രസരേണുപരിമാണത്തെ ഉണ്ടാക്കുന്നു എന്നും അറിഞ്ഞു കൊൾക. ഘടം മുതലായതുകളിലുള്ള പരിമാണം കപാലാദികളുടെ പരിമാണത്തിങ്കൽനിന്ന ജനിക്കുന്നതാകയാൽ പരിമാണജമാകുന്നു. പ്രചയമെന്നത അവയവങ്ങളുടെ ശിഥില സംയോഗമാകുന്നു. അത ഹേതുവായിട്ട പഞ്ഞി മുതലായതിൽ പരിമാണം ഉണ്ടാകുന്നു. പരിമാണനാശത്തെ കുറിച്ച അതിന്റെ ആശ്രയനാശം കാരണമാകുന്നു.

൮൯ സംഖ്യാവത്തു പൃഥക്ത്വം സ്യാൽ പൃഥക്പ്രത്യയകാരണം।
അന്യോന്യാഭാവതോ നാസ്യ ചരിതാർത്ഥത്വമിഷ്യതേ ॥

൯൦. അസ്മാൽ പൃഥഗിദം നേതി പ്രതീതിർഹി വിലക്ഷണാ । അപ്രാപ്തയോസ്തു യാ പ്രാപ്തിസ്സൈവ സംയോഗ ഈരിതഃ ॥

അന്വയം—— പൃഥക്ത്വം- തു— സംഖ്യാവൽ— സ്യാൽ- പൃഥക്പ്രത്യയകാരണം. ച— അന്യോന്യാഭാവതഃ- അസ്യ ചരിതാർത്ഥത്വം- ന— ഇഷ്യതേ അസ്മാൽ— പൃഥക്— ഇദം- ന- ഇതി— പ്രതീതിഃ- ഹി വിലക്ഷണാ— ഭവതി - അപ്രാപ്തയോഃ- തു- പ്രാപ്തിഃ യാ- സാ- ഏവ- സംയോഗഃ ഈരിതഃ

അന്വയാർത്ഥം—— പൃഥക്ത്വമാകട്ടെ സംഖ്യയോട തുല്യമായി ഭവിക്കുന്ന പൃഥക് പ്രത്യയകാരണമായിട്ടും ഭവിക്കുന്നു അന്യോന്യാഭാവം ഹേതുവായിട്ട ഇതിന്ന ചരിതാർത്ഥത്വം ഇച്ശിക്കപ്പെടുന്നില്ല. ഇതിങ്കൽ നിന്ന വേറെയാകുന്നു ഇതല്ല- എന്നുള്ള പ്രതീതി യാതൊന്ന ഹേതുവായിട്ട വിലക്ഷണയായി ഭവിക്കുന്നു അപ്രാപ്തങ്ങളുടെ പ്രാപ്തി യാതൊന്നൊ അത തന്നെ സംയോഗമെന്ന ഈരിതമായിട്ടുള്ളതാകുന്നു.

പരിഭാഷാ—— പൃഥക്ത്വം= പൃഥക്ത്വമെന്ന ഗുണം സംഖ്യാ= സംഖ്യ എന്ന ഗുണം. പൃഥക്പ്രത്യയകാരണം=പൃഥക് പ്രത്യയത്തിന്റെകാരണം. പൃഥക്പ്രത്യയം=വേറെ എന്നുള്ള ബുദ്ധി— ഇതു പൃഥക്ത്വം. ചരിതാർത്ഥത്വം=ചരിതാർത്ഥമാവു എന്നുള്ളത. ചരിതാർത്ഥം=ചരിതമായിരിക്കുന്ന അർത്ഥത്തോടുകൂടിയത— ചരിതം=ഗതം. പ്രതീതി=ബുദ്ധി. വിലക്ഷണാ=വിശേഷമായിരിക്കു

ന്ന ലക്ഷണത്തോടകൂടിയത (പരസ്പരസാദൃശ്യത്തോടകൂടാതത) അപ്രാപ്തയോഃ=പ്രാപ്തങ്ങളല്ലാത്തവ- (തമ്മിൽചേരാതെ നിൽക്കുന്നവ) പ്രാപ്തിതമ്മിലുള്ളചെൎച്ച സംയോഗഃ=സംയോഗമെന്നുള്ളതാം- ഈരീതിയിൽപറകപ്പെട്ടത-

സാരം — ഇത ഇതിങ്കൽ നിന്ന വെറെ ആകുന്നു എന്നുള്ള ബുദ്ധിക്ക അസാധാരണ കാരണമായിരിക്കുന്നത പൃഥക്ത്വമാകുന്നു- നിത്യത്വംകൊണ്ടും അനിത്യത്വംകൊണ്ടും പൃഥക്ത്വം സംഖ്യയോട തുല്യമാകുന്നു- നിത്യങ്ങളിലുള്ള ഏകപൃഥക്ത്വം നിത്യമാകുന്നു എന്നും അനിത്യങ്ങളിലുള്ള ഏകപൃഥക്ത്വം അനിത്യമാകുന്നു എന്നും ദ്വിപൃഥക്ത്വാദികൾ സൎവ്വത്ര അപെക്ഷാബുദ്ധിയാൽ ഉണ്ടാക്കപ്പെടുന്നതാകുന്നു എന്നും അപെക്ഷാബുദ്ധി നശിച്ചാൽ നശിക്കുമെന്നും ഗ്രഹിച്ചുകൊൾക- പൃഥക്ത്വമെന്നത അന്യോന്യാഭാവമല്ല- ഇത ഇതിങ്കൽനിന്ന വെറെയാകുന്നു എന്നുള്ളബുദ്ധിയും ഇത ഇതല്ല എന്നുള്ള ബുദ്ധിയുംതമ്മിൽ അന്യോന്യസാദൃശ്യത്തോടകൂടാത്തതുകളാകുന്നു- ശബ്ദസാദൃശ്യമില്ലാഎങ്കിലും അൎത്ഥസാദൃശ്യംഭവിക്കുന്നു എന്ന ഭവിക്കുന്നത. എന്നാൽ പൃഥക് എന്നുള്ളസ്ഥലത്തിങ്കൽ എന്നപൊലെ ഭിന്നം എന്നുള്ളസ്ഥലത്തിങ്കലുംപഞ്ചമിയുടെപ്രസംഗംഭവിക്കാം- അതുഭവിക്കാഞ്ഞുയാൽ അൎത്ഥഭെദംതന്നെ ഉണ്ട എന്ന ധരിച്ചുകൊൾക- സംയോഗമെന്നത തമ്മിൽ ചെൎച്ചകൂടാതെ ഉണ്ടായിരുന്ന വസ്തുക്കളുടെതമ്മിലുള്ള ചെൎച്ചയാകുന്നു-

൬൧. കീൎത്തിതസ്ത്രിവിധസ്ത്വേഷ ആദ്യോന്യതരകൎമ്മജഃ । തഥോഭയസ്പന്ദജന്യോ ഭവേത്സംയോഗജോപരഃ ॥

൬൨. ആദിമശ്ശ്യേനശൈലാദിസംയോഗഃ പരികീൎത്തിതഃ । മേഷയോസ്സന്നിപാതോ യസ്സ ദ്വിതീയ ഉദാഹൃതഃ ॥

൬൩. കപാലതരുസംയോഗാത്സംയോഗസ്തരുകുംഭയോഃ । തൃതീയസ്സ്യാൽകൎമ്മജോപി ദ്വിധൈവ പരികീൎത്തിതഃ ।

൬൪. അഭിഘാതോ നോദനഞ്ച ശബ്ദഹേതുരിഹാദിമഃ । ശബ്ദാഹേതുൎദ്വിതീയസ്സ്യാദ്വിഭാഗോപി ത്രിധാ ഭവേൽ ॥

൬൫. ഏകകൎമ്മോത്ഥ ഉഭയകൎമ്മജോ വിഭാഗജോപരഃ । വിഭാഗജസ്തൃതീയസ്സ്യാത്തൃതീയോപി ദ്വിധാ ഭവേൽ ।

൬൬. ഹേതുമാത്രവിഭാഗോത്ഥോ ഹേത്വഹേതുവിഭാഗജഃ । പരത്വഞ്ചാപരത്വഞ്ച ദ്വിവിധം പരികീൎത്തിതം ।

൬൭. ദൈശികം കാലികഞ്ചാപി മൂൎത്ത ഏവ തു ദൈശികം । പരത്വം ദേശസംയോഗഭൂയസ്ത്വജ്ഞാനതോ ഭവേൽ ॥

൬൮ *

൱൨൰൧. അപരത്വന്തദല്പത്വബുദ്ധിതസ്സ്യാദിതീരിതന്തയോരസമവായീതുദിസ്സംയോഗസ്തദാശ്രയേ ।

൱൨൰൨. ദിവാകരപരിസ്പന്ദഭൂയസ്ത്വജ്ഞാനതോഭവേൽ । പരത്വമപരത്വഞ്ചതദല്പതാപ്രതീതിതഃ ॥

൱൨൰൩. അത്രത്വസമവായീസ്സ്യാത്സംയോഗഃകാലപിണ്ഡയോഃ । അപേക്ഷാബുദ്ധിനാശേനനാശസ്തേഷാന്നിരൂപിതഃ ॥

അന്വയം — ഏഷഃ — തു — ത്രിവിധഃ — കീൎത്തിതഃ — ഭവതി — ആദ്യഃ — അന്യതരകൎമ്മജഃ — തഥാ — ഏകഃ — ഉഭയസ്പന്ദജന്യഃ — ഭവേൽ — അപരഃ — സംയോഗജഃ — ഭവേൽ — ആദിമഃ — ശ്യേനശൈലാദിസംയോഗഃ — പരികീൎത്തിതഃ — മേഷയോഃ — സന്നിപാതഃ — യഃ — സഃ — ദ്വിതീയഃ — ഉദാഹൃതഃ — കപാലതരുസംയോഗാൽ — തരുകുംഭയോഃ — സംയോഗഃ — തൃതീയഃ — സ്യാൽ — കൎമ്മജഃ — അപി — അഭിഘാതഃ — നോദനം — ച — ഇതി — ദ്വിധാ — ഏവ — പരികീൎത്തിതഃ — ഇഹ — ആദിമഃ ശബ്ദഹേതുഃ — ദ്വിതീയഃ — ശബ്ദാഹേതുഃ — സ്യാൽ — വിഭാഗഃ — അപി — ത്രിധാ — ഭവേൽ — ആദ്യഃ — തു — ഏകകൎമ്മോത്ഭവഃ — ഭവതി — അപരഃ — തു — ദ്വയോഃ — കൎമ്മോത്ഭവഃ — ഭവതി — തൃതീയഃ — വിഭാഗജഃ — സ്യാൽ — തൃതീയഃ — അപി — ഹേതുമാത്രവിഭാഗോത്ഥഃ — ഹേത്വഹേതുവിഭാഗജഃ — ഇതി — ദ്വിധാ — ഭവേൽ — പരത്വം — അപരത്വം — ച — ദൈശികം — കാലികം — അപി — ച — ഇതി — ദ്വിവിധം — പരികീൎത്തിതം — ദൈശികം — പരത്വം — തു — മൂൎത്തേ — ഏവ — ദേശസംയോഗഭൂയസ്ത്വജ്ഞാനതഃ — ഭവേൽ — അപരത്വം — തദല്പത്വബുദ്ധിതഃ — സ്യാൽ — ഇതി — ഈരിതം — ഭവതി — തയോഃ — അസമവായീ — തു — ദിസ്സംയോഗഃ — ഭവതി — തദാശ്രയേ — ദിവാകരപരിസ്പന്ദഭൂയസ്ത്വജ്ഞാനതഃ — പരത്വം — ഭവേൽ — തദല്പതാപ്രതീതിതഃ — അപരത്വം — ച — അത്ര — തു — കാലപിണ്ഡയോഃ — സംയോഗഃ — അസമവായീ — സ്യാൽ — അപേക്ഷാബുദ്ധിനാശേന — തേഷാം — നാശഃ — നിരൂപിതഃ — ഭവതി —

അന്വയാൎത്ഥം — ഇത ത്രിവിധമായിട്ട കീൎത്തിതമായി ഭവിക്കുന്നു- ആദ്യം അന്യതര കൎമ്മജമായിട്ട ഭവിക്കും— അപ്രകാരം ഒന്ന ഉഭയ സ്പന്ദജന്യമായിട്ട ഭവിക്കും അപരം സംയോഗജമായിട്ട ഭവിക്കും ആദിമം ശ്യേനശൈലാദി സംയോഗമെന്ന പരികീൎത്തിതമായി ഭവിക്കുന്നു- മേഷങ്ങളുടെ സന്നിപാതം യാതൊന്നൊ അത ദ്വിതീയമായി ഉദാഹൃതമായി ഭവിക്കുന്നു- കപാലതരുസംയോഗം ഹേതുവായിട്ടുള്ള തരുകുംഭങ്ങളുടെ സം

യോഗം തൃതീയമായി ഭവിക്കും- കൎമ്മജവും അഭിഘാതവും നോദനവും ഇങ്ങിനെ രണ്ടു പ്രകാരമെന്ന തന്നെ പരികീൎത്തിതമായി ഭവിക്കുന്നു ഇതുകളിൽ വെച്ചു ആദിമം ശബ്ദ ഹേതുവായി ഭവിക്കും ദ്വിതീയം ശബ്ദാഹേതുവായി ഭവിക്കും വിഭാഗവും മൂന്നു പ്രകാരമെന്ന ഭവിക്കും ആദ്യം ഏകകൎമ്മോൽഭവമായി ഭവിക്കുന്നു- അപരം ഇരുവരുടെ കൎമ്മോൽഭവമായി ഭവിക്കുന്നു- വിഭാഗജം തൃതീയമായിഭവിക്കും- തൃതീയവും ഹേതുമാത്രവിഭാഗോത്ഥവും ഹേതാഹേതു വിഭാഗജവും ഇങ്ങിനെ പരത്വവും അപരത്വവും ദൈശികവും കാലികവും ഇപ്രകാരം ദ്വിവിധമാക്കിപരികീൎത്തിതമായി ഭവിക്കുന്നു- ദൈശികമായിരിക്കുന്ന പരത്വമാകട്ടെ മൂൎത്തത്തിങ്കൽ തന്നെ ദേശസംയോഗഭൂയസ്ത്വജ്ഞാനം ഹേതുവായിട്ടു ഭവിക്കും അപരത്വം തദല്പബുദ്ധി ഹേതുവായിട്ടു ഭവിക്കും ഇപ്രകാരം ഉദീരിതമായി ഭവിക്കുന്നു. അതുകൾക്കു അസമവായിയാകട്ടെ ദിക്സംയോഗമാകുന്നു കാലാശ്രയത്തിങ്കൽ ദിവാകര പരിസ്പന്ദഭൂയസ്ത്വജ്ഞാനം ഹേതുവായിട്ടു പരത്വം ഭവിക്കും- തദല്പതാപ്രതീതി ഹേതുവായിട്ടു അപരത്വവും ഭവിക്കും- ഇവിടെയാകട്ടെ കാലപിണ്ഡങ്ങളുടെ സംയോഗം അസമവായിയായിട്ടു ഭവിക്കും- അപേക്ഷാ ബുദ്ധിനാശം ഹേതുവായിട്ടു അതുകൾക്കു നാശം നിരൂപിതമായി ഭവിക്കുന്നു—

പരിഭാഷ—— ഇത=സംയോഗം— ത്രിവിധം=മൂന്നുവിധങ്ങളോടുകൂടിയത— വിധകൾ=പ്രകാരങ്ങൾ-കീൎത്തിതം=കീൎത്തിക്കപ്പെട്ടത— കീൎത്തിക്ക=പറക— ആദ്യം=ഒന്നാമത്തേത— അന്യതരകൎമ്മജം=അന്യതരകൎമ്മത്തിങ്കൽനിന്നുജനിച്ചത— അന്യതരകൎമ്മം=അന്യതരത്തിന്റെകൎമ്മം— അന്യതരം=രണ്ടിൽവെച്ചൊന്ന- ഉഭയസ്പന്ദജന്യം=ഉഭയസ്പന്ദത്താൽ ജനിപ്പിക്കപ്പെട്ടത— ഉഭയസ്പന്ദം=രണ്ടു വസ്തുക്കളുടെസ്പന്ദം— സ്പന്ദം=ചലനം— സംയോഗജം=സംയോഗത്തിങ്കൽനിന്നു ജനിച്ചത— ആദിമം=ഒന്നാമത്തേത- ശ്യേനശൈലാദിസംയോഗം=ശ്യേനശൈലാദികളുടെ സംയോഗം— ശ്യേനശൈലാദികൾ=ശ്യേനശൈലങ്ങൾതുടങ്ങിയുള്ളവ— ശ്യേനശൈലങ്ങൾ=ശ്യേനവും ശൈലവും- ശ്യേനം=പരുന്ത- ശൈലം=പൎവ്വതം- പരികീൎത്തിതം=പരികീൎത്തിക്കപ്പെട്ടത- പരികീൎത്തിക്ക=പറക— മേഷങ്ങൾ=ആടുകൾ സന്നിപാതം=സംയോഗം— ദ്വിതീയം=രണ്ടാമത്തേത— ഉദാഹൃതം=ഉദാഹരിക്കപ്പെട്ടത— ഉദാഹരിക്ക പറക- കപാ

ലതരുസംയോഗം=കപാലതരുക്കളുടെ സംയോഗം- കപാലതരുക്കൾ=കപാലവും തരുവും- കപാലം=ഘടാവയവവിശേഷം- തരു=വൃക്ഷം- തരുകരണങ്ങൾ=തരുവും കരണവും— തരു=വൃക്ഷം- കരണം=കടം- തൃതീയം=മൂന്നാമത്തെ— കൎമ്മജം=കൎമ്മത്തിങ്കൽനിന്നു ജനിക്കുന്നത- പരികീൎത്തിതം=പരികീൎത്തിക്കപ്പെട്ടത ആദിമം=ഒന്നാമത്തെ— (അഭിഘാതമെന്നു സാരം) ശബ്ദഹേതു ശബ്ദത്തിന്നു ഹേതു- ഹേതു=കാരണം— ദ്വിതീയം=രണ്ടാമത്തെ. (നോദനമെന്നു സാരം) ശബ്ദാഹേതു=ശബ്ദത്തിന്നു അഹേതു- അഹേതു ഹേതുവല്ലാത്തത. വിഭാഗം= വിഭാഗമെന്നുള്ളതും— ഏകകൎമ്മോത്ഭവം=ഏകകൎമ്മത്തിങ്കൽനിന്നു ഉത്ഭവിക്കുന്നത- ഏകകൎമ്മം=ഒന്നിന്റെ കൎമ്മം— അപരം അന്യം— കൎമ്മോത്ഭവം=കൎമ്മത്തിങ്കൽനിന്നു ഉത്ഭവിക്കുന്നത- തൃതീയം=മൂന്നാമത്തെ- വിഭാഗജം=വിഭാഗത്തിങ്കൽനിന്നു ജനിച്ചത— തൃതീയം=മൂന്നാമത്തെത- ഹേതുമാത്രവിഭാഗോത്ഥം=ഹേതുമാത്രവിഭാഗത്തിങ്കൽനിന്നു ഉണ്ടായത— ഹേതുമാത്രവിഭാഗം=ഹേതുമാത്രത്തിന്റെ വിഭാഗം- ഹേതുമാത്രം=കാരണമാത്രം— ഹേത്വഹേതുവിഭാഗജം=ഹേത്വഹേതുവിഭാഗത്തിങ്കൽനിന്നു ജനിച്ചത- ഹേത്വഹേതുവിഭാഗം=ഹേത്വഹേതുക്കളുടെ വിഭാഗം— ഹേത്വഹേതുക്കൾ=ഹേതുവും അഹേതുവും- ഹേതു=കാരണം- അഹേതു=ഹേതുവല്ലാത്തത- പരത്വം=പരത്വമെന്നുള്ളതും— അപരത്വം=അപരത്വമെന്നുള്ളതും- ദൈശികം=ദേശത്താലുണ്ടാക്കപ്പെട്ടത- കാലികം കാലത്താലുണ്ടാക്കപ്പെട്ടത ദ്വിവിധം=രണ്ടുവിധങ്ങളോടുകൂടിയത-വിധങ്ങൾ=പ്രകാരങ്ങൾ- ദൈശികം=ദേശത്താലുണ്ടാക്കപ്പെട്ടത—പരത്വം=പരത്വമെന്നുള്ളതും- മൂൎത്തം=അപകൃഷ്ടപരിമാണമായവസ്തു— ദ്രഷ്ടൃസംയോഗഭൂയസ്ത്വജ്ഞാനം=ദ്രഷ്ടൃസംയോഗഭൂയസ്ത്വത്തിന്റെ ജ്ഞാനം- ദ്രഷ്ടൃസംയോഗഭൂയസ്ത്വം=ദ്രഷ്ടൃസംയോഗത്തിന്റെ ഭൂയസ്ത്വം- ദ്രഷ്ടൃസംയോഗം=ദ്രഷ്ടൃത്തിന്റെ സംയോഗം- ഭൂയസ്ത്വം=ആധിക്യം ജ്ഞാനം=അറിവ. അപരത്വം=അപരത്വമെന്നുള്ളതും. തദല്പത്വബുദ്ധി=തദല്പത്വത്തിന്റെ ബുദ്ധി- തദല്പത്വം=അതിന്റെ അല്പത്വം- അതു ദേശസംയോഗം— അല്പത്വം=അല്പത= ബുദ്ധി ബോധം- ഈരിതം=പറകപ്പെട്ടത— അതുകൾ=ദൈശികപരത്വാപരത്വങ്ങൾ- അസമവായി=അസമവായികാരണം- തദാശ്രയം=അതിന്റെ ആശ്രയം- അത=പരത്വം- ദിവാകരപരിസ്പന്ദഭൂയസ്ത്വജ്ഞാനം=ദിവാകരപരിസ്പന്ദഭൂയസ്ത്വത്തിന്റെ ജ്ഞാനം- ദിവാകരപരിസ്പന്ദഭൂയ

സ്യം=ദിവാകരപരിസ്പന്ദങ്ങളുടെഭൂയസ്ത്വം. ദിവാകരപരിസ്പന്ദങ്ങൾ= ദിവാകരന്റെപരിസ്പന്ദങ്ങൾ. ദിവാകരൻ=ആദിത്യൻ. പരിസ്പന്ദങ്ങൾ=ചലനങ്ങൾ. ഭൂയസ്ത്വം=ആധിക്യം— അല്പത്വപ്രതീതി=അല്പത്വത്തിന്റെപ്രതീതി— അല്പത്വം= അതുകളുടെ അല്പത്വം— അതുകൾ=ദിവാകരപരിസ്പന്ദങ്ങൾ അല്പത്വം=അല്പതാ. പ്രതീതി=ബോധം. കാലപിണ്ഡങ്ങൾ=കാലവും പിണ്ഡവും— പിണ്ഡം=വ്യക്തി. അസമവായി=അസമവായികാരണം. അപേക്ഷാബുദ്ധിനാശം=അപേക്ഷാബുദ്ധിയുടെനാശം. അതുകൾ=ദൈശികങ്ങളായിട്ടും കാലികങ്ങളായിട്ടുമുള്ളപരത്വാപരത്വങ്ങൾ.

സാരം______ മേൽപറഞ്ഞസംയോഗംരണ്ടുവസ്തുക്കളിൽ വെച്ചു ഒന്നിന്റെ കൎമ്മംഹേതുവായിട്ടും രണ്ടിന്റെകൎമ്മം ഹേതുവായിട്ടും സംയോഗംഹേതുവായിട്ടും ഉണ്ടാവുന്നതാകയാൽ മൂന്നുവിധമാകുന്നു. പരുന്തിന്റെയും പൎവ്വതത്തിന്റെയും തമ്മിലുള്ളസംയോഗം പരുന്തിന്റെകൎമ്മംഹേതുവായിട്ടു ഉണ്ടാവുന്നതാകയാൽ ആദ്യമായിപ്പറയപ്പെട്ടതാകുന്നു. ആടുകൾ അകലെനിന്നോടി അടുത്ത അങ്ങോട്ടുമിങ്ങോട്ടും മുട്ടുമ്പോൾ ഉണ്ടാവുന്നസംയോഗംരണ്ടുവസ്തുക്കളുടെ കൎമ്മംഹേതുവായിട്ടുണ്ടാകുന്നതാകുന്നു. കപാലവും വൃക്ഷവുംതമ്മിൽ സംയോഗമുള്ളതുകളായാൽ അതുഹേതുവായിട്ടു ഘടത്തിന്നും വൃക്ഷത്തിന്നും തമ്മിലുണ്ടാവുന്നസംയോഗം മൂന്നാമതുപറയപ്പെട്ടതാകുന്നു. കൎമ്മംഹേതുവായിട്ടുണ്ടാകുന്നസംയോഗം ശബ്ദത്തെ ജനിപ്പിക്കുന്നതാകയാൽ അതിന്നുപേർ അഭിഘാതമെന്നും ശബ്ദത്തെ ജനിപ്പിക്കാത്തതിന്നു നോദനമെന്നും പേരാകുന്നു. വിഭാഗമെന്നഗുണവുംസംയോഗമെന്നപോലെമൂന്നുവിധമാകുന്നു. ശ്യേനശൈലവിഭാഗത്തിങ്കൽ ശ്യേനകൎമ്മമായ ഉല്പതനം കാരണമാകയാലും പൎവ്വതത്തിന്നു കൎമ്മമില്ലായ്കയാലും ഏകകൎമ്മത്തിങ്കൽനിന്നു ഉത്ഭവിച്ചതാകുന്നു. ആടുകൾതമ്മിൽമുട്ടി രണ്ടുംഒഴിച്ചുപിന്നാക്കം പോകുമ്പോൾ തമ്മിലുണ്ടാകുന്നവിഭാഗം രണ്ടിന്റെയും കൎമ്മംഹേതുവായിട്ടു ഉത്ഭവിച്ചതാകുന്നു. വിഭാഗത്തിങ്കൽനിന്നുണ്ടാകുന്ന വിഭാഗംകാരണമാത്രത്തിന്റെ വിഭാഗം ഹേതുവായിട്ടുംകാരണാകാരണങ്ങളുടെ വിഭാഗംഹേതുവായിട്ടുംഉണ്ടാകുന്നതാകയാൽ രണ്ടുവിധമാകുന്നു. കപാലത്തിങ്കൽ കൎമ്മവും അനന്തരം കപാലവിഭാഗവും അനന്തരം ഘടാരംഭകസംയോഗനാശവും അനന്തരം ഘടനാശവും അനന്തരംമേൽപ്രകാരമുള്ള കപാലവി

ഭാഗത്താൽ കൎമ്മത്തൊടുകൂടിയ കപാലത്തിന്ന ആകാശാദിവിഭാഗവും ഉണ്ടാക്കപ്പെടുന്നു അതുകളിൽവെച്ച ആകാശാദിവിഭാഗം വിഭാഗത്താൽ ജനിപ്പിക്കപ്പെട്ടതാകയാൽ മെൽപറകപ്പെട്ടതുകളിൽവെച്ച മൂന്നാമത്തതാകുന്നു. വിഭാഗജവിഭാഗമുണ്ടായാൽ അനന്തരം പൂൎവ്വസംയൊഗനാശവും അനന്തരം ഉത്തരദെശസംയൊഗവും പിന്നെ കൎമ്മനാശവും ഭവിക്കും. അങ്ങിനെയുള്ള കൎമ്മത്താൽ തന്നെ ദെശാന്തരസംയൊഗത്തിന്ന വിരൊധിയായ വിഭാഗം എന്തകൊണ്ട ജനിപ്പിക്കപ്പെടുന്നില്ലാ എന്നാ ചൊദിക്കുന്നു എങ്കിൽ പറയാം.

ഒരു കൎമ്മത്തിന്ന തന്നെ ആരംഭകസംയൊഗത്തിന്ന വിരൊധിയായ വിഭാഗത്തെ ജനിപ്പിക്കുന്നതാവൂ എന്നുള്ള അവസ്ഥയും ആരംഭകമല്ലാതെ ഉള്ള സംയൊഗത്തിന്ന വിരൊധിയായ വിഭാഗത്തെ ജനിപ്പിക്കുന്നതാവൂ എന്നുള്ള അവസ്ഥയുംകൂടി വരികയില്ല വരുമെങ്കിൽ വിടൎന്നിരിക്കുന്നതാമരപ്പൂവിന്ന ഭംഗം ഭവിക്കയുമാം. അതഹെതുവായിട്ട യാതൊന്ന ആരംഭകസംയൊഗമല്ലാതെ ഇരിക്കുന്ന സംയൊഗത്തിന്ന വിരൊധിയായ വിഭാഗത്തെ ജനിപ്പിക്കുന്നുവൊ അത ആരംഭകസംയൊഗത്തിന്ന വിരൊധിയായ വിഭാഗത്തെ ജനിപ്പിക്കില്ലാ എന്നും അതിനെ ജനിപ്പിക്കുന്നത മറ്റെതിനെ ജനിപ്പിക്കില്ലാ എന്നും അറിഞ്ഞുകൊൾക. കാരണവിഭാഗഹെതുവായിട്ട തന്നെ ഘടനാശം ഭവിക്കുന്നതിന്നുമുമ്പ എന്തഹെതുവായിട്ട ദെശാന്തരവിഭാഗം ജനിക്കുന്നില്ല എന്നു ചൊദിക്കുന്നു എങ്കിൽ ആരംഭകസംയൊഗത്തിന്നവിരൊധിയായ വിഭാഗത്തൊടുകൂടിയതായ അവയവം അവയവിയായ ദ്രവ്യമുള്ളപ്പൊൾ ദെശാന്തരവിഭാഗത്തിന്ന ആശ്രയമായി ഭവിക്കയില്ല ഇതഹെതുവായിട്ടത്രെ എന്നറിഞ്ഞുകൊൾക. ഹസ്തക്രിയഹെതുവായിട്ട ഹസ്തവൃക്ഷവിഭാഗം ഭവിച്ചാൽ അതുഹെതുവായിട്ട ശരീരവൃക്ഷവിഭാഗം ഭവിക്കുന്നു യാതൊന്നൊ അതു കാരണാകാരണവിഭാഗജമായിരിക്കുന്ന വിഭാഗമാകുന്നു വിഭാഗമെന്നത സംയൊഗനാശസ്വരൂപമല്ല. "സംയൊഗനാശസ്വരൂപമാകുന്നു എങ്കിൽ ഇത വിഭക്തമായി എന്നുള്ള ബുദ്ധി ഭവിക്കയില്ല. അതുഹെതുവായിട്ട വെറെ ഗുണമാകുന്നു എന്നു ധരിച്ചുകൊൾക. പരമെന്നും അപരമെന്നും എന്നുള്ളവ്യവഹാരത്തിന്ന നിമിത്തം പരത്വവും അപരത്വവുമാകുന്നു ദൈശികമായിരിക്കുന്ന പരത്വം ഒന്നിനെ അപെക്ഷിച്ചിട്ട മറ്റെതിന്ന ബഹുതരദെശങ്ങളുടെ സംയൊഗം ഉള്ളതിങ്ക

ളുണ്ട് എങ്കിൽ അതിങ്കൽ തൊന്നുന്ന ദൂരസംയൊഗത്തിന്നു അല്പതയാകുന്നു ഉള്ളതെങ്കിൽ അതിങ്കൽ ദൈശികമായിരിക്കുന്നു അപരത്വവും തൊന്നുന്നു. പാടലീപുത്രകനഗരത്തിങ്കൽനിന്നു കാശിക്കു പ്രയാഗത്തിനൊടുകൂടി നൊക്കുമ്പൊൾ പ്രയാഗം ബഹുതരദെശങ്ങൾ മദ്ധ്യത്തിങ്കൽ സംയൊഗിച്ചിരിക്കയാൽ പരമാകുന്നു പാടലീപുത്രകത്തിൽനിന്നുതന്നെ കുരുക്ഷെത്രത്തെ അപെക്ഷിക്കുമ്പൊൾ പ്രയാഗം അപരമാകുന്നു. ഇങ്ങിനെ ദൈശികപരത്വാപരത്വങ്ങളെ ഗ്രഹിച്ചുകൊൾക. ദൈശികപരത്വാപരത്വങ്ങൾക്കു അസമവായികാരണം ദിക്സംയൊഗമാകുന്നു. കാലികപരത്വാപരത്വങ്ങൾ സൂൎയ്യപരിസ്പന്ദങ്ങളുടെ ആധിക്യത്തെയും ന്യൂനതയെയും അപെക്ഷിച്ചിട്ടു ജ്യെഷ്ഠകനിഷ്ഠാദികളിൽ ഉണ്ടാകുന്നതാകുന്നു. കാലികപരത്വാപരത്വങ്ങൾ ജന്യദ്രവ്യത്തിങ്കൽ തന്നെ ഇരിക്കുന്നതുകളാകുന്നു. അതുകൾക്കു അസമവായികാരണം കാലപിണ്ഡങ്ങളുടെ സംയൊഗമാകുന്നു. ദൈശികങ്ങൾ രണ്ടു കാലികങ്ങൾ രണ്ടു ഇങ്ങിനെ നാലുപ്രകാരമായ പരത്വാപരത്വങ്ങൾക്കു നിത്യതയില്ല അപെക്ഷാബുദ്ധിയാൽ ഉണ്ടാക്കപ്പെടുന്നതുകളാകയാൽ അതു നശിക്കുന്നതുവരെ അതുകൾ നില്ക്കും. പിന്നെ നശിക്കും. ഇനി ക്രമപ്രാപ്തമായിരിക്കുന്ന ബുദ്ധിയുടെ ചിലഅംശങ്ങളെക്കുറിച്ചു മുൻപെ വെവ്വെറെ പറകപ്പെട്ടിരിക്കയാൽ പരിശിഷ്ടഭാഗത്തെക്കുറിച്ചു പറകപ്പെടുവാൻ യൊഗ്യതയായിട്ടുള്ളതായതുകൊണ്ടു അതിനെ വെണ്ടുംപ്രകാരം പറവാൻ ആരംഭിക്കുന്നു.

൬൮—ബുദ്ധെഃ പ്രപഞ്ചഃ പ്രാഗെവ പ്രായശൊ വിനിരൂപിതഃ ।
അഥാവശിഷ്ടൊപ്യപരഃ പ്രകാരൊ ദൎശ്യതെ ॥

അന്വയം — ബുദ്ധെഃ-പ്രപഞ്ചഃ പ്രാക് എവ-പ്രായശഃ-വിനിരൂപിതഃ-അഥ-അവശിഷ്ടഃ-അപരഃ-പ്രകാരഃ-അപി-പരിദൎശ്യതെ.

അന്വയാൎത്ഥം — ബുദ്ധിയുടെ പ്രപഞ്ചം മുമ്പെ തന്നെ പ്രായെണ വിനിരൂപിതമായി ഭവിക്കുന്നു. അനന്തരം അവശിഷ്ടമായി അപരമായിരിക്കുന്ന പ്രകാരവും പരിദൎശിപ്പിക്കപ്പെടുന്നു

പരിഭാഷ — ബുദ്ധി=ജ്ഞാനം. പ്രപഞ്ചം=വിസ്താരം — വിനിരൂപിതം=വിനിരൂപിക്കപ്പെട്ടത — വിനിരൂപിക്ക= അറിയിക്കുക. അവശിഷ്ടം=അവശെഷിച്ചത—അപരം=അന്യം. പരിദൎശിപ്പിക്ക=കാണിപ്പിക്ക.

സാരം — ബുദ്ധിയുടെ ഭെദങ്ങളെ മിക്കതും ആദ്യനിരൂപണ

ത്തിങ്കൽ പ്രസംഗവശാൽ അറിയിച്ചു ഇനി അവശിഷ്ടമായിട്ടുള്ള പ്രകാരം യാതൊന്നൊ അതിനെ ദർശിപ്പിക്കുന്നു.

൧൨൭. അപ്രമാ ച പ്രമാ ചേതി ജ്ഞാനം ദ്വിവിധമിഷ്യതെ തച്ഛൂന്യെ തന്മതിര്യാ സ്യാദപ്രമാ സാ നിരൂപിതാ ॥

൧൨൮. തൽപ്രപഞ്ചോ വിപര്യാസഃ സംശയോപി പ്രകീർത്തിതഃ। ആദ്യോ ദെഹെഷ്വാത്മബുദ്ധിശ്ശംഖാദൌ പീതതാമതിഃ ॥

൧൨൯. ഭവെന്നിശ്ചയരൂപായസ്സംശയോഥ പ്രദശ്യതെ। കിംസ്വിന്നരൊ വാ സ്ഥാണുർവ്വെത്യാദിബുദ്ധിസ്തു സംശയഃ ॥

അന്വയം അപ്രമാ — ച — പ്രമാ — ച ഇതി — ജ്ഞാനം — ദ്വിവിധം — ഇഷ്യതെ — തച്ഛൂന്യെ യാ — തന്മതിഃ — സ്യാൽ — സാ അപ്രമാ — നിരൂപിതാ — വിപര്യാസഃ — സംശയഃ — അപി — തൽപ്രപഞ്ചഃ — പ്രകീർത്തിതഃ — ദെഹെഷു — നിശ്ചയരൂപാ യാ — ആത്മബുദ്ധിഃ — സാ — ച — ശംഖാദൌ നിശ്ചയരൂപാ യാ — പീതതാമതിഃ — സാ — ച — ആദ്യഃ — അഥ — സംശയഃ — പ്രദശ്യതെ — നരഃ — വാ — കിംസ്വിൽ — സ്ഥാണുഃ — വാ — ഇത്യാദി — ബുദ്ധിഃ — തു — സംശയഃ — ഭവതി —

അന്വയാർത്ഥം ——— അപ്രമയും പ്രമയും ഇപ്രകാരം ജ്ഞാനം ദ്വിവിധമായിട്ടു ഇച്ഛിക്കപ്പെടുന്നു. തച്ഛൂന്യത്തിങ്കൽ യാതൊരു തന്മതി ഭവിക്കുന്നുവൊ അതു അപ്രമാ എന്നു നിരൂപിതയായി ഭവിക്കുന്നു. വിപര്യാസവും സംശയവും തൽപ്രപഞ്ചമെന്നു പ്രകീർത്തിതമായി ഭവിക്കുന്നു. ദെഹങ്ങളിൽ നിശ്ചയരൂപയായിട്ടു യാതൊരു ആത്മബുദ്ധി ഭവിക്കുന്നുവൊ അതും ശംഖാദിയിങ്കൽ നിശ്ചയരൂപയായിട്ടു യാതൊരു പീതതാമതി ഭവിക്കുമൊ അതും ആദ്യമായി ഭവിക്കുന്നു. അനന്തരം സംശയം പ്രദർശിപ്പിക്കപ്പെടുന്നു നരനൊ സ്ഥാണുവൊ ഇത്യാദിബുദ്ധിയാകട്ടെ സംശയമായി ഭവിക്കുന്നു —

പരിഭാഷാ — അപ്രമാ = പ്രമയല്ലാത്തതു — പ്രമാ = യഥാർത്ഥജ്ഞാനം ദ്വിവിധം = രണ്ടുവിധങ്ങളൊടുകൂടിയതു. വിധങ്ങൾ = പ്രകാരങ്ങൾ — തച്ഛൂന്യം = അതിനൊടുകൂടാത്തതു. തന്മതി = അതിന്റെ മതി — മതി = ബൊധം അപ്രമാ = അപ്രമാ എന്ന പെരൊടുകൂടിയതു. നിരൂപിത = നിരൂപിക്കപ്പെട്ടു. നിരൂപിപ്പിക്ക = ഗ്രഹിപ്പിക്ക — വിപര്യാസം = വിപരീതജ്ഞാനം. തൽപ്രപഞ്ചം = അതിന്റെ പ്രപഞ്ചം. അതു = അപ്രമാ — പ്രപഞ്ചം = വിസ്താരം — പ്രകീർത്തിതം = പ്രകീർത്തിക്കപ്പെട്ടതു. പ്രകീർത്തിക്ക = പറക. ദെഹങ്ങൾ = ശരീരങ്ങൾ. നിശ്ചയരൂപാ നിശ്ചയസ്വരൂപം. ആത്മബുദ്ധി = ആത്മാവു എന്നുള്ള ബുദ്ധി. ആത്മാവു = താൻ. ശംഖാദി = ശം

ഖം തുടങ്ങിയുള്ളത- ശംഖം ശംഖേ— പീതതാമതി-പീതതയുടെ മതി— പീതതാ=പീതമാവു എന്നുള്ളത— പീതം=പീതവൎണ്ണം=മതി=ബുദ്ധി- പ്രദൎശിപ്പിക്കു=കാണിക്കുക- നരൻ=പുരുഷൻ— സ്ഥാണു=തൂണ- ഇത്യാദിബുദ്ധി=ഇത്യാദിജ്ഞാനം- സംശയം=സംശയമെന്നപെരൊടുകൂടിയത-

സാരം—— അപ്രമയും പ്രമയും ഇപ്രകാരം ജ്ഞാനം രണ്ടുവിധമാകുന്നു- അപ്രമാ എന്നത അതിനൊടുകൂടാത്തതിനെ അതിനൊടു കൂടിയത എന്നുഗ്രഹിക്കുന്നതയാതൊന്നൊ അതാകുന്നു അപ്രകാരമുള്ള അപ്രമാ വിപൎയ്യയവും സംശയവും ഇപ്രകാരം രണ്ടുവകയായിട്ടുണ്ടു വിപൎയ്യയമെന്നത ദെഹാദികളിലുള്ള ആത്മബുദ്ധിയും ശംഖമുതലായവസ്തുക്കളെ പീതവൎണ്ണംമുതലായതൊടു കൂടിയതുകളാകുന്നു എന്നിപ്രകാരം ഗ്രഹിക്കുകയും വിപൎയ്യയമാകുന്നു ഇതപുരുഷനൊ തൂണൊ എന്നുള്ള ബുദ്ധിസംശയമാകുന്നു ഇപ്രകാരം മററുള്ള സംശയങ്ങളെയും ഗ്രഹിച്ചുകൊൾക-

കേരള സാഹിത്യ അക്കാദമി

൬൪— തദഭാവാപ്രകാരാധീസ്തൽപ്രകാരാചനിശ്ചയഃ। സംശയൊ മതിൎയ്യാസ്യാദെകത്രാഭാവഭാവയൊഃ ॥

അന്വയം—— ധീഃ- തദഭാവാപ്രകാരാ- തൽപ്രകാരാ-ച-നിശ്ചയഃ— ഭവതി—തൽപ്രകാരഃ- ഭവതി- ഏകത്ര— അഭാവഭാവയൊഃ- യാ-മതിഃ- സ്യാൽ— സാ— സംശയഃ—

അന്വയാൎത്ഥം — ധീ തദഭാവാപ്രകാരയായിട്ടും തൽപ്രകാരയായിട്ടുമുള്ള ധീനിശ്ചയമായിഭവിക്കുന്നു- ഒന്നിങ്കൽ അഭാവഭാവങ്ങളുടെ യാതൊരുമതിഭവിക്കുമൊ അതസംശയമായിഭവിക്കുന്നു-

പരിഭാഷ —— ധീ=ബുദ്ധി— തദഭാവാപ്രകാരാ=തദഭാവമാകുന്ന പ്രകാരത്തൊടുകൂടാത്തത- തദഭാവം=അതിന്റെ അഭാവം- അഭാവം=ഇല്ലായ്മ- പ്രകാരം=വിശെഷണം- തൽപ്രകാരം=അതാകുന്ന പ്രകാരത്തൊടുകൂടിയത പ്രകാരം=വിശെഷണം—ഏകം=ഒരുവസ്തു- അഭാവഭാവങ്ങൾ അഭാവവും ഭാവവും- അഭാവം= ഇല്ലായ്മ- ഭാവം=സത്താ— മതി=ബുദ്ധി സംശയം=സംശയമെന്ന പെരൊടുകൂടിയത-

സാരം—— തദഭാവം പ്രകാരമല്ലാതെയും അതപ്രകാരമായിട്ടുംയാതൊരുജ്ഞാനം ഭവിക്കുന്നുവൊ അതനിശ്ചയമാകുന്നു- സംശയമെന്നത ഒന്നിങ്കൽ ഒന്നിന്റെഭാവത്തിന്റെയും അഭാവത്തിന്റെയും കൂടിയുള്ള ഗ്രഹണമാകുന്നു-

൬൫— സാധാരണാദിധൎമ്മസ്യജ്ഞാനംസംശയകാരണം। ദൊ

ഷോപ്രമായാജനകഃ പ്രമായാസ്തു ഗുണോഭവേൽ॥

൱൧. പിത്തദൂരത്വാദിരൂപോദോഷോനാനാവിധഃസ്മൃതഃ। പ്രത്യക്ഷേതുവിശേഷ്യേണവിശേഷണവതാസമം॥

൱൨. സന്നികൎഷോഗുണസ്തുസ്യാദഥത്വനുമിതൌപുനഃ। പക്ഷേസാധ്യ വിശിഷ്ടേതുപരാമൎശോഗുണോഭവേൽ॥

അന്വയം —— സാധാരണാദിധൎമ്മസ്യജ്ഞാനം- സംശയകാരണം- ഭവതി- ദോഷഃ— അപ്രമായാഃ- ജനകഃ- പ്രമായാഃ— തു- ഗുണഃ- ജനകഃ- ഭവേൽ- പിത്തദൂരത്വാദിരൂപഃ— ദോഷഃ- നാനാവിധഃ സ്മൃതഃ- പ്രത്യക്ഷേ- വിശേഷണവതാ- വിശേഷ്യേണ സമം- സന്നികൎഷഃ തു ഗുണഃ സ്യാൽ അഥ തു- അനുമിതൌ- പുനഃ- സാധ്യവിശിഷ്ടേ- പക്ഷേ- തു പരാമൎശഃ ഗുണഃ- ഭവേൽ-

അന്വയാൎത്ഥം —— സാധാരണാദിധൎമ്മത്തിന്റെ ജ്ഞാനം സംശയകാരണമായി ഭവിക്കുന്നു ദോഷം അപ്രമയുടെജനകമായിഭവിക്കും പ്രമക്കാകട്ടെ ഗുണംജനകമായിഭവിക്കും. പിത്തദൂരത്വാദി രൂപമാകയാൽ ദോഷം നാനാവിധമെന്നുസ്മൃതമാകുന്നു. പ്രത്യക്ഷങ്ങളിൽ വിശേഷണവത്തായിരിക്കുന്ന വിശേഷ്യത്തോടുകൂടെ സന്നികൎഷമാകട്ടെ ഗുണമായിഭവിക്കും ഇനിഅനുമിതിയിങ്കലാകട്ടെ സാധ്യവിശിഷ്ടമായിതന്നെ ഇരിക്കുന്നപക്ഷത്തിങ്കലുള്ള പരാമൎശം ഗുണമായിഭവിക്കും.

പരിഭാഷ — സാധാരണാദിധൎമ്മം=സാധാരണാദിയായിരിക്കുന്നധൎമ്മം സാധാരണാദി=സാധാരണംതുടങ്ങിയുള്ളത- സാധാരണം=സമാനം- (രണ്ടിങ്കലുമിരിക്കുന്നത) സംശയകാരണം=സംശയത്തിന്നകാരണം അപ്രമാ=അയഥാൎത്ഥജ്ഞാനം- ജനകം= ഉൽപാദകം- (ഹേതുവെന്നസാരം) പിത്തദൂരത്വാദിരൂപം- പിത്തദൂരത്വാദികളാകുന്നരൂപങ്ങളോടുകൂടിയത- പിത്തദൂരത്വാദികൾ=പിത്തദൂരത്വങ്ങൾതുടങ്ങിയുള്ളവ— പിത്തദൂരത്വങ്ങൾ= പിത്തവും- ദൂരത്വവും- ദൂരത്വം=ദൂരമാവുന്നുള്ളത- ദൂരം=അകലെയുള്ളത- നാനാവിധം=ബഹുവിധം- വിശേഷണവത്ത=വിശേഷണമുള്ളത- സന്നികൎഷം=ഇന്ദ്രിയസംബന്ധം- അനുമിതി= അനുമിതിയെന്നജ്ഞാനം- സാധ്യവിശിഷ്ടം=സാധ്യത്തോടുകൂടിയത- സാധ്യം=തിയ്യുമുതലായത- പക്ഷം=പൎവ്വതാദി പരാമൎശം=പരാമൎശമെന്നജ്ഞാനം

സാരം—— സംശയത്തിന്നരണ്ടുവസ്തുക്കളിലും ഇരിക്കുന്നതായധൎമ്മത്തിന്റെ ജ്ഞാനംകാരണമാകുന്നു. ഉദാഹരണമെന്നാ

രണ്ടുധൎമ്മം പുരുഷങ്കലും സ്ഥാണുവിങ്കലും ഇരിക്കുന്നതാകയാൽ സ്ഥാണുപുരുഷ സാധാരണമാകുന്നു അതിനെ ഗ്രഹിച്ചാൽ സ്ഥാണുവൊപുരുഷനൊ എന്നുള്ളസംശയം ജനിക്കും. (ഉയൎച്ച സ്ഥൗല്യം=ഉയൎച്ച) മെൽപ്രകാരം അസാധാരണമായധൎമ്മത്തിന്റെ ജ്ഞാനവും സംശയത്തെകുറിച്ച കാരണമാകുന്നു. അസാധാരണം രണ്ടുകളിലുമില്ലാത്തത. ശബ്ദത്വമെന്നത നിത്യങ്ങളിലും അനിത്യങ്ങളിലും ഇരിക്കാത്തതാകുന്നു. അതിനെ ശബ്ദത്തിങ്കൽ ഗ്രഹിച്ചിട്ട ശബ്ദംനിത്യമൊ അല്ലയൊഎന്നിപ്രകാരംസംശയിക്കുന്നു ഇപ്രകാരം ജ്ഞാനത്തിങ്കൽ പ്രാമാണ്യംഭവിക്കുന്നവൊ ഇല്ലയൊ എന്നുള്ള സംശയം ഹെതുവായിട്ട ഇതിന്നഘടാദികൾ വിഷയമൊ അല്ലയൊ എന്നുള്ള സംശയം ജനിക്കുന്നു വ്യാപ്യസംശയം ഹെതുവായിട്ട വ്യാപകസംശയവും ഉദിക്കുന്നു— ഇങ്ങിനെയുള്ള സംശയങ്ങളെയും ഗ്രഹിച്ചുകൊൾക. അപ്രമയുടെ കാരണം ദൊഷമാകുന്നു. പ്രമയുടെ കാരണംഗുണമാകുന്നു. പിത്തം ദൂരത ഇങ്ങിനെതുടങ്ങി അനെകരൂപങ്ങളൊടുകൂടിയിരിക്കകയാൽ ദൊഷംബഹുവിധമാകുന്നു. അതിന്നുകാരണത്വം അതുഭവിച്ചാൽ അപ്രമഭവിക്കുമെന്നും അതുഭവിച്ചില്ലാഎങ്കിൽ അപ്രമഭവിക്കില്ലാഎന്നുമുള്ള അന്വയവ്യതിരെകങ്ങൾഹെതുവായിട്ട നിശ്ചയിക്കപ്പെട്ടതാകുന്നു പ്രമക്കുകാരണം ഗുണമാകുന്നു. എന്തഹെതുവായിട്ട ൟക്കാൎയ്യകാരണഭാവം ഗ്രഹിക്കപ്പെട്ട എന്നചൊദിക്കുന്നുവെങ്കിൽ അനുമാന രൂപപ്രമാണം ഹെതുവായിട്ടാകുന്നു എന്നുഗ്രഹിച്ചുകൊൾക. പ്രമാഎന്നുള്ളത സാമാന്യകാരണങ്ങളിൽ ചെരാത്തതായ ഒരുകാരണംഹെതുവായി ഉണ്ടാകുന്നതാകുന്നു അപ്രമയെന്നപൊലെ എന്ന അനുമിക്കാം ജന്യജ്ഞാനത്വം ഹെതുവാകുന്നു. ദൊഷാഭാവം തന്നെകാരണമായിഭവിക്കട്ടെ എന്നുപറയുന്നുവെങ്കിൽ അതയുക്തമല്ല. ദൊഷങ്ങൾ ബഹുവിധങ്ങളാകയാൽ അതുകളുടെ അഭാവങ്ങൾക്കുപ്രത്യെകം കാരണതയെ കല്പിക്കുന്നത ഗൌരവത്തൊടകൂടിയതാകുന്നു. അതഹെതുവായിട്ട ഗുണംകാരണമാകുന്നു എന്നപറയുന്നതുതന്നെ യുക്തമായിട്ടുള്ളതെന്ന അറിഞ്ഞുകൊൾക. ഗുണമുണ്ടായാലും പിത്തം പ്രതിബന്ധകമായിട്ടുള്ളപ്പൊൾ ശംഖിങ്കലുള്ളവെളുപ്പിനെ ഗ്രഹിക്കുന്നില്ല. അതഹെതുവായിട്ട പിത്താദിദൊഷങ്ങളുടെ അഭാവങ്ങൾക്കു കാരണത്വത്തെ കല്പിക്കാതെകഴികയില്ല എങ്കിലും അന്വയവ്യതിരെകങ്ങൾ ഹെതുവായിട്ടുള്ള ഗുണത്തിന്നും കാരണത്വസിദ്ധയായിട്ടുള്ളതുതന്നെ ആകുന്നു— ഉ

ത്തെകുറിച്ചു ഗുണാഭാവംകാരണമെന്നും പറയുന്നതിന്നസൌകൎയ്യമുണ്ടല്ലൊ. ശംഖംപീതമാകുന്നു എന്നറിയുവാൻ പിത്തംകാരണമാകുന്നു. ചന്ദ്രാദിപരിമാണത്തെ ഉള്ളവണ്ണമല്ലാതെ ഗ്രഹിക്കുവാൻ ദൂരത്വമെന്ന ദോഷമാകുന്നു. കയറിന്റെ ഖണ്ഡത്തെ കണ്ടിട്ടുസൎപ്പമാകുന്നു എന്നുതോന്നുവാൻ മന്ദാന്ധകാരസാന്നിദ്ധ്യംകാരണമാകുന്നു. ഇങ്ങിനെഅതാതസ്ഥലങ്ങളിൽ അതാതവിധമായിട്ടു ദോഷംഭവിക്കകയാൽ ദോഷങ്ങളും ബഹുവിധങ്ങളാകുന്നു. ഇനിഗുണങ്ങളുടെ സ്വരൂപത്തെ പ്രത്യക്ഷാദിക്രമേണ പറയുന്നു. പ്രത്യക്ഷത്തിങ്കൽ വിശേഷ്യത്തോടുകൂടിയവിശേഷണത്തിങ്കൽ ഇന്ദ്രിയസന്നികൎഷം ഗുണമാകുന്നു. അനുമിതിയിങ്കൽ സാദ്ധ്യത്തോടുകൂടിയപക്ഷത്തിങ്കൽ ഉണ്ടാകുന്നപരാമൎശം ഗുണമാകുന്നു.

൭൧— ശക്യേസാദൃശ്യബുദ്ധിസ്തുഭവേദുപമിതൗഗുണഃ। ശാബ്ദബോധേയോഗ്യതായാസ്താല്പൎയ്യസ്യാഥവാപ്രമാ॥

൭൨— ഗുണസ്സ്യാൽഭ്രമഭിന്നന്തുജ്ഞാനമത്രോച്യതേപ്രമാ അഥവാതൽപ്രകാരംയജ്ജ്ഞാനം തദ്വിശേഷ്യകം॥

൭൩— തൽപ്രമാനപ്രമാനാപിഭ്രമസ്സ്യാന്നിൎവ്വികല്പകം। പ്രകാരതാദിശൂന്യംഹിസംബന്ധാനവഗാഹിതൽ॥

അന്വയം— ശക്യേ— സാദൃശ്യബുദ്ധിഃ- തു ഉപമിതൗ- ഗുണഃ— ഭവേൽ- ശാബ്ദബോധേ— യോഗ്യതായാഃ- അഥവാ- താല്പൎയ്യസ്യ— പ്രമാ— ഗുണഃ സ്യാൽ അത്ര- ഭ്രമഭിന്നം- ജ്ഞാനം- തു- പ്രമാ-ഉച്യതേ- അഥവാ- തൽപ്രകാരകം- തദ്വിശേഷ്യകം— ജ്ഞാനം- യൽ- തൽ— പ്രമാ- നിൎവ്വികല്പകം— ജ്ഞാനം— ന- പ്രമാ- സ്യാൽ- ഭ്രമഃ- അപി- ന— സ്യാൽ- സംബന്ധാനവഗാഹി- തൽ— പ്രകാരതാദിശൂന്യം- ഹി—

അന്വയാൎത്ഥം— ശക്യത്തിങ്കലുള്ള സാദൃശ്യബുദ്ധിതന്നെ ഉപമിതിയിങ്കൽ ഗുണമായിഭവിക്കുന്നു. ശാബ്ദബോധത്തിങ്കൽ യോഗ്യതയുടെയൊ താല്പൎയ്യജ്ഞാനത്തിന്റെയൊ പ്രമഗുണമായിഭവിക്കും ഇവിടെഭ്രമഭിന്നമായിരിക്കുന്ന ജ്ഞാനംതന്നെപ്രമയായിഭവിക്കുന്നു അല്ലായ്കിൽ തൽപ്രകാരകമായി തദ്വിശേഷ്യകമായിരിക്കുന്നജ്ഞാനംയാതൊന്നൊ അതുപ്രമയായിഭവിക്കുന്നു. നിൎവ്വികല്പകമായിരിക്കുന്നജ്ഞാനം പ്രമയായിട്ടും ഭവിക്കുന്നില്ലഭ്രമമായിട്ടും ഭവിക്കുന്നില്ല സംബന്ധാനവഗാഹിയായിരിക്കുന്നു അതയാതൊന്നു ഹേതുവായിട്ടു പ്രകാരതാദിശൂന്യമായിഭവിക്കുന്നു.

പരിഭാഷാ—— ശക്യം=ശക്തികൊണ്ടു ഗ്രഹിപ്പാൻ യോഗ്യമായ അൎത്ഥം- സാദൃശ്യബുദ്ധി=സാദൃശ്യത്തിന്റെ ബുദ്ധി- ബുദ്ധി=അറിവ- ഉപമിതി ഉപമിതി എന്ന ജ്ഞാനം- പ്രമാ=യഥാൎത്ഥജ്ഞാനം- ഭേദഭിന്നം=ഭേദത്തിങ്കൽ നിന്ന ഭിന്നം- ഭിന്നം=അന്യം- വദിക്ക=പറക- തൽപ്രകാരം=അതാകുന്ന പ്രകാരത്തോടുകൂടിയത- പ്രകാരം=വിശേഷണം- തദ്വദ്വിശേഷ്യകം=തദ്വത്തായിരിക്കുന്ന വിശേഷ്യകത്തോടുകൂടിയത- തദ്വത്=അതുള്ളത- സംബന്ധാനവഗാഹി=സംബന്ധത്തെ അവഗാഹിക്കാത്തത- അവഗാഹിക്ക=വിഷയമാക്കുക- അത=നിൎവ്വികല്പകജ്ഞാനം- പ്രകാരതാദിശൂന്യം പ്രകാരതാദിയോടുകൂടാത്തത- പ്രകാരതാദി=പ്രകാരത തുടങ്ങിയുള്ളത- പ്രകാരതാ=വിശേഷ്യതാ-

സാരം—— ഉപമിതി എന്ന ജ്ഞാനത്തിങ്കൽ യാതൊരു പദാൎത്ഥത്തിങ്കൽ സാദൃശ്യബോധം ഭവിക്കുന്നുവൊ അത ഗവയാദി പദത്താൽ വാച്യമായിട്ട തന്നെ ഇരിക്കുന്ന വസ്തുവിങ്കൽ ആകുന്നത ഉണ്ടാകുന്നു- ശാബ്ദബോധത്തിങ്കൽ യോഗ്യതയുടെയൊ താല്പൎയ്യത്തിന്റെയൊ യഥാൎത്ഥമായ അറിവ ഉണ്ടാകുന്നു ഭ്രമമല്ലാതെയുള്ള ജ്ഞാനത്തെ പ്രമാ എന്ന ഗ്രഹിച്ചുകൊൾക— അല്ലാ എങ്കിൽ അതാകുന്ന പ്രകാരത്തോടും അതുള്ളതാകുന്ന വിശേഷ്യത്തോടും കൂടിയ ജ്ഞാനത്തെ പ്രമാ എന്ന ഗ്രഹിച്ചുകൊൾക- എന്നാൽ വന്നുകൂടുന്ന ഫലം ഘടത്തിങ്കൽ ഘടത്വമാകുന്ന വിശേഷണത്തൊടുകൂടെ ഉണ്ടാകുന്ന ജ്ഞാനം പ്രമയാകുന്നു എന്നിപ്രകാരമാകുന്നു ഇങ്ങിനെ അന്യസ്ഥലങ്ങളിലും ഗ്രഹിച്ചുകൊൾക— പ്രമയുടെ ലക്ഷണം മെൽ പറഞ്ഞ പ്രകാരമായാൽ നിൎവ്വികല്പകമെന്നജ്ഞാനം പ്രമയായിട്ടും അപ്രമയായിട്ടും ഭവിക്കയില്ല— അതു സംബന്ധത്തെ വിഷയീകരിക്കാത്തതാകയാൽ വിശേഷണത്തെയോടും വിശേഷ്യത്തോടും കൂടാത്തതാകുന്നു ഇത തന്നെ മെൽ പ്രകാരം ഭവിക്കായ്കക്കു കാരണമാകുന്നു- അതു ഹേതുവായിട്ട നിൎവ്വികല്പകഭിന്നമായിരിക്കുന്ന ജ്ഞാനം പ്രമയും അപ്രമയും- എന്നിങ്ങിനെ രണ്ടു പ്രകാരമാകുന്നു എന്ന മുൻപറഞ്ഞ വിഭാഗത്തിന്റെ താല്പൎയ്യത്തെ ഗ്രഹിക്കുന്നത രണ്ടാമത പറകപ്പെട്ട ലക്ഷണത്തെ സ്വീകരിക്കുമ്പൊൾ ആവശ്യകമായിട്ടുള്ളതാകുന്നു എന്ന ധരിച്ചുകൊൾകയും വെണം.

൫൯ പ്രമാത്വംനസ്വതൊഗ്രാഹ്യംസംശയാനുപപത്തിതഃവ്യഭിചാരസ്യാഗ്രഹെപിസംഹെചാരഗ്രഹസ്ഥിതഃ ।।

൮൩. ഹേതുർവ്യാപ്തിഗ്രഹേ തർക്കഃ ക്വാപി ശങ്കാനിവർത്തകഃ
സാധ്യസ്യ വ്യാപകോ യസ്തു ഹേതോരവ്യാപകസ്തഥാ ॥

൮൪. സ ഉപാധിർഭവേത്തസ്യ നിഷ്കർഷോയം പ്രദർശ്യതേ സർവ്വേ
സാധ്യസമാനാധികരണാഃ സ്യുരുപാധയഃ ॥

൮൫. ഹേതോരേകാശ്രയേ യേഷാം സ്വസാധ്യവ്യഭിചാരിതാ
വ്യഭിചാരസ്യാനുമാനമുപാധേസ്തു പ്രയോജനം ॥

അന്വയം — പ്രമാതൄണാം- സംശയാനുപപത്തിതഃ- സ്വതഃ- ഗ്രാഹ്യം— ന— ഭവതി- വ്യഭിചാരസ്യ- അഗ്രഹഃ— സഹ— സഹചാരഗ്രഹഃ— അപി- വ്യാപ്തിഗ്രഹേ- ഹേതുഃ ക്വാപിൻ- തർക്കഃ- ശങ്കാനിവർത്തകഃ- ഭവതി— യഃ— സാധ്യസ്യ— വ്യാപകഃ- തഥാ ഹേതോഃ— അവ്യാപകഃ- സഃ- തു- ഉപാധിഃ ഭവേൽ— തസ്യ- അയം നിഷ്കർഷഃ- പ്രദർശ്യതേ- യേഷാം— ഹേതോഃ- ഏകാശ്രയേ— സ്വസാധ്യവ്യഭിചാരിതാ— സാധ്യസമാനാധികരണാഃ— സർവ്വേ- തേ- ഉപാധയഃ- ഭവന്തി- ഉപാധേഃ- പ്രയോജനം- തു- വ്യഭിചാരസ്യ- അനുമാനം- ഭവതി-

അന്വയാർത്ഥം — പ്രമാതൃസംശയാനുപപത്തി ഹേതുവായിട്ട തങ്കൽനിന്ന ഗ്രാഹ്യമായി ഭവിക്കുന്നില്ല വ്യഭിചാരത്തിന്റെ അഗ്രഹവും അപ്രകാരം സഹചാരഗ്രഹവും വ്യാപ്തി ഗ്രഹത്തിങ്കൽ ഹേതുവാകുന്നു ചില സ്ഥലങ്ങളിൽ തർക്കം ശങ്കാനിവർത്തകമായി ഭവിക്കുന്നു- യാതൊന്ന സാധ്യത്തിന്റെ വ്യാപകമായിട്ടും അപ്രകാരം ഹേതുവിന്റെ അവ്യാപകമായിട്ടും ഭവിക്കുന്നുവൊ അതാകട്ടെ ഉപാധിയായി ഭവിക്കും- അതിന്റെ ഈ നിഷ്കർഷം പ്രദർശിപ്പിക്കപ്പെടുന്നു. യാവചിലതുകൾക്ക ഹേതുവിന്റെ ഏകാശ്രയത്തിങ്കൽ സ്വസാധ്യവ്യഭിചാരിതാ ഭവിക്കുന്നു- സാധ്യസമാനാധികരണങ്ങളായി സർവ്വങ്ങളായിരിക്കുന്ന അതുകൾ ഉപാധികളായി ഭവിക്കുന്നു- ഉപാധിയുടെ പ്രയോജനമാകട്ടെ വ്യഭിചാരത്തിന്റെ അനുമാനമായി ഭവിക്കുന്നു—

പരിഭാഷ — പ്രമാതൃ=പ്രമയാവൃഎന്നുള്ളത- പ്രമാ=യഥാർത്ഥമായിട്ടുള്ള ജ്ഞാനം— താൻ=പ്രമാ- സംശയാനുപപത്തി= സംശയത്തിന്റെ അനുപപത്തി അനുപപത്തി=ഉപപത്തിയുടെ അഭാവം- ഉപപത്തി=വെപ്പ്- അഭാവം=ഇല്ലായ്ക— വ്യഭിചാരം=പിഴവുള്ളസ്ഥിതി- അഗ്രഹം=അജ്ഞാനം- സഹചാരഗ്രഹം=സഹചാരത്തിന്റെ ഗ്രഹം— സഹചാരം=സാമാനാധികരണ്യം- (ഒരേടത്തുള്ളിരിപ്പ്) ഗ്രഹം=ഗ്രഹണം- വ്യാപ്തിഗ്ര

ഹം=വ്യാപ്തിഗ്രഹണം. ഹെതു=കാരണം— തൎക്കം യുക്തിവിശെഷം ശങ്കാനിവൎത്തകം=ശങ്കയെ നിവൎത്തിപ്പിക്കുന്നത. നിവൎത്തിപ്പിക്ക നശിപ്പിക്ക— വ്യാപകം=അതുള്ളെടത്തുള്ളഅത്യന്താഭാവത്തിന്റെ അപ്രതിയോഗി. അവ്യാപകം=വ്യാപകമല്ലാത്തത. ഉപാധി=ഉപാധി എന്ന പെരൊട്ടകൂടിയത. അതു=ഉപാധി നിഷ്കൎഷം=തത്വം ഏകാശ്രയം=ഏകമായിരിക്കുന്ന ആശ്രയം— ഏകം=ഒന്ന. ആശ്രയം=അധികരണം. സ്വസാധ്യവ്യഭിചാരിതാ=സ്വസാധ്യങ്ങളുടെ വ്യഭിചാരിതാ. സ്വസാധ്യങ്ങൾ സ്വവും സാധ്യവും. സ്വം=താൻ. വ്യഭിചാരിതാ=വ്യഭിചാരിയാവു എന്നുള്ളത— (അഭാവമെന്നസാരം)സാധ്യസമാനാധികരണങ്ങൾ=സാധ്യാധികരണത്തിലിരിക്കുന്നവ. സാധ്യാധികരണം സാധ്യത്തിന്റെ അധികരണം— സൎവ്വങ്ങൾ=ഒട്ടൊഴിയാതെയുള്ളവ— ഉപാധികൾ=ഉപാധി എന്ന പെരൊട്ടകൂടിയവ.

സാരം— പ്രമയും അപ്രമയും ഇപ്രകാരം ജ്ഞാനം രണ്ടുവകയാകുന്നു എന്ന മുമ്പെ പറഞ്ഞിട്ടുണ്ടല്ലൊ അതുകളിൽ വെച്ച പ്രമയായിട്ടുള്ള ജ്ഞാനത്തിങ്കൽ ഉള്ള പ്രമാത്വം അതിങ്കൽനിന്ന തന്നെ അറിയപ്പെടുമെന്ന ചിലർ പറയുന്നു. ജ്ഞാനവിഷയകമായിരിക്കുന്ന ജ്ഞാനംകൊണ്ട ജ്ഞാനത്തിങ്കൽ ഉള്ള പ്രമാത്വം ഗ്രഹിക്കാമെന്ന അവരുടെ ആശയമാകുന്നു അതയുക്തമല്ല. ജ്ഞാനത്തിങ്കലെ പ്രമാത്വം സ്വതൊ ഗ്രാഹ്യമാകുന്നു എങ്കിൽ ഇനിക്കുണ്ടായ ഈ ജ്ഞാനം പ്രമയൊ അപ്രമയൊ എന്നുള്ള സംശയം വരാതതായി ഭവിക്കുമെന്ന ഹെതുവായിട്ട ജ്ഞാനത്തിങ്കലെ പ്രമാത്വത്തെ അനുമാനം കൊണ്ട ഗ്രഹിക്കെണം. പ്രമയാകുന്നു എങ്കിൽ സഫല പ്രവൃത്തിയെ അതു ജനിപ്പിക്കും. ദൂരത്തിങ്കൽ ഒരുത്തൻ ജലപാനത്തിങ്കൽ ഇച്ഛയൊട കൂടിയവനായിട്ട നൊക്കിയ സമയത്തിങ്കൽ ഇദം ജലം. എന്നിപ്രകാരം ഉള്ള ജലപ്രത്യക്ഷം അവന്ന ഭവിച്ചു എങ്കിൽ അടുത്തു ചെന്നാൽ ജലം കൊണ്ടുള്ള ഉപയൊഗം അവന്ന ഭവിക്കുന്നു എന്നാൽ അവന്റെ സമീപപ്രാപ്തി ഫലത്തൊട കൂടിയതായി ഭവിക്കും. ഇങ്ങിനെയുള്ള ഫലജനകത്വത്തെ ഹെതുവാക്കി അതുകൊണ്ട മുമ്പെ ഉണ്ടായ ഇദം ജലമെന്നുള്ള പ്രത്യക്ഷത്തിങ്കൽ ഉള്ള പ്രമാത്വത്തെ അവൻ ഗ്രഹിക്കും ഇപ്രകാരമാകയാൽ പ്രമാത്വം സ്വതൊഗ്രാഹ്യമല്ല. എന്നറിഞ്ഞുകൊൾക. അധികമായിട്ടുള്ളത മുക്താവലിയിങ്കൽ സ്പഷ്ടമാകുന്നു. ഹെതുവിരിക്ക

ന്നൊടുത്ത സാദ്ധ്യം ഭവിക്കുന്നില്ല- എന്നിപ്രകാരമുള്ള വ്യഭിചാരത്തിന്റെ ഗ്രഹണമില്ലാഴ്കയും ഹേത്വാധികരണത്തിങ്കൽ സാദ്ധ്യം ഭവിക്കുന്നു എന്നി പ്രകാരമുള്ള സഹചാരത്തിന്റെ ഗ്രഹണവും വ്യാപ്തിയെ ഗ്രഹിപ്പാൻ കാരണമാകുന്നു- വ്യഭിചാരത്തിന്റെ അറിവ വ്യാപ്തി ഗ്രഹണത്തെ പ്രതിബന്ധിക്കുന്നതാകയാൽ അതിന്റെ അസത്ത്വവും സഹചാര ജ്ഞാനം ഹേതുവാകയാൽ അതിന്റെ സത്ത്വവും ഉണ്ടായാൽ വ്യാപ്തിയെ ഗ്രഹിക്കാം- വ്യാപ്തിഗ്രഹണത്തെ കുറിച്ചു ഭൂയോദൎശനത്തിന്നു കാരണതയെ കല്പിക്കുന്നില്ല- വ്യഭിചാരമുണ്ട എന്നുള്ള ബുദ്ധി ഒരുത്തന്നു ഭവിച്ചില്ലാ എങ്കിൽ ഒരു പ്രാവശ്യം സാഹചൎയ്യത്തെ ദൎശിച്ചാൽ ഹേതുസാദ്ധ്യങ്ങളുടെ വ്യാപ്തിയെ ഗ്രഹിക്കാം വ്യഭിചാര സംശയമുണ്ടായാൽ അത ഭൂയോദൎശനം ഹേതുവായിട്ടു നശിക്കുന്നതാകയാൽ ചിലതിനെ കുറിച്ചു ഭൂയോദൎശനം കാരണമല്ലാ എന്നുമില്ല- ഭൂയോദൎശനം ഹേതുവായിട്ടും ഒരുത്തന്നു സംശയം നശിച്ചില്ലാ എങ്കിൽ അവിടെ സംശയ നിവൎത്തകമായിട്ടുള്ളത തൎക്കമാകുന്നു- അതിന്റെ സ്വരൂപം വഹ്നി ഇല്ലാതെ ഉള്ള ധൂമം ഭവിക്കുമെന്നു ശങ്കിക്കുന്നു എങ്കിൽ അതിനെ വഹ്നി ധൂമങ്ങൾക്കുള്ള കാൎയ്യ കാരണ ഭാവമാകുന്ന യുക്തികൊണ്ടു നിരസിക്കാം ഇങ്ങിനെയുള്ള യുക്തിയെ തൎക്കമെന്നു പറയുന്നു- ഇതുകൊണ്ടു സംശയനിവൃത്തി ഭവിക്കുന്നത എങ്ങിനെ എന്നു ചോദിക്കുന്നുവെങ്കിൽ പറയാം- ഒരെടത്തു വഹ്നി ഇല്ലാ എങ്കിൽ അവിടെ ധൂമം ഭവിക്കില്ലാ കാരണത്തൊടു കൂടാതെ ഭവിപ്പാൻ കൂടാ എല്ലൊ എന്നിപ്രകാരമാകുന്നു സംശയ നിവൃത്തി ഭവിക്കുന്നത എന്നു അറിഞ്ഞു കൊൾക- ഒരുത്തന്നു കാരണം കൂടാതെയും ഒരെടത്തു കാൎയ്യം ഭവിക്കും എന്നുള്ള ബുദ്ധി ഭവിച്ചാൽ അതിനെ ഇപ്രകാരമായാൽ ധൂമത്തിന്നായിക്കൊണ്ടു വഹ്നിയുടെയും തൃപ്തിക്കായിക്കൊണ്ടു ഭോജനത്തിന്റെയും നിയമെന ഉള്ള സ്വീകാരം നിണക്കു തന്നെ ഭവിപ്പാൻ കൂടാ എന്നിപ്രകാരമുള്ള വ്യാഘാതം കൊണ്ടു നിരസിക്കെണം- ഒരുത്തന്നു ശങ്കതന്നെ ഭവിച്ചില്ലാ എങ്കിൽ അവന്നു തൎക്കം കൊണ്ടു സാദ്ധ്യമില്ല അത ഹേതുവായിട്ടു തൎക്കം ശങ്കയെ നിവൃത്തിപ്പിക്കുന്നു എന്നുത സൎവ്വത്ര ഉള്ളതല്ലാ എന്നു അറിഞ്ഞു കൊൾകയും വെണം- സാദ്ധ്യമായി പറകപ്പെട്ടു വസ്തു ഇരിക്കുന്നെടത്തുള്ള അഭാവത്തിന്നു പ്രതിയോഗിയല്ലാതെയും ഹേതുവായി പറകപ്പെട്ടു വസ്തു ഇരിക്കുന്നെടത്തുള്ള അഭാവത്തിന്നു പ്രതിയോഗിയായിട്ടും

ഇരിക്കുന്നവസ്തു ഉപാധിയാകുന്നു. യാവചിലവസ്തുക്കൾക്കു ഹേതുവിന്റെ അധികരണമായ ഒരേടത്തതിന്റെയും സാദ്ധ്യത്തിന്റെയും അഭാവം ഭവിക്കുന്നുവോ അതുകൾ സാദ്ധ്യാധികരണത്തിങ്കൽ ഇരിക്കുന്നതുകളായാൽ ഒക്കെയും ഉപാധികൾതന്നെ എന്നു ഗ്രഹിച്ചുകൊൾക. ഉപാധിയുടെ പ്രയോജനം വ്യഭിചാരത്തിന്റെ അനുമിതിയാകുന്നു.

൬൭— ശബ്ദോപമാനയോൎന്നൈവപൃഥക്പ്രാമാണ്യമിഷ്യതേ। അനുമാനഗതാൎത്ഥത്വാദിതിവൈശേഷികംമതം॥

൬൮— തന്നസമ്യഗ്വിനാവ്യാപ്തിബോധംശാബ്ദാദിബോധതഃ। ത്രൈവിധ്യന്തുഭവേദ്വ്യാപ്തേരന്വയവ്യതിരേകതഃ॥

൬൯. അന്വയവ്യാപ്തിരുക്തൈവവ്യതിരേകേണഉച്യതേ। സാദ്ധ്യാഭാവവ്യാപകത്വംഹേത്വഭാവസ്യയദ്ഭവേൽ॥

അന്വയം — ശബ്ദോപമാനയോഃ- പൃഥൿ- പ്രാമാണ്യം- അനുമാനഗതാൎത്ഥത്വാൽ— ന- ഇഷ്യതെ- ഏവ— ഇതി- വൈശേഷികം- മതം— തൽ- വ്യാപ്തിബോധം— വിനാ- ശാബ്ദാദിബോധതഃ— സമ്യൿ— ന- ഭവതി- വ്യാപ്തേഃ-തു അന്വയവ്യതിരേകതഃ ത്രൈവിധ്യം- ഭവെൽ. അന്വയവ്യാപ്തിഃ-ഉക്താ- ഏവ. വ്യതിരെകെണ- വ്യാപ്തിഃ ഉച്യതെ- സാദ്ധ്യാഭാവവ്യാപകത്വം. ഹേത്വഭാവസ്യ ഭവെൽ. യൽ-സാ-വ്യതിരെകെണ— വ്യാപ്തിഃ—

അന്വയാൎത്ഥം— ശബ്ദോപമാനങ്ങൾക്കു വെറെപ്രാമാണ്യം അനുമാനഗതാൎത്ഥത്വം ഹേതുവായിട്ട ഇഷ്ടിക്കപ്പെടുന്നില്ല തന്നെ ഇപ്രകാരമാകുന്നു വൈശേഷികമായിരിക്കുന്നമതം അത വ്യാപ്തിബോധത്തോടകൂടാതെഉള്ള ശാബ്ദാദിബോധം ഹേതുവായിട്ട സമ്യക്കായി ഭവിക്കുന്നില്ല വ്യാപ്തിക്കാകട്ടെ അന്വയവ്യതിരേകങ്ങൾ ഹേതുവായിട്ടത്രൈവിധ്യം ഭവിക്കും. അന്വയവ്യാപ്തി ഉക്തയായിട്ടുതന്നെ ഭവിക്കുന്നു. വ്യതിരേകംഹേതുവായിട്ടുള്ള വ്യാപ്തി ശബ്ദിക്കപ്പെടുന്നു സാദ്ധ്യാഭാവവ്യാപകത്വം ഹേത്വഭാവത്തിന്നു ഭവിക്കുമെന്നതയാതൊന്നൊ അതവ്യതിരേകം ഹേതുവായിട്ടുള്ള വ്യാപ്തിയാകുന്നു.

പരിഭാഷാ— ശബ്ദോപമാനങ്ങൾ=ശബ്ദവും ഉപമാനവും— പ്രാമാണ്യം=പ്രമാണത്വം- അനുമാനഗതാൎത്ഥത്വം=അനുമാനഗതാൎത്ഥങ്ങളുടെ ഭാവം എന്നുള്ളത— അനുമാനഗതാൎത്ഥങ്ങൾ= അനുമാനം ഹേതുവായിട്ടഗതാൎത്ഥങ്ങൾ- ഗതാൎത്ഥങ്ങൾ= ഗതമായിരിക്കുന്ന അൎത്ഥത്തോടകൂടിയവ- ഗതം=ഗമിച്ചത— ഗമിക്ക=പോക— അൎത്ഥം=പ്രയോജനം- വൈശേഷികം= വൈശേഷികന്മാരെ

സംബന്ധിച്ചത- വ്യാപ്തിബോധം=വ്യാപ്തിജ്ഞാനം- ശാബ്ദാദിബോധം=ശാബ്ദാദിയായിരിക്കുന്ന ബോധം- ശാബ്ദാദി ശാബ്ദം തുടങ്ങിയുള്ളത— ശാബ്ദം ശബ്ദത്തിങ്കൽനിന്ന ഉണ്ടാകുന്നത— ബോധം=അറിവ- സമ്യക=സാധു- അന്വയവ്യതിരെകങ്ങൾ=അന്വയവും വ്യതിരെകവും- അന്വയം=അതുള്ളെടത്ത ഇതുണ്ട എന്നുള്ള നിയമം- വ്യതിരെകം=അതില്ലാത്തെടത്ത ഇതില്ലാ എന്നുള്ള നിയമം- ത്രൈവിധ്യം ത്രിവിധയായ്വ്വ എന്നുള്ളത- ത്രിവിധാ=മൂന്നവിധകളൊടുകൂടിയത- വിധകൾ=പ്രകാരങ്ങൾ- അന്വയവ്യാപ്തി=അന്വയം ഹെതുവായിട്ടുള്ള വ്യാപ്തി- ദൎശിപ്പിക്ക=കാണിപ്പിക്ക- സാധ്യാഭാവവ്യാപകത്വം= സാധ്യാഭാവവ്യാപകമായ്വ്വ എന്നുള്ളത- സാധ്യാഭാവവ്യാപകം= സാധ്യാഭാവമുള്ളെടത്തിരിക്കുന്ന അഭാവത്തിന്റെ അപ്രതിയൊഗി- സാധ്യാഭാവം=സാധ്യത്തിന്റെ അഭാവം- അപ്രതിയൊഗി=പ്രതിയൊഗിയല്ലാത്തത— ഹെത്വഭാവം=ഹെതുവിന്റെ അഭാവം-

സാരം — പ്രത്യക്ഷവും അനുമാനവും ഇങ്ങിനെ രണ്ടുപ്രമാണങ്ങളെ സ്വീകരിച്ചാൽമതി- അനുമാനമെന്നും ശബ്ദമെന്നും ഉള്ള പ്രമാണങ്ങളെ സ്വീകരിക്കണമെന്നില്ല- അനുമാനംകൊണ്ട അതുകളുടെ പ്രയൊജനങ്ങളെ നിൎവ്വഹിക്കാം എന്നിപ്രകാരം വൈശെഷികന്മാർ പറയുന്നു. അത സാധുവല്ല വ്യാപ്തിജ്ഞാനത്തൊടുകൂടാതെ ഇതരകാരണങ്ങൾകൊണ്ട തന്നെ ശാബ്ദബൊധാദികൾ ഭവിക്കുന്നു എന്നുള്ളത അനുഭവബലാൽ നിൎവ്വിവാദമായിട്ടുള്ളതാകുന്നു. അത ഹെതുവായിട്ട ശബ്ദൊപമാനങ്ങളും പ്രമാണങ്ങൾതന്നെ എന്നറിഞ്ഞുകൊൾക- അന്വയം ഹെതുവായിട്ടും വ്യതിരെകം ഹെതുവായിട്ടും അന്വയവ്യതിരെകങ്ങൾ ഹെതുവായിട്ടും സംഭവിക്കുന്നതാകയാൽ വ്യാപ്തി മൂന്നപ്രകാരമാകുന്നു. ഇതുകൊണ്ട കെവലാന്വയി കെവലവ്യതിരെകി അന്വയവ്യതിരെകി ഇങ്ങിനെ അനുമാനം മൂന്നപ്രകാരമാകുന്നു എന്നുള്ളതിനെ ഗ്രഹിച്ചുകൊൾക അതുകളിൽവെച്ച കെവലാന്വയിയായിട്ടുള്ളത അസദ്വിപക്ഷകമാകുന്നു. (അസദ്വിപക്ഷകം=അസത്തായിരിക്കുന്ന വിപക്ഷത്തൊടുകൂടിയത- അസത്ത=സത്തല്ലാത്തത- സത്ത=ഭവിച്ചിരിക്കുന്നത- വിപക്ഷം=സാധ്യാഭാവത്തിന്റെ ഇരിപ്പിടം — കെവലാന്വയിയായിരിക്കുന്ന അനുമാനം അഭിധെയത്വം സാധ്യമാകുമ്പൊൾ പ്രമെയത്വമാകുന്നു. അഭിധെയത്വമെന്ന സാധ്യം സൎവ്വസാധാരണമായിട്ടുള്ളതാകയാൽ അത വിപക്ഷത്തൊട കൂടാത്തതാകുന്നു. കെവലവ്യതിരെകിക്കു

ന്നത അസൽസപക്ഷകമായിട്ടുള്ളതാകുന്നു. (അസത്സപക്ഷകം=അസത്തായിരിക്കുന്ന സപക്ഷത്തോടുകൂടിയത. അസത്ത=സത്തല്ലാത്തത— സത്ത=ഉവിച്ചിയങ്ങുന്നത— സപക്ഷം=സാദ്ധ്യാധികരണം)— കേവലവ്യതിരേകിയായിരിക്കുന്ന അനുമാനം പൃഥിവീതരങ്ങളിൽ നിന്നുള്ള ഭേദം സാദ്ധ്യമായിട്ടുള്ളപ്പോൾ പൃഥിവീത്വമാകുന്നു (പൃഥിവീതരങ്ങൾ=പൃഥിവിയിങ്കൽനിന്നുള്ളതരങ്ങൾ— പൃഥിവീ=ഭൂമി— ഇതരങ്ങൾ=അന്യങ്ങൾ —പൃഥിവീതരഭേദമെന്നസാദ്ധ്യം മുമ്പെ ഒരേടത്ത സിദ്ധമായിട്ടുള്ളതല്ലായ്കയാൽ അതിന്നുസപക്ഷമില്ലായ്കുന്നറിക. അന്വയവ്യതിരേകി എന്നത സത്സപക്ഷവിപക്ഷകമായിട്ടുള്ളതാകുന്നു. (സത്സപക്ഷവിപക്ഷകം=സത്തുകളായിരിക്കുന്ന സപക്ഷവിപക്ഷങ്ങളോടുകൂടിയത. സത്തുകൾ=ഉവിച്ചിയങ്ങുന്നവ— സപക്ഷവിപക്ഷങ്ങൾ=സപക്ഷവും വിപക്ഷവും— സപക്ഷം=സാദ്ധ്യാധികരണം— വിപക്ഷം=സാദ്ധ്യാഭാവാധികരണം)— അന്വയവ്യതിരേകിയായിട്ടുള്ള അനുമാനം വഹ്നിസാദ്ധ്യമായിട്ടുള്ളപ്പോൾ ധൂമമാകുന്നു. അതിന്നുസപക്ഷം പാകസ്ഥലം മുതലായതും വിപക്ഷം ജലഹ്രദാദിയുമാകുന്നു. ഇപ്രകാരം മറ്റുള്ള കേവലാന്വയി ഹേതുക്കളെയും മറ്റുള്ളതുകളെയും ഗ്രഹിച്ചുകൊൾക. വ്യതിരേകിയായ ഹേതുകൊണ്ടുള്ള അനുമിതിയെക്കുറിച്ച വ്യതിരേകവ്യാപ്തിജ്ഞാനം കാരണമാകയാൽ വ്യതിരേകവ്യാപ്തിഎന്നതഇന്ന പ്രകാരമാകുന്നു എന്നുള്ള അറിവുവേണം അന്വയവ്യാപ്തിമാത്രം മുമ്പെ പറകപ്പെട്ടു വ്യതിരേകവ്യാപ്തിയുടെ സ്വരൂപം ഇത ഹേതുവായിട്ട ഇപ്പോൾ പറകപ്പെടുന്നു വ്യതിരേകവ്യാപ്തി എന്നത സാദ്ധ്യാഭാവവ്യാപകാഭാവപ്രതിയോഗിത്വമാകുന്നു (സാദ്ധ്യാഭാവവ്യാപകാഭാവപ്രതിയോഗിത്വം=സാദ്ധ്യാഭാവവ്യാപകാഭാവപ്രതിയോഗിയാവൂ എന്നുള്ളത. സാദ്ധ്യാഭാവവ്യാപകാഭാവപ്രതിയോഗി=സാദ്ധ്യാഭാവവ്യാപകാഭാവത്തിന്റെ പ്രതിയോഗി—സാദ്ധ്യാഭാവവ്യാപകാഭാവം= സാദ്ധ്യാഭാവവ്യാപകമായിരിക്കുന്നഅഭാവം- സാദ്ധ്യാഭാവവ്യാപകം=സാദ്ധ്യാഭാവത്തിന്റെ വ്യാപകം— സാദ്ധ്യാഭാവം= സാദ്ധ്യത്തിന്റെ അഭാവം- വ്യാപകം=തന്റെ അധികരണത്തിങ്കലിരിക്കുന്ന അഭാവത്തിന്റെ അപ്രതിയോഗി— പ്രതിയോഗിത്വം= പ്രതിയോഗിയാവൂ എന്നുള്ളത)— അവശിഷ്ടപരിഷ്കാരത്തെ മുക്താവലിയിൽ നോക്കി അറിഞ്ഞുകൊൾക.

൫൭— അൎത്ഥാപത്തെസ്തുകേവലവ്യതിരേകിപ്രാമാണ്യമിഷ്യ

തെ। വ്യതിരേകവ്യാപ്തിബുദ്ധ്യാചരിതാൎത്ഥാഹിസായതഃ॥

അന്വയം —— ഇഹ- അൎത്ഥാപത്തേഃ- പൃഥക്- പ്രാമാണ്യം- ന— ഇഷ്യതേ- ഏവ- യതഃ- സാ- വ്യതിരേകവ്യാപ്തിബുദ്ധ്യാ- ചരിതാൎത്ഥാ— ഹി-

അന്വയാൎത്ഥം — ഇവിടെ അൎത്ഥാപത്തിക്കു വെറെപ്രാമാണ്യം ഇച്ശിക്കപ്പെടുന്നില്ല യാതൊന്നുഹെതുവായിട്ടു അതുവ്യതിരെകവ്യാപ്തിബുദ്ധിഹെതുവായിട്ടു ചരിതാൎത്ഥയായിട്ടു തന്നെഭവിക്കുന്നു.

പരിഭാഷാ —— പ്രാമാണ്യം=പ്രമാണമാവു എന്നുള്ളതു- വ്യതിരെകവ്യാപ്തിബുദ്ധി=വ്യതിരെകവ്യാപ്തിജ്ഞാനം= ചരിതാൎത്ഥം= ചരിതമായിരിക്കുന്ന അൎത്ഥത്തൊടു കൂടിയതു- ചരിതം=ഗതം- അൎത്ഥം പ്രയൊജനം.

സാരം — അൎത്ഥാപത്തി എന്നു ഒരുപ്രമാണം വെറെഉണ്ടു എന്നു ചിലർ വിചാരിക്കുന്നു. ശതവൎഷംമുഴുവൻ ദെവദത്തൻ എന്നൊരുത്തൻ ജീവിച്ചിരിക്കുന്നു എന്നു ജ്യൊതിശ്ശാസ്ത്രം കൊണ്ടു നിശ്ചയിക്കപ്പെട്ടിരിക്കുന്നു ദെവദത്തൻ ഗൃഹത്തിങ്കലില്ലാ എന്നു പ്രത്യക്ഷസിദ്ധമായിട്ടുള്ളതാകുന്നു- അങ്ങിനെയുള്ളസമയത്തിങ്കൽശതവൎഷജീവിത്വം വെറെഒരുപ്രകാരം ചെരാത്തതാകയാൽ ദെവദത്തൻപുറത്തൊരെടത്തുണ്ടു എന്നു അൎത്ഥാപത്തിഉണ്ടുഎന്നു നിശ്ചയിക്കുന്നു എന്നാകുന്നു അവർ പറയുന്നതു- മെൽപറഞ്ഞ ഫലം അനുമാനംകൊണ്ടു സാധിക്കപ്പെടുന്നതാകുന്നു- ശതവൎഷജീവിയാവുഎന്നുള്ള അവസ്ഥയുള്ളപ്പൊൾ ഒരുത്തനു ഗൃഹത്തിങ്കൽ അസത്വം ഭവിച്ചാൽ അതു ബഹിൎദ്ദെശത്തിങ്കൽ അവനുണ്ടു എന്നുള്ളതിനെ ഗ്രഹിപ്പിക്കുന്നതാകുന്നു- ഇപ്രകാരം ദെവദത്തൻ പകൽ ഭക്ഷിക്കുന്നില്ല എങ്കിലും അവന്റെ തടിച്ചിരിക്കുന്നു എന്നുള്ളസ്ഥലത്തിങ്കൽ രാത്രിഭൊജനവും അനുമാനസിദ്ധമാകുന്നു. അതു ഹെതുവായിട്ടു അൎത്ഥാപത്തിയെന്നു ഒരു പ്രമാണത്തെ ഒരു ശാസ്ത്രത്തിങ്കൽ സ്വീകരിച്ചിട്ടില്ലാഎന്നു അറിഞ്ഞുകൊൾക. കയ്യാംഗ്യയവും പ്രമാണമല്ല ഇന്നപ്രകാരം ഇന്നതൎത്ഥമാകുന്നു എന്നുള്ള സങ്കെതത്തെ അറിഞ്ഞവനു സങ്കെതവിഷയമായിരിക്കുന്ന അൎത്ഥത്തെ പറയുന്നതായ ശബ്ദത്തിന്റെ സ്മരണത്തിന്നു അതുഹെതുവാകയാൽ ശബ്ദപ്രമാണത്തിങ്കൽ തന്നെ അന്തൎഭവിച്ചതാകുന്നു എന്നുഅറിഞ്ഞുകൊൾക.

൬൭. സുഖന്തുജഗതാമെവകാമ്യംധൎമ്മെണജന്യതെ। അധൎമ്മജന്യംദുഃഖംസ്യാൽപ്രതികൂലംസചെതസാം॥

൧൪൬. നിർദ്ദുഃഖത്വേ സുഖേ ചേച്ഛാ തജ്ജ്ഞാനാദേവ ജായതേ ।
ഇച്ഛാ തു തദുപായേ സ്യാദിഷ്ടോപായത്വധീര്യദി ॥
൧൪൭. ചികീർഷാ കൃതിസാധ്യത്വപ്രകാരേച്ഛാ തു യാ ഭവേൽ ।
തദ്ധേതുഃ കൃതിസാധ്യേഷ്ടസാധനത്വമതിർഭവേൽ ।

അന്വയം — സുഖം — തു — ജഗതാം — കാമ്യം — ഏവ — തൽ — ധർമ്മേണ — ജന്യതേ — ദുഃഖം — തു — അധർമ്മജന്യം — സചേതസാം — പ്രതികൂലം — ച — നിർദ്ദുഃഖത്വേ സുഖേ ച ഇച്ഛാ തജ്ജ്ഞാനാൽ — ഏവ — ജായതേ — തദുപായേ — ഇച്ഛാ — തു — ഇഷ്ടോപായത്വധീഃ — സ്യാൽ — യദി — ഇച്ഛാ — സാ — യാ — തു — കൃതിസാധ്യത്വപ്രകാരാ — ചികീർഷാ — ഭവതി — കൃതിസാധ്യേഷ്ടസാധനത്വമതിഃ — തദ്ധേതുഃ — ഭവേൽ —

അന്വയാർത്ഥം — സുഖമാകട്ടെ ജഗത്തുകൾക്കു കാമ്യമായിട്ടു തന്നെ ഭവിക്കുന്നു. അതു ധർമ്മത്താൽ ജനിപ്പിക്കപ്പെടുന്നു. ദുഃഖമാകട്ടെ അധർമ്മജന്യമായിട്ടും സചേതസ്സുകൾക്കു പ്രതികൂലമായിട്ടും ഭവിക്കുന്നു. നിർദ്ദുഃഖത്വത്തിങ്കലും സുഖത്തിങ്കലും ഇച്ഛ തജ്ജ്ഞാനം ഹേതുവായിട്ടു തന്നെ ഭവിക്കുന്നു. തദുപാധിയുടെ ഇച്ഛയാകട്ടെ ഇഷ്ടോപായത്വധീ ഭവിക്കുമെങ്കിൽ ഭവിക്കും. കൃതിസാധ്യത്വപ്രകാരമായിരിക്കുന്ന ഇച്ഛ യാതൊന്നോ അതാകട്ടെ ചികീർഷയായി ഭവിക്കുന്നു. കൃതിസാധ്യേഷ്ടസാധനത്വമതി തദ്ധേതുവായി ഭവിക്കും.

പരിഭാഷ — സുഖം=സുഖമെന്നുള്ളതു — ജഗത്തുകൾ=ലോകങ്ങൾ — (ഒട്ടൊഴിയാതെയുള്ള [illegible] എന്നു സാരം) കാമ്യം=കാമിക്കപ്പെടുവാൻയോഗ്യം — ക[illegible]=ആഗ്രഹിക്ക — ധർമ്മം=ധർമ്മമെന്നുള്ളതു. ദുഃഖം=ദുഃഖമെന്നുള്ളതു — അധർമ്മജന്യം=അധർമ്മത്താൽ ഉണ്ടാക്കപ്പെടുന്നത് — സചേതസ്സുകൾ=ചേതസ്സോടുകൂടിയവർ — ചേതസ്സ്=മനസ്സ് — പ്രതികൂലം=ആഗ്രഹവിരോധി- (ദ്വേഷവിഷയമെന്നു സാരം) നിർദ്ദുഃഖത്വം=ദുഃഖാഭാവം — ഇച്ഛാ=ആഗ്രഹം — തജ്ജ്ഞാനം അതുകളുടെജ്ഞാനം=അതുകൾ=ദുഃഖാഭാവവും സുഖവും — ജ്ഞാനം=അറിവു — തദുപാധി=അതുകളുടെ ഉപാധി — അതുകൾ=ദുഃഖാഭാവവും സുഖവും — ഉപാധി=സാധനം — ഇഷ്ടോപായത്വധീ ഇഷ്ടോപായത്വത്തിന്റെ ധീ- ഇഷ്ടോപായത്വം=ഇഷ്ടോപായമാവു എന്നുള്ളതു- ഇഷ്ടോപായം=ഇഷ്ടത്തിന്റെ ഉപായം — (ഇഷ്ടസാധനമെന്നു സാരം) ധീ=ബുദ്ധി — കൃതിസാധ്യത്വപ്രകാരാ=കൃതിസാധ്യത്വമാകുന്ന പ്രകാരത്തോടുകൂടിയത് — കൃതിസാധ്യത്വം=കൃതിസാ

ധ്യമാവൂ എന്നുള്ളത— കൃതിസാധ്യം=പ്രയത്നസാധ്യം- ചികീൎഷാ=ചികീൎഷാ എന്ന പെരൊടുകൂടിയത— കൃതിസാധ്യെഷ്ടസാധനതാമതി=കൃതിസാധ്യെഷ്ടസാധനതാത്തിന്റെമതി- കൃതിസാധ്യെഷ്ടസാധനത്വം=കൃതിസാധ്യമായിട്ടും ഇഷ്ടസാധനമായിട്ടും ഇരിക്കുന്നതാവൂ എന്നുള്ളത— കൃതിസാധ്യ=പ്രയത്നസാധ്യം- ഇഷ്ടസാധനം=ഇഷ്ടത്തെ സാധിപ്പിക്കുന്നത— മതി=ബുദ്ധി- തദ്ധെതു=അതിന്റെഹെതു- അത=ചികീൎഷാ—

സാരം— എല്ലാവൎക്കും അനുകൂലമായിട്ട യാതൊന്ന തൊന്നുന്നുവൊ അതു സുഖമാകുന്നു- പ്രതികൂലമായി തൊന്നുന്ന ഗുണം ദുഃഖമാകുന്നു- സുഖ ദുഃഖങ്ങളാകുന്ന ഗുണങ്ങൾ ക്രമെണ ധൎമ്മത്താലും അധൎമ്മത്താലും ഉണ്ടാകപ്പെടുന്നതാകുന്നു- ഇപ്രകാരമാകയാൽ എല്ലാവൎക്കും അനുകൂലമാവൂ എന്നുള്ള അവസ്ഥ ഉള്ളപ്പൊൾ യാതൊരു ഗുണത്തെ തൊന്നിക്കുന്നുവൊ അത സുഖത്തിന്റെ ലക്ഷണമാകുന്നു എന്നും എല്ലാവൎക്കും പ്രതികൂലമാവൂ എന്നുള്ള അവസ്ഥ ഉള്ളപ്പൊൾ ഉള്ള ഗുണത്തെ യാതൊന്നൊ അത ദുഃഖത്തിന്റെ ലക്ഷണമാകുന്നു എന്നും ഗ്രഹിച്ചു കൊൾക- സുഖത്തിന്നും ധൎമ്മത്തിന്നും തങ്ങളിൽ കാൎയ്യകാരണ ഭാവമെന്ന സംബന്ധമുണ്ട എന്നും ദുഃഖത്തിന്നും അധൎമ്മത്തിന്നും തങ്ങളിൽ കാൎയ്യ കാരണ ഭാവസംബന്ധമുണ്ട എന്നും ഗ്രഹിച്ചു കൊൾക— ഇച്ശാ എന്നത ആഗ്രഹമാകുന്നു- അത ഫലത്തെ കുറിച്ചും ഉപായത്തെ കുറിച്ചും ഭവിക്കും ഫലമെന്നത സുഖവും ദുഃഖാഭാവവുമാകുന്നു ഫലങ്ങളിൽ വെച്ച ഫലെച്ശയെ കുറിച്ച കാരണം ഫലജ്ഞാനം തന്നെ ഉപായെച്ശയെ കുറിച്ച കാരണം ഇഷ്ടസാധനതാ ജ്ഞാനമാകുന്നു ചികീൎഷാ എന്നത കൃതിസാധ്യമായിട്ടുള്ളതാകുന്ന വിഷയത്തൊടു കൂടിയ ഇച്ശയാകുന്നു- പാകത്തെ കൃതികൊണ്ടു ഞാൻ സിദ്ധമാക്കുന്നു എന്നുള്ള അനുഭവമുണ്ടാകയാൽ ചികീൎഷയെ കുറിച്ചകാരണം കൃതിസാധ്യതാജ്ഞാനവും ഇഷ്ടസാധ്യതാജ്ഞാനവുമാകുന്നു- ഇഷ്ടസാധനമായിരുന്നാലും അതിങ്കൽ ചികീൎഷ ഉണ്ടാകെണമെങ്കിൽ കൃതിസാധ്യതാജ്ഞാനം കൂടെ വെണം- കൃതിസാധ്യമായിരിക്കുന്നതിങ്കൽ ചികീൎഷ ഉണ്ടാകെണമെങ്കിൽ ഇഷ്ടസാധനതാ ജ്ഞാനം കൂടെ വെണം- അതു ഹെതുവായിട്ട ചികീൎഷക്ക കാരണം കൃതിസാധ്യതാ ജ്ഞാനവും ഇഷ്ടസാധനതാ ജ്ഞാനവും കൂടിയാകുന്നു- എന്ന ധരിച്ചു കൊൾക-

ന്ന.- ബലവദനിഷ്ടഹെതുത്വ മതിസ്സ്യാൽപ്രതിബന്ധികാ।

തദ്ധേതുത്വബുദ്ധേസ്തു ഹേതുത്വം കസ്യചിന്മതേ ॥

൧൫൦. ദ്വിഷ്ടസാധനതാബുദ്ധിർദ്വേഷസ്യ കാരണം പ്രവൃത്തിശ്ച നിവൃത്തിശ്ച തഥാ ജീവനകാരണം ॥

൧൫൧. ഏവം പ്രയത്നസ്ത്രിവിധസ്താന്ത്രികൈഃ പരികീർത്തിതഃ ചികീർഷാകൃതിസാധ്യേഷ്ടസാധനത്വമതിസ്തഥാ ॥

൧൫൨. ഉപാദാനസ്യ ചാധ്യക്ഷം പ്രവൃത്തൌ ജനകം ഭവേൽ। നിവൃത്തിസ്തു ഭവേദ്ദ്വേഷാദ്ദ്വിഷ്ടസാധനതാധിയഃ ॥

അന്വയം — ബലവദ്ദ്വിഷ്ടഹേതുത്വമതിഃ പ്രതിബന്ധികാ സ്യാൽ — തദ്ധേതുത്വബുദ്ധേഃ — തു — കസ്യചിൽ മതേ — ഹേതുത്വം — ഭവതി — ദ്വിഷ്ടസാധനതാ — ബുദ്ധിഃ — ദ്വേഷസ്യ — കാരണം — ഭവതി — പ്രവൃത്തിഃ — ച — നിവൃത്തിഃ — ച — തഥാ — ജീവനകാരണം — ച — ഏവം — പ്രയത്നഃ — ത്രിവിധഃ — താന്ത്രികൈഃ പരികീർത്തിതഃ — ഭവതി — ചികീർഷാ — കൃതിസാധ്യേഷ്ടസാധനത്വമതിഃ തഥാ ഉപാദാനസ്യ — അധ്യക്ഷം — ച — പ്രവൃത്തൌ — ജനകം ഭവേൽ — ദ്വേഷാൽ — നിവൃത്തിഃ — തു — ദ്വിഷ്ടസാധനതാ — ധിയഃ — ഭവതി

അന്വയാർത്ഥം — ബലവദ്ദ്വിഷ്ടഹേതുത്വമതി പ്രതിബന്ധികയായി ഭവിക്കുന്നു തദ്ധേതുത്വബുദ്ധിക്കുതന്നെ ഹേതുത്വം ചിലരുടെ മതത്തിങ്കൽ ഭവിക്കുന്നു — ദ്വിഷ്ടസാധനതാ ബുദ്ധി ദ്വേഷത്തിന്നു കാരണമായി ഭവിക്കും — പ്രവൃത്തിയും നിവൃത്തിയും അപ്രകാരം ജീവനകാരണവും ഇങ്ങിനെ പ്രയത്നം ത്രിവിധമാകി താന്ത്രികന്മാരാൽ പരികീർത്തിതമായി ഭവിക്കുന്നു — ചികീർഷയും കൃതിസാധ്യേഷ്ടസാധനതാമതിയും അപ്രകാരം ഉപാദാനത്തിന്റെ അധ്യക്ഷവും പ്രവൃത്തിയിങ്കൽ ജനകമായി ഭവിക്കുന്നു — നിവൃത്തിയാകട്ടെ ദ്വിഷ്ടസാധനതാധി ഹേതുവായിട്ട ഭവിക്കുന്നു —

പരിഭാഷാ — ബലവദ്ദ്വിഷ്ടഹേതുത്വമതി=ബലവദ്ദ്വിഷ്ടഹേതുത്വത്തിന്റെ മതി — ബലവദ്ദ്വിഷ്ടഹേതുത്വം=ബലവദ്ദ്വിഷ്ടഹേതുവാകുന്നു എന്നുള്ളത — ബലവദ്ദ്വിഷ്ടഹേതു=ബലവദ്ദ്വിഷ്ടത്തിന്നു ഹേതു — ബലവദ്ദ്വിഷ്ടം=ബലവത്തായിരിക്കുന്ന ദ്വിഷ്ടം — ബലവത്ത=പ്രബലം ദ്വിഷ്ടം=അപ്രിയം — മതി=ബുദ്ധി പ്രതിബന്ധികാ=പ്രതിബന്ധത്തെ ഉണ്ടാക്കുന്നത — തദ്ധേതുത്വബുദ്ധി=തദ്ധേതുത്വത്തിന്റെ ബുദ്ധി — തദ്ധേതുത്വം=തദ്ധേതുവാകുന്നു എന്നുള്ളത — തദ്ധേതു=അതിന്നു ഹേതു — അത=ബലവദ്ദ്വിഷ്ടം — അഹേതു=ഹേതുവല്ലാത്തത — ബുദ്ധി=ബോ

ധം- ഹേതുതാ=ഹേതുവാവൂ എന്നുള്ളത- ഇഷ്ടസാധനതാബുദ്ധി=ഇഷ്ടസാധനതയുടെബുദ്ധി- ഇഷ്ടസാധനതാ=ഇഷ്ടസാധനമാവൂ എന്നുള്ളത- ഇഷ്ടസാധനം=ഇഷ്ടത്തിന്റെ സാധനം- ദ്വിഷ്ടം=അപ്രിയം- ബുദ്ധി=ബോധം- ദ്വേഷം=ദ്വേഷമെന്നുള്ള ഗുണം— ജീവനകാരണം=ജീവനത്തിന്റെ കാരണം— പ്രയത്നം=പ്രയത്നമെന്നുള്ള ഗുണം- ത്രിവിധം=മൂന്നവിധകളോടകൂടിയത— വിധകൾ=പ്രകാരങ്ങൾ— താന്ത്രികന്മാർ=ശാസ്ത്രജ്ഞന്മാർ- പരികീർത്തിതം=പരികീർത്തിക്കപ്പെട്ടത— പരികീർത്തിക=പറക— കൃതിസാദ്ധ്യേഷ്ടസാധനതാമതി=കൃതിസാദ്ധ്യേഷ്ട സാധനതാത്തിന്റെമതി (കൃതിസാദ്ധ്യമായിട്ടും ഇഷ്ടസാധനമായിട്ടും ഉള്ളതാകുന്നു എന്നുള്ള ബുദ്ധി എന്നസാരം) ഉപാദാനം=സമവായികാരണം- അദ്ധ്യക്ഷം=പ്രത്യക്ഷം— പ്രവൃത്തി=പ്രവൃത്തി എന്ന പ്രയത്നം— ജനകം=കാരണം— നിവൃത്തി=നിവൃത്തി എന്ന പ്രയത്നം- ദ്വിഷ്ടസാധനതാധീ ദ്വിഷ്ടസാധനതയുടെ ധീ— ദ്വിഷ്ടസാധനതാ=ദ്വിഷ്ട സാധനമാവൂ എന്നുള്ളത— ധീ=ബുദ്ധി—

സാരം—— പ്രബലമായ അനിഷ്ടത്തെ കുറിച്ച ഇത ഹേതുവാകുന്നു എന്നുള്ള ജ്ഞാനം ചികീർഷയെ പ്രതിബന്ധിക്കുന്നതാകുന്നു- പ്രബലമായിരിക്കുന്ന അനിഷ്ടത്തെ ജനിപ്പിക്കാത്തതാകുന്നു- ജ്ഞാനം കാരണമാകുന്നു എന്നും ഒരുത്തന്റെ മതമുണ്ട- പ്രബലമായ അനിഷ്ടത്തെ എന്ന പറക കൊണ്ട പാകാദികളിലുള്ള ദുഃഖം പ്രബലമല്ലായ്കയാൽ അതിങ്കൽ ചികീർഷ ഉണ്ടാകുന്നു എന്നി പ്രകാരമുള്ള അർത്ഥത്തെ സംഗ്രഹിച്ചിരിക്കുന്നു എന്നറിഞ്ഞു കൊൾക- പ്രബലമായിരിക്കുന്ന അനിഷ്ടത്തെ കുറിച്ച ഇത കാരണമാകുന്നു എന്നുള്ള ജ്ഞാനത്താൽ ജനിപ്പിക്കപ്പെടുന്ന ഗുണത്തെ ദ്വേഷമെന്ന അറിഞ്ഞു കൊൾക- പ്രവൃത്തി നിവൃത്തി ജീവനയോനി ഇങ്ങിനെ പ്രയത്നം മൂന്നു പ്രകാരമാകുന്നു ചികീർഷയും കൃതിസാദ്ധ്യതാ ജ്ഞാനവും ഇഷ്ട സാധനതാ ജ്ഞാനവും ഉപാദാനത്തിന്റെ പ്രത്യക്ഷവും പ്രവൃത്തിക്കു കാരണമാകുന്നു നിവൃത്തിക്കു കാരണം അനിഷ്ടസാധനമാകുന്നു എന്നുള്ള ബുദ്ധിയാകുന്നു-

൧൦. യത്നോജീവനയോനിസ്തുസർവ്വദാതീന്ദ്രിയോഭവേൽ ശരീരെപ്രാണസഞ്ചാരെകാരണംസംപ്രകീർത്തിതഃ ॥

അന്വയം—— ജീവനയോനിഃ— യത്നഃ- തു— സർവ്വദാ- അതീന്ദ്രിയഃ- ഭവേൽ- സഃ- ശരീരെ- പ്രാണസഞ്ചാരെ- കാര

ണം പ്രകീൎത്തിതഃ — ഭവതി.

അന്വയാൎത്ഥം — ജീവനയോനിയായിരിക്കുന്ന യത്നം എല്ലാ സമയങ്ങളിലും അതീന്ദ്രിയമായി ഭവിക്കും. അത ശരീരത്തിങ്കൽ പ്രാണസഞ്ചാരത്തിങ്കൽ കാരണമാകുന്നു. എന്ന പ്രകീൎത്തിതമായി ഭവിക്കുന്നു.

പരിഭാഷാ — ജീവനയോനി = ജീവനയോനി എന്ന പെരൊട കൂടിയത. യത്നം = പ്രയത്നം. അതീന്ദ്രിയം ഇന്ദ്രിയത്തെ അതിക്രമിച്ചത. (ഇന്ദ്രിയങ്ങൾ കൊണ്ട ഗ്രഹിക്കപ്പെടാത്തത എന്നസാരം). പ്രകീൎത്തിതം = പ്രകീൎത്തിക്കപ്പെട്ടത. പ്രകീൎത്തിക്കുക = പറക.

സാരം — ജീവനയോനി എന്ന യത്നം സൎവ്വജീവാത്മാക്കളിലുമിരിക്കുന്നു. അത ഇന്ദ്രിയങ്ങളിൽ ഒന്നുകൊണ്ടും ഗ്രഹിക്കപ്പെടുന്നതല്ല. ശരീരത്തിങ്കൽ പ്രാണസഞ്ചാരത്തെ കുറിച്ചു കാരണത്വേന കല്പിക്കപ്പെട്ടതാകുന്നു.

൯൫ — അതീന്ദ്രിയംഗുരുത്വംസ്യാൽപൃഥിവ്യാദിദ്വയെതുതൽ।
അനിത്യെതദനിത്യംസ്യാന്നിത്യെനിത്യമുദാഹൃതം॥

൯൬. തദെവാസമവായിസ്യാൽപതനാദ്യെതുകൎമ്മണി।സാം
സിദ്ധികംദ്രവത്വംസ്യാന്നൈമിത്തികമഥാപരം॥

൯൭— സാംസിദ്ധികന്തുസലിലെദ്വിതീയംക്ഷിതിതെജസൊഃ।
പരമാണൌജലെനിത്യമന്യത്രാനിത്യമിഷ്യതെ॥

൯൮. നൈമിത്തികംവഹ്നിയൊഗാത്തപനീയഘൃതാദിഷു। ദ്ര
വത്വംസ്യന്ദനെഹെതുൎന്നിമിത്തംസംഗ്രഹെതുതൽ॥

൯൯ — സ്നെഹൊജലെസനിത്യൊണാവനിത്യൊവയവിന്യ
സൌ। തൈലാന്തരെതൽപ്രകൎഷാദ്ദഹനസ്യാനുകൂലതാ।

അന്വയം — ഗുരുത്വം = അതീന്ദ്രിയം — സ്യാൽ — പൃഥിവ്യാദി- ദ്വയെ- തു · തൽ — ഭവതി- അനിത്യെ തൽ — അനിത്യം- സ്യാൽ - നിത്യെ — നിത്യം · ഉദാഹൃതം — പതനാദ്യെ — കൎമ്മണി- തു — തൽ · എവ · അസമവായി · സ്യാൽ — ദ്രവത്വം- സാംസിദ്ധികം- സ്യാൽ — അഥ നൈമിത്തികം — അപരം- ച- സാംസിദ്ധികം- തു- സലിലെ · ഭവതി- ദ്വിതീയം- ക്ഷിതിതെജസൊഃ — ഭവതി — പരമാണൌ- ജലെ- ദ്രവത്വം- നിത്യം- അന്യത്ര- അനിത്യം- ഇഷ്യതെ നൈമിത്തികം- ദ്രവത്വം- തപനീയഘൃതാദിഷു- വഹ്നിയൊഗാൽ- ഭവതി — തൽ — സ്യന്ദനെ- ഹെതുഃ — സംഗ്രഹെ- തു- നിമിത്തം- ച- ഭവതി- സ്നെഹഃ- ജലെ — ഭവതി- സഃ- അണൌ- നിത്യഃ- അവയവിനി—

അമേയം· അനിത്യം· തൈലാന്തരെ· തൽപ്രകർഷാൽ· ദഹന സ്യ· അനുകൂലതാ— ഭവതി—

ഭാഷാർത്ഥം—— ഗുരുത്വം അതീന്ദ്രിയമായിരിക്കും· പൃഥി വ്യാദിദ്വയത്തിങ്കൽതന്നെ അതിരിക്കുന്നു അനിത്യമായിരിക്കു ന്നതിങ്കൽ ഉള്ളത അനിത്യമായിരിക്കും നിത്യമായിരിക്കു ന്നതിങ്കൽ ഉള്ളത നിത്യമെന്നുദാഹൃതമായിരിക്കുന്ന പ തനാഖ്യമായിരിക്കുന്ന കർമ്മത്തിങ്കലാകട്ടെ അതതന്നെഅസമ വായിയായിരിക്കും· ദ്രവത്വം സാംസിദ്ധികമായി ഭവിക്കും· നൈമിത്തികമായിട്ട അപരമായിട്ടും ഭവിക്കും· സാംസിദ്ധിക മായിരിക്കുന്ന ദ്രവത്വമാകട്ടെ സലിലത്തിങ്കൽ ഭവിക്കുന്നു ദ്വി തീയം ക്ഷിതിതെജസ്സുകളിൽ ഭവിക്കുന്നു· പരമാണുവായിരി ക്കുന്ന ജലത്തിങ്കൽ ദ്രവത്വം നിത്യമായിട്ടും അന്യങ്ങളിൽഅനി ത്യമായിട്ടും ഇരിക്കപ്പെടുന്നു· നൈമിത്തികമായിരിക്കുന്ന ദ്രവ ത്വം വഹ്നിയോഗംഹേതുവായിട്ട തപനീയഘൃതാദികളിൽഭവി ക്കുന്നു· അത സ്പന്ദനത്തിങ്കൽഹേതുവായിട്ടും സംഗ്രഹത്തിങ്കലാ കട്ടെ നിമിത്തമായിട്ടും ഭവിക്കുന്നു· സ്നേഹംജലത്തിങ്കൽതന്നെ ഭവിക്കുന്നു· അത അണുക്കളിൽ നിത്യമായിരിക്കുന്നു· അവയ വികളിലെ ഇത അനിത്യമായിരിക്കുന്നു· തൈലാന്തരത്തിങ്ക ൽ തൽപ്രകർഷഹേതുവായിട്ട ദഹനത്തിന്ന അനുകൂലതഭവി ക്കുന്നു·

പരിഭാഷ—— ഗുരുത്വം=ഗുരുത്വമെന്നഗുണം· അതീന്ദ്രി യം ഇന്ദ്രിയങ്ങളെ അതിക്രമിച്ചത· പൃഥിവ്യാദിദ്വയം= പൃഥി വ്യാദികളുടെ ദ്വയം· (പൃഥിവിയും ജലവുമെന്നസാരം) അനി ത്യം=നിത്യമല്ലാത്തത· നിത്യം=നാശത്തോടകൂടാത്തത· ഉദാഹൃ തം=ഉദാഹരിക്കപ്പെട്ടത· പതനാഖ്യം=പതനമെന്നആഖ്യയൊ ടകൂടാത്തത— ആഖ്യാ=പെര· കർമ്മം=ക്രിയാ· അസമവായി= അസമവായികാരണം· ദ്രവത്വം=ദ്രവത്വമെന്നഗുണം സാംസി ദ്ധികം= സ്വാഭാവികം· നൈമിത്തികം=നിമിത്തകൃതം· (ഹേ തുവശാൽ ഉണ്ടായതെന്നസാരം) അപരം=അന്യം· സലിലം= ജലം· ദ്വിതീയം നൈമിത്തികദ്രവത്വം· ക്ഷിതിതെജസ്സുകൾ= ക്ഷിതിയും തെജസ്സും· ക്ഷിതി=ഭൂമി· നിത്യം=നാശത്തോടകൂടാ ത്തത· അന്യങ്ങൾ—മറ്റുള്ളതുകൾ· അനിത്യം= നിത്യമല്ലാത്തത വഹ്നിയോഗം=അഗ്നിസംയോഗം· തപനീയഘൃതാദികൾ=ത പനീയഘൃതങ്ങൾ തുടങ്ങിയുള്ളവ· തപനീയഘൃതങ്ങൾ=തപനീ യവും ഘൃതവും· തപനീയം=സ്വൎണ്ണം· ഘൃതം=നെയ്യ— അത=ദ്ര

വത്വം- സ്യന്ദനം=പ്രവാഹം- ഹേതു=അസമവായികാരണം- സംഗ്രഹഃ=ചൂൎണ്ണസംയോഗവിശേഷഃ—നിമിത്തം— നിമിത്ത കാരണം- സ്നേഹം=സ്നേഹമെന്നഗുണം. അണു= പരമാണു- നിത്യം=നാശത്തോടുകൂടാത്തത. അവയവി=അവയവത്തോടുകൂടിയത. അനിത്യം=നിത്യമല്ലാത്തത- തൈലാന്തരം=തൈലത്തിന്റെ അന്തരം- തൈലം=എണ്ണ- അന്തരം=മദ്ധ്യം- തൽപ്രകൎഷം= അതിന്റെപ്രകൎഷം- അതിസ്നേഹം- പ്രകൎഷം= ആധിക്യം- ദഹനം=ദാഹം. അനുകൂലതാ= അനുകൂലത്വം.

സാരം— ദ്രവത്വമെന്നഗുണം ഇന്ദ്രിയംകൊണ്ട ഗ്രഹിക്കപ്പെടുവാൻ കഴിയുന്നതല്ല അത ആദ്യപതനത്തിന്ന അസമവായികാരണമായിട്ടുള്ളതാകുന്നു.(ആദ്യപതനം=ഒന്നാമത്തതായവീഴ്ച) പൃഥിവിജലം ഈ രണ്ടുദ്രവ്യങ്ങളിൽ ഇരിക്കുന്നതാകുന്നു. ഘൃതകാദികളായ അനിത്യദ്രവ്യങ്ങളിലുള്ള ദ്രവത്വം അനിത്യമാകുന്നു. പരമാണുവിങ്കൽ ഉള്ള ദ്രവത്വം നിത്യമാകുന്നു- പതനാദ്യകൎമ്മണി എന്നുള്ള സ്ഥലത്തിങ്കലെ പതനശബ്ദം ആദ്യപതനമെന്ന അൎത്ഥത്തോട കൂടിയതാകുന്നു. ദ്വിതീയപതനാദികൾക്ക അസമവായികാരണം വേഗമത്രെ ആകുന്നതു ദ്രവത്വമെന്നഗുണം സാംസിദ്ധികമായിട്ടും നൈമിത്തികമായിട്ടും ഉണ്ട. അതുകളിൽവെച്ച സാംസിദ്ധികദ്രവത്വം ജലമാത്രത്തിങ്കൽ ഇരിക്കുന്നു. നൈമിത്തികദ്രവത്വം പൃഥിവിതേജസ്സുകളിൽ ഇരിക്കുന്നു. ജലപരമാണുവിങ്കൽഉള്ള ദ്രവത്വം നിത്യമാകുന്നു. മറ്റുള്ളടത്തൊക്കെയും അനിത്യമാകുന്നു. വഹ്നിസംയോഗം ഹേതുവായിട്ട നെയ്യ മെഴു അരക്ക ഇത്യാദികളിലും സ്വൎണ്ണമുതലായതുകളിലും ഉണ്ടാകുന്നദ്രവത്വം നൈമിത്തികദ്രവത്വമാകുന്നുഎന്നറിഞ്ഞുകൊൾക. ദ്രവത്വമെന്നത ആദ്യസ്യന്ദനത്തെക്കുറിച്ച അസമവായി കാരണമായിട്ടും ചൂൎണ്ണാദിപിണ്ഡീഭാവത്തെ കുറിച്ച നിമിത്തകാരണമായിട്ടും ഉള്ളതാകുന്നു. ദ്രവത്വത്തോട കൂടിയജലത്തിന്റെ സംയോഗംഹേതുവായിട്ട പൊടി ഉരുട്ടിയാൽ ഉരുളയായിതീരും ഇങ്ങിനെ ഉരുളയായിതീരുന്നതിനെ പിണ്ഡീഭാവമെന്നപദംകൊണ്ടപറയുന്നു. അതിനെകുറിച്ച കാരണംജലത്തിങ്കലെ ദ്രവത്വമാകുന്നു- സ്വൎണ്ണാദികളിലുള്ള ദ്രവത്വം പൊടിയെ ഉരുട്ടുന്നില്ല അതഹേതുവായിട്ടദ്രവത്വം പിണ്ഡീഭാവത്തെകുറിച്ച കാരണമാകുന്ന എന്നുള്ളതനിയമിച്ചു കൂടാ എന്ന ശങ്കിക്കുന്നഎങ്കിൽ അതയുക്തമായിട്ടുള്ളതാകുന്നു എങ്കിലും സ്നേഹമാകുന്ന സഹകാരിയോടുകൂടിയദ്ര

വത്വംപിണ്ഡീഭാവത്തെ കുറിച്ചു നിമിത്തമാകുന്നു എന്നും സ-ണ്ണാദികളിലെ ദ്രവത്വത്തിന്ന സഹായമായിട്ടു സ്നേഹമില്ലായ്കയാൽ അതുപിണ്ഡീഭാവത്തെകുറിച്ചു നിമിത്തമായി ഭവിക്കുന്നില്ലാ എന്നുമാകുന്നു. ഗ്രന്ഥകൎത്താവിന്റെ അഭിപ്രായമെന്ന അറിഞ്ഞുകൊൾക. ഇപ്രകാരം ദ്രവത്വത്തിന്നുകാരണത്വത്തെ സ്വീകരിക്കുന്നതിനെക്കാൾ പിണ്ഡീഭാവത്തെ കുറിച്ചുനിമിത്തം സ്നേഹമാകുന്നു എന്നുള്ള അഭ്യുപഗമം ശ്ലാഘ്യമായിരിക്കുകയുംചെയ്യും. സ്നേഹമെന്നഗുണം ജലമാത്രത്തിങ്കൽ ഇരിക്കുന്നതാകുന്നു അതുപരമാണുവിങ്കൽ നിത്യമായിട്ടും അന്യത്രഅനിത്യമായിട്ടും ഭവിക്കുന്നു പാൎത്ഥിവമായതൈലത്തിങ്കൽ സ്നേഹമെന്നുള്ളഗുണം സൎവ്വാനുഭവമാകുന്ന സാക്ഷിബലാൽസിദ്ധമായിരിക്കുന്നു എങ്കിലും അതുതൈലത്തോടു ചേൎന്നിരിക്കുന്ന ജലത്തിങ്കൽ ഉള്ളതുതന്നെ എന്നുപറവാൻ കഴിയുമെങ്കിൽദോഷമില്ല. അപ്രകാരം പറവാൻകഴികയില്ല. എന്തഹേതുവായിട്ടെന്നാൽ ജലത്തിങ്കൽഉള്ള ദ്രവത്വം ദാഹപ്രതികൂലമാകുന്നു. ജലത്തിങ്കൽ തീപ്പിടിക്കുന്നില്ലാ എല്ലാ തൈലത്തിങ്കലെ ദ്രവത്വം ദാഹത്തിന്ന അനുകൂലമാകുന്നു അല്ലാഎങ്കിൽഅതിലും തീപ്പിടിക്കാതെ ഇരിക്കേണം. കാണുന്നതഅപ്രകാരമല്ലല്ലൊ അതഹേതുവായിട്ട പൃഥിവിയുംസ്നേഹാധികരണമാകുന്നു എന്നാശങ്കിക്കുന്നു എങ്കിൽഅങ്ങിനെ ശങ്കിക്കരുത. തൈലത്തിങ്കൽഉള്ള ദ്രവത്വവും ജലസംബന്ധിയായിട്ടുള്ളതുതന്നെ അതിന്നആധിക്യമുണ്ടാകയാൽ അതഅഗ്നിയെ നാശിപ്പിക്കുന്നില്ല. അഗ്നിഹേതുവായിട്ടുള്ള ആശ്രയനാശത്തിന്നു അനുകൂലമായിഭവിക്കുന്നു. ജലത്തിങ്കൽ ഉള്ളസ്നേഹം വിപരീതമായത അതിന്റെഅല്പതഹേതുവായിട്ടാകുന്നു എന്നഗ്രഹിച്ചുകൊൾക.

൧൫൮.— സംസ്കാരഭേദോവേഗോഥ സ്ഥിതിസ്ഥാപകഭാവനെ। മൂൎത്തമാത്രെതുവെഗസ്സ്യാൽകൎമ്മജോവെഗജഃക്വചിൽ॥

൧൫൯.— സ്ഥിതിസ്ഥാപകസംസ്കാരഃക്ഷിത്യാംകെചിൽചതുൎഷ്വപി। അതീന്ദ്രിയൊസൌവിജ്ഞെയഃക്വചിൽസ്പന്ദെപികാരണം॥

൧൬൦.— ഭാവനാഖ്യസ്തുസംസ്കാരൊജീവവൃത്തിരതീന്ദ്രിയഃ। ഉപെക്ഷാനാത്മകസ്തസ്യനിശ്ചയഃകാരണംഭവെൽ॥

൧൬൧.— സ്മരണെപ്രത്യഭിജ്ഞായാമപ്യസൌഹെതുരുച്യതെ। ധൎമ്മാധൎമ്മാവദൃഷ്ടംസ്യാദ്ധൎമ്മസ്സ്വൎഗ്ഗാദിസാധനം॥

൧൬൨.— ഗംഗാസ്നാനാദിയാഗാദിവ്യാപാരസ്സതുകീൎത്തിതഃ। കൎമ്മനാശാജലസ്പൎശാദിനാനാശ്യസ്ത്വസൌമതഃ।

൧൬൧— അധൎമ്മോനരകാദീനാംഹേതുൎന്നിന്ദിതകൎമ്മജഃ। പ്രായശ്ചിത്താദിനാശ്യോസൌജീവവൃത്തിരിമൌ ഗുണൌ॥

൧൬൨— ഇമൌതുവാസനാജന്യൌജ്ഞാനാദപിവിനശ്യതഃ। ശബ്ദോധ്വനിശ്ചവൎണ്ണശ്ചമൃദംഗാദിഭവോധ്വനിഃ॥

അന്വയം—— അഥ- വേഗഃ- സ്ഥിതസ്ഥാപകഃ ഭാവനാ- ച- സംസ്കാരഭേദാഃ- വേഗഃ- തു- മൂൎത്തമാത്രേ- സ്യാൽ- കഃചിൽ കൎമ്മജഃ- കഃചിൽ- വേഗജഃ ച- സ്ഥിതസ്ഥാപകസംസ്കാരഃ- സ്ഥിതൌ- കേചിൽ- ചതുൎഷു ഇതി- ആഹുഃ- സഃ- അതീന്ദ്രിയഃ- വിജ്ഞേയഃ— കഃചിൽ- സ്പന്ദേ- കാരണം- അപി- ഭാവനാഖ്യാ- സംസ്കാരഃ തു- ജീവവൃത്തിഃ- അതീന്ദ്രിയഃ ഭവതി— തസ്യ- ഉപേക്ഷാനാത്മകഃ- നിശ്ചയഃ കാരണം- ഭവേൽ- സ്മരണേ- പ്രത്യഭിജ്ഞായാം- അപി- അസൌ- ഹേതുഃ- ഉച്യതേ- ധൎമ്മാധൎമ്മൌ- അദൃഷ്ടം- ധൎമ്മഃ സ്വൎഗ്ഗാദിസാധനം- സ്യാൽ— സഃ തു ഗംഗാസ്നാനാദിയാഗാദിവ്യാപാരഃ കീൎത്തിതഃ- അസൌ- തു- കൎമ്മനാശാജലസ്പൎശാദിനാ- നാശ്യഃ- മതഃ- അധൎമ്മഃ നരകാദീനാം- ഹേതുഃ- നിന്ദിതകൎമ്മജഃ- ച- അസൌ- പ്രായശ്ചിത്താദി— നാശ്യഃ- ഇമൌ- ഗുണൌ ജീവവൃത്തീ- ഇമൌ- തു- വാസനാജന്യൌ- ജ്ഞാനാൽ അപി- വിനശ്യതഃ- ശബ്ദഃ- ധ്വനിഃ- ച- വൎണ്ണഃ- ച- മൃദംഗാദിഭവഃ- ധ്വനിഃ-

അന്വയാൎത്ഥം—— വേഗവും സ്ഥിതസ്ഥാപന ഭാവനകളും സംസ്കാരഭേദമാകുന്നു വേഗം മൂൎത്തമാത്രത്തിങ്കൽ ഭവിക്കും ചിലെടത്ത കൎമ്മജമായിട്ടും ചിലെടത്ത വേഗജമായിട്ടും ഭവിക്കും- സ്ഥിതസ്ഥാപക സംസ്കാരം ക്ഷിതിയിങ്കൽ ഭവിക്കുന്നു ചിലർ നാലുദ്രവ്യങ്ങളിൽ എന്നു പറയുന്നു അതു അതീന്ദ്രിയമെന്നു വിജ്ഞേയമായി ഭവിക്കുന്നു- ഒരെടത്ത സ്പന്ദത്തിങ്കൽ കാരണമെന്നും വിജ്ഞേയമായി ഭവിക്കുന്നു- ഭാവനാഖ്യമായിരിക്കുന്നസംസ്കാരം ജീവവൃത്തിയായിട്ടും അതീന്ദ്രിയമായിട്ടും ഭവിക്കുന്നു അതിന്നു ഉപേക്ഷാനാത്മകമായിരിക്കുന്ന നിശ്ചയം കാരണമായി ഭവിക്കും സ്മരണത്തിങ്കലും പ്രത്യഭിജ്ഞയിങ്കലും ഇതു ഹേതുവെന്നു വചിക്കപ്പെടുന്നു- ധൎമ്മാധൎമ്മങ്ങൾ അദൃഷ്ടമാകുന്നു- ധൎമ്മം സ്വൎഗ്ഗാദി സാധനമായി ഭവിക്കും അതാകട്ടെ ഗംഗാസ്നാനാദി യാഗാദി വ്യാപാരമാകുന്നു എന്നു കീൎത്തിതമായി ഭവിക്കുന്നു- ഇതാകട്ടെ കൎമ്മനാശാജലസ്പൎശാദിയാൽ നാശ്യമായി ഭവിക്കുന്നു എന്നു മതമാകുന്നു— അധൎമ്മം നരകാദികൾക്കു ഹേതുവായിട്ടും നിന്ദിതകൎമ്മജമായിട്ടും ഭവിക്കുന്നു ഇതാകട്ടെ പ്രായശ്ചി

ത്താദി നാശ്യമായി ഭവിക്കുന്നു ൩ ഗുണങ്ങൾ ജീവവൃത്തികളായി ഭവിക്കുന്നു. ഇതുകൾ വാസനാജന്യമായി ഭവിക്കുന്നു— ജ്ഞാനം ഹെതുവായിട്ടും നശിക്കുന്നു. ശബ്ദം ധ്വനിയായിട്ടും വൎണ്ണമായിട്ടും ഭവിക്കുന്നു മൃദംഗാദി ഭെദമായിരിക്കുന്ന ശബ്ദം ധ്വനിയാകുന്നു—

പരിഭാഷാ—— സ്ഥിതസ്ഥാപനഭാവനകൾ=സ്ഥിതസ്ഥാപനവും ഭാവനയും— വെഗം വെഗമെന്ന സംസ്കാരം— മൂൎത്തമാത്രം=കെവലമായ മൂൎത്തം— (അപകൃഷ്ടപരിമാണമായ ദ്രവ്യമെന്നൊഴിന്ന സാരം) കൎമ്മജം=കൎമ്മത്തിങ്കൽ നിന്നു ജനിക്കുന്നത— വെഗജം=വെഗത്തിങ്കൽ നിന്നു ജനിക്കുന്നത— സ്ഥിതസ്ഥാപകസംസ്കാരം=സ്ഥിതസ്ഥാപകമെന്ന സംസ്കാരം— ക്ഷിതി=ഭൂമി. അത=സംസ്കാരം— അതീന്ദ്രിയം= ഇന്ദ്രിയാഗ്രാഹ്യം. സ്പന്ദം=ഉൽപ്ലവനം. വിജ്ഞെയം=അറിയപ്പെടുവാൻയൊഗ്യം ഭാവനാഖ്യം=ഭാവനാ എന്ന ആഖ്യയൊടുകൂടിയത. ആഖ്യാ=പെർ. ജീവവൃത്തി=ജീവങ്കൽ ഇരിക്കുന്നത— ജീവൻ=ജീവാത്മാവ— ഉപെക്ഷാനാത്മകം=ഉപെക്ഷാസ്വരൂപമല്ലാത്തത. സ്മരണം=സ്മൃതി. പ്രത്യഭിജ്ഞാ=പ്രത്യഭിജ്ഞാ എന്ന ജ്ഞാനം. ഹെതു=കാരണം— ധൎമ്മാധൎമ്മങ്ങൾ=ധൎമ്മവും അധൎമ്മവും— അദൃഷ്ടം=അദൃഷ്ടമെന്ന ഗുണം. സ്വൎഗ്ഗാദിസാധനം=സ്വൎഗ്ഗാദികളെ സാധിപ്പിക്കുന്നത. സ്വൎഗ്ഗാദികൾ=സ്വൎഗ്ഗം തുടങ്ങിയുള്ളവ. സാധിപ്പിക്ക=പ്രാപിപ്പിക്ക. അത=ധൎമ്മം— ഗംഗാസ്നാനാദിയാഗാദിവ്യാപാരം=ഗംഗാസ്നാനാദിയുടെയും യാഗാദിയുടെയും വ്യാപാരം— ഗംഗാസ്നാനാദി=ഗംഗാസ്നാനം തുടങ്ങിയുള്ളത. യാഗാദി=യാഗം തുടങ്ങിയുള്ളത. കീൎത്തിതം=കീൎത്തിക്കപ്പെട്ടത. കീൎത്തിക്ക=പറക. ഇത=അധൎമ്മം— കൎമ്മനാശാജലസ്പൎശാദി=കൎമ്മനാശാ ജലസ്പൎശം തുടങ്ങിയുള്ളത. കൎമ്മനാശാജലസ്പൎശം=കൎമ്മനാശാ ജലത്തിന്റെ സ്പൎശം— കൎമ്മനാശാജലം=കൎമ്മനാശയുടെ ജലം— കൎമ്മനാശാ=കൎമ്മനാശാ എന്ന നദി. നാശ്യം=നശിപ്പിക്കപ്പെടുവാൻ കഴിയുന്നത— ജ്ഞാതം=അറിയപ്പെടുന്നത. നരകാദികൾ=നരകം തുടങ്ങിയുള്ളവ— നിന്ദിതകൎമ്മജം=നിന്ദിതകൎമ്മത്തിങ്കൽ നിന്നു ജനിക്കുന്നത. നിന്ദിതകൎമ്മം=നിന്ദിതമായിരിക്കുന്ന കൎമ്മം. നിന്ദിതം=നിന്ദിക്കപ്പെട്ടത— പ്രായശ്ചിത്താദി പ്രായശ്ചിത്തം തുടങ്ങിയുള്ളത— നാശ്യം=നശിപ്പിക്കപ്പെടുവാൻയൊഗ്യം. ജീവവൃത്തികൾ=ജീവങ്കൽ ഇരിക്കുന്നവ. ഇതുകൾ=ധൎമ്മാധൎമ്മങ്ങൾ. വാസനാജന്യങ്ങൾ=വാസനയാൽ ഉണ്ടാക്കപ്പെടുന്നവ. വാസനാ=

ഭാവനാഖ്യ സംസ്കാരം— വൎണ്ണം=അക്ഷരം— മൃദംഗാദിഭവം=മൃദംഗാദികളിൽനിന്ന ഭവിക്കുന്നത— മൃദംഗാദികൾ=മൃദംഗം തുടങ്ങിയുള്ളവ— മൃദംഗം=മൃദംഗമെന്നവാദ്യം—

സാരം— വേഗം, സ്ഥിതിസ്ഥാപനകം, ഭാവന— ഇങ്ങിനെ സംസ്കാരമെന്ന ഗുണം മൂന്ന പ്രകാരമാകുന്നു— അതുകളിൽ വെച്ച വേഗമെന്നത— കൎമ്മം ഹേതുവായിട്ടും വേഗം ഹേതുവായിട്ടും ഉണ്ടാകുന്നു— ശരത്തിങ്കൽ നോദനമാകുന്ന ശരപ്രയോഗാവിന്റെ കൎമ്മത്താൽ ഉണ്ടാക്കപ്പെട്ടതായ കൎമ്മം ഹേതുവായിട്ട വേഗം ജനിക്കുന്നു— അത ഹേതുവായിട്ട പൂൎവ്വകൎമ്മം നശിക്കുന്ന അനന്തരം ഉത്തരകൎമ്മം ജനിക്കുന്നു— ഇങ്ങിനെ മറ്റുള്ളതുകളിലും ഗ്രഹിച്ചുകൊൾക— വേഗത്തോടുകൂടിയ അവയവത്താൽ ഉണ്ടാക്കപ്പെട്ട അവയവിയിങ്കൽ യാതൊരു വേഗം ജനിക്കുന്നുവൊ അത വേഗജമായിരിക്കുന്ന വേഗമാകുന്നു വേഗം വേഗമെന്ന സംസ്കാരം അപകൃഷ്ടപരിമാണമായ ദ്രവ്യത്തിങ്കൽ തന്നെ ഇരിക്കുന്നതാകുന്നു— സ്ഥിതിസ്ഥാപക സംസ്കാരം ഭൂമിയിൽ തന്നെ ഇരിക്കുന്നതാകുന്നു— അതിനെ മൂൎത്തഗുണമെന്ന പറഞ്ഞുകൂടാ മൂൎത്തങ്ങളായ ദ്രവ്യങ്ങളിൽ സൎവ്വത്ര ഭവിക്കുന്നില്ലല്ലൊ മൂൎത്തത്തിങ്കൽ ഇരിക്കുന്നതല്ലായ്കയാൽ അമൂൎത്തഗുണമെന്നും പറഞ്ഞുകൂടാ അത ഹേതുവായിട്ട മൂൎത്താമൂൎത്താദിഗുണപ്രശ്നത്തിങ്കൽ സ്ഥിതിസ്ഥാപകത്തെ കുറിച്ച ഒന്നും പറഞ്ഞിട്ടില്ല എന്നറിഞ്ഞുകൊൾക— ചിലർ പൃഥിവ്യാദി ചതുഷ്ടയത്തിങ്കൽ സ്ഥിതിസ്ഥാപക സംസ്കാരത്തെ അംഗീകരിക്കുന്നത അപ്രമാണമായിട്ടുള്ളതാകുന്നു എന്നറിക— ഭൂമിയിലും സൎവ്വത്ര സ്ഥിതിസ്ഥാപകമെന്ന സംസ്കാരം ഭവിക്കുന്നില്ല— ആകൃഷ്ട ശാഖാദികളിൽതന്നെ അത ഭവിക്കുന്നു— ഒരു മരത്തിന്റെ കൊമ്പ പിടിച്ചു താഴ്ത്തിയാൽ പിന്നെയും വിടുമ്പൊൾ മേൽപ്പെട്ടുപൊകും ചുരുട്ടി വെച്ച പായ നീൎത്തിയാൽ പിന്നെയും ചുരുളും ഇങ്ങിനെ തുടങ്ങിയുള്ളതിന്ന കാരണം സ്ഥിതിസ്ഥാപകമാകുന്നു— സ്ഥിതിസ്ഥാപകമെന്നത ഇന്ദ്രിയ ഗ്രാഹ്യമായിട്ടുള്ളതല്ല ഭാവനാഖ്യ എന്ന സംസ്കാരവും ഇന്ദ്രിയംകൊണ്ട ഗ്രഹിക്കപ്പെടാത്തതാകുന്നു അത ജീവാത്മാവിനെ ആശ്രയിച്ചിരിക്കുന്നു— ഉപെക്ഷാസ്വരൂപമല്ലാതെയുള്ള നിശ്ചയം ഭാവനക്കു കാരണമാകുന്നു സ്മരണത്തിന്നും പ്രത്യഭിജ്ഞക്കും കാരണം ഭാവനയാകുന്നു— പ്രത്യഭിജ്ഞാ എന്നത സുരഭി ചന്ദനം എന്നിപ്രകാരമുള്ള ബൊധമാകുന്നു— മെൽ പറഞ്ഞ ബൊധം ചന്ദനത്തിങ്കൽ ചക്ഷുസ്സംയൊ

സംഭവിച്ചപ്പൊൾ ഒരു ജ്ഞാനം ഉണ്ടായതാകുന്നു — ചക്ഷുസ്സംയൊഗം ഹെതുവായിട്ടു ചന്ദന സൌരഭ്യം സ്മരിക്കപ്പെടുവാൻ കഴിയാത്തതാകയാൽ സുരഭി ചന്ദനം എന്നുള്ള ബൊധമുണ്ടാകെണമെങ്കിൽ മുമ്പെ അനുഭൂതമായ സൌരഭ്യത്തിന്റെ ഉപസ്ഥിതിയെ അവിടെ കല്പിക്കെണം. സൌരഭ്യം മുമ്പെ അനുഭവിക്കപ്പെട്ടതായിരുന്നാലും അതിങ്കൽ നിന്നു ഭാവന ജനിച്ചിട്ടില്ലാ എങ്കിൽ സുരഭി എന്നു ചന്ദനത്തെ കണ്ടാൽ ഗ്രഹിക്കുകയില്ല. അതു ഹെതുവായിട്ടു ഭാവനാ എന്നുള്ള സംസ്കാരം പ്രത്യഭിജ്ഞെക്കു കാരണമാകുന്നു എന്നറിഞ്ഞുകൊൾക. ധൎമ്മം അധൎമ്മം ഇങ്ങിനെ അദൃഷ്ടമെന്നു ഗുണം രണ്ടുപ്രകാരമാകുന്നു — അതുകളിൽ വെച്ചു ധൎമ്മം സ്വൎഗ്ഗാദികളെ സാധിപ്പിക്കുന്നതാകുന്നു. ഗംഗാസ്നാനം മുതലായതിന്റെയും യാഗാദികളുടെയും വ്യാപാരമാകുന്നു. കൎമ്മനാശാ എന്നു നദിയിലെ വെള്ളം തൊടുക മുതലായതുകൊണ്ടു നശിക്കുകയും ചെയ്യും. അധൎമ്മമെന്നത നരകം മുതലായതുകൾക്കു കാരണമാകുന്നു അതിന്റെ ജനനം നിഷിദ്ധങ്ങളായിരിക്കുന്ന കൎമ്മങ്ങളിൽ നിന്നാകുന്നു പ്രായശ്ചിത്തം മുതലായതുകൊണ്ടു നശിക്കുകയും ചെയ്യും — ധൎമ്മാധൎമ്മങ്ങളാകുന്ന ഗുണങ്ങൾക്കു ആശ്രയം ജീവാത്മാവാകുന്നു. അതുകൾ വാസനയാൽ ഉണ്ടാക്കപ്പെടുന്നതുകളായിട്ടും ഭവിക്കുന്നു. ജ്ഞാനം ഹെതുവായിട്ടും ഫലഭൊഗം ഹെതുവായിട്ടും അതുകൾ നശിക്കും. ഇവിടെ ധൎമ്മാധൎമ്മങ്ങളെ നശിപ്പിപ്പാൻ ഉള്ള സാമൎത്ഥ്യം ജ്ഞാനത്തിന്നു എങ്ങിനെ ഭവിക്കും. ഒരുപ്രകാരത്തിലും ഭവിച്ചുകൂടാ എന്തു ഹെതുവായിട്ടു എന്നാൽ പ്രമാണവിരൊധം ഹെതുവായിട്ടാകുന്നു എന്നറിഞ്ഞുകൊൾക. പ്രമാണം. നാഭുക്തം ക്ഷീയതെ കൎമ്മ കല്പകൊടിശതൈരപി എന്നാകുന്നു — ഇതിന്റെ അൎത്ഥം കല്പകൊടി ശതങ്ങൾകൊണ്ടും അഭുക്തമായിട്ടു കൎമ്മം ക്ഷയിക്കുന്നില്ല — എന്നാകുന്നു (കല്പകൊടിശതങ്ങൾ = കല്പങ്ങളുടെ കൊടിശതങ്ങൾ — എഴുപത്തൊന്നു ദിവ്യചതുൎയ്യുഗമത്രെ ഒരു കല്പമാകുന്നത ഇങ്ങിനെ ഉള്ള കല്പങ്ങൾ നൂറു കൊടി കൂടിയത എന്നു സാരം) അഭുക്തം = ഭുജിക്കപ്പെടാത്തത — ഭുജിക്കാത്തതാവിക. ഇങ്ങിനെ അൎത്ഥമാകയാൽ മെൽപറഞ്ഞ വചനവും ജ്ഞാനം ഹെതുവായിട്ടു നശിക്കുമെന്നുള്ളതും പരസ്പരവിരൊധമാകുന്നു. തത്വജ്ഞാനം ഹെതുവായിട്ടു മൊക്ഷം ഭവിക്കുമെന്നത ഉഭയസമ്മതമാകുന്നുവെല്ലൊ. ഇങ്ങിനെ ഉള്ള മൊക്ഷം അതിന്നു കാരണമായ തത്വജ്ഞാനമുണ്ടാ

യാലും കൎമ്മശേഷങ്ങളുള്ളപ്പോൾ എങ്ങിനെ സിദ്ധിക്കുമെന്ന ചോദിക്കുന്നു എങ്കിൽ പറയാം കായവ്യൂഹം കൊണ്ടു സകലകൎമ്മങ്ങളെയും ഉടനെ അനുഭവിച്ചിട്ടു തന്നെ ക്ഷയിപ്പിക്കുന്നു- അനന്തരമാകുന്നു മോക്ഷം ലഭിക്കുന്നത എന്നറിഞ്ഞു കൊൾക ഇങ്ങിനെ ചിലർ പറയും അവരെ കുറിച്ചു ഞാൻ പറയെണ്ടതിനെ പറഞ്ഞുവെക്കുന്നു— മേൽ പറഞ്ഞ വചനത്തിങ്കൽ കൎമ്മനാശത്തെ കുറിച്ചു കാരണമായി വിവക്ഷിക്കപ്പെട്ടിരിക്കുന്നൊ ഭോഗം വേദത്താൽ ബോധിപ്പിക്കപ്പെട്ടതായ നാശത്തെ കൂടെ ഉപലക്ഷിപ്പിക്കുന്നതാകുന്നു- അല്ലാ എങ്കിൽ പ്രായശ്ചിത്തം മുതലായതു കൊണ്ടു കൎമ്മനാശം വരികയില്ല എന്നുവരും— ആയത ഇഷ്ടപ്രാപ്തിയാകുന്നു എന്നു പറഞ്ഞു കൂടാ- അങ്ങിനെ പറയുന്നവൎക്ക പ്രായശ്ചിത്താദികളെ ബോധിപ്പിക്കുന്നതായ വെദം മുതലായതുകൾ വ്യൎത്ഥങ്ങളായിതീരും അതഹെതുവായിട്ട ജ്ഞാനംകൊണ്ടും ധൎമ്മാധൎമ്മങ്ങൾ നശിക്കുമെന്ന ധരിച്ചുകൊൾക- ഇനിയുംതത്വജ്ഞാനികൾക്ക കൎമ്മങ്ങളൊക്കെയുംജ്ഞാനംഹെതുവായിട്ട നശിക്കുമെങ്കിൽ അവരുടെശരീരംനില്ക്കുകയും സുഖദുഃഖാദികൾ ഉണ്ടാകയുമില്ലല്ലൊ എന്നശങ്കിക്കുന്നുഎങ്കിൽ അപ്രകാരം ശങ്കിക്കരുത- ജ്ഞാനംകൊണ്ടു സൎവ്വകൎമ്മങ്ങളും നശിക്കുമെന്ന പറഞ്ഞിട്ടില്ല ജ്ഞാനംകൊണ്ടു ധൎമ്മാധൎമ്മങ്ങൾ നശിക്കുമെന്നതിന്ന പ്രാരബ്ധകൎമ്മത്തെ കഴിച്ചു ശെഷമുള്ളകൎമ്മങ്ങൾ നശിക്കുമെന്ന താല്പൎയ്യമാകുന്നു ശരീരത്തിങ്കൽ ഇപ്പോൾസുഖദുഃഖങ്ങളെ അനുഭവിപ്പിക്കുന്നതായ കൎമ്മത്തെ പ്രാരബ്ധമെന്നുപറയുന്നു- നാഭുക്തംക്ഷീയതെകൎമ്മ എന്നുള്ളവചനവുംപ്രാരബ്ധത്തെകുറിച്ചു ഉണ്ടായതാകുന്നു-

ശബ്ദം ധ്വനിയായിട്ടും വൎണ്ണരൂപമായിട്ടും ഉണ്ടാകയാൽരണ്ടുവിധമാകുന്നു- മൃദംഗംമുതലായ വാദ്യങ്ങളിൽനിന്ന പുറപ്പെടുന്നത ധ്വനിയാകുന്നു-

വ്യാ— കണ്ഠസംയോഗാദിജന്യാവൎണ്ണാസ്തെകാദയോമതാഃ॥ സൎവ്വശബ്ദോനഭോവൃത്തിഃശ്രോത്രോൽപന്നസ്തുഗൃഹ്യതെ॥

വ്യാ- വീചീതരംഗന്യായെനതദുൽപത്തിസ്തുകീൎത്തിതാ। കദംബഗോളകന്യായാദുല്പത്തിഃകസ്യചിന്മതെ।

വ്യാ- ഉൽപന്നഃകോവിനഷ്ടഃകഇതിബുദ്ധെരനിത്യതാ।സോയംകഇതിബുദ്ധിസ്തുസാജാത്യമവലംബതെ॥

വ്യാ— തദെവൌഷധമിത്യാദൌസജാതീയെപിദൎശനാൽ॥

അന്വയം — കണ്ഠസംയോഗാദിജന്യാഃ- വൎണ്ണാഃ- ഭവന്തി—

ന്നു +

തെ- അകാരാദയഃ- വൎണ്ണാഃ— സൎവ്വശബ്ദാഃ— നഭോവൃത്തിഃ— ശ്രോത്രോൽപന്നഃ- തു- ഗൃഹ്യതെ— തദുൽപത്തിഃ— വീചീതരംഗന്യായെന— പ്രകീൎത്തിതാ— കദംബഗോളകന്യായാൽ- കസ്യചിന്മതെ ഉൽപത്തിഃ ഉൽപന്നഃ- കഃ— വിനഷ്ടഃ—കഃ- ഇതി- ബുദ്ധെഃ— അനിത്യതാ— സഃ- അയം—കഃ—ഇതി—ധീഃ- തു- തൽ— ഔഷധം- ഏവ- ഇത്യാദൌ- സജാതീയോപദൎശനാൽ- സാജാത്യം- അവലംബതെ-

അന്വയാൎത്ഥം— കണ്ഠസംയോഗാദിജന്യങ്ങളായിരിക്കുന്ന ശബ്ദങ്ങൾ വൎണ്ണങ്ങളായിഭവിക്കുന്നു- അതുകൾ അകാരാദികളാകുന്നു എന്നുമതങ്ങളായിട്ടുഭവിക്കുന്നു എല്ലാശബ്ദവും നഭോവൃത്തിയാകുന്നു- ശ്രോത്രോൽപന്നമായിട്ടുള്ളതാകട്ടെ ഗ്രഹിക്കപ്പെടുന്നു- തദുൽപത്തിവീചീതരംഗന്യായത്താൽ ആകുന്നുഎന്നു പ്രകീൎത്തിതമായിഭവിക്കുന്നു- കദംബഗോളന്യായത്തെ ആശ്രയിച്ചിട്ടു ഒരുത്തന്റെമതത്തിങ്കൽ ഉൽപത്തി ഭവിക്കുന്നു- ഉൽപന്നനായിപ്പോയി കകാരം വിനഷ്ടമായി കകാരം എന്നുള്ള ബുദ്ധിഹേതുവായിട്ടു ശബ്ദത്തിന്നു അനിത്യതാഭവിക്കുന്നു- അവനാകുന്നു ഇവൻ കകാരമെന്നുള്ള ബുദ്ധിയാകട്ടെ ആ ഔഷധം തന്നെ ഇത്യാദികളിൽ സജാതീയോപദൎശനം ഹേതുവായിട്ടു സാജാത്യത്തെ അവലംബിക്കുന്നു-

പരിഭാഷ— കണ്ഠസംയോഗാദിജന്യങ്ങൾ= കണ്ഠസംയോഗാദികളാൽ ജനിപ്പിക്കപ്പെടുന്നവ- കണ്ഠസംയോഗാദികൾ=കണ്ഠസംയോഗം തുടങ്ങിയുള്ളവ- കണ്ഠസംയോഗം=കണ്ഠത്തിങ്കലുള്ളസംയോഗം- സംയോഗം=ചെൎച്ച- ജന്യങ്ങൾ=ജനിപ്പിക്കപ്പെടുന്നവ- ജനിപ്പിക്ക=ഉണ്ടാക്കുക— വൎണ്ണങ്ങൾ=അക്ഷരങ്ങൾ- അതുകൾ വൎണ്ണാത്മകങ്ങളായിരിക്കുന്ന ശബ്ദങ്ങൾ- അകാരാദികൾ= അകാരാദികളും കകാരാദികളുമായിട്ടുള്ളവ- അകാരാദികൾ=അകാരം തുടങ്ങിയുള്ളവ- സൎവ്വം ശെഷിയാതെയുള്ളത- നഭോവൃത്തി=നഭസ്സിങ്കൽവൃത്തിയോടുകൂടിയത- നഭസ്സ ആകാശം- വൃത്തി=സ്ഥിതി— ശ്രോത്രോൽപന്നം=ശ്രോത്രത്തിങ്കൽ ഉൽപന്നം— ശ്രോത്രം=ചെവി- ഉൽപന്നം=ഉണ്ടായത- ഗ്രഹിക്ക=കെൾക്കുക- തദുൽപത്തി=അതിന്റെഉൽപത്തി- അതു=ശബ്ദം-വീചീതരംഗന്യായം വീചീതരംഗങ്ങളുടെന്യായം- വീചിതരംഗങ്ങൾ= വീചിയും തരംഗവും—വീചി=വലിയതിര- തരംഗം ചെറിയതിര ന്യായം=രീതി— പ്രകീൎത്തിതം=പ്രകീൎത്തിക്കപ്പെട്ടത— പ്രകീൎത്തിക്ക=പറക— കദംബഗോളകന്യായം=കദംബഗോളകങ്ങളുടെ ന്യായം- കദംബഗോളകങ്ങൾ—കദംബത്തിന്റെ ഗോളക

ങ്ങൾ— കദംബം=കദംബവൃക്ഷം- (കടമ്പ) ഗോളകങ്ങൾ=മുകുളങ്ങൾ— (മൊട്ടുകൾ) ഉൽപന്നം=ഉണ്ടായത— 'വിനഷ്ടം' നശിച്ചത— ബുദ്ധി=ബോധം- അനിത്യതാ=അനിത്യത്വം- സജാതീയോപലംഭാൽ=സജാതീയത്തിന്റെ ഉപലംഭം— സജാതീയം=സമാനമായിരിക്കുന്ന ജാതിയോടുകൂടിയത- ഉപലംഭം=കാഴ്ച- സാജാത്യം=സജാതീയത്വം എന്നൎത്ഥം- സജാതി=സമാനമായിരിക്കുന്ന ജാതിയോടുകൂടിയത— അവലംബിക്ക=ആശ്രയിക്ക—

സാരം — അക്ഷരസമാമ്നായങ്ങൾ കണ്ഠാദ്യുത്ഭവങ്ങളായവയുമാകുന്നു. അവിടെയുള്ളവായു സംയോഗംഹേതുവായിട്ട ഉണ്ടാകുന്നശബ്ദങ്ങൾ അക്ഷരങ്ങളാകുന്നു. അവകൾ അകാരാദികളും കകാരാദികളും ഇങ്ങിനെ രണ്ടുവകയായിട്ടുണ്ട. എല്ലാശബ്ദങ്ങളും ആകാശത്തിൽ സമവായസംബന്ധേന വൎത്തിക്കുന്നു. അവകൾ കൎണ്ണസുഷിരത്തിങ്കൽ ഉള്ള ആകാശത്തിങ്കൽ ഉണ്ടായാൽ ശ്രവണവിഷയങ്ങളായിഭവിക്കുന്നു. കൎണ്ണപ്രദേശത്തിങ്കൽ അതിന്റെ ഉൽപത്തി എങ്ങിനെ സിദ്ധിക്കുമെന്നു ചൊദിക്കുന്നു എങ്കിൽ ആദ്യമായ ശബ്ദത്തിന്റെ ഭേരീദേശത്തിങ്കൽ ഒരുശബ്ദം ആദ്യശബ്ദത്താൽ ഉണ്ടാക്കപ്പെടുന്നു— അങ്ങിനെ ദിക്കുകളിൽ ശബ്ദങ്ങളാലും ഉണ്ടാക്കപ്പെടുന്നു. സമുദ്രത്തിൽ തിര അതിന്റെ ബഹിൎഭാഗത്തിങ്കൽ വേറെ തിരയെ ഉണ്ടാക്കും അതതിന്റെ ബഹിൎഭാഗത്തിങ്കലും അപ്രകാരം വേറെതിരയെ ഉണ്ടാക്കും- ഇപ്രകാരമുള്ള വീചീതരംഗന്യായേന ശ്രോത്രപ്രദേശപൎയ്യന്തം ക്രമേണ ശബ്ദത്തിന്റെ ഉൽപത്തിഭവിക്കുമെന്നറിക. ഇനിവേറെ ഒരുപ്രകാരം അതിന്റെ ഉൽപത്തിയെപറയാം. ആദ്യമായൊരു ശബ്ദത്തിങ്കൽ ദിക്കുകളിന്റെ പുറമെ പത്തുദിക്കുകളിൽകൂടി പത്തുശബ്ദങ്ങൾ ഉണ്ടാകുന്നു. അവകളിൽനിന്നും മേൽപ്രകാരം പത്തുശബ്ദങ്ങൾ ഉണ്ടാകുന്നു. ഇതിന്നും ഒരുപക്ഷമുണ്ട ഇങ്ങിനെയുള്ള കല്പനക്ക ഗൌരവമുണ്ടാകയാൽ മുൻപറഞ്ഞതന്നെ സിദ്ധാന്തമെന്ന അറിഞ്ഞുകൊൾക. ഒരുപ്രകാരമാകയാലും ശബ്ദോൽപത്തിഎന്നത വരുന്നതാകുന്നു. ശബ്ദത്തിന്ന ഉൽപത്തിതന്നെ ഇല്ല ശബ്ദം നിത്യമാകുന്നു. എന്നുശങ്കിക്കുന്നു എങ്കിൽ അപ്രകാരം ശങ്കിക്കരുത- ഗകാരമുണ്ടായിഎന്നുംഗകാരംനശിച്ചുഎന്നും ഉള്ള ബുദ്ധിഹേതുവായിട്ടും ശബ്ദങ്ങൾക്കു ഉൽപത്തിവിനാശങ്ങൾ സിദ്ധങ്ങളാകുന്നു. അതുതന്നെയാകുന്നു സോയംഗകാരമെന്നുള്ള പ്രത്യഭിജ്ഞാനം ശബ്ദത്തിന്റെ നിത്യതയെ സ്പൎശിക്കുന്നില്ല- മുൻപെ കൊടുക്കപ്പെട്ടിരിക്കുന്ന ഗ

കാരം യാതൊന്നൊ അതിനൊട സദൃശമാകുന്നു- എന്നിപ്രകാരം ഉള്ള സാദൃശ്യത്തിന്റെ അവലംബനാദ്ധേതുവായിട്ട ഉളള തന്നെയാകുന്നു [illegible] ഉപകാരമെന്നുള്ള പ്രത്യുപകാരം ഭവിക്കുന്നതാകുന്നു എന്ന ഗ്രഹിച്ചുകൊൾക- യാതൊരു ഔഷധം എന്നാൽ ഉണ്ടാക്കപ്പെട്ടതായ ദേഹത്തിന്ന ആരോഗ്യമുണ്ടാകപ്പെട്ട എന്നുള്ള വ്യാധിയിൽ ഔഷധദ്രവ്യങ്ങളുടെ [illegible] നിശ്ചയമല്ലാത്തത യാതൊരു പ്രകാരമൊ ആ പ്രകാരം ശത്രുതന്നെയാകുന്നു ഒരം ഉപകാരമെന്നുള്ള പ്രത്യുപകാരം ഉപകാരപ്രത്യക്തികളുടെ അഭേദം നിശ്ചയമല്ല അതഹേതുവായിട്ട ശബ്ദങ്ങൾ അനിത്യങ്ങൾതന്നെ എന്ന ധരിച്ചുകൊൾക- ഇങ്ങിനെ ഇരുപത്തിനാലും നിരൂപിക്കപ്പെട്ട കൎമ്മാദികളായ [illegible] പറയപ്പെടുവാൻ യോഗ്യമായിട്ടുള്ളത [illegible] പറയപ്പെട്ടിരിക്കുന്ന എല്ലാം അത്ര ഹേതുവായിട്ട [illegible] മുതലായ എഴിൽ അടങ്ങിയിരിക്കുന്നു എന്ന അറിഞ്ഞുകൊൾകയും വെണം- ഇങ്ങിനെ ഉള്ള പദാൎത്ഥങ്ങളുടെ അറിവുകൊണ്ടുള്ള ഫലമെന്ത എന്ന ചോദിക്കുന്ന പക്ഷത്തിൽ മോക്ഷംതന്നെ എന്ന അറിഞ്ഞുകൊൾക- അതിന്റെ പ്രമാണം—

(സൂ) പ്രമാണപ്രമേയസംശയപ്രയോജനദൃഷ്ടാന്തസിദ്ധാന്താവയവതൎക്കനിൎണ്ണയവാദജല്പവിതണ്ഡാഹേത്വാഭാസച്ഛല ജാതിനിഗ്രഹസ്ഥാനാനാംതത്വജ്ഞാനാന്നിശ്രേയസാധിഗമഃ എന്നുള്ള സൂത്രമാകുന്നു- ഇതിന്റെ പദം പ്രമാണപ്രമേയസംശയപ്രയോജനദൃഷ്ടാന്തസിദ്ധാന്താവയവ തൎക്കനിൎണ്ണയവാദ ജല്പവിതണ്ഡാഹേത്വാഭാസച്ഛലജാതിനിഗ്രഹസ്ഥാനാനാം— തത്വജ്ഞാനാൽ— നിശ്രേയസാധിഗമഃ- ഇപ്രകാരമാകുന്നു— അന്വയവും മെൽപ്രകാരംതന്നെ-

അന്വയാൎത്ഥം —— പ്രമാണ പ്രമെയ സംശയ പ്രയോജന ദൃഷ്ടാന്തസിദ്ധാന്താവയവതൎക്ക നിൎണ്ണയവാദജല്പവിതണ്ഡാഹെത്വാഭാസച്ഛല ജാതിനിഗ്രഹസ്ഥാനങ്ങളുടെ തത്വജ്ഞാനംഹെതുവായിട്ട നിശ്രേയ സാധിഗമം ഭവിക്കുന്നു—

പരിഭാഷാ— പ്രമാണപ്രമെയസംശയപ്രയോജനദൃഷ്ടാന്തസിദ്ധാന്താവയവതൎക്കനിൎണ്ണയ വാദജല്പവിതണ്ഡാഹേത്വാഭാസച്ഛലജാതിനിഗ്രഹസ്ഥാനങ്ങൾ=പ്രമാണവും പ്രമെയവും സംശയവും പ്രയോജനവും ദൃഷ്ടാന്തവും സിദ്ധാന്തവും അവയവവും തൎക്കവും നിൎണ്ണയവും വാദവും ജല്പവും വിതണ്ഡയും ഹെത്വാഭാസവും ഛലവും ജാതിയും നിഗ്രഹസ്ഥാനവും— പ്രമാണം=പ്രമ

ഷ്ഠ കരണമായിട്ടുള്ളത— പ്രമാ=യഥാൎത്ഥാനുഭവം— (അനുഭവമെന്നതസ്മരണ സ്വരൂപമല്ലാതെ ഉള്ള ജ്ഞാനമാകുന്നു)— കരണം=കാരണവിശെഷം— (പ്രമാണമെന്നു കൊണ്ട പ്രത്യക്ഷത്തെയും അനുമാനത്തെയും ഉപമാനത്തെയും ശബ്ദത്തെയും പറഞ്ഞിരിക്കുന്നു= പ്രത്യക്ഷാനുമാനൊപമാനശബ്ദാഃ പ്രമാണാനി= എന്നു സൂത്രവുമുണ്ട) പ്രമെയം=ആത്മാവ ശരീരം ഇന്ദ്രിയം= അൎത്ഥം= ബുദ്ധി മനസ്സ-പ്രവൃത്തി ദൊഷം-പ്രെത്യഭാവം= ഫലം-ദുഃഖം= അപവൎഗ്ഗം— ഇതുകൾ-(അൎത്ഥമെന്നത ദ്രവ്യവും ഗുണവും കൎമ്മവും സാമാന്യവും വിശെഷവും സമവായവും അഭാവവുമാകുന്നു പ്രവൃത്തി=ധൎമ്മവും അധൎമ്മവും= ദൊഷം=രാഗവും ദ്വെഷവും മൊഹവും— പ്രെത്യഭാവം=മരിച്ചിട്ട പിന്നെഉള്ള ജനനം- ഫലം-സുഖദുഃഖൊപഭൊഗം-അപവൎഗ്ഗം— മൊക്ഷം= പ്രമെയമെന്നു കൊണ്ട ആത്മാദികളായ മെൽ പറകപ്പെട്ട പദാൎത്ഥങ്ങളെ തന്നെ ഗ്രഹിക്കെണമെന്നുള്ളതിന്ന പ്രമാണം— (സൂ) ആത്മശരീരെന്ദ്രിയാൎത്ഥബുദ്ധിമനഃ പ്രവൃത്തിദൊഷപ്രെത്യഭാവഫലദുഃഖാപവൎഗ്ഗാസ്തു പ്രമെയം— എന്നുള്ള സൂത്രമാകുന്നു= പ്രയൊജനം=സുഖപ്രാപ്തിയും ദുഃഖപരിഹാരവും— ദൃഷ്ടാന്തം= വാദിപ്രതിവാദികൾക്ക സമ്മതമായ ഉദാഹരണപദാൎത്ഥം-സിദ്ധാന്തം=പ്രാമാണികമാകുന്നു എന്നിപ്രകാരം സ്വീകരിക്കപ്പെട്ട പദാൎത്ഥം= അവയവം=അനുമാനവാക്യൈകദെശം (പ്രതിജ്ഞാ= ഹെതു ഉദാഹരണം— ഉപനയം— നിഗമനം- ഇങ്ങിനെ അവയവം അഞ്ചുപ്രകാരമാകുന്നു— പൎവ്വതൊഗ്നിമാൻ ഇതു പ്രതിജ്ഞയാകുന്നു— ഇതിന്ന പൎവ്വതം തീയൊടകൂടിയതാകുന്നു എന്നൎത്ഥം ധൂമവത്വാൽ എന്നതു ഹെതുവാകുന്നു= ധൂമവത്വംഹെതുവായിട്ട എന്നതതിന്റെഅൎത്ഥം—യൊ യൊധൂമവാൻ സസൊഗ്നിമാൻ യഥാമഹാനസഃ— എന്നുള്ളത ഉദാഹരണമാകുന്നു-യാതൊന്നു യാതൊന്നു ധൂമത്തൊട കൂടിയതായി ഭവിക്കുന്നുവൊ അതൊക്കെയും തീയ്യൊട കൂടിയതാകുന്നു-പാകസ്ഥലമെന്നപൊലെ എന്ന അതിന്റെ അൎത്ഥം- ധൂമവാംശ്ചായം എന്നതു ഉപനയമാകുന്നു. ധൂമത്തൊട കൂടിയതാകുന്നു ഇതുമെന്ന അതിന്റെ അൎത്ഥം. തസ്മാദഗ്നിമാൻ എന്നതു നിഗമനമാകുന്നു= അതുഹെതുവായിട്ട തീയ്യൊട കൂടിയതാകുന്നു എന്ന അതിന്റെഅൎത്ഥം. ഇങ്ങിനെ മറ്റുള്ള അനുമാനവാക്യങ്ങളുടെയും അവയവങ്ങളെ ഗ്രഹിച്ചു കൊൾക.

മെൽ പറഞ്ഞ എല്ലാ അവയവങ്ങളൊടും കൂടെ പ്രയൊഗിച്ചാ

ൾ അനുമാനവാക്യം പൂൎണ്ണമായി ഭവിക്കും. എങ്ങിനെ എന്നാൽ പൎവ്വതൊഗ്നിമാൻ- ധൂമവത്വാത്— യൊയൊധൂമവാൻ സസൊഗ്നിമാൻ യഥാമഹാനസം- ധൂമവാംശ്ചായം- തസ്മാദഗ്നിമാൻ- ഇപ്രകാരം പ്രയൊഗിക്കെണം- ഇതിനെ അനുസരിച്ചു മറ്റുള്ള സ്ഥലങ്ങളിലും എന്ന അറിഞ്ഞു കൊൾക- തൎക്കം=അനുമാനത്തെ അനുഗ്രഹിക്കുന്നതായ യുക്തിവിശെഷം— (പൎവ്വതത്തിങ്കൽ തീയുണ്ടൊ ഇല്ലയൊ എന്നുള്ള സംശയത്തിങ്കൽ ഒരുത്തൻ തീയില്ല എന്നു പറയുന്നു എങ്കിൽ പുക കണ്ടിട്ട തീയുണ്ട എന്നു പറയുന്നവൻ മറ്റവനൊട പറയാം— അതെതുപ്രകാരമെന്നാൽ പൎവ്വതത്തിങ്കൽ തീയുണ്ടാകയില്ല എങ്കിൽ അവിടെ പുകയുമുണ്ടാകയില്ല ഇങ്ങിനെ പറയാം- ഇങ്ങിനെ ഉള്ള യുക്തിക്കു പെർ തൎക്കമെന്നാകുന്നു- ഇപ്രകാരം സ്ഥലാന്തരങ്ങളിലും തൎക്കത്തെ ഗ്രഹിച്ചു കൊൾക- നിൎണ്ണയം=നിശ്ചയം— (ഇതുപ്രമാണങ്ങളുടെ ഫലമാകുന്നു) വാദം തത്വത്തെ അറിവാനായിക്കൊണ്ട ഇരുവരൊട കൂടിയവന്റെ വാക്കു— ജല്പം=ജയിപ്പാനായിക്കൊണ്ട ഉഭയരൊട കൂടിയവന്റെ സ്വപക്ഷസ്ഥാപനത്തൊടും പരപക്ഷ ദൂഷണത്തൊടും കൂടിയവാക്കു- വിതണ്ഡാ— സ്വപക്ഷസ്ഥാപനത്തൊടുകൂടാതെയും പരപക്ഷദൂഷണത്തൊടുകൂടിയും ഉള്ള വാക്കാകുന്നു ഹെത്വാഭാസം=ഹെതുവിന്നപൊലെ ആഭാസിക്കുന്നത (മുൻ പറയപ്പെട്ട അനൈകാന്തം മുതലായുള്ളവതന്നെ) ഛലം=വെറെ ഒരു അഭിപ്രായത്തൊടുകൂടി പ്രയൊഗിക്കപ്പെട്ട ശബ്ദത്തിന്ന വെറെ ഒരു അൎത്ഥത്തെ കല്പിച്ചിട്ടുള്ള ദൂഷണം (ഇതിന്ന ഒരു ഉദാഹരണത്തെ പറയാം പുതിയകംബളത്തൊട കൂടിയവനാകുന്നു ദെവദത്തനെന്നാവൻ എന്നുള്ള അൎത്ഥത്തെ ഗ്രഹിപ്പിപ്പാനായിക്കൊണ്ട ഒരുത്തനാൽ പ്രയൊഗിക്കപ്പെട്ടതായ നവകംബളൊയംദെവദത്തഃ എന്നുള്ള വാക്യത്തിന്ന ഒമ്പത കംബളങ്ങളൊട കൂടിയവനാകുന്നു- ദെവദത്തൻ എന്നുള്ള അൎത്ഥത്തെ കല്പിച്ചിട്ട ഇവന്ന ഒമ്പത കംബളങ്ങൾ സംഭവിക്കുന്നില്ല ദാരിദ്ര്യം ഹെതുവായിട്ട എന്നിപ്രകാരം ദൊഷത്തെ ആരൊപിക്കുന്നത ഛലമാകുന്നു ഇങ്ങിനെ മറ്റുള്ള ഛലങ്ങളെയും ഗ്രഹിച്ചു കൊൾക) ജാതി=അസദുത്തരം— (യൊഗ്യം വിധത്തിലല്ലാതെ കണ്ടുള്ള ഉത്തരമെന്ന സാരം) നിഗ്രഹസ്ഥാനം=പരാജയ ഹെതുവായിരിക്കുന്ന വചനം- പരാജയഹെതു പരാജയത്തിന്നഹെതു— പരാജയം=തൊല്ക്കുക— ഹെതു=കാരണം തത്വജ്ഞാനം=സത്യജ്ഞാനം— നിശ്രെയസാധിഗമം=നിശ്രെ

യസത്തിന്റെ അധിഗമം— നിശ്ശ്രേയസം=മോക്ഷം— അധിഗമം=പ്രാപ്തി—

സാരം—— പ്രമാണം, പ്രമേയം, സംശയം, പ്രയോജനം, ദൃഷ്ടാന്തം, സിദ്ധാന്തം, അവയവം, തൎക്കം, നിൎണ്ണയം, വാദം, ജല്പം, വിതണ്ഡാ, ഹേത്വാഭാസം, ഛലം, ജാതി, നിഗ്രഹസ്ഥാനം, ഇങ്ങിനെ പതിനാറു പദാൎത്ഥങ്ങളുടെ സ്വരൂപജ്ഞാനം മോക്ഷത്തെ കുറിച്ച കാരണമാകുന്നു. (മേൽ പറഞ്ഞ ന്യായസൂത്രത്തിന്റെ സാരം) മേൽ വിവരിച്ച പ്രകാരമാകയാൽ പദാൎത്ഥജ്ഞാനത്തിന്റെ പ്രയോജനം മോക്ഷമാകുന്നു എന്നുള്ളതിന്നു പ്രമാണം മേൽ പറയപ്പെട്ട സൂത്രം തന്നെ എന്നറിഞ്ഞുകൊൾക. പ്രമാണാദി ഷോഡശപദാൎത്ഥങ്ങൾ സൂത്രകാരനാൽ പറയപ്പെട്ടിട്ടുള്ളവകളായിരുന്നാലും അവകൾ ഭാഷ്യാദിയായി ഇവിടെ പറയപ്പെട്ട ഏഴ പദാൎത്ഥങ്ങളിൽ തന്നെ യോഗ്യതകൾക്കൊണ്ടും അവകൾ അന്തൎഭവിക്കുന്നവകളാകയാൽ മേൽ പറഞ്ഞ സൂത്രത്തെ പിടിച്ച പദാൎത്ഥാധിക്യത്തെ ശങ്കിക്കേണ്ടു. ഏഴ പദാൎത്ഥങ്ങളിൽ മറവുള്ളതൊക്കെയും ചേരുമെന്നുള്ളത വേണ്ടുംവണ്ണം ആലോചിച്ചാൽ അനുഭവഗോചരമായി വരികയും ചെയ്യും. മോക്ഷമെന്നത സ്വസമാനാധികരണ ദുഃഖപ്രാഗഭാവാസമാനകാലികദുഃഖധ്വംസമാകുന്നു— സ്വസമാനാധികരണ ദുഃഖപ്രാഗഭാവാസമാനകാലികദുഃഖധ്വംസം=തന്റെ അധികരണത്തിങ്കലിരിക്കുന്നതായ ദുഃഖപ്രാഗഭാവത്തോട സമാനകാലത്തിങ്കൽ അല്ലാതെ ഉണ്ടായതായ ദുഃഖധ്വംസം— (യാതൊരു ദുഃഖധ്വംസത്തിന്റെ അനന്തരം മേറ്റൊരു ദുഃഖാനുഭവം വരിക്കാതെ കഴിയുമൊ അങ്ങിനെ ഉള്ള ദുഃഖധ്വംസമെന്നു സാരം)

'മേൽ പറയപ്പെട്ട പദാൎത്ഥങ്ങളിൽ അന്തൎഭവിക്കാതെ ശക്തിസാദൃശ്യാദികൾ ഉണ്ടല്ലൊ എന്നുള്ള ശങ്കയും സമാധാനവും ചില ഗ്രന്ഥങ്ങളിൽ കണ്ടിട്ടുണ്ട. അതു ഏതു പ്രകാരമെന്നു ഇതിന്നു താഴെ പറയുന്നു.

ദാഹരക്ഷാസാമൎത്ഥ്യമുള്ള മണിയെ ധരിച്ചുവന്നു ദാഹത്തെ അഗ്നി ജനിപ്പിക്കുന്നില്ല. മറ്റുള്ളവൎക്ക ജനിപ്പിക്കുന്നു. അതു ഹേതുവായിട്ട അഗ്നിയിലുണ്ടായിരുന്ന ദാഹാനുകൂലയായിരിക്കുന്ന ശക്തി മണിയാൽ നശിപ്പിക്കപ്പെട്ടുവെന്നാകുന്നു വിചാരിക്കേണ്ടത. കാലാന്തരത്തിങ്കൽ മണി അവന്റെ ശരീരത്തിൽനിന്നു വേർപെട്ടാൽ അപ്പോൾ ദാഹത്തെ ജനിപ്പിച്ചു വരുമാറുണ്ട. മണി ഉള്ളപ്പോൾതന്നെ അഗ്നിയിൽ ദാഹാനുകൂല ശക്തി ജനിപ്പാ

ൻ തക്കവണ്ണം ഒരു മന്ത്രത്തെ ഒരുത്തൻ ജപിച്ചാൽ ആ അഗ്നി തന്നെ ദാഹത്തെ ജനിപ്പിച്ചു വരുമാറുണ്ടു. അതു ഹെതുവായിട്ടു മണിയുടെ വെർപാടിനാലും ഉത്തെജകമായ മന്ത്രജപത്താലും ദാഹമെന്ന ഫല ശക്തി ജനിപ്പിക്കപ്പെട്ടതെന്നാണ വിചാരിക്കെണ്ടത— ഒരൊ തരം സംഗതികൾകൊണ്ടു ശക്തി എന്ന ഒരു പദാൎത്ഥവും യാതൊരു പ്രകാരം ഗൊത്വം നിത്യമൊ അപ്രകാരം ആ ശക്തിയും നിത്യമാകുന്നു എന്നിങ്ങിനെ സാമാന്യത്തെ കല്പിച്ചിരിക്കുകയാൽ ആറു ഭാവങ്ങളിലും സത്താകുന്നു എന്നുള്ള ബുദ്ധിക്കു വിഷയമാകയാൽ അഭാവത്തിങ്കലും ചെരാത്തതായ സാദൃശ്യമെന്ന പദാൎത്ഥാന്തരവും സിദ്ധമായിരിക്കുന്നു അതു ഹെതുവായിട്ടു ദ്രവ്യം ഗുണം ഇത്യാദി പരിഗണനത്തിന്ന വിഷയങ്ങളായിട്ടുള്ള ദ്രവ്യാദികൾ തന്നെ പദാൎത്ഥങ്ങൾ എന്നുള്ളത എങ്ങിനെ ചെരും എന്നത്രെ ശങ്കയാകുന്നത— സമാധാനം മണിയുടെ അഭാവത്തൊടു കൂടിയ അഗ്നിക്കു ദാഹത്തെ കുറിച്ചു ജന്യഭാവം സ്വതന്ത്രമായിരിക്കുന്ന ഹെതുവാകുന്നു എന്നുള്ള കല്പന കൊണ്ടുതന്നെ ഉപപത്തി സിദ്ധിച്ചിരിക്കും സമയത്തിങ്കൽ അനന്തശക്തികളെയും അവറ്റകളുടെ പ്രാഗഭാവധ്വംസങ്ങളെയും കല്പിക്കുന്നത ഉചിതമല്ല എന്നറിഞ്ഞുകൊൾക— മണി ഉള്ളപ്പോൾ തന്നെ ഉത്തെജകമന്ത്രജപം ഹെതുവായിട്ടു എങ്ങിനെ ദാഹം ഭവിക്കും എന്നു ചൊദിക്കുന്നു എങ്കിൽ അതിന്നും ഉപപത്തിയെ പറയാം. ഉത്തെജകാഭാവത്തൊടു കൂടിയ മണിയുടെ അഭാവം ദാഹത്തെ കുറിച്ചു കാരണമാകുന്നു എന്നു കല്പിച്ചാൽ ഒരു ദൊഷവും ഇല്ല. പ്രതിബന്ധകമായ മണിയും ഉത്തെജകമായ മന്ത്രജപവും കൂടി ഉള്ളപ്പോൾ മണി ഉണ്ടെങ്കിലും ആ മണി ഉത്തെജകാഭാവ വിശിഷ്ടമല്ലായ്കയാൽ ഉത്തെജകാഭാവ വിശിഷ്ടമണ്യഭാവം അപ്പോൾ ഉണ്ടു എന്നതിന്ന യാതൊരു ബാധയും ഇല്ലല്ലൊ— ഈ പ്രകാരം സാദൃശ്യവും അതിരിക്തപദാൎത്ഥമല്ല— പിന്നെ എന്താകുന്നു എന്നു ചൊദിക്കുന്നു എങ്കിൽ പറയാം. സാദൃശ്യമെന്നതൽഭെദത്തൊടു സഹിതമായ തൽഗതഭൂയൊധൎമ്മവത്വമാകുന്നു. തൽഭെദം=അതിന്റെ ഭെദം— അതു=ആവസ്തു— (ഉപമാനപദാൎത്ഥമെന്നസാരം) ഭെദം=അന്യൊന്യാഭാവം തൽഗതഭൂയൊധൎമ്മവത്വം= തൽഗതഭൂയൊധൎമ്മവത്താവു എന്നുള്ളത തൽഗതഭൂയൊധൎമ്മവത്താ=തൽഗതങ്ങളായി ഭൂയസ്സുകളായിരിക്കുന്ന ധൎമ്മങ്ങളുള്ളത— തൽഗതങ്ങൾ=ഉപമാനഗതങ്ങൾ (ഉപമാനത്തിങ്കലിരിക്കുന്നവ എന്നസാരം) ഭൂയസ്സുകൾ=ബഹുതരങ്ങൾ—സാ

ദ്രവ്യാദ്യതിരിക്തപദാൎത്ഥമല്ലാ എന്നുള്ളതിന്നും മെൽപറകപ്പെട്ടതാകുന്നു എന്നുള്ളതിന്നും ദാൎഢ്യസിദ്ധിക്കായിക്കൊണ്ട ഒരു ദൃഷ്ടാന്തത്തെ പറയാം. ചന്ദ്രസദൃശമാകുന്നു മുഖമെന്നു കവികൾ വൎണ്ണിച്ചുവരുമാറുണ്ട. അതു ഹേതുവായിട്ടാകുന്നുവെല്ലൊ മുഖത്തിങ്കൽ ചന്ദ്രസാദൃശ്യപ്രതീതി ഉണ്ടാകുന്നത. അവിടെ ചന്ദ്രസാദൃശ്യമെന്നത ഒരു പ്രകാരമാകുന്നു. [illegible]ങ്ങളിങ്കൽ ചന്ദ്രഭേദവും ചന്ദ്രങ്കൽ ഇരിക്കുന്നതായ ആഹ്ലാദകത്വാദി ധൎമ്മങ്ങളും ഉണ്ട. ഇതിങ്കൽനിന്ന വെറെ സാദൃശ്യമെന്നൊരുവസ്തു അവിടെ സിദ്ധിക്കുന്നില്ല. ഇങ്ങിനെ മറ്റുള്ളസ്ഥലങ്ങളിലുമെന്ന ധരിച്ചുകൊൾക.

ഇതി— വൈശേഷികരക്ഷാരത്നം സമാപ്തം॥



കേരള സാഹിത്യ
അക്കാദമി

കേരള സാഹിത്യ
അക്കാദമി